പ്രശ്നമാർഗ്ഗം

പൂർവ്വാർദ്ധം

വ്യാഖ്യാനസഹിതം



വ്യാഖ്യാതാ,

ശ്രീമാൻ, കെ. നീലകണ്ഠനാശാരി അവർകൾ

പ്രശ്നമാർഗ്ഗം

പൂർവാർദ്ധം.

("ജ്യോതിഷികമനോരമ" എന്ന വ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ,

മഹാകവിശ്രീ കൊടുങ്ങല്ലൂർ

വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ

ശിഷ്യൻ.

[illegible] ജ്യോത്സ്യൻ

ശ്രീമാൻ, കെ. നീലകണ്ഠനാചാരി അവർകൾ.



പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

൩-ാം പതിപ്പു് കാപ്പി—൨,൦൦൦.

വില രൂപാ ൨൬.

ക 1125.

അവതാരിക.

"ജ്യോതിഃ കല്പോ നിരുക്തം ച ശിക്ഷാ വ്യാകരണം തഥാ
ഛന്ദോവിചിതിരേതാനി ഷഡംഗാനി വിദുഃ ശ്രുതേഃ"

സൃഷ്ട്യാരംഭത്തിൽ സർവ്വ ദിവ്യപ്രഭാവനായി ആവിർഭവിച്ചിട്ടുള്ള വേദത്തിന്റെ അവയവങ്ങൾ ആണ്‌ മേല്പറഞ്ഞ ജ്യോതിശ്ശാസ്ത്രം, കല്പം, നിരുക്തം, ശിക്ഷ, വ്യാകരണം, ഛന്ദശ്ശാസ്ത്രം എന്നീ ആറും.

നമ്മുടെ ശരീരത്തിനു പാദാദികളായ അവയവങ്ങൾ ഏതുവിധം പ്രയോജനകരങ്ങളായിരിക്കുന്നുവോ അതേവിധം വേദത്തിന്‌ ഛന്ദസ്സു മുതലായ ശാസ്ത്രങ്ങളും ഉപകരിക്കുന്നതുകൊണ്ടത്രേ അവയെ വേദാംഗങ്ങൾ എന്നു വ്യവഹരിച്ചുവരുന്നത്‌.

"ഛന്ദഃ പാദൗ ശബ്ദശാസ്ത്രം ച വക്ത്രം
കല്പഃ പാണീ ജ്യോതിഷം ചക്ഷുഷീ ച
ശിക്ഷാ ഘ്രാണം ശ്രോത്രമുക്തം നിരുക്തം
വേദസ്യാംഗാന്യേവമാഹുർമ്മുനീന്ദ്രാഃ."

ഈ പ്രമാണപ്രകാരം വേദത്തിന്റെ കാലുകൾ ഛന്ദശ്ശാസ്ത്രവും, മുഖം വ്യാകരണശാസ്ത്രവും, കൈകൾ കല്പശാസ്ത്രവും, കണ്ണുകൾ ജ്യോതിശ്ശാസ്ത്രവും, നാസിക ശിക്ഷാശാസ്ത്രവും, ചെവികൾ നിരുക്തശാസ്ത്രവും ആകുന്നു.

"സർവ്വേന്ദ്രിയാണാം നയനം പ്രധാനം."

മനുഷ്യന്റെ എല്ലാ അവയവങ്ങളിലും വെച്ച്‌ കണ്ണാണ്‌ പ്രധാനം. ഒരു മനുഷ്യന്‌ മറ്റെല്ലാ അവയവങ്ങളും ഉണ്ടായിരുന്നാലും കണ്ണില്ലെങ്കിൽ അവൻ ഒരു പരിപൂർണ്ണമൂർത്തിയായ മനുഷ്യനായിത്തീരുന്നില്ലെന്നു മാത്രമല്ല; അവനെ ആരും മനുഷ്യനായി വിചാരിക്കപോലും ചെയ്യുകയില്ല. കണ്ണില്ലാത്ത മനുഷ്യൻ മനുഷ്യത്വനിർവ്വഹണത്തിന്‌ എപ്രകാരം [illegible] വിഹീനനായിത്തീരുന്നുവോ, അപ്രകാരം ജ്യോതിശ്ശാസ്ത്രത്തോടുകൂടാത്ത വേദവും അതിന്റെ സഫലതയ്ക്കു മതിയാകുന്നതായിത്തീരുകയില്ലെന്നാണ്‌ പ്രമാണവചനം.

"വേദാ ഹി യജ്ഞാർത്ഥമഭിപ്രവൃത്താഃ
കാലാനുപൂർവ്വാ വിഹിതാശ്ച യജ്ഞാഃ
തസ്മാദിദം കാലവിധാനശാസ്ത്രം
യോ ജ്യോതിഷം വേദ സ വേദ യജ്ഞാൻ."

വേദോക്തങ്ങളായ കർമ്മങ്ങളുടെ അനുഷ്ഠാനകാലങ്ങളെപ്പറ്റി വിവരിക്കുകയും; ബ്രഹ്മാണ്ഡകടാഹത്തിൽ ജനിച്ചും, മരിച്ചും, പുനരപി ജനിച്ചും, മരിച്ചും പരിവർത്തനം ചെയ്യുന്ന സകല ജീവകോടികളുടെയും അദൃഷ്ടഫലത്തെ അറിയിക്കുകയും ചെയ്യുന്നതുകൊണ്ടല്ലൊ, നിഗമനേത്രമായ ഈ ശാസ്ത്രത്തിന്‌ മററു വേദാംഗങ്ങളെക്കാൾ ഏററവും വലിയ മാഹാത്മ്യം സിദ്ധിച്ചത്‌.

അദൃഷ്ടം എന്നു പറയുന്നത്‌, ജീവരാശികളുടെ അനാദിമൂലജന്മം മുതൽ സവ്യാപസവ്യപ്രവൃത്തമായ വൃത്തികളോടും, നിഷേധാദ്യവസ്ഥകളോടും കൂടെ ആത്മാവിനെയും, പ്രകൃതിയെയും, ഗുണങ്ങളെയും ആശ്രയിച്ച്‌ ജന്തുക്കളുടെ പ്രവൃത്തികളും, നിവൃത്തികളും, ജന്മാവസ്ഥകളും, സുഖദുഃഖങ്ങൾക്കും കാരണമായി കാലവ്യവസ്ഥാനുസരണം ഓരോ ജന്മങ്ങളിലും അനുഭവത്തിനു പാകമായി വരുന്നതും ജ്യോതിശ്ശാസ്ത്രംകൊണ്ടല്ലാതെ ഒരു മററൊന്നുകൊണ്ടും ദൃഷ്ടമല്ലാത്തതുമായ പാപപുണ്യങ്ങളാകുന്നു.

നമ്മുടെ ജീവിതകാലത്തിൽ നമുക്ക്‌ ഓരോരോ നിമിഷവും അനുഭവമാകുന്ന സുഖദുഃഖങ്ങൾക്കും സ്ഥിതിഭേദങ്ങൾക്കും ആധാരമായി നില്ക്കുന്നതും മാംസചക്ഷുസ്സുകൾക്ക

ഗോചരമല്ലാത്തതുമായ അതിനെ കണ്ടുപിടിക്കുന്നതിന്, മന്ത്രദ്രഷ്ടാക്കളായ മഹർഷികൾ പ്രാപഞ്ചികങ്ങളായ സകലവിധ സുഖഭോഗങ്ങളേയും പരിത്യജിച്ചും, ശീതാതപവാതാദികളെ സഹിച്ചും പര്‍ണ്ണാംബുവാതഫലമൂലാദികളായി ഏകാഗ്രപരിശീലനം ചെയ്ത് അവരുടെ ജന്മസിദ്ധമായ അദ്ധ്യാത്മജ്ഞാനത്തിൽ ജീവാത്മാവായും, പ്രകൃതിയായും, പഞ്ചഭൂതതത്വങ്ങളായും ശരീരികളിലും, സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശനി ഇവ പേരുകളോടുകൂടെ ആകാശത്തിലും സൂക്ഷ്മരൂപത്തിലും സ്ഥൂലരൂപത്തിലും സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെ പരിവർത്തനങ്ങളേയും ബലാബലങ്ങളേയും ചാരങ്ങളേയും സ്ഥിതിഗതികളേയും മറ്റുംകൊണ്ടു വാസ്തുവാക്കിയ അതിദിവ്യപ്രകാശമായ ഒരു സൂക്ഷ്മദർശനദർപ്പണമാണ് ജ്യോതിശ്ശാസ്ത്രം. പരമാണുപ്രായമായ ആത്മതത്വത്തിൽ അഖിലലോകങ്ങളും സ്ഥിതിചെയ്യുന്നതുപോലെ അനന്തകോടി ബ്രഹ്മാണ്ഡത്തിൽപെട്ട സകല ജീവജാലങ്ങളും സദാ ജനിക്കുകയും മരിക്കുകയും പലപ്രകാരത്തിലുള്ള പ്രവൃത്തികളെ ചെയ്യുകയും ചെയ്യുന്നതെല്ലാം ഈ ജ്യോതിശ്ശാസ്ത്രമഹാദർപ്പണത്തിൽകൂടെ നോക്കിയാൽ നല്ലതുപോലെ തെളിഞ്ഞുകാണാം.

“ആത്മജന്മാദിഹ ജന്തുഃ
പ്രാക്തനനിജകർമ്മപാകമനുഭവതി
തച്ചക്രമലം ജാതകം.” എന്നത്രെ മഹദ്വചനവും.

ലോകത്തിൽ സ്ഥിതിഭേദങ്ങളും കാലവ്യത്യാസങ്ങളും മറ്റും ഉണ്ടാകുന്നതിനു കാരണം ആകാശത്തിൽ സ്ഥൂലരൂപത്തിൽ പരിവർത്തനം ചെയ്യുന്ന സൂര്യാദിഗ്രഹങ്ങൾ ആണെന്നുള്ളതിനു പക്ഷാന്തരമില്ലല്ലോ. അതുപോലെതന്നെ സൂക്ഷ്മരൂപത്തിൽ മനുഷ്യശരീരത്തിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളുടെ അവസ്ഥാഭേദങ്ങൾകൊണ്ടത്രെ നമുക്കും സുഖദുഃഖാദ്യവസ്ഥാഭേദങ്ങൾ ഉണ്ടാകുന്നത്. ഓരോരുത്തരിലും സ്ഥിതിചെയ്യുന്ന അവയുടെ അവസ്ഥാഭേദങ്ങൾ അവരുടെ പൂർവ്വജന്മാർജ്ജിതപുണ്യപാപങ്ങളെ അനുസരിച്ചായിരിക്കും.

“പൂർവ്വജന്മാർജ്ജിതം കർമ്മ-
ശുഭം വാ യദി വാശുഭം
തസ്യ പക്തിർഗ്രഹാസ്സർവ്വേ
സൂചയന്തീഹ ജന്മനി.” എന്നും,
“കർമ്മാർജ്ജിതം പൂർവ്വഭവേ സദാദി
യത്തസ്യ പക്തിം സമഭിവ്യനക്തി” എന്നും,
“യദുപചിതമന്യജന്മനി
ശുഭാശുഭം തസ്യ കർമ്മണഃ പ്രാപ്തിം” എന്നും മറ്റുമുള്ള മഹദ്വചനങ്ങൾ ഇതിനു പ്രമാണങ്ങൾ ആണ്.

കാലചക്രത്തെ ആധാരമാക്കിയാണ് ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്നതും അവ ജീവികളിൽ അധികാരങ്ങൾ ചെലുത്തുന്നതും.

“കാലഃ സൃജതി ഭൂതാനി
കാലഃ സംഹരതി പ്രജാഃ.”

ബ്രഹ്മാണ്ഡത്തിൽ സ്ഥിതിചെയ്യുന്ന സകല സ്ഥാവരജംഗമങ്ങളേയും ജനിപ്പിക്കുന്നതും, ഇല്ലാതെ ആക്കുന്നതും കാലമെന്ന് ഇതിനാൽ സിദ്ധമായല്ലോ. ആ കാലത്തിനും കലാഭേദത്തെ ഉണ്ടാക്കുന്ന സൂര്യാദിഗ്രഹങ്ങളുടെ പരിവർത്തനത്തിനും മറ്റും നിദാനമായ കാലചക്രം അനന്തനിർവികാരബ്രഹ്മത്തിൽനിന്നും ഉണ്ടായതും ബ്രഹ്മാണ്ഡം ധ്രുവൻ പ്രകൃതി സൂര്യൻ ചന്ദ്രൻ ഭൂമി ഇവയും മറ്റുള്ള ഗ്രഹങ്ങളും നക്ഷത്രങ്ങളും എന്നുവേണ്ട സകല ചരാചരവസ്തുക്കളും കാലചക്രത്തിൽനിന്നും ജനിച്ചവയും അതായല്ലോ. അതിനെ തന്നെ ആശ്രയിച്ചു നിലനില്ക്കുന്നതും ആകുന്നു. അതിനെ അദ്ധ്യാത്മദൃഷ്ടികൊണ്ടല്ലാ

ഒരു മാംസചക്ഷുസ്സുകൊണ്ടോ മററു വല്ലതുംകൊണ്ടോ കാണ്മാൻ സാധിക്കയില്ല. അതിനെ സനാതനനും സർവ്വാന്തര്യാമിയും നിർവ്വികാരസ്വരൂപനുമായ ദിവ്യയന്ത്രികൻ ബ്രഹ്മകടാഹമാകുന്ന യന്ത്രശാലയിൽവെച്ച് എപ്പോഴും തിരിക്കുന്നു. അതു തിരിയുമ്പോൾ അതോടുകൂടെ ബ്രഹ്മാണ്ഡാദി സകല വസ്തുക്കളും തിരിയുന്നു. അതുകൊണ്ടാണ് പലപ്രകാരത്തിലുള്ള ആകൃതിപ്രകൃതികളും കാലവ്യത്യാസങ്ങളും സുഖദുഃഖാദിഭേദങ്ങളുമെന്നല്ല പ്രകൃതിയുടെ എല്ലാ ധർമ്മങ്ങളും ഉണ്ടാകുന്നത്.

"സമസ്തകാര്യത്തിനു കാരണത്വവും
വിഭുത്വവും സർവ്വവിശിഷ്ടശക്തിയും
അണ്വാദ്യനേകാവയവപ്രഭാവവും
കാലത്തിനുണ്ടെന്നു ധരിക്ക സാദരം." എന്നും,
"കാലകർമ്മഗുണയന്ത്രയന്ത്രിതം
പഞ്ചഭൂതമയജീവപഞ്ജരം
അന്യകാരണവിധിക്കിതെങ്ങിനെ
ശക്തമാമജഗരാഗതോപമം."

എന്നുംമററും ഇതിലേക്കു പ്രമാണങ്ങളും ഉണ്ട്.

ഈ കാലചക്രംതന്നെയാണ് ജ്യോതിശ്ശാസ്ത്രം. ഇതിലെ മഹാരാജ്യമാണ് ഗ്രഹകാണ്ഡം. അതിലെ പ്രധാന വിഭാഗങ്ങൾ ആണ് സൌരരാശിചക്രവും ചാന്ദ്രരാശിചക്രവും. ഇവയിൽ ഓരോ രാശിവൃത്തങ്ങളും ഉച്ചം, മൂലത്രികോണം, സ്വക്ഷേത്രം, അതിബന്ധുക്ഷേത്രം, ബന്ധുക്ഷേത്രം, സമക്ഷേത്രം, ശത്രുക്ഷേത്രം, അതിശത്രുക്ഷേത്രം, നീചം മുതലായ പലവിധത്തിലുള്ള സാമാന്യസ്ഥാനങ്ങളും ഉണ്ട്. സൂര്യാദിഗ്രഹങ്ങളെയും അശ്വിന്യാദിനക്ഷത്രങ്ങളെയും ഈ സ്ഥാനങ്ങളിൽ ഓരോന്നിലേയും അധിപതികളായി കല്പിച്ച് സകല ചരാചരപ്രപഞ്ചവും അവ വഴിയായി സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ഈശ്വരൻ ഭരിക്കുന്നു.

"കാലാഖ്യനായ ഭഗവാനിഹ സർവ്വജീവ-
കർമ്മങ്ങളൊത്തവരവർക്കുവിധിച്ചപോലെ
കാര്യങ്ങൾ കാര്യഗുണദോഷഫലങ്ങൾ നൽകും
കാലം കവിഞ്ഞിഹ ഗമിപ്പതിനാരുലോകേ?"

ഈ മഹാഭാരതവചനം ഇതിനു പ്രമാണമാണ്. അപ്പോൾ കാലമോ ഗ്രഹങ്ങളോ ഏതാണ് സുഖദുഃഖങ്ങളെ ചെയ്യുന്നതെന്നാണ് പിന്നത്തെ സംശയം. ഒരു ശരീരത്തിൽ ശിരോമുഖഗളാദികളായ സ്ഥിരാവയവങ്ങളും കരചരണാദികളായ ചലാവയവങ്ങളും എന്നപോലെ ആണ് കാലശരീരത്തിൽ അശ്വിന്യാദി ൨൭ നക്ഷത്രങ്ങളോടുകൂടിയ മേഷാദിരാശികളും അവകളിൽ സഞ്ചരിക്കുന്ന സൂര്യാദിഗ്രഹങ്ങളും സ്ഥിതിചെയ്യുന്നത്.

കാലാംഗാനി വരാംഗമാനനമുരോ ഹൃൽക്രോഡവാസോഭൃതോ
വസ്തിർവ്യഞ്ജനമൂരുജാനുയുഗളേ ജംഘേതതോംഘ്രിദ്വയം
മേഷാശ്വിപ്രഥമാ നവർക്ഷചരണാശ്ചക്രസ്ഥിതാ രാശയോ
രാശിക്ഷേത്രഗൃഹർക്ഷഭാനി ഭവനം ചൈകാർത്ഥസമ്പ്രത്യയാഃ.

എന്നാണ് ബൃഹജ്ജാതകത്തിൽ വരാഹമിഹിരൻ പറഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് ഗ്രഹങ്ങൾ ചെയ്യുന്നതും കാലംചെയ്യുന്നു എന്നു പറയുന്നത്. ഗ്രഹങ്ങൾക്കും കാലത്തിനും തമ്മിൽ അംഗാംഗീഭാവമാണ് ഉള്ളത്. ധാതു മൂലം ജീവൻ പുരുഷൻ സ്ത്രീ ചരം സ്ഥിരം ഉഭയം ക്രൂരം സൌമ്യം മൂഢം ബ്രാഹ്മം പ്രാജാപത്യം മാനുഷം ആസുരം രാക്ഷസം പൈശാചം സുഖം ദുഃഖം പുണ്യം പാപം രാഗദ്വേഷാദികൾ എന്നീ പലപ്രകാരത്തിലുള്ള പ്രകൃതിഭേദങ്ങളും, ശൃംഗാരാദിരസങ്ങളും രസഭേദങ്ങളും അനുഭാവങ്ങളും എന്നുവേ

ഈ സകല പ്രപഞ്ചത്തിന്റെയും കാരണശക്തികൾ മുഴുവൻ കാലചക്രത്തിലാണ് സ്ഥിതിചെയ്യുന്നതു്. സൂൎയ്യൻ ബ്രഹ്മാണ്ഡം ഭരിക്കുന്ന ഇതിലെ ചക്രവൎത്തിയും, ചന്ദ്രൻ ചക്രവൎത്തിനിയും, കുജൻ സൈന്യാധിപനും, ബുധൻ യുവരാജാവും, വ്യാഴം മന്ത്രിയും ശുക്രൻ നൎമ്മസചിവനും, ശനി ഭൃത്യനും ആണ്. ഇതിലേക്ക് പ്രമാണം:—

രാജാനൗ രവിശീതഗൂ ക്ഷിതിസുതോ നേതാ കുമാരോ ബുധഃ
സൂരിർദ്ദാനവപൂജിതശ്ച സചിവൗ പ്രേഷ്യഃ സഹസ്രാംശുജഃ.

അതുപോലെതന്നെ കാലചക്രത്തിനുടെ ആത്മാവ് ആദിത്യനും, മനസ്സ് ചന്ദ്രനും, സത്വം ചൊവ്വായും, വാക്ക് ബുധനും, ജ്ഞാനം വ്യാഴവും, സുഖം ശുക്രനും, ദുഃഖം ശനിയും ആകുന്നു.

"കാലാത്മാ ദിനകൃന്മനസ്തുഹിനഗുസ്സത്വം കുജോ ജ്ഞോ വചോ
ജീവോ ജ്ഞാനസുഖേ സിതശ്ച മദനോ ദുഃഖം ദിനേശാത്മജഃ.

എന്ന് പ്രമാണവചനവും ഉണ്ട്.

സ്വേദജം, അണ്ഡജം, ഉൽഭിജം, ജരായുജം എന്നീ നാലുതരം ജീവരാശികളും ഉണ്ടാകുന്നതിനു കാരണമായി കാലചക്രത്തിൽ അടങ്ങിയിരിക്കുന്ന വസ്തു, കാലാത്മാവും, പ്രപഞ്ചാധിപതിയും, ബ്രഹ്മാണ്ഡചക്രവൎത്തിയും ആയ സൂൎയ്യന്റെ ചലനത്തിൽനിന്നും ആകാശമാൎഗ്ഗത്തിൽ ചരിക്കുന്ന മറ്റുള്ള ഗ്രഹങ്ങളിലും നക്ഷത്രങ്ങളിലും രാശികളിലും വ്യാപിച്ചു്, അതിന്റെ സമ്പൎക്കശക്തിയുമായി ചേൎന്ന് രണ്ടുംകൂടി ഒന്നായി ലോകത്തിൽ നാം കാണുന്ന നാനാവിധ ജീവരാശികൾക്കും അവകൾ അനുഭവിക്കുന്ന സുഖദുഃഖാദ്യവസ്ഥാന്തരങ്ങൾക്കും കാൎയ്യങ്ങളായിത്തീരുന്നു.

ഈ കാലചക്രത്തിന്റെ ഒരുപകുതി ആരോഹണപ്രകൃതിയോടും മറുപകുതി അവരോഹണപ്രകൃതിയോടും കൂടിയതാണ്. അതിൽ ആരോഹണഭാഗത്തിന്റെ അധിപൻ സൂൎയ്യനും, അവരോഹണഭാഗത്തിന്റെ അധിപൻ ചന്ദ്രനും ആണ്. അതനുസരിച്ചുള്ള സൌരരാശിചക്രമെന്നും, ചാന്ദ്രരാശിചക്രമെന്നും കാലചക്രത്തിനു രണ്ടു വിഭാഗങ്ങൾ ഉണ്ടായതു്. ഇവ രണ്ടിന്റെയും നടുക്കാണ് ഭൂമിയുടെ സ്ഥിതി. അതനുസരിച്ചു ഭൂമിയുടെ പകുതിഭാഗം സൌരരാശിചക്രത്തിലും പകുതിഭാഗം ചാന്ദ്രരാശിചക്രത്തിലും ഉൾപ്പെടുന്നു.

"ഭാനോശ്ചണ്ഡമയൂഖസ്യ-
സ്സ്യാത് സിംഹോ രവിസ്തഥാ
കർക്കടകഃ പ്രതിലോമം
ശശിനശ്ചാപി ഭാനോഃ."

ഇങ്ങനെ സൌരചാന്ദ്രാത്മകമായ കാലചക്രത്തിന്റെ അധിപതികൾ രവിചന്ദ്രന്മാരും അവർ ദാനംചെയ്തു വഴി കുജാദികൾക്കും രാശിചക്രത്തിൽ സ്ഥാനലബ്ധിയുണ്ടായിട്ടുള്ളതും ആകുന്നു.

സൂൎയ്യനിൽ "സുഷുമ്നാ" എന്ന പേരോടുകൂടിയതും ഇന്നവൎണ്ണമെന്നു വൎണ്ണിക്കാൻ നിവൃത്തിയില്ലാത്ത ഗുണങ്ങളോടുകൂടിയതുമായ ഒരു പ്രകാശം ഉണ്ട്. അതുപോലെതന്നെ ചന്ദ്രമണ്ഡലത്തിൽ ഉള്ള ഒരുകിരണത്തിൽ "കല്പന"യെന്ന ഒരു മഹാശക്തിയും ഉണ്ട്. സുഷുമ്നാപ്രകാശംവഴി സൂൎയ്യമണ്ഡലത്തിൽ നിന്നും പുറപ്പെടുന്ന "ജീവകാരണശക്തികൾ" ചന്ദ്രമണ്ഡലത്തിലെ കിരണത്തിലുള്ള കല്പനാശക്തിയിൽ വന്നുചേൎന്ന് രൂപാന്തരപ്രാപ്തി വന്ന് നാനാവിധത്തിലുള്ള ചൈതന്യവസ്തുക്കളും ജഡവസ്തുക്കളും ഉണ്ടാകുന്നു. അങ്ങനെയുണ്ടാകുന്ന വസ്തുക്കൾ സകലവും സൂൎയ്യനിലും ചന്ദ്രനിലും ഉള്ള അമൃതകലയുടേയും വിഷകലയുടേയും ആരോഹണവും അവരോഹണവും ഒത്തായുള്ള വൃദ്ധിയും ക്ഷയവും മൂലം മൂന്നു പ്രകൃതത്തിലായിത്തീരുന്നു. (൧) അമൃതപ്രകൃതി, (൨) വിഷപ്രകൃതി, (൩) മിശ്രപ്രകൃതി—ഇങ്ങനെ അമൃതകലയുടേയും വിഷകലയുടേയും ആരോഹണാവരോഹണങ്ങൾ ഉണ്ടാകുന്നതു്, സൂൎയ്യചന്ദ്രന്മാരുടെ പരിവൎത്തനവും അന്യോന്യമുള്ള അവരുടെ അകൽ

സൂര്യന്റേയും അപ്പ്രത്തിന്റേയും കൂടുതൽകുറവുകളും യോഗവും അതിനെ അനുസരിച്ചു ണ്ടാകുന്ന മററു ഗ്രഹങ്ങളുടെ ചലനവും ബന്ധവും ബലാബലവും മററുംകാരണമാകുന്നു. അമൃതകല (ജീവകല) വിഷകല ഇവ സൂര്യനിലും അടങ്ങിയിട്ടുണ്ടെങ്കിലും അവയും അവമൂലം ഉണ്ടാകുന്ന ത്രിവിധ പ്രകൃതികളും നാനാവിധ പ്രപഞ്ചമായി മാറി സുഖദുഃഖ ങ്ങളേയും ജനനമരണങ്ങളേയും മററും പ്രദാനിക്കുന്നതിനും മററുള്ള ഗ്രഹങ്ങളും കാരണ ങ്ങളാണെങ്കിലും ചന്ദ്രനെപ്പോലെ മററു ഗ്രഹങ്ങൾക്കൊന്നിനും ഇതിൽ പ്രാധാന്യം ഇല്ലെ ന്നതിലേക്ക്—

“അമൃതകിരണവീഥ്യാം ദീപ്തിമാശ്രിത്യ സർവ്വേ
വിദധതി ഫലമേതേ ഖേചരാസ്സാധ്വസാധു
നിജനിജവിഷയേഷു വ്യാപ്രിയന്തേ യഥാത്മ-
ന്യധിവിഹതമനസൈവാധിഷ്ഠിതാനീന്ദ്രിയാണി.” എന്നും,

“ചന്ദ്രാർക്കേ ബലയുക്തേ
കേന്ദ്രാദ്യാഃ പ്രോക്തകാലബലഹീനാഃ
ശുഭഫലദാസ്തു സർവ്വേ
ദശാസു യോഗേഷു സംചിന്ത്യാഃ”

എന്നും പ്രമാണങ്ങളും ഉണ്ട്.

മനുഷ്യാദി സകല ജീവജാലങ്ങളുടേയും ശരീരത്തിൽ കാണുന്ന മാംസ്സ് ചന്ദ്ര ഗോളത്തിൽനിന്നും വന്നുചേർന്നതാണ്. ശുക്ലപക്ഷത്തിലെ ചന്ദ്രന്റെ അമൃതശക്തി യുടെ കലകളനുസരിച്ചായിരിക്കും വെളുത്ത മാംസ്സിന്റെയും വൃദ്ധിക്ഷയങ്ങൾ. ശക്തി എന്നു പറയുന്ന വസ്തു ചന്ദ്രസംബന്ധിയാണ്. അസ്ഥിനിർമ്മിതം ശരീരഭാഗങ്ങളായ സർവ്വ ത്തിന്റെയും അവസ്ഥകളും ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ അനുസരിച്ചുതന്നെയിരിക്കും. ഇതനുസരിച്ചാണ് വേലിയേററം വേലിയിറക്കം കാമകല വിഷകല ഉന്മാദം കാസം മുതലായ രോഗങ്ങൾക്കും മററും കറ ഇവകൾക്കും ഏററക്കുറച്ചിലുകൾ ഉണ്ടാകുന്നതും മററും. വെളുത്ത പ്രതിപദം മുതൽ വെളുത്ത വാവുവരെ അമൃതശക്തിയുടെയും കറുത്ത പ്രതിപദം മുതൽ കറുത്ത വാവുവരെ വിഷകലയുടേയും ആരോഹണകാലങ്ങൾ ആകുന്നു. അമൃതശക്തിയുടെ ആരോഹണകാലത്തിൽ ജനിക്കുന്നവരെല്ലാം ഗുണാധിക്യത്തോടും വിഷശക്തിയുടെ ആരോഹണകാലത്തിൽ ജനിക്കുന്നവരെല്ലാം ദോഷാധിക്യത്തോടും അമൃതവും വിഷവും സമം ചേർന്നുണ്ടാകുന്നവ ഗുണദോഷങ്ങളുടെ തുല്യാവസ്ഥയോടും, അമൃതവിഷകലകളുടെ ഏററക്കുറച്ചിലുകളോടുകൂടെ ഉണ്ടാകുന്നവ അവയുടെ ന്യൂനാധി ക്യാവസ്ഥയ്ക്കനുസരിച്ച് ഗുണദോഷങ്ങളുടെ കൂടുതൽ കുറവുകളോടും കൂടിയിരിക്കും.

അമൃതകലയും ജീവകലയും മൂലമുണ്ടാകുന്ന പ്രകൃതിത്രയസംഘങ്ങളായ ജീവജാ ലങ്ങളുടേയും കാലത്രയത്തിലെയും ജന്മത്രയത്തിലെയും സുഖദുഃഖങ്ങളെ ചിന്തിക്കുന്നത് ആ ജീവിയുടെ ജനനകാലത്തിൽ ഭേദപ്പെടാത്ത കാലചക്രത്തിൽ ഉള്ള സൂര്യാദിഗ്രഹങ്ങ ളുടെ കലാപൂർണ്ണത അവയവങ്ങളായ മേഷാദിരാശികൾ വഴിയായിട്ടുള്ള അവയുടെ പരിവർത്തനംമൂലം ഉണ്ടാകുന്ന ലഗ്നം (രാശി) നക്ഷത്രം, തിഥി, പക്ഷം, യോഗം, കര ണം, ആട്ട്, ഉച്ചസ്ഥിതി, വക്രസ്ഥിതി, മൂലത്രികോണസ്ഥിതി, അതിബന്ധുക്ഷേത്ര സ്ഥിതി, ബന്ധുക്ഷേത്രസ്ഥിതി, സമക്ഷേത്രസ്ഥിതി, ശത്രുക്ഷേത്രസ്ഥിതി, അതിശത്രുക്ഷേ ത്രസ്ഥിതി, നീചസ്ഥിതി, അതിനീചസ്ഥിതി, മൌഢ്യസ്ഥിതി, വർഗ്ഗോത്തമം മുതലായ വകഭേദങ്ങൾകൊണ്ടാണ്.

ജീവികളുടെ സുഖദുഃഖാദിചിന്തനകൾക്ക് ഇവ സാധനങ്ങളായിരിക്കുന്നത് എന്തു കൊണ്ടെന്നാൽ സൂര്യഗോളത്തിൽ സ്ഥിതിചെയ്യുന്ന സകല പ്രപഞ്ചത്തിന്റെയും ജീവ കാരണശക്തി ചന്ദ്രഗോളത്തിൽ ഉള്ള കല്പനാശക്തിയിൽ വന്നുചേർന്ന് മററു ഗ്രഹങ്ങളു ടേയും സൂര്യചന്ദ്രന്മാരുടേയും അപ്പോഴത്തെ സ്ഥിതിഗതികളും യോഗങ്ങളും അമൃതവിഷ കലകളുടെ ആരോഹണാവരോഹണക്രമവും അനുസരിച്ച് ത്രിവിധപ്രകൃതികളിൽ ഏതെ

ങ്കിലും ഒരുവിധ പ്രകൃതിയായി രൂപാന്തരീഭവിച്ച് ജീവിക്കുകയും അവസാനത്തിൽ വന്ന രീതിയിൽതന്നെ ആ ജീവൻ മൂലപ്രകൃതിയിലേക്ക് പോവുകയും പുണ്യപാപശേഷം വീണ്ടും വീണ്ടും ജനിക്കുകയോ അനേകാനേകജന്മാന്തരം മുക്തിയെ പ്രാപിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടാകുന്നു. അതിന്നു പ്രമാണം:—

"അഗ്നിവാസരവലക്ഷപക്ഷകോ-
ത്തരായണക്ഷപാ ച ദൈവതൈ:
പ്രാപിതാ രവിപഥം ഭവൽപഥാ:
മോക്ഷവാൻ ധ്രുവപദാന്തമീയതേ."

ജീവികളുടെ ഗുണദോഷഫലാപചിതാന്തരത്തിന്ന് രാശ്യാദികല്പനകളാവശ്യമാകുന്നു എന്ന് ഇതുവരെ പറഞ്ഞ ന്യായങ്ങളെക്കൊണ്ട് സിദ്ധമായിട്ടുണ്ട്. ഇനി അവകളെ കല്പിക്കുന്നവിധം എങ്ങിനെയെന്നു പറയാം.

ഭൂഗോളം മറ്റെല്ലാ ഗോളങ്ങളുടെയും അധോഭാഗത്തിൽ ആകുന്നു.

"ഭാനാമധശ്ശനൈശ്ചര-
സുരഗുരുഭൗമാർക്കശുക്രബുധചന്ദ്രാ:
തേഷാമധശ്ച ഭൂമി-
ർമ്മേധീഭൂതാ ഖമദ്ധ്യസ്ഥാ:"

കാലചക്രത്തിന്റെ എല്ലാറ്റിലും മുകളിൽ നക്ഷത്രങ്ങളും അതിന്നു താഴെ ക്രമേണ ശനി, വ്യാഴം, ചൊവ്വ, ആദിത്യൻ, ശുക്രൻ, ബുധൻ, ചന്ദ്രൻ ഇവരും അവകളെല്ലാം കീഴിൽ ഭൂമിയുമെന്നാണല്ലൊ ഇതിന്റെ അർത്ഥം. ആ കാലചക്രം അല്ലെങ്കിൽ രാശിചക്രം ഭൂമിയെ ചുററി അധികം അകലത്തിൽ അധോഭാഗങ്ങളോടും, ഉപരിഭാഗത്തോടും വ്യാപിച്ചിട്ടുണ്ട്. അതു എല്ലായ്പോഴും നമ്മുടെ മേൽഭാഗത്തിൽ പടിഞ്ഞാറോട്ടായിട്ടും കീഴ്ഭാഗത്തിൽ കിഴക്കോട്ടായിട്ടും തിരിഞ്ഞുകൊണ്ടിരിക്കുകയാണു. അതിന്നു പന്ത്രണ്ടു ഭാഗങ്ങളെം ഉള്ളതിൽ, ആടിന്റെ ആകൃതിയിൽ ഉള്ള ഒന്നാമത്തെ ഭാഗം മേടവും അതിന്നു കിഴക്കുവശം കാളയുടെ ആകൃതിയിൽ ഉള്ള രണ്ടാമത്തെ ഭാഗം ഇടവവും അതിന്നു കിഴക്കുവശം ഗദാധരനായ ഒരു പുരുഷനും വീണാധാരിണിയായ ഒരു സ്ത്രീയും ദമ്പതിമാരായി നില്ക്കുന്നതുപോലെയുള്ള മൂന്നാംഭാഗം മിഥുനവും, അതിന്നു കിഴക്ക് ഞണ്ടിന്റെ ആകൃതിയിൽ ഉള്ള നാലാമത്തെ ഭാഗം കർക്കടകവും അതിന്നു കിഴക്കു സിംഹത്തിന്റെ ആകൃതിയിൽ ഉള്ള അഞ്ചാമത്തെ ഭാഗം ചിങ്ങവും, അതിന്നു കിഴക്ക് ഒരു കയ്യിൽ തീയും മറേറക്കയ്യിൽ നെൽക്കതിരും ധരിച്ച് ഒരു തോണിയിൽ സഞ്ചരിക്കുന്ന സ്ത്രീയെപ്പോലെയുള്ള ആറാമത്തെ ഭാഗം കന്നിയും, അതിന്നു കിഴക്കു ത്രാസും കയ്യിൽ ധരിച്ച് പീടികശാലയിൽ സാമാനങ്ങളെ കൊണ്ടും കൊടുത്തും നില്ക്കുന്ന പുരുഷനെപ്പോലെയുള്ള ഏഴാമത്തെ ഭാഗം തുലാവും, അതിന്നു കിഴക്കായി തേളിന്റെ ആകൃതിയിൽ ഉള്ള എട്ടാമത്തെ രാശി വൃശ്ചികവും, അതിന്നു കിഴക്കായി അരയ്ക്കു താഴെ അശ്വത്തിന്റെയും മുകളിൽ പുരുഷന്റെയും ആകൃതിയിലുള്ള ഒരുവൻ വില്ലും ധരിച്ചു നില്ക്കുന്നതുപോലെയുള്ള ഒൻപതാമത്തെ ഭാഗം ധനുവും, അതിന്നു കിഴക്ക് മാനിന്റെ മുഖവും, മുതലയുടെ ദേഹവും ചേർന്നതുപോലെയുള്ള പത്താമത്തെ ഭാഗം മകരം രാശിയും, അതിന്നു കിഴക്ക് വെറും കുടം ചുമലിൽ വച്ച് ഒരു പുരുഷൻ നില്ക്കുന്നതുപോലെയുള്ള പതിനൊന്നാമത്തെ ഭാഗം കുംഭം രാശിയും, അതിന്നു കിഴക്കായും മേടത്തിന്നു പടിഞ്ഞാറായും വാലും തലയും അന്യോന്യം ബന്ധിച്ചു വട്ടത്തിൽ നില്ക്കുന്ന രണ്ടു മത്സ്യങ്ങളെപ്പോലെയുള്ള മീനം പന്ത്രണ്ടാമത്തെ ഭാഗവുമാണു. ഇങ്ങനെ ക്രമേണ താഴെക്കൂടെ ചുററി കണക്കാക്കണം. അപ്പോൾ മേടത്തിന്റെ പടിഞ്ഞാറെ ഭാഗം മീനം രാശിയാകും. ഈ ചക്രം ഉപരിഭാഗത്തിൽ പശ്ചിമാഭിമുഖമായി തിരിയുമ്പോൾ നാം കിഴക്കോട്ടു നോക്കിയാൽ ആദ്യം മേടത്തിന്റെ മീനത്തോടു സംബന്ധപ്പെട്ട ഭാഗം ഉദിച്ചുയരുന്നതായിക്കാണാം. അപ്പോൾമുതൽ മേഷാകൃതിയിലുള്ള ഭാഗം മുഴുവനും മറയുന്നതുവരെയുള്ള സമയ

തിനു മേടം എന്നു പറയുന്നു. പിന്നീട് ഇതാം ഇങ്ങനെ മുമ്മൂന്ന് പന്ത്രണ്ടു രാശികളും അറുപതു നാഴികകൊണ്ട് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. ആ കണക്കിനു ഓരോ രാശിയും അഞ്ചഞ്ചു നാഴികവീതം വരും. രാശികളെ കാണ്മാൻ പാടില്ലെങ്കിലും അതുകളിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും സ്ഥിരമായി നില്ക്കുന്ന അശ്വിന്യാദി നക്ഷത്രങ്ങളെക്കൊണ്ടും അതാതു സമയം ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന രാശികളെ സ്പഷ്ടമായി അറിയാം. എല്ലാ ഗ്രഹങ്ങളും ഉപരിഭാഗത്തിൽ ഈ രാശിചക്രത്തിൽ കൂടി കിഴക്കോട്ടു സദാ പരിവർത്തനം ചെയ്യുന്നവയാകയാണ്. അതിൽ സൂര്യൻ കിഴക്കോട്ടു സഞ്ചരിച്ച് ഒരു രാശിയെ കടക്കുന്നതിനായി രാശിചക്രം മുപ്പതുതിരിയും. അപ്രകാരം സൂര്യനു മുപ്പതു ഉദയവും മുപ്പതു അസ്തമനവും ഉണ്ടാവുകയും ആ മുപ്പതു ദിവസത്തെയും ഈ രാശികളിൽ ഏതു രാശിഭാഗത്തിൽ സഞ്ചരിക്കുന്നുവോ അതിന്റെ പേരിൽ ഒരു മാസം എന്നു പറയുകയും ചെയ്യുന്നു.

ചന്ദ്രൻ സൂര്യനെക്കാൾ ഭൂമിയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഗ്രഹം ആകയാൽ, ചന്ദ്രൻ ഒരു രാശി കടക്കുന്ന സമയംകൊണ്ട്, കാലചക്രം (ജ്യോതിശ്ചക്രം) 2¼ പ്രാവശ്യം ചുററുന്നു. തൽമൂലം ചന്ദ്രന് ഒരു രാശി കടക്കുന്നതിനു 2¼ ദിവസം മതിയാകും. ആ രീതി അനുസരിച്ച്; അശ്വതിയും ഭരണിയും, കാർത്തികക്കാലും മേടമാണ്. അതായത് ഒൻപതു നക്ഷത്രപാദങ്ങൾവീതം ഓരോ രാശിയിലും അടങ്ങുന്നു. അതനുസരിച്ച്, 27 ദിവസംകൊണ്ട് 108 നക്ഷത്രപാദങ്ങൾ അടങ്ങിയ കാലചക്രത്തെ ഒന്നു ചുററുകയും അങ്ങിനെ ചുററുമ്പോൾ ചന്ദ്രൻ മേടരാശിയുടെ ഉദയംമുതൽ 4/9 ഭാഗംവരെ സഞ്ചരിക്കുന്ന സമയത്തിനു അശ്വതിയെന്നും 8/9 ഭാഗംവരെ സഞ്ചരിക്കുന്ന സമയത്തിന് ഭരണിയെന്നും മേടംരാശിയെ ഒൻപതായി പകുത്തതിന്റെ ഒടുവിലത്തെ ഭാഗംമുതൽ ഇടവംരാശിയുടെ മൂന്നിൽ ഒരു ഭാഗംവരെ സഞ്ചരിക്കുന്ന സമയത്തിനു കാർത്തികയെന്നും പറയുന്നു. അതായത് കാലചക്രത്തിൽക്കൂടെ ഭ്രമണംചെയ്യുന്ന ചന്ദ്രൻ അതിൽ സ്ഥിരമായി നില്ക്കുന്ന അശ്വിന്യാദി 27 നക്ഷത്രങ്ങളിൽ ഏതിന്റെ ചോട്ടിൽ വരുന്നുവോ ആ നക്ഷത്രമെന്നും ഏതു രാശിയുടെ ചോട്ടിൽ വരുന്നുവോ അന്നേദിവസം ആ കൂറെന്നും പറയുന്നു. അതായത് ചന്ദ്രൻ ഉദിച്ചുപൊങ്ങുന്നതു ഒരു നക്ഷത്രത്തിന്റെ നേരെ ആയിരിക്കും. ഒരു ദിവസം അതു അശ്വതിയുടെ നേരെ ആണെങ്കിൽ അടുത്തദിവസം അതു, അതിന്റെ കിഴക്കു നില്ക്കുന്ന ഭരണിയുടെ ചോട്ടിൽ കാണാം. അതിന്റെ പിറേറദിവസം അതിന്റെ കിഴക്കുള്ള കാർത്തികയുടെയും പിന്നെ രോഹിണിയുടെയും ഇങ്ങനെ 27 ദിവസംകൊണ്ട് കിഴക്കോട്ടു ഗമിച്ച് അശ്വതിയോടൊത്തുകൂടി ഭ്രമണംചെയ്ത് അശ്വതിയുടെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന രേവതിയുടെ നേരെയാവുകയും ചന്ദ്രന്റെ ഒരു പരിവൃത്തി കഴിയുകയും ചെയ്യുന്നു. ഇതിവണ്ണം കുജാദികളും കാലചക്രത്തിൽക്കൂടെ കിഴക്കോട്ടു ഗമിക്കുന്നുണ്ട്. അതായതു ചൊവ്വാ ഒരു രാശിയിൽനിന്നും മറെറാരു രാശിയിൽ കടക്കുന്നതിനായി കാലചക്രം ശരാശരി 45 പ്രാവശ്യംവീതം ചുററുകയും ബുധനും ശുക്രനും കാലചക്രത്തിലെ ഒരു രാശിയുടെ ചോട്ടിൽനിന്ന് അടുത്ത രാശിയുടെ ചോട്ടിൽ ചെല്ലുന്നതിനായി ശരാശരി മുപ്പതു പ്രാവശ്യംവീതവും വ്യാഴം മേൽപ്രകാരം കടക്കുന്നതിനായി ശരാശരി 365 പ്രാവശ്യവും ചുററുകയും ശനി കടക്കുന്നതിനായി ശരാശരി 900 പ്രാവശ്യം ചുററുകയും രാഹുകേതുക്കൾ ഒരു രാശിയിൽനിന്നും മറെറാരു രാശിയിൽ കടക്കുന്നതിനാകട്ടെ 540 പ്രാവശ്യം ചുററുകയും ചെയ്യുന്നുണ്ട്. സൂര്യാദിഗ്രഹങ്ങൾ കിഴക്കോട്ടു ഭ്രമണം ചെയ്യുമ്പോൾ പടിഞ്ഞാറോട്ടു പോകുന്നതായി നമുക്കു തോന്നുന്നതു അതിവേഗത്തോടുകൂടിയ കാലചക്രഗതിക്കു വിപരീതമായി അവകൾ ചുററുന്നതുകൊണ്ടാണ്. തിഥി, യോഗം, കരണം ഇവകൾ സൂര്യചന്ദ്രന്മാരുടെ പരസ്പരം ഉള്ള അകലം, അടുപ്പം ഇവയെ ക്കാണിക്കുന്നതുകൾ ആണ്. സൂര്യൻ, തേജോമയനും ചന്ദ്രൻ ജലമയനും ആകുന്നു. ഗ്രഹങ്ങളും ഭൂമിയും നക്ഷത്രങ്ങളും ഗോളസമൂഹങ്ങളും സൂര്യരശ്മികൾ അതിദൂരംവരെ വ്യാപിക്കുന്നവയും ആയതുകൊണ്ട്, അവയുടെ പകുതിഭാഗത്തു സൂര്യരശ്മിതട്ടി എല്ലാസമയത്തും പ്രകാശത്തോടുകൂടെയിരിക്കും. രാശിചക്രം ഭൂമിയെ ചുററിസഞ്ചരിക്കുന്നതിനാൽ അറുപതു നാഴികകൊണ്ടു ഭൂമിയുടെ നാലുപുറവും സൂര്യപ്രകാശം എത്തുകയുമുണ്ട്. തൽമൂലം ഭൂമിയിൽ ഓരോഭാഗത്തും രാശിചക്രത്തിന്റെ ഒരു ഭ്രമണത്തിനകം മുപ്പതുനാഴിക പ്രകാശവും മുപ്പതുനാഴിക ഇരുട്ടും ഉണ്ടാകുന്നു. അതത്രെ പകലും രാത്രിയും. അതു

പോലെതന്നെ ജലസ്വരൂപിയായ ചന്ദ്രനിൽ സൂര്യരശ്മിതട്ടുന്ന ഭാഗത്തിൽനിന്നും പുറപ്പെടുന്ന പ്രകാശത്തിനു ചന്ദ്രികയെന്നും പറയുന്നു. ആ ചന്ദ്രിക പതിനഞ്ചു ദിവസംകൊണ്ടു വർദ്ധിച്ചു പൂർണ്ണമാവുകയും പിന്നെ പതിനഞ്ചുദിവസംകൊണ്ടു ക്ഷയിച്ചു കുറഞ്ഞു തീരെയില്ലാതെ ആവുകയും ചെയ്യുന്നു. ആ പ്രകാശം തീരെ ഇല്ലാത്ത ദിവസത്തിന് അമാവാസ്യയെന്നും പൂർണ്ണമായി ഉണ്ടാകുന്ന ദിവസത്തിനു പൌർണ്ണമിയെന്നും പറയുന്നു. ചന്ദ്രബിംബം സൂര്യബിംബത്തോടു അടുക്കുമ്പോൾ (രണ്ടുപേരും ഒരേ രാശിയിൽ വരുമ്പോൾ) ചന്ദ്രബിംബം സൂര്യബിംബത്തിനു താഴെ ആയിപ്പോകുന്നതുകൊണ്ട് അപ്പോൾ ചന്ദ്രരശ്മി പ്രകാശിക്കുന്നതു നമ്മുടെ നോട്ടം എത്തുന്നതിനു മറുപുറം ആയതുകൊണ്ടു നമ്മുടെ ദൃഷ്ടിക്ക് ചന്ദ്രിക ഗോചരമാകുന്നില്ല. അകലുംതോറും നമുക്ക് നോട്ടം എത്തുന്ന സ്ഥലത്തു പ്രകാശം വർദ്ധിച്ചുവർദ്ധിച്ചു വരുന്നു. ഓരോ ദിവസം കൊണ്ടു ചന്ദ്രന്റെ പ്രകാശം 1/15 ഭാഗംവീതംകൂടി പൂർണ്ണമാവുകയും പിന്നത്തെ ഓരോ ദിവസംകൊണ്ടു 1/15 ഭാഗംവീതം കുറഞ്ഞു തീരെയില്ലാതെ ആവുകയും ചെയ്യുന്നു. കാലചക്രത്തിൽ ചന്ദ്രൻ സൂര്യനിൽനിന്നും കിഴക്കോട്ടുനീങ്ങി അകന്നു തുടങ്ങുന്നതോടെ കാണുന്ന ചന്ദ്രന്റെ പ്രകാശം കൂടിക്കൂടിവരും. അതിനു വെളുത്തപക്ഷമെന്നും, സൂര്യനോട് അടുത്തുതുടങ്ങുമ്പോൾ നമ്മുടെ നോട്ടമെത്തുന്ന ദിക്കിൽ പ്രകാശം കുറഞ്ഞുകുറഞ്ഞുവരും. അതിനു കറുത്തപക്ഷം എന്നും പറയും. ചന്ദ്രനു ൧൬ കലകളും ഉണ്ട്. അതായതു കിരണപ്രകാശം ഇല്ലാതെ ഇരിക്കുക, ഒരു കലമാത്രം പ്രകാശിക്കുക, ൨ കലമാത്രം പ്രകാശിക്കുക ഇങ്ങനെ പതിനാറുവരെ കലകൾ പ്രകാശിക്കുക. ഇതിൽ തീരെ പ്രകാശമില്ലാത്ത ദിവസം കറുത്തവാവും ഒരു കലമാത്രം പ്രകാശിക്കുന്ന ദിവസം ശുക്ലപ്രതിപദവും രണ്ടു കല പ്രകാശിക്കുന്ന ദിവസം ശുക്ലപക്ഷദ്വിതീയയും ൧൬ കലയും പ്രകാശിക്കുന്ന ദിവസം പൌർണ്ണമിയും ഒരു കല കുറയുന്ന ദിവസം കൃഷ്ണപക്ഷപ്രതിപദവും രണ്ടുകല കുറയുന്നദിവസം കൃഷ്ണപക്ഷദ്വിതീയയും ഇങ്ങനെ എല്ലാ കലയും കുറയുന്നദിവസം കറുത്ത വാവും ആണ്.

ആദിത്യനാദിയായിട്ടുള്ളതു്, കാലഹോരയുടെ ആധിപത്യം അനുസരിച്ചാണ്. ഒരു അഹോരാത്രം കാലചക്രം ചുറ്റുന്നതിന് ൬൦ നാഴികവീതം അല്ലെങ്കിൽ ഓരോ മണിക്കൂർ വീതം അടങ്ങിയ ൨൪ മുഹൂർത്തങ്ങളും അല്ലെങ്കിൽ മണിക്കൂറുകളും ഉണ്ടായിരിക്കുന്നു. ഇവയിൽ ഓരോ മുഹൂർത്തത്തിന്റെയും അധിപന്മാർ, ഭൂമിയിൽനിന്നും ദൂരവും അകന്ന ഗ്രഹമായ ശനിമുതൽ ക്രമേണ അടുത്തു വരുന്നതായ വ്യാഴം ചൊവ്വ ആദിത്യൻ ശുക്രൻ ബുധൻ ചന്ദ്രൻ ഇവരാകുന്നു. അവരവരുടെ കാലഹോരയിൽ ഓരോരുത്തർക്കും കൂടുതൽ ബലം ലഭിക്കുന്നു. ഓരോ ദിവസവും സൂര്യോദയത്തിൽ ആരുടെ കാലഹോര വരുന്നുവോ അവരുടെ പേരുകൊണ്ട് ആ ദിവസത്തെ വിളിക്കുകയും ആ ഗ്രഹത്തിനു അന്നേ ദിവസം മറ്റുള്ള ഗ്രഹങ്ങളെക്കാൾ കൂടുതൽ ബലം ഉണ്ടായിരിക്കുകയും ചെയ്യും. ഇന്ന് ഉദയത്തിനു രവിയുടെ കാലഹോരയായിരുന്നെങ്കിൽ നാളെ ഉദയത്തിനു ശനി, ഗുരു, കുജ, രവി, ശുക്ര, ബുധ, ചന്ദ്ര എന്ന കക്ഷ്യാക്രമത്തിനു രവിമുതൽ നാലാമത്തെ കക്ഷ്യാധിപനായ ചന്ദ്രന്റെ കാലഹോര വരും. മറ്റന്നാൾ ഉദയത്തിന് ചന്ദ്രൻമുതൽ ൪-ാമത്തെ കക്ഷ്യാധിപനായ കുജന്റെ കാലഹോരവരും. ൪-ാംനാൾ ഉദയത്തിനു കുജൻമുതൽ ൪-ാമത്തെ കക്ഷ്യാധിപനായ ബുധന്റെ കാലഹോര, ൫-ാംനാൾ ഉദയത്തിനു ബുധൻമുതൽ ൪-ാമത്തെ കക്ഷ്യാധിപനായ വ്യാഴത്തിന്റെ കാലഹോര, ൬-ാംനാൾ ഉദയത്തിനു വ്യാഴംമുതൽ ൪-ാമത്തെ കക്ഷ്യാധിപനായ ശുക്രന്റെ കാലഹോര വരും. ൭-ാംനാൾ ഉദയത്തിനു ശുക്രൻമുതൽ ൪-ാമത്തെ കക്ഷ്യാധിപനായ ശനിയുടെ കാലഹോര വരും. ഈ ക്രമത്തിനു ആ സൂര്യോദയസമയത്തിലെ കാലഹോരാധിപത്യം അനുസരിച്ച് രവിവാരാദി മന്ദവാരാന്തം ഉള്ള ആഴ്ചകളും ഉണ്ടായി.

രാശി സ്ഥൂലശരീരവും, രാശിയെ മൂന്നായി ഭാഗിക്കുമ്പോൾ ഉണ്ടാകുന്ന ആദിമദ്ധ്യാന്ത്യദ്രേക്കാണങ്ങൾ ശരീരത്തിന്റെ ഊർദ്ധ്വമദ്ധ്യാധോഭാഗങ്ങളും. രാശിയെ രണ്ടായി ഭാഗിക്കുമ്പോൾ ഉണ്ടാകുന്ന ആദിത്യചന്ദ്രഹോരകൾ ശരീരത്തിന്റെ വാമദക്ഷിണ ഭാഗങ്ങളും. അഞ്ചായി ഭാഗിച്ചു ത്രിംശാംശങ്ങൾ, കുജാദി പഞ്ചഭൂതങ്ങളും. രാശിയെ ഒൻപതായി ഭാഗിച്ചു നവാംശങ്ങൾ പ്രാണവായുതുടങ്ങി ധനഞ്ജയൻവരെയുള്ള വായുക്കളും. രാശിയെ പന്ത്രണ്ടായി ഭാഗിച്ചു ദ്വാദശാംശകങ്ങൾ മനോബുദ്ധികളോടുകൂടിയ

ജ്ഞാനേന്ദ്രിയങ്ങളും ആകുന്നു. ഇവയിൽ രാശി സ്ഥൂലശരീരവും, നവാംശവും ദ്വാദശാംശവും രാശിയുടെ ഉത്പത്തിക്കു കാരണം അടങ്ങിയതായ സൂക്ഷ്മശരീരവും ആകുന്നു.

"ഇഹ താവദക്ഷദശകം
മനസാ സഹബുദ്ധിതത്വമഥ വായുഗണൈഃ
ഇതി ലിംഗമേതദമുനാ
പുരുഷസ്സഹസംഗതോ ഭവതി ജീവം"

രാശി ജഡവും അതിന്റെ അധിപനായ ഗ്രഹം ജീവനും ആകുന്നു. അതായത് ക്ഷേത്രവും ക്ഷേത്രജ്ഞനും എന്നപോലെ. അതുകൊണ്ടാണ് സകല ഭാവഫലങ്ങളും ഭാവാധിപന്മാരെക്കൊണ്ട് ചിന്തിക്കുന്നത്.

"ഭവനാധിപൈസ്സമസ്തം
ജാതകവിഹിതം വിചിന്തയേദ്ധീമാൻ
ഏഭിർവിനാ ന ശക്യം
പദമപി ഗന്തും മഹാശാസ്ത്രേ."

എന്നാണ് പ്രമാണവും.

ഇങ്ങനെയാണ് ജ്യോതിശ്ശാസ്ത്രസാധനങ്ങളായി തീർന്നിരിക്കുന്ന സൂര്യാശ്രയരാശികളായ മാസങ്ങളും ചന്ദ്രാശ്രയരാശികളായ ക്രമം ചന്ദ്രാശ്രയസ്ഥാനങ്ങളായ നക്ഷത്രങ്ങളും, സൂര്യാദിഗ്രഹസ്ഥിതരാശികളും കാലചക്രഭ്രമണം ആശ്രയിച്ചുണ്ടാകുന്ന ലഗ്നം സൂര്യചന്ദ്രന്മാരുടെ ഭ്രമണംമൂലം ഉണ്ടാകുന്ന അവയുടെ അകല്‍ച്ചയും അടുപ്പവും നിശ്ചയിക്കുന്ന പക്ഷങ്ങളും, തിഥികളും, കരണങ്ങളും, യോഗങ്ങളും, ഗ്രഹങ്ങളുടെ കക്ഷ്യാക്രമം അനുസരിച്ചുള്ള കാലഹോരാധിപത്യത്തിൽനിന്നും ഉണ്ടായിട്ടുള്ള ആഴ്ചകളും, രാശി അല്ലെങ്കിൽ ലഗ്നം അല്ലെങ്കിൽ ക്ഷേത്രവിഭാഗങ്ങളായ ദ്രേക്കാണം, ഹോര, ത്രിംശാംശം, നവാംശം, ദ്വാദശാംശം ഇവയും മറ്റും ഉണ്ടായിട്ടുള്ളത്.

ഇവയുടെ സ്ഥിതിഭേദങ്ങളാണ് ഭൂമിയിലുള്ള ത്രിവിധപ്രകൃതികളിലുമായിട്ടുണ്ടാകുന്ന ജീവികൾക്ക് വിഭിന്നങ്ങളായ ഗുണദോഷഫലങ്ങളെ വരുത്തിത്തീർക്കുന്നത്. അതായത് മനുഷ്യശരീരം രക്ഷിച്ചുകൊണ്ടിരിക്കുന്ന വാതപിത്തകഫങ്ങളായ പ്രകൃതിത്രയം കാലവ്യത്യാസവും കർമ്മവ്യത്യാസവുംകൊണ്ട് കോപിച്ച് അനേകവിധി രോഗങ്ങളും ഉണ്ടാക്കുകയും ജീവനാശം ചെയ്യുകയും മറ്റും ചെയ്യുന്നതുപോലെയും മനുഷ്യശരീരത്തിലുള്ള ജഠരാഗ്നി ഭക്ഷണസാധനങ്ങളെ ദഹിപ്പിച്ച് ശരീരത്തെ പോഷിപ്പിക്കുകയും കൂടുതൽ ആയാൽ മനുഷ്യശരീരത്തെത്തന്നെ ദഹിപ്പിക്കുകയും ചെയ്യുന്നതുപോലെയും, പ്രാണവായു മനുഷ്യനെ ജീവിപ്പിക്കുകയും, ചണ്ഡമാരുതൻ സകലത്തെയും നശിപ്പിക്കുകയും, കപ്പലിനെ ശരിക്ക് ഓടിച്ചുകൊണ്ടുപോകുന്ന അതേ വായുതന്നെ കൊടുങ്കാറ്റായി തീർന്ന് അതിനെ മുക്കുകയും ചെയ്യുന്നതുപോലെയും മറ്റുമാണ് ജ്യോതിശ്ശാസ്ത്രസാധനങ്ങളായ മേല്പറഞ്ഞവകളും, സ്ഥിതിഗതികളും ആശ്രയങ്ങളും സ്ഥാനങ്ങളും മറ്റും അനുസരിച്ച് അനുകൂലങ്ങളായും പ്രതികൂലങ്ങളായും പ്രവർത്തിച്ചുവരുന്നത്.

ജ്യോതിശ്ശാസ്ത്രത്തിന് (൧) ജാതകം (൨) ഗോളം (൩) നിമിത്തം (൪) പ്രശ്നം (൫) മുഹൂർത്തം (൬) ഗണിതം ഇങ്ങനെ ആറ് അംഗങ്ങളും ഉള്ളവയിൽ ജാതകം, പ്രശ്നം ഇവ രണ്ടുമാണ് ഒരു മനുഷ്യന്റെ ഗുണദോഷഫലങ്ങളെ ചിന്തിക്കുന്നതിനുള്ള മാർഗ്ഗങ്ങളും. ഇവയിൽ ജാതകംകൊണ്ട് മനുഷ്യർ പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള സുകൃതദുഷ്കൃതങ്ങളെ അനുസരിച്ച് ജനനംമുതൽ മരണംവരെ അനുഭവിക്കുന്ന ഫലങ്ങളും [illegible] അറിയാൻ കഴിയുമെങ്കിലും, അവയിൽ ഇപ്പോൾ അനുഭവിക്കുന്നത് പൂർവ്വജന്മാർജ്ജിതകർമ്മങ്ങളിൽ വച്ച്, ദുഷ്കർമ്മങ്ങളുടെ ഫലമോ അതല്ല സൽകർമ്മങ്ങളുടെ ഫലമോ എന്നും ഈ ജന്മത്തിൽ പുണ്യമോ പാപമോ എന്താണ് ചെയ്യുന്നതെന്നും അതിന്റെയോ പൂർവ്വജന്മകൃതത്തിന്റെയോ ഏതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നതെന്നും അറിയുന്നതിന് ജ്യോ

തിഷശാസ്ത്രസാധനങ്ങളായ മേൽപറഞ്ഞ രാശ്യാദികളുടെയും ഗ്രഹസ്ഥിതികളുടെയും തല്ക്കാലാവസ്ഥയെക്കൂടി ആസ്പദമാക്കിയുള്ള പ്രശ്നം ഏറ്റവും അത്യാവശ്യവും അതുകൊണ്ട് ഏതു വസ്തുവിന്റെയും തല്ക്കാലികഗുണദോഷങ്ങൾ സ്പഷ്ടമായി അറിയാവുന്നതും ആണ്. എന്നാൽ വളരെ വളരെ ഉത്സർഗ്ഗങ്ങളും അപവാദങ്ങളും ഉള്ള ഈ ശാസ്ത്രം സൂക്ഷ്മമായി പര്യാലോചിച്ചു ഫലമെടുപ്പിക്കുവാൻ സാധാരണ കവിടിയും പഞ്ചാംഗവും ധരിച്ച മഹാപ്രശ്നികൻ എന്ന ഭാവിച്ചും "അജ്ഞനമെന്നാൽ എന്താറിയും മഞ്ഞൾപോലെ വെളുത്തിരിക്കു" എന്ന മട്ടിലും, "ആയുർബലകര വണ്ടി സ്വധിയാ നാലാമിടം ബാധയാം" എന്നും മറ്റും മാറിയും മറിച്ചും ഇഷ്ടാനുസാരം ഫലങ്ങൾ പറഞ്ഞു സന്തോഷിപ്പിച്ചും നടക്കുന്ന ഉദരംഭരികളായ ജ്യൗതിഷിക വേഷധാരികളെക്കൊണ്ട് കഴികയില്ല. പിന്നെയോ, അനേകഹോരാശാസ്ത്രങ്ങളെയും പ്രശ്നസിദ്ധാന്തകാവ്യങ്ങളെയും ഉപദേശപൂർവം പഠിച്ചും സിദ്ധമന്ത്രനും ഗണിതവിദഗ്ദ്ധനും സദാചാരയുക്തനും സത്യവചസ്സും വിനയിയും വൈരാഗ്യയിയും ഗുരുപൂജാതല്പരനും ആയ ദൈവജ്ഞനെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. അവൻ എല്ലാ പ്രകാരത്തിലും ഉള്ള ഗ്രഹഗതികളെ മനസ്സിലാക്കിയും വിസ്താരമേറിയ ഈ ശാസ്ത്രത്തിലെ സാമാന്യവിശേഷവിധികളെ ആലോചിച്ചും പറയുന്ന അഭിപ്രായങ്ങൾ ഒരിക്കലും ഫലിക്കാതെ പോവുകയില്ല. ഒരു ന്യായാധിപതി നിയമശാസ്ത്രത്തിലെ സാമാന്യവിശേഷവിധികളെ ആലോചിച്ചു വിധിയെഴുതുന്നപോലെ വേണം ജ്യോതിശ്ശാസ്ത്രപ്രകരണത്തിലെ സാമാന്യവിശേഷവിധികളെപ്പറ്റി ചിന്തിച്ചു ഒരു പ്രശ്നികനും ഫലം എഴുതേണ്ടതു്. അതെങ്ങിനെയെന്നാൽ ജനങ്ങളെ രക്ഷിക്കണമെന്നുള്ളതു് സാമാന്യവിധി. എന്നാൽ കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കണമെന്നതു് വിശേഷവിധി. ആ കുറ്റം സ്വരക്ഷയ്ക്കുവേണ്ടി ചെയ്തതാണെങ്കിൽ ശിക്ഷിക്കേണ്ടാ എന്നുള്ളതു അതിനും അപ്പുറം ഉള്ള ഒരു വിശേഷവിധി ആണു്. മേൽവിചാരത്തോടുകൂടെയും സ്വരക്ഷയിൽ കവിഞ്ഞും ചെയ്തുപോയെങ്കിൽ ലഘുവായിട്ടെങ്കിലും ശിക്ഷിക്കണമെന്ന് അതിന്മേലും ഒരു വിശേഷവിധി. ഇതുപോലെ എല്ലാ ഗ്രഹങ്ങളും പതിനൊന്നിൽ നിന്നാൽ കൊള്ളാമെന്നുള്ളതു സാമാന്യവിധി. അതു് നില്ക്കുന്ന ഗ്രഹത്തിന്റെ ശത്രുക്ഷേത്രമായിപ്പോയെങ്കിൽ ദോഷമെന്നു വിശേഷവിധി. ബന്ധുദൃഷ്ടിയുണ്ടെങ്കിൽ കൊള്ളാമെന്നു വീണ്ടും വിശേഷവിധി. അതു് നീചരാശിക്കൂടിയാണെങ്കിൽ കൊള്ളുകയില്ലെന്നു പിന്നെയും വിശേഷവിധി ഉണ്ടാകുന്നതാണു്.

വിശേഷവിധികളും സാമാന്യവിധികളും കൂടിച്ചു്, (൧) സമയം (൨) ദേശം (൩) ശ്വാസഗതി (൪) അവസ്ഥ (ജ്യോത്സ്യന്റെയും ദൂതന്റെയും വ്യാപാരം) (൫) പ്രഷ്ടാവു് സ്പർശിച്ചിരിക്കുന്ന സാധനം (൬) പൃച്ഛകൻ നില്ക്കുന്ന രാശി (൭) പൃച്ഛകൻ നില്ക്കുന്ന ദിക്കു് (൮) പ്രശ്നാക്ഷരങ്ങൾ (൯) പൃച്ഛകാവസ്ഥ (൧൦) പൃച്ഛകവ്യാപാരം (൧൧) പൃച്ഛകഭാവം (൧൨) പൃച്ഛകവിലോകനം (൧൩) പൃച്ഛകവസ്ത്രം (൧൪) പൃച്ഛകധാരണസാധനങ്ങൾ (൧൫) പൃച്ഛകലക്ഷണങ്ങൾ (൧൬) പ്രശ്നത്തിനായി പുറപ്പെട്ടപ്പോൾ ഉണ്ടായ തല്ക്കാലലക്ഷണങ്ങൾ (൧൭) വഴിയിൽവച്ചുണ്ടായ ശകുനങ്ങൾ (൧൮) പൃച്ഛകഗൃഹത്തിൽ ജ്യോത്സ്യൻ കടന്നപ്പോൾ ഉണ്ടായ ലക്ഷണങ്ങൾ (൧൯) പ്രശ്നത്തിനു കളം എഴുതുക തുടങ്ങി സ്വർണ്ണം വയ്ക്കുന്നതുവരെയുണ്ടാകുന്ന വിശേഷങ്ങൾ (൨൦) പഞ്ചസൂത്രങ്ങൾ (൨൧) ത്രിസ്ഫുടം (൨൨) അഷ്ടമംഗലം (൨൩) സ്വർണ്ണസ്ഥിതി (൨൪) ആരൂഢരാശി (൨൫) ഉദയലഗ്നം (൨൬) ചന്ദ്രലഗ്നം (൨൭) ഗ്രഹസ്ഥിതിവിശേഷങ്ങൾ (൨൮) ജാതകം ഇങ്ങിനെയുള്ള സാധനങ്ങൾ കൊണ്ടും ഒരാളുടെ തല്ക്കാലികമായിട്ടുള്ള സകല ഗുണദോഷങ്ങളും എന്നുവെച്ചാൽ, ആ ആളിന്റെ ആകൃതി, പ്രകൃതി, സുഖം, ദുഃഖം, പുണ്യം, പാപം കാലം, കർമ്മം, അനുഭവം, ആയുസ്സ്, കുടുംബം, ധനം, സഹോദരന്മാർ, സഹായികൾ മാതാവ്, ഗൃഹം, സന്താനം, ശത്രു, രോഗങ്ങൾ, ഭാര്യ, മരണം, ഭാഗ്യം, ധർമ്മം, ദൈവാനുകൂല്യം, ബാധാദിചാരാദികൾ, പ്രതിവിധികൾ മുതലായവയെപ്പറയുന്നതിനു വേണ്ടതൊക്കെ ഉപസ്ഥാനത്തിൽ അനേകവിധ മഹാഗ്രന്ഥങ്ങളിൽ നിന്നു് വേണ്ടപ്പെട്ട വിഷയങ്ങൾ എടുത്തു് അനുക്രമമായി സങ്കലനം ചെയ്തിട്ടുള്ള ജ്യോതിശ്ശാസ്ത്രം സംബന്ധിച്ച ഫലഭാഗവിഷയമായ ഒരു അത്യുൽകൃഷ്ടഗ്രന്ഥമാണ് ഈ പ്രശ്നമാർഗ്ഗം.

ഇതിനു് മലയാളവ്യാഖ്യാനങ്ങൾ വേറെയും ഉണ്ടെങ്കിലും പൂർവ്വാപരതാല്പര്യം വിശദീകരിച്ചുകൊണ്ടുള്ള സാധാരണ ജനങ്ങൾക്ക് കിട്ടുന്നതിനു് എളുപ്പവും വരുത്തുന്നതിനു

ശക്തിയും കഠാവായതിനാൽ പൊതുജനോപകാരപ്രദമായ ഈ ജ്യോതിശ്ശാസ്ത്രപുസ്തകത്തിന് ഇപ്പോഴുള്ള വ്യാഖ്യാനങ്ങളെക്കാറം പഠിതാക്കൾക്കു സുകരത്വവും വിഷയങ്ങൾക്കു സ്പഷ്ടതയും രീതിക്കു സുഗമതയും സംശയങ്ങൾക്കു സമാധാനങ്ങളും അടങ്ങിയ ഒരു വ്യാഖ്യാനം എഴുതിച്ച് ചുരുങ്ങിയ വിലയ്ക്കു പ്രചരിപ്പിച്ച് പൊതുജനങ്ങളെ സഹായിക്കണമെന്നു പല മഹാന്മാരും വിദ്യാപ്രചാരതല്പരനും കലാധന്മമായും ഗുരുവാക്യമായും ആളെ ച്ചും പ്രവർത്തിച്ചും കേരളഭാഷയെയും കേരളീയരെയും സഹായിച്ചുവരുന്ന "വിദ്യാഭിവർദ്ധിനി" മുദ്രാലയത്തിന്റെ പ്രവർത്തകനും ഉടമസ്ഥനും ആയ ശ്രീമാൻ, എം. കൃഷ്ണസ്വാമി റെഡ്യാരവർകളോട് ഉപദേശിച്ചതിന്റെ ഫലമായി, പരോപകാരനിരതനും ഭാഷാപ്രണയിയും, വിശേഷിച്ചും ശാസ്ത്രഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുന്നതിൽ, "കംസം പടിക്കനില്ല വെള്ളമല്ലം കഴിക്കുമവൻ സിന്ധുവിനെക്കടിച്ചു" എന്നപോലത്തെ രീതിയിൽ പ്രത്യുതന്മ പരതന്ത്രമായ ഗുണം പിതൃവ്യനെക്കാറം അത്യന്തം ശ്രദ്ധാലുവായി ബഹുമാനപരിഗ്രഹം ചെയ്തുവരുന്ന മഹാമനസ്കനായ അദ്ദേഹം ജ്യോതിശ്ശാസ്ത്ര പാരാവാരപാരംഗതന്മാരായ കൊടുങ്ങല്ലൂർ മഹാമഹിമശ്രീ വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെയും സക്കാർ ജ്യോത്സ്യൻ ബ്രഹ്മശ്രീ മഹാദേവശാസ്ത്രി അവർകളുടെയും പ്രധാന ശിഷ്യനും ജ്യോതിശ്ശാസ്ത്രനിപുണനും ഒരു പ്രസിദ്ധ പ്രാശ്നികനും ആയ കവിവാ ശ്രീമാൻ, നീലകണ്ഠൻ ആചാരി അവർകളെക്കൊണ്ട് ആദ്യം ശുദ്ധസംബോധമായ സർവ്വവിഷയങ്ങളും എളുപ്പത്തിൽ മനസ്സിലാകത്തക്കവണ്ണം വിശദമെന്നതിനാലാവശ്യകവും സുഗമവും ആയ രീതിയിൽ വ്യാഖ്യാനിപ്പിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥം. ഇതു മററുള്ള വ്യാഖ്യാനങ്ങളെക്കാറം എല്ലാംകൊണ്ടും പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുമെന്നും തന്നിമിത്തം വ്യാഖ്യാതാവിന്റെയും പ്രസാധകന്റെയും ശ്രമം അസ്ഥാനത്തിൽ ആയിട്ടില്ലെന്നും അത്യന്തം സ്തുത്യർഹമായി മലയാളഭാഷയും ജ്യോതിശ്ശാസ്ത്രവും ഉള്ളേടത്തോളവും പ്രകാശിക്കുമെന്നും ആണ് അത്രമാത്രമായ എന്റെ വിശ്വാസം. എന്നാൽ എന്റെ ഈ വിശ്വാസം ശരിയോ തെററോ എന്ന് നിശ്ചയിക്കാനുള്ള ചുമതല മഹാജനങ്ങൾക്കാകയാൽ ആ ഭാരം ഞാൻ പൊതുജനങ്ങളിൽ സമപ്പിക്കുകയും, ഈ മഹാശാസ്ത്രഗ്രന്ഥത്തിനും ഇപ്രകാരം ഒരു വ്യാഖ്യാനം എഴുതി മലയാളികളെ സഹായിച്ച വ്യാഖ്യാതാവിനും നാനാവർണ്ണങ്ങളായ പുസ്തകഗ്രന്ഥങ്ങൾ നിമിഷംപ്രതി പ്രസിദ്ധംചെയ്തു, സൽഗ്രന്ഥപ്രചാരകകല്പതരുവായി ആമൂലാഗ്രം പുഷ്പഫലങ്ങളോടുകൂടെ വിളങ്ങുന്ന "വിദ്യാഭിവർദ്ധിനി" മുദ്രാലയത്തിനും തൽപ്രവർത്തകനും, ആയുരാരോഗ്യൈശ്വര്യങ്ങളെ ആശംസിക്കുകയും ചെയ്തുകൊണ്ട് ഈ അവതാരികയെ ഉപസംഹരിച്ചുകൊള്ളുന്നു.

കൊല്ലം 17—2—1100.	എന്ന് മഹാജനവിധേയൻ, റി. എൻ. നാണുപിള്ള ആശാൻ.

വിഷയവിവരം.

പ്രശ്നമാൎഗ്ഗം.

പൂൎവ്വാൎദ്ധം.

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു.

പ്രഥമാദ്ധ്യായപ്രാരംഭഃ.

ഭക്ത്യാ ദേവ്യധിപം ദുൎഘടസിദ്ധികൃന്നായകം ചാപി നത്വാ
വ്യാഖ്യാമി സാധുവാദം ബുധജനശ്രേയസേ വ്യഞ്ജയേ ച സിദ്ധം.

അടിയുറ്റ പൂൎണ്ണഭക്തിയോ-
ടടിയങ്ങൾക്കിഷ്ടമരുളുക!
അടിയന്റെ മനഃകാമ്പിൽ
കുടികൊള്ളണമെപ്പൊഴും.

അന്വയാൎത്ഥം—ഭക്ത്യാ ദേവ്യധിപനായ ദുൎഘടസിദ്ധികൃന്നായകനെ നമിച്ചിട്ട് ബുദ്ധിക്ക് ശുദ്ധിയും സിദ്ധിയും ഞാൻ ലഭിക്കുന്നതിന്ന് വ്യാഖ്യാനിക്കുന്നു.

സാരം—ഇപ്രകാരം മനസ്സുകൊണ്ടു നമസ്കരിക്കുന്ന ഭക്തന്മാർ വിഘ്നങ്ങളൊന്നും കൂടാതെ ബുദ്ധിക്ക് പരിശുദ്ധിയും ഭക്തിയും ഐശ്വര്യവും ഉണ്ടാകുന്നതിനായി ഞാൻ ബുദ്ധിപൂൎവ്വം ഭഗവാനെ ധ്യാനിക്കുന്നു.

പൊടിയും ചെളിയും കളഞ്ഞിട്ടില്ലാത്ത കണ്ണാടിയിൽ അതിവിശദമായി ഇതു പ്രകാശിക്കാനും പ്രതിഫലിപ്പിക്കാനും അതിന്റെ നിൎമ്മലത അല്ലെങ്കിൽ നിൎമ്മലതതന്നെയാണല്ലൊ. അതുപോലെ ബുദ്ധി അത്യുത്തമമാണെങ്കിലും അതിന്ന് പരിശുദ്ധിയില്ലെങ്കിൽ മനസ്സാന്നിദ്ധ്യമായ ശാസ്ത്രതത്വങ്ങൾ പ്രതിഫലിക്കുന്നതല്ല. അതിനാൽ പരിശുദ്ധി ബുദ്ധിക്ക് ഒന്നാമതായി വേണ്ട ഒരു ഗുണമാകുന്നു.

ശാസ്ത്രങ്ങൾക്കു വിശ്വാസം കൂടിയുണ്ടാകുവാൻ ആസ്തിക്യം (അന്തശ്ശുദ്ധി) സിദ്ധമാകുന്നു. അതനുസരിച്ചു ബുദ്ധിക്കു ദൃഢമായ ആസ്തിക്യം ആവശ്യമാകുന്നു. അല്ലെങ്കിൽ ശാസ്ത്രത്തിന്റെ വാസ്തവമായ തത്വം ഗ്രഹിക്കാൻ കഴികയില്ല. അതുകൊണ്ട് ബുദ്ധിക്ക് വിശുദ്ധിയും ഒഴിച്ചുകൂടാത്തതായ ഒരു ഗുണംതന്നെയാകുന്നു.

ഈ ഗുണങ്ങൾ ദിവസേന പരിപുഷ്ടങ്ങളായാലും ലൗകികങ്ങളോ വൈദികങ്ങളോ ആയ വിഘ്നങ്ങൾകൊണ്ടോ അഥവാ ഈ ശാസ്ത്രത്തിന്റെ അഗാധതകൊണ്ടോ ബുദ്ധിക്ക് സങ്കോചം നേരിടുന്നു വരുന്നതാകും. ഇത് [illegible] കൂടാതെ ഈ ഗ്രന്ഥം പൎയ്യവസാനിക്കണമെന്ന് സിദ്ധി എന്ന പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നു. കൂടാതെ അപ്രത്യക്ഷങ്ങളും [illegible] നിൎദ്ദേശിക്കയാണല്ലൊ ഈ ഗ്രന്ഥത്തിന്റെ പ്രയോജനം. അതുകൊണ്ട് അതിന്ന് ഇതു [illegible] സഹായിക്കണമെന്നു സൂചിപ്പിച്ചിരിക്കുന്നു.

ഗുരവശ്ച ഗ്രന്ഥകൃതശ്ച മയാ ഭക്ത്യാഽദ്യ സമർച്ചിതാഃ
പ്രസന്നമനസസ്സന്തു മേ സത്യാം കുർവ്വന്തു ഭാരതീം. ൫

അ—ഗുരുക്കന്മാരും ഗ്രന്ഥകർത്താക്കന്മാരും എന്നാൽ ഇതാ ഭക്തിയോടുകൂടി അർച്ചിതന്മാരായി ഭവിക്കുന്നു. ആ ഇവർ പ്രസന്നമനസ്സുകളായിട്ട് എന്റെ ഭാരതിയെ സത്യയാക്കി ചെയ്യട്ടെ!

സാ—എന്റെ ഗുരുക്കന്മാരെയും ഗ്രന്ഥകർത്താക്കന്മാരെയും ഭക്തികളോടുകൂടി ഇതാ ഞാൻ നമസ്കരിക്കുന്നു. അവർ സുപ്രസന്നന്മാരായിട്ട് സത്യസ്വരൂപങ്ങളായ വാക്കുകളെ എന്നിൽ ഉദിപ്പിക്കട്ടെ!—ഞാൻ പറയുന്നതു പരമാർത്ഥമായി വരട്ടെ!

പ്രശ്നഫലനിർണ്ണയം പാണ്ഡിത്യംകൊണ്ടുമാത്രം സുസാധ്യമല്ല. ഗുരുകടാക്ഷം, ഈശ്വരാനുഗ്രഹം മുതലായ വിവിധ കാരണങ്ങളാൽ ഈ ശാസ്ത്രം ഫലപ്രദമാണ്. എന്നു മാത്രമല്ല, ദൈവജ്ഞന്മാരുടെ വാക്ശുദ്ധി മുതലായവയും ഫലനിർണ്ണയത്തെ വ്യഞ്ജിപ്പിക്കുന്നവയാണ്. ഇങ്ങിനെ നാനാരൂപങ്ങളായ നിമിത്തങ്ങളുണ്ടെങ്കിലേ ഗുരുകാരുണ്യാനുഗ്രഹങ്ങളോടുകൂടി ഇതെങ്കിൽ മാത്രമേ വാസ്തവസംഗതമായ ഫലത്തെ നിർദ്ദേശിക്കുന്നതിന് അർഹതയുള്ളുവെന്നു സൂചിപ്പിച്ചിരിക്കുന്നു.

നമഃ ശ്രീമംഗലശ്രേണീനിവാസായ മഹാത്മനേ
സർവ്വം പശ്യന്തി ദൈവജ്ഞാ യദനുഗ്രഹചക്ഷുഷഃ. ൬

അ—ദൈവജ്ഞന്മാർ യാതൊരുത്തന്റെ അനുഗ്രഹചക്ഷുസ്സുകളായിട്ട് സർവ്വത്തെയും അറിയുന്നു. ശ്രീമംഗലശ്രേണീനിവാസനായ ആ മഹാത്മാവിന്നായി നമസ്കാരം.

സാരം—ജ്യോതിശ്ശാസ്ത്രപാരദൃശ്വാവായ ഒരു മഹാത്മാവ് മംഗലശ്രേണി എന്ന ഭവനത്തിൽ നിവസിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സന്നിധാനത്തിൽനിന്ന് ജ്യോതിശ്ശാസ്ത്രം പഠിച്ചിട്ടുള്ളവർ അദ്ദേഹത്തിന്റെ കടാക്ഷംകൊണ്ട് ശാസ്ത്രകാര്യങ്ങൾ അറിഞ്ഞ് അദ്ദേഹത്തിന്റെ വചനങ്ങളെ ഓർത്ത് അവയെ അനുവർത്തിച്ചിട്ടുള്ളവർ ത്രൈകാല്യഫലനിർദ്ദേശത്തിൽ നിപുണന്മാരായി തീർന്നിട്ടുണ്ട്. ആ മഹാത്മാവിനെത്തന്നെ ഞാൻ ഇതാ നമസ്കരിക്കുന്നു.

കഴിഞ്ഞ പദ്യംകൊണ്ട് ഗുരുനമസ്കാരം ചെയ്തിരിക്കെ വീണ്ടും ഗുരുവന്ദനരൂപമായ ഈ പ്രാർത്ഥനകൊണ്ട് ഈ ഗ്രന്ഥകർത്താവ് അദ്ദേഹത്തിന്റെ വാത്സല്യനിധിയായ ഒരു ശിഷ്യനാണെന്നു ഊഹിപ്പാൻ ന്യായമുണ്ട്. ഇങ്ങിനെ ഫലനിർദ്ദേശസാഫല്യം ഗുരുസന്നിധിയിലുള്ള സാഹചര്യംകൊണ്ട് സിദ്ധിക്കുന്നതാണെന്നും തെളിയുന്നു.

ചെല്ലൂരീശപദാനമ്യ ശൈലജാവല്ലഭം മയാ
ശിഷ്യായ ദേശികാദാപ്തം പ്രശ്നവർത്മോപദിശ്യതേ. ൭

അ—ചെല്ലൂരീശപദനായ ശൈലജാവല്ലഭനെ ആനമിച്ചിട്ട് ദേശികനിൽനിന്ന് ആപ്തമായ പ്രശ്നവർത്മാവ് ശിഷ്യനായി എന്നാൽ ഉപദേശിക്കപ്പെടുന്നു.

സാ—പെരിഞ്ചെല്ലൂർക്ഷേത്രത്തിൽ പ്രകാശിക്കുന്ന പരമശിവനെ നമസ്കരിച്ചിട്ട് ഗുരുസന്നിധാനത്തിൽനിന്ന് വഴിപോലെ ഗ്രഹിച്ചിട്ടുള്ള പ്രശ്നവിഷയമായ നിയമത്തെ (പ്രശ്നമാർഗ്ഗമായ ഈ ഗ്രന്ഥത്തെ) ശിഷ്യന്നുവേണ്ടി ഉപദേശിക്കുന്നു. ശിഷ്യായ എന്നു പ്രയോഗിച്ചിരിക്കയാൽ ഈ ഗ്രന്ഥം ഏതോ ഒരു ശിഷ്യന്റെ അപേക്ഷപ്രകാരമാണ് നിർമ്മിക്കാൻ ഇടയായിട്ടുള്ളതെന്നു ഊഹിപ്പാൻ വഴിയുണ്ട്.

ഇക്കഴിഞ്ഞ നാലു പദ്യങ്ങളും ഇഷ്ടദേവതാപ്രാർത്ഥനാദികളാകുന്നു. ഇനി ഗ്രന്ഥാരംഭമാകുന്നു.

വാ—തത്ര പ്രഥമം ജ്യോതിശ്ശാസ്ത്രസ്വരൂപം കിഞ്ചിദുച്യതേ.

അ—അവിടെ ആദ്യമായിട്ട് ജ്യോതിശ്ശാസ്ത്രസ്വരൂപം കുറഞ്ഞൊന്നു പറയപ്പെടുന്നു.

സാ—പ്രശ്നമാർഗ്ഗം ജ്യോതിശ്ശാസ്ത്രത്തിലുൾപ്പെട്ടതാകയാൽ അതിന്റെ സ്വരൂപം അറിഞ്ഞിരിക്കേണ്ടതാണു്. അതിനാൽ മുൻപേതന്നെ ജ്യോതിശ്ശാസ്ത്രത്തിന്റെ സ്വരൂപത്തെത്തന്നെ ചുരുക്കമായി പറയുന്നു.

> സ്കന്ധത്രയാത്മകം ജ്യോതിശ്ശാസ്ത്രമേതത് ഷഡംഗവത്
> ഗണിതം സംഹിതാ ഹോരാ ചേതി സ്കന്ധത്രയം മതം. ൮

അ—ഈ ജ്യോതിശ്ശാസ്ത്രം സ്കന്ധത്രയാത്മകമായും ഷഡംഗവത്തായും ഭവിക്കുന്നു. ഗണിതം, സംഹിത, ഹോര എന്നിങ്ങനെ സ്കന്ധത്രയം മതമാകുന്നു.

സാ—ജ്യോതിശ്ശാസ്ത്രത്തെ മൂന്നു സ്കന്ധങ്ങളായും ആറു് അംഗങ്ങളായും ഭാഗിച്ചിരിക്കുന്നു. അവയിൽ ഒന്നു ഗണിതം, രണ്ടു സംഹിത, മൂന്നു ഹോര "ഇങ്ങിനെയാണു" സ്കന്ധവിഭാഗം ചെയ്തിരിക്കുന്നതു്. അതിന്റെ ക്രമം താഴെ പറയപ്പെടുന്നു.

> ജാതകഗോളനിമിത്തപ്രശ്നമുഹൂർത്താഖ്യഗണിതനാമാനി
> അഭിദധതീഹ ഷഡംഗാന്യാചാര്യാ ജ്യോതിഷേ മഹാശാസ്ത്രേ. ൯

അ—ജ്യോതിഷമാകുന്ന മഹാശാസ്ത്രത്തിൽ ജാതകഗോളനിമിത്തപ്രശ്നമുഹൂർത്താഖ്യഗണിതനാമങ്ങളായ ആറു് അംഗങ്ങളെ ആചാര്യന്മാർ അഭിധാനം ചെയ്യുന്നു.

സാ—ഈ ജ്യോതിശ്ശാസ്ത്രത്തിനു് ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നിങ്ങനെ ആറു് അംഗങ്ങളുമുണ്ടു്. ശാസ്ത്രകർത്താക്കന്മാരായ ആചാര്യന്മാരെല്ലാം ഈ അംഗകല്പനയെ ഒന്നുപോലെ സമ്മതിച്ചിരിക്കുന്നു.

> ഗോളശ്ച ഗണിതമിതി ദ്വിതയം ഖലു ഗണിതസംജ്ഞകേ സ്കന്ധേ
> ഹോരാസംഹിതയോരപി നിമിത്തമന്യത് ത്രയം ച ഹോരായാം. ൰

അ—ഗോളവും ഗണിതവുമാകുന്ന ദ്വിതയം ഗണിതസംജ്ഞിതമായ സ്കന്ധത്തിലും നിമിത്തം ഹോരാസംഹിതകളിലും അന്യമായ ത്രയം ഹോരാഖ്യമായ സ്കന്ധത്തിലും ഭവിക്കുന്നു.

സാ—മുൻപറഞ്ഞ ആറു് അംഗങ്ങളിൽവെച്ചു് ഗോളവും ഗണിതവുമാകുന്ന രണ്ടു അംഗങ്ങൾ ഗണിതസ്കന്ധത്തിലും നിമിത്തമെന്ന അംഗം ഹോരാ സംഹിതാ ഈ രണ്ടു് സ്കന്ധങ്ങളിലേയും ശേഷമുള്ള ജാതകം, പ്രശ്നം, മുഹൂർത്തം ഈ അംഗങ്ങൾ മൂന്നും ഹോരാസ്കന്ധത്തിലും അടങ്ങിയിരിക്കുന്നു.

> ജനപുഷ്ടികൃഷിവൃഷ്ടിദ്വിരദതുരംഗാദിസർവ്വവസ്തൂനാം
> കേതൂല്കാദീനാം ച ലക്ഷണമുദിതം ഹി സംഹിതാസ്കന്ധേ. ൰൧

അ—ജനപുഷ്ടികൃഷിവൃഷ്ടിദ്വിരദതുരംഗാദിസർവ്വവസ്തുക്കളുടെയും കേതൂല്കാദികളുടെയും ലക്ഷണം സംഹിതാസ്കന്ധത്തിൽ ഉദിതമായി ഭവിക്കുന്നുവല്ലോ.

സാ—നിമിത്തമെന്ന അംഗം സംഹിതാസ്കന്ധത്തിലാണല്ലോ. ആ നിമിത്തങ്ങളെ ഈ ശ്ലോകംകൊണ്ടു് ഒന്നുകൂടി വിശദീകരിക്കുന്നു. ജനങ്ങളുടെ അഭിവൃദ്ധിലക്ഷണം നാശലക്ഷണം വർഷലക്ഷണം ആന കുതിര മുതലായ ജന്തുക്കളുടെ ലക്ഷണവിശേഷങ്ങളും കൊള്ളിമീൻവീഴുക, ധൂമകേതു ഉദിക്കുക മുതലായവയുടെ ലക്ഷണങ്ങളും സംഹിതാസ്കന്ധത്തിലാണുള്ളതു്.

> പ്രമാണഫലഭേദേന ദ്വിവിധം ചൈതദീരിതം
> പ്രമാണം ഗണിതസ്കന്ധഃ സ്കന്ധാവന്യൗ ഫലാത്മകൗ—ഇതി.

അ—ഇതു് പ്രമാണഫലഭേദം ഹേതുവായിട്ടു് രണ്ടുവിധം ഭവിക്കുന്നു. ഗണിതസ്കന്ധം പ്രമാണവും അന്യങ്ങളായ സ്കന്ധങ്ങൾ ഫലാത്മകങ്ങളുമാകുന്നു.

സാ—ഈ ജ്യോതിശ്ശാസ്ത്രത്തിനു് പ്രമാണഭാഗമെന്നും ഫലഭാഗമെന്നും രണ്ടു വിഭാഗംകൂടിയുണ്ടു്. ഗണിതസ്കന്ധം പ്രമാണഭാഗത്തിലും സംഹിതയും ഹോരയും ഫല

ഭാഗത്തിലും ഉൾപ്പെട്ടിരിക്കുന്നു. ഇങ്ങനെ ജ്യോതിശ്ശാസ്ത്രസ്വരൂപത്തെ ചുരുക്കി പറഞ്ഞിരിക്കുന്നു എന്ന് ഇതിശബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

വ—ശാസ്ത്രേസ്മിൻ ബ്രാഹ്മണസ്യൈവ അധികാരഃ തഥാ ചോദിതം.

അ—വേദാംഗമായിട്ടുള്ളതായിട്ട് ഈ ശാസ്ത്രത്തിൽ ബ്രാഹ്മണനുതന്നെ അധികാരം വിധിക്കുന്നു. അപ്രകാരം ഉക്തമാകുന്നു.

സാ—ജ്യോതിശ്ശാസ്ത്രം പഠിക്കുവാൻ ബ്രാഹ്മണർ മാത്രമേ അർഹതയുള്ളൂ. അതിനുള്ള കാരണം ഇതു് വേദാംഗമാകുന്നു എന്നുള്ളതാണ്. വേദം പഠിക്കുന്നതിന് അവകാശമുള്ളവർക്ക് മാത്രമേ വേദാംഗം പഠിക്കുന്നതിനും അധികാരമുള്ളൂ. ഇതു് വേദാംഗമാണെന്നും മറ്റും അടിയിൽ പറയപ്പെടുന്നു.

ജ്യോതിഃ കല്പോ നിരുക്തഞ്ച ശിക്ഷാ വ്യാകരണം തഥാ
ഛന്ദോവിചിതിരിത്യേതാനി ഷഡംഗാനി വിദുഃ ശ്രുതേഃ. ൧൭

അ—ജ്യോതിസ്സും കല്പവും നിരുക്തവും ശിക്ഷയും അപ്രകാരം വ്യാകരണവും ഛന്ദോവിചിതിയുമാകുന്ന ഈ ആറുകളെ ശ്രുതിയുടെ അംഗങ്ങളെന്ന് വേദിക്കുന്നു.

സാ—ജ്യോതിഷം, കല്പം, നിരുക്തം, ശിക്ഷ, വ്യാകരണം, ഛന്ദസ്സ് ഇങ്ങനെ വേദത്തിന് ആറ് അംഗങ്ങളാകുന്നു. അവയിൽ ഓരോന്നിന്റെ പ്രാമാണ്യം പറയപ്പെടുന്നു.

ഛന്ദഃ പാദൗ ശബ്ദശാസ്ത്രഞ്ച വക്ത്രം
കല്പഃ പാണീ ജ്യോതിഷം ചക്ഷുഷീ ച
ശിക്ഷാ ഘ്രാണം ശ്രോത്രമുക്തം നിരുക്തം
വേദസ്യാംഗാന്യേവമാഹുർമ്മുനീന്ദ്രാഃ. ൧൮

അ—ഛന്ദസ്സ് വേദത്തിന്റെ പാദങ്ങളാകുന്നു. ശബ്ദശാസ്ത്രം വക്ത്രമാകുന്നു. കല്പം പാണികളാകുന്നു. ജ്യോതിഷം ചക്ഷുസ്സുകളാകുന്നു. ശിക്ഷ ഘ്രാണമാകുന്നു. ശ്രോത്രം നിരുക്തമെന്ന് ഉക്തമാകുന്നു. ഇപ്രകാരം മുനീന്ദ്രന്മാർ അംഗങ്ങളെ പറയുന്നു

സാ—മേൽകാണിച്ച ആറ് അംഗങ്ങളിൽവെച്ച് ഛന്ദശ്ശാസ്ത്രം വേദപുരുഷന്റെ കാലുകളാകുന്നു. ശബ്ദശാസ്ത്രം (വ്യാകരണം) മുഖമാകുന്നു. കല്പശാസ്ത്രം കരങ്ങളാകുന്നു. ജ്യോതിശ്ശാസ്ത്രം കണ്ണുകളാകുന്നു. ശിക്ഷാശാസ്ത്രം നാസികയാകുന്നു. നിരുക്തം ചെവികളാകുന്നു. ഇങ്ങനെ ആറ് അംഗങ്ങളെക്കൊണ്ട് വേദത്തിനു പൂർത്തി സിദ്ധിക്കുന്നു എന്ന് ഋഷീശ്വരന്മാർ വിശദമായി പറഞ്ഞിരിക്കുന്നു. ഒരു മനുഷ്യന് കരചരണാദികളായ അവയവങ്ങളെപ്പോലെയാണ് വേദത്തിന് ശബ്ദശാസ്ത്രാദികളായ അവയവങ്ങളും ഉപകരിക്കുന്നതു്.

ഛന്ദസ്സ്—ഗായത്രി മുതലായവയുടെ ലക്ഷണങ്ങളെ പ്രതിപാദിക്കുക. അവയുടെ അന്തർനിർണ്ണയം ചെയ്യുക. മന്ത്രാദികളുടെ ലിംഗവിശേഷാദികളറിയുക. ഛന്ദശ്ശാസ്ത്രം ഇതുകളിൽ ഉൾപ്പെടുന്നു.

വ്യാകരണം—ഓരോ അർത്ഥത്തിൽ ഓരോ ശബ്ദങ്ങളെ വിധിക്കുക, അവയുടെ അർത്ഥത്തെ ബോധിപ്പിക്കുക മുതലായവയിൽ വ്യാകരണം ഉൾപ്പെടുന്നു.

കല്പം—മറ്റുചില ഗ്രന്ഥങ്ങളിൽ പറയപ്പെട്ടവയും സൂക്തികോശാദികളും അന്യശാഖകളിൽ കിടക്കുന്നവയായ അംഗങ്ങളുടെ പ്രയോഗങ്ങളും കല്പമെന്ന അംഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ജ്യോതിഷം—ശ്രൗതങ്ങളായ കർമ്മങ്ങളുടെയും സ്വാദ്ധ്യായാദികളുടെയും അനുഷ്ഠാനത്തിന്റെ സമയനിർണ്ണയത്തെയും മറ്റും പ്രതിപാദിക്കുന്നതു ജ്യോതിഷമാകുന്നു.

ശിക്ഷാ—ഉച്ചാരണക്രമങ്ങളെ വിവരിക്കുന്നതു ശിക്ഷയാകുന്നു.

നിരുക്തം—ഇതു് വ്യാകരണത്തിന്റെ പരിശിഷ്ടവും ലോപം ആഗമം വികാരം മുതലായവയെ വിശദീകരിക്കുന്നതും നിരുക്തത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ഇനി ഈ ആറു അംഗങ്ങളിൽവെച്ചു ജ്യോതിഷത്തിനുള്ള പ്രാധാന്യത്തെ തെളിപ്പെടുത്തുന്നു.

> വേദസ്യ ചക്ഷുഃ കില ശാസ്ത്രമേതത്
> പ്രധാനതാംഗേഷു തതോഽസ്യ യുക്താ
> അംഗൈര്യുതോഽന്യൈരപി പൂർണ്ണമൂർത്തി-
> ശ്ചക്ഷുർവിനാ കഃ പുരുഷത്വമേതി. ൧൨

അ—ഈ ശാസ്ത്രം വേദത്തിന്റെ ചക്ഷുസ്സാണല്ലോ. അതു ഹേതുവായിട്ട് ഇതിന് അംഗങ്ങളിൽവെച്ച് പ്രധാനത യുക്തമായാകുന്നു. അന്യങ്ങളായിരിക്കുന്ന അംഗങ്ങളോടു യുക്തനായി പൂർണ്ണമൂർത്തിയാകുന്നു എങ്കിലും ചക്ഷുസ്സുകൂടാതെ ഏവനൊരുവൻ പുരുഷത്വത്തെ പ്രാപിക്കുന്നു.

സാ—ജ്യോതിശ്ശാസ്ത്രം വേദത്തിന്റെ കണ്ണാകുന്നു എന്നു മുമ്പേ പറഞ്ഞുവല്ലോ. അതുകൊണ്ടു മറ്റുള്ള ശാസ്ത്രങ്ങളെക്കാൾ ജ്യോതിഷത്തിനു പ്രാധാന്യമുണ്ടെന്നു തെളിയുന്നു. മറ്റുള്ള എല്ലാ അംഗങ്ങളുമുണ്ടെങ്കിലും സമ്പൂർണ്ണനായിരുന്നാലും കണ്ണില്ലാതെ പോയാൽ അവൻ യഥാർത്ഥപുരുഷനായി ഭവിക്കുന്നില്ല. അതുപോലെ മറ്റു ശാസ്ത്രങ്ങൾ ഉണ്ടായാലും ജ്യോതിഷമില്ലാതെ വേദത്തിനു സമ്പൂർണ്ണത സിദ്ധിക്കുന്നതല്ല. ഇതുകൊണ്ടു വേദാംഗമാണ് ജ്യോതിഷമെന്നു സിദ്ധമായി.

> അധ്യേതവ്യം ബ്രാഹ്മണൈരേവ തസ്മാത്
> ജ്യോതിശ്ശാസ്ത്രം പുണ്യമേതദ്രഹസ്യം
> ഏതദ്ബുദ്ധ്വാ സമ്യഗാപ്നോതി യസ്മാ-
> ദർത്ഥം ധർമ്മം മോക്ഷമഗ്ര്യം യശശ്ച—ഇതി. ൧൩

അ—ഈ ജ്യോതിശ്ശാസ്ത്രം പുണ്യമായും രഹസ്യമായും ഭവിക്കുന്നു! അതു ഹേതുവായിട്ട് ബ്രാഹ്മണരാൽതന്നെ അധ്യേതവ്യമാകുന്നു. യാതൊന്നു ഹേതുവായിട്ട് ഇതിനെ വഴിപോലെ അറിഞ്ഞിട്ട് അർത്ഥത്തെയും ധർമ്മത്തെയും മോക്ഷത്തെയും അഗ്ര്യമായിരിക്കുന്ന യശസ്സിനെയും പ്രാപിക്കുന്നു.

സാ—ജ്യോതിശ്ശാസ്ത്രം വേദാംഗമായതുകൊണ്ട് അതു പഠിപ്പാനുള്ള അധികാരം ബ്രാഹ്മണർക്കുതന്നെയാകുന്നു. ഈ ശാസ്ത്രം വഴിപോലെ പഠിച്ച് ഉപയോഗിച്ചാൽ ധനം നല്ല ധർമ്മം യശസ്സ് ഉൽകൃഷ്ടകീർത്തി മുതലായവ സിദ്ധിക്കും. പുരുഷാർത്ഥപ്രധാനമായ മോക്ഷസിദ്ധിയുമുണ്ടാകും. രഹസ്യമായുള്ളതുകൊണ്ട് ഇതിന് അർഹതയുള്ള ശിഷ്യന്മാർക്കു മാത്രമേ ഉപദേശിക്കാവൂ എന്ന് സൂചിപ്പിച്ചിരിക്കുന്നു. ബ്രാഹ്മണ്യം കർമ്മസിദ്ധമാണെന്നു സുപ്രസിദ്ധമാണല്ലോ. വേദാംഗങ്ങളെ നിത്യം ബ്രാഹ്മണർക്കു മാത്രമേ പഠിക്കാൻ പാടുള്ളു എന്നുള്ള അധികാരനിർണ്ണയം ഇതുകൊണ്ടു സാധിച്ചു എന്ന് ഏവശബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

ച:—തഥാപി ജ്യോതിഷജ്ഞാനാഃ സർവ്വൈസ്സമ്മാനനീയാഃ

തഥാച വാക്യം

അ—അപ്രകാരമാണെങ്കിലും ജ്യോതിർവിത്തുകളായ എല്ലാ ജനങ്ങളും മാനനീയന്മാരായി ഭവിക്കുന്നു. അതുപ്രകാരം ഉക്തമാകുന്നു.

സാ—ജ്യോതിശ്ശാസ്ത്രം പഠിക്കുന്നതിനു പൂർണ്ണമായ അധികാരം ബ്രാഹ്മണർക്കു ആണെങ്കിലും ജാതിഭേദം കൂടാതെ ജ്യോതിശ്ശാസ്ത്രം പഠിച്ച എല്ലാവരെയും മാനിക്കേണ്ടതാണ്. ഇതിനു പ്രമാണമുണ്ട്.

> മ്ലേച്ഛാ ഹി യവനാസ്തേഷു സമ്യക് ശാസ്ത്രമിദം സ്ഥിതം
> ഋഷിവത്തേഽപി പൂജ്യന്തേ കിം പുനർദൈവവിദ്ദ്വിജഃ—ഇതി. ൧൪

അ—യവനന്മാർ മ്ലേച്ഛന്മാരെന്നു പ്രസിദ്ധമാണല്ലോ. അവരിൽ ഈ ശാസ്ത്രം വഴിപോലെ സ്ഥിതമാകുന്നു. അവരും ഋഷികളെപ്പോലെ പൂജിക്കപ്പെടുന്നു. ദൈവവിത്തായ ദ്വിജൻ പിന്നെ എന്തു?

സാ—യവനന്മാർ ജാത്യാ മിശ്രമ്ലേച്ഛന്മാരെന്നു പറയുന്നു. അവരിൽ ചിലർ ഇശാസ്ത്രം നല്ലവണ്ണം അഭ്യസിച്ചിട്ടുണ്ട്. അവരെയും ജനങ്ങൾ മഹർഷിമാരെപ്പോലെ പൂജിക്കുന്നുണ്ട്. ജ്യോതിശ്ശാസ്ത്രം പഠിച്ച യവനന്മാരെ പൂജിക്കുന്ന കാര്യത്തിൽ പിന്നെ സംശയിപ്പാനില്ല. എല്ലാംകൊണ്ടു ജ്യോതിഷക്കാർ ബ്രാഹ്മണരെപ്പോലെ പൂജ്യന്മാരാണെന്നും പൂജയ്ക്കധികാരികളാണെന്നും സിദ്ധമായി. ജ്യോതിശ്ശാസ്ത്രജ്ഞന്മാരായ ഋഷിമാർ മനുഷ്യന്മാരാണെന്നുള്ള ശാസ്ത്രവചനം ഉദാഹരിച്ചതുകൊണ്ടു സ്ഥാപിച്ച എന്ന് ഇതിനെ ഉപന്യാസംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

വാ—അഥ ദൈവജ്ഞലക്ഷണമുച്യതേ.

അ—അനന്തരം ദൈവജ്ഞലക്ഷണം പറയപ്പെടുന്നു.

സാ—അധികാരനിർണ്ണയം ചെയ്തതിനുശേഷം ജ്യോതിഷക്കാരന്റെ ലക്ഷണങ്ങളെ പറയുന്നു.

> ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധോ
> ഗണിതപടുർവൃത്തവാംശ്ച സത്യവചാഃ
> വിനയീ വേദാധ്യായീ
> ഗ്രഹയജനപരോ ഭവേദ്ദൈവജ്ഞഃ. ൧൫

അ—ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനായും ഗണിതപടുവായും വൃത്തവാനായും സത്യവചസ്സായും വിനയിയായും വേദാധ്യായിയായും ഗ്രഹയജനപരനായും ഇരിക്കുന്നവൻ ദൈവജ്ഞനായി ഭവിക്കട്ടെ.

സാ—ജ്യോതിശ്ശാസ്ത്രത്തിൽ നല്ല പഠിപ്പും ഗണിതത്തിൽ വേണ്ടപോലെ സാമർത്ഥ്യവും സദ്വൃത്തിയും സത്യനിഷ്ഠയും വിനയവും വേദാദ്ധ്യയനശീലവും സൂര്യാദിഗ്രഹങ്ങളെ ഭക്തിസഹിതം പൂജിക്കുന്നതിനു താല്പര്യവും ഉള്ളവൻമാത്രമേ ജ്യോതിഷക്കാരനായി ഭവിക്കയുള്ളു. ഈവക ലക്ഷണങ്ങളെല്ലാം പരിപൂർണ്ണമായിരുന്നാൽ ജ്യോതിഷക്കാരനെന്നുള്ള പേരിന് അവകാശിയാകയുള്ളൂ എന്നർത്ഥം.

> ദൈവവിദേവംഭൂതോ യദി വദതി ഫലം ശുഭാശുഭം പൃഷ്ടഃ
> തത് സർവ്വം ന ച മിഥ്യാ ഭവതി പ്രാജ്ഞൈരിദം സമുപദിഷ്ടം. ൧൬

അ—ഇപ്രകാരമിരിക്കുന്ന ദൈവവിത്ത് ശുഭാശുഭമായിരിക്കുന്ന യാതൊരു ഫലത്തെ പ്രഷ്ടാവിനു പറയുന്നു; അത് സർവ്വവും മിഥ്യയായി ഭവിക്കുന്നില്ല. പ്രാജ്ഞന്മാരാൽ ഇപ്രകാരം ഉപദേശിക്കപ്പെട്ടിരിക്കുന്നു.

സാ—മേൽപറഞ്ഞ ലക്ഷണങ്ങളോടുകൂടിയ ജ്യോതിഷക്കാരൻ പൃച്ഛകന്റെ ശുഭാശുഭഫലങ്ങളെ പറഞ്ഞാൽ അതു മുഴുവനും വാസ്തവമായിരിക്കും. അല്പംപോലും തെറ്റുകയില്ലെന്നു താല്പര്യം. ഇതിന് അറിവുള്ളവരുടെ വചനം സാക്ഷിയാകുന്നു.

> ദശഭേദം ഗ്രഹഗണിതം ജാതകമവലോക്യ നിരവശേഷമപി
> യഃ കഥയതി ശുഭമശുഭം തസ്യ ന മിഥ്യാ ഭവേദ്വാണീ. ൧൭

അ—യാതൊരുവൻ ദശഭേദമായ ഗ്രഹഗണിതത്തെയും നിരവശേഷമായിട്ടുള്ള ജാതകത്തെയും അവലോകനം ചെയ്തിട്ടു ശുഭത്തെയോ അശുഭത്തെയോ കഥിക്കുന്നു, അവന്റെ വാണി മിഥ്യയായി ഭവിക്കുന്നില്ല.

സാ—പത്തുവിധമുള്ള ഗ്രഹഗണിതത്തെ മനസ്സിലാക്കി ശാസ്ത്രപ്രകാരം ജാതകപരിശോധനചെയ്തു ശുഭാശുഭഫലം പറയുന്നതായാൽ ഒരിക്കലും പിഴച്ചുപോകുന്നതല്ല. ഗ്രഹങ്ങളെ നല്ലപോലെ ഗണിച്ചറിഞ്ഞിട്ടു ജാതകത്തെ സൂക്ഷ്മമായി പരിശോധിച്ചിട്ടുവേണം ഫലം പറയേണ്ടതെന്നു സാരം. ഇതിനുള്ള വചനം പറയപ്പെടുന്നു.

> അനേകഹോരാതത്ത്വജ്ഞഃ പഞ്ചസിദ്ധാന്തകോവിദഃ
> ഊഹാപോഹപടുഃ സിദ്ധമന്ത്രോ ജാനാതി ജാതകം—ഇതി.

അ—അനേക ഹോരാശാസ്ത്രജ്ഞനായി പഞ്ചസിദ്ധാന്തകോവിദനായി ഗുരൂപദേശയുക്തനായി സിദ്ധമന്ത്രനായിരിക്കുന്നവൻ ജാതകത്തെ അറിയുന്നു.

സാ—മയൻ, യവനൻ, പരാശരൻ, വരാഹമിഹിരൻ മുതലായ ആചാര്യന്മാരാൽ രചിക്കപ്പെട്ട ഹോരാശാസ്ത്രങ്ങളെ നല്ലപോലെ പഠിച്ചു സൂര്യസിദ്ധാന്തം മുതലായ അഞ്ചു സിദ്ധാന്തങ്ങളെയും അറിഞ്ഞു ഗുരുമുഖേന ഉപാസനചെയ്തു് മന്ത്രസിദ്ധിയും വരുത്തി സ്വയംകൊണ്ടു് ഇഷ്ടപ്രാപ്തിം അപവാദംകൊണ്ടു് അനിഷ്ടപരിഹാരം സാമർത്ഥ്യമുള്ളവനായ ജ്യോതിഷക്കാരൻ ജാതകഫലം പറയുവാൻ യോഗ്യനായിരിക്കും. ഇതി എന്ന ശബ്ദംകൊണ്ടു് ദൈവജ്ഞലക്ഷണസമാപ്തിയെ സൂചിപ്പിച്ചു.

മൂ—ഗ്രഹഗണിതസ്യ ദശ ഭേദാഃ സന്തി. തേ കഥ്യന്തേ.

അ—ഗ്രഹഗണിതത്തിന്നു് പത്തു ഭേദങ്ങൾ ഉണ്ടാകുന്നു. അതുകളെ ഉച്ചരിക്കുന്നു.

സാ—ഗ്രഹങ്ങളെ ഗണിച്ചുവരുത്തുന്നതിന്നു് പത്തു ഭേദങ്ങളുണ്ടു്. അതുകളെ പൂർവ്വാചാര്യന്മാർ പറഞ്ഞിട്ടുണ്ടു്. ആ ഭേദം താഴെ കാണിക്കുന്നു.

ദിഗ്ജ്ഞാനായനം ഖേടമദ്ധ്യമസ്ഫുടയോരപി
ഗ്രഹണച്ഛായയോഃ ഖേടകലഹസ്തത്സമാഗമഃ. ൧൯

ഉദയാസ്തമയൌ ച ഖേടാനാം നക്ഷത്രാണാഞ്ച സംഗമഃ
ഇതി ഭേദാസ്തു വിജ്ഞേയാ ഗ്രഹാണാം ഗണിതേ ദശ. ൨൦

അ—ദിഗ്ജ്ഞാനായനവും ഖേടമദ്ധ്യസ്ഫുടങ്ങളുടെ ആനയനവും ഗ്രഹണച്ഛായയും ഖേടകലഹവും തത്സമാഗമവും ഖേടങ്ങളുടെ ഉദയാസ്തമയങ്ങളും നക്ഷത്രങ്ങളുടെ സംഗമവും ഇങ്ങിനെ പത്തു ഭേദങ്ങൾ ഗ്രഹങ്ങളുടെ ഗണിതത്തിലാകട്ടെ നിശ്ചയമായിട്ടു ഭവിക്കുന്നു.

സാ—(൧) ദിഗ്ജ്ഞാനം വരുത്തുക. (൨) ഗ്രഹമദ്ധ്യമങ്ങളെ വരുത്തുക. (൩) ആ മദ്ധ്യമങ്ങളെ സ്ഫുടിക്കുക. (൪) സൂര്യന്റെ ഗ്രഹണത്തെ ഗണിക്കുക. (൫) ചന്ദ്രന്റെ ഗ്രഹണത്തെ ഗണിക്കുക. (൬) ചൊവ്വാ മുതലായ അഞ്ചു ഗ്രഹങ്ങൾക്കു പരസ്പരമുള്ള യുദ്ധത്തെ ഗണിക്കുക. (൭) ഗ്രഹങ്ങൾ ചന്ദ്രനോടു ചേരുന്നതിനെ ഗണിക്കുക. (൮) ചന്ദ്രാദികളുടെ മൌഢ്യത്തെ ഗണിച്ചറിയുക. (൯) മൌഢ്യം തീർന്നു് ഉദിക്കുന്നതിനെ ഗണിക്കുക. (൰) ഗ്രഹങ്ങളുടെ നക്ഷത്രസന്ധി അറിയുക. ഇങ്ങനെയാണു് ഗ്രഹഗണിതത്തിലുള്ള പത്തു ഭേദങ്ങൾ. ഇതി ശബ്ദംകൊണ്ടു് ഗ്രഹഗണിതത്തിനുള്ള ഭേദം പറഞ്ഞുകഴിഞ്ഞു എന്നു സൂചിപ്പിക്കുന്നു. ഗണിക്കേണ്ട ക്രമം ഗണിതശാസ്ത്രത്തിൽനിന്നു് അറിയേണ്ടതാണു്.

ഗ്രഹങ്ങളുടെ യുദ്ധത്തിന്നു് ഉല്ലേഖം, ഭേദം, അംശുവിമർദ്ദം, അപസവ്യം, യുദ്ധം എന്നിങ്ങനെ അഞ്ചു വ്യത്യാസമുണ്ടു്. ഇവയെ പൊതുവെയാണു് ഇവിടെ യുദ്ധമെന്നു പറഞ്ഞിട്ടുള്ളതു്.

രണ്ടു ഗ്രഹങ്ങൾ ഒരു നക്ഷത്രത്തിൽ സംബന്ധിച്ചു നിൽക്കുമ്പോൾ ഉല്ലേഖമെന്നു പറയുന്നു.

ഒരു ഗ്രഹത്തെക്കൊണ്ടു മറ്റൊരു ഗ്രഹം മറയുന്നതിന്നു ഭേദം എന്നു പറയുന്നു.

രണ്ടു ഗ്രഹങ്ങൾ ഒരു തിയതികൊണ്ടു് ചേരുമ്പോൾ അതു് അംശുവിമർദ്ദമാകുന്നു.

ഒരു ഗ്രഹം ഒരു തിയതിയെക്കാൾ കുറെ കുറഞ്ഞു് അന്തരം വരുമ്പോൾ അതു് അപസവ്യമാകുന്നു.

രണ്ടു ഗ്രഹങ്ങൾ തമ്മിൽ ചേരുമ്പോൾ ഒന്നിന്നു് ദുർബ്ബലത്വമോ സൂക്ഷ്മതയോ കാണപ്പെടുന്നു എങ്കിൽ യുദ്ധം എന്നു പറയപ്പെടുന്നു. ഇതുകൾ താരാദികൾക്കു മാത്രമാകുന്നു.

ബ്രാഹ്മസ്സൌരശ്ച വാസിഷ്ഠോ രൌമകഃ പൌലിശസ്തഥാ
സിദ്ധാന്താ ഇതി പഞ്ച സ്യുഃ കഥ്യന്തേ ചൈവ തദ്വിദൈഃ. ൨൧

അ— ബ്രാഹ്മവും സൌരവും വാസിഷ്ഠവും രോമകവും ഇപ്രകാരം പൌലിശവും ഇങ്ങിനെ അഞ്ചു സിദ്ധാന്തങ്ങൾ ഉണ്ടു. ജ്യോതിഷികൾ കഥിക്കപ്പെടുന്നു.

സാ— അഞ്ചു സിദ്ധാന്തമുണ്ടെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അവ ബ്രാഹ്മസിദ്ധാന്തം, സൂര്യസിദ്ധാന്തം, വസിഷ്ഠസിദ്ധാന്തം, രോമകസിദ്ധാന്തം, പൌലിശസിദ്ധാന്തം ഇവയാകുന്നു. ഇവകളെക്കുറിച്ചാണ് പഞ്ചസിദ്ധാന്തികാവിദഃ എന്നു മുൻപു പറഞ്ഞിട്ടുള്ളതു്. ഇതുകൾ കാലഭേദങ്ങളനുസരിച്ചു പ്രത്യക്ഷങ്ങളായും അപ്രത്യക്ഷങ്ങളായും മാറിയിരിക്കുന്നു; അതുതന്നെ ഇവിടെ പറയുന്നു.

സ്പഷ്ടോ ബ്രാഹ്മസ്യ സിദ്ധാന്തഃ തസ്യാസന്നസ്തു രോമകഃ
സൌരഃ സ്പഷ്ടതരോഽസ്പഷ്ടൌ വാസിഷ്ഠഃ പൌലിശസ്തഥാ. ൧൨

അ— ബ്രാഹ്മമായ സിദ്ധാന്തമാകട്ടെ സ്പഷ്ടവും, രോമകമായ സിദ്ധാന്തമാകട്ടെ അതിന്നു ആസന്നവും, സൌരമായ സിദ്ധാന്തം സ്പഷ്ടതരവും വാസിഷ്ഠവും, അപ്രകാരം പൌലിശവും അസ്പഷ്ടങ്ങളുമാകുന്നു.

സാ— അഞ്ചു സിദ്ധാന്തങ്ങളിൽ വച്ചു ബ്രാഹ്മസിദ്ധാന്തം മിക്കവാറും സ്പഷ്ടമാണ്. രോമകസിദ്ധാന്തത്തിന് ബ്രാഹ്മസിദ്ധാന്തത്തോടു് ഏകദേശം സാമ്യമുണ്ടു്. സൂര്യസിദ്ധാന്തം ഏറ്റവും സ്പഷ്ടമായിട്ടുള്ളതാണ്. വസിഷ്ഠസിദ്ധാന്തവും പൌലിശസിദ്ധാന്തവും സ്പഷ്ടങ്ങളായി കാണുന്നില്ല. ഇതിനുള്ള കാരണം കാലഭേദമാകുന്നു.

കദാചിദ് ബ്രാഹ്മസിദ്ധാന്തഃ സാവിത്രശ്ച കദാചന
കദാചിദ്രോമകഃ സ്പഷ്ടോ ന കദാചിത് തയോരതഃ —ഇതി.

അ— ചിലപ്പോൾ ബ്രാഹ്മസിദ്ധാന്തവും ചിലപ്പോൾ സാവിത്രമായ സിദ്ധാന്തവും ചിലപ്പോൾ രോമകമായ സിദ്ധാന്തവും സ്പഷ്ടമാകുന്നു. അപ്രകാരം മറ്റു രണ്ടും ചിലപ്പോഴും സ്പഷ്ടങ്ങളല്ല.

സാ— ചില കാലങ്ങളിൽ ബ്രാഹ്മസിദ്ധാന്തം സ്പഷ്ടമാകുന്നതാണ്, അതുപോലെ തന്നെ ചില കാലങ്ങളിൽ സൂര്യസിദ്ധാന്തം ശരിയായി കാണുന്നതാണ്. രോമകസിദ്ധാന്തം ചിലകാലത്തു് സ്പഷ്ടമായേക്കാം. വാസിഷ്ഠവും പൌലിശവും ഒരുകാലത്തും സ്പഷ്ടമാകുന്നില്ല. എന്നാൽ അവ ഒന്നു് ഒരുകാലത്തും സ്പഷ്ടമാകുന്നില്ല, എന്നല്ലാതെ ഒരിക്കലും സ്പഷ്ടമല്ലെന്നു പറഞ്ഞതു് ആയതിന്നു ഭംഗം കല്പിക്കരുതു്.

മന്ത്രം യഥാവിധി ഗുരോഃ സുദിനേ ഗൃഹീത്വാ
തദ്ദൈവതം ജപഹുതപ്രമുഖൈഃ പ്രസാദ്യ
ജ്ഞാനായ ജാതകഫലസ്യ തു സിദ്ധമന്ത്രഃ
സ്യാദേവ ദൈവവിദിഹാപ്യവചസ്തഥാപി. ൧൩

അ— ദൈവവിത്തു് സുദിനത്തിൽ ഗുരുവിൽനിന്നു വിധിയനുസരിച്ചു മന്ത്രത്തെ ഗ്രഹിച്ചു് ജപഹോമാദികളെക്കൊണ്ടു ആ ദേവതയെ പ്രസാദിപ്പിച്ചിട്ടു് ജാതകത്തിന്റെ ജ്ഞാനത്തിന്നായി സിദ്ധമന്ത്രനായിത്തന്നെ ഭവിക്കണം. ഇവിടെ അപ്രകാരം അനുവചിച്ചുവല്ലോ.

സാ— ജ്യോതിഷക്കാരൻ സിദ്ധമന്ത്രനായിരിക്കണമെന്നു മുൻപേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. നല്ല സമയം ഗുരുസന്നിധിയിൽനിന്നു ദക്ഷിണാദികളെക്കൊണ്ടു ഗുരുവിനെ തൃപ്തിപ്പെടുത്തി ഉപദേശം വാങ്ങി ആ മന്ത്രത്തെ ജപിച്ചും ഹോമിച്ചും സന്തോഷിപ്പിച്ചും മന്ത്രസിദ്ധി വരുത്തി ജാതകഫലനിർദ്ദേശത്തിന്നു യോഗ്യനായിത്തീരണം. ഇവിടെ ജാതകമെന്നുമാത്രം പറഞ്ഞതുകൊണ്ടു, "ജാതകേ യദ്യദുദ്ദിഷ്ടം തദ്വൽ പ്രശ്നേപി ചിന്തയേൽ" എന്നും മറ്റും ഇനി പറയാൻ പോകുന്നതുകൊണ്ടു് പ്രശ്നത്തെക്കൂടി ഉപലക്ഷണമായി ഗ്രഹിക്കണം. ഇങ്ങിനെ മന്ത്രസിദ്ധി വരുത്തേണമെന്നു് സങ്കല്പിക്കേണ്ടതു് അതി അത്യാവശ്യകമായിട്ടുള്ളതാണ്.

വാ— ഇത്ഥം ശാസ്ത്രം സ്വഗുരുതഃ പ്രാപ്യ അനുഗ്രഹം തഥാനുവാദകം.

അ—ഈ ശാസ്ത്രം സൂക്ഷ്മത്തിൽതന്നെ ആരംഭിച്ചുവരുന്നു. അപ്രകാരം ശുഭമായി ഭവിക്കുന്നു.

സാ—ജ്യോതിശ്ശാസ്ത്രം പഠിക്കാൻ ആരംഭിക്കേണ്ടതു നല്ല മുഹൂർത്തത്തിൽ വേണം. അപ്രകാരം തന്നെ ജ്ഞന്മാർ പറഞ്ഞിട്ടുണ്ടു. മേലിലുള്ളതിനെ താഴെ കാണിക്കുന്നു.

ദാതവ്യമപാത്രപരീക്ഷ്യ
നിപുണമതിഭ്യഃ പ്രശാന്തശീലേഭ്യഃ
ശ്രുതിമഥിതസ്യ ഗുരുവചനാ
ചന്ദ്ര ദ്യുമണീന്ദ്രവർജ്ജിതേഽഹനി. ൨൪

അ—ശുഭദിവസത്തിൽ ചന്ദ്രൻ ദ്യുമണീന്ദ്രവർജ്ജിതനായി നില്ക്കുമ്പോൾ പാത്രപരീക്ഷയായി നിപുണമതികളായി പ്രശാന്തശീലന്മാരായിരിക്കുന്നവർക്കായി ഈ ശാസ്ത്രം ദാതവ്യമാകുന്നു.

സാ—അശ്വതിരം ചിത്ര അനിഴം രേവതി പൂയം അത്തം ഈ നാളുകളിൽ ശുഭദിവസം വ്യാഴശുക്രബുധന്മാരുടെ ശാന്തന്മാരാരും പുണ്യവാന്മാരും ശിഷ്യന്മാർക്ക് ജ്യോതിശ്ശാസ്ത്രം ഉപദേശിക്കാൻ ആരംഭിക്കേണ്ടതാണ്. ദ്യുമണീന്ദ്രവർജ്ജം മേൽപറഞ്ഞ നക്ഷത്രങ്ങളുടെ ഒന്നിനുമില്ല—

"ചന്ദ്രസ്ത്രീകൾ ജ്ഞാനകാലശ്രീ ശ്രവണതരുണാദിവസ പഞ്ചാംഗശുദ്ധാതിനില-
ശ്രീനാഥാദിതഭൂജ്ജാതകാ ഉദ്ദേശ ചിത്രാന്ത്യമിത്രേഷു"

ഈ മാതകാലത്തേപ്രമാണം പ്രമാണമാകുന്നു.

ബലിഹോമഗന്ധപുഷ്പൈസ്തദാദിത്യാദീൻ ഗ്രഹാൻ സമഭ്യർച്ച്യ
പ്രാരഭ്യമിദം ശാസ്ത്രം വിധിവത് കൃത്വാ ഗുരോഃ പൂജാം ൨൫

അ—ആദിത്യാദികളായ ഗ്രഹങ്ങളെ ബലിഹോമഗന്ധപുഷ്പങ്ങളെക്കൊണ്ടു വിധിപോലെ പൂജിച്ച് വിധിക്കനുസരിച്ചും ഗുരുവിന്റെ പൂജയെ ചെയ്തു, ഈ ശാസ്ത്രം പ്രാരഭ്യമാകുന്നു.

സാ—അവരവരുടെ മന്ത്രങ്ങളെക്കൊണ്ടു ഹോമം ചെയ്തു, അതാതു ഗ്രഹങ്ങളെ ആവാഹിച്ച് ഗന്ധപുഷ്പാദികളെക്കൊണ്ടു പൂജിച്ച് സൂര്യാദികളായ ഗ്രഹങ്ങൾക്ക് ബലികൊടുക്കണം. വിധിപ്രകാരംതന്നെ ഗുരുപൂജയും നടത്തണം. പിന്നീടുവേണം ശാസ്ത്രമാരംഭിക്കേണ്ടതു.

വിധിവന്മന്ത്രാഃ പഠിതാ
ഭവന്തി സർവ്വാർത്ഥസാധകാ ലോകേ
ഏവം സഫലം ശാസ്ത്രം
ഭവതി ഹി വിധിപൂർവ്വകം പഠിതം—ഇതി. ൨൬

അ—വിധിപോലെ പഠിക്കപ്പെട്ടവയായ മന്ത്രങ്ങൾ ലോകത്തിൽ സർവ്വാർത്ഥസാധകങ്ങളാകുന്നു. ഇപ്രകാരം വിധിപൂർവ്വകംതന്നെ പഠിക്കപ്പെട്ട ശാസ്ത്രം സഫലമായി ഭവിക്കുന്നതല്ലോ.

സാ—മന്ത്രങ്ങൾ വിധിപ്രകാരം അഭ്യസിച്ചാൽ അതുകൊണ്ട് ഈ ലോകത്തിൽ എല്ലാം സാധിക്കപ്പെടുന്നതാണ്. അതുകൾക്ക് അവാച്യങ്ങളും അനന്തങ്ങളുമായ ശക്തികളുണ്ട്. അതുപോലെ ജ്യോതിശ്ശാസ്ത്രവും വിധിപോലെ അഭ്യസിക്കുന്നതായാൽ സഫലമായിത്തന്നെ തീരുന്നതാണ്. ഇതിലേയ്ക്കും ശാസ്ത്രപഠനം ശുഭസമയത്തിൽ വേണമെന്നുള്ള ശാസ്ത്രാന്തരവചനം ഇതുകൊണ്ടു സമാപിച്ചു എന്ന് സൂചിപ്പിക്കപ്പെട്ടു.

സ്വല്പാ തഥാർത്ഥബഹുലാ ച വരാഹമിഹിരോക്താ
തസ്യാഃ പുനഃ പട്ടുധിയാമപി ദുർഗ്രഹമാസീത്

ഭട്ടോല്പലാദിരചിതാ വിവൃതീർവ്വിലോക്യ
സ്പഷ്ടം കരോതു ഹൃദി ദൈവവിദർത്ഥമസ്യാഃ. ൨൮

അ—ഹോരാശാസ്ത്രം സംക്ഷിപ്തമായും അർത്ഥബാഹുല്യമുള്ളതായും ഭവിക്കുന്നു. അതിന്റെ അർത്ഥങ്ങളെ പ്രതിപാദിക്കുക എന്നതും ദുർഗ്ഗമമാകുന്നു. ഭട്ടോല്പലാദിരചിതങ്ങളായ വിവൃതികളെ വിലോകനംചെയ്തു് ഇതിന്റെ അർത്ഥത്തെ ദൈവവിത്തു് ഹൃത്തിൽ സ്പഷ്ടമാക്കിച്ചെയ്യട്ടെ.

സാ—വരാഹമിഹിരാചാര്യൻ രചിച്ചിട്ടുള്ള ഹോരാഗ്രന്ഥം വളരെ ചെറുതാണെങ്കിലും അർത്ഥബാഹുല്യംകൊണ്ടു് വളരെ വലുതായിട്ടുള്ളതാണു്. അതുകൊണ്ടു് ബുദ്ധിമാന്മാർക്കുപോലും അതിന്റെ അർത്ഥം ദുർഗ്ഗ്രാഹ്യമാകുന്നു. അതിനാൽ ദൈവജ്ഞന്മാർ ഭട്ടോല്പല, വിവരണം മുതലായ വ്യാഖ്യാനങ്ങളെ നോക്കി ഈ ഹോരയുടെ അർത്ഥത്തെ നല്ലപോലെ ധരിച്ചുകൊള്ളേണ്ടതാണു്.

ഹോരാം വരാഹമിഹിരാര്യവിനിർമ്മിതാം യേ
മാലാമിവാദധതി ദൈവവിദഃ സ്വകണ്ഠേ
കൃഷ്ണീയശാസ്ത്രമപി തദ്ഗുണമിവ സൂത്രം
തേഷാം സഭാസു മഹതീ ഭവതീഹ ശോഭാ. ൨൯

അ—വരാഹമിഹിരാര്യവിനിർമ്മിതയായ ഹോരയെ മാല എന്നപോലെയും, കൃഷ്ണീയശാസ്ത്രത്തെ അതിന്റെ സൂത്രത്തെ എന്നപോലെയും, യാതൊരു ദൈവവിത്തുക്കൾ, സ്വകണ്ഠത്തിൽ ആധാനം ചെയ്യുന്നുവോ, അവർക്കു് ഈ സഭകളിൽ മഹതിയായ ശോഭ ഭവിക്കുന്നു.

സാ—വരാഹഹോരാ (ബൃഹജ്ജാതകം) കണ്ഠത്തിൽ മാലയെന്നപോലെയും കൃഷ്ണീയശാസ്ത്രത്തെ അതിനുള്ള സൂത്രം മംഗല്യത്താലിയെന്നപോലെയും ഏതൊരു ദൈവജ്ഞന്മാർ സ്വാധീനമാക്കിവെയ്ക്കുന്നുവോ അങ്ങനെ ഉള്ളവർക്കു് ജ്യോതിഷക്കാരുടെ കൂട്ടത്തിൽ മുഖ്യമായ സ്ഥാനം കിട്ടുന്നതാണു്. ഇതുകൊണ്ടു് ജ്യോതിശ്ശാസ്ത്രകോടിയിൽ ബൃഹജ്ജാതകത്തിനും കൃഷ്ണീയത്തിനും പ്രാധാന്യം കല്പിച്ചു എങ്കിലും കൃഷ്ണീയശാസ്ത്രത്തെ സൂത്രമെന്നപോലെ എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ആചാര്യന്നു കൃഷ്ണീയത്തോടു കൂടുതൽ പ്രതിപത്തി ഉണ്ടെന്നു സ്പഷ്ടമാകുന്നു.

ഹോരായാസ്തു ദശാധ്യായ്യാം വ്യാഖ്യായാം ക്രിയതാം ശ്രമഃ
ദൈവജ്ഞൈസ്തു വിശേഷേണ ഫലമാദേഷ്ടുമിച്ഛതാം. ൩൦

അ—ഫലത്തെ ആദേശിപ്പാനായി ഇച്ഛിക്കുന്നവരായ ദൈവജ്ഞന്മാരാൽ വിശേഷമായി ഹോരയുടെ ദശാധ്യായിയായ വ്യാഖ്യയിങ്കൽ ശ്രമം ചെയ്യപ്പെടണം.

സാ—ബൃഹജ്ജാതകമെന്ന ഹോരയ്ക്കു് ദശാധ്യായി എന്ന ഒരു വ്യാഖ്യാനമുണ്ടു്. യഥാർത്ഥഫലം പറയുവാൻ ആഗ്രഹമുള്ള ദൈവജ്ഞന്മാർ ഈ വ്യാഖ്യാനത്തെ മനസ്സിരുത്തി വായിച്ചുറപ്പിച്ചുകൊള്ളണം.

ദശാധ്യായ്യാം വിശേഷേണ ശ്രമോ നൈവ കൃതോ യദി
ദുഷ്കരഃ ഫലനിർദ്ദേശഃ തദ്വിദാമേവ തദ്വചഃ. ൩൧

അ—ദശാധ്യായിയിൽ വിശേഷമായിട്ടു ശ്രമം കൃതമായില്ലെന്നുവരികിൽ ഫലനിർദ്ദേശം ദുഷ്കരമാകുന്നു. അപ്രകാരം തദ്വിത്തുക്കളുടെ വചസ്സും ഭവിക്കുന്നു.

സാ—ദശാധ്യായി എന്ന വ്യാഖ്യാനം സശ്രദ്ധം വായിച്ചു മനസ്സിലാക്കാത്ത ദൈവജ്ഞന്മാർ ഫലം പറഞ്ഞു ഫലിപ്പിക്കുന്നതിനു പണിപ്പെടുകതന്നെ ചെയ്യും. ദശാധ്യായിയെ അറിഞ്ഞിട്ടുള്ള വിദ്വാന്മാർ അങ്ങനെ പറഞ്ഞിട്ടുണ്ടു്. ആ വചനം താഴെ കാണിക്കുന്നു.

അദൃഷ്ട്വാ യോ ദശാധ്യായീം ഫലമാദേഷ്ടുമിച്ഛതി
ഇച്ഛത്യേവ സമുദ്രസ്യ തരണം സ പ്ലവം വിനാ—ഇതി. ൩൨

അ— യാവനൊരുത്തൻ ശോകമദ്ധ്യായിയെ കാണാതെ ഫലത്തെ ആഗ്രഹിപ്പാൻ ഇച്ഛിക്കുന്നു. അവൻ സമുദ്രത്തിന്റെ മറുകരയെ പ്ലവത്തോടുകൂടാതെ ഇച്ഛിക്കുന്നവനെ പോലെ ചെയ്യുന്നു. എന്നിങ്ങനെ,

സാ— ശോകമദ്ധ്യായി വായിച്ച് ശരിയായി മനസ്സിലാക്കാതെ ഫലം പറഞ്ഞു ഫലിപ്പിക്കാൻ ആരംഭിക്കുന്നത് അതിവിസ്തൃതവും അഗാധവുമായ സമുദ്രത്തെ ഒരു ചെറിയ പൊങ്ങുതടിപോലും കൂടാതെ കടപ്പാൻ ഇച്ഛിക്കുന്നതുപോലെ ആകുന്നു. ഫലംപറഞ്ഞു സാധിക്കുന്നത് അസാദ്ധ്യമാണെന്നു താല്പര്യം. ഇതി എന്ന ശബ്ദം ശോകമദ്ധ്യായിയുടെ അദ്ധ്യായസമാപ്തിയെ ഇതുകൊണ്ട് അവസാനിപ്പിച്ചിരിക്കുന്നു എന്നു സൂചിപ്പിച്ചിരിക്കുന്നു.

വാ— അഥ ജാതകപ്രശ്നയോർവിഷയവിഭാഗ ഉച്യതേ.

അ— അനന്തരം ജാതകപ്രശ്നങ്ങളുടെ വിഷയവിഭാഗം വചിക്കപ്പെടുന്നു.

സാ— ഇനി ജാതകത്തിന്റെയും പ്രശ്നത്തിന്റെയും ഉപയോഗരീതിയെക്കുറിച്ചു പറവാൻ പോകുന്നു.

സ്വർഗ്ഗാദ്യനുഭോഗക്ഷീണശിഷ്ടപ്രാചീനകർമ്മണാം
ഭോഗായ ജനനം നൄണാം മോഹഭാജാം മുഹുർമ്മുഹുഃ. ൩൩.

അ— മോഹഭാജികളായ നൄക്കളുടെ പിന്നെയും പിന്നെയുമുള്ള ജനനം സ്വർഗ്ഗാദ്യനുഭോഗക്ഷീണശിഷ്ടപ്രാചീനകർമ്മങ്ങളുടെ ഭോഗത്തിന്നായി ഭവിക്കുന്നു.

സാ— അജ്ഞാനമുള്ളവരായ (മോഹബാധയുള്ളവരായ) മനുഷ്യർ പിന്നെയും പിന്നെയും ജനനമരണാദിദുഃഖം അനുഭവിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. അതിനുള്ള കാരണം മുൻജന്മത്തിൽ ചെയ്തതായ പുണ്യപാപകർമ്മങ്ങളാകുന്നു. സ്വർഗ്ഗനരകങ്ങളിൽനിന്നു പുണ്യപാപങ്ങളെ അനുഭവിച്ചതിന്നുശേഷം പിന്നെയും ബാക്കി കിടപ്പുള്ള പുണ്യപാപങ്ങളെ അനുഭവിക്കാൻ വേണ്ടിയാണ് ഇങ്ങനെ ജനിക്കുന്നത്.

അത്ര തു ദ്വിവിധം കർമ്മ പ്രാക്കർമ്മനിജസന്തതം
അന്ത്യസ്യാനന്തരോ ഭോഗ ആദ്യസ്യ സംക്രമഃ. ൩൪.

അ— ഇവിടെയാകട്ടെ, പ്രാക്കർമ്മം എന്നും നിജസന്തതം എന്നും രണ്ടുവിധമാകുന്നു കർമ്മം. അന്ത്യത്തിന്റെ അനുഭവം പരലോകത്തിലാകുന്നു. ആദ്യത്തിന്റെ സംക്രമം ഇവിടെ ജനിച്ചിട്ടുതന്നെ ഭവിക്കുന്നു.

സാ— മനുഷ്യർക്ക് കഴിഞ്ഞ ജന്മത്തിൽ സമ്പാദിക്കപ്പെട്ടതും ഈ ജന്മത്തിൽ സമ്പാദിക്കുന്നതും ഇങ്ങനെ കർമ്മം രണ്ടുവിധമാണുള്ളത്. അവയിൽ കഴിഞ്ഞജന്മത്തിലെ കർമ്മഫലം ഈ ജന്മത്തിൽ തിക്കവാറും അനുഭവിച്ചുതുടങ്ങുന്നു. ഈ ജന്മത്തിലെ കർമ്മഫലം സ്വർഗ്ഗനരകാദികളിലും മറ്റുജന്മങ്ങളിലുമായി അനുഭവിക്കുന്നു.

വാ— അത്ര ശാസ്ത്രാന്തരം

അ— ഇവിടെ ശാസ്ത്രാന്തരം ഭവിക്കുന്നു.

സാ— ഈ കർമ്മഫലാനുഭവവിഷയത്തിൽ മററു ശാസ്ത്രങ്ങളും കാണപ്പെടുന്നുണ്ട്. അതിനെത്തന്നെ ഇവിടെ കാണിക്കുന്നു.

സ്വകർമ്മ ഭോക്തും ജായന്തേ പ്രായശൈവ ഹി ജന്തവഃ
ക്ഷീണേ കർമ്മണി ചാന്യത്ര പുനർഗ്ഗച്ഛന്തി ദേഹിനഃ. ൩൫.

അ— പ്രായേണ സ്വകർമ്മത്തെ ഭുജിപ്പാനായിട്ടുതന്നെ ജന്തുക്കൾ ജനിക്കുന്നവല്ലോ. കർമ്മം ക്ഷീണമായിരിക്കുമ്പോൾ പിന്നെ മറെറാരേടത്തു ദേഹികളായി ഗമിക്കുന്നു.

സാ— മനുഷ്യർ ജനിക്കുന്നതു പൂർവ്വജന്മാർജ്ജിതകർമ്മങ്ങളുടെ ഫലങ്ങളെ അനുഭവിപ്പാനാകുന്നു. കർമ്മഫലം അനുഭവിച്ചുതീർന്നാൽ ഈ ശരീരത്തെ വിട്ടിട്ട് മറെറാരേട

ത്തു മറ്റൊരു ശരീരത്തോടുകൂടി വീണ്ടും ജനിക്കുന്നു. ഇങ്ങനെ കർമ്മസമൂഹവും ശരീരങ്ങ ളുവരെ വീണ്ടുംവീണ്ടും ജനിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

യദുപചിതമന്യജന്മനി ശുഭാശുഭം തസ്യ കർമ്മണഃ പക്തിം
വ്യഞ്ജയതി ശാസ്ത്രമേതത് തമസി ദ്രവ്യാണി ദീപ ഇവ. ൩൩

അ—അന്യജന്മത്തിൽ ഉപചിതമായി ശുഭാശുഭമായ കർമ്മം യാതൊന്നോ ആ കർമ്മത്തിന്റെ പക്തിയെ ഈ ശാസ്ത്രം, ദീപം തമസ്സിൽ ദ്രവ്യങ്ങളെ എന്നപോലെ വ്യ ഞ്ജിപ്പിക്കുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ ചെയ്തിട്ടുള്ള ശുഭാശുഭകർമ്മങ്ങളുടെ അനുഭവക്രമത്തെ ഈ ജ്യോതിശ്ശാസ്ത്രംകൊണ്ട് അറിയുവാൻ കഴിയുന്നു. ഇരുട്ടുള്ള സ്ഥലങ്ങളിൽ കിടക്കുന്ന പദാർത്ഥങ്ങളെ വിളക്കുകൊണ്ടാണല്ലോ നാം കാണുന്നതു്. അതുപോലെ സാമാന്യദൃഷ്ടിക്ക് അപ്രത്യക്ഷങ്ങളായ ജന്മാന്തരഫലങ്ങളെ ജ്യോതിഷംകൊണ്ടു മാത്രമേ കാണ്മാൻ കഴിയു എന്നു സാരം.

പൂർവ്വജന്മാർജ്ജിതം കർമ്മ ശുഭം വാ യദി വാശുഭം
തസ്യ പക്തിം ഗ്രഹാസ്സർവ്വേ സൂചയന്തീഹ ജന്മിനാം. ൩൪

അ—ശുഭമായോ അശുഭമായോ ഇരിക്കുന്ന യാതൊരു കർമ്മം പൂർവജന്മാർജ്ജിത മായി ഭവിക്കുന്നു. അതിന്റെ പക്തിയെ സർവങ്ങളായ ഗ്രഹങ്ങളും ഈ ജന്മത്തിൽ സൂചിപ്പിക്കുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ പുണ്യകർമ്മമോ പാപകർമ്മമോ അല്ലെങ്കിൽ മിശ്രമാ യിട്ടോ ചെയ്തിരിക്കാമല്ലോ. ആ ഫലത്തെ ഇന്നിന്ന കാലങ്ങളിൽ ഇന്നിന്നതിനെ സം ബന്ധിച്ചുതരുമെന്നു സൂര്യാദികളായ ഗ്രഹങ്ങളും, സ്ഥിതി ഗോചരം മുതലായവയെക്കൊ ണ്ടുതെളിയിച്ചു തരുന്നു.

സുഖദുഃഖപ്രദം കർമ്മ ശുഭാശുഭമുഹൂർത്തജം
ജന്മാന്തരേƒപി തത് കുര്യാത് ഫലം തസ്യാനപായി വാ. ൩൫

അ—ശുഭാശുഭമുഹൂർത്തജമായ കർമ്മം സുഖദുഃഖകരമായി ഭവിക്കുന്നു. അതു ജന്മാന്തരത്തിലും അവന്റെ സന്താനത്തിൽകൂടിയും ഫലത്തെ ദാനം ചെയ്യും.

സാ—നല്ലസമയത്തു ചെയ്യുന്ന കർമ്മം സുഖത്തേയും അശുഭസമയത്തു ചെയ്യുന്ന കർമ്മം ദുഃഖത്തേയും ഉണ്ടാക്കും. ഈ കർമ്മഫലം തൽകർത്താവിനു മാത്രമല്ല ഭാവിജന്മത്തി ലും വംശ്യന്മാരായവർക്കുകൂടിയും അനുഭവിക്കുന്നതാണ്. ഇതുകൊണ്ടു സല്പ്രവൃത്തി കളാണെങ്കിലും ശുഭമുഹൂർത്തത്തിൽ ചെയ്താൽ മാത്രമേ യഥാർത്ഥമായ ഫലപ്രാപ്തി സി ദ്ധിക്കയുള്ളുവെന്നു സ്പഷ്ടമാകുന്നു. ഇതുമാത്രംകൊണ്ടു മുഹൂർത്തശാസ്ത്രത്തിന്റെ പ്രാമാണ്യ വും വ്യക്തമാകുന്നു. കൂടാതെ ഒരാൾ ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലം അനുബന്ധ മായി സന്താനങ്ങൾകൂടി അനുഭവിക്കേണ്ടിവരുമെന്നും വെളിവാകുന്നു. അതിനാൽ ഈ ജന്മത്തിൽ അനുഭവിക്കുന്ന ഗുണദോഷങ്ങൾക്കു പല കാരണങ്ങളുണ്ടെന്ന് സ്പഷ്ടമായല്ലോ. അതിനെ അറിഞ്ഞിട്ടു പരിഹാരനിവൃത്തി വരുത്തണമെങ്കിൽ ജ്യോതിഷംകൊണ്ടു മാത്ര മേ സാധിക്കയുള്ളു.

പ്രാഗ്ജന്മാർജ്ജിതപുണ്യാഘപ്രാബല്യാദ്ദൌർബല്യതഃ
പ്രാരബ്ധസംജ്ഞിതി മനുഷ്യാണാം ജാതകചിന്തനം — ഇതി.

അ—പ്രാഗ്ജന്മാർജ്ജിതപുണ്യാഘപ്രാബല്യദൌർബല്യങ്ങൾ ഹേതുവായി മനുഷ്യന്മാരി ൽ ജാതകചിന്തനം പ്രാരബ്ധസംജ്ഞിയായി ഭവിക്കുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ ചെയ്ത പുണ്യപാപങ്ങളുടെ ശക്തിവിശേഷം കൊണ്ടു മനുഷ്യവർഗ്ഗത്തിൽ ജാതകത്തെ ആശ്രയിച്ചു് ഗുണദോഷനിരൂപണം ചെയ്യുന്നതിനെ പ്രാര ബ്ധമെന്നു പറയുന്നു. പ്രാരബ്ധഫലങ്ങളെ അറിയുന്നതിനുള്ള മാർഗ്ഗമാകയാൽ ജാത കത്തെയും പ്രാരബ്ധമെന്നു പറയുന്നു. ഇതിന്റെ ശാസ്ത്രകാരവചനം ഇവിടെ അവസാ നിച്ചുവെന്നു് "ഇതി" ശബ്ദംകൊണ്ടു് സൂചിപ്പിക്കുന്നു.

ആ മരണാദിഹ ജന്തുഃ പ്രാക്തനനിജകർമ്മപാകമനുഭവതി
തദവഗമായ ജാതകമഥ കിം പ്രശ്നേനേതി കഥ്യതേ സത്യം. ൩൦

അ—ഇവിടെ ജന്തു, മരണംവരെ പ്രാക്തനനിജകർമ്മപാകത്തെ അനുഭവിക്കുന്നു. അതിനെ അറിയുവാൻ ജാതകം പര്യാപ്തമാകുന്നു. പിന്നെ പ്രശ്നംകൊണ്ടു് എന്തു് എന്നുള്ളതു കഥിക്കപ്പെടുന്നു സത്യം.

സാ—ജനനം മുതൽ മരണംവരെ അനുഭവിക്കുന്നതു് കഴിഞ്ഞ ജന്മത്തിൽ ചെയ്തിട്ടുള്ള പുണ്യപാപങ്ങളുടെ ഫലങ്ങളാണല്ലോ. അതെല്ലാം ജാതകംകൊണ്ടുതന്നെ അറിയാൻ കഴിയുമല്ലോ. ആ സ്ഥിതിക്കു് പ്രശ്നത്തിന്റെ പ്രയോജനം എന്താണെന്നുള്ള സംശയത്തിനു ശരിയായ സമാധാനം പറയാൻപോകുന്നു.

കസ്യ പക്തിരിതി ജ്ഞാതുമിദാനീം പൂർവ്വകർമ്മണാം
ഇഹാർജ്ജിതാനാം വിജ്ഞാതും കർമ്മ പ്രശ്നോ വിധീയതേ. ൩൧

അ—ഇപ്പോൾ പൂർവ്വകർമ്മങ്ങളിൽ ഏതിന്റെ പക്തിയാകുന്നു എന്നു് അറിയുവാനും ഈ ജന്മത്തിൽ ആർജ്ജിതമായ കർമ്മത്തെ അറിവാനായും പ്രശ്നം വിധിക്കപ്പെടുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ ചെയ്ത ശുഭാശുഭകർമ്മങ്ങളുടെ ഫലസമൂഹങ്ങളിൽ വച്ചു് ഏതൊന്നാണു് ഇപ്പോൾ അനുഭവിക്കുന്നതെന്നും ഈ ജന്മത്തിൽ എന്തെല്ലാം പുണ്യപാപങ്ങളും അനുഷ്ഠിച്ചിട്ടുണ്ടു് എന്നും പ്രശ്നംകൊണ്ടു് അറിയാവുന്നതാണു്.

പ്രാഗ്ജന്മനി കൃതാനാം ച കൃതാനാമത്ര ചൈവ കർമ്മണാം
വിഭാഗോഽപി കഥം ജ്ഞേയ ഇതി ചേൽ സോഽപി കഥ്യതേ. ൩൨

അ—പ്രാഗ്ജന്മത്തിൽ കൃതങ്ങളായും ഈ ജന്മത്തിൽ കൃതങ്ങളായും ഇരിക്കുന്ന കർമ്മങ്ങളുടെ വിഭാഗം എങ്ങിനെ അറിയേണ്ടതാകുന്നു എന്നു ചോദിക്കുന്നതായാൽ അതും കഥിക്കപ്പെടുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ ചെയ്ത പ്രവൃത്തിയുടെ ഫലമോ, അല്ലാ ഈ ജന്മത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലമോ എന്നുള്ള വിഷയവിഭാഗവും പ്രശ്നംകൊണ്ടറിയാവുന്നതാണു്. എന്നാൽ ഇപ്പോൾ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം വരുന്ന ജന്മത്തിലാണെന്നു് മുൻപേ പറഞ്ഞ സ്ഥിതിക്കു് ഇപ്രകാരം അതിന്റെ അനുഭവത്തെക്കുറിച്ചു ചിന്തിച്ചിട്ടാവശ്യമില്ലല്ലോ എന്നു് പക്ഷേ സംശയിച്ചേക്കാം. എന്നാൽ അതിപ്രബലങ്ങളായ പുണ്യപാപങ്ങളുടെ ഫലം ഈ ജന്മത്തിൽതന്നെ അനുഭവിക്കുമെന്നു് ആപ്തസമ്മതമുണ്ടു്.

യദാ ജാതകതഃ പ്രശ്നോ ഗുണദോഷൈർവിശിഷ്യതേ
തദാ ശുഭാശുഭം വിദ്യാൽ കർമ്മഭിരൈഹികാർജ്ജിതൈഃ. ൩൩

അ—പ്രശ്നം ഗുണദോഷങ്ങൾകൊണ്ടു യാതൊരു കാലത്തിൽ ജാതകത്തിൽനിന്നു വിശേഷിക്കുന്നു. അപ്പോൾ ഇഹാർജ്ജിതങ്ങളായ കർമ്മങ്ങളെക്കൊണ്ടുള്ള ശുഭാശുഭത്തെ അറിയണം.

സാ—ജാതകവശാൽ നല്ലകാലത്തു പ്രശ്നവശാൽ അശുഭകരമായി കാണുന്നു എങ്കിൽ ഈ ജന്മത്തിൽ ചെയ്ത പാപഫലങ്ങളാണു് അനുഭവിക്കുന്നതെന്നും ജാതകവശാൽ ദോഷകാലങ്ങളിൽ പ്രശ്നവശാലും അനുഭവത്തിലും ഗുണകരമായി കാണുന്നു എങ്കിൽ ഈ ജന്മത്തിൽ ചെയ്ത ശുഭകർമ്മങ്ങളുടെ ഫലമായിട്ടാണു് ഗുണാനുഭവം ഉണ്ടായതെന്നും അറിയണം.

യദാനുസരതി പ്രശ്നോ ജാതകം ഗ്രഹഭാദിഭിഃ
തദാ പ്രാക്കർമ്മപാകഃ സ്യാദിതീത്യാദ്യൂഹം ഹി ധീമതാ. ൩൪

അ—പ്രശ്നം ഗ്രഹാദികളെക്കൊണ്ടു് യാതൊരു കാലത്തിൽ അനുസരിക്കുന്നു. അപ്പോൾ പ്രാക്കർമ്മപാകം ഭവിക്കും എന്നിങ്ങനെ ധീമാന്മാരാൽ ഊഹ്യമാകുന്നതല്ലോ.

സാ—പ്രശ്നഫലവും ജാതകഫലവും ശരിയായിവരുന്നെങ്കിൽ ഇപ്പോൾ അനുഭവിക്കുന്നതു കഴിഞ്ഞ ജന്മങ്ങളിലെ ഫലങ്ങളാണെന്നു് ഊഹിപ്പാൻ കഴിവുള്ളതാണല്ലോ.

വാ—ജാതകേ യൽ ഫലമുക്തം തൽസൎവ്വം പ്രശ്നേƒപി ചിന്ത്യം- ([illegible]

അ—ജാതകത്തിൽ യാതൊരു ഫലം ഉക്തമായി അതെല്ലാം പ്രശ്നത്തിലും ചിന്ത്യമാകുന്നു. ഇപ്രകാരം ഉക്തമായിട്ടുണ്ട്.

സാ—പൂൎവ്വാചാൎയ്യന്മാർ ഹോരാശാസ്ത്രത്തിൽ ജാതകങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നവയാണ്. അതിനാൽ പ്രശ്നവിഷയമായി അതിനെ ഉപയോഗിക്കാമോ എന്നു ശങ്കിച്ചേക്കാം. എന്നാൽ ജാതകവിചാരത്തിൽ കല്പിച്ചിട്ടുള്ളവയെല്ലാം പ്രശ്നത്തിലും ഉപയോഗിക്കാവുന്നതാണ്. അതിന്നനുകൂലമായി ഒരു ആചാൎയ്യന്റെ വചനമുണ്ട്. ആ വചനം താഴെ കാണിക്കുന്നു.

[illegible] ബലാബലവിധാനതഃ
[illegible] ജാതകേ സൎവ്വം തദ്വൽ പ്രശ്നേƒപി ചിന്തയേൽ.

അ—ഗ്രഹങ്ങളുടെ [illegible] ബലാബലവിധാനം വഴിക്ക് ജാതകത്തിൽ യാതൊരുപ്രകാരം ഉക്തമായി ഭവിക്കുന്നു; അപ്രകാരം സൎവ്വവും പ്രശ്നത്തിലും ചിന്തിക്കണം.

സാ—[illegible] ജാതകത്തിലെന്നപോലെ [illegible] പ്രശ്നത്തിലും [illegible] യുക്തമാണ്.

വാ— പ്രശ്നസ്യ ജന്മസാമ്യമപ്യത്ര ഉക്തം.

അ—പ്രശ്നത്തിന് ജന്മസാമ്യത്തെ ഇവിടെ ഉക്തമായി പറയുന്നു.

സാ—പ്രശ്നത്തെ വിചാരിക്കുമ്പോൾ ജാതകവിചാരംപോലെയാണ് [illegible]

സംപ്രേൎയ്യമാണസ്ത്വവശശ്ശരീരീ
പ്രസഹ്യ ദൈവേന ശുഭാശുഭേന
ജ്യോതിൎവ്വിദഃ സന്നിധിമേതി യസ്മാൽ
പ്രശ്നോ ഹ്യതോ ജന്മസമഃ ഫലേഷു. [illegible]

അ—ശുഭാശുഭമായ ദൈവത്താൽ സംപ്രേൎയ്യമാണനായി അവശനായ ശരീരിയാകുന്ന ജ്യോതിൎവ്വിത്തിന്റെ സന്നിധിയെ യാതൊന്നു ഹേതുവായിട്ടു പ്രാപിക്കുന്നു. ഇതു ഹേതുവായിട്ടു പ്രശ്നവും ഫലങ്ങളിൽ ജന്മസമമാകുന്നു.

സാ—ജനിക്കുമ്പോൾ ചെയ്തിരിക്കുന്ന ശുഭാശുഭങ്ങളാൽ ഇഷ്ടാനിഷ്ടഫലങ്ങളോടുകൂടി [illegible] (ഫലമറിയേണ്ടതായി) ജ്യോത്സ്യന്റെ സമീപത്തിൽ ചെല്ലുന്നത്. അതിനാൽ ഫലനിൎണ്ണയത്തിലെ പ്രശ്നവും ജാതകത്തോടു സമമാകുന്നു. [illegible] കൎമ്മംകൊണ്ടു മനുഷ്യൻ ജനിക്കുന്നതുപോലെ ഇതുപോലെയുള്ള കൎമ്മംകൊണ്ടുതന്നെയാണ് ഫലമറിയേണ്ടതായും ദൈവജ്ഞന്റെ മുൻപിൽ ചെല്ലുന്നത്. അതുകൊണ്ട് ജന്മലഗ്നംപോലെതന്നെ പ്രഷ്ടാവിന്റെ ആരൂഢരാശിക്കും ലഗ്നരാശിക്കും പ്രാധാന്യമുണ്ടെന്നു ഗ്രഹിക്കേണ്ടതാണ്.

ജന്മലഗ്നതയാ പ്രശ്നലഗ്നം സങ്കല്പ്യ പണ്ഡിതഃ
ജാതകേ യദ്യദുദ്ദിഷ്ടം തത്തൽ പ്രശ്നേƒപി ചിന്തയേൽ. [illegible]

അ—പ്രശ്നലഗ്നത്തെ ജന്മലഗ്നമായി സങ്കല്പിച്ചിട്ടു ജാതകത്തിൽ യാതൊന്നു യാതൊന്ന് ഉദ്ദിഷ്ടമായി. പണ്ഡിതൻ അതതിനെ പ്രശ്നത്തിലും ചിന്തിക്കണം.

സാ—ജനനലഗ്നത്തെ ആശ്രയിച്ചാണല്ലോ ജാതകഫലം വിചാരിക്കുന്നതു്. ആ സ്ഥാനത്തു് പൃച്ഛാലഗ്നത്തെയോ ആരൂഢത്തെയോ കല്പിച്ചിട്ട് അറിയുന്ന ഭാവങ്ങൾ ഫലങ്ങളെയെല്ലാം വിചാരിക്കണം.

ഇതി പ്രശ്നമാർഗ്ഗേ

പ്രഥമോഽദ്ധ്യായഃ.

ഇങ്ങനെ പ്രശ്നമാർഗ്ഗത്തിൽ ഒന്നാം അദ്ധ്യായം അവസാനിച്ചു.

അഥ ദ്വിതീയാദ്ധ്യായപ്രാരംഭഃ.

മൂ—അഥ ദൈവജ്ഞകൃത്യമുച്യതേ.

അ—അനന്തരം ദൈവജ്ഞകൃത്യം വചിക്കപ്പെടുന്നു.

സാ—ജ്യോതിശ്ശാസ്ത്രത്തിന്റെ സ്വരൂപം വിഷയവിഭാഗം മുതലായവ പറഞ്ഞതിനുശേഷം ദൈവജ്ഞന്റെ നിത്യവും അനുഷ്ഠിക്കേണ്ടവയെക്കുറിച്ചു പറയുന്നു.

ഉത്ഥായോഷസി ദേവതാം ഹൃദി നിജാം ധ്യാത്വാ വപുശ്ശോധനം
കൃത്വാ സ്നാനപുരസ്സരം സലിലവിക്ഷേപാദികർമ്മാഖിലം
കൃത്വാ മന്ത്രജപാദികഞ്ച വിധിവത് പഞ്ചാംഗവീക്ഷാം തഥാ
ഖേടാനാം ഗണനാഞ്ച ദൈവവിദഥ സ്വസ്ഥാന്തരാത്മാ ഭവേൽ. ൧

അ—ദൈവവിത്തു് ഉഷസ്സിൽ ഉത്ഥാനംചെയ്തു് നിജയായ ദേവതയെ ഹൃത്തിൽ ധ്യാനിച്ചു് വപുശ്ശോധനത്തെ ചെയ്തു് സ്നാനപുരസ്സരം സലിലവിക്ഷേപാദിയായി അഖിലമായ കർമ്മത്തെയും വിധിപ്രകാരം മന്ത്രജപാദികളെയും അപ്രകാരം പഞ്ചാംഗവീക്ഷയെയും ഖേടങ്ങളുടെ ഗണനത്തെയും ചെയ്തു് പിന്നീടു് സ്വസ്ഥാന്തരാത്മാവായി ഭവിക്കണം.

സാ—ദൈവജ്ഞൻ അതിരാവിലെ എഴുന്നേറ്റു് തന്റെ ഇഷ്ടദേവതയെ ഭക്തിയോടുകൂടെ ധ്യാനിക്കണം. പിന്നീടു മലമൂത്രവിസർജ്ജനംചെയ്തു് ആചമനാദി ക്രിയകളോടുകൂടി സ്നാനംചെയ്തു് ദേഹശുദ്ധി വരുത്തണം. പിന്നീടു സന്ധ്യാവന്ദനം മുതലായ നിത്യാനുഷ്ഠാനങ്ങളും ചെയ്തു് മന്ത്രജപാദികളായ അനന്തരകർമ്മങ്ങളും കഴിഞ്ഞു് പഞ്ചാംഗം വെച്ചു് ഗ്രഹങ്ങളെയും ഗണിച്ചു് യാതൊരു മനോവികാരങ്ങളും കൂടാതെ നിശ്ചലചിത്തനായി ഇരിക്കണം.

ആലോകേത വപുര്യസ്യ കസ്യചിദസാവായാതി യൽ കിഞ്ചന
പ്രഷ്ടും മാം പ്രതി നൂനമിത്യവഹിതസ്സന്ന്യസ്തദൃഷ്ടിർദ്രുതം.
തച്ചേഷ്ടാദികമാകലയ്യ സകലം തൽകാലജാതം പുന-
ർജ്ഞാനീയാൽ സദസന്നിമിത്തമപി ച ശ്വാസസ്ഥിതിഞ്ചാത്മനഃ. ൨

അ—ഏതൊരുവന്റെ ആലോകനത്തിങ്കൽതന്നെ ഇവൻ എന്നോടു് എന്തോ ഒന്നിനെ ചോദിപ്പാനായിത്തന്നെ നിശ്ചയമായിട്ടും ആയാനംചെയ്യുന്നു. ഇതിനെ വിചാരിച്ചു് അവഹിതനായി ന്യസ്തദൃഷ്ടിയായി ദ്രുതമാകുംവണ്ണം തച്ചേഷ്ടാദികമായ സകലത്തെ ആകലനംചെയ്തു് പിന്നെ തൽകാലജാതമായ സദസന്നിമിത്തത്തെയും ആത്മാവിന്റെ ശ്വാസസ്ഥിതിയെയും അറിയണം.

സാ—ജ്യോതിഷക്കാരന്റെ സമീപത്തിൽ ആരെങ്കിലും വരുന്നുണ്ടെങ്കിൽ അവനോട് എന്തോ ചോദിപ്പാനായിട്ടാണ് ഇയാൾ വരുന്നതെന്നുകരുതി അവരുടെ ദർശനം, സ്പർശനം, സ്ഥിതി മുതലായവയെ നല്ലപോലെ നോക്കി മനസ്സിലാക്കണം. യാത്ര്യാസംബന്ധമായ ഉപശ്രുതി, ഉദയം മുതലായ അന്യനിമിത്തങ്ങളെയും ധരിച്ചുകൊള്ളണം. കൂടാതെ തൽസമയത്തിലുള്ള തന്റെ ശ്വാസഗതിയെയും അറിയണം. ഇവയുടെ വിവരണം മേൽ ഈ അദ്ധ്യായത്തിൽനിന്നുതന്നെ സിദ്ധിക്കും.

വാ—അഥ പൃച്ഛകകൃത്യമുച്യതേ

അ—അനന്തരം പൃച്ഛകകൃത്യം വചിക്കപ്പെടുന്നു.

സാ—ഇനി ജ്യോതിഷികന്റെ അടുക്കൽ എന്തെങ്കിലും അറിവാനായി ചെല്ലുന്ന ആളും (പൃച്ഛകൻ) അനുഷ്ഠിക്കേണ്ട കർമ്മങ്ങളെ പറയുന്നു.

തിഥൌ ശുദ്ധായാം ശുഭദേ നക്ഷത്രേ
താരകേ ദിനേ ശാന്തശുഭഗ്രഹാണാം
പ്രശസ്തഹസ്തഃ പ്രാഭൃതമാദായസ്ഥം
ജ്യോതിർവ്വിദം പ്രാതരുപേത്യ പൃച്ഛേൽ. ൯

അ—പ്രഷ്ടാവ് ശുദ്ധയായ തിഥിയിൽ ശുഭമായി താരാനുകൂലമായ നക്ഷത്രത്തിൽ ശുഭഗ്രഹങ്ങളുടെ ദിനത്തിൽ പ്രാതഃകാലത്തിൽ ഉപായനം ചെയ്തു ജ്യോതിർവിത്തിനെ പ്രാഭൃതയുക്തനാക്കി ചെയ്തിട്ട് ഇഷ്ടത്തെ പൃച്ഛിക്കണം.

സാ—ഫലം അറിയേണ്ട ആളും ചെല്ലുമ്പോൾ നല്ല പതിനാറ് സഹിതകരണം വിഷ്ടി മുതലായ ദോഷങ്ങളില്ലാത്ത തിഥിയും ജന്മാദിനക്ഷത്രത്തിൽ നിന്നു വിലക്കായിട്ടുള്ള നക്ഷത്രങ്ങളും പ്രഷ്ടാവിന്റെ ഗുരുവാരശാസനാളുകളും ചൊവ്വാ ശനി ഈ ആളുകളും ഒഴിച്ചു മറ്റുള്ള ദൈവജ്ഞന്റെ സമീപത്തുചെന്ന് എന്തെങ്കിലും കാഴ്ചദ്രവ്യം കൊടുത്തു് ആഗ്രഹങ്ങളെ പറയണം. അതു വെറുംകയ്യോടെ പാടില്ല. പൃച്ഛകൻ അനുഷ്ഠിക്കേണ്ടതിനെക്കുറിച്ചു ദൈവജ്ഞൻ പറയുന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു എന്തു് ശകുനം എന്നാൽ പൃച്ഛകന്റെ ഭാഗ്യം പ്രകാരം ആകുന്നതും ഇതിനു വിപരീതമായി വന്നുപോയാൽ അതിനെ അനുസരിച്ചു് ഫലത്തെ പറയണമെന്നും ധ്വന്യമാകുന്നു.

വാ—ഏവം ഭക്തിപൂർവ്വം പൃച്ഛത ഏവ ശുഭാശുഭം വാച്യം,
നാന്യസ്യ; തഥാ ചോക്തം.

അ—ഇപ്രകാരം ഭക്തിപൂർവ്വകംവണ്ണം പൃച്ഛന്നായിരിക്കുന്നവന്റെ ശുഭാശുഭം തന്നെ വാച്യമാകുന്നു. അന്യന്നു വാച്യമല്ല. അപ്രകാരം ഉക്തമുണ്ട്.

സാ—മേൽപറഞ്ഞവണ്ണം ഭക്തിയോടുകൂടി ആവശ്യപ്പെടുന്നവർക്ക് മാത്രമേ ശുഭാശുഭഫലങ്ങളെ പറയാവൂ. ഇതിനു വിപരീതമായി ആവശ്യപ്പെടുന്നവരോടു പറഞ്ഞുകൂടാ; ഇങ്ങനെ അറിവുള്ളവർ പറഞ്ഞിട്ടുണ്ട്.

ന പൃഷ്ടഃ കസ്യചിദ് ബ്രൂയാ-
ന്നാന്യായേന ച പൃച്ഛതഃ
പരമാർത്ഥഫലജ്ഞാനം
യതോ നൈവേഹ സിദ്ധ്യതി. ൧൦

അ—അപൃഷ്ടനായിട്ട് ഒരുത്തന്റെയും ശുഭാശുഭത്തെ പറയരുത്. അന്യായേന പൃച്ഛന്നായിരിക്കുന്നവന്റെ ശുഭാശുഭത്തെയും പറയരുത്. യാതൊരു ഹേതുവായിട്ട് ഇവിടെ പരമാർത്ഥഫലജ്ഞാനം സിദ്ധിക്കുന്നില്ലതന്നെ.

സാ—ദൈവജ്ഞനോടു വിധിപ്രകാരം ആവശ്യപ്പെടാതെ ഫലം പറഞ്ഞുപോകരുത്. യദൃച്ഛികമായി ദൈവജ്ഞനെ കാണുമ്പോഴോ അഥവാ പരീക്ഷിപ്പാനായോ ആവശ്യപ്പെട്ടാലും ഫലം പറയരുത്. എന്തെന്നാൽ ഈ അവസരത്തിൽ യഥാർത്ഥഫലം ഉദിക്കുന്നതല്ല; ഇങ്ങനെ ആകുന്നു താല്പര്യം.

അപൃച്ഛതഃ പൃച്ഛതോ വാ ജിജ്ഞാസോരസ്യ കസ്യചിത്
ഹോരാകേന്ദ്രത്രികോണേഭ്യഃ ശുഭാശുഭഫലം വദേത്. ൩

അ—അപൃച്ഛന്നായോ പൃച്ഛന്നായോ ജിജ്ഞാസുവായ ഒരുവന്റെ ശുഭാശുഭഫലത്തെ ഹോരാകേന്ദ്രത്രികോണങ്ങളിൽനിന്ന് പറയണം.

സാ—ഫലമറിവാൻ കഴിവുള്ള ഏതെങ്കിലും ആഗ്രഹത്തോടുകൂടി ദൈവജ്ഞന്റെ അടുക്കൽവന്ന് ചോദിച്ചാലും ഇല്ലെങ്കിലും ലഗ്നം കേന്ദ്രം ത്രികോണം മുതലായ ഭാവങ്ങളെക്കൊണ്ട് ആ ജിജ്ഞാസുവിന്റെ ശുഭാശുഭഫലങ്ങളെ പറയണം. ഭാവങ്ങളിൽവെച്ച് ലഗ്നത്തിന് സർവ്വപ്രകാരേണ പ്രാമാണ്യം ഉണ്ട്. അതുപോലെ മററു കേന്ദ്രാദികളും ത്രികോണങ്ങളും പ്രബലങ്ങളാണ്. ഇത് ബൃഹജ്ജാതകം മുതലായ ഹോരാഗ്രന്ഥങ്ങളിൽ സ്പഷ്ടമാണ്. കൂടാതെ മറെറചില ഭാഗങ്ങളിൽനിന്ന് വെളിവാകയും ചെയ്യും.

വസിഷ്ഠവചനാദസ്മാജ്ജിജ്ഞാസോരപ്യപൃച്ഛതഃ
ദർശനേ ദൈവവിദ്ബ്രൂയാദാരൂഢേന ശുഭാശുഭം. ൪

അ—ഈ വസിഷ്ഠവചനം ഹേതുവായിട്ട് അപൃച്ഛന്നായാലും ജിജ്ഞാസുവിന്റെ ദർശനത്തിൽ ദൈവവിത്ത് ആരൂഢംകൊണ്ട് ശുഭാശുഭത്തെ പറയണം.

സാ—മേലുദ്ധരിച്ചതു വസിഷ്ഠവചനം ആയിരുന്നു. അതിനാൽ ശരിയായവിധത്തിൽ ചോദിക്കാതെ പറയത്തക്ക നിശ്ചയിച്ചിട്ടില്ലെങ്കിലും അറിവാനാഗ്രഹമുള്ളവനാണെങ്കിൽ അവനെ കണ്ടാൽ ആരൂഢരാശികൊണ്ട് ശുഭാശുഭങ്ങളെ പറയേണ്ടതാണ്. യഥാർത്ഥദൈവജ്ഞന്ന് ഇതിനുവേണ്ട ഇംഗിതജ്ഞാനവും ഉണ്ടായിരിക്കുമല്ലോ.

വാ—അഥ ആരൂഢവിധിരുച്യതേ.

അ—അനന്തരം ആരൂഢവിധി വചിക്കപ്പെടുന്നു.

സാ—ആരൂഢംകൊണ്ട് ഫലം പറയണമെന്ന് കഴിഞ്ഞ ശ്ലോകംകൊണ്ട് സിദ്ധമായല്ലോ. അതിനാൽ ഇനി ആരൂഢരാശിയെ കല്പിക്കേണ്ട ക്രമം പറയപ്പെടുന്നു.

ഐന്ദ്ര്യാം മേഷവൃഷാവാഗ്നേയകോണേ മിഥുനഃ സ്ഥിതഃ
യാമ്യാം കർക്കടസിംഹൌ ദ്വൌ നൈരൃത്യാം ദിശി കന്യകാ. ൫

വാരുണ്യാന്തു തുലാകീടൌ വായുകോണേ ധനുഃസ്ഥിതിഃ
സൌമ്യാം മൃഗഘടൌ സ്യാതാമൈശാന്യാം ദിശി മീനകഃ. ൬

ഭൂമിചക്രമിതിപ്രോക്തം വിഷ്ടഗൈർദൈവവിത്സ്ഥിതം
തസ്മിൻ യത്ര സ്ഥിതഃ പ്രഷ്ടാ രാശിരാരൂഢകം ഹി തൽ. ൭

ആരൂഢത്വാൽ പൃച്ഛകേന രാശിരാരൂഢ ഉച്യതേ
തസ്മിൻ സമ്യക് പരിജ്ഞാതേ സർവ്വം തേനൈവ ചിന്ത്യതാം.

തസ്മിന്നനിശ്ചിതേ ചക്രം വിലിഖ്യാസ്മിൻ സുപൂജിതേ
പ്രഷ്ടാ സ്വർണ്ണേന യം രാശിം സ്പൃശേദാരൂഢ ഏവ സഃ. ൮

അ—ഐന്ദ്രിയിൽ മേഷവൃഷഭങ്ങളും അഗ്നികോണത്തിൽ മിഥുനവും സ്ഥിതമാകുന്നു. യാമ്യയിങ്കൽ കർക്കടസിംഹങ്ങൾ ഭവിക്കുന്നു. നൈരൃതിയായ ദിക്കിൽ കന്യകയും ഭവിക്കുന്നു. വാരുണിയിൽ തുലാകീടങ്ങൾ ഭവിക്കുന്നു. വായുകോണത്തിൽ ധനുസ്ഥിതി ഭവിക്കുന്നു. സൌമ്യയിങ്കൽ മൃഗഘടങ്ങൾ ഭവിക്കും. ഐശാനിയായ ദിക്കിൽ മീനം ഭവിക്കും. ഇപ്രകാരം ദൈവജ്ഞന്റെ ചുററും ഭൂമിചക്രം സ്ഥിതമെന്നു പ്രോക്തമാകുന്നു. അതുകളിൽവെച്ച് യാതൊന്നിൽ സ്ഥിതനായിട്ട് പ്രഷ്ടാവു പൃച്ഛിക്കുന്നു. അത് ആരൂഢമാകുന്നുവല്ലോ. പൃച്ഛകനാൽ ആരൂഢത്വം ഹേതുവായിട്ട് രാശി ആരൂഢമെന്നു വചിക്കപ്പെടുന്നു. അതു വഴിപോലെ പരിജ്ഞാതമായിരിക്കുമ്പോൾ അതുകൊണ്ടുതന്നെ

എല്ലാം ചിന്തിക്കപ്പെടണം. അതു് അനിശ്ചിതമായിരിക്കുമ്പോൾ ചക്രത്തെ വിലേഖനം ചെയ്തു പൂജിതമായിരിക്കുന്ന ഇതിൽ സ്വർണ്ണംകൊണ്ടു യാതൊരു രാശിയെ പ്രഷ്ടാവു സ്പർശിക്കുമോ അതുതന്നെ ആരൂഢമാകുന്നു.

സാ—മേടവും ഇടവവും കിഴക്കേതിലും മിഥുനം അഗ്നികോണിലും കർക്കടകവും ചിങ്ങവും തെക്കേതിലും കന്നിരാശി നിരൃതികോണിലും തുലാവും വൃശ്ചികവും പടിഞ്ഞാറേതിലും ധനുരാശി വായുകോണിലും മകരവും കുംഭവും വടക്കും മീനംരാശി ഈശകോണിലും ഇങ്ങനെ പൃഥ്വിക്കാരന്റെ ചുറ്റമായി രാശിചക്രം സ്ഥിതിചെയ്യുന്നു. ഇതുകൊണ്ടു പന്ത്രണ്ടു രാശികൾ സിദ്ധമായല്ലോ. ഫലമറിവാനായിവന്ന ആൾ ഈ രാശികളിൽവെച്ചു് ഏതൊരു രാശിയിൽ സ്ഥിതിചെയ്തിട്ടാണോ ചോദിക്കുന്നതു്, ആ രാശിയെ ആരൂഢമെന്നു കല്പിക്കണം. പൃച്ഛകൻ ആരോഹിച്ചിട്ടുള്ളതുകൊണ്ടാണു് അതിനെ ആരൂഢമെന്നു പറയുന്നതു്. ഇങ്ങനെ ആരൂഢരാശി പൂർണ്ണമായി അറിയുവാൻ കഴിയുമെങ്കിൽ അതിനെ ആസ്പദമാക്കി സകലഫലങ്ങളും വിചാരിക്കാവുന്നവയാണു്. ഈ രാശിയെ ലഗ്നമെന്നു പറയാം. സ്ഥിതികൊണ്ടു് ആരൂഢരാശി നിർണ്ണയിക്കാൻ നിവൃത്തിയില്ലാതെ വന്നാൽ മേല്പറയപ്പെടുന്ന വിധിപ്രകാരം രാശിചക്രം വരച്ചു ഗണപൂജ മുതലായതുചെയ്തു പ്രഷ്ടാവിനെക്കൊണ്ടു സ്വർണ്ണം വയ്പിക്കണം. മേൽ പറയുന്ന നിയമമനുസരിച്ചു വേറെ കവടികൊണ്ടു് വയ്പിക്കയുമാം. ഈ രാശി ആരൂഢമാകുന്നു.

വാ—പൃച്ഛാസമയ ഏവ ദൈവജ്ഞേന ജ്ഞാതവ്യാനി വക്ഷ്യമാണക്രമേണോച്യന്തേ.

അ—പൃച്ഛാസമയത്തിൽതന്നെ ദൈവജ്ഞനാൽ ജ്ഞാതവ്യങ്ങളായവ വക്ഷ്യമാണക്രമേണ വചിക്കപ്പെടുന്നു.

സാ—പൃച്ഛകൻ ദൈവജ്ഞനോടു ആവശ്യം പറയുന്ന സമയംതന്നെ ജ്യോതിഷക്കാരൻ അറിയേണ്ടതായുള്ള സംഗതികളുണ്ടു്. അവയെല്ലാം വിവരിച്ചു പറയപ്പെടുന്ന ക്രമത്തിൽ ഇവിടെ പറയാൻപോകുന്നു.

ദൈവജ്ഞേന സമാഹിതേന സമയോ ദേശഃ സ്വവായുർഗ്ഗതഃ
പ്രഷ്ടുഃ സ്പർശനമാശ്രിതർക്ഷഹരിതൗ പ്രശ്നാക്ഷരാണി സ്ഥിതിഃ
ചേഷ്ടാഭാവവിലോകനേ ച വസനാദ്യന്യച്ച തത്കാലജം
പൃച്ഛായാഃ സമയേ തദേതദഖിലം ജ്ഞേയം ഹി വക്തും ഫലം. ൧൨

അ—സമാഹിതനായ ദൈവജ്ഞനാൽ പൃച്ഛയുടെ സമയത്തിൽ സമയവും ദേശവും സ്വവായുവും ഗതവും പ്രഷ്ടാവിന്റെ സ്പർശവും ആശ്രിതർക്ഷഹരിത്തുകളും പ്രശ്നാക്ഷരങ്ങളും സ്ഥിതിയും ചേഷ്ടാഭാവവിലോകനങ്ങളും വസനാദിയും തത്കാലജമായ അന്യവും ഫലത്തെ വചിപ്പാനായി അഖിലമായ ആ ഇതു്—ജ്ഞേയമാകുന്നുവല്ലോ.

സാ—പൃച്ഛകൻ ദൈവജ്ഞനോടു തന്റെ ആവശ്യകതയെ പറയുമ്പോൾ സമയം മുതലായവയെ മനസ്സുവച്ചറിയണം. അതിനാൽ വളരെ സമാധാനചിത്തനായിരുന്നു കൊള്ളേണ്ടതാണു്. അപ്പോൾ ശ്രദ്ധിച്ചറിയേണ്ടവയെ താഴെ പറയുന്നു. സമയം, ദേശം, തന്റെ ശ്വാസഗതി, അപ്പോഴത്തെ സുഖദുഃഖാദിവ്യവസ്ഥ, പ്രഷ്ടാവിന്റെ സ്പർശലക്ഷണം, പ്രഷ്ടാവു നില്ക്കുന്ന രാശി, (ദിക്ക) പ്രഷ്ടാവിന്റെ ചോദ്യത്തിലുൾപ്പെട്ട അക്ഷരങ്ങൾ, പൃച്ഛകന്റെ അപ്പോഴത്തെ നില, പൃച്ഛകന്റെ അപ്പോഴത്തെ വ്യാപാരം, അപ്പോഴത്തെ സ്വഭാവവിശേഷം, ദേഹത്തിൽ ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ സ്ഥിതി ആകൃതിയുംകൊണ്ടു് പൃച്ഛകന്റെ ആഭരണാദികൾ, അപ്പോൾ അപ്രതീക്ഷിതമായുണ്ടാകുന്ന മറ്റുള്ള ശുഭാശുഭനിമിത്തങ്ങൾ ഇവയെല്ലാം സൂക്ഷ്മമായി അറിഞ്ഞുകൊള്ളണം. ഇതുകളുടെ സന്നതികളെക്കൊണ്ടു പ്രഷ്ടാവിന്റെ ഗുണദോഷങ്ങളെ പറയുവാനാണു്. അതിന്റെ രീതി അടുത്തുതന്നെ പറയുകയും ചെയ്യും.

വാ—അഥ ഫലനിർദ്ദേശക്രമ ഉച്യതേ.

അ—അനന്തരം ഫലനിർദ്ദേശക്രമം വചിക്കപ്പെടുന്നു.

സാ—ഇനി ദൈവജ്ഞൻ പ്രഷ്ടാവിനെ സംബന്ധിച്ചുള്ള ഫലങ്ങളെ നിരൂപിക്കാനുള്ള ക്രമം പറയപ്പെടുന്നു.

പൃച്ഛാനിർഗമമാർഗമന്ദിരഗതിപ്രശ്നക്രിയാസംഭവം
സ്പൃഷ്ട്യസ്പൃഷ്ടജനാസ്തമംഗലഫലാന്യുദ്ഭാവയേദുദ്ഭവം
ആയുഃ ഖേടവശാച്ച ജാതകവശാൽ സംചിന്ത്യ ദേവാൻ പരാൻ
ദേവാനാമനുകൂലതാദി ച വദേദ്ബാധാദിചാരാദ്യപി. ൧൩

അ—പൃച്ഛാനിർഗമമാർഗമന്ദിരഗതിപ്രശ്നക്രിയാസംഭവമായും സ്പൃഷ്ട്യസ്പൃഷ്ടജനാസ്തമംഗലഫലാന്യുദ്ഭവോദയേത്യുദ്ഭവമായും ഉദിക്കുന്ന ആയുസ്സിനെയും ഖേടവശാൽ ഹേതുവായിട്ടും ജാതകവശാൽ ഹേതുവായിട്ടും ആയുസ്സിനെയും പറഞ്ഞുകൊണ്ടിരിക്കുന്ന ദേവന്മാരെയും ദേവന്മാരുടെ അനുകൂലതാദിയേയും ബാധാദിചാരാദിയേയും സംചിന്തനംചെയ്തു വദിക്കണം.

സാ—പൃച്ഛാസമയത്തിൽ വരികയുണ്ടായ കഴിഞ്ഞ ശ്ലോകംകൊണ്ടു പറഞ്ഞുകഴിഞ്ഞല്ലോ. ആവക ലക്ഷണങ്ങളെക്കൊണ്ടും പുറപ്പെട്ടപ്പോൾ അപ്പോഴും സംഭവിക്കുന്ന നിമിത്താദികളെക്കൊണ്ടും വഴിയിൽവെച്ചു കാണുന്ന ശകുനം മുതലായവയെ ആശ്രയിച്ചും പൃച്ഛകൻ ഗൃഹത്തിങ്കൽ പ്രവേശിക്കുമ്പോൾ അനുഭവപ്പെടുന്ന ലക്ഷണങ്ങളെക്കൊണ്ടും ചക്രമെഴുത്തു മുതലായ പ്രശ്നകർമ്മത്തിന്റെ ഉപകരണസാധനങ്ങളെ (സ്വർണ്ണദീപതാംബൂലാദികളെ)ക്കൊണ്ടും സ്പൃഷ്ടം സ്പൃഷ്ടം അഷ്ടമംഗലം ആരൂഢം ഉദയം ചന്ദ്രൻ ഇവകളിൽ നിന്നും ഗ്രഹങ്ങളുടെ സ്ഥിതിഭേദംകൊണ്ടും ജാതകഫലത്താലും ആയുസ്സിനെ ചിന്തിച്ചു നിശ്ചയിക്കണം. ആയുർവിഷയം പ്രധാനമായിട്ടാണ് ഈ പ്രശ്നമാർഗ്ഗത്തിന്റെ പുറപ്പാട്. അതുകൊണ്ടാണ് പൃച്ഛാനിർഗ്ഗമനാദികളെക്കൊണ്ട് ആയുസ്സിനെ അറിയണം എന്നു പറഞ്ഞത്. വിവാഹപ്രശ്നം സന്താനപ്രശ്നം മുതലായതിനും സമയാദികളെ ഇതുപോലെ ചിന്തിക്കേണ്ടതാണ്. കൂടാതെ ദേവന്മാരെക്കുറിച്ചും ഇവരുടെ ആനുകൂല്യത്തെയും ധർമ്മദൈവവിചാരത്തെയും ആഭിചാരം ബാധാചിന്ത മുതലായവയേയും വഴിപോലെ ആലോചിച്ചിട്ടു പറയേണ്ടതാണ്. ഫലം പറയുന്നതിനുള്ള ക്രമം ഇപ്രകാരമാണ്.

ദൈവജ്ഞസാവധാനത്വേ
പ്രഷ്ടുശ്ച പ്രശ്നസൌഷ്ഠവേ
സതി പ്രശ്നേഷു സർവ്വേഷു
ശുഭാപ്തിർവ്വചനം തഥാ. ൧൪

അ—ദൈവജ്ഞസാവധാനത്വവും പ്രഷ്ടാവിന്റെ പ്രശ്നസൌഷ്ഠവവും സത്തായിരിക്കുമ്പോൾ സർവ്വങ്ങളായ പ്രശ്നങ്ങളിലും ശുഭാപ്തി ഭവിക്കുന്നു. അപ്രകാരം വചനവും ഉണ്ട്.

സാ—പൃച്ഛകൻ ദൈവജ്ഞനോടു കാര്യം പറയുമ്പോൾ ദൈവജ്ഞൻ കാര്യാന്തരങ്ങളാൽ ഇളക്കംകൂടാതെ സമാധാനചിത്തനായിരിക്കണം. പൃച്ഛകൻ തയ്യാറായിട്ടു ക്രമപ്രകാരം ചോദിക്കയും വേണം. ഇങ്ങിനെ ആയാൽ ആയുസ്സ് വിവാഹം സന്താനം മുതലായവയെ അധികരിച്ചുള്ള എല്ലാ പ്രശ്നങ്ങളിലും ശുഭഫലംതന്നെ ഉണ്ടാവും. ഇങ്ങിനെ വേണമെന്നുള്ളതിന് ആപ്തവചനം ഉണ്ട്.

ദൈവജ്ഞസാവധാനത്വേ പ്രഷ്ടുശ്ച പ്രശ്നസൌഷ്ഠവേ
ഇഷ്ടദ്രവ്യശ്രുതീക്ഷേ ച സമ്യഗിഷ്ടോപലബ്ധയഃ—ഇതി. ൧൫

അ—ദൈവജ്ഞസാവധാനത്വവും പ്രഷ്ടാവിന്റെ പ്രശ്നസൌഷ്ഠവവും ഇഷ്ടദ്രവ്യശ്രുതീക്ഷകളും വഴിയാംവണ്ണം ഇഷ്ടോപലബ്ധിക്കായി ഭവിക്കും.

സാ—പൃച്ഛാസമയത്ത് ദൈവജ്ഞൻ സമാധാനമുള്ളവനായിരിക്കണം. പൃച്ഛകൻ ശരിയായി വണക്കത്തോടുകൂടി വേണം കാര്യം പറയേണ്ടതു്. അപ്പോൾ ശുഭപദങ്ങളെപ്പറ്റി പറയുന്നതു കേൾക്കുകയോ അവയെ കാണുകയോ വേണം. ഇങ്ങനെ

ഇല്ലാതാകയാൽ പൃച്ഛകന്റെ അനുഗ്രഹം സ്വഭാവേന സാധിക്കുമെന്നു പറയണം. ഇതിലു ള്ളം ദൈവ്യാദ്ദേശത്തിനുള്ള സാഫല്യസൂചകമാകുന്നു.

വാ—അഥാശുഭകാനാം സമയാദീനാം ശുഭാശുഭതോച്യതേ.

അ—അനന്തരം ഉക്തങ്ങളായ സമയാദികളുടെ ശുഭാശുഭത്വം ക്രമേണ വചിക്കപ്പെടുന്നു.

സാ—ഇതുവരെയാൽ സമാഹിതമായിട്ട് സമയം ദേശം വാക്കു മുതലായവയെ [illegible] മുൻപേ പറഞ്ഞുവല്ലോ. അവയുടെ ശുഭത്വവും അശുഭത്വവും തന്നിമിത്തമുള്ള ഫലങ്ങളും ക്രമേണ താഴെ പ്രസ്താവിക്കുന്നു. ഒന്നാമതായി സമയത്തിന്റെ ശുഭാശുഭത്വങ്ങളെ പറയുന്നു.

ബാലേന്ന്വാഭ്യുദിതാരാസു ഗണ്ഡാന്തോൽക്ഷിപ്തകേഷു ച
അഷ്ടമീവിഷ്ടിരിക്താസു സന്ധിഷ്വന്യകരേഷു ച.
തിഥിനക്ഷത്രയോശ്ചൈവ സന്ധൗ ച ഗുളികോദയേ
ചക്രാർദ്ധ ഗ്രഹണേ സപ്തശലാകാന്യകാർഗ്ഗളേ തഥാ.
മൃത്യുദഗ്ദ്ധാദിയോഗേഷു പാപഗ്രസ്തൃക്ഷേഷു ച
ദുർയോഗേഷ്വാരമേഷു ച നിശീഥേ തദിതരേഷു.
സംക്രാന്തൗ ച തഥാ പ്രഷ്ടുർവിപൽപ്രത്യരയോർവധേ
അഷ്ടമേ ച തഥാ രാശൗ ജന്മാഷ്ടമഗതേ വിധൗ
ഇത്യാദിദുഷ്ടകാലേഷു പ്രശ്നഃ സ്യാദശുഭപ്രദഃ

അ—ബാലനാന്നതാഭ്യുദിതതാരകളിലും ഗണ്ഡാന്തോൽക്ഷിപ്തികങ്ങളിലും അഷ്ടമീവിഷ്ടിരിക്തകളിലും സന്ധികളായ കരണങ്ങളിലും തിഥിനക്ഷത്രാദ്യന്തസന്ധികളിലും ഗുളികോദയത്തിലും ചക്രാർദ്ധത്തിലും ഗ്രഹണത്തിലും സപ്തശലാകയിലും അപ്രകാരം ഏകാർഗ്ഗളത്തിലും മൃത്യുദഗ്ദ്ധാദിയോഗങ്ങളിലും പാപഗ്രസ്തനക്ഷത്രങ്ങളിലും ദുർയോഗത്തിലുള്ള പ്രദോഷത്തിലും നിശീഥത്തിലും തദിതരത്തിലും സംക്രാന്തിയിലും അപ്രകാരം പ്രഷ്ടാവിന്റെ വിപൽപ്രത്യരങ്ങളിലും വധത്തിലും അതുപോലെ അഷ്ടമമായ രാശിയിലും വിധു ജന്മാഷ്ടമഗതനായിരിക്കും സമയത്തിലും ഇത്യാദി ദുഷ്ടകാലങ്ങളിൽ പ്രശ്നം അശുഭപ്രദമായി ഭവിക്കും.

സാ—ഭരണി, കാർത്തിക, തിരുവാതിര, ആയില്യം, മകം, പൂരം, വിശാഖം, കേട്ട, മൂലം, പൂരാടം, പൂരുരുട്ടാതി ഈ പതിനൊന്നുനാളുകളും ചോദ്യത്തിന് നിഷേധിച്ചുവച്ചതാണ്.

അശ്വതി, മകം മൂലം, ഇവകളുടെ ആദ്യപാദവും ആയില്യം, കേട്ട, രേവതി ഇവകളുടെ ഒടുവിലത്തെ പാദവും നക്ഷത്രഗണ്ഡാന്തവും കർക്കടകം, ചിങ്ങം, വൃശ്ചികം, ധനുസ്സ്, മീനം, മേടം ഈ രാശികളുടെ സന്ധിയിൽ ഓരോ നാഴിക രാശിഗണ്ഡാന്തവും പഞ്ചമി, ദശമി, ഏകാദശി വരെ പ്രഥമ ഈ പക്കങ്ങളുടെ സന്ധിയിലും ഈരണ്ടു നാഴിക തിഥിഗണ്ഡാന്തവുമാകുന്നു. പക്ഷെ നക്ഷത്രഗണ്ഡാന്തത്തെ മാത്രമേ സാധാരണയായി ഇപ്പോൾ വിചാരിച്ചുവരാറുള്ളൂ.

അശ്വതി, രോഹിണി, പുണർതം, മകം ഈ നക്ഷത്രങ്ങൾക്ക് ൩൦ നാഴികയ്ക്കു മേൽ ൪൦ നാഴികയും ഭരണി, മകയിരം, പൂയം, പൂരം, ചിത്തിര ഈ നാളുകൾക്ക് ൨൦ നാഴികയ്ക്കുമേൽ ൪ നാഴികയും കാർത്തിക, തിരുവാതിര, ആയില്യം, ഉത്രം, ചോതി ഈ നാളുകൾക്ക് ൨൧ നാഴികയ്ക്കുമേൽ ൪ നാഴികയും വിശാഖം, മൂലം, തിരുവോണം പൂരുരുട്ടാതി ഈ നാളുകൾക്ക് ആദ്യം ഏഴുനാഴികയും അത്തം, പൂരാടം, അവിട്ടം, ഉത്രട്ടാതി ഈ നക്ഷത്രങ്ങൾക്ക് ൫ നാഴികയ്ക്കുമേൽ ൪ നാഴികയും കേട്ട ഉത്രാടം, ചതയം, രേവതി ഈ നാളുകൾക്ക് ൨൦ നാഴികയ്ക്കുമേൽ ൪ നാഴികയും ഉഷ്ണകാലമാകുന്നു.

അശ്വതിമുതൽ ൨൭ നക്ഷത്രങ്ങൾക്ക് ക്രമേണ ൫൦. ൨൪. ൩൦. ൪൦. ൧൪. ൨൧. ൩൦. ൨൦. ൩൨. ൩൦. ൨൦. ൧. ൨൧. ൨൦. ൧൪. ൧൪. ൧൦. ൧൪. ൨൦. ൨൪. ൨൦. ൧൦. ൧൦. ൧൮. ൧൬. ൨൪. ൩൦.

൭൪- ൫൭- ൩൭- ൩൨, ഇവ നാഴികകളുമേൽ നന്നാലുനാഴിക സമയം വിഷകാലമാകുന്നു. അഷ്ടമി നിഷിദ്ധമാകുന്നു.

സിതപക്ഷത്തിലെ ചതുർത്ഥി ഏകാദശി ഇവകളുടെ ഉത്തരാർദ്ധവും അഷ്ടമി വാവ് ഇവയുടെ പൂർവാർദ്ധവും കൃഷ്ണപക്ഷത്തിലെ തൃതീയ ദശമി ഇവയുടെ ഒടുവിലത്തെ അർദ്ധവും സപ്തമി പതിനാല് ഇവയുടെ പൂർവാർദ്ധവും വിഷ്ടിതരണമാകുന്നു. ചതുർദശി നവമി ചതുർത്ഥി ഈ പക്കങ്ങൾ രിക്തയാകുന്നു.

കൃഷ്ണപക്ഷത്തിലെ പതിന്നാലിന്റെ അന്ത്യാർദ്ധവും കറുത്തവാവും വെളുത്ത പ്രതിപദത്തിന്റെ പൂർവാർദ്ധവും നിന്ദിതങ്ങളാകുന്നു. പക്കങ്ങളുടെ ആദ്യവസാനങ്ങളിൽ ഓരോ നാഴിക തിഥിസന്ധിയും നക്ഷത്രങ്ങളുടെ ആദ്യവസാനങ്ങളിൽ രണ്ടര നാഴിക നക്ഷത്രസന്ധിയും രാശികളുടെ ആദ്യവസാനങ്ങളിൽ ഏഴര വിനാഴിക വീതം രാശിസന്ധിയും അംശകങ്ങളുടെ ആദ്യവസാനങ്ങളിൽ ഓരോ വിനാഴിക അംശകസന്ധിയും സന്ധികളാകുന്നു.

ഗുളികോദയരാശി അശുഭകാലമാകുന്നു. ഗുളികനാഴിക സുപ്രസിദ്ധങ്ങളാകയാൽ ഇവിടെ കാണിക്കുന്നില്ല. ഗുളികോദയത്തിനു പകരമുള്ള ഗുളികോദയരാശിയും വിഷ്ണുഗ്രന്ഥങ്ങളിൽ പറയപ്പെട്ട രാശിയോഗവും നിശ്ചയമല്ല.

ചന്ദ്രാസ്തം, ശുക്രാസ്തവും ഗുരുമൗഢ്യവും തുടങ്ങിയ നക്ഷത്രങ്ങളും മുഴുവൻ വർജ്ജിക്കേണ്ടതാണ്. ഇത് ഗ്രന്ഥാന്തരങ്ങളിൽനിന്നറിഞ്ഞുകൊള്ളേണം.

സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും അതായത് ചന്ദ്രഗ്രഹണംമുതൽ മൂന്നുദിവസവും സൂര്യഗ്രഹണംമുതൽ ഏഴുദിവസവും ഗ്രഹണദോഷമായി ദോഷകാലമാകുന്നു. ഗ്രഹണത്തിന് മുൻപു വർജ്ജിക്കേണ്ടതില്ല. ഇതിനെപ്പറ്റി പല മതാന്തരങ്ങളുമുണ്ട്. വിസ്താരഭയം നിമിത്തം അവയെ കാണിക്കുന്നില്ല.

ചന്ദ്രക്രിയയോഗത്തിൽ വ്യതീപാതമെന്ന നിത്യയോഗത്തിന്റെ ഉത്തരാർദ്ധത്തെ സർവ്വനിഷ്ഠമെന്ന് പറയുന്നു.

സൂര്യസ്ഫുടത്തെ ഏതു രാശിയിൽനിന്നു വാങ്ങി നാളുകളാൽ വരുന്ന നാളിലും അതിന്റെ ൧-൭-൧൦-൧൪-൧൫-൧൮-൧൯-൨൦ ഈ നാളുകളിലും കണ്ട നക്ഷത്രത്തിൽ എത്ര നാഴിക ചെന്നിട്ടാണോ അത്ര നാഴികനേരമുള്ള കാലം ഏകാർഗ്ഗളമാകുന്നു.

ആഴ്ചകൾ	മൃത്യുയോഗം	ദഗ്ദ്ധയോഗം	അഗ്നിയോഗം
ഞായർ	മകം	ദ്വാദശി	ഭരണി
തിങ്കൾ	വിശാഖം	ഏകാദശി	ചിത്തിര
ചൊവ്വാ	തിരുവാതിര	പഞ്ചമി	ഉത്രാടം
ബുധൻ	മൂലം	ദ്വിതീയ	അവിട്ടം
വ്യാഴം	ചതയം	ഷഷ്ഠി	കേട്ട
വെള്ളി	രോഹിണി	അഷ്ടമി	പൂരാടം
ശനി	ഉത്രാടം	നവമി	രേവതി

ഞായറാഴ്ചമുതൽ മകം മുതലുള്ള നക്ഷത്രങ്ങളും ചേർന്നാൽ മൃത്യുയോഗവും ദ്വാദശി തുടങ്ങി ഈ കാണിച്ചിട്ടുള്ള പക്കങ്ങളും ചേർന്നാൽ ദഗ്ദ്ധയോഗവും ഭരണി മുതലുള്ള ഈ നക്ഷത്രങ്ങളും ചേർന്നാൽ അഗ്നിയോഗവുമാകുന്നു.

ഈ യോഗങ്ങൾക്ക് പകലിന്റെ എട്ടിൽ ഒരു ഭാഗം വർജ്ജ്യമാകുന്നു. ശാസ്ത്രാന്തരങ്ങളിൽ യോഗങ്ങൾ അധികം കാണുന്നുണ്ട്. അവയെ ദീക്ഷവാദം ഇപ്പോൾ ആചരിച്ചുവരായ്കയാൽ ഇവിടെ എടുത്തു കാണിക്കുന്നില്ല.

പാപഗ്രഹയോഗരാശിയും പാപദൃഷ്ടിയുള്ള രാശിയും വർജ്ജ്യമാകുന്നു.

ഉദയരാശിയിലെ സന്ധ്യാസമയം ഉൽകൃഷ്ടവും ശുഭകർമ്മത്തിനു ഉചിതവുമാകയാൽ ആ സമയവും പ്രശ്നത്തിനു ശുഭമല്ല.

അർദ്ധരാത്രിയിലുള്ള ൨ നാഴിക അഭിജിന്മുഹൂർത്തമാകയാൽ ആ സമയവും നിന്ദ്യമാകുന്നു. രാത്രി മുഴുവൻ നിന്ദിതമാകുന്നു. വിശേഷിച്ച് രാത്രിയിലെ ൨-ാമത്തെ മുഹൂർത്തം ഏറ്റവും നിന്ദ്യമെന്നു സാരം.

ആദിത്യോദയരാശിയുടെ ഏഴാമത്തെ രാശി പാട്ടുരാശിയാണ്. ആ രാശിയും നിന്ദ്യമാണ്.

ആദിത്യസംക്രമത്തിന്റെ മുൻപിലും പിൻപിലും പതിനാറു നാഴികവീതം വിഷ്ണുപദം പുണ്യകാലമാകയാൽ ആ സമയം വർജ്ജിക്കേണ്ടതാകുന്നു.

പ്രഷ്ടാവിന്റെ ൧൯-ഉം ഈ നക്ഷത്രങ്ങളും അപ്രകാരം തന്നെ ജനനകാലത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ൮-ാമത്തെ രാശിയിൽ ചന്ദ്രൻ നില്ക്കുമ്പോഴും ശുഭമല്ല. ആദിശബ്ദംകൊണ്ട് മുഹൂർത്തഗ്രന്ഥങ്ങളിൽ നിഷേധിക്കപ്പെട്ടിരിക്കുന്ന ഗുളികോദയം മുതലായ മറ്റു ദോഷങ്ങളും പ്രശ്നത്തിനു വർജ്ജിക്കേണ്ടവയാകുന്നു എന്ന് സൂചിപ്പിച്ചിരിക്കുന്നു. ദോഷങ്ങൾ നമ്മുടെ ബുദ്ധിക്കനുഭവമുള്ളതെന്ന് മാത്രമല്ല ദോഷങ്ങളാൽ അദൃഷ്ടവും ഭിന്നങ്ങളുമാണ്. അവയെ സവിസ്തരം പ്രതിപാദിക്ക എന്നുവെച്ചാൽ ഈ ഗ്രന്ഥം ക്രമത്തിലധികം ദീർഘിച്ചുപോകുന്നതാകും. അതിനാൽ ആ കൃത്യത്തിലേക്ക് ഉദ്യമിക്കുന്നില്ല. മേല്പറഞ്ഞ നിഷിദ്ധകാലങ്ങളിലും മറ്റും ഉണ്ടായ പ്രശ്നം അശുഭമായിത്തീരുന്നതാണ്. പ്രഷ്ടാവ് നിശ്ചയമായും കാലനിർണ്ണയം ചെയ്തുകൊണ്ട് ആരംഭിച്ച പ്രശ്നത്തിന് ഫലം ചൊല്ലാവുള്ളൂ. അപ്രകാരം മേല്പറഞ്ഞ ദോഷങ്ങളോടു സംബന്ധിക്കാതുള്ള അതിനെ ആശ്രയിച്ചു ഫലം പറഞ്ഞുകൊള്ളണമെന്നാണ് ഇതിന്റെ സാരം. അല്ലാതെ ഉണ്ടായ പ്രശ്നത്തിന് ചൊല്ലുകയേ ഇല്ല എന്ന് സാധാരണ വ്യവസ്ഥയില്ലല്ലോ.

> ഇത്യാദിദോഷരഹിതേ കാലേ ഷട്ത്രിംശദ്ഘടികാസ്വപി ച
> ശുഭതാരാസു ശുഭേഷു മുഹൂർത്തേഷു ശുഭലഗ്നേഷു ച
> സിദ്ധാമൃതാദിയോഗേഷു പൃച്ഛാ ഇഷ്ടഫലപ്രദാ. ൨൫

അ— ഇത്യാദിദോഷരഹിതമായ കാലത്തിലും അമൃതഘടികകളിലും ശുഭതാരകളിലും ശുഭങ്ങളായ മുഹൂർത്തങ്ങളിലും സിദ്ധാമൃതാദിയോഗങ്ങളിലും ഉള്ള പൃച്ഛാ അഭീഷ്ടഫലപ്രദമായി ഭവിക്കും.

സാ— മേൽവിവരിച്ച ദോഷങ്ങളും ഗുളികോദയം തുടങ്ങിയ മറ്റു ദോഷങ്ങളും കൂടാതെ സമയം ദൈവജ്ഞനോട് അഭീഷ്ടം ചോദിച്ചാൽ ഗുണകരമായി പരിണമിക്കുമെന്ന് അറിയണം. കൂടാതെ അശ്വതി മുതലായ ശുഭതാരങ്ങളും ശുഭമുഹൂർത്തങ്ങളും സിദ്ധയോഗം അമൃതയോഗം മുതലായ യോഗങ്ങളും ഈ കാലങ്ങളും പ്രശ്നത്തിനു ശുഭങ്ങളാകുന്നു.

അശ്വതി മുതലായ നക്ഷത്രങ്ങൾക്കു വിഷനാഴിക മുൻപു പറഞ്ഞുവല്ലോ. അതിനുശേഷം നാലു നാഴിക അമൃതഘടികയാകുന്നു.

ചന്ദ്രൻ, ബുധൻ, വ്യാഴം, ശുക്രൻ-ഇവർ ശുഭഗ്രഹങ്ങളാകുന്നു. ബലഹീനനായ ചന്ദ്രൻ, പാപയോഗമുള്ള ബുധൻ ആദിത്യൻ കുജൻ ശനി രാഹു കേതു ഗുളികൻ ഇവർ പാപഗ്രഹങ്ങളാകുന്നു. മേല്പറഞ്ഞ ശുഭഗ്രഹങ്ങളുടെ ഉദയവും (അവർ നില്ക്കുന്ന രാശിയും) അവരുടെ ദൃഷ്ടിയും (അവർ നോക്കുന്ന രാശിയും) പ്രശ്നത്തിനു ശുഭമാണ്. ഒരു ദിവസം മുഴുവൻ ൩൦ മുഹൂർത്തമാകുന്നു. ഒരു മുഹൂർത്തം രണ്ടു നാഴിക വീതം. അപ്രകാരം രാത്രിയും പകലും പതിനഞ്ചു മുഹൂർത്തം വീതമാണല്ലോ ഉള്ളത്. ദിനരാത്രിപ്രമാണം അനുസരിച്ച് ഈ നാഴികകൾക്ക് അല്പം ഭേദം വന്നേക്കാം. പകലുള്ള പതിനഞ്ചു മുഹൂർത്തങ്ങൾക്കു തിരുവാതിര ആയില്യം അനിഴം മകം അവിട്ടം പൂരാടം ഉത്രാടം അഭിജിത്ത് രോഹിണി കേട്ട വിശാഖം മൂലം ചതയം പൂരം ഉത്രം ഇങ്ങിനെ പതിനഞ്ചും രാത്രിയിലുള്ള പതിനഞ്ചു മുഹൂർത്തങ്ങൾക്കു തിരുവാതിര പൂരുരുട്ടാതി ഉത്രട്ടാതി രേവതി അശ്വതി ഭരണി കാർത്തിക രോഹിണി മകയിരം പുണർതം പൂയം തിരുവോണം അത്തം ചിത്തിര ചോതി എന്നിങ്ങനെ ക്രമത്താലെ പതിനഞ്ചു നാളുകളുമാകുന്നു. ഈ വഴിയിൽ ഉണ്ടാകുന്നതിന് വിധിച്ചിട്ടുള്ള നക്ഷത്രങ്ങളുടെ മുഹൂർത്തങ്ങളെ ശുഭമുഹൂർത്തങ്ങളാകുന്നു. അതാതു നക്ഷത്രങ്ങളുടെ ദേവതം

കഴിക്കുന്ന അതാതു മുഹൂർത്തങ്ങളുടേയും ഭേദങ്ങളാകുന്നു. മേല്പറഞ്ഞ മുഹൂർത്തം പ്രശ്നത്തിനു അംഗീകരമാകുന്നു.

ഞായറാഴ്ചയോട് ഉത്രം ഉത്രാടം ഉത്രട്ടാതി പൂരാടം രേവതി തിരുവോണം ഈ നക്ഷത്രങ്ങളും തിങ്കളാഴ്ചയോട് പുണർതം ചോതി അവിട്ടം ചതയം ഈ നക്ഷത്രങ്ങളും ചൊവ്വാഴ്ചയോട് അനിഴം ഭരണി രേവതി ഈ നക്ഷത്രങ്ങളും ബുധനാഴ്ചയോട് മകയിരം അനിഴം ഉത്രം ഉത്രാടം രോഹിണി ഈ നക്ഷത്രങ്ങളും വ്യാഴാഴ്ചയോട് അനിഴം അശ്വതി ചോതി പുണർതം പൂയം ഈ നക്ഷത്രങ്ങളും വെള്ളിയാഴ്ചയോട് ഉത്രം അത്തം ചിത്തിര മൂലം രേവതി അശ്വതി ഈ നക്ഷത്രങ്ങളും ശനിയാഴ്ചയോട് രോഹിണി കാർത്തിക ചോതി വിശാഖം അനിഴം ചതയം ഈ നാളുകളും വരുന്നതു സിദ്ധയോഗമാകുന്നു. സിദ്ധയോഗത്തിനു മതാന്തരങ്ങളുണ്ട്. അവ ബഹുലങ്ങളാകയാൽ ഇവിടെ കാണിക്കുന്നില്ല. ഈ യോഗസമയം പകലിന്റെ എട്ടിലൊന്നുമുതൽ പുലരുന്നതുവരെയാകുന്നു. ആ സമയം പ്രശ്നത്തിനു വിശേഷമാകുന്നു.

ഞായറാഴ്ചയോട് പൂയം മൂലം അത്തം ഈ നക്ഷത്രങ്ങളും തിങ്കളാഴ്ചയോട് ചിത്തിരയുടെ പകുതിയും തിരുവോണം മകയിരം ഈ നാളുകളും ചൊവ്വാഴ്ചയോട് ഉത്രട്ടാതി അശ്വതി ഉത്രം രോഹിണി ഈ നക്ഷത്രങ്ങളും ബുധനാഴ്ചയോട് പഞ്ചമി സപ്തമി ഉത്രാടം കാർത്തിക അനിഴം ഈ പക്കങ്ങളും നാളുകളും വ്യാഴാഴ്ചയോട് ത്രയോദശി പുണർതം പൂരാടം രേവതി ഈ പക്കങ്ങളും നാളുകളും വെള്ളിയാഴ്ചയോട് പ്രതിപദം ഷഷ്ഠി ഏകാദശി ഉത്രം ചതയം ചോതി ഈ പക്കങ്ങളും നാളുകളും ശനിയാഴ്ചയോട് ദ്വിതീയ സപ്തമി ദശമി അവിട്ടം രോഹിണി ചോതി ഈ പക്കങ്ങളും നാളുകളും യോജിച്ചുവന്നാൽ അമൃതയോഗമാകുന്നു. ഇതിന്റെ കാലവും പകലിന്റെ എട്ടിലൊന്നുമുതൽ പുലരുന്നതുവരെ ആകുന്നു. ആദിശബ്ദംകൊണ്ട് മറ്റുള്ള ശുഭയോഗങ്ങളും ഗ്രാഹ്യങ്ങളാകുന്നു. അവ മുഹൂർത്തഗ്രന്ഥങ്ങളിൽ സ്പഷ്ടങ്ങളാണ്. അവയെ ഇവിടെ ഉദാഹരിച്ചു വ്യാഖ്യാനം ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

വാ—ഏതൽകാലവിഷയം

അ—ഇതു കാലവിഷയമാകുന്നു.

സാ—"ദൈവജ്ഞനെ സമാഹ്വയേൽ" എന്നുള്ള പദ്യംകൊണ്ട് സമയം ദേശം വാക്ക് മുതലായവയെ ഗ്രഹിക്കണമെന്നു പറഞ്ഞുവല്ലോ. അവയിൽ സമയത്തിന്റെ ശുഭാശുഭം ഇതുവരെയുള്ള പദ്യംകൊണ്ട് പറയപ്പെട്ടു.

ഫലപ്രസൂനസംപൂർണ്ണമഹീരുഹസമാകുലേ
സ്നിഗ്ദ്ധശാദ്വലിതേ രത്നകാഞ്ചനാദിസമന്വിതേ. ൨൨
പഞ്ചേന്ദ്രിയമനഃപ്രീതികരേ ഗോമയവാരിണാ
തൽക്ഷണപ്രോക്ഷിതക്ഷോണീതലേ സമവസുന്ധരേ. ൨൩
മംഗല്യകർമ്മസംയുക്തേ മംഗലസ്ത്രീസമാകുലേ
മന്ദിരേ പുത്രപൗത്രാദിഹൃഷ്ടപുഷ്ടജനാശ്രിതേ. ൨൪
യഃ പൃച്ഛതി ദൈവജ്ഞം സ പ്രാപ്നോത്യഭിമതം ധ്രുവം. ൨൫

അ—ഫലപ്രസൂനസംപൂർണ്ണമഹീരുഹസമാകുലമായി സ്നിഗ്ദ്ധശാദ്വലിതമായി രത്നകാഞ്ചനാദിസമന്വിതമായി പഞ്ചേന്ദ്രിയമനഃപ്രീതികരമായി ഗോമയവാരികൊണ്ട് തൽക്ഷണപ്രോക്ഷിതക്ഷോണീതലമായി സമവസുന്ധരമായി മംഗല്യകർമ്മസംയുക്തമായി മംഗലസ്ത്രീസമാകുലമായി പുത്രപൗത്രാദിഹൃഷ്ടപുഷ്ടജനാശ്രിതമായിരിക്കുന്ന മന്ദിരമായി ഇതുപോലെയിരിക്കുന്ന ദൈവജ്ഞനോടു യാവനൊരുത്തൻ പൃച്ഛിക്കുന്നു; അവൻ അഭിമതത്തെ വേഗേന പ്രാപിക്കുന്നു.

സാ—പുഷ്പങ്ങളും ഫലങ്ങളും ധാരാളമുള്ള വൃക്ഷങ്ങൾ ഉള്ള പ്രദേശവും പച്ചപ്പുല്ലുകൊണ്ട് മിനുസപ്പെട്ട സ്ഥലവും സ്വർണ്ണം രത്നം വെള്ളി മുതലായ ഉത്തമദ്രവ്യങ്ങളുള്ള പ്രദേശവും കാണുന്നതിനും കേൾക്കുന്നതിനും മണക്കുന്നതിനും ആസ്വദിക്കുന്നതിനും സ്പർശിക്കുന്ന

തിനം മാനസസന്തോഷത്തെ വർദ്ധിപ്പിക്കുന്ന ഉപകരണങ്ങളോടുകൂടിയ പ്രദേശവും അപ്പോഴും പാണകം മുഴക്കി ദ്രവ്യവത്തിയ സ്ഥലവും അശുദ്ധ ഉയർച്ചകൂടാതെ നിരപ്പോടു കൂടിയ പ്രദേശവും വിവാഹം മുതലായ ശുഭകർമ്മങ്ങൾ നടന്നുകൊണ്ടിരിക്കുന്നേടവും ശുഭ്ര യസ്സുകളായ സ്ത്രീകളെക്കൊണ്ടും ഫലം പുഷ്പങ്ങൾ മുതലായ ഇഷ്ടവസ്തുക്കളാൽ സമൃദ്ധമായിരിക്കുന്നേടവും ആയ മറ്റും ശുഭങ്ങളായുള്ള സ്ഥലങ്ങളിൽവച്ചു പൃച്ഛകൻ ദൈവജ്ഞനോട് ആഗ്രഹം പറയുകയാണെങ്കിൽ ആഗ്രഹസിദ്ധി വരുമെന്ന് നിശ്ചയമായും പറയണം.

മഹാവനേ ശ്മശാനാന്തേ നിമ്നോച്ചേ ശുഷ്കഭൂരുഹേ
ഗൃഹേ ചാത്മഗുരോഃ പ്രേതക്രിയാദ്യശുഭകർമ്മണേ. ൨൩
ജലാഗ്നിശുഷ്കവൃക്ഷാന്തേ തൈലദേവപ്രിയസ്ഥലേ
ഹാനിസ്ഥേ പ്രദേശേ ച പൃഷ്ട്വാ ദൈവജ്ഞം നേഷ്ടസിദ്ധിദം. ൨൪

അ—മഹാവനത്തിലും ശ്മശാനാന്തത്തിലും നിമ്നോച്ചത്തിലും ശുഷ്കവൃക്ഷത്തിന്റെ ചുവട്ടിലും ആത്മഗുരുവായ ഗൃഹത്തിലും പ്രേതക്രിയാദ്യശുഭകർമ്മസ്ഥലത്തിലും ജലാഗ്നിശുഷ്കവൃക്ഷാന്തത്തിലും അപ്രകാരംതന്നെ ഉപ്പിയതൊന്നുകൊണ്ടും അപവിത്രമായ പ്രദേശത്തിലുംവച്ച് ചോദിക്കുന്ന പൃച്ഛകൻ പ്രഷ്ടാവ് അഭീഷ്ടത്തെ സാധിക്കുന്നില്ല.

സാ—കാടായ സ്ഥലത്തും അതിന്റെ സമീപപ്രദേശം കണ്ടം കഴിയുമായിരിക്കുന്ന സ്ഥലം ഉയർന്നും താഴ്ന്നുമിരിക്കുന്ന സ്ഥലം ഉണങ്ങിയ വൃക്ഷം തന്റെ ഗുരുവിന്റെ ഭവനം ഉണങ്ങിയ മരങ്ങളോടുകൂടിയ വീട് പ്രേതക്രിയ ശ്രാദ്ധം മുതലായ അശുഭകർമ്മങ്ങൾ ചെയ്യുന്ന സ്ഥലം വെള്ളം അഗ്നി ഉണങ്ങിയ മരം ഇവയുടെ സമീപം പാഷാണനിറഞ്ഞതും മനസ്സിന്നു പ്രീതി ഇല്ലാത്ത പ്രദേശം ഇങ്ങിനെയുള്ള സ്ഥലത്തുവച്ച് ദൈവജ്ഞനോടു ചോദിച്ചാൽ പൃച്ഛകന്നു ഇഷ്ടസിദ്ധി ലഭിക്കുന്നതല്ല.

വാ—എന്തരുളാരാവിഷയം.

അ—ഇത് ഉദാഹരണമാകുന്നു.

സാ—കാലത്തിന്റെ ശുഭാശുഭം അറിവാനായിക്കൊണ്ടത്രേ "പ്രഷ്ടാ ... പ്രത്യക്ഷിതം" എന്നുവരെയുള്ള വാക്യങ്ങൾ പൃച്ഛയുടെ പ്രദേശത്തിന്റെ ഗുണദോഷത്തെ ആശ്രയിച്ചു പറയുന്നു. ഇനി ശ്വാസഗതിയെ ആശ്രയിച്ചു പറയുന്നു.

കാര്യം ശ്വാസപരീക്ഷണം പ്രതിദിനം വ്യുത്ഥായ പ്രാതഃ ഗതേ
തസ്യാധാരനിരീക്ഷണാ പ്രകൃതി സഞ്ചാരശ്ച വിജ്ഞായതാം
തേനാത്മീയശുഭാശുഭം ഹി സകലം ജ്ഞേയം പുനഃ പൃച്ഛതാം
തല്ലഗ്നാദ്യസമീരണേന ച തഥാ നഷ്ടാദികം ചോച്യതാം.

അ—ദിനംതോറും പ്രഭാതകാലത്തിങ്കൽ എഴുന്നേറ്റിട്ട് ശ്വാസപരീക്ഷണം കാര്യമാകുന്നു. അതിന്റെ ഇഡാപിംഗളാദിയും ഗമനപ്രകൃതിസഞ്ചാരവും അറിയപ്പെടണം. അതുകൊണ്ട് ആത്മീയശുഭാശുഭം അഖിലവും അറിയാവുന്നതാണല്ലോ. അപ്രകാരം അതുകാലത്തെ സമീരണനെക്കൊണ്ട് നഷ്ടാദികാര്യം പറയപ്പെടണം.

സാ—ദൈവജ്ഞൻ ദിവസവും രാവിലെ എഴുന്നേറ്റ് ശ്വാസഗതി പരീക്ഷിക്കണം. ശ്വാസം ഇഡ പിംഗല സുഷുമ്നാ എന്നിങ്ങനെ മൂന്നു നാഡികളിൽകൂടിയാണ് ഗതിചെയ്യുന്നത്. കൂടാതെ പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം ഇങ്ങനെ പഞ്ചഭൂതങ്ങളായിട്ടും ഗതിചെയ്യുന്നു. ഇവയിൽ ഏതിലാണെന്നറിഞ്ഞിട്ട് അതുകൊണ്ട് തന്റെ ആ ദിവസത്തെ ശുഭാശുഭങ്ങളെല്ലാം അറിയേണ്ടതാണ്. പ്രഷ്ടാവ് വന്ന ചോദിക്കുന്ന സമയം ശ്വാസം പരീക്ഷിച്ചറിഞ്ഞു പ്രഷ്ടാവിന്റെ സകല ശുഭാശുഭങ്ങളേയും പറയണം. മോഷണം പൃച്ഛയിൽ മോഷണവസ്തു ഇന്ന ദിക്കിലാണെന്നും മറ്റുള്ള ചില കാര്യങ്ങളും പറയപ്പെടണം.

വാമേ ചേദിഡനാഡ്യാം ഗതിരുദയതേ ശുക്ലപക്ഷേ ശുഭം സ്യാ
ത്ക്ഷേമാർക്കക്ഷീതിഃ ശശ്ച ശശിനി തഥാ സൃഷ്ടാ മധീപ്സ്യാ സ്ഫുരിതഃ

സൌമ്യാനാം ദിവസേഷു ദക്ഷിണഗതോ ഽനിഷ്ടോ സതാം വാമഗോ
വക്ഷ്യന്തേ മതതോ ശുഭാശുഭഖേടയോഃ ഫലാന്യാദിവഃ. ൨൬

അ—ബുധബൃഹസ്പതിശുക്രചന്ദ്രന്മാരുടെ വാരങ്ങളിൽ വാമത്തിൽ ചരനായും മറ്റു ശേഷക്കിഴമകളിൽ ദക്ഷിണഗതനായും ഇരിക്കുന്ന ശ്വാസം നന്നാകുന്നു. അഭിപ്രായ ന സ്വസ്ഥനാകുന്ന സൌമ്യന്മാരുടെ ദിവസങ്ങളിൽ ദക്ഷിണഗതനായും അസൌമ്യന്മാരുടെ ദിവസങ്ങളിൽ വാമഗതനായും ഇരിക്കുന്ന ശ്വാസം അനിഷ്ടമാകുന്നു. ഇവിടെ ശുഭാശുഭന്മാരായിരിക്കുന്ന ഗ്രഹങ്ങളുടെ ഫലങ്ങളുടെ ഭേദം വചിക്കപ്പെടുന്നു.

സാ—തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി ഈ ആഴ്ചകളിൽ ഇടത്തുഭാഗത്തുകൂടിയും, ഞായർ, ചൊവ്വാ, ശനി ഈ ആഴ്ചകളിൽ വലത്തുഭാഗത്തുകൂടിയും ശ്വാസം സഞ്ചരിക്കുന്നത് ശ്രേഷ്ഠമാകുന്നു. ഇതിനു വിപരീതമായി ശുഭവാരങ്ങളിൽ വലത്തുഭാഗത്തും പാപവാരങ്ങളിൽ ഇടത്തുഭാഗത്തും സഞ്ചരിക്കുന്നതെന്നതിൽ അനിഷ്ടമെന്നുമാണ്. ഇത് ശ്വാസഗതിയുടെ സാമാന്യലക്ഷണമാണ്. ഇനിയുള്ള ഫലവിശേഷം അടുത്തു തന്നെ പറയപ്പെടുന്നു.

സർവ്വേ വാരേഽപി വാസരേഷു പാപതോ ഽന്തിസ്ഥൈ വപുഃ സ്വാസ്ഥ്യദാ
ലാഭോ ഽർത്ഥസ്യ ച ഭുക്തഭോജനമിതീഷ്ടാനാം ഭവേദന്യഥാ
ശ്വാസശ്ചേ ഭവിതാ ന ദുഷ്ടമശനം നാഽർത്ഥാഗമോ വിഗ്രഹഃ
സന്ദ്വൈതന്നാ ശയനം സുഖേന ച സുഖം നിർമ്മോക്ഷണാദിഷ്വപി.

അ—എല്ലാവരുടെയും വാസരങ്ങളിൽ പാപന്റെ അഭിനന്ദനായിരിക്കുമ്പോഴും വപുസ്സ്വാസ്ഥ്യവും അർത്ഥത്തിന്റെ ലാഭവും ഭുക്തഭോജനവും ഇപ്രകാരം ഇഷ്ടങ്ങളായിരിക്കുന്നവയുടെ ഭാവവും ഭവിക്കും. അന്യപ്രകാരം ഭവിക്കയില്ല. ശ്വാസം തെറ്റിയെങ്കിൽ ദുഷ്ടമായി അശനം ഭവിക്കുന്നില്ല. അർത്ഥാഗമവും ഭവിക്കയില്ല. എല്ലാവരോടും വിഗ്രഹം ഭവിക്കും. സുഖത്തോടുകൂടെ ശയനം ഭവിക്കയില്ല. നിർമ്മോക്ഷണാദികളിലും സുഖം ഭവിക്കുന്നില്ല.

സാ—പാപവാരത്തിലും ശുഭവാരത്തിലും ശ്വാസഗതിക്കു ചില ഭേദങ്ങളെ വിധിച്ചിട്ടുണ്ടല്ലോ. അവരവരുടെ വാരങ്ങളിൽ അതാതുകൾ വിധിക്കപ്പെട്ട രീതിയിൽ ശ്വാസസഞ്ചാരമുണ്ടായാൽ ശരീരസുഖം ദ്രവ്യലാഭം ഭക്ഷണസുഖം മുതലായ ഇഷ്ടകാര്യങ്ങൾ സിദ്ധിക്കുന്നതാണ്. അനിഷ്ടങ്ങൾ അനുഭവിക്കുന്നതുമല്ല. ശ്വാസം വിപരീതമായി സഞ്ചരിച്ചാൽ അന്നു ഭക്ഷണസൌഖ്യം, ശയനം, മലവിസർജ്ജനം മുതലായ വല്ലതും ഒരിക്കലും സുഖമുണ്ടാകുന്നതല്ല. എല്ലാവരോടും കലഹത്തിനിടവരികയും ചെയ്യും. തൽക്കാലശ്വാസംകൊണ്ടു പ്രഷ്ടാവിന്റെ നിത്യഫലങ്ങളും പ്രാതശ്ശ്വാസംകൊണ്ടു ഒരുദിവസത്തെ അന്നത്തെ ഫലങ്ങളുമാണ് ചിന്തിക്കേണ്ടത്.

ശ്വാസസ്യ പ്രതികൂലതാ യദി ദിനേ ഭാനോർവ്വപുഃശ്ലേദനാ
ശീതാംശോഃ കലഹഃ കുജസ്യ മരണം ദൂരപ്രയാണം വിദഃ
രാജ്യാപഹൃതിഷണസ്യ ശുക്രദിവസേ കാര്യസ്യ കസ്യാപി നോ
സിദ്ധിർമ്മന്ദദിനേ സ്വകീയകൃഷിനാശശ്ചോപിവാദാദയഃ. ൨൮

അ—രവിയുടെ ദിനത്തിൽ ശ്വാസത്തിനു പ്രതികൂലത ഭവിക്കുന്നു എങ്കിൽ വപുശ്ലേദനവും, ശീതാംശുവിന്റെ ദിനത്തിൽ കലഹവും, കുജന്റെ ദിനത്തിൽ മരണവും, വിത്തിന്റെ ദിനത്തിൽ ദൂരപ്രയാണവും, ധിഷണന്റെ ദിനത്തിൽ രാജ്യാപഹൃതിയും, മന്ദന്റെ ദിനത്തിൽ സ്വകീയകൃഷിനാശശ്ചോപിവാദാദികളും ഭവിക്കും. ശുക്രന്റെ ദിവസത്തിൽ ഒരു കാര്യത്തിനും സിദ്ധി ഭവിക്കയില്ല.

സാ—ശ്വാസം അനിഷ്ടമായി സഞ്ചരിച്ചാൽ സാമാന്യേനയുള്ള ഫലങ്ങളെ കഴിഞ്ഞ ശ്ലോകംകൊണ്ടു പറഞ്ഞു. എന്നാൽ ആഴ്ചക്രമം അനുസരിച്ചുള്ള ഫലങ്ങളെയാണ് ഈ പദ്യംകൊണ്ടു പറയുന്നത്.

ഞായറാഴ്ച വായു വിപരീതഗതിയായി വന്നാൽ ശരീരത്തിനു വേദനയുണ്ടാകും. തിങ്കളാഴ്ച വിപരീതമായാൽ കലഹവും ചൊവ്വാഴ്ച വിപരീതമായാൽ മരണവും ബുധനാഴ്ച വിപരീതമായാൽ അന്യദേശസഞ്ചാരവും വ്യാഴാഴ്ച വിപരീതമായാൽ രാജ്യത്തിൽ ആപത്തും വെള്ളിയാഴ്ച വിപരീതമായാൽ സകല കാര്യങ്ങൾക്കും വിഘ്നവും ശനിയാഴ്ച വിപരീതമായാൽ കൃഷിനാശം മുതലായ സ്വന്തകാര്യങ്ങൾക്കു നാശവും ഫലമാകുന്നു.

ശ്വാസഗതിയുടെ ഗുണദോഷഫലങ്ങൾ നിർണ്ണയിക്കേണ്ടതു് ആഴ്ചകളേയും പൃഥിവി മുതലായ ഭൂതവിശേഷങ്ങളേയും പക്ഷഭേദങ്ങളേയും മറ്റും ആശ്രയിച്ചു വേണ്ടതാണ്. ഒരുവിധത്തിൽ ദോഷവും മറ്റൊരു വിധത്തിൽ ഗുണവുമായി കണ്ടാൽ ദോഷഗുണങ്ങൾ സമമായും ഏതെങ്കിലുമൊന്നിനു് ആധിക്യമുണ്ടെങ്കിൽ അവ അതതിന്റെ യോഗ്യങ്ങളായും വിചാരിച്ചുകൊള്ളണം.

വാമേ ഭാസ്വദിനാഷ്ടകേ യദി ചരേദ്ഭ്രാതുർഗ്ഗുരോഃ പഞ്ചതാ
വ്യാധിർവ്വാ സുഹൃദാം തഥൈവ ഹിമഗോർവ്വാരാഷ്ടകേ ദക്ഷിണേ
പുത്രാപത് ക്ഷിതിജസ്യ ബന്ധനമഥോ വാമേ വിദോ ദക്ഷിണേ
ഭൃത്യഃ സ്വസ്യ നിരന്തരം സുരഗുരോർമൃത്യുർഗ്ഗുരോസ്സംഭവേൽ. ൫൫

അ—നിരന്തരമാകുംവണ്ണം ഭാനുദിനാഷ്ടകത്തിൽ വായു വാമത്തിൽ ചരിക്കുമെങ്കിൽ ഗുരുവിനോ ഭ്രാതാവിനോ മരണമോ സുഹൃത്തുക്കൾക്കു വ്യാധിയോ ഭവിക്കും. അതുപോലെ ഹിമഗുവിന്റെ വാരാഷ്ടകത്തിൽ ദക്ഷിണത്തിൽ ചരിക്കുമെങ്കിൽ പുത്രാപത്തു ഭവിക്കും. ക്ഷിതിജന്റെ വാരാഷ്ടകത്തിൽ വാമത്തിൽ ചരിക്കുമെങ്കിൽ അരിയിൽനിന്നു ബന്ധനം ഭവിക്കും. വിത്തിന്റെ വാരാഷ്ടകത്തിൽ ദക്ഷിണത്തിൽ ചരിക്കുമെങ്കിൽ ഭാര്യക്കു മൃത്യു ഭവിക്കും. സുരഗുരുവിന്റെ വാരാഷ്ടകത്തിൽ ദക്ഷിണത്തിൽ ചരിക്കുമെങ്കിൽ ഗുരുവിനു മൃത്യു ഭവിക്കും.

സാ—എട്ടു ഞായറാഴ്ചദിവസം ഇടവിടാതെ ഇടത്തുഭാഗത്തുകൂടി വായു സഞ്ചരിക്കയാണെങ്കിൽ അച്ഛൻ ജ്യേഷ്ഠൻ മുതലായ ഗുരുജനങ്ങൾക്കു മരണമോ വല്ല മഹാരോഗങ്ങളോ ഉണ്ടാകും. എട്ടു തിങ്കളാഴ്ചയും ഇടവിടാതെ വലത്തുഭാഗംകൂടി വായു സഞ്ചരിക്കയാണെങ്കിൽ പുത്രനു രോഗമരണം മുതലായ ആപത്തു വരുമെന്നറിയണം. എട്ടു ചൊവ്വാഴ്ച മുടങ്ങാതെ ഇടത്തുഭാഗത്തുകൂടി വായുസഞ്ചാരമുണ്ടായാൽ ശത്രുക്കൾനിമിത്തം ജയിലിൽ ഇരിപ്പാനിടവരുമെന്നറിയണം. എട്ടു ബുധനാഴ്ച ഇടവിടാതെ വായു വലത്തുഭാഗമായി സഞ്ചരിച്ചാൽ ഭാര്യക്കു മരണം ഭവിക്കും. എട്ടു വ്യാഴാഴ്ച വലത്തുഭാഗംകൂടി മുടങ്ങാതെ സഞ്ചരിച്ചാൽ ഗുരുവായ ആചാര്യന്നു് മരണം സംഭവിക്കും.

ശുക്രസ്യാവനിപാദ്ഭയം ധനക്ഷയോ ദക്ഷിണേ ശനേർവ്വാമേ
യദി ചരതി മാരുതിശ്ചേ ബന്ധുനാശോ നിവാസനാശോ വാ. ൫൬

അ—ശുക്രന്റെ വാരാഷ്ടകത്തിൽ നിരന്തരമാകുംവണ്ണം വായു ദക്ഷിണത്തിൽ ചരിക്കുന്നു എങ്കിൽ അവനിപതിയാൽ ധനക്ഷയവും, ശനിയുടെ വാരാഷ്ടകത്തിൽ വാമത്തിൽ ചരിക്കുന്നു എങ്കിൽ ബന്ധുനാശവും അഥവാ നിവാസനാശവും ഭവിക്കും.

സാ—എട്ടു വെള്ളിയാഴ്ച ഇടവിടാതെ വായുവിന്റെ ഗതി വലത്തുഭാഗംകൂടിയാണെങ്കിൽ രാജനിമിത്തം ദ്രവ്യനാശം സംഭവിക്കും. എട്ടു ശനിയാഴ്ച ഇടത്തുഭാഗമായി വായു സഞ്ചരിക്കയാണെങ്കിൽ ബന്ധുനാശം സംഭവിക്കും. അല്ലെങ്കിൽ വാസഭവനത്തിനു നാശം സംഭവിക്കും. കഴിഞ്ഞ രണ്ടു ശ്ലോകംകൊണ്ടു് പറയപ്പെട്ടതു് അവനവനെ സംബന്ധിക്കുന്നതാണ്. അല്ലാതെ എട്ടുദിവസത്തെ ശ്വാസപരീക്ഷണം ചെയ്തു് പൃച്ഛകന്റെ ഗുണദോഷഫലം പറയുക എന്നുദ്ദേശിച്ച് സംഗതിയല്ലല്ലോ.

വാ—അഥ ശ്വാസസ്യ പ്രമാണം തസ്യ പൃഥിവ്യാദിസഞ്ചാരസ്ഥലഫലം ച ഉച്യതേ.

സാ—ഇനി ശ്വാസത്തിന്റെ പ്രമാണംകൊണ്ടു് അതിന്റെ പൃഥിവ്യാദിസഞ്ചാരവും തൽഫലവും പറയപ്പെടുന്നു.

സാ—ഇനി ശ്വാസത്തിന്റെ അളവുകൊണ്ടു പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം ഇതിനൊക്കെയുള്ള ഭേദവും അവകളുടെ ഫലവും പറയപ്പെടുന്നു.

മേദിന്യാഃ ഖലു ഷോഡശാംഗുലമപാം ദൈർഘ്യം ദിനേശാംഗുലം
വഹ്നേർദ്വന്ദ്വമിതാംഗുലം മരുത ഏതദ്ദ്വ്യൂനമഗ്ര്യംഗുലം
ആകാശസ്യ ച ദൈർഘ്യമന്തരുദിതം ദ്ര്യാദിഷ്വതാത്മക-
സ്വീയശ്വാസഗതിപ്രമാണമുഭയോരേതൽ സമം ഘ്രാണയോഃ.

അ—മേദിനിക്കു ഷോഡശാംഗുലവും അപ്പുകൾക്കു ദിനേശാംഗുലവും വഹ്നിക്കു ദ്വന്ദ്വമിതാംഗുലവും മരുത്തിനു് ഇതു് ദ്വ്യൂനമായിട്ടും ആകാശത്തിനു അഗ്ര്യാംഗുലവും ദൈർഘ്യമെന്നു് വേദ്യമാകുന്നു. ഇതു ദ്ര്യാദിഷ്വതാത്മകസ്വീയശ്വാസഗതിപ്രമാണം രണ്ടു ഘ്രാണങ്ങളിലും സമമെന്നു് സ്മൃതമാകുന്നു.

സാ—ശ്വാസപരീക്ഷ ചെയ്യുമ്പോൾ നാസാഗ്രത്തിൽനിന്നു് ൧൬ അംഗുലംമുതൽ മേല്പെട്ടു ശ്വാസം ഗമിക്കുന്നു എങ്കിൽ അതു് പൃഥിവീഭൂതമെന്നറിയണം. ൧൨. അംഗുലംമുതൽ മേല്പെട്ടു ശ്വാസത്തിനു ദൈർഘ്യമുണ്ടെങ്കിൽ ആ ശ്വാസം ജലഭൂതമാണെന്നറിയണം. ശ്വാസദൈർഘ്യം ൮ അംഗുലംമുതൽ മേല്പെട്ടു് ൧൨. അംഗുലത്തിനു താഴെയാണെങ്കിൽ ആ ശ്വാസം അഗ്നിഭൂതമാണെന്നറിയണം. ൬ അംഗുലത്തിനു മേൽ ൮ അംഗുലത്തിനു താഴെയാണു് ശ്വാസദൈർഘ്യമെങ്കിൽ വായുഭൂതമെന്നറിയണം. ശ്വാസദൈർഘ്യം ൩. അംഗുലത്തിനുമേൽ ൬ അംഗുലത്തിനു താഴെയാണെങ്കിൽ അതു് ആകാശഭൂതമാണെന്നറിയണം. ൩. അംഗുലത്തിൽ കുറഞ്ഞു ശ്വാസഗതി ഉണ്ടാകുന്നതല്ല. പൃഥിവി മുതലായ ഈ ശ്വാസങ്ങൾക്കു് മൂക്കുകളെ ആശ്രയിച്ചു് യാതൊരു ഭേദവുമില്ല. രണ്ടുമൂക്കുകൂടി ആയാലും അളവുകൾക്കുള്ള ദൈർഘ്യം മുമ്പായിരിക്കണം എന്നു മാത്രമേയുള്ളു.

പരുഷേ ട്വശ്ചേ ഖലു പക്ഷഗതേ ക്ഷിതിരിദ്ധായതോന്നതമന്ദിര-
പ്രാസാദാദിഗൃഹപ്രവേശനകരീ പട്ടാഭിഷേകപ്രദാ
കർത്ര്യാദന്യദഭീഷ്ടകർമ്മ സലിലം വാമസ്ഥമേവം ശുഭം
കൂപാദേ രചനം കരഗ്രഹണമപ്യേതാനി കുർയ്യാദ്ഭയം. ൩൫

അ—അപ്പുരായ പക്ഷങ്ങളിലെ പക്ഷതിയിൽ "ഇദ്ധായതയായ ക്ഷിതി ഉന്നതമന്ദിരപ്രാസാദാദി ഗൃഹപ്രവേശനകരി"യായും പട്ടാഭിഷേകപ്രദയായും ഭവിക്കുന്നു. അന്യമായ ഇഷ്ടകർമ്മങ്ങളെയും ചെയ്യും. വാമസ്ഥമായ സലിലം ഇപ്രകാരം ശുഭത്തെയും കൂപാദികളുടെ രചനത്തെയും കരഗ്രഹണത്തെയും ചെയ്യും. അനിഷ്ടമായ സലിലം അംബുസ്ഥമായ ഭയത്തെയും ചെയ്യും.

സാ—വെളുത്ത പ്രതിപത്തുമുതൽ ഇടത്തെ നാസികയിൽക്കൂടി ഭൂമിഭൂതമായ ശ്വാസം ഉണ്ടായാൽ ഉയർന്ന മാളിക മുതലായ കെട്ടിടങ്ങളിൽ പ്രവേശിപ്പാനും പട്ടാഭിഷേകം മുതലായ ഇഷ്ടകർമ്മങ്ങൾ സാധിപ്പാനും എന്നുവേണ്ട മറ്റുള്ള എല്ലാ അഭീഷ്ടകാര്യങ്ങൾ സാധിക്കുന്നതിനും ഇടവരുന്നതാണു്. അന്നേദിവസം ഇടത്തെ നാസികയിൽക്കൂടി ജലഭൂതമായ ശ്വാസം വന്നാൽ ഉൽകൃഷ്ടങ്ങളായ ശുഭങ്ങളനുഭവിക്കുന്നതിനും വിശേഷിച്ചു് കുളം കിണറു് മുതലായവ കുഴിപ്പിക്കുക, വിവാഹം ചെയ്യുക മുതലായ കർമ്മങ്ങളും അനുഭവിക്കുന്നതിനും സംഗതി വരും. ആ ജലഭൂതമായ ശ്വാസം വലതുവശം കൂടി സഞ്ചരിച്ചാൽ വെള്ളത്തിൽനിന്നു ഭയവും ഉണ്ടാകും.

വഹ്നിസ്ഥാദിരതായുധക്ഷതിശരീരാന്തർഗ്രഹപ്ലോഷണം
പാതം വാ ശിശുകാദികസ്യ ദഹനേ കുര്യാൽ മേജാതശോകം
വായുശ്ചോരഭയം പലായനമപി സ്ഥാനം വിസൃജ്യാത്മനോ
മന്ത്ര്യാശാദ്ഭ്യുധിരോഹണഞ്ച വിതനോത്യാകാശയോഗാൽ പുനഃ
മന്ത്രാദേരുപദേശലബ്ധിസകൃദ്ദേവപ്രതിഷ്ഠാപനം
ദീക്ഷാവ്യാധിസമുത്ഭവശ്ച നിതരാം പീഡാ തനോഃ സന്തതം

വിഷഭയം ചാപ്യ ഭൂതപൈശാചികാദിജം നാരദസ്യാഃ സമർത്ഥ്യാദയോഃ
രോഗാണാം സംഹതിശ്ച ഉച്ചസ്ഥൈരിഷ്ടാ ശാന്തിപ്രാധാന്യേ സ്മൃതഃ.

അ—വഹ്നി അഗ്നിയെക്കൊണ്ടുണ്ടാകുന്ന ഭയത്തെയും ദേഹത്തിൽ ശസ്ത്രങ്ങൾ മുതലായതുകൊണ്ടുള്ള ഉപദ്രവങ്ങളെയും ചെയ്യും. നിശാചരന്മാരെ ഭയപ്പെടണം വായു ചോരഭയത്തെയും അനുഭവിപ്പിക്കുന്ന സമ്പാദനത്തെ ദുഷിപ്പിച്ചിട്ട് പലായനത്തെയും മന്ത്രവാദിയെയും ഭ്രമണത്തെയും വിഷഭയത്തെയും ചെയ്യും. വിശേഷ ദ്രവ്യാദിഭയം ഭവിക്കുന്നതാകിൽ മന്ത്രാദിയുടെ ഉപദേശസംബന്ധിയും ദൈവപ്രതികൂലങ്ങളും ദീർഘവ്യാധിസങ്കടവും തമ്മിൽ ഉപദ്രവവും പീഡയും ഭവിക്കും.

സാ—ഈ ഭൂതാദികാരകന്മാർ അഞ്ചു നാഡികളിലും സമന്മാരായി വിളങ്ങുന്നതാകുന്നു. സാരാത്മികമായ പ്രശ്നം ഇഷ്ടമെന്നും ദിക്കുപ്പുറമായ പ്രശ്നം ഇഷ്ടമല്ലെന്നും ഉചിതമാകുന്നു. പ്രശ്നം അഗ്നിഭൂതമായാൽ ശത്രുഭയവും അതുമൂലമുള്ള ഭവനങ്ങൾ മുറിയും ഗൃഹത്തിനും കുട്ടികൾക്കും മുതലായവയ്ക്കും അഗ്നിബാധ പതനം അന്യദേശഗമനം ഇവയും ഫലമാകുന്നു. ഈ ദോഷനിവൃത്തിക്കായി ഇതിനു പരിഹാരം ചെയ്യണം. പ്രശ്നം വായുഭൂതമാണെങ്കിൽ കള്ളന്മാരിൽനിന്നു ഭയപ്പെട്ട് തന്റെ വീടുവിട്ട് മറ്റൊരേടത്ത് പോകുകയും ആന കുതിര മുതലായ വാഹനങ്ങളിൽ കയറുവാൻ ഇടവരികയും ചെയ്യും. ആകാശഭൂതമായ പ്രശ്നമാണെങ്കിൽ മന്ത്രതന്ത്രാദി മുതലായവയുടെ ഉപദേശങ്ങൾ സിദ്ധിക്കുന്നതിനും മേൽക്കുമേൽ ഉയർച്ചയ്ക്കും വേണ്ടി ശ്രമിപ്പാനും ഭിക്ഷ എടുപ്പാനും ഇടവരുന്നതാണ്. ഇങ്ങിനെ ഭൂതങ്ങൾക്കുള്ള ഫലങ്ങളെ ഇവിടെ പറഞ്ഞപോലെ എന്നുള്ള നാഡീവിശേഷം പറയാതിരുന്നാൽ അഞ്ചു നാഡികളിലും ഒന്നുപോലെ എന്നു അറിയണം. പ്രശ്നം ചിന്തിപ്പാൻ പുറപ്പെടുന്നതു് അതുതന്നെയും കടിപ്പുനിന്നു പുറപ്പെടുന്നതു് ശുഭവുമാകുന്നു.

ഭൂമൌ നിധാനമവനേരുദയേ ജലേ സ്യാ-
ത്പാതസ്യ പൂരവതി ചാസ്യ ഗൃഹോദ്ധ്വദേശേ
ശൂന്യം നഭസ്തദുദയേ വിഷ്ണു നസ്യ നഷ്ടം
ഭൂമൌ ഗൃഹേ ഖനിതമസ്യ തു പാതാളപ്രദേശേ.   ൩൭

അ—ഇവിടെ നഷ്ടപദാർത്ഥപ്രശ്നം ഭവിക്കുന്നു എങ്കിൽ നഷ്ടമായ വസ്തുവിനെ അവനിയുടെ ഉദയത്തിൽ ഭൂമിയിൽ നിധാനമെന്നും, അപ്പുകളുടെ ഉദയത്തിൽ ജലത്തിൽ നിധാനമെന്നും, വായുവിന്റെ ഉദയത്തിൽ പൂരവത്തായ പ്രദേശത്തിങ്കൽ എന്നും, ഭവനത്തിന്റെ ഉദയത്തിൽ അപ്രകാരം ഉയർന്ന പ്രദേശത്തിൽ എന്നും, ഭൂതങ്ങളിന്റെ ഉദയത്തിൽ ശൂന്യകമെന്നും പറയണം.

സാ—ദൈവജ്ഞനോടു മോഷണവൃത്താന്തത്തെക്കുറിച്ചു ചോദിക്കയാണെങ്കിൽ അപ്പോഴത്തെ പ്രശ്നം അറിഞ്ഞിട്ട് നഷ്ടദ്രവ്യം ഇരിക്കുന്ന സ്ഥാനം പറയേണ്ടതാണ്. എങ്ങിനെ എന്നാൽ അപ്പോഴത്തെ പ്രശ്നം പൃഥ്വീഭൂതമാണെങ്കിൽ ഭൂമിയിൽ കുഴിച്ചിട്ടിരിക്കുന്നു എന്നും ജലഭൂതമാണെങ്കിൽ വെള്ളത്തിനടിയിൽ വെച്ചിരിക്കുന്നു എന്നും വായുഭൂതമായാൽ പുക പൊങ്ങുന്ന പ്രദേശത്തു ഇരിപ്പുണ്ടെന്നും ആകാശഭൂതമായാൽ വൃക്ഷാദികളുടെ മുകളിൽ ഉണ്ടെന്നും അഗ്നിഭൂതമായാൽ ഭൂമിയുടെ മുകളിൽതന്നെ ഇരിപ്പുണ്ടെന്നും പറയണം.

പ്രശ്നാദ്യാസ്തു ദിശോ ജ്ഞേയാഃ
പൃഥിവ്യാദ്യുദയൈഃ ക്രമാത്
ആകാശോദയതോ മദ്ധ്യം
നഷ്ടം തത്രൈവ സംസ്ഥിതം.   ൩൮

അ—കിഴക്കു മുതലായ ദിക്കുകൾ പൃഥിവ്യാദ്യുദയംകൊണ്ട് ക്രമാൽ ജ്ഞേയങ്ങളായി ഭവിക്കുന്നു. ആകാശോദയംകൊണ്ട് മദ്ധ്യം ജ്ഞേയമാകുന്നു. നഷ്ടം അവിടെത്തന്നെ സ്ഥിതമാകുന്നു എന്നു ശേഷം യോജന.

സാ—ദ്രവ്യമുള്ളതെപ്പറ്റി ചോദിക്കുമ്പോൾ ശ്വാസം പൃഥിവിയായിരുന്നാൽ കിഴക്കേദിക്കിലാണെന്നും ജലമായാൽ തെക്കേദിക്കിലെന്നും അഗ്നിയായാൽ പടിഞ്ഞാറെന്നും വായുവായാൽ വടക്കെന്നും ആകാശമായാൽ മദ്ധ്യപ്രദേശത്താണെന്നും പറയണം. കഴിഞ്ഞ പദ്യംകൊണ്ട് പൃഥിവീതത്വമായ ശ്വാസംകൊണ്ട് ഭൂമിയിൽ കഴിച്ചിട്ടിരിക്കുന്നുവെന്നും ഈ പദ്യംകൊണ്ട് അതു കിഴക്കേദിക്കിലാണെന്നും വന്നു. ഇങ്ങിനെ ക്രമമായി വിചാരിച്ചുകൊള്ളുക.

ഭാഗേ യത്ര മരുൽസ്ഥിതിഃ പുനരിഹ ക്ഷോണ്യാം ജലേ വാ തഥാ
ഭാഗേ തത്ര തദേക്ഷതേ യദി പുമാൻ ജ്യോതിർവിദം കശ്ചന
ദീർഘായുർഗ്ഗുണവൽകളത്രതനയഃ പുഷ്യദ്ധനാഢ്യാധികം
വിജ്ഞേയഃ സ തഥാ സ്ത്രിയോഽപി വിപരീതേഽതഃ ഫലം വാന്യഥാ.

അ—പിന്നെ ഇവിടെ ക്ഷോണിയിലോ ജലത്തിലോ യാതൊരു ഭാഗത്തിൽ മരുൽസ്ഥിതി ഭവിക്കുന്നു. അപ്പോൾ ഒരു പുമാൻ ജ്യോതിർവ്വിത്തിനെ ആ ഭാഗത്തിൽ സ്ഥിതനായിട്ടു ദർശിക്കുന്നു എങ്കിൽ അവൻ ദീർഘായുസ്സായും ഗുണവൽകളത്രതനയനായും ഏറ്റവും പുഷ്യദ്ധനനായും ഭവിക്കുമെന്ന് വിജ്ഞേയമാകുന്നു. സ്ത്രീകളും അപ്രകാരം തന്നെ വിജ്ഞേയകളാകുന്നു. ഇതിങ്കൽനിന്ന് വിപരീതമായിരിക്കുമ്പോൾ ഫലവും വിപരീതമാകുന്നു.

സാ—ഭൂമിതത്വമായോ ജലതത്വമായോ ഇരിക്കുന്ന ശ്വാസം ഏതൊരു ഭാഗത്തുകൂടിയാണോ സഞ്ചരിക്കുന്നതു്, ആ ഭാഗത്തു് സ്ഥിതനായിട്ട് ഫലമറിയേണ്ടയാൾ ദൈവജ്ഞനോടു കാര്യം പറയുകയാണെങ്കിൽ ആ പ്രഷ്ടാവിന് ദീർഘായുസ്സ് ഗുണവതിയായ ഭാര്യ ഗുണവാന്മാരായ പുത്രന്മാർ അത്യധികം ധനപുഷ്ടി ഇവകൾ ഉണ്ടാകുന്നതാണ്. സ്ത്രീകളും മേൽപ്രകാരം ശ്വാസഗതിയുള്ള സ്ഥാനത്തുനിന്ന് ചോദിച്ചാൽ അവൾക്കും ഇപ്രകാരം ആയുസ്സ് ഭർത്താവ് പുത്രന്മാർ ധനം ഇതുകളൊക്കെയും ഉണ്ടാകുമെന്നറിയണം. ഇപ്പറഞ്ഞതിന്റെ വിപരീതമായാൽ അല്പായുസ്സ് കളത്രപുത്രാദികളുടെ നാശം ധനനാശം മുതലായവ അനുഭവിക്കുമെന്നറിയണം. ഇവിടെ സ്ത്രീകൾക്ക് ഭർത്തൃനാശം എന്നൊരു വിശേഷമുള്ളു.

പാ—അത്ര ശാസ്ത്രാന്തരമപി ലിഖ്യതേ.

അ—ഇവിടെ ശാസ്ത്രാന്തരവും വിലേഖനം ചെയ്യപ്പെടുന്നു.

സാ—ശ്വാസത്തിന്റെ ഗുണദോഷനിരൂപണത്തിൽ വേറെയും ശാസ്ത്രവചനങ്ങളുണ്ട്. ആ വചനങ്ങളെ ഇവിടെ എഴുതുന്നു.

ഇഡാ വാമാ ഭവേന്നാഡീ സോമസ്യാർക്കസ്യ ദക്ഷിണാ
പിംഗലാഖ്യാ സുഷുമ്നാഖ്യാ മദ്ധ്യമാഗ്നേരുദീരിതാ.

അ—വാമയായ നാഡി ഇഡയാകുന്നു. അതു സോമന്റേതാകുന്നു. ദക്ഷിണയായ നാഡി പിംഗലാഖ്യയാകുന്നു. അതു് അർക്കന്റേതാകുന്നു. മദ്ധ്യമയായ നാഡി സുഷുമ്നാഖ്യയാകുന്നു. അതു് അഗ്നിയുടേതെന്ന് ഉദീരിതയാകുന്നു.

സാ—മൂക്കിന്റെ ഇടത്തെ ദ്വാരത്തെ ഇഡ എന്നും അതിന്റെ ദേവത ചന്ദ്രൻ എന്നും പറയപ്പെടുന്നു. വലത്തെ ദ്വാരത്തെ പിംഗല എന്നു പറയും. അതിന്റെ ദേവത ആദിത്യനാകുന്നു. നടുവിൽകൂടിയുള്ള ശ്വാസഗതിക്കു സുഷുമ്ന എന്നു പറയും. അതിന്റെ ദേവത അഗ്നിയാകുന്നു.

നിർഗ്ഗമേ തു ശുഭദാ ചേഡാ പിംഗലാ തു ശുഭദാ പ്രവേശനേ
യോഗസാധനവിധൌ തു മദ്ധ്യമാ ശസ്യതേ ന ച പരേഷു കർമ്മസു.

അ—നിർഗ്ഗമത്തിങ്കലാകട്ടെ ഇഡ ശുഭദയാകുന്നു. പ്രവേശനത്തിൽ പിംഗല ശുഭദയാകുന്നു. മദ്ധ്യമയാകട്ടെ യോഗസാധനവിധിയിൽ പ്രശംസിക്കപ്പെടുന്നു. പരങ്ങളായ കർമ്മങ്ങളിൽ പ്രശംസിക്കപ്പെടുന്നില്ല.

സാ—ശ്വാസം ഇടത്തെ നാഡിയിൽക്കൂടി പുറപ്പെടുന്ന സമയം നോക്കിവേണം ഏതെങ്കിലും കാര്യസാദ്ധ്യത്തിനായി എവിടെ എങ്കിലും പുറപ്പെടേണ്ടതു്. വലത്തെ നാഡിയിൽക്കൂടി ശ്വാസം പുറപ്പെടുന്ന സമയം നോക്കിവേണം കാര്യസാദ്ധ്യത്തിൽ ഇഷ്ടമായ സ്ഥാനത്തു് പ്രവേശിക്കേണ്ടതു്. ഇങ്ങനെ യാത്രചെയ്യുന്നതും പ്രവേശിക്കുന്നതും ചെയ്താൽ അതു സഫലമായിത്തീരുന്നതാണ്. രണ്ടു നാസാരന്ധ്രങ്ങളിലും സമപ്രമാണം അപ്രകാരം മദ്ധ്യമമായി പുറപ്പെടുന്ന ശ്വാസത്തെയാണ് സുഷുമ്ന എന്നു പറയുന്നതു്. ഇതു് യോഗം പരിശീലിക്കുന്നവർ അറിയേണ്ടതാണ്. മറ്റുള്ള കർമ്മങ്ങൾക്കു് ഈ നാഡി ഉപയോഗ്യമല്ല. നാഡികളുടെ ഗതിഭേദങ്ങളെ യോഗികൾക്കു മാത്രമേ നല്ലപോലെ അറിവാൻ കഴിയൂ.

ഭർത്താ ദക്ഷിണഭാഗഗശ്ച പുരുഷോ രോഗാതുരോ ദക്ഷിണേ
സ്ഥിത്വാ പൃച്ഛതി പൃച്ഛകോഥ പുരുഷോ ജീവത്യരോഗീ ചിരം
വാമാ യാത്ര ത്വജാംഗീകൃതതനൂ വാമാശ്രിതേ ചോപരതേ
വാമേ പൃച്ഛതി ചേദ് ധ്രുവം ഗതഗദാ വാമാ ചിരം ജീവതി. ൬൨

അ—ഭർത്താവ് ദക്ഷിണഭാഗഗനായും പുരുഷൻ രോഗാതുരനായും ഇരിക്കുമ്പോൾ പൃച്ഛകൻ ദക്ഷിണത്തിൽ സ്ഥിതനായി പൃച്ഛിക്കുന്നു എങ്കിൽ പുരുഷൻ അരോഗിയായിട്ടു വളരെക്കാലം ജീവിക്കും. വാമ-അംഗീകൃതതനുവായും ഇടത്തുഭാഗത്തു വാമാശ്രിതനായും ഇരിക്കുമ്പോൾ വാമഭാഗത്തിൽ സ്ഥിതിചെയ്തിട്ടു് പൃച്ഛിക്കുന്നു എങ്കിൽ ഗതഗദയായിട്ടു ഭാര്യയും ചിരകാലം ജീവിക്കും.

സാ—പുരുഷൻ രോഗത്തിൽ കിടക്കുമ്പോൾ ആ രോഗകാര്യത്തെപ്പറ്റി ചോദിപ്പാനായി വേറൊരു പുരുഷൻ വലത്തുഭാഗത്തുനിന്നു ചോദിക്കയും അപ്പോൾ പ്രശ്നക്കാരന്റെ ശ്വാസം വലത്തുഭാഗത്തിലായി വഹിക്കയും ചെയ്താൽ രോഗം ശമിച്ചു് അയാൾ സുഖമായിട്ടുകൂടി ദീർഘായുസ്സായി ഭവിക്കുന്നതാണ്. സ്ത്രീ രോഗശയ്യയിൽ കിടക്കുമ്പോൾ ആ രോഗത്തെപ്പറ്റി ചോദിപ്പാനായി ഒരു സ്ത്രീ വന്നു് ഇടത്തുഭാഗത്തുനിന്നു ചോദിക്കയും അപ്പോൾ ശ്വാസം ഇടത്തുഭാഗത്തിൽ വഹിക്കയും ചെയ്താൽ രോഗിണിയുടെ രോഗം ശമിച്ചു അവളും ദീർഘായുസ്സായി ഭവിക്കുമെന്നും പറയണം.

ശുഭവാരേ ശുക്ലപക്ഷേ സിദ്ധിദാ വാമനാഡികാ
ക്രൂരവാരേ കൃഷ്ണപക്ഷേ നാഡ്യന്യാ സിദ്ധിദായികാ. ൬൩

അ—ശുക്ലപക്ഷത്തിലെ ശുഭവാരത്തിൽ വാമനാഡിക സിദ്ധിദയാകുന്നു. കൃഷ്ണപക്ഷത്തിലെ ക്രൂരവാരത്തിൽ അന്യയായിരിക്കുന്ന നാഡി സിദ്ധിദയാകുന്നു.

സാ—വെളുത്തപക്ഷത്തിലെ തിങ്കൾ ബുധൻ വ്യാഴം വെള്ളി ഈ ആഴ്ചകളിൽ ഇടത്തുവശം സഞ്ചരിക്കുന്ന വായു പുറപ്പെടും ശുഭപ്രദമാണ്. ഞായർ ചൊവ്വാ ശനി ഈ ആഴ്ചകളിൽ വലത്തുവശമായി സഞ്ചരിക്കുന്ന ശ്വാസം അപ്രകാരം കറുത്തപക്ഷമാണെങ്കിൽ വളരെ ശുഭകരമാണ്.

ഗൃഹാച്ചന്ദ്രേണ നിഷ്ക്രാന്തഃ പ്രവിഷ്ടോ ഭാനുനാ രണേ
ശൂന്യാംശേ വൈരിണം കൃത്വാ ഘാതകോ വിജയീ ഭവേത്. ൬൪

അ—ഗൃഹത്തിൽനിന്നു് ചന്ദ്രനെക്കൊണ്ടു നിഷ്ക്രാന്തനായി ഭാനുവിനെക്കൊണ്ടു രണത്തിൽ പ്രവിഷ്ടനായി വൈരിയെ ശൂന്യാംശത്തിൽ ചെയ്തിട്ടു ഘാതകനായവനും വിജയിയായി ഭവിക്കും.

സാ—ശ്വാസം ഇടത്തുവശത്തുകൂടി പ്രാൺ വീട്ടിൽനിന്നു പുറപ്പെട്ടു് ശ്വാസം വലത്തുവശമായി സഞ്ചരിക്കുന്ന സമയംനോക്കി രണഭൂമിയിൽ പ്രവേശിച്ചു് ശത്രുവിനെ ശ്വാസമില്ലാത്ത ഭാഗത്തു നിർത്തി പോരുചെയ്താൽ യുദ്ധത്തിൽ വലിയവനാണെങ്കിൽക്കൂടിയും ജയിക്കാൻ കഴിയും. ഇതു് യോദ്ധാക്കൾക്കു മാത്രമല്ല വാദപ്രതിവാദങ്ങളിലും ഉപയോഗിക്കാവുന്നതാണ്.

നിഷ്ക്രാന്തോ ഗ്രാമതോ ഗേഹാൽ പ്രവിഷ്ടശ്ശശിനാ രണേ
ജീവാംശേ യസ്യ വാ ശത്രുഃ സ ക്രൂരോഽപി വിനശ്യതി. ൨൪

അ—ഗ്രാമവിശേഷത്താലും ഗേഹത്തിങ്കൽനിന്ന് നിഷ്ക്രാന്തനായി ശശിയെ കൊണ്ടു രണത്തിൽ പ്രവിഷ്ടനായിരിക്കുന്നവനും യാവനൊരുത്തന്റെ ശത്രു ജീവാംശത്തിങ്കൽ ഭവിക്കുന്നു അവനും ക്രൂരനാണെങ്കിലും നശിക്കുന്നു.

സാ—ശ്വാസം ഇടത്തുഭാഗത്തു നില്ക്കുമ്പോൾ വീട്ടിൽനിന്നു പുറപ്പെട്ട് ഇടത്തു ഭാഗത്തു നില്ക്കുമ്പോൾ യുദ്ധഭൂമിയിൽ പ്രവേശിച്ച് ശത്രുവിന്റെ ശ്വാസമുള്ള വശത്തുനിന്നു തിരി പോരുകയാണെങ്കിൽ എത്രയും യുദ്ധവൈദഗ്ദ്ധ്യമുള്ളവനാണെങ്കിലും താൻ അടിമപ്പെട്ടുപോകുമെന്നറിയണം.

ദസ്യുഃ പശ്ശത്രവശ്ചൗരാഃ കിതവാ വ്യവഹാരിണഃ
ഏതേ ശൂന്യഗതാഃ സൌമ്യാഃ പൂർണ്ണസ്ഥാ ഭയദാഃ സ്മൃതാഃ ൨൫

അ—ദസ്യുക്കൾ, ശത്രുക്കൾ, ചോരന്മാർ, കിതവന്മാർ, വ്യവഹാരികൾ ഇവർ ശൂന്യഗതന്മാരാകുന്നു എങ്കിൽ സൌമ്യന്മാരാകുന്നു. പൂർണ്ണസ്ഥന്മാരാകുന്നു എങ്കിൽ ഭയപ്രദന്മാരെന്നു സ്മൃതന്മാരാകുന്നു.

സാ—കള്ളന്മാർ, ശത്രുക്കൾ, ചോരന്മാർ (അക്രമസംഘട്ടനങ്ങൾ നടത്തുന്നവർ) ചൂതുകളിക്കാർ, വിവാദക്കാർ ഇവരോടു എതിരിടേണ്ടിവന്നാൽ ഇവരെ ശ്വാസമില്ലാത്ത ഭാഗത്തു നിർത്തേണ്ടതാണ്. അങ്ങിനെ ആയാൽ അവർ ശാന്തന്മാരായിത്തീരും. ശ്വാസമുള്ള ഭാഗത്തു അവർ നില്ക്കുയാണെങ്കിൽ അവരിൽനിന്നു പരാജയം സിദ്ധിക്കും. രണ്ടുപേർ തമ്മിൽ മത്സരരൂപമായി എതിരിട്ടു പ്രവർത്തിക്കുന്ന ഏവിടെയും ഈ ന്യായം ഗ്രാഹ്യമാകുന്നു.

വിവാദേ ദ്യൂതയുദ്ധേ ച സ്നാനഭോജനമൈഥുനേ
വ്യവഹാരേ വ്യയേ ഭംഗേ ഭാനുനാഡീ പ്രശസ്യതേ. ൨൬

അ—വിവാദത്തിലും ദ്യൂതയുദ്ധത്തിലും സ്നാനഭോജനമൈഥുനത്തിലും വ്യവഹാരത്തിലും വ്യയത്തിലും ഭംഗത്തിലും ഭാനുനാഡി പ്രശംസിക്കപ്പെടുന്നു.

സാ—വാദപ്രതിവാദം, ചൂതുകളി, യുദ്ധം, കുളി, ഊണ്, സ്ത്രീസംഗം, വ്യവഹാരം നാശം (കടംകൊടുക്കുക മുതലായത്) ഭംഗം (ഏതെങ്കിലും ഒന്നിനെ പൂർവ്വരൂപത്തിൽനിന്നു ഭേദപ്പെടുത്തി മറ്റൊരുരൂപത്തിലാക്കുക) ഈ ഘട്ടങ്ങളിൽ ശ്വാസം വലത്തുവശത്തായാൽ ശുഭമാകുന്നു.

യാത്രാദാനവിവാഹേഷു വസ്ത്രാലങ്കാരഭൂഷണേ
ശുഭേ സന്ധൗ പ്രവേശേ ച വാമനാഡീ പ്രശസ്യതേ. ൨൭

അ—യാത്രാദാനവിവാഹങ്ങളിലും വസ്ത്രാലങ്കാരഭൂഷണത്തിലും ശുഭസന്ധിയിലെ പ്രവേശത്തിലും വാമനാഡി പ്രശംസിക്കപ്പെടുന്നു.

സാ—(വീട്ടിൽനിന്നു പുറപ്പെടുക) എന്തെങ്കിലും ദാനംചെയ്യുക, വിവാഹംചെയ്ക, വിശേഷമായ വസ്ത്രം ആഭരണം മുതലായവ ധരിക്കുക, നല്ലകാര്യങ്ങൾക്കായി ഒത്തു പക്ഷക്കാരെ ഒരുമിച്ചു ചേർക്കുന്നതിന് ശ്രമിക്കുക ഈ ഘട്ടങ്ങളിൽ ഇടത്തുവശത്തുള്ള ശ്വാസം ശുഭകരമാകുന്നു.

ദേവേ ഗതേ പൃച്ഛതി വാമഭാഗം
സ്ഥിതോ നരോ ദക്ഷിണതോ യദി സ്യാൽ
വ്യത്യാസതോഽസ്മാദപി കാര്യസാദ്ധ്യം
വദന്തി സന്തഃ ഖലു ദോഷജാതം. ൨൮

അ—ദേവൻ വാമഭാഗത്തെ ഗതനായിരിക്കുമ്പോൾ ദക്ഷിണത്തിൽ സ്ഥിതനായി

നരൻ പൃച്ഛിക്കുന്നു എങ്കിലും ഇതിൽനിന്നു വ്യത്യാസമായി ഭവിക്കയെങ്കിലും രോഗമാത്ര ത്തെ തൃഷ്ണാസാദൃശ്യമെന്ന സൂത്രകാരം വദിക്കുന്നതുതന്നെ.

സാ—ഇടതുവശത്തു ശ്വാസസഞ്ചാരമുള്ളപ്പോൾ പ്രഷ്ടാവു വലതുഭാഗത്തുനിന്നു ചോദിക്കയും വലതുവശം ശ്വാസസഞ്ചാരമുള്ളപ്പോൾ ഇടതുവശംനിന്നു ചോദിക്കയും ചെയ്താൽ രോഗപൃച്ഛയാണെങ്കിൽ വളരെ പ്രയാസപ്പെട്ടു പ്രതിവിധി ചെയ്തതിനുശേഷമേ രോഗം ശമിക്കയുള്ളൂ എന്നു പറയണം. മറ്റാചാര്യന്മാരുടെ അഭിപ്രായം ഇപ്രകാരമാകുന്നു.

> അന്തർഗ്ഗതേ പൃച്ഛതി പൃച്ഛകശ്ചേൽ
> ഗേഹേ നരോ ജീവതി വിത്തവാംശ്ച
> തേനൈവ മാർഗ്ഗേണ ബഹിർഗ്ഗതശ്ചേൽ
> പരേതവാസസ്യ പുരീം പ്രയാതി. ൩൦

അ—ശ്വാസം അന്തർഗ്ഗതമായിരിക്കുമ്പോൾ പൃച്ഛകൻ പൃച്ഛിക്കുന്നു എങ്കിൽ നരൻ വിത്തവാനായിട്ടു ജീവിക്കുന്നു. ആ മാർഗ്ഗത്തുകൂടെത്തന്നെ ബഹിർഗ്ഗതമായി ഭവിക്കയെങ്കിൽ പരേതവാസമായ പുരിയെ പ്രയാണംചെയ്യുന്നു.

സാ—ശ്വാസം നാസാരന്ധ്രങ്ങളിൽകൂടി ഗതാഗതം ചെയ്യുന്നുണ്ടല്ലോ പതിവു്. ശ്വാസം അകത്തേക്കു പ്രവേശിക്കുമ്പോൾ പൃച്ഛകൻ രോഗകാര്യത്തെക്കുറിച്ചു ചോദിച്ചു എങ്കിൽ രോഗശാന്തി വരുമെന്നും ദീർഘായുസ്സുണ്ടായിരിക്കുമെന്നും പറയണം. എന്നാൽ അകത്തേക്കു പ്രവേശിച്ചു ശ്വാസം പുറപ്പെട്ടു ആ വഴിയിൽകൂടിത്തന്നെ പുറത്തേക്കു പുറപ്പെടുകയാണെങ്കിൽ ആ രോഗി മരിക്കുമെന്നു ചൊല്ലും. ഉത്തരാർദ്ധത്തിനു് ഒരു പാഠഭേദം കൂടിയുണ്ടു്. ശ്വാസം അകത്തേക്കു പ്രവേശിക്കുമ്പോൾ ചോദിക്കയാണെങ്കിൽ രോഗി ജീവിക്കുമെന്നാണല്ലോ പൂർവ്വാർദ്ധത്തിന്റെ സാരം. ശ്വാസം ബഹിർഗ്ഗമിച്ചു പുറപ്പെട്ടപ്പോഴാണു് രോഗത്തെക്കുറിച്ചു ചോദിച്ചതെങ്കിൽ ആ രോഗി മരിക്കുന്നതാണു. ഈ അഭിപ്രായത്തിന്നു് "തേനൈവ മാർഗ്ഗേണ" എന്നുള്ള പ്രയോഗത്തിന്നു ശരിയായ ഉപപത്തി കാണുന്നില്ല.

> വാമേ വാ ദക്ഷിണേ ഭാഗേ പ്രശ്നശ്ചേദ്വായുസംയുതേ
> ജീവേന്നരോ നാരീ ച തഥോന്നേയ്യാനപദ്ധതിഃ. ൩൧

അ—വാമമായോ ദക്ഷിണമായോ വായുസംയുക്തമായ ഭാഗത്തിൽ പ്രശ്നം ചെയ്തു എങ്കിൽ നരനും നാരിയും ജീവിക്കും. അന്യേയ്യാനപദ്ധതി ഇപ്രകാരം പറയുന്നു.

സാ—രോഗി സ്ത്രീയോ പുരുഷനോ ആരായാലും ശ്വാസമുള്ള ഭാഗത്തുനിന്നു് ഇവൻ രോഗിയെപ്പറ്റി രോഗത്തെക്കുറിച്ചു സംസാരിക്കയാണെങ്കിൽ അവരുടെ രോഗശമനം ഉണ്ടാകുമെന്നു പറയണം. പുരുഷനു വലതുഭാഗവും സ്ത്രീക്കു് ഇടതുഭാഗവും നാഡിയിലും ശ്വാസത്തിന്റെ ഗുണദോഷവ്യവസ്ഥയാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ ... ശ്വാസമുള്ള ഭാഗത്തു് പൃച്ഛകന്റെ സ്ഥിതി സാമാന്യേന ശ്രേഷ്ഠമാകുന്നു. ... ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്.

> യത്ര യത്ര സ്ഥിതോ ദൂതഃ പൃച്ഛേത്പൂർണ്ണാംഗമാതതേ
> സ്ഥിതോപ്യഥ ചേദ്രോഗീ ജീവത്യേവ ന സംശയഃ. ൩൨

അ—ദൂതൻ എവിടെയെങ്കിലും സ്ഥിതനായി പൃച്ഛിച്ചിട്ടു് പിന്നെ സമാനമായ ഭാഗത്തിൽ സ്ഥിതനായി സ്ഥിതിചെയ്യുന്നു എങ്കിൽ രോഗി ജീവിക്കും. സംശയമില്ല.

സാ—പൃച്ഛകൻ ഉടനെ വലത്തോ ശ്വാസമുള്ള ഭാഗമോ ഇല്ലാത്ത ഭാഗത്തോ എവിടെനിന്നു ചോദിച്ചാലും ദോഷമില്ല. ചോദിച്ചതിനുശേഷം ശ്വാസഗതിയുള്ള ഭാഗത്തു് മാറി സ്ഥാപനമായിരുന്നാൽ രോഗി നിശ്ചയമായും മരിക്കുന്നതല്ല.

> അഥ ഗ്രാമേഽപി ച ഭൂപതി സദായിനാ പൃച്ഛ്യമാനം
> ...ളൂ പതേ തദിഹ സകലം മന്യതേ ചന്ദ്രചാരാൽ

പൃഷ്ടൃദയസ്ഥാനിയതേ സിതേ ദക്ഷിണേ സ്യുശ്ചവാമാ-
ദ്യാതാവാന്യഥാസ്യാദഖിലം പൃച്ഛകസ്യാപി വാച്യം. ൩൩

അ—ശുക്ലമായ പക്ഷത്തിൽ ദക്ഷിണത്തിലും വാമത്തിലും ഉദയരാശിയിൽ സ്ഥാ യിയായിരിക്കുന്നവനാൽ യാതൊന്നു പൃച്ഛകനായി ഭവിക്കുന്നു. അതു സകലവും ഇ വിടെ ചന്ദ്രചാരം കൊണ്ടുവരയിട്ട് ലഭിക്കപ്പെടുന്നു. അസിതമായ പക്ഷത്തിൽ പൃഷ്ടവി ലും ദക്ഷിണത്തിലും അധോഭാഗത്തിൽ സ്ഥായിയായിരിക്കുന്നവനാൽ പൃച്ഛകനായി രിക്കുന്നതു് നിയതമായിട്ടു കല്പിക്കപ്പെടുന്നു. ഇതുകൊണ്ടു് പൃച്ഛകന്റെ അഖില വും പൃച്ഛകനും വാച്യമാകുന്നു.

സാ—പൃച്ഛകൻ മുൻപിലോ ഇടത്തുഭാഗത്തോ മുകളിലോ നിന്നു ചോദിക്കയും അതു് വെളുത്ത പക്ഷത്തിലായിരിക്കയും അപ്പോൾ ശ്വാസം ഇടത്തുഭാഗമായി വരികയും ചെയ്താൽ പ്രശ്നത്തിനു വിഷയമായ ആഗ്രഹങ്ങളെല്ലാം സാധിക്കുമെന്നു പറയണം. പൃച്ഛ കൻ പുറകിലോ വലത്തോ താഴത്തോ നിന്നു ചോദിക്കയും അതു് കറുത്ത പക്ഷത്തി ലാകുകയും അപ്പോൾ ശ്വാസം വലത്തുഭാഗത്തു വരികയും ചെയ്താൽ മുൻപറഞ്ഞതൊക്കെ ആഗ്രഹസിദ്ധി ഉണ്ടാകുമെന്നു പറയണം. അപ്പോൾ സ്വചുരശ്വാസികൾക്കു ഏതവസ്ഥയാണോ മറ്റേതെങ്കിലുമോ അതുപോലെ പ്രഷ്ടാവിന്റെ അവസ്ഥയേയും വിചാരി ച്ചു പറയേണ്ടതാണ്. ശ്വാസംകൊണ്ടു് മുൻപറയപ്പെട്ട ഫലങ്ങൾ ദൂതനെപ്പോലെ പ്രഷ്ടാവിനും പറയണമെന്നു് താല്പര്യമാകുന്നു.

സ്നാനഭോജനനിദ്രാദിനിജകർമ്മസ്ഥ യാദൃശഃ
ദൈവജ്ഞസ്തദവസ്ഥസ്യ താദൃശഃ പ്രഷ്ടുരുച്യതാം. ൩൪

അ—സ്നാനഭോജനനിദ്രാദികളായ കർമ്മങ്ങളിൽ ദൈവജ്ഞന്റെ അവസ്ഥ യാദൃ ശമാകുന്നുവോ താദൃശമായിരിക്കുന്ന അവസ്ഥ പ്രഷ്ടാവിനും പറയപ്പെടണം.

സാ—കഴിഞ്ഞ ശ്ലോകത്തിന്റെ സാമാന്യഫലംകൊണ്ടു് പറയപ്പെട്ടവയെ ഒന്നുകൂ ടി വിവരിക്കുന്നു. ഇതു് കുളി നിദ്ര മുതലായ കർമ്മങ്ങളിൽ നിത്യത്തൊഴിലുകളിൽ സ്വരൂപാ ദികളായ അവസ്ഥകളിൽ എന്നു് ഓർമ്മിച്ചു അതുപോലെ പ്രഷ്ടാവിന്റെ കുളി ഊണു് ഉറക്കം മുതലായ അവസ്ഥകളെയും സ്വഭാവങ്ങളെയും പറയണം.

ശാസ്ത്രാന്തരേപിഹ്യസ്തി ദൂതദൈവവിദോർദ്ദശാ
യാദൃശീ താദൃശീ വാച്യാ ദശാ വ്യാധിമതാമിതി. ൩൫

അ—ദൂതദൈവവിത്തുകളുടെ ദശ യാദൃശിയായി ഭവിക്കുന്നു. താദൃശിയായിരി ക്കും ദശ വ്യാധിമത്തുകൾക്കും വാച്യയാകുന്നു. എന്നിങ്ങനെ ഇവിടെയും ശാസ്ത്രാന്തരം ഭവിക്കുന്നു.

സാ—ദൂതനും ദൈവജ്ഞനും പ്രഷ്ടാവിന്റെ ഗുണദോഷനിരൂപണത്തിൽ പ്രതി പുരുഷന്മാരാകുന്നു. അവർ സ്ഥാനത്തുനിന്നു പ്രവർത്തിക്കുന്നവരെന്നു താല്പര്യം. അ തിനാൽ തൽക്കാലം അവർക്കുള്ള അവസ്ഥകൾ എല്ലാം പ്രഷ്ടാവിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നവയാണ്. ആകയാൽ സ്വപ്രശ്നങ്ങളിൽ ദൈവജ്ഞനും ദൂതനും ഏതൊര വസ്ഥ അനുഭവിക്കുന്നുവോ അതുപോലെയുള്ള സുഖദുഃഖാവസ്ഥതന്നെ പ്രഷ്ടാവിനും പറ യേണ്ടതാണ്. ഇങ്ങിനെ പറയണമെന്നുള്ളതിനു പല ശാസ്ത്രവചനങ്ങളുമുണ്ട്.

ഗർഭിണീദർശനേ വായുർദ്ദക്ഷിണേ ചേൽ പുമാൻ വപുഃ
ഗർഭസ്ഥോ വാമഭാഗേ ചേദ്ദ്വയോരന്യോ ചേദസൽപ്രജാ. ൩൬

അ—ഗർഭിണീദർശനത്തിൽ വായു ദക്ഷിണത്തിലാണെങ്കിൽ ഗർഭസ്ഥനാകുന്ന പ്രജ പുമാനാകുന്നു. വാമത്തിലാകുന്ന പക്ഷം വധുവാകുന്നു. രണ്ടു ഭാഗങ്ങളിലും ഇല്ലെ ങ്കിൽ അസൽപ്രജയാകുന്നു.

സാ—ദൈവജ്ഞൻ ഒരു ഗർഭിണിയെ കണ്ടാൽ ശ്വാസപരീക്ഷകൊണ്ടു പ്രജയു ടെ സ്ത്രീപുരുഷഭേദം അറിയാവുന്നതാണ്. ശ്വാസം വലത്തുവശമാണെങ്കിൽ പുരുഷനെ

ന്നും ഉടലുവക്കാരാണെങ്കിൽ സ്ത്രീ എന്നും രണ്ടിലും ശരിയായ ശ്വാസഗതിയില്ലാതെ ശ്വാസം മുടിച്ചു എന്നു പോകുകയാണെങ്കിൽ പ്രജ ജീവനില്ലാതെ പ്രസവിക്കുമെന്നും അറിയണം.

ഗർഭേ മേ കിമിതി പ്രശ്നേ സവ്യായേ ഗർഭിണീ യദി
പുമാൻ സ്ത്രീ ചേതരേ ഭാഗേ യുഗ്മം വായുർദ്വയോര്യദി ൫൮

അ—എന്റെ ഗർഭത്തിൽ ഏതൊരു പ്രജയാകുന്നു എന്നുള്ള പ്രശ്നത്തിൽ ഗർഭിണി സവ്യവായുവായ ഭാഗത്തിലാണെങ്കിൽ പുമാൻ എന്നും വിതരമായ ഭാഗത്തിലാണെങ്കിൽ സ്ത്രീ എന്നും രണ്ടുകളിലും വായു ഉണ്ടെങ്കിൽ യുഗ്മം എന്നും വ്യാഖ്യമാകുന്നു.

സാ—ഒരു ഗർഭിണി ദൈവജ്ഞനോട് എന്റെ ഗർഭത്തിലുള്ള പ്രജ സ്ത്രീയോ പുരുഷനോ എന്നിങ്ങനെ ചോദിച്ചാൽ അപ്പോൾ ആ ഗർഭിണി ശ്വാസസഞ്ചാരമുള്ള ഭാഗത്താണ് നിന്നു ചോദിച്ചതെങ്കിൽ പ്രജ പുരുഷനാണെന്നും ശ്വാസമില്ലാത്ത ഭാഗത്തു നില്ക്കയാണെങ്കിൽ സ്ത്രീയാണെന്നും രണ്ടു മൂക്കിലും തുല്യമായി പുറപ്പെടുകയാണെങ്കിൽ ഗർഭത്തിൽ ഒരു സ്ത്രീപ്രജയും ഒരു പുരുഷപ്രജയുമുണ്ടെന്നും പറയണം. ഇത് ഗർഭിണി ചോദിക്കുന്നവെങ്കിൽ പറയേണ്ടതല്ലം കഴിഞ്ഞ പദ്യംകൊണ്ട് ഗർഭിണിയെ കണ്ടാൽ പരീക്ഷിച്ചറിയേണ്ടതുമാണ്.

വായോരാകാശസഞ്ചാരോ ഗർഭച്ഛിദ്രസ്യ സൂചകഃ
പൃഷ്ട്വാ സവ്യായാവന്യത്ര സ്ഥിതേ ചാസൽപ്രജാം വദേൽ.

അ—വായുവിന്റെ ആകാശസഞ്ചാരം ഗർഭച്ഛിദ്രത്തിന്റെ സൂചകമാകുന്നു. സവ്യവായിരിക്കുന്ന ഭാഗത്തുനിന്നു പൃച്ഛിച്ചിട്ട മറ്റൊരു ഭാഗത്ത് സ്ഥിതി സതിയായിരിക്കയായാലും അസൽപ്രജയേയും വദിക്കണം.

സാ—ഗർഭിണിയുടെ ചോദ്യസമയം ശ്വാസം ആകാശസ്ഥമാണെങ്കിൽ ഗർഭം അലസിപ്പോകുമെന്നും വായുസഞ്ചാരമുള്ള ഭാഗത്തുനിന്ന് ചോദിച്ചിട്ട് ശ്വാസമില്ലാത്ത ഭാഗത്തു മാറി ഇരിക്കുന്നവെങ്കിൽ ജീവനില്ലാത്ത പ്രജയെ പ്രസവിക്കുമെന്നും പറയണം.

നിർഗ്ഗത്യ ശശിനാ ഗേഹാൽ പ്രാപ്യം പ്രാപ്നുസ്യ ഭാനുനാ
കാര്യസ്യ ദുർല്ലഭസ്യാപി ലാഭഃ സ്യാദപ്രയത്നതഃ. ൫൯

അ—ശശിയെക്കൊണ്ട് ഗേഹത്തിൽനിന്നു നിർഗ്ഗമിച്ച് ഭാനുവിനെക്കൊണ്ട് പ്രാപ്യത്തെ പ്രാപിക്കുന്നവന് ദുർല്ലഭമായിരിക്കുന്ന കാര്യത്തിന്റെ ലാഭവും പ്രയത്നം കൂടാതെ ഭവിക്കും.

സാ—ഇടത്തുവശംകൂടി ശ്വാസമുള്ളപ്പോൾ വീട്ടിൽനിന്നും പുറപ്പെട്ട് വലതുവശം ശ്വാസമുള്ള സമയം എത്തേണ്ട ദിക്കിൽ എത്തിയാൽ കാര്യം വളരെ അസാദ്ധ്യമായിരുന്നാലും പ്രയാസം കൂടാതെ സാധിപ്പാൻ ഇടവരുന്നതാണ്.

രിപോരാഗമനപ്രശ്നേ വാമഗേ മാതരിശ്വനി
നാഗമോഽസ്ത്യേതസിദ്ധേവ തദാഗതിരതോഽന്യഥാ. ൬൦

അ—രിപുവിന്റെ ആഗമനപ്രശ്നത്തിൽ മാതരിശ്വാവ് വാമഗനായിരിക്കുമ്പോൾ ആഗമമില്ല. ഇതിങ്കൽനിന്നു വിപരീതമായാൽ ആഗതി അത്യന്തസിദ്ധമെന്നുതന്നെയാണ്.

സാ—തന്റെ നേരെ ശത്രു യുദ്ധത്തിനോ മറ്റോ വരുമോ എന്നു ചോദിച്ചാൽ ദൈവജ്ഞൻ തന്റെ അപ്പോഴത്തെ ശ്വാസം വാമഭാഗത്തിലാണെങ്കിൽ ശത്രു വരികയില്ലെന്നും വലതുഭാഗത്താണെങ്കിൽ വരുമെന്നും പറയണം. ഇത് കേവലം യുദ്ധപ്രശ്നത്തിങ്കലാണെങ്കിലും മറ്റുവിഷയമായ മറ്റു പ്രശ്നങ്ങളിലും ഉപയോഗിക്കാവുന്നതാണ്.

അങ്കസ്ഥഃ ഖലു മൈത്രസ്യ ജയോ വാ കിം പരാജയഃ
പ്രശ്നേഽയം പൂർണ്ണഭാഗേ ചേജ്ജയോഽന്യത്ര പരാജയഃ. സമ

അ—ഏറിക്ക് ഈ അങ്കയുദ്ധത്തിൽ ജയമോ പരാജയമോ എന്നുള്ള പ്രശ്നം വെക്കുന്നുവെങ്കിൽ പൂർണ്ണഭാഗത്തിലാകുന്നുവെങ്കിൽ ജയവും അന്യഭാഗത്തിലാകുന്നുവെങ്കിൽ പരാജയവും വാച്യമാകുന്നു.

സാ—ഏറിക്ക് ഈ ചെയ്യാൻപോകുന്ന അങ്കയുദ്ധത്തിൽ (കളരിയിൽവെച്ച് പരീക്ഷണാർത്ഥം ചെയ്യുന്ന തരത്തിലുള്ള യുദ്ധം) ജയമാണോ തോൽവിയാണോ ഉണ്ടാകുന്നത് എന്ന ദൈവജ്ഞനോട് ചോദിക്കുമ്പോൾ പ്രഷ്ടാവ് ശ്വാസസഞ്ചാരമുള്ള ഭാഗത്തു നില്ക്കുകയാണെങ്കിൽ ജയം സിദ്ധിക്കുമെന്നും ശ്വാസമില്ലാത്ത ഭാഗത്തു നില്ക്കുകയാണെങ്കിൽ തോൽവിയാണെന്നും പറയണം.

സന്നാഹനം നിർഗ്ഗമനം ഛുരികാരോഹണമേഷു ശുഭമിഡയാ
പിംഗലയാ പുനരിതരം പ്രഹരതി യദി വാമഗം ജയോ നിയതഃ. ൩൧.

അ—സന്നാഹവും നിർഗ്ഗമനവും ഛുരികാരോഹണവും ഇഡകൊണ്ടു ശുഭമാകുന്നു. പിംഗലകൊണ്ടു വാമഗനായിരിക്കുന്ന ഇതരനെ പ്രഹരിക്കുന്നു എങ്കിൽ ജയം നിയതമാകുന്നു.

സാ—യുദ്ധത്തിനായി ഒരുങ്ങുന്നതും യാത്രതിരിക്കുന്നതും കളരിയിൽ പ്രവേശിക്കുന്നതും ഇടത്തുഭാഗത്തുകൂടി ശ്വാസസഞ്ചാരമുള്ള സമയമാണ വേണ്ടത്. അങ്ങനെ ചെയ്തിട്ട് വലത്തുഭാഗത്തു ശ്വാസസഞ്ചാരം വരുമ്പോൾ തന്റെ ശത്രുവിനെ ഇടത്തുവശത്താക്കി യുദ്ധം ചെയ്താൽ തനിക്കു കണിശമായും ജയിക്കാൻ കഴിയും. പണ്ട് ഈ മാതിരി യുദ്ധം കേരളം മുഴുക്കെ നടപ്പായിരുന്നു.

ഇഡയാപ്യാരബ്ധവതഃ ഛുരികാകർമ്മണ്യഥ വാ പുനരപി ചേൽ
ചരതി മരുന്നൈവ ജയഃ പ്രാഗുദഗാദിക് സ്ഥിതസ്യ തദാ തസ്യ. ൩൨.

അ—ഇഡകൊണ്ടു ഛുരികയെ ആരബ്ധവാനായവനും പിന്നെയും മരുത്ത് ഇടത്തുഭാഗത്തു ചരിക്കുന്നുവെങ്കിൽ ജയം ഉള്ളതാകുന്നു. അപ്പോൾ അതിൽ കിഴക്കോ വടക്കോ ആയി സ്ഥിതിചെയ്തു എന്നുള്ളതുണ്ടാകണം.

സാ—ഇടത്തുഭാഗത്തു ശ്വാസസഞ്ചാരമുള്ളപ്പോൾ കളരിയിൽ പ്രവേശിച്ചാൽ പിന്നെയും ശ്വാസം ഇടത്തുഭാഗം തന്നെ സഞ്ചരിച്ചുകൊണ്ടിരിക്കയാണെങ്കിൽ ആ കളരിയിൽ കിഴക്കോ വടക്കോ മാറി ഒതുങ്ങി ഇരുന്നുകൊള്ളണം. ശ്വാസഗതി വലത്തുവശം വരുന്ന അവസരം നോക്കി യുദ്ധംചെയ്തുകൊള്ളണമെന്ന താല്പര്യം.

വാ—ഇതുവരെ ശ്വാസാവസ്ഥാവിഷയം.

അ—ഇതു ശ്വാസാവസ്ഥാവിഷയമാകുന്നു.

സാ—ഇവിടെ "കാര്യം ശ്വാസപരീക്ഷണം" എന്നുതുടങ്ങി കഴിഞ്ഞ പദ്യംവരെ പറഞ്ഞിട്ടുള്ളത് ശ്വാസത്തിന്റെയും അവസ്ഥയുടെയും ശുഭാശുഭനിരൂപണമാകുന്നു. ഇനി മുൻപറഞ്ഞ ക്രമം അനുസരിച്ച് സ്പർശത്തെക്കുറിച്ചു പറയുന്നു.

പ്രഷ്ടാ വക്ത്രാദികേശാന്തം സ്പൃശതി ക്ഷിപ്രമീപ്സിതം ലഭതേ
മംഗലവസ്തൂനി ച തഥാ വിപരീതം ഫലമമംഗലസ്പർശേ. ൩൩.

അ—പ്രഷ്ടാവ് വക്ത്രാദികേശാന്തത്തിൽ സ്പർശിക്കുന്നുവെങ്കിൽ വേഗേന ഇഷ്ടത്തെ ലഭിക്കുന്നു. മംഗലവസ്തുവിനെ സ്പർശിക്കുന്നുവെങ്കിൽ അപ്രകാരം തന്നെ. അമംഗലസ്പർശത്തിലുള്ള ഫലം വിപരീതമാകുന്നു. ഇനി സ്പർശക്രമമാണല്ലോ പറവാൻ പോകുന്നത്.

സാ—പൃച്ഛകൻ ദൈവജ്ഞനോട് അഭീഷ്ടകാര്യത്തെക്കുറിച്ചു ചോദിക്കുമ്പോൾ തന്റെ മാറിടത്തിലോ "സ്വർണ്ണം കണ്ണാടി മുതലായ ഉത്തമപദാർത്ഥങ്ങളിലോ സ്പർശിക്കുന്നുവെങ്കിൽ തന്റെ അഭിലാഷം വേഗേന വരുമെന്ന് പൃച്ഛകനോടു പറയണം. ഉലക്ക, മുറം മുതലായ അനിഷ്ടപദാർത്ഥങ്ങളെ സ്പർശിച്ചുകൊണ്ടു ചോദിക്കുന്നുവെങ്കിൽ ഇഷ്ടകാര്യസാദ്ധ്യം ഒരിക്കലും ഉണ്ടായിരിക്കുന്നതല്ലെന്നറിയണം.

സംസ്പൃശൻ നാഭിനാസാസ്യകേശരോമനഖാംഗുലീഃ
ഗുഹ്യപൃഷ്ഠസ്തനഗ്രീവാജഠരാനാമികാംഗുലീഃ.
രന്ധ്രാണാമപി നവകം കപോലദ്വയസ്ഥലം ച സന്ധിപത്രാണി
പൃഷ്ടാ ലഭതേƽനിഷ്ടം നിമ്നസ്പൃക് തഥൈവ വിജ്ഞേയം. ൩൩

അ—നാഭിനാസാസ്യകേശരോമനഖാംഗുലികളേയും ഗുഹ്യപൃഷ്ഠസ്തനഗ്രീവാജഠരാനാമികാംഗുലികളേയും രന്ധ്രങ്ങളുടെ നവകത്തെയും കപോലതലങ്ങളെയും സന്ധിപത്രങ്ങളെയും സംസ്പൃശന്നായ പൃച്ഛകൻ അനിഷ്ടത്തെ ലഭിക്കുന്നു. നിമ്നസ്പൃക്ക് എന്നവനേയും അപ്രകാരം വിജ്ഞേയനാകുന്നു.

സാ—പൃച്ഛകൻ ദൈവജ്ഞനോടു ചോദിക്കുന്ന സമയം നാഭി, മൂക്ക്, വായ്, തലമുടി, രോമം, നഖം, വിരല്, ഗുഹ്യപ്രദേശം, മുല, കഴുത്ത്, വയറ്, മോതിരവിരല്, നവദ്വാരങ്ങൾ കൈകാല് ഇവകളുടെ തലം, ഞെരിയാണി, മുട്ട് മുതലായ സന്ധിപ്രദേശങ്ങൾ മറ്റു താണപ്രദേശങ്ങൾ ഇവയിൽ ഏതിലെങ്കിലും സ്പർശിക്കുന്നെങ്കിൽ ഇഷ്ടസംഭവം ഉണ്ടാകുന്നതല്ല. സ്പർശവിഷയമായി മറ്റുചില വിശേഷവിധികളും ഉണ്ട്. അവയും ഇവിടെത്തന്നെ വിവരിക്കുന്നു.

പ്രാഗാദിദിക്ഷു മൂർദ്ധാദിഷ്വംഗേഷ്വപ്യഷ്ടസു സ്ഥിതാഃ
ധ്വജാദ്യാസ്തത്സ്ഥിതിസ്പർശഫലമപ്യത്ര കല്പ്യതേ. ൩൪

അ—പ്രാഗാദിദിക്കുകളിലും മൂർദ്ധാദികളായ എട്ട് അംഗങ്ങളിലും ധ്വജാദ്യായങ്ങൾ സ്ഥിതങ്ങളാകുന്നു. ഇവിടെ തൽസ്ഥിതിസ്പർശഫലവും കല്പിക്കപ്പെടുന്നു.

സാ—കിഴക്ക മുതലായ ദിക്കുകളിലും മൂർദ്ധാവു മുതലായ അവയവങ്ങളിലും ധ്വജം ധൂമം മുതലായ യോനികൾ സ്ഥിതിചെയ്യുന്നുണ്ട്. ആ യോനിസ്ഥിതികളിൽനിന്ന ഓരോ അവയവ യോനിയിൽ സ്പർശിച്ചാൽ ഉള്ള ഫലം ക്രമേണ പറവാൻ പോകുന്നു.

ധ്വജോ ധൂമശ്ച സിംഹശ്ച സാരമേയോ വൃഷഃ ഖരഃ
ദന്തീ കാകഃ ക്രമാദേതേ ദിക്ഷ്വൈന്ദ്ര്യാദിഷു സംസ്ഥിതാഃ. ൩൫

അ—ധ്വജവും, ധൂമവും, സിംഹവും, സാരമേയവും, വൃഷവും, ഖരവും, ദന്തിയും കാകനും ക്രമത്താലേ ഇവകൾ ഐന്ദ്ര്യാദികളായ ദിക്കുകളിൽ സ്ഥിതങ്ങളാകുന്നു.

സാ—ധ്വജം ധൂമം മുതലായ യോനികൾ ക്രമേണ കിഴക്ക അഗ്നികോണ്, തെക്ക നിരൃതികോണ്, പടിഞ്ഞാറ വായുകോണ്, വടക്ക ഈശകോണ് ഈ ദിക്കുകളിൽ സ്ഥിതിചെയ്യുന്നു. ഇതുകൊണ്ടു നാലു ദിക്കുകളിൽ ധ്വജം സിംഹം വൃഷം ഗജം ഇങ്ങിനെയുള്ള ശുഭയോനികളും അഗ്നിദിക്ക മുതലായ് ൪ കോണുകളിൽ ക്രമേണ ധൂമം സാരമേയം (നായ്) ഖരം (കഴുത) കാകൻ ഇങ്ങിനെ അശുഭയോനികളുമാണ് സ്ഥിതിചെയ്യുന്നതെന്നു സിദ്ധമാകുന്നു.

മൂർദ്ധ്നി ധ്വജോ ഘ്രാണപുടേ തു ധൂമ-
ശ്ചാസ്യേ ഹരിഃ ശ്രോത്രയുഗേ ശ്വസംജ്ഞഃ
കണ്ഠേ വൃഷഃ പാണിയുഗേ ഖരശ്ച
ഗജോ ഹൃദ്യംഘ്രിയുഗേ ച കാകഃ. ൩൬

അ—മൂർദ്ധാവിൽ ധ്വജവും, ഘ്രാണപുടത്തിൽ ധൂമവും, ആസ്യത്തിൽ ഹരിയും ശ്രോത്രങ്ങളിൽ ശ്വസംജ്ഞനും, കണ്ഠത്തിൽ വൃഷവും, പാണിയുഗത്തിൽ ഖരവും ഹൃത്തിൽ ഗജവും അംഘ്രിയുഗത്തിൽ കാകനും സ്ഥിതിചെയ്യുന്നു.

സാ—ദിക്കുകളിൽ ഉള്ള യോനികളെ പറഞ്ഞുവല്ലോ. അതുപോലെ ദേഹത്തിന്റെ അവയവങ്ങളിലും ആ യോനികൾ സ്ഥിതിചെയ്യുന്നുണ്ട്. അവയെ ക്രമേണ പറയുന്നു. മൂർദ്ധാവിൽ ധ്വജയോനിയും, മൂക്കിൽ ധൂമയോനിയും, മുഖത്തിൽ സിംഹയോനിയും, കണ്ണിലും ചെവിയിലും ശ്വായോനിയും, കഴുത്തിൽ വൃഷയോനിയും, കൈകളിൽ

ധ്വജയോനിയും, ഹൃദയത്തിൽ ഗജയോനിയും, കാലുകളിൽ കാകയോനിയും സ്ഥിതിചെയ്യുന്നു. ഹൃദിഭാഗങ്ങളിലായി ഈ യോനികളെ കല്പിച്ചിട്ടുണ്ടല്ലോ. ഇവയിൽ ഏതിലെങ്കിലും നിന്നു അവയവയോനികളിൽ ഏതിലെങ്കിലും സ്പർശിച്ചാൽ അവയുടെ ഫലങ്ങളെയാണ് ഇനി പറയാൻപോകുന്നത്. ഇതാണ് ഈ യോനികല്പനകൊണ്ടുള്ള പ്രയോജനം.

ധ്വജസിംഹവൃഷാദീനാം സ്പർശനേന ഫലം ക്രമാൽ
ധനരാജ്യാന്നഭൂഷാണാം ലാഭഃ പ്രശ്ചിന്തിതേ. ൬൦

അ—പ്രഷ്ടാവിങ്കൽ ധ്വജസ്ഥനായിരിക്കുന്നവന്റെ ധ്വജസിംഹവൃഷാദികളുടെ സ്പർശനത്താലായിട്ട് ക്രമേണ ധനരാജ്യാന്നഭൂഷകളുടെ ലാഭം ഫലമെന്നു വാച്യമാകുന്നു.

വ്യാ—കിരീടം ധ്വജയോനി സ്ഥാനമാണല്ലോ. ഇവിടെനിന്നു ധ്വജയോനിസ്ഥാനമായ മൂർദ്ധാവിൽ സ്പർശിച്ചാൽ ധനലാഭവും, സിംഹയോനിസ്ഥാനമായ മുഖത്തു സ്പർശിച്ചാൽ രാജ്യങ്ങളുടെ ലാഭവും, വൃഷയോനിസ്ഥാനമായ കഴുത്തിൽ സ്പർശിച്ചാൽ പല്ലക്ക് മുതലായ യാനസാധനങ്ങളുടെ ലാഭവും, ഗജയോനിസ്ഥാനമായ ഹൃദയത്തിൽ സ്പർശിച്ചാൽ ആഭരണലാഭവും ഫലമാകുന്നു.

വിപുലാശ്വാദിലാഭസ്യാദ്ഭൂഷാദേഃ ഫലം ക്രമാൽ
സിംഹാദീനാം ഗജാദീനാം സിംഹസ്ഥസ്യാഭിമർശനേ. ൬൧

അ—സിംഹസ്ഥനായിരിക്കുന്നവന്റെ സിംഹാദികളുടെയും ഗജാദികളുടെയും അഭിമർശനത്തിൽ ക്രമേണ വിപുലമായ അശ്വാദിലാഭങ്ങളും ഫലമെന്നു വാച്യമാകുന്നു. പ്രഷ്ടാവ് സിംഹയോനിസ്ഥാനമായ മുഖത്തിങ്കൽനിന്നു സിംഹയോനിയുടെ സ്ഥാനമായ മുഖത്തു സ്പർശിച്ചാൽ വിപുലമായ അശ്വാദിലാഭവും, വൃഷയോനിയുടെ സ്ഥാനമായ കഴുത്തിൽ സ്പർശിച്ചാൽ ആഭരണലാഭവും, ഗജയോനിസ്ഥാനമായ ഹൃദയത്തിൽ സ്പർശിച്ചാൽ സ്ഥാനലാഭവും, ധ്വജയോനിസ്ഥാനമായ മൂർദ്ധാവിൽ സ്പർശിച്ചാൽ ബന്ധുജനലാഭവും ഫലമാകുന്നു.

വൃഷധ്വജഗജസിംഹാനാം വൃഷസ്ഥസ്യാഭിമർശനേ
വൃഷവാഹനമാല്യാപ്തിർമിത്രാപ്തിശ്ച ഭവേൽ ക്രമാൽ. ൬൨

അ—വൃഷസ്ഥന്റെ വൃഷധ്വജഗജസിംഹങ്ങളുടെ അഭിമർശനത്തിൽ ക്രമേണ വൃഷവാഹനമാല്യപ്രാപ്തിയും, മിത്രപ്രാപ്തിയും വാച്യമാകുന്നു.

വ്യാ—വൃഷയോനിയിലിരിക്കുന്ന പ്രഷ്ടാവിന്നു വൃഷയോനിസ്ഥാനമായ കഴുത്തു സ്പർശിച്ചാൽ കാളയുടെ ലാഭവും, ഗജയോനിയുടെ സ്ഥാനമായ ഹൃദയത്തിൽ സ്പർശിച്ചാൽ കുതിര മുതലായ വാഹനങ്ങളുടെ ലാഭവും, ധ്വജയോനിയുടെ സ്ഥാനമായ മൂർദ്ധാവിൽ സ്പർശിച്ചാൽ മാല്യലാഭവും, സിംഹയോനിയുടെ സ്ഥാനമായ മുഖത്തിൽ സ്പർശിച്ചാൽ മിത്രലാഭവും ഫലമാകുന്നു.

ഗജധ്വജവൃഷസിംഹാനാം ഗജസ്ഥസ്യാഭിമർശനേ
ഗജശ്രീധനസ്യാപ്തിഃ പുത്രലാഭഃ പ്രപൃഷ്ടുഃ ക്രമാദ് ഭവേൽ. ൬൩

അ—ഗജസ്ഥനായ പ്രഷ്ടാവിന്റെ ഗജധ്വജവൃഷസിംഹങ്ങളുടെ അഭിമർശനത്തിൽ ക്രമേണ ഗജശ്രീധനപുത്രലാഭം വാച്യമാകുന്നു.

വ്യാ—പ്രഷ്ടാവ് ഗജയോനിയായ വക്ഷസ്സിനെ ചോദിക്കയും അപ്പോൾ ഗജയോനിസ്ഥാനമായ ഹൃദയത്തിൽ സ്പർശിക്കയും ചെയ്താൽ ആന മുതലായ വിശേഷവാഹനങ്ങളുടെ ലാഭവും, ധ്വജയോനിസ്ഥാനമായ മൂർദ്ധാവിൽ തൊടുകയാണെങ്കിൽ ശ്രീലാഭവും സിംഹയോനിസ്ഥാനമായ മുഖത്തു സ്പർശിക്കയാണെങ്കിൽ ധനലാഭവും വൃഷയോനിസ്ഥാനമായ കഴുത്തിൽ സ്പർശിക്കയാണെങ്കിൽ പുത്രലാഭവും ഫലമാകുന്നു.

ധൂമസ്ഥിതസ്യ ധൂമാദികാണസംസ്പർശനേ
മൃത്യുഃ ക്ലേശോ ധനാപായോ മർത്ത്യാപൽ ഫലം ക്രമാൽ.

അ—ധൂമസ്ഥിതന്റെ ധൂമാദികാണസംസ്പർശനത്തിൽ മൃത്യുവും ക്ലേശവും ധനാപായവും മർത്ത്യാപത്തും ആകുന്ന ഫലം ക്രമേണ വാച്യമാകുന്നു.

സാ—ധൂമ്രയോനിയിലുള്ള അഗ്നികോണിൽനിന്ന് ചോദിക്കുമ്പോൾ ധൂമ്രയോനി സ്ഥാനമായ മൂക്കിൽ സ്പർശിക്കുന്നെങ്കിൽ മൃത്യുവും, ശ്വായോനിസ്ഥാനമായ ചെവികളേയും കണ്ണുകളേയും സ്പർശിക്കുന്നെങ്കിൽ ദുഃഖവും ഖരയോനിസ്ഥാനമായ കൈകളിൽ സ്പർശിക്കുന്നെങ്കിൽ പുത്രലാഭവും കാകയോനിസ്ഥാനമായ കാലുകളിൽ സ്പർശിക്കുന്നെങ്കിൽ ഉണ്ണിയുണ്ടായ ഉടനെ മരണമെന്ന് ആപത്തും ഫലമാകുന്നു.

> ശ്വാത്രുഭസ്യ തദാദീനാം ചഞ്ചുസ്പർശനതോ വദേൽ
> വ്യാധിമാതങ്കജം ശോകം ദാനാദ്വ്യാപൽ സുഹൃന്മൃതിഃ. ൬൩

അ—ശ്വാത്രുഭമെന്ന നക്ഷത്രങ്ങളുടെ ചഞ്ചുസ്പർശനത്തിൽ വ്യാധിയും ആതങ്കജശോകവും ദാനാദ്വ്യാപത്തും സുഹൃന്മൃതിയും ക്രമേണ ഫലിക്കും.

സാ—പ്രഷ്ടാവ് ശ്വായോനിയിലുള്ള നിരൃതികോണിൽനിന്ന് ചോദിക്കയും അപ്പോൾ ശ്വായോനിസ്ഥാനമായ ചെവി, കണ്ണ് ഇതുകളെ സ്പർശിക്കയും ചെയ്താൽ വ്യാധിയും ഖരയോനിസ്ഥാനമായ കൈകളെ സ്പർശിച്ചാൽ പുത്രലാഭവും കാകയോനിസ്ഥാനമായ കാലുകളെ സ്പർശിച്ചാൽ പലതരത്തിൽ ആപത്തും ധൂമ്രയോനിസ്ഥാനമായ മൂക്കിൽ സ്പർശിച്ചാൽ ബന്ധുജനങ്ങളുടെ മരണവും ഫലമാകുന്നു.

> ഖരാദ്യഭിന്നസ്യ തൽപൂർവ്വചഞ്ച്വാദിസ്പർശനേ ഫലം
> വിവാദോ ദേഹതീവ്രത്വം ഭയം സന്താപശോ ക്രമാൽ. ൬൪

അ—ഖരാദ്യഭിന്നന്റെ തൽപൂർവ്വചഞ്ച്വാദിസ്പർശനത്തിൽ വിവാദവും ദേഹതീവ്രതയും ഭയവും സന്താപവും ക്രമേണ ഫലമെന്നു വാച്യമാകുന്നു.

സാ—പ്രഷ്ടാവ് ഖരയോനിയിലുള്ള വായുകോണിൽ നിന്ന് ചോദിക്കയും അപ്പോൾ ഖരയോനിസ്ഥാനമായ കയ്യിൽ സ്പർശിക്കയും ചെയ്താൽ വാദപ്രതിവാദം മുതലായ കലഹവും കാകയോനിസ്ഥാനമായ കാലിൽ സ്പർശിക്കുന്നെങ്കിൽ ദേഹതീവ്രതയും ധൂമ്രയോനിസ്ഥാനമായ മൂക്കിൽ സ്പർശിക്കുന്നെങ്കിൽ ആയുധങ്ങളാലും മറ്റും ഉണ്ടാകുന്ന ഭയവും ശ്വായോനിസ്ഥാനമായ ചെവി കണ്ണ് ഇതുകളെ സ്പർശിക്കുന്നെങ്കിൽ സന്താപശോകങ്ങളും ഫലമാകുന്നു.

> കാകസ്ഥസ്യ ച കാകാദിചഞ്ച്വാദിസ്പർശനേ വദേൽ
> ബന്ധുനാശോ വപുർനാശോ മൃതിർവ്വിചാൽ സുതക്ഷയഃ. ൬൫

അ—കാകസ്ഥന്റെ കാകാദിചഞ്ച്വാദിസ്പർശനത്തിൽ ക്രമേണ ബന്ധുനാശവും വപുർനാശവും വിചാലിൽനിന്ന് മൃതിയും സുതക്ഷയവും വാച്യമാകുന്നു.

സാ—പ്രഷ്ടാവ് കാകയോനിയിലുള്ള ഈശാനകോണിൽ സ്ഥിതിചെയ്തു ചോദിക്കയും അപ്പോൾ കാകയോനിസ്ഥാനമായ കാലിൽ സ്പർശിക്കയും ചെയ്താൽ ബന്ധുക്കൾക്ക് നാശവും ധൂമ്രയോനിസ്ഥാനമായ മൂക്കിൽ സ്പർശിക്കുന്നെങ്കിൽ ശരീരത്തിന് കലിപ്പ് മുതലായവ സംഭവിക്കും ശ്വായോനിസ്ഥാനമായ ചെവി കണ്ണ് ഇതുകളെ സ്പർശിച്ചാൽ വിഷഭയങ്ങളാൽ ശീഘ്രമായി മരണവും ഖരയോനിസ്ഥാനമായ കയ്യിൽ സ്പർശിച്ചാൽ സന്താനനാശവും ഫലമാകുന്നു.

> ധൂമ്രശ്വാഖരകാകസ്പൃക് ധ്വജസിംഹവൃഷേഭഗഃ
> വിപരീതസ്ഥിതോ വാ ന്യായമത്യന്തം ന ശുഭാശുഭം. ൬൬

അ—പ്രഷ്ടാവ് ധ്വജസിംഹവൃഷേഭങ്ങളിൽ നിന്നിട്ട് ധൂമ്രശ്വാഖരകാകസ്പൃക്കായി ചോദിക്കുന്നുവെങ്കിലും അഥവാ വിപരീതമായി ചോദിക്കുന്നുവെങ്കിലും അത്യന്തമായ ശുഭാശുഭങ്ങളെ യഥാർത്ഥമായി പറയുന്നില്ല.

സാ—ധ്വജം സിംഹം വൃഷം ഗജം ഇവ ശുഭയോനികളുടെ സ്ഥാനമായ കിഴക്ക് തെക്ക് പടിഞ്ഞാറ് വടക്ക് ഈ ദിക്കുകളിൽ നിന്നിട്ട് ധൂമ്രം, ശ്വാവ്, ഖരം, കാകൻ ഈ അശുഭയോനികളുടെ സ്ഥാനമായ മൂക്കിനെ, ചെവി, കണ്ണ് ഇതുകളേയോ കയ്യിനേയോ കാലിനെയോ തൊട്ടുകൊണ്ട് ചോദിക്കുന്നുവെങ്കിൽ വലിയ ഗുണങ്ങളോ ദോഷ

ങ്ങളും ഉണ്ടാകുന്നതല്ല. ഗുണദോഷസാമ്യമെന്നു സാരം. ഇതുപോലെ ധൂമം, ശ്വാവു്, ഖരം, കാകൻ ഈ യോനികളുടെ ദിക്കായ കിഴക്കും തെക്കും കന്നി, ധനു, മീനം ഈ രാശികളിൽ പ്രഷ്ടാവു സ്ഥിതിചെയ്തുകൊണ്ടു ചോദിക്കയും അതുപ്രകാരം ധ്വജാദിശുഭയോനികളുടെ സ്ഥാനമായ ദിക്കു്, മുഖം, കഴുത്തു്, ഹൃദയം ഈ സ്ഥാനങ്ങളിൽ സ്പർശിച്ചുകൊണ്ടു ചോദിക്കയും ചെയ്താലും വലിയ ഗുണമോ ദോഷമോ ഉണ്ടാകുന്നതല്ല. പ്രഷ്ടാവു് ദൈവജ്ഞനോടു് അഭീഷ്ടകാര്യം പറയുമ്പോൾ ദൈവജ്ഞനുണ്ടാകുന്ന പ്രഷ്ടാവിന്റെ സ്പർശനത്തെയാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്. ഈവക ഫലങ്ങളും കഴിഞ്ഞതോ വരാനുള്ളതോ എന്നു നിശ്ചയിക്കേണ്ടതു് ആവശ്യമാണല്ലോ. മനുഷ്യരുടെ ഇടതുവശം ഭൂതവും വലതുവശം ഭാവിയുമാണു്. പ്രഷ്ടാവിന്റെ ഭൂതാർദ്ധത്തിലാണു് സ്പർശിച്ചതെങ്കിൽ കഴിഞ്ഞ ഫലങ്ങളാണെന്നും ഭാവ്യാർദ്ധത്തിലുള്ള അവയവങ്ങളിലാണു് സ്പർശിച്ചതെങ്കിൽ വരാനുള്ള ഫലങ്ങളാണെന്നും പറയണം. കൂടാതെ "[illegible]" ഇത്യാദി പദ്യങ്ങളെക്കൊണ്ടു് ൧൩-ാം അദ്ധ്യായത്തിൽ പറവാൻ പോകുന്ന ന്യായമനുസരിച്ചും ഭൂതഭാവികൾ നിശ്ചയിക്കാവുന്നതാകുന്നു.

വാ—പൃച്ഛതൽ സ്പർശനവിഷയം.

അ—ഇതു് സ്പർശനവിഷയമാകുന്നു.

സാ—"പ്രഷ്ടാ ഖഗാക്രാന്തേ" എന്നുള്ള പദ്യം മുതൽ കഴിഞ്ഞ പദ്യംവരെ പറഞ്ഞിട്ടുള്ളതു് പ്രഷ്ടാവു് ദൈവജ്ഞനോടു ചോദിക്കുമ്പോൾ തന്റെ അവയവങ്ങളിലെവിടെയെങ്കിലും സ്പർശിച്ചാൽ അതിന്റെ ഗുണദോഷങ്ങളെക്കുറിച്ചാണു്. ഇനി പ്രഷ്ടാവിന്റെ ആശ്രിതരാശിയെക്കുറിച്ചു പറയാൻപോകുന്നു.

പൃച്ഛകാധിഷ്ഠിതം രാശിം വിജ്ഞായാനേന പൃച്ഛതഃ
ശോഭനം വാ ഫലം വാച്യം കിമപി പ്രത്യയാപ്തയേ. ൪൯

അ—പൃച്ഛകാധിഷ്ഠിതമായ രാശിയെ അറിഞ്ഞിട്ടു് ഇതുകൊണ്ടു പൃച്ഛകനു് അനുഭവമായ ഒരു ഫലം പ്രത്യയാപ്തിക്കായിക്കൊണ്ടു് പറയേണ്ടതാകുന്നു.

സാ—പ്രഷ്ടാവു ദൈവജ്ഞന്റെ മുമ്പിൽ ഏതൊരു രാശിയിലാണോ സ്ഥിതിചെയ്യുന്നതു്, ആ രാശികൊണ്ടു പ്രഷ്ടാവു് വഴിയിൽവച്ചുണ്ടായിട്ടുള്ള ഒരു ഫലത്തെ പറയണം. ഇതു ദൈവജ്ഞന്റെ ഭാവിഫലനിർദ്ദേശത്തിൽ പ്രഷ്ടാക്കന്മാർക്കു വിശ്വാസമുണ്ടാകുന്നതിനാണു്. അങ്ങിനെ പറയുന്നതിനുള്ള ക്രമം താഴെ പറയാൻപോകുന്നു.

വാ—അത്ര സാരസംഗ്രഹഃ.

അ—ഇവിടെ സാരസംഗ്രഹം ചൊല്ലുന്നു.

സാ—പ്രഷ്ടാവുനിന്ന രാശികൊണ്ടു ലക്ഷണം പറയുവാൻ സാരസംഗ്രഹമെന്ന ഗ്രന്ഥത്തിലെ ചില വചനങ്ങളും താഴെ കാണിക്കുന്നു.

മാരുത്യാംശേ പൃച്ഛകാധിഷ്ഠിതർക്ഷാത്
ആദ്യേ തസ്മാത് പഞ്ചമേ വാഷ്ടമേ വാ
ചണ്ഡാലാനാം ദർശനം തത്ര പ്രഷ്ടുഃ
ശൂദ്രാ ദൃഷ്ടാസ്തത്ര ചേൽ ശുഭഖേടാഃ. ൫൦

അ—മാരുതമോ ആക്കിയോ പൃച്ഛകാധിഷ്ഠിതർക്ഷത്തിലോ അല്ലെങ്കിൽ അതിൽനിന്നു പഞ്ചമത്തിലോ അഷ്ടമത്തിലോ ഭവിക്കുന്നുവെങ്കിൽ അപ്പോൾ ചണ്ഡാലന്മാരുടെ ദർശനം പ്രഷ്ടാവിനുണ്ടായി ഭവിക്കും. അവിടെ ശുഭഗ്രഹന്മാർ ഭവിക്കുമെങ്കിൽ ശൂദ്രന്മാർ ദൃഷ്ടന്മാരായി ഭവിക്കും.

സാ—പ്രഷ്ടാവു വന്നു സ്ഥിതിചെയ്ത രാശിയിലോ അതിന്റെ ൫-ാംരാശിയിലോ ൮-ാംരാശിയിലോ മാന്ദിയോ രാഹുവോ നില്ക്കുന്നുവെങ്കിൽ പ്രഷ്ടാവു വീട്ടിൽനിന്നു പുറപ്പെട്ടപ്പോൾ വഴിയിൽവച്ചു ചണ്ഡാലസന്ദർശനമുണ്ടായെന്നു് ആദ്യമായി പ്രശ്നക്കാരനു പറയണം. അതുപോലെ മേല്പറഞ്ഞ രാശികളിൽ ബൃഹസ്പതിയോ ബുധനോ നില്ക്കുന്നുവെങ്കിൽ ആദ്യം കാണേണ്ടിവന്നിട്ടുള്ളതു് ശൂദ്രവർഗ്ഗത്തിലുള്ള പുരുഷനെയാണെന്നു പറയണം.

ലഗ്നസ്ഥതാഷ്ടമസംസ്ഥൗ ഗുരുശുക്രൗ ചേദ് ദ്വിജാതിഭിര്യോഗഃ
പാപയുതൌ ദൃഷ്ടൌ ചേദ് ദുർബ്രാഹ്മണതസ്കരാദിഭിര്യോഗഃ. ൨൪

അ—ഗുരുശുക്രന്മാർ ലഗ്നസ്ഥതാഷ്ടമസംസ്ഥന്മാരാണെങ്കിൽ ബ്രാഹ്മണരോടുകൂടിയുള്ള യോഗം വാച്യമാകുന്നു. അവർ പാപയുതന്മാരോ പാപദൃഷ്ടന്മാരോ ആകുന്നുവെങ്കിൽ ദുർബ്രാഹ്മണതസ്കരാദികളോടുകൂടിയുള്ള യോഗം വാച്യമാകുന്നു.

സാ—പ്രശ്നത്തിന്റെ ആരൂഢവും [illegible] അഷ്ടമം ഇവകളിലൊന്നിൽ വ്യാഴവും ശുക്രനും നില്ക്കുന്നുവെങ്കിൽ വഴിയിൽവെച്ചു ബ്രാഹ്മണരെ കണ്ടിരിക്കുമെന്നു പറയണം. വ്യാഴത്തിനും ശുക്രനും പാപഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ [illegible] ഉണ്ടെന്നു പറയണം.

അർക്കേന്ദു [illegible] സിതേ ചേൽ സ്ത്രീയാ [illegible]
ചന്ദ്രേ [illegible] സ്ഥിതേ ചേദ് ദുഷ്ടസ്ത്രീഭിഃ സിതേ കുലസ്ത്രീഭിഃ. ൨൫

അ—ലഗ്നത്തിൽ അർക്കൻ [illegible] ചന്ദ്രസിതന്മാർ [illegible] സ്ത്രീയോടും ചന്ദ്രാർക്കന്മാർ സഹിതന്മാരാണെങ്കിൽ ദുഷ്ടസ്ത്രീകളോടും സിതൻ സഹിതനാണെങ്കിൽ കുലസ്ത്രീകളോടും യോഗം വാച്യമാകുന്നു.

സാ—ആരൂഢവും [illegible] ഈ രാശികളിൽ സൂര്യൻ നില്ക്കുന്നെങ്കിൽ [illegible] ചന്ദ്രനും ശുക്രനും നില്ക്കുന്നു എങ്കിൽ സ്ത്രീകളെക്കണ്ടു എന്നും [illegible] കൂടിയുള്ളവൻ നില്ക്കുന്നു എങ്കിൽ ദുഷ്ടസ്ത്രീകളുമായി [illegible] ശുക്രൻ മാത്രം [illegible] നില്ക്കുന്നെങ്കിൽ പതിവ്രതകളായ സ്ത്രീകളെ കണ്ടു എന്നും പറയണം. ഇവിടെ ഗ്രഹങ്ങൾ [illegible] പാപന്മാർ പാപയോഗം പാപദൃഷ്ടി മുതലായ [illegible] ഉണ്ടായിരിക്കയില്ല. [illegible] സ്ത്രീകൾ [illegible] നില്ക്കുന്ന [illegible] യോഗം [illegible] മുതലായതു പറികയും [illegible] ഇതുപോലെ ഉച്ചം മൂലത്രികോണം [illegible] മുതലായ സ്ഥാനങ്ങളും [illegible] ചിന്തിച്ചു വേണം ഈ പക്ഷത്തിൽ [illegible] ശകുനങ്ങളു. [illegible] ലക്ഷത്തിൽ സംഖ്യ മുതലായവ നിശ്ചയിക്കുന്നതു [illegible] മുതലായ [illegible] ചിന്തിച്ചു വേണ്ടതാണ്. [illegible] ആരൂഢത്തിന്റെ [illegible] വിധിച്ചിട്ടുള്ളൂ. ആ [illegible] ഗ്രഹങ്ങളുടെ [illegible] അസംഭാവ്യമല്ലല്ലോ. [illegible] ഗ്രഹം നില്ക്കുന്ന രാശിയെ ആരൂഢമായിക്കല്പിച്ചു [illegible] ലക്ഷണങ്ങളും പറയാവുന്നതാണ്. [illegible] "[illegible]" എന്നും "[illegible]" എന്നും "[illegible]" എന്നും [illegible] ഇവിടെ വ്യാഖ്യേയമെങ്കിൽ [illegible] ഇവിടെ [illegible] പറയണം. [illegible] "[illegible]" ഇത്യാദിശ്ലോകങ്ങളിൽനിന്നു [illegible] ഗ്രാഹ്യമാകുന്നു. [illegible] വിസ്താരഭയത്താൽ ഇതിൽ കൂടുതലായി [illegible] പറയേണമെന്നു വിചാരിക്കുന്നില്ല.

അന്ത്യേ [illegible] ദൃഷ്ടിയോഗ [illegible]
[illegible] ചേദ്ദൃഷ്ട്യാ [illegible] ൨൬

അ—[illegible] ദൃഷ്ടിയോഗം [illegible] യോഗത്തെയും വരിക്കണം. ഇതികൾക്കിനി പിന്നെ [illegible] ആദ്യത്തെ [illegible] ലക്ഷണത്തെ വരിക്കണം.

സാ—[illegible] കാരകനായ [illegible] കാരകനായ [illegible]

ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ ശകുനംകൊണ്ടു ബാധകാരന്റെ ചാരവശാൽകൂടി ഉണ്ടായിരുന്നു എന്നും പറയണം. "യോഗതോപി വിദ്യാൽ" എന്നുള്ളതുകൊണ്ടു് ഇതു് ഒരു പക്ഷാന്തരമാണെന്നു് സൂചിപ്പിച്ചിരിക്കുന്നു. ഇതുപോലെ മററു ഭാവങ്ങളിലും വിചാരിച്ചുകൊൾക. പിന്നീട് പൃച്ഛകന്റെ പ്രഷ്ടാവിനാൽ നിർദ്ദിഷ്ടനായ ദൂതന്റെ ദീപാദ്യം (പ്രതിഷ്ഠ) ഉദയാസ്തം (ഒഴിപ്പുടിപ്പുര) ഗുഡാർത്ഥങ്ങളും (മറ്റവന്റെ ചില ഉളളവഴി) ഇതിൽ ഏതൊന്നിലൂടെയാണു പ്രവേശിച്ചതു് അതിനെ ആശ്രയിച്ചും അവരുടെ അപ്രസ്തുത പ്രവൃത്തിയെക്കൊണ്ടും ചില ലക്ഷണങ്ങളെക്കൂടി പറയണം. ഇതു് സാരസംഗ്രഹവചനമാണു്. ഇതിന്നുള്ള പദ്യം ഇവിടെ ചേർത്തിട്ടില്ല

പാ—മാത്രം ശയ്യാദിയം ച.

അ—ഇവിടെ ശയ്യാദിയും ചൊല്ലിക്കുന്നു.

സാ—ആരൂഢരാശികൊണ്ടു ശയ്യാദിയെന്ന ഗ്രന്ഥത്തിലും ലക്ഷണങ്ങളും പറഞ്ഞിട്ടുണ്ടു്. അതു താഴെ ചേർക്കുന്നു.

അര്‍ക്കേ ലഗ്നഗതേ ബഹുജനേന്ദ്ര പരഃ സ്വയം പാ
യാതേ തപചരാദി ദൃഷ്ടൃപദ്ദേവാദ്രുൽ
ജീവാംശകേ നൃപതിനേതി പശ്ചാദിനാംശകേ
ധാതുവാദി വസ്തു വിഷയിണോ വിചിന്ത്യ വാച്യാ. ൫൩

അ—അർക്കൻ ലഗ്നത്തിൽ സ്ഥിതനായിരിക്കുമ്പോൾ യാതമായ രവിയുടെ അംശത്തിൽ ബഹുജനങ്ങളെക്കൊണ്ടോ ദൂഷിതമായ കൊണ്ടോ ഉപദ്രവം ഭവിച്ചു നിശ്ചയം. അർക്കൻ ജീവാംശകത്തിലാണെങ്കിൽ നൃപതിയാലാകുന്നു് എന്നു പറയണം. ഇതുപോലെ ആശ്രയിച്ചു ധാതുവാദിവസ്തുവിഷയിയും വിചാരിച്ചു പറയണം വാച്യമാകുന്നു.

സാ—പ്രശ്നാരൂഢത്തിന്റെ ലഗ്നത്തിൽ ആദിത്യൻ നില്ക്കുന്നെങ്കിൽ ബഹുജനങ്ങളിൽ നിന്നോ രാജാവിന്റെ സൈന്യങ്ങളിൽ നിന്നോ നിശ്ചയമായി കഴിഞ്ഞ ആയ ദുഃഖദിവസം ഉപദ്രവം ഭവിച്ചു എന്നു പറയണം. ആ ആദിത്യൻ മിഥുനം കന്നി ധനു മീനം ഈ ജീവരാശികളിലാണ അംശകിച്ചിരിക്കുന്നതെങ്കിൽ ആ രാജാവുതന്നെ ദോഷിച്ചവനെപ്പറ്റിവിച്ചു എന്നു പറയണം. ആ ആദിത്യൻ മേടം, കർക്കടകം, തുലാം, മകരം, ഈ ധാതുരാശികളിലാണു് അംശകമെങ്കിൽ കഴിഞ്ഞ ലോഹം, സ്വർണ്ണം, വെള്ളി മുതലായ ധാതുദ്രവ്യങ്ങൾ നശിച്ചിട്ടുണ്ടെന്നും ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഈ മൂലരാശികളിലാണു് അംശകമെങ്കിൽ ഭൂമി, വൃക്ഷം മുതലായ മൂലദ്രവ്യങ്ങൾ നശിച്ചിട്ടുണ്ടെന്നും ഇതുപോലെ ജീവരാശിയിലാണു് അംശകമെങ്കിൽ ജീവസാധനങ്ങളുടെ നാശം സംഭവിച്ചു എന്നും പറയണം. "വിചിന്ത്യവാച്യം" എന്നുള്ളതുകൊണ്ടു് വല്ലതുപോലെ ചിന്തിച്ചുവേണം പറയേണ്ടു് എന്നു സൂചിപ്പിച്ചിരിക്കുന്നു.

അസ്തമയേ നിശാനാഥേ പ്രഷ്ടുർവാച്യോ ഭോജനം
യവാഗൂപാനമാത്രം വാ ഗതേ ചന്ദ്രസ്യ വാസരേ. ൫൪

അ—നിശാനാഥൻ അസ്തമസ്ഥനായിരിക്കുമ്പോൾ ചന്ദ്രന്റെ ഗതമായ വാസരത്തിൽ പ്രഷ്ടാവിനു് അഭോജനമോ യവാഗൂപാനമാത്രമോ വാച്യമാകുന്നു.

സാ—മേൽപറഞ്ഞ ആരൂഢരാശിയുടെ അസ്തമത്തിൽ ചന്ദ്രൻ നിന്നാൽ കഴിഞ്ഞ തിങ്കളാഴ്ച ഭക്ഷണം കഴിപ്പാൻ സാധിച്ചിട്ടില്ലെന്നും പക്ഷേ ഉണ്ടായെങ്കിൽ കഞ്ഞി കുടിപ്പാൻ മാത്രമേ സാധിച്ചിട്ടുള്ളൂ എന്നും പറയണം.

അതെടസ്ഥിതേ പക്ഷേശോ ഭാവിതൃതസ്യ ചേൽ കിതിട
ധാതുപക്ഷേട്രസ്തി ശത്രുസ്തു മൂലാംശേ കങ്കാരിനാ. ൫൫

വാച്യാ ജീവാംശകേ ഭ്രാന്താ ഭാസൈര്യ ശേഷകാചിന്താ
സജീവപാദേശ തല്ലേശോ വാതസ്യ ഗതവാസരേ. ൫൬

അ—ആരുടെ അഷ്ടമത്തിൽ സ്ഥിതനായിരിക്കുമ്പോൾ ആരുടെ ഗ്രഹബാധ ഉണ്ടാകുന്നു അവൻ മാന്ദിയുക്തനാണെങ്കിൽ ക്ഷതിയും വാച്യമാകുന്നു. അതു കേന്ദ്രത്തിലാണെങ്കിൽ ശത്രുക്കളാലും മൂലാംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ കള്ളന്മാരാലും ജീവാംശത്തിങ്കൽ സ്ഥിതനായിരിക്കുമ്പോൾ അടുത്ത ബന്ധുക്കളാലും ക്ഷതി വാച്യമാകുന്നു. സരീസൃപാംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ ദംശനം വാച്യമാകുന്നു.

സാ—ആരൂഢത്തിന്റെ അഷ്ടമരാശിയിൽ ചോദ്യം ചെയ്താൽ കഴിഞ്ഞ ചോദ്യദിവസം പ്രഷ്ടാവ് പാദസ്ഖലനം നിമിത്തം വീണു എന്നു പറയണം. അഷ്ടമത്തിൽ ഗുളികൻകൂടി ഉണ്ടായിരുന്നാൽ പാദസ്ഖലനം കാരണം കാലിൽ മുറിവുകൂടി ഉണ്ടായി എന്നു പറയണം. അഷ്ടമത്തിൽ നില്ക്കുന്ന ചോദ്യത്തിന്റെ അംശകം മുൻപറഞ്ഞ ധാതുരാശിയിലാണെങ്കിൽ ഏതോ ചില ആയുധങ്ങളെക്കൊണ്ടാണ് മുറിവേറ്റതെന്നും മൂലരാശിയിലാണെങ്കിൽ മുള്ളോ കല്ലോ കൊണ്ടു മുറിഞ്ഞിരിക്കണമെന്നും ജീവരാശിയിലാണെങ്കിൽ നായ്ക്കളാലോ പല്ലുകൊണ്ടോ മുറിവേറ്റിരിക്കണമെന്നും പറയണം. മറ്റു അംശകങ്ങളിലാണ് ഏതൊരു ജന്തുവിനെ പറയേണ്ടത് ആ ജന്തുവിന്റെ നഖം പല്ലു മുതലായവയായിരിക്കണം മുറിവേറ്റിട്ടുള്ളത്. ചോദ്യത്തിന്റെ നവാംശകം സരീസൃപരാശിയിലാണെങ്കിൽ ഇഴയുന്ന ജന്തുക്കൾ കടിച്ചിട്ടുണ്ടെന്നു പറയണം. കർക്കടകം, വൃശ്ചികം, മീനം ഈ മൂന്നു രാശികളും സരീസൃപങ്ങളാണ്. കർക്കടകംകൊണ്ട് ഞണ്ടു മുതലായ ജന്തുക്കളേയും വൃശ്ചികംകൊണ്ട് സർപ്പത്തെയും മീനംകൊണ്ട് ജലജന്തുക്കളേയും ഗ്രഹിക്കാം. ഈ വിഷയത്തിൽ പല പക്ഷങ്ങളുമുണ്ട്. ഇത് പൃച്ഛാകാലത്തിന്റെ അടുത്തുകഴിഞ്ഞ ചോദ്യദിവസം പ്രഷ്ടാവിനുണ്ടായ അനുഭവമാകുന്നു.

അഷ്ടമസ്ഥേ വിധൌ പുത്രേ മന്ദേ ഇഷ്ടസ്യ കർമ്മണഃ
ക്ഷീണാംശേ പൂതനാബാലഗ്രഹൌ വാ ഭവതോ ഭയാഃ. ൩൪
ധാത്വംശേ വപുഷസ്സാദോ വാച്യോ ജീവാംശകേ പുനഃ
പാരുഷ്യം വചസഃ പ്രൂരോ വാ ഭവതി ദ്രുതം. ൩൫

അ—വിധുവിന്റെ ചന്ദ്രൻ അഷ്ടമസ്ഥനായിരിക്കുമ്പോൾ ശനി പുത്രനിൽ ഇഷ്ടമായ കർമ്മത്തിന്റെ ഭംഗം വാച്യമാകുന്നു. ക്ഷീണാംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ പൂതനാബാലഗ്രഹങ്ങൾ അല്ലെങ്കിൽ ഇവകളുടെ ബാധയോ വാച്യമാകുന്നു, ധാത്വംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ വപുസ്സിന് സാദം വാച്യമാകുന്നു. ജീവാംശകത്തിൽ സ്ഥിതനായിരിക്കുമ്പോൾ വചസ്സിന് പാരുഷ്യമോ പ്രൂരതയോ വാച്യമാകുന്നു.

സാ—മുൻപറഞ്ഞ ആരൂഢത്തിന്റെ അഷ്ടമരാശിയിൽ ബുധൻ നിന്നാൽ കഴിഞ്ഞ അടുത്ത ബുധനാഴ്ചദിവസം ഉദ്ദേശിച്ചകാര്യത്തിനു തടസ്സമുണ്ടായിയെന്നു പറയണം. ആ ബുധന്റെ നവാംശകം മൂലരാശിയിലാണെങ്കിൽ കഴിഞ്ഞ ബുധനാഴ്ച, ബാലപീഡയും പൂതനാബാധയോ അല്ലെങ്കിൽ അതുകളും കിട്ടാതിരിക്കയോ ചെയ്തു എന്നു പറയണം. ആ ബുധൻ ധാതുരാശിനവാംശത്തിലാണെങ്കിൽ അന്നു ശരീരത്തിനു അസ്വാസ്ഥ്യമുണ്ടായി എന്നു പറയണം. അതുപോലെ ബുധൻ ജീവരാശിനവാംശത്തിലാണെങ്കിൽ കഴിഞ്ഞ ബുധനാഴ്ച, ചീത്തവാക്ക പറയാനിടവരികയോ ദുഷ്കർമ്മത്തിനു ഇടവരികയോ ഉണ്ടായിട്ടുണ്ടെന്നു പറയണം. ബുധന്റെ അഷ്ടമസ്ഥിതികൊണ്ടു കഴിഞ്ഞ ബുധനാഴ്ച പ്രഷ്ടാവിനുണ്ടായിട്ടുള്ള അനുഭവമാണ് ഇതു പറഞ്ഞിട്ടുള്ളത്.

രന്ധ്രാധിപേ ദ്വാദശഗേ പാപാഢ്യേ നിത്യകർമ്മവിലോപനം
ഛിദ്രനാഥേ വ്യയസ്ഥേ വാ വാച്യം ഗ്രഹണാദ്യനേ ഗതം. ൩൬

അ—അഷ്ടമാധിപൻ ദ്വാദശസ്ഥിതനായിരിക്കുമ്പോൾ ഗതമായ ദിവസത്തിൽ ഛിദ്രനാഥൻ നിത്യകർമ്മവിലോപനമോ ഉദ്യാപനമോ വാച്യമാകുന്നു.

സാ—ആരൂഢത്തിന്റെ അഷ്ടമരാശിയിൽ ഗ്രഹം നിന്നാൽ പൃച്ഛാദിവസത്തിനു അടുത്തുകഴിഞ്ഞ വ്യാഴാഴ്ചദിവസം പ്രഷ്ടാവിനു ആചരിക്കേണ്ടതാണെങ്കിൽ നിത്യകർമ്മം സമ

ത്തിനു ചെയ്യാൻ സാധിച്ചുവെന്നുപറയണം. അല്ലെങ്കിൽ ധനനാശം സംഭവിച്ചു എന്നു പറയണം.

ഭൃഗുപുത്രേഽഷ്ടമം പ്രാപ്തേ വിയോഗഃ പ്രിയയോഷിതാം
വക്തവ്യോ വസ്ത്രനാശശ്ച തത്ര ധാത്വംശകേ ഭൃഗൗ. ൩൧

വസനേ പങ്കസമ്പർക്കോ ജീവാംശേഽസ്യ നഖക്ഷതിഃ
പിപീലികാഖുവല്ഗുല്യൈഃ ക്ഷതിർമ്മൂലാംശേ സരീസൃപൈഃ. ൩൨

കണ്ടകാദ്യൈസ്തു മൂലാംശേ യദാ ജീവാംശകേ പുനഃ
അന്യൈരേവ വസ്ത്രദാനം വാ തദാ സന്ന ദൃശാർത്തിമേന. ൩൩

അ—ഭൃഗുപുത്രൻ അഷ്ടമത്തെ പ്രാപിച്ചിരിക്കുമ്പോൾ ഗതമായ ഭൃഗുവിന്റെ ദിനത്തിൽ പ്രിയയോഷിത്തിന്റെ വിയോഗവും വസ്ത്രനാശവും വാച്യമാകുന്നു. അവിടെ ഭൃഗു ധാത്വംശനായിരിക്കുമ്പോൾ വസനത്തിൽ പങ്കസമ്പർക്കവും ജീവാംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ ഇതിന്റെ നഖക്ഷതിയും സരീസൃപമായ അംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ പിപീലികാഖുവല്ഗുല്യങ്ങളെക്കൊണ്ടു ക്ഷതിയും മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കുമ്പോൾ കണ്ടകാദ്യങ്ങളെക്കൊണ്ടു ക്ഷതിയും വാച്യമാകുന്നു. അല്ലെങ്കിൽ പിന്നെ ജീവാംശകനായിരിക്കുമ്പോൾ അന്യനായിക്കൊണ്ട് വസ്ത്രദാനമോ വാച്യമാകുന്നു.

സാ—ആരൂഢത്തിന്റെ അഷ്ടമത്തിൽ ശുക്രൻ നിന്നാൽ കഴിഞ്ഞുപോയ അടുത്ത വെള്ളിയാഴ്ച ദിവസം ഭാര്യയോട്ടുമായി പിരിയേണ്ടിവന്നു എന്നോ അന്നു വസ്ത്രനാശം സംഭവിച്ചു എന്നോ പറയണം. ആ ശുക്രൻ ധാതുരാശിയിലാണ് അംശിച്ചിരിക്കുന്നതെങ്കിൽ വസ്ത്രത്തിൽ അഴുക്കു പററി ചീത്തയായി എന്നു പറയണം. മൂലരാശിയിൽ അംശകമാണെങ്കിൽ മുള്ളുകളെക്കൊണ്ടോ മറേറാ വസ്ത്രം കീറിപ്പോയി എന്നു പറയണം. ആ ശുക്രൻ ജീവരാശി നവാംശകത്തിലാണെങ്കിൽ നഖംകൊണ്ടാണ് വസ്ത്രം കീറിയതു് എന്നു പറയുകയോ അല്ലെങ്കിൽ വേറൊരാളിനായി വസ്ത്രം ദാനംചെയ്തുവെന്നു പറകയോ ചെയ്യാം. ശുക്രൻ സരീസൃപരാശിയിലാണ് അംശിച്ചിരിക്കുന്നതെങ്കിൽ എലി എറുമ്പ് ചിതൽ മുതലായ ക്ഷുദ്രജന്തുക്കളിൽ നിന്ന് വസ്ത്രത്തിനു കേടുണ്ടായി എന്നു പറയണം. ഇവിടെ കർക്കടകവൃശ്ചികമീനങ്ങളാണല്ലോ സരീസൃപരാശികൾ. ഇവകൾ ഗ്രാമ്യമൂലജീവരാശികളാണല്ലോ. ആ സ്ഥിതിക്ക് സരീസൃപക്ഷതി എങ്ങനെ പറയും എന്നു ശങ്കിച്ചേക്കാം. ഈ സ്ഥാനങ്ങളിൽ "സ്ഥാനമാവനമയോഗരേ" ഇത്യാദി യോഗങ്ങളുള്ള്യം ചിന്തിച്ചുകൊള്ളേണ്ടതാണ്".

അഷ്ടമസ്ഥേ രവേഃ പുത്രേ വാച്യം ഭുക്തിവിളംബനം
അത്യാപത്തിശ്ച മന്ദസ്യ സമീപസ്ഥേ ഗതേഽഹനി. ൩൪

അ—രവിയുടെ പുത്രൻ അഷ്ടമസ്ഥനായിരിക്കുമ്പോൾ സമീപസ്ഥമായി ഗതമായ മന്ദന്റെ അഹസ്സിൽ ഭുക്തിവിളംബനവും അത്യാപത്തിയും വാച്യമാകുന്നു.

സാ—മുൻപറഞ്ഞപോലെ അഷ്ടമരാശിയിൽ ശനി നിന്നാൽ അടുത്തു കഴിഞ്ഞ ശനിയാഴ്ച ദിവസം ഭക്ഷണത്തിനു താമസമുണ്ടായി എന്നോ ഏതോ ചില ആപത്തുകളോ നേരിട്ടു എന്നോ പറയണം.

രന്ധ്രഗേ സിംഹികാസൂനൗ വാച്യാ പാദവ്യഥാ പഥി
മൂലാംശേ കണ്ടകൈസ്തേഷാ ധാത്വംശേഽശ്മാഭിഘാതതഃ ൩൫
ജീവാംശേ സാധ്വസം സർപ്പാദ്ഗതേ മന്ദസ്യ വാസരേ.

അ—സിംഹികാസൂനു രന്ധ്രഗനായിരിക്കുമ്പോൾ ഗതമായ മന്ദന്റെ വാസരത്തിൽ പഥാവിൽ പാദവ്യഥ വാച്യയാകുന്നു. സിംഹികാസൂനു മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കുമ്പോൾ ഇതു് കണ്ടകങ്ങളെക്കൊണ്ടു വാച്യമാകുന്നു. ധാത്വംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ അശ്മാഭിഘാതംകൊണ്ടാണെന്നു വാച്യമാകുന്നു. ജീവാംശത്തിൽ സ്ഥിതനായിരിക്കുമ്പോൾ സർപ്പത്തിങ്കൽനിന്നു സാധ്വസം വാച്യമാകുന്നു.

സാ—ആരൂഢാൽ അഷ്ടമത്തിൽ രാഹു നിന്നാൽ കഴിഞ്ഞ ജന്മദിവസം വഴിയിൽവെച്ചു കാലിന് ഏതോ മുറിവുണ്ടായി എന്നു പറയണം. ആ രാഹു മൂലരാശിയിലാണെങ്കിൽ മുള്ളു കൊണ്ടാണെന്ന് ഭാഗിക പറയേണ്ടു എന്നും ധാതുരാശിയിലാണെങ്കിൽ കല്ലിൽ തട്ടിയിട്ടാണെന്നും പറയണം. രാഹു ജീവരാശിയിലാണെങ്കിൽ സർപ്പത്തിൽനിന്നു ഭയമുണ്ടായി എന്നു പറയണം. രാഹുവിന് ദൃഷ്ടിയോഗാദി സാമ്യമുണ്ടായതുകൊണ്ടാണ് രാഹുവിനെക്കൊണ്ടുള്ള ഫലം ജന്മദിവസം വിചാരിച്ചിട്ടുള്ളത്.

ഏകത്ര മന്ദസ്ഥിതേ പാപ്യം പാപൈ ഷഷ്ഠാംശമാലിനാം ൯൭
മാന്ദിയുക്താഷ്ടമേ പാപൈ പാപേ ദൃഷ്ടേഥവാ ജന്മസ്ഥിതേ
ജന്മസാമ്യാൽ പാപേ ജന്മനക്ഷത്രേ ജന്മസ്യ വാസരേ. ൯൮

അ—കേന്ദ്ര ത്രികോണങ്ങളിലൊന്നിൽ ഫലത്തിൽ കേന്ദ്രവിന് ജന്മസാമ്യം ... ജന്മത്തിന്റെ വാസരത്തിൽ പാപത്തിൽ പാപമാണെന്നും വാക്യമാകുന്നു. ഇവിടെ കേന്ദ്ര മാന്ദിയുക്തമായി ഭവിക്കുന്നുവെങ്കിൽ പാപം നിശ്ചയമായും ഉണ്ടായി എന്ന് അർത്ഥമാകുന്നു.

സാ—മുൻപറഞ്ഞവയിലും അഷ്ടമരാശിയിൽ കേന്ദ്ര നില്ക്കുന്നുവെങ്കിൽ കഴിഞ്ഞ ജന്മദിവസം കല്ലിന്മേൽ ... ഉപദ്രവമുണ്ടായി എന്നുപറയണം. കേന്ദ്ര ഗുളികനോടുകൂടി നില്ക്കുന്നുവെങ്കിൽ കാലിൽ മുറിവുണ്ടായെന്ന് നിശ്ചയമായും പറയാം. ഭാവവിചാരത്തിൽ ... സാമ്യമുള്ളതുകൊണ്ട് കേന്ദ്രവിന്റെ ഫലം ജന്മദിവസം പറഞ്ഞിരിക്കുന്നു.

പാപാസ്തൃതീയസംസ്ഥാശ്ചേൽ കർതവ്യം സ്യാദ്ഭോഷണം
ശത്രു ജന്മദിവസേ സ്വപിച്ചാർത്ഥ്യവമാദിശേൽ. ൯൯

അ—പാപൻ തൃതീയസംസ്ഥാനത്തിൽ നിന്നാൽ ജന്മദിവസത്തിൽ ഉപോഷണം കർതവ്യമാകുന്നു. ഇപ്രകാരം മറ്റുപോലെ വിചാരിച്ചിട്ട് ആദേശിക്കണം.

സാ—പ്രശ്നാരൂഢത്തിന്റെ മൂന്നാംരാശിയിൽ പാപന്മാർ നിന്നാൽ കഴിഞ്ഞ ആ പാപന്റെ വാരത്തിൽ ഉപവസിക്കാൻ സാധിച്ചിട്ടില്ലെന്നു പറയണം. ഇത് ലക്ഷണാനിർണ്ണയം നല്ലപോലെ ചിന്തിച്ചു വേണ്ടതാണ്. ഗ്രഹങ്ങളുടെ ശുഭാശുഭത്വം ബലാബലങ്ങളെയും അറിയേണ്ടതാണ്. അതിനാൽ ബലാബലചിന്തനം ആവശ്യമാകുന്നു.

വ്യയേ ചാഷ്ടമസ്ഥിതിഷു ശുഭാ രാഹോ യഥാശ്രയം
ശിഖിനചതുരസ്രസംസ്ഥാനാം ഭാതാശ്രയ ഗൃഹം വദേൽ. ൧൦൦

അ—വ്യയവും അഷ്ടമവും തൃതീയവുമാകുന്ന ഭാവങ്ങൾ അഷ്ടമം യഥാശ്രയപ്രകാരമോ അപ്രകാരം ഭാവങ്ങളായി ഭവിക്കുന്നു. അനിഷ്ടസംസ്ഥാനത്തിന്റെ ഭാവങ്ങളായ ദിനങ്ങളിൽ അനുഷ്ഠാനത്തെ വിധിക്കണം.

സാ—അഷ്ടമഭാവം വ്യയവും അനിഷ്ടമാണല്ലോ. അപ്രകാരം മൂന്ന് ആറ് പത്ത് ഇവ ഭാവങ്ങളും അനിഷ്ടങ്ങളാകുന്നവയാണ്. അനിഷ്ടഭാവത്തിൽ ഏതെങ്കിലും ഗ്രഹം നില്ക്കുന്നുവോ ആ ഗ്രഹത്തിന്റെ കഴിഞ്ഞ ആഴ്ചയിൽ ആ ഗ്രഹത്തിന് ഉചിതമായ ഏതോ ചില ആപത്ത് ഉണ്ടായിട്ടുണ്ടെന്ന് പറയണം. ഇത് ഭാവങ്ങളിൽ ഒന്നിലധികം ഗ്രഹങ്ങൾ നിന്നാൽ "ബലവത്തരേണൈവ വക്തവ്യം ബഹൂനാം ഫലസംഭവേ" ഇത്യാദി വചനപ്രകാരം ബലവാനായവനെക്കൊണ്ട് ഫലം പറഞ്ഞുകൊള്ളണം. അഥവാ നില്ക്കുന്ന എല്ലാ ഗ്രഹങ്ങളെക്കൊണ്ടും ഫലം പറയേണ്ടതാണെന്നും പക്ഷമുണ്ട്.

ഇഷ്ടസ്ഥിതാനാം വാരേണ്യ ശുഭപ്രാപ്തിശ്ച നിർദ്ദിശേൽ
ഉഭയേരന്യവാരേഷു ഫലമേവം വിചാരയേൽ—ഇതി. ൧൦൧

അ—ഇഷ്ടസ്ഥിതന്മാരുടെ വാരങ്ങളിൽ ശുഭപ്രാപ്തിയേയും നിർദ്ദേശിക്കണം. ഉഭയംകൊണ്ട് മറ്റുവാരങ്ങളിലും ഇപ്രകാരം ഫലത്തെ നിർദ്ദേശിക്കണം.

സാ—അനിഷ്ടഭാവങ്ങളും സാമാന്യേന മേൽ പറഞ്ഞതുവല്ലോ. കേന്ദ്രഇഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് അവയ്ക്ക് പറയപ്പെട്ട ശുഭാനുഭവങ്ങളും ഉണ്ടായിട്ടുണ്ട് എന്നു പറയണം. ഇതു് പൃച്ഛാകാലത്തിന് അടുത്തു കഴിഞ്ഞ ആ ഗ്രഹത്തിന്റെ ദശ്ശയിലായിരിക്കും ഉണ്ടായതു്. ഇപ്രകാരത്തെ ലക്ഷണങ്ങളും ആരൂഢരാശിയുടെ അഷ്ടമം മുതലായ ഭാവങ്ങളെ ആശ്രയിച്ചുതന്നെല്ലോ പറഞ്ഞിട്ടുള്ളതു്. ഇതുപോലെ അഷ്ടമത്തെ ഉദയലഗ്നം അതിന്റെ അഷ്ടമം മുതലായ അനിഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു അടുത്തുവരുന്ന അവരുടെ ദശ്ശകളിൽ മേൽപറഞ്ഞവണ്ണമുള്ള അശുഭഫലങ്ങളും പറയാവുന്നതാണ്. ഉദയലഗ്നത്തിൽനിന്നുതന്നെ ഇഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ അടുത്തുവരുന്ന ദശ്ശകളിൽ ശുഭാനുഭവത്തെയും പറയാം. ഇവിടെ ആരൂഢരാശിയെ ആശ്രയിച്ചു് കഴിഞ്ഞ ഫലങ്ങളും ഉദയരാശികൊണ്ടു വരാൻ പോകുന്ന ഫലങ്ങളും പറയുകയാണെന്നും. ഇതുതന്നെയാണ് "അതീതഫലമാരൂഢാദുദയാദാഗാമി ഫലം. വർത്തമാനഫലം ഛത്രാൽ ഫലം തദ്രൂകാല്യമാദിഭൽ" എന്നുള്ള വചനംകൊണ്ടും പറഞ്ഞിരിക്കുന്നതു്. ആരൂഢത്തിന്റെയും ലഗ്നത്തിന്റെയും സംസ്കാരംകൊണ്ടാണല്ലോ ഛത്രരാശി സിദ്ധിക്കുന്നതു്. അതുകൊണ്ടു കല്പിക്കുന്ന ഫലം ഭൂതത്തിന്റെയും ഭാവിയുടെയും അന്തരാളമായ വർത്തമാനകാലത്തിൽ കലരുന്നതു് അനുചിതമല്ലല്ലോ. "ഇതി" എന്നതുകൊണ്ടു് ഇങ്ങിനെ മാധവീയവചനം സമാപിച്ചു.

വാ—പ്രശ്നദോഷാ ച

അ—പൃച്ഛാദോഷവും ഭവിക്കുന്നു.

സാ—മേൽപറഞ്ഞ ലക്ഷണങ്ങളോടെ പൃച്ഛാദോഷമെന്ന ഗ്രന്ഥത്തിലും ചില വചനങ്ങളും കാണുന്നുണ്ടു്. അതിനെ ഇവിടെ ചേർക്കുന്നു.

ശൂന്യസ്ഥാനഗതേഷു പൃച്ഛകജനേഷ്വാരൂഢശൂന്യം വദേത്
ഭൂതാരൂഢവശാൽ ഫലം കഥയതു പ്രശ്നാധിരൂഢേന വാ
കർമ്മാരൂഢവശാൽ സ്ഥിതൈർബലയുതൈർഭാവ്യം വദേദ്ദൃശ്യതാം
യാത്രാർത്ഥം ശകുനം ശുഭാശുഭമിതി പ്രസ്ഥാനലഗ്നാദപി ൬൦

അ—പൃച്ഛകന്മാർ ശൂന്യസ്ഥന്മാരായിരിക്കുമ്പോൾ ആരൂഢശൂന്യത്തെയും ദൈവജ്ഞന്മാർ ശൂന്യസ്ഥന്മാരായിരിക്കുമ്പോൾ ശേഷമുള്ളതു അതിനെയും കഥിക്കണം. ഇതു് ഭൂതാരൂഢവശംകൊണ്ടും പൃച്ഛാധിരൂഢംകൊണ്ടും വരുത്തുകയും വേണം. കർമ്മാരൂഢവശംകൊണ്ടു ബലയുതന്മാരായവരെക്കൊണ്ടും ഇപ്രകാരം ആദേശിക്കണം. യാത്രാവിന്റെ ശകുനം ശുഭാശുഭമെന്ന് പ്രസ്ഥാനലഗ്നത്തെ ആശ്രയിച്ചും പറയണം.

സാ—പൃച്ഛാവേളയിൽ ഭൂതനാമ വന്ന സ്ഥിതിയെചൊല്ലി ആരൂഢരാശിയുടെ ഏഴാംരാശിയിൽ പാപന്മാർ നിന്നാൽ ദുഷ്ടാവു് പൂറപ്പെട്ട സമയം അശുഭശകുനത്തെയാണ് കണ്ടതെന്നും ഏഴിൽ ശുഭഗ്രഹങ്ങളും നിന്നാൽ ശുഭശകുനത്തെയാണ് കണ്ടതെന്നും പറയണം. ഇതുപോലെ ആരൂഢം നാലാംഭാവം പത്താംഭാവം ഈ രാശികളിൽ ബലവാന്മാരായി നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും ശകുനത്തെ പറയാം. എന്നാൽ അവിടെയും ശുഭന്മാരെക്കൊണ്ടു ശുഭശകുനത്തെയും പാപന്മാരെക്കൊണ്ടു് അശുഭശകുനത്തെയും പറയുകയും വേണം. കേന്ദ്രഭാവങ്ങളെ ആശ്രയിച്ചു് ശകുനം പറയാമെങ്കിലും അവയിൽ മുഖ്യഭാവമായ ഏഴാംഭാവത്തിനാണ് പ്രാബല്യമെന്ന ഗ്രഹിക്കേണ്ടതാണ്. ഈ ശകുനലക്ഷണം ഭൂതന്റെ ആരൂഢരാശികൊണ്ടു മാത്രമല്ല പൃച്ഛാവേളയിൽ കിട്ടുന്ന ആരൂഢരാശികൊണ്ടും ചിന്തിച്ചു പറയാവുന്നതാണ്. കൂടാതെ യാത്രപുറപ്പെട്ടപ്പോൾ അയാൾ കണ്ടെന്ന ശകുനത്തിന്റെ ശുഭാശുഭത്വം പുറപ്പെടുന്ന ലഗ്നംകൊണ്ടും മേൽപറഞ്ഞവണ്ണം ചിന്തിക്കാവുന്നതാണ്.

തത്രസ്ഥചതുരംഘ്രിസംജ്ഞവിഹഗേ മാതംഗപശ്വാദയോ-
ദൃശ്യന്തേ പഥി പക്ഷിസംജ്ഞഖചരേഷ്വണ്ഡജാഃ കാകാദയഃ
സൂക്ഷ്മാഃ കീടമുഖാശ്ചതുഷ്പദഗണേ നിശ്ചിത്യ മന്ദാദ്യ പക്ഷീന്ദ്രേ
ശീതാംശ്വർക്കസരീസൃപാഃ ഭുജഗജാ ഭൗമസ്യ പ്രാഹുഃ ഫണീ.

അ— ചണ്ഡാലാദ്യാദികൾ മുതലായവർ ശനിസ്ഥാനായിരിക്കുമ്പോഴും പാമ്പാവിൽ മാതംഗാദ്യജാതികളും അന്ത്യജാതരുമായി എന്നും പക്ഷിസംജ്ഞരെ ചാരൻ ഗുരുസ്ഥാനായിരിക്കുമ്പോഴും ബ്രാഹ്മണാദികളും ശൂദ്രന്മാരായി എന്നും വാച്യങ്ങളാകുന്നു. സൂര്യനെക്കൊണ്ട് ചണ്ഡാലന്മാരെന്നും ബ്രാഹ്മണർ പക്ഷികളും എന്നും നിരൂപിതവുമാകുന്നു. ശ്രീ ശങ്കരസമീപസ്ഥാൻ എന്നും മറ്റൊരു അഷ്ടമാനെൻ എന്നും ശാസ്ത്രത്തിൽ പ്രസിദ്ധമാകുന്നു.

സാ—മുൻപറഞ്ഞവയിലും ഏഴാമടം മുതലായ ഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ഗ്രഹം നിന്നാൽ ചണ്ഡാലൻ മുതലായ സാധ്യാളികളെയാണ് പറയേണ്ടതെന്നും അവിടെ പക്ഷിസ്ഥാനത്തിൽ നിന്നാൽ പക്ഷികളായി കരുതി മയിൽ മുതലായ പക്ഷികളേയാണെന്നും പറയണം. ആദിത്യനും ചൊവ്വയും സാധ്യാളിസ്ഥാനങ്ങളാണ്. ബുധനേയും ശനിയേയുംകൊണ്ട് പക്ഷികളെ വിചാരിക്കണം. ചന്ദ്രനെക്കൊണ്ട് സരീസൃപങ്ങളെ വിചാരിക്കണം. വ്യാഴവിനെക്കൊണ്ട് എട്ടുകാലി (ചിലന്തി)യെ വിചാരിക്കണം. ഇവിടെ പരാശരമതത്തിൽ ഹോരയിൽ പറഞ്ഞിട്ടുള്ള വിഷയനിലക്ഷണങ്ങളെ ഇവിടെ വർണ്ണവിഷയാദികളെ ഓർക്കണമായി കരുതു എന്ന് പറയപ്പെട്ടു. അല്ലാതെ രാജചാരകനായ ആദിത്യനെക്കൊണ്ട് ഗ്രഹങ്ങളേയും സ്ത്രീകാരകനായ ചന്ദ്രനെക്കൊണ്ട് സരീസൃപങ്ങളേയും എങ്ങനെ കല്പിക്കും? ഇവിടെയെല്ലാം ഫലനിർദ്ദേശത്തിന്റെ വിഷയദേശത്തിന് ദൈവജ്ഞന്റെ നിപുണതയെന്നതാണ് ആശ്രയമെന്ന് ഗ്രാഹ്യമാകുന്നു.

ചണ്ഡാലാദ്യാഃ ശനൗ തദ്യഹിശിഖിഗുളികർക്ഷ്നജാസ്തത്ര സംസ്ഥാഃ
ശൂദ്രാഃ ക്ഷേത്രേ ച ശൗക്രേ യദി ശശിതനയസ്തത്ര വിട്‌ജന്മനാം
വിപ്രാണാം വാക്പതിശ്ചേൽ ക്ഷിതിധരണിസുതഃ ക്ഷത്രിയാണാം കീർത്തിതോ വാ
വർത്മന്യന്ത്യാഗമഃ പ്രാഗ്വദിഹ പുനരതഃ ശൈത്യപൂർവാദിജാനാം ജനാനാം.

അ—അഹിശിഖിഗുളികരുക്ഷ്നജന്മാർ ശനിസ്ഥാനത്താണെങ്കിൽ വർത്മാവിൽ മുൻപിൽ ചണ്ഡാലാദ്യാഗമം വാച്യമാകുന്നു. ശുക്രക്ഷേത്രത്തിൽ നിൽക്കുമെങ്കിൽ ശൂദ്രന്മാരുടേയും ബുധനാണെങ്കിൽ വിട്ജന്മാക്കളുടേയും അവിടെ വാക്പതിയാണെങ്കിൽ വിപ്രന്മാരുടേയും ധരണീസുതനാണെങ്കിൽ ക്ഷത്രിയന്മാരുടേയും ആഗമനമാണെന്നിൽ ശൈത്യപൂർവാദികളായ ജനങ്ങളുടേയും ആഗമനം കീർത്തിതമാകുന്നു.

സാ—ഏഴ്, പത്ത്, നാല്, ആറ് ഈ ഭാവങ്ങളിൽ ശനിയോ രാഹുവോ കേതുവോ ഗുളികനോ നിന്നാൽ യാത്രപുറപ്പെട്ടപ്പോഴും മുമ്പേ നേരിട്ടുവന്നത് ചണ്ഡാലന്മാരാണെന്ന് പറയണം. ചന്ദ്രനും ശുക്രനും നിന്നാൽ സ്ത്രീകളാണെന്നും ബുധൻ മേല്പറഞ്ഞ ഭാവങ്ങളിൽ നിന്നാൽ വിട്പുരുഷന്മാരാണെന്നും വ്യാഴം നിന്നാൽ ബ്രാഹ്മണരാണെന്നും ചൊവ്വ നിന്നാൽ ക്ഷത്രിയാദികളാണെന്നും സൂര്യൻ നിന്നാൽ സ്ഥാനമാനംകൊണ്ട് പ്രാമാണ്യമുള്ളവരാണെന്നും പറയണം. ഇവിടെയെല്ലാം ഗ്രഹയോഗദൃഷ്ടി മുതലായവ ചിന്തിച്ചുകൊള്ളണം. പ്രശ്നാരംഭചിന്ത ഇവിടെ അവസാനിച്ചു.

വാ—പൃച്ഛകാശ്രിതർക്ഷവിഷയം.

അ—പൃച്ഛകാശ്രിതർക്ഷവിഷയമാകുന്നു.

സാ—പ്രശ്നവിഷയത്തിന് ദേശം ഇതുവരെ പറഞ്ഞിട്ടുള്ളത് പ്രഷ്ടാവോ ദൂതനോ വന്നു സ്ഥിതിചെയ്യുന്ന രാശിയെക്കൊണ്ട് ചിന്തിക്കാനുള്ളതാണ്. ഇനി പ്രഷ്ടാവ് ആശ്രയിച്ച ദിക്കിനെക്കുറിച്ചു പറയുന്നു.

പൃച്ഛകസ്യ ദിശി സ്ഥാനം വിശേഷാച്ഛ്രൂയതേ ന്വണാം
പൃച്ഛകസ്യ സ്ഥിതിഃ കോണേ പ്രശ്നേ സ്ത്രീവിഷയേ ശുഭാഃ പരം

അ—പൃച്ഛകന്റെ ദിക്കിലെ സ്ഥാനം ന്വണാം വിശേഷിച്ച് ശ്രുതമാകുന്നു. പൃച്ഛകന്റെ കോണിലെ സ്ഥിതി സ്ത്രീവിഷയമായ പ്രശ്നത്തിൽ ശുഭമാകുന്നു.

സാ—കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഈ ദിക്കുകളിൽ സ്ഥിതിചെയ്തുകൊണ്ടാണ് പൃച്ഛകൻ ചോദിക്കുന്നതെങ്കിലും അല്ല പുരുഷന്മാരെക്കുറിച്ചുള്ള പ്രശ്നമാണെങ്കിലും അതു ഏറ്റവും നല്ലതാകുന്നു. അഗ്നികോൺ മുതലായ കോണുകളിൽ സ്ഥ

[illegible]

വാ—[illegible]

അ—[illegible]

സാ—[illegible]

[illegible]

വാ—[illegible]

അ—[illegible]

സാ—[illegible]

[illegible]

അ—[illegible]

സാ—[illegible]

[illegible]

[illegible]

[illegible]

[illegible] പറയണം. അതുപോലെ പ്രഷ്ടാവിന്റെ [illegible] ക മുതൽ മ വരെയുള്ള [illegible] ഒന്നാമത്തേതിൽ [illegible] ഇല്ലെങ്കിലും [illegible] പറയണം.

വൎഗ്ഗാഷ്ടകസ്ഥപഞ്ചകം പവനവഹ്നീന്ദ്രാംബുനപുംസകം
വാക്യാദൗ തു നപുംസകാക്ഷരമതീവാനിഷ്ടം പൃച്ഛതാം
[illegible] മാരുതപാവകൌ വലഭിപുൎമ്മദ്ധ്യഃ പ്രശസ്തം ജലം
ദീൎഘഹ്രസ്വവിഭാഗതഃ സ്വരഗണാശ്ചാംഭോമഹേന്ദ്രാത്മകാഃ—ഇതി.

അ—വൎഗ്ഗങ്ങളിലെ അക്ഷരപഞ്ചകം പവനവഹ്നീന്ദ്രാംബുനപുംസകമായി [illegible]. വാക്യാദിയിലെ നപുംസകാക്ഷരമാകട്ടെ പൃച്ഛകന്മാൎക്കു് ഏററവും അനിഷ്ടമാകുന്നു. [illegible] ഇന്ദ്രൻ മദ്ധ്യനാകുന്നു. ജലം പ്രശസ്തമാകുന്നു. ദീൎഘഹ്രസ്വവിഭാഗത്തെ ആശ്രയിച്ചു സ്വരഗണങ്ങളും അംഭോമഹേന്ദ്രാത്മകങ്ങളാകുന്നു.

സാ—[illegible] എന്ന അക്ഷരം [illegible] അതിൽ ക മുതൽ അഞ്ചു് അക്ഷരം ഓരോ വൎഗ്ഗങ്ങളാണു്. അപ്പോൾ കവൎഗ്ഗം ചവൎഗ്ഗം ടവൎഗ്ഗം തവൎഗ്ഗം പവൎഗ്ഗം യവൎഗ്ഗം ശവൎഗ്ഗം എന്നു് ഏഴു വൎഗ്ഗങ്ങളായിത്തീരും. [illegible] ക മുതൽ അഞ്ചു് അക്ഷരം കവൎഗ്ഗമെന്നും ച മുതൽ അഞ്ചക്ഷരം ചവൎഗ്ഗമെന്നും [illegible] ഈ ഏഴു വൎഗ്ഗങ്ങളിലുമുള്ള ഒന്നാമത്തെ അക്ഷരങ്ങൾ വായുവെന്നും [illegible] അക്ഷരങ്ങൾ അഗ്നിയെന്നും മൂന്നാമത്തെ അക്ഷരങ്ങൾ ഇന്ദ്രനെന്നും നാലാമത്തേതു് ജലമെന്നും അഞ്ചാമത്തേതു് നപുംസകമെന്നും [illegible]. നപുംസകാക്ഷരത്തിന് [illegible] അവയിൽ ചില അക്ഷരങ്ങളെ [illegible] പറയപ്പെടുന്നു.

	വായു.	അഗ്നി.	ഇന്ദ്രൻ.	ജലം.	ആകാശം.
കവൎഗ്ഗം	[illegible]	ഖ	ഗ	ഘ	ങ
ചവൎഗ്ഗം	[illegible]	[illegible]	ജ	ഝ	ഞ
ടവൎഗ്ഗം	[illegible]	[illegible]	ഡ	ഢ	ണ
തവൎഗ്ഗം	[illegible]	ഥ	ദ	ധ	ന
പവൎഗ്ഗം	[illegible]	ഫ	ബ	ഭ	മ
യവൎഗ്ഗം	യ	ര	ല	വ	[illegible]
ശവൎഗ്ഗം	[illegible]	ഷ	സ	ഹ	[illegible]

[illegible] അക്ഷരങ്ങളെല്ലാം [illegible] തിരിച്ചിട്ടുണ്ടു്. അവയിൽ [illegible] ഇന്ദ്രാക്ഷരങ്ങളെന്നും [illegible] ദീൎഘാക്ഷരങ്ങളെ ജലങ്ങളെന്നും പറയുന്നു. പൃച്ഛാവിന്റെ വാക്യത്തിലുള്ള ആദ്യാക്ഷരം നപുംസകമാണെങ്കിൽ കഷ്ടഫലവും വായ്വക്ഷരവും അഗ്ന്യക്ഷരവുമാണെങ്കിൽ അശുഭവും ഇന്ദ്രാക്ഷരമാണെങ്കിൽ ഇന്ദ്രക്ഷരസാമ്യവും ജലാക്ഷരമാണെങ്കിൽ ശുഭവും ഫലമാകുന്നു. 'ഇതി' എന്നുകൊണ്ടു് ഇതിനെ [illegible] അവസാനിപ്പിച്ചു.

മദ്ധ്യാന്ത്യാദ്യൈകഭിഃ [illegible] സ്യുസ്ത്രിലഗ്നകമാ
[illegible] സ്ഫീതഗന്ധൎവ്വമനപ്രഖ്യാതകീൎത്തിശ്രിയഃ
[illegible] സ്വൎല്ലോകവാസോ [illegible] വസ്തുംബരാംഭോധിഭാഃ-
[illegible] സ്വൎഗ്ഗതിലുപ്തതാനാമസൃഗ്ദ്ധ്യാപൂംഷി [illegible]. ൧൨

[illegible]—മദ്ധ്യാന്ത്യാദ്യൈകപങ്ങളിലെ ഗണങ്ങൾ [illegible]. സൂൎയ്യനിലഗ്നകമകാം [illegible]. അതുകൊണ്ടു് സ്ഫീതഗന്ധൎവ്വമനപ്രഖ്യാതകീൎത്തിശ്രീകൾ [illegible]. അതുപോലെ മദ്ധ്യാന്ത്യാദ്യകളിൽ [illegible] ഗണങ്ങളായി [illegible]. [illegible] അതു് [illegible] സ്വൎഗ്ഗതിലുപ്തതാനാമസൃഗ്ദ്ധ്യാപൂംഷി [illegible].

സാ—പ്രഷ്ടാവു് [illegible] ആദ്യത്തിൽ [illegible] വാക്യത്തിന്റെ ആദ്യ

കൂടി മൂന്നക്ഷരങ്ങൾ ചേർന്നതു് ഒരു ഗണമാകുന്നതിനെ എട്ടായിത്തിരിച്ച് അവയുടെ ഫലം പറയുന്നതിന്റെ ക്രമമാണു് ഈ ശ്ലോകംകൊണ്ടു പറയുന്നതു്. ഗണങ്ങൾ എട്ടാണു്. അതു് ജഗണം ൧ സഗണം ൨ ഭഗണം ൩ മഗണം ൪ രഗണം ൫ തഗണം ൬ യഗണം ൭ നഗണം ൮. ഇവയിൽ ജഗണം മദ്ധ്യഗുരുവും സഗണം അന്ത്യഗുരുവും ഭഗണം ആദ്യഗുരുവും മഗണം അഖിലഗുരുവും ആകുന്നു. ജഗണത്തിന്റെ ദേവത സൂര്യനും അതിന്റെ ഫലം രോഗശ്രേഷ്ഠിയും ആകുന്നു. സഗണത്തിന്റെ ദേവത വായുവും അതിന്റെ ഫലം അന്യദേശഗമനവും ആകുന്നു. ഭഗണത്തിന്റെ ദേവത ചന്ദ്രനും അതിന്റെ ഫലം ഉൽകൃഷ്ടമായ കീർത്തിലാഭവും മഗണത്തിന്റെ ദേവത ഭൂമിയും ഇതിന്റെ ഫലം ഐശ്വര്യപുഷ്ടിയുമാണു്.

ഇതുപോലെ പദ്യവാക്യത്തിലെ ആദ്യത്തെ മൂന്നക്ഷരങ്ങളിൽ മദ്ധ്യത്തിലുള്ള അക്ഷരം ലഘുവായിരുന്നാൽ രഗണമെന്നും ഒടുവിലത്തെ അക്ഷരം ലഘുവായിരുന്നാൽ തഗണമെന്നും ആദ്യത്തെ അക്ഷരം ലഘുവായിരുന്നാൽ യഗണമെന്നും മൂന്നക്ഷരങ്ങളും ലഘുവായിരുന്നാൽ നഗണമെന്നും പറയപ്പെടുന്നു. രഗണത്തിന്റെ ദേവത അഗ്നിയാകുന്നു. ഇതു് മരണത്തെ ചെയ്യും. തഗണത്തിന്റെ ദേവത ആകാശമാണു്. ഇതു് ശൂന്യത്തെ ചെയ്യും. യഗണത്തിന്റെ ദേവത ജലമാകുന്നു. ഇതു് ഉൽകൃഷ്ടങ്ങളായ പദാർത്ഥങ്ങളുടെ അഭിവൃദ്ധിയെ ഉണ്ടാക്കും. നഗണത്തിന്റെ ദേവത സ്വർഗ്ഗമാകുന്നു. ഇതിന്റെ ഫലം ദീർഘായുസ്സാകുന്നു.

ഇങ്ങിനെ പദ്യവാക്യംകൊണ്ടു് ഗണങ്ങളേയും ദേവതകളേയും അറിഞ്ഞിട്ടു് അതിനുള്ള ഫലങ്ങളെ പ്രഷ്ടാക്കന്മാർക്കു് പറയണം. ഗണങ്ങളെ അറിയുന്നതിനുള്ള ക്രമം ചുരുക്കമായി താഴെ പറയുന്നു. ഗണം നിശ്ചയിക്കുന്നതു് അക്ഷരങ്ങളുടെ ഗുരുത്വം ലഘുത്വം അറിഞ്ഞിട്ടാണല്ലോ. ഗുരുവും ലഘുവും അറിയേണ്ടതു് താഴെ പറയുന്ന പ്രകാരമാകുന്നു. ദീർഘാക്ഷരങ്ങളും അനുസ്വാരത്തോടും, വിസർഗ്ഗത്തോടുംകൂടിയ ഹ്രസ്വാക്ഷരങ്ങളും കൂട്ടക്ഷരത്തിന്റെ ആദ്യമുള്ള ഹ്രസ്വാക്ഷരങ്ങളും ഗുരുവാകുന്നു. ഗണങ്ങളെ അറിയുന്നതിനു ഉദാഹരണമായി താഴെ എഴുതുന്നു.

മനക്കാമ്പിൽ	ജഗണം	മദ്ധ്യഗുരു
പുകൊണ്ടുള്ള	സഗണം	അന്ത്യഗുരു
വാഴയില	ഭഗണം	ആദ്യഗുരു
വാനിട്ടാരെ	മഗണം	സർവ്വഗുരു
കാലമായി	രഗണം	മദ്ധ്യലഘു
രാമാമണി	തഗണം	അന്ത്യലഘു
വരദായി	യഗണം	ആദ്യലഘു
വിളവില	നഗണം	സർവ്വലഘു

സംയുക്താദ്യം ദീർഘം സാനുസ്വാരം വിസർഗ്ഗസംമിശ്രം
വിജ്ഞേയമക്ഷരം ഗുരു പാദാന്തസ്ഥം വികല്പേന. ൧൭൬

ഇത്യാദി വചനമനുസരിച്ചു് ഉദാഹരണമായി എഴുതിയിരിക്കുന്ന വാക്യങ്ങളിലെ മൂന്നു് അക്ഷരങ്ങളെടുത്തു് അവയുടെ ഗുരുലഘുക്കളറിഞ്ഞുകൊള്ളുക.

ശ്രോതൃപ്രിയം വദതി വാ വചനം ശുഭം യോ
യഥാർത്ഥപൃഷ്ടഗിരമസ്ഖലിതാം തഥാഽന്യാം
പ്രഷ്ടാഭിയാത്വഭിമതന്ത്വിതരോഽനഭീഷ്ട-
മന്തേ വിസർഗ്ഗസഹിതം വചനം ച വക്താ. ൧൭൭

അ— യാതൊരു പ്രഷ്ടാവു് ശ്രോതൃപ്രിയമായോ ശുഭമായോ ഇരിക്കുന്ന വചനത്തെയോ അല്ലെങ്കിൽ അസ്ഖലിതമായ അർത്ഥപൃഷ്ടഗീരിനെയോ വദിക്കുന്നു അവൻ അപ്പോൾ അഭിമതത്തെ അഭിധാനം ചെയ്യുന്നു. ഇതരനം അന്തത്തിൽ വിസർഗ്ഗസഹിതമായ വചനത്തിന്റെ വക്താവും അനഭീഷ്ടത്തെ അഭിധാനം ചെയ്യുന്നു.

സാ—പൃച്ഛകൻ ദൈവജ്ഞനോടു പറയുന്ന വാക്കുകളാൽ [illegible] ഇരിക്കണം. [illegible] ഉൎവ്വത്ര [illegible] വാക്കുകൾകൊണ്ടും [illegible] കാൎയ്യം [illegible]. പൃച്ഛകന്റെ വാക്ക് ഇപ്രകാരമാണെങ്കിൽ പ്രശ്നത്തിനു വിഷയമായ [illegible] ഫലം [illegible]. [illegible]

പ്രഷ്ടൎവ്വാക്യാദിവൎണ്ണേന ലഗ്നം സംഗ്രഹ്യ ചാരുണാ
വാക്യം ശുഭാശുഭം സൎവ്വം തല്പ്രകാരോദ്യ കഥ്യതേ. [illegible]

അ—പൃച്ഛകന്റെ വാക്യാദിവൎണ്ണംകൊണ്ടു ലഗ്നത്തെ സംഗ്രഹിച്ചു [illegible] ശുഭാശുഭം സൎവ്വം വാച്യമാകുന്നു. അനന്തരം തല്പ്രകാരം കഥിക്കപ്പെടുന്നു.

സാ—പൃച്ഛകൻ പറഞ്ഞ വാക്യത്തിന്റെ ആദ്യാക്ഷരംകൊണ്ടു ലഗ്നം [illegible] അതു [illegible] കല്പിച്ച് [illegible] സകല [illegible] പറയപ്പെടുന്നതാണ്. അതിന്റെ വഴി ഇവിടെത്തന്നെ പറയപ്പെടുന്നു.

[illegible]

[illegible]

രാശി ലഗ്നമാണെന്നറിയണം. അതായതു് ത മുതൽ മ വരെയുള്ള അക്ഷരങ്ങൾ ആദ്യമായി വന്നാൽ ചിങ്ങം ലഗ്നമാണെന്നും യ മുതൽ ഹ വരെയുള്ള അക്ഷരങ്ങൾ ആദ്യമായി വന്നാൽ കർക്കടകംരാശി ലഗ്നമാണെന്നും അറിയണം. ചൊവ്വമുതൽ ശനിവരെയുള്ള ഗ്രഹങ്ങൾക്കു് ഇരണ്ടു രാശി ഉണ്ടല്ലോ.

ക	ഖ	ഗ	ഘ	ങ	കുജന്റെ വർഗ്ഗം
ച	ഛ	ജ	ഝ	ഞ	ശുക്രന്റെ വർഗ്ഗം
ട	ഠ	ഡ	ഢ	ണ	ബുധന്റെ വർഗ്ഗം
ത	ഥ	ദ	ധ	ന	വ്യാഴത്തിന്റെ വർഗ്ഗം
പ	ഫ	ബ	ഭ	മ	ശനിയുടെ വർഗ്ഗം

ഈ അഞ്ചു വർഗ്ഗങ്ങളുടേയും ഒന്നാമത്തേയും മൂന്നാമത്തേയും അഞ്ചാമത്തേയും അക്ഷരങ്ങൾ ആദ്യക്ഷരമായി വന്നാൽ മേടം, ഇടവം, മിഥുനം, ധനുസ്സ്, കുംഭം ഈ ഒറ്റരാശികൾ ലഗ്നമാണെന്നും അറിയണം. മേൽ കാണിച്ച അഞ്ചു വർഗ്ഗങ്ങളുടേയും രണ്ടാമത്തേയും നാലാമത്തേയും അക്ഷരങ്ങൾ പ്രശ്നത്തിന്റെ ആദ്യക്ഷരമായി വന്നാൽ വൃശ്ചികം, ഇടവം, കന്നി, മീനം, മകരം ഈ രാശികൾ ലഗ്നമാണെന്നു് അറിയണം. എങ്ങിനെയെന്നാൽ ചൊവ്വായുടെ അക്ഷരങ്ങൾ ക-ഖ-ഗ-ഘ-ങ ഇവയാണല്ലോ. ഇവയിൽ ക-ഗ-ങ എന്നു് ഒന്നും മൂന്നും അഞ്ചും അക്ഷരങ്ങൾ പ്രശ്നത്തിന്റെ ആദ്യക്ഷരമായാൽ ചൊവ്വായുടെ ക്ഷേത്രങ്ങളിൽ ഓജരാശിയായ മേടം ലഗ്നമെന്നും ഖ-ഘ എന്ന രണ്ടും നാലും അക്ഷരങ്ങൾ ആദ്യക്ഷരമായാൽ ചൊവ്വായുടെ യുഗ്മരാശിയായ വൃശ്ചികം രാശി ലഗ്നം എന്നും അറിയണം. ഇങ്ങനെ വർഗ്ഗാക്ഷരങ്ങളെക്കൊണ്ടു് ശുക്രൻ മുതലായവരുടെ രാശികളെയും ഗ്രഹിക്കേണ്ടതാകുന്നു. ഈ ലഗ്നം ആരൂഢമാക്കി പ്രഷ്ടാക്കന്മാരുടെ സകല ഗുണദോഷങ്ങളും പറയാവുന്നതാണു്. ഉദയലഗ്നം പ്രശ്നത്തിനു ശരിയായി സമയത്തുള്ളതായാൽ ഇപ്രകാരം ലഗ്നമാക്കിയും ഫലം പറയേണ്ടതാണു്. ലഗ്നം ഉറപ്പായാൽ ഫലം പറയേണ്ട ക്രമങ്ങൾ ഈ ഗ്രന്ഥത്തിൽതന്നെ മേൽ പറയപ്പെടും.

൨ാം— ഏതൽ പ്രശ്നാക്ഷരവിഷയം.

അ—ഇതു് പ്രശ്നാക്ഷരവിഷയമാകുന്നു.

സാ—ഇവിടെ പറഞ്ഞവസാനിപ്പിച്ചുള്ള പ്രശ്നം ഉപസംഹരിച്ചു പ്രഷ്ടാക്കന്മാരുടെ അവസ്ഥകളിലുള്ള ശുഭാശുഭമാകുന്നു.

വാമാംഘ്രിമഗ്രേ നിഹിതശ്ശുഭഃ സ്യാത്
ഭൂതസ്യ ദോഷായ ച ദക്ഷിണാംഘ്രിഃ
ദോഷായ ചാംഘ്ര്യോശ്ചലനം ഹി തസ്യ
സ്ഥിതിഃ സ്ഥിരാ തസ്യ ശുഭപ്രദാ സ്യാത്. [illegible]

അ—അഗ്രത്തിങ്കൽ ഭൂതന്റെ വാമാംഘ്രി നിഹിതമായാൽ ശുഭമായി ഭവിക്കും; ദക്ഷിണാംഘ്രി നിഹിതമായാൽ ദോഷത്തിനായും ഭവിക്കും. അംഘ്രികളുടെ ചലനവും ദോഷത്തിനായി ഭവിക്കും. അതിന്റെ സ്ഥിരമായ സ്ഥിതി ഗുണപ്രദമായി ഭവിക്കും.

സാ—ഇവിടെ പ്രഷ്ടാവിന്റെ സ്ഥിതിയെക്കുറിച്ചാണ പറവാൻ പോകുന്നതു്. ദൈവജ്ഞൻ പ്രഷ്ടാവോടു കാര്യം പറയുമ്പോൾ ഇടത്തേക്കാൽ മുമ്പിൽവച്ചാൽ ഗുണവും വലത്തേക്കാൽ മുമ്പിലാണെങ്കിൽ അശുഭവുമാണു്. കാലു ചലിപ്പിച്ചുകൊണ്ടിരുന്നാൽ ദോഷവും ഇളക്കാതെ ഉറപ്പിച്ചു ചവിട്ടിയിരുന്നാൽ ഗുണവും ഉണ്ടാകുന്നതാണു്.

സ്ഥിതോപവിഷ്ടഃ പ്രണതഃ ശയാനസ്സ്ഥിതോ ശുഭോ സമാ
ദൈവജ്ഞമാലോകൃ ഭവേച്ച ശുഭം യഥാസ്യ ഫലം ശുഭം. [illegible]

അ—പൃച്ഛകൻ ഇരിക്കുന്നതിൽ ശയനത്തിൽ സുഖപ്രദമായി ഉപവിഷ്ടനായി ദൈവജ്ഞനെ വീക്ഷിക്കുന്നതിനു ശുഭമെന്നും അന്യപ്രകാരമായാൽ അശുഭത്തെയും പറയേണ്ടതാണു.

സാ—[illegible]

[illegible]

ഉ—[illegible]

സാ—[illegible]

[illegible] കാൎയ്യസ്യ സാധനം. [illegible]

ഉ—[illegible]

സാ—[illegible]

[illegible]

ഉ—[illegible]

സാ—[illegible]

വാ—[illegible]

ഉ—[illegible]

സാ—[illegible]

[illegible]

ഉ—[illegible]

സാ—[illegible]

സ്ഥാ[illegible] വാ [illegible] കൃത്വാൽ
[illegible] ചി[illegible]കാ[illegible]ദികം. ൩൨

അ—[illegible] വലിയ [illegible] ഉള്ള [illegible] ചി[illegible]ദികളും [illegible] ത്യജിക്കുക.

സാ—പ്രയാസ[illegible] കാര്യം പറയുന്നു. [illegible] ഉണ്ടാക്കുന്ന [illegible] അല്ല [illegible] ഉള്ള [illegible] ഹിംസാ[illegible] പാതകം മുതലായ [illegible] ആകുന്നു. [illegible] പറയപ്പെട്ട [illegible] ഈ [illegible] ഉള്ള [illegible] വിധത്തിൽ [illegible] ഒന്നും [illegible] ചിപ്പിക്കുന്നതാണ്.

[illegible] വാ [illegible]
[illegible] വാ [illegible]
[illegible] ച [illegible]
[illegible] ന [illegible]. ൩൩

അ—[illegible] അശുദ്ധ[illegible] ഹവിസ്സ് [illegible] ഉള്ള [illegible]

സാ—[illegible] പറയുന്നു. [illegible] ഉണ്ടാക്കുക [illegible] കുറ്റം [illegible] കൊണ്ട് [illegible] കൈകൊണ്ട് [illegible] വെളിപ്പെടുത്തുക, [illegible] മുതലായതിനെ [illegible] ഇവക [illegible] എന്നാൽ [illegible] ഈ [illegible] എന്നിങ്ങനെ [illegible] ഇവക [illegible] ആകുന്നു.

പാദ[illegible] വാ[illegible] വാരിതേ
[illegible] വ്യാധിതേ
[illegible] ച [illegible]
[illegible] വാ പിണ്ഡാൻ പരേ-
താൻ പ്രതി. ൩൪

അ—[illegible] കൊണ്ട് [illegible] വാരിതനായോ [illegible] വ്യാധിതനായോ [illegible] മലിനനായോ [illegible] പിണ്ഡങ്ങളെ [illegible] ഒരിക്കലും [illegible] ഭക്ഷിക്കരുതെന്നു.

സാ—[illegible] ... [illegible] പിതൃകർമ്മം [illegible] ... ഈ പ്രശ്നം [illegible] ... [illegible] സംബന്ധിക്കുന്നതാണ്.

വാസീ [illegible]
[illegible]
[illegible]
[illegible] ചി[illegible]. [illegible]

അ—[illegible] ... [illegible]

സാ—[illegible] ... [illegible] ... [illegible]

സാ—ആരൂഢരാശി ലഗ്നരാശി ചന്ദ്രരാശി എന്നിവ ശീർഷോദയങ്ങളായാൽ ശുഭമെന്നും പൃഷ്ഠോദയങ്ങളായാൽ ദോഷമെന്നും പറയണം. ഗണ്ഡാന്തസംബന്ധം കൂടാതെ ആരൂഢാദികളിൽ മൂന്നിലും പാപയോഗമുണ്ടായാൽ മരണം പറയാം. ആരൂഢാദികളിൽ ഉദിക്കുന്ന അംശകം ചരമെങ്കിൽ ദോഷമെന്ന് ഇവിടെ പറഞ്ഞിട്ടുള്ളൂ. ഇവിടെ ആരൂഢനവാംശകം "ലഗ്നസ്ഫുടസ്യ..." ഇത്യാദി വചനംകൊണ്ട് ആരൂഢസ്ഫുടമുണ്ടാക്കി അറിഞ്ഞുകൊള്ളണം. "കലശഘട..." ഇത്യാദിവചനപ്രകാരം സ്ഫുടമുണ്ടാക്കാം. ഇവിടെ അനുഭവസ്ഥന്മാരായ ദൈവജ്ഞന്മാരുടെ ഉപദേശത്തെ അനുകൂലിക്കുന്നു. അല്ലാതെ ഈ രണ്ടു മാർഗ്ഗത്തെയും അനുഷ്ഠിക്കുന്നവർ ലഗ്നത്തിൽ അംശമെന്താകുന്നു. അതിനാൽ ഈ രണ്ടു ന്യായവും ഗ്രാഹ്യംതന്നെ. എങ്കിലും ഗണ്ഡാന്തബന്ധം മുതലായ ദോഷങ്ങൾ സ്ഫുടംകൊണ്ടു ഗ്രഹിക്കുന്നതാണ് സുഖകരമായിട്ടുള്ളത്. അതിനാൽ സ്ഫുടംകൊണ്ടറിയുന്നതാണ് നല്ലതെന്നു പല അഭിജ്ഞന്മാരുടെയും പക്ഷം. ആരൂഢത്തിലോ ലഗ്നത്തിലോ ഗണ്ഡാന്ത

ഗണ്ഡാന്തസംബന്ധം വരികയും ആ ഗണ്ഡാന്താംശകത്തിൽ പാപദൃഷ്ടി വരികയും ചെയ്താൽ പ്രഷ്ടാവു മരിച്ചുപോകുമെന്നു പറയണം. ആരൂഢത്തിന്റെ അഷ്ടമരാശിയിൽ ഗണ്ഡാന്തസംബന്ധം വരികയും അവിടെ പാപദൃഷ്ടികൂടി വരികയും ചെയ്താലും പ്രഷ്ടാവു മരിക്കുമെന്നു പറയണം.

ആരൂഢം ആരൂഢാഷ്ടമം ലഗ്നം ഇവ മൂന്നിനും ഗണ്ഡാന്തസംബന്ധവും പാപദൃഷ്ടിയും ഉണ്ടായാൽ മരണം നിശ്ചയമായും പറയാവുന്നതാണ്. "ആരൂഢേഽഷ്ടമേ കഥാ" എന്നൊരു പാഠംകൂടിയുണ്ട്. പ്രഷ്ടാവിന്റെ ജന്മചന്ദ്രന്റെയോ ലഗ്നത്തിന്റെയോ അഷ്ടമരാശി മേൽപ്രകാരം ആരൂഢമായി വന്നാലും മരണം പറയാവുന്നതാണ്.

ആരൂഢേ മീനഗേ പ്രഷ്ടാ പംഗുഃ സ്യാത് പാപവീക്ഷിതേ
കൂപാദൌ പതനം വാച്യമാരൂഢേഽബ്ധീന്ദുവേശ്മനി. ൨൨

അ—മീനം ആരൂഢമായി പാപവീക്ഷിതമായിരിക്കുമ്പോൾ പ്രഷ്ടാവു പംഗുവായി ഭവിക്കും. ആരൂഢം അബ്ധിയോ ഇന്ദുഭമോ ആയി പാപവീക്ഷിതമായിരിക്കുമ്പോൾ കൂപാദിയിൽ പതനം വാച്യമാകുന്നു.

സാ—മീനംരാശി ആരൂഢമായി വരിക. അവിടെ പാപദൃഷ്ടിയുണ്ടാകുക. എന്നാൽ പ്രഷ്ടാവു മുടന്തനായിരിക്കുമെന്നു പറയണം. കർക്കടകം മീനം ഇതിലൊന്ന് ആരൂഢമാകുകയും പാപദൃഷ്ടിയുണ്ടാകുകയും ചെയ്താൽ പ്രഷ്ടാവു കിണറു മുതലായ ജലാശയങ്ങളിൽ വീഴാൻ ഇടവരുമെന്നു പറയണം. ശുഭദൃഷ്ടിയുണ്ടെങ്കിൽ ഈ ഫലങ്ങൾ പറയരുതെന്ന് ഉപദേശമുണ്ട്.

പ്രാച്യാദീന്യുക്തവദ്രാശീനാരൂഢാദീൻ ന്യസേത് ക്ഷിതൌ
വൃക്ഷാദീൻ നിർദ്ദിശേത് ഖേടൈഃ കേന്ദ്രഗൈർബലശാലിഭിഃ

അ—പ്രാച്യാദിദിക്കുകളോടു തുല്യമായിട്ട് ആരൂഢാദികളായ രാശികളെ ക്ഷിതിയിൽ ന്യസിക്കണം. കേന്ദ്രഗന്മാരായി ബലവാന്മാരായ ഗ്രഹങ്ങളെക്കൊണ്ടു് സ്വഭാവങ്ങളായ വൃക്ഷാദികളെ നിർദ്ദേശിക്കണം.

സാ—"പ്രാച്യാദിഗ്ഗേഹേ ക്രിയാദയോ ദ്വൌ ദ്വൌ കോണഗതാ ഉഭയതഃ" എന്നുള്ള വചനമനുസരിച്ച് ആരൂഢം തുടങ്ങി പന്ത്രണ്ടു രാശികളെ മുൻപറഞ്ഞ ദിക്ചക്രത്തിൽ മേടംമുതൽ മീനംവരെയുള്ള പന്ത്രണ്ടു രാശികളുടെ സ്ഥാനങ്ങളിൽ കല്പിക്കണം. അതുപ്രകാരം ആരൂഢവും രണ്ടാമേടവും കിഴക്കും മൂന്നാമേടം അഗ്നികോണിലും നാലാമേടവും അഞ്ചാമേടവും തെക്കും ആറാമേടം നിരൃതികോണിലും ഏഴാമേടവും എട്ടാമേടവും പടിഞ്ഞാറും ഒൻപതാമേടം വായുകോണിലും പത്താമേടവും പതിനൊന്നാമേടവും വടക്കും പന്ത്രണ്ടാമേടം ഈശകോണിലും ആകുന്നു.

ആരൂഢം നാല് ഏഴ് പത്ത് ഈ ഭാവങ്ങളിൽ ബലവാന്മാരായ ഗ്രഹങ്ങൾ നിന്നാൽ ആ ഗ്രഹത്തിനു പറയപ്പെടുന്ന വൃക്ഷങ്ങൾ അതാതുരാശികളുടെ ദിക്കിൽ ഉണ്ടെന്നു പറയണം. ഇവിടെ കേന്ദ്രഭാവങ്ങളിൽ ഗ്രഹങ്ങളില്ലാതെപോയാൽ രാശിക്കു ബലമുണ്ടെങ്കിലും ആ രാശിക്കു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളെ പറയാം. രാശികളെക്കൊണ്ടും ഗ്രഹങ്ങളെക്കൊണ്ടും വൃക്ഷനിർദ്ദേശം ചെയ്യേണ്ട ക്രമം ഇവിടെ പറയപ്പെടുന്നു.

ശിഖിതിന്ത്രിണീകദളീകണ്ടകിവല്ലീനാം ക്രമുകനാളികേരാണാം
താലാനാം ച വനാനി ക്രമശോഽർക്കാത് സ്വാമിവദ്രാശീനാം.

അ—ശിഖിതിന്ത്രിണീകദളീകണ്ടകിവല്ലികളുടെയും ക്രമുകനാളികേരങ്ങളുടെയും താലങ്ങളുടെയും വനങ്ങൾ അർക്കൻമുതൽ ക്രമേണ ചൊല്ലണം. സ്വാമികളെക്കൊണ്ടെന്നപോലെ രാശികൾക്കും വാച്യമാകുന്നു.

സാ—തേക്ക് ഈട്ടി തമ്പകം മുതലായ വനവൃക്ഷങ്ങൾ ആദിത്യന്റേതാണ്. വാഴ ചന്ദ്രന്റേതാണ്. മുള്ളുള്ള വൃക്ഷങ്ങൾ ചൊവ്വയെക്കൊണ്ടും മുളകും ബുധനെക്കൊണ്ടും ക്രമുകങ്ങൾ (അടയ്ക്കാമരങ്ങൾ) വ്യാഴത്തെക്കൊണ്ടും തെങ്ങു ശുക്രനെക്കൊണ്ടും പന ശനിയെക്കൊണ്ടും പറയേണ്ടതാണ്. ചിങ്ങംരാശിക്കാണ് ആദിത്യനു പറ

ത്തിട്ടുള്ള വൃക്ഷങ്ങളേയും മേടം വൃശ്ചികം ഈ രാശികളെക്കൊണ്ടു ചൊവ്വായ്ക്കു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും കർക്കടകം രാശികൊണ്ടു ചന്ദ്രന്നു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും ഇടവം തുലാം ഈ രാശികളെക്കൊണ്ട് ശുക്രന്നു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും മിഥുനം കന്നി ഈ രാശികളെക്കൊണ്ടു ബുധന്നു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും ധനു മീനം ഈ രാശികളെക്കൊണ്ടു വ്യാഴത്തിന്നു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും മകരം കുംഭം ഈ രാശികളെക്കൊണ്ടു ശനിക്കു പറഞ്ഞിട്ടുള്ള വൃക്ഷങ്ങളേയും പറയണം. ഇങ്ങിനെക്കൊണ്ട് വൃക്ഷനിർണ്ണയം വിവാഹികമോ എന്നൊന്നു ശേഷിക്കുന്നതായി കാണാം. ബൃഹജ്ജാതകം, കൃഷ്ണീയം മുതലായ ഗ്രന്ഥങ്ങളും സൂക്ഷ്മം പരിശോധിക്കണമെന്നു ഗ്രന്ഥകർത്താവു് നിഷ്കർഷിച്ചിരിക്കയാൽ വൃക്ഷനിർണ്ണയാദികളുടെ ബാഹുല്യം ഇതരഗ്രന്ഥപാരായണങ്ങളിൽനിന്ന ഗ്രാഹ്യമാകുന്നു.

> ആരൂഢരാശ്യുദയ വക്ത്രതഃ പ്രഷ്ടുരഭ്യുദയാദികൃത്
> അഭ്യുദയാദ്യം ചിന്ത്യം സ്യാൽ തൽ കൃഷ്ണീയാദിഷൂദിതം. ൫൭

അ—ആരൂഢത്തിന്റെ ഉദയവക്ത്രതം പ്രഷ്ടാവിന്റെ അഭ്യുദയാദികൃത്താകുന്നു. ഇതിന്റെ അഭ്യുദയാദ്യം ചിന്തിക്കേണ്ടതായി വരിക്കും. ഇതു കൃഷ്ണീയാദികളിൽ ഉദിതമാകുന്നു.

സാ—ആരൂഢം ഉദയരാശിയായി വന്നാൽ പ്രഷ്ടാവിന്ന് മേൽക്കുമേൽ അഭിവൃദ്ധിയുണ്ടാകും. അസ്തമയരാശിയായി വന്നാൽ മേൽക്കുമേൽ നാശം സംഭവിക്കും. ഇതിനെ കൃഷ്ണീയം മുതലായ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആ വചനങ്ങളെത്തന്നെ ഇവിടെ കാണിക്കുന്നു.

> ഉദയപൃഷ്ഠോദയ രാശിർ ഹോരാ പ്രശ്നേ നരസ്യ സിദ്ധികരീ
> അന്യേ വിഫലേ ജ്ഞേയാ ശുഭയുതദൃഷ്ടാ ശുഭാ ലഗ്നേ ച. ൫൮

അ—പ്രശ്നത്തിൽ ഉദയപൃഷ്ഠോദയമായിരിക്കുന്ന രാശി ഹോരയായി വരികയാണെങ്കിൽ നരന്നു സിദ്ധികരിയായി ഭവിക്കുന്നു. അന്യങ്ങൾ വിഫലങ്ങളെന്ന ജ്ഞേയങ്ങളാകുന്നു. ശുഭയുതദൃഷ്ടങ്ങളായാൽ ശുഭങ്ങളാകുന്നു.

സാ—പ്രശ്നവിഷയത്തിൽ ഉദയപൃഷ്ഠരാശി ആരൂഢമായി വന്നാൽ പ്രഷ്ടാവിന്ന് അഭീഷ്ടകാര്യസിദ്ധിയുണ്ടാകും. അസ്തമയരാശിയോ തിര്യങ്മുഖരാശിയോ ആരൂഢമായി വന്നാൽ ഇഷ്ടസിദ്ധി വരികയില്ലെന്നു മാത്രമല്ല, ഇഷ്ടകാര്യങ്ങൾക്കു നാശംകൂടിയുണ്ടാകും. പക്ഷെ നാശസൂചകമായ അസ്തമയരാശിയോ തിര്യങ്മുഖരാശിയോ ആരൂഢമായി വന്നാലും ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗങ്ങളോ ഉണ്ടായാൽ ശുഭപ്രദം തന്നെയാണ്. സൂര്യൻ വിട്ട രാശിയും അതിന്റെ കേന്ദ്രരാശികളും ഉദയപൃഷ്ഠങ്ങളും, ആദിത്യൻ നില്ക്കുന്ന രാശിയും അതിന്റെ കേന്ദ്രരാശികളും അസ്തമയങ്ങളും, ആദിത്യൻ അടുത്തു പ്രവേശിക്കാൻപോകുന്ന രാശിയും അതിന്റെ കേന്ദ്രരാശികളും തിര്യങ്മുഖങ്ങളും ആകുന്നു.

> ഉദയാദന്യ തദർദ്ധ പ്രസൂതശേഷകാര്യാണാം ഭിന്നാനാം പൃച്ഛതാം
> ചൈതന്യം തദാരൂഢ സ്ഥിതി ദർശനസ്ഥാനാദികാനാം ഭവേൽ
> ആരൂഢം യദി യാതി പൃഷ്ഠത ഉദയം ന ചേൽ വിത്താദിനി—
> സ്സൃഷ്ടം സ്യാദപി ഗൂഢമേവമപി പശ്വാദഹാദിതഃ പൃച്ഛകഃ. ൫൯

അ—ഉദയപാദങ്ങൾ തന്നെയായിരിക്കുമ്പോഴും പ്രസൂതശേഷകാര്യാദികളായ പൃച്ഛകന്മാരുടെ അനേകങ്ങളായ ചോരാദികളുടെ മഹത്തായ ചൈതന്യം ഭവിക്കും. അഥവാ ഉദയാഭം ആരൂഢമായി ഭവിക്കുമെങ്കിൽ പൃച്ഛകൻ അവിടങ്ങളായ വിത്താദികളോടു ഹീനനായി ഭവിക്കും. ഗൂഢങ്ങളായാൽ ദൃഷ്ടിക്കപ്പെടുകയും ചോരാദികളിൽനിന്ന പീഡിക്കയും ചെയ്യും.

സാ—ജന്മലഗ്നം യാത്രാവിഷയമായ പ്രശ്നലഗ്നം കാര്യാരംഭവിഷയമായ പ്രശ്നലഗ്നം അല്ലെങ്കിൽ ആരൂഢം ഉദയപൃഷ്ഠരാശിയായി വന്നാൽ അവർക്ക് ദ്രവ്യം പൊരുതിക്കം യശസ്സ് സ്ഥാനം ഇത്യാദികളുടെ ഉൽകൃഷ്ടമായ അഭിവൃദ്ധിയുണ്ടാകുന്നതാണ്.

ക്കേതാത്ത സ്ഥാനങ്ങളിൽ അരയാളുകളാകി ആരൂഢമായോ ലഗ്നമായോ വന്നാൽ വ ന്ന ചോരതക്ഷ യന്തസ്സ് സ്ഥാനം ഇവകൾ നാശിക്കം. ബന്ധുജനങ്ങൾ ഉപേക്ഷിക്കം. വാഹനങ്ങളിൽനിന്നു വീഴാൻ ഇടവരും. ഇതുകൊണ്ട് ഉപചയസ്ഥാനങ്ങൾ ഉത്തമ മാണെന്നും അല്ലാത്തവയിൽ ശുഭന്മാരും അധമങ്ങളാണെന്നും തെളിയുന്നു. "ബ്ര ഹി" എന്നു ഗ്രന്ഥാന്തരവചനസമാപ്തിയാകുന്നു.

ആരൂഢാധിപതിഃ ശുഭഗ്രഹഗൃഹേ പ്രശ്നേ യദി സ്യാത് സ്ഥിതഃ
ക്ഷേത്രാരാമഗൃഹാദിഷു ഗ്രാമാന്തരേഷു സ്ഥിതിഃ പൃച്ഛതഃ
പാപക്ഷേത്രഗതോ സ ചേദ്ഭവേത് തദാ പൃഷ്ടുഃ പ്രദേശേ സ്ഥിതിഃ
സാമ്യാസാമ്യഗുണൈസ്തയോഃ സഹവാസം യോഗാച്ച തദ്ദ്രാവ്യതഃ ൨൮

അ—പ്രശ്നത്തിൽ ആരൂഢാധിപതി ശുഭഗ്രഹക്ഷേത്രത്തിൽ സ്ഥിതനായി ഭവിക്കു ന്നു എങ്കിൽ പൃച്ഛകന്മാർക്ക് ഗ്രാമാന്തരങ്ങളായ ക്ഷേത്രാരാമഗൃഹാദികളിൽ സ്ഥി തി ഭവിക്കും. അവൻ പാപക്ഷേത്രഗതനായി ഭവിക്കുമെങ്കിൽ പൃച്ഛകന്മാർക്ക് സ്വപ്ര ദേശത്തിങ്കൽ സ്ഥിതി ഭവിക്കും. അവിടെ സൌമ്യാസൌമ്യഗുണം ഹേതുവായിട്ട് ബന്ധുക്കളുടെ യോഗവും ഊഹിക്കപ്പെടണം.

സാ—ആരൂഢരാശിയുടെ അധിപൻ ശുഭഗ്രഹങ്ങളുടെ രാശിയിൽ നില്ക്കുന്നു എ ങ്കിൽ പ്രഷ്ടാവിന്റെ ഇപ്പോഴുള്ള വാസം ക്ഷേത്രം ദേവാലയം മുതലായി അന്യന്മാ രുടേതായ സ്ഥാനങ്ങളിലാണെന്നു പറയണം. ആരൂഢാധിപൻ പാപഗ്രഹങ്ങളുടെ ക്ഷേത്രത്തിൽ നിന്നാൽ സ്വിഷ്ടങ്ങളായ പ്രദേശങ്ങളിലാണ് പ്രഷ്ടാവിന്റെ ഇപ്പോഴത്തെ വാ സമെന്നു പറയണം. ആരൂഢാധിപനു ശുഭഗ്രഹങ്ങളുടെ യോഗമുണ്ടെങ്കിൽ പ്രഷ്ടാവി ന്നു സ്വജനങ്ങളോടു സഹവാസമുണ്ടെന്നും പാപഗ്രഹയോഗമുണ്ടെങ്കിൽ ദുർജ്ജനങ്ങളോടു സഹവാസമുണ്ടെന്നും പറയണം. ഇതുപോലെ പാപന്മാരുടെയും ശുഭന്മാരുടെയും ദൃഷ്ടി കൾകൊണ്ടും ദുർജ്ജനങ്ങളുടെയും സജ്ജനങ്ങളുടെയും സഹവാസമുണ്ടെന്നു പറയാവുന്ന താണ്. ഈ പദ്യംകൊണ്ട് പറഞ്ഞത് (ശുഭേക്ഷിതേക്ഷ ഭവനം ...... ഫലം ...... വിപരീതമന്യഥാ) എന്നുള്ള ഹോരാവചനത്തിന്റെ സാരാംശമാണ്. ആരൂ ഢാധിപനായ ശുഭഗ്രഹം പാപഗ്രഹത്തിന്റെ രാശിയിൽ ശുഭഗ്രഹത്തിന്റെ യോഗ ത്തോടോ ദൃഷ്ടിയോടോകൂടി നിന്നാൽ സന്തുഷ്ടനായ പ്രഷ്ടാവ് സ്വിഷ്ടമായ സ്ഥലത്തു സജ്ജനസഹവാസത്തോടുകൂടി ഇരിക്കുന്നു എന്നു പറയണം. ഇങ്ങിനെ മറ്റു സ്ഥിതി ഭേദങ്ങളെക്കൊണ്ടും ചിന്തിച്ചുകൊള്ളണം. ഈ പ്രശ്നത്തെ (കൈവിട്ടുപോയ ആളി നെക്കുറിച്ചുള്ള പ്രശ്നത്തിൽ ഏറ്റവും ഉപയോഗമുള്ളതാണ്. നഷ്ടപ്രശ്നത്തിൽ അന്വേ ഷണത്തിലും ഇതു പ്രത്യേകം യോജ്യംതന്നെയാണ്.

ശുഭവർഗ്ഗേ ലഗ്നഗതേ ലഗ്നേ വാ സൌമ്യയോഗമായാതേ
ശ്രൂയാത്ഭിമതസിദ്ധിം പ്രഷ്ടുസ്സഥാനാന്തരപ്രാപ്തിം. ൨൯

അ—ശുഭവർഗ്ഗം ലഗ്നമായോ ലഗ്നം സൌമ്യയോഗത്തെ പ്രാപിച്ചതായോ ഇരിക്കു മ്പോൾ പ്രഷ്ടാവിനു അഭിമതസിദ്ധിയെയും സ്ഥാനാന്തരപ്രാപ്തിയെയും ബ്രവിക്കണം.

സാ—ലഗ്നത്തിൽ ശുഭഗ്രഹങ്ങളുടെ വർഗ്ഗങ്ങൾ അധികമാകുകയോ ശുഭഗ്രഹങ്ങ ളുടെ യോഗം വരികയോ ചെയ്താൽ പ്രഷ്ടാവിന്റെ ആഗ്രഹം (പ്രശ്നത്തിനു വിഷയമായ കാര്യം) സാദ്ധ്യമാണെന്നും വിശേഷിച്ച് ചില സ്ഥാനങ്ങൾ ലഭിക്കുമെന്നും പറയണം. ക്ഷേത്രം, ഹോര, ദ്രേക്കാണം, നവാംശകം, ദ്വാദശാംശകം, ത്രിംശാംശകം; സപ്താംശ കം ഇങ്ങിനെ സാമാന്യേന ഏഴുവർഗ്ഗങ്ങളാണ്. വർഗ്ഗങ്ങൾ ചിന്തിപ്പാനുള്ള ക്രമം ഗ്രന്ഥാ ന്തരങ്ങളിൽനിന്ന് ഗ്രാഹ്യമാകുന്നു.

ദ്വിപദേ ചതുഷ്പദേ വാ ഭവനേ ലഗ്നോപഗോ ഗ്രഹഃ പാപഃ
തിഷ്ഠതി തന്നാശകരോ ജ്ഞേയഃ സൌമ്യോപി വൃദ്ധികരഃ. ൩൦

അ—ദ്വിപദമായോ ചതുഷ്പദമായോ ഇരിക്കുന്ന ഭവനത്തിൽ ലഗ്നോപഗനായ

പാപന്മാരായ ഗ്രഹം സ്ഥിതിചെയ്യുന്ന എങ്കിൽ അവൻ തന്നോടശക്തനാകുന്നു. ശുഭന്മാരായ ഗ്രഹം സ്ഥിതിചെയ്യുന്ന എങ്കിൽ അവൻ വൃദ്ധികരനാകുന്നു.

സാ—മൂന്നാമത്തിന്നും ആരൂഢത്തിന്നും സമമാണെന്ന ആരൂഢമെന്ന പറയാറുണ്ട്. ഉപചയാദി ആരൂഢമായി വരികയും അവിടെ പാപഗ്രഹങ്ങളും ഉദിക്കയും ചെയ്താൽ മനുഷ്യർ സുഖദുഃഖങ്ങളെന്ന പറയണം. അവിടെ ശുഭഗ്രഹമുദിച്ചാൽ അഭിവൃദ്ധിയുണ്ടെന്നു പറയാം. ആരൂഢമോ ലഗ്നമോ നാലു്കലിടാതികളായി വരാവുന്നതാണ്. അവിടെ പാപഗ്രഹമുദിച്ചാൽ നാശ്യകരികളും നാശമുണ്ടാകുമെന്നും ശുഭഗ്രഹമുദിച്ചാൽ അഭിവൃദ്ധിയുണ്ടാകുമെന്നും പറയണം.

സ്വർണ്ണാദ്യൈരുപചാരൈരാരൂഢസ്ഥാനാപി പ്രഷ്ടുശ്ശുഭാശുഭം
ജ്ഞേയം ശാസ്ത്രാന്തരോക്തം തദപ്യത്ര നിഗദ്യതേ. ൧൪

അ—ആരൂഢാദിസ്ഥമായ സ്വർണ്ണംകൊണ്ടും പ്രഷ്ടാവിന്റെ ശുഭാശുഭം അറിയാം. ശാസ്ത്രാന്തരങ്ങളിൽ ഉക്തമായ അതും അനന്തരം നിരൂപിക്കപ്പെടുന്നു.

സാ—ആരൂഢരാശിയിൽ വയ്ക്കപ്പെട്ട സ്വർണ്ണംകൊണ്ടും പ്രഷ്ടാവിന്റെ ഗുണദോഷഫലങ്ങളും പറയേണ്ടതാണ്. അതിന്റെ രീതി മറ്റുചില ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതിനെ ഇവിടെ പറയുന്നു.

ജലഗന്ധാന്നാപ്രീഹിതന്ദുലാ ഭൂതപഞ്ചകം
തന്മയം ഹി വപുർജ്ഞേയം ജീവ ഏവ ഹി കാഞ്ചനം. ൧൫

അ—ജലഗന്ധാക്ഷതവ്രീഹിതന്ദുലങ്ങളും ഭൂതപഞ്ചകമാകുന്നു. വപുസ്സ് തന്മയമാകുന്നുവല്ലോ. കാഞ്ചനം ജീവൻതന്നെയാകുന്നു. എന്ന അറിയേണ്ടതാകുന്നുവല്ലോ.

സാ—വെള്ളം ചന്ദനം പുഷ്പം നെല്ല് അരി ഇതുകളും പഞ്ചഭൂതങ്ങളാണ്. ഇവയിൽ ചന്ദനംകൊണ്ട് പൃഥിവീഭൂതത്തേയും വെള്ളംകൊണ്ട് ജലഭൂതത്തേയും അരികൊണ്ട് തേജോഭൂതത്തേയും നെല്ലുകൊണ്ട് വായുഭൂതത്തേയും പുഷ്പംകൊണ്ട് ആകാശഭൂതത്തേയും ഗ്രഹിച്ചുകൊള്ളുക. സ്വർണ്ണംകൊണ്ട് ജീവനെത്തന്നെ ഗ്രഹിക്കണം. പഞ്ചഭൂതാത്മകമായ ശരീരത്തിന്റേയും ജീവന്റേയും ശുഭാശുഭാദിസംബന്ധങ്ങളും ജലഗന്ധാദികളുടേയും സ്വർണ്ണത്തിന്റേയും ലക്ഷണങ്ങളെ ആശ്രയിച്ചറിയേണ്ടതാണ്. പുഷ്പാക്ഷതങ്ങളുടെ ഉള്ളിൽ സ്വർണ്ണം ശരിയായിരിക്കുന്നുവെങ്കിൽ ദീർഘായുസ്സ് മുതലായ ശുഭഫലങ്ങളും പറയാവുന്നതാണ്. സ്വർണ്ണം പുഷ്പാക്ഷതങ്ങളുടെ വിട്ട് ദൂരെ മാറിയിരിക്കുന്നുവെങ്കിൽ മരണം മുതലായ അനിഷ്ടങ്ങളേയും പറഞ്ഞുകൊള്ളണം. പുഷ്പാക്ഷതങ്ങളും അല്പങ്ങളായിരുന്നെങ്കിൽ ദേഹത്തിലെ കാർശ്യമുണ്ടെന്നും പുഷ്പാക്ഷതാദികളിൽ വല്ല മലിനതയോ ഉണ്ടെങ്കിൽ തൽഭൂതസംബന്ധിയായ ശരീരദോഷത്തിന് ദോഷമുണ്ടെന്നും പറഞ്ഞുകൊള്ളണം. സ്വർണ്ണത്തിന് അഴുക്ക് ചളവു മുതലായ ദോഷങ്ങളുണ്ടെങ്കിൽ ജന്മാന്തരകൃതമായ പാപബന്ധമുണ്ടെന്നും മററും യുക്തിപോലെ ആലോചിച്ചു പറഞ്ഞുകൊള്ളണം.

പുഷ്പാക്ഷതോപരി സ്വർണ്ണമുത്താനം പൃച്ഛകായുഷേ
തിര്യങ്മുഖം മൃത്യുകരം ഭുഗ്നം ന്യക് ച ബാധാകരം ഭവേത്. ൧൬

അ—സ്വർണ്ണം പുഷ്പാക്ഷതോപരിഭാഗത്തിൽ ഉത്താനമായി വെച്ചിരിക്കുന്നുവെങ്കിൽ പൃച്ഛകായുസ്സിനായി ഭവിക്കുന്നു. തിര്യക്കായി ഭുഗ്നമായ സ്വർണ്ണം മൃത്യുകരമായും ന്യക്കായിരിക്കുന്ന സ്വർണ്ണം ബാധാകരമായും ഭവിക്കും.

സാ—നെല്ല് അരി പൂവ് ഇവകളിൽ കലർത്തിയാണല്ലോ സ്വർണ്ണം ഇടുന്നത്. ആ സ്വർണ്ണം പുഷ്പാക്ഷതാദികളുടെ മേൽഭാഗത്ത് മലർന്ന ഇരിക്കയാണെങ്കിൽ പ്രഷ്ടാവിന് ആയുർവിഷയമായ ഗുണത്തെ പറയണം. ഭൂമിയിൽ ചരിഞ്ഞുവീണാൽ മരണം ഫലമാകുന്നു. അതുപോലെ ഭൂമിയിൽതന്നെ കമിഴ്ന്നുവീണാൽ രോഗാധിക്യത്തേയും ബാധോപദ്രവത്തേയും പറയണം.

ഊർദ്ധ്വം പൃഷ്ഠാക്ഷതാനാം നിഹിതമിഹ ഭവേൽ സ്വപ്നമൂർദ്ധ്വാനനം ചേൽ
തൽകാലേ വർദ്ധനം സ്യാദ്ധനസുതയശസാം വൃദ്ധികം സ്യാദധോമുഖം
തത്രാധഃസ്ഥാനമൂലം ചേൽ ക്ഷയമുപചയതോ കിഞ്ചിദാരഭ്യ ഹ്രസ്വാ-
ദൂർദ്ധ്വാസ്യം ചേദധസ്താൽ ക്ഷയതളുപചയാരംഭണം തത്ര വാച്യം.

അ—ഇതിൽ നിഹിതമായ സ്വപ്നം പൃഷ്ഠാക്ഷതങ്ങളുടെ ഊർദ്ധ്വത്തിൽ ഊർദ്ധ്വാനനമായി ഭവിക്കുമെങ്കിൽ തൽക്കാലത്തിൽ വൃദ്ധികരമായ ധനസുതയശസ്സുകൾക്കു മേല്ക്കുമേൽ വർദ്ധനം ഭവിക്കും. തണ്ടു് അവിടെ അധോമുഖമായി ഭവിക്കുമെങ്കിൽ ഉപചയത്തിൽനിന്നു് അല്പം ക്ഷയം ആരബ്ധമായിത്തന്നെ ഭവിക്കും. അനന്തരം അധോഭാഗത്തിൽ ഊർദ്ധ്വാസ്യമായി ഭവിക്കുമെങ്കിൽ ക്ഷയത്തിൽനിന്നു് ഉപചയാരംഭണം അവിടെ വാച്യമാകുന്നു.

സാ—പൃഷ്ഠാക്ഷതങ്ങളുടെ മേൽഭാഗത്തു സ്വപ്നം മലർന്നിരിക്കയാണെങ്കിൽ പ്രഷ്ടാവിനു് അപ്പോൾ ധനം സുതം കീർത്തി ഇവ കൂടെക്കൂടെ അഭിവൃദ്ധിയുണ്ടെന്നും അപ്രകാരം മേലും അഭിവൃദ്ധികരമാണെന്നും പറയണം. ആ സ്വപ്നം പൃഷ്ഠാക്ഷതങ്ങളുടെ മുകളിൽതന്നെ കമിഴ്ന്നിരിക്കയാണെങ്കിൽ ആ കാലംവരെ പ്രഷ്ടാവിനു ധനം മുതലായവകൊണ്ടു് അഭിവൃദ്ധിയുണ്ടായിരുന്നു എങ്കിലും ഇപ്പോൾ അല്പകാലംകൊണ്ടു ക്രമേണ നാശം ആരംഭിച്ചിരിക്കുന്നു എന്നും പറയണം. പൃഷ്ഠാക്ഷതങ്ങളുടെ അടിയിൽ സ്വപ്നം മലർന്നിരിക്കയാണെങ്കിൽ ഈ കാലംവരെ പ്രഷ്ടാവു് ദ്രവ്യനാശം മുതലായ ദുരിതങ്ങൾ അനുഭവിച്ചിരുന്നു എങ്കിലും ഇപ്പോൾ ആ ദുരിതഫലം മിക്കവാറും വിട്ടു് അഭിവൃദ്ധി ആരംഭിച്ചിരിക്കുന്നു എന്നു പറയണം. സ്വപ്നം പൃഷ്ഠാക്ഷതങ്ങളിൽ മലർന്നിരുന്നാൽ അഭിവൃദ്ധിയും കമിഴ്ന്നിരുന്നാൽ ക്ഷയവും പറയേണ്ടതാകുന്നു.

സ്വാധോധോഭാഗേ കാമൂർദ്ധ്വം ചേൽ ക്ഷയമുപചയപൂർവ്വമാപന്നമേവം ക്ഷയാന്ത്യം
മദ്ധ്യസ്ഥേ മാരിമരാദ്യോ വിഹിതമപാസകലം പ്രോക്തമേവാപരീത്യാ
ദീർഘായുർമൃത്യുരൈന്ദ്രോ ഉപചിതധനതാ പ്രാക്ശിരാദിസ്ഥിതേ ചെ
സ്വപ്നസ്യാഗ്ന്യാദികോണപ്രവണ ഇഹ നൃണാം മൃത്യുരാരോഗ്യമാദ്യേ—
ഇതി,

അ—സ്വപ്നം സ്വപ്നാധോഭാഗത്തിൽ അധോമുഖമായി ഭവിക്കുന്നുവെങ്കിൽ ഈ സമയത്തിൽ ക്ഷയം ഭവിക്കുന്നു. പിന്നെയും സമ്പൽക്ഷയം ഭവിക്കും. മേലും മദ്ധ്യസ്ഥമായിരിക്കും സമയത്തിലും ഇവിടെ പ്രോക്തമായ രീതികൊണ്ടുതന്നെ സകലമായ ഫലവും ഊഹ്യമാകുന്നു. സ്വപ്നത്തിന്റെ പ്രാക്ശിരാദിപ്രവണത്തിൽ ദീർഘായുസ്സും മൃത്യുഭയങ്ങളും ഉപചിതധനതയും അഗ്ന്യാദികോണപ്രവണത്തിൽ ഇവിടെ മൃത്യുരോഗാദ്യങ്ങളും ഭവിക്കും.

സാ—സ്വപ്നം പൃഷ്ഠാക്ഷതങ്ങളുടെ അടിയിൽ കമിഴ്ന്നിരിക്കയാണെങ്കിൽ തൽക്കാലം വൃദ്ധികരമായ ധനസുതാദികളുടെ നാശകാലമാണെന്നു പറയണം. എന്നുമാത്രമല്ല മേൽക്കാലവും ധനസുതാദികളായ സമ്പൽഫലങ്ങൾക്കു ക്ഷയമാണെന്നുകൂടി പറയാം. ഈ സ്വപ്നം പൃഷ്ഠാക്ഷതങ്ങളുടെ മദ്ധ്യേ കമഴ്ന്നിരുന്നാൽ പ്രഷ്ടാവു് മുൻപു അഭിവൃദ്ധിയിലിരുന്നു എന്നും ഇപ്പോൾ ധനസുതാദികൾക്കു പകുതിയോളം നാശം സംഭവിച്ചിരിക്കുന്നു എന്നും ഇനിയും നാശം സംഭവിക്കുന്നതാണെന്നും പറയണം. ഇതുപോലെ പൃഷ്ഠാക്ഷതങ്ങളുടെ മദ്ധ്യേ സ്വപ്നം മലർന്നിരിക്കയാണെങ്കിൽ പ്രഷ്ടാവിനു മുൻപു ദുരിതകാലമായിരുന്നു എങ്കിലും ഇപ്പോൾ പകുതിയോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും, മേലും അഭിവൃദ്ധിയുണ്ടാകുമെന്നും പറയണം. ഇങ്ങിനെ സ്വപ്നം മലർന്നിരുന്നാൽ അഭിവൃദ്ധിപ്രദമാണെന്നും കമഴ്ന്നിരുന്നാൽ നാശകരമാണെന്നും പൃഷ്ഠാക്ഷതങ്ങളെ വിട്ടു് ദൂരെ പോയാൽ ജീവനാശകരമാണെന്നും മറ്റും ഇവിടെ പറഞ്ഞ ക്രമമനുസരിച്ചു് ആലോചിച്ചുറച്ചു പറയേണ്ടതാകുന്നു. സ്വപ്നം കിഴക്കോട്ടു ചരിഞ്ഞിരുന്നാൽ ദീർഘായുസ്സും തെക്കോട്ടു

ചരിക്കുന്നതിനാൽ മരണവും പടിഞ്ഞാറോട്ടു ചരിക്കുന്നതിനാൽ ധനനാശവും വടക്കോട്ടു ചരിക്കുന്നതിനാൽ ധനപ്രാപ്തിയും പറയേണ്ടതാണ്. മിഥുനം, കന്നി, ധനു, മീനം ഈ രാശികളിലൊന്നിൽ ചരിക്കുന്നതായിക്കണ്ടാൽ മരണം രോഗം മുതലായ അനിഷ്ടങ്ങളെല്ലാം പറഞ്ഞുകൊള്ളണം. സ്വപ്നത്തിന്റെ അംശകംകൊണ്ടും ഫലം പറയേണ്ടതാണെന്ന് സ്വപ്നഫലത്തിന്റെ ഉത്തരാർദ്ധത്തെ ചിന്തിക്കുന്നതിനാൽ സ്പഷ്ടമാകുന്നു.

"പ്ലാവനേ ഭൂതം സഫലം വിഷയാണം
സ്വപ്നസ്യ ചാംശേന ച വർഗ്ഗാദ്യം
മാസ്യം ഫലം വാ സമിതിന്നാ വിചിന്ത്യം."

എന്നുള്ള വചനംകൊണ്ട് സ്വപ്നത്തിന്റെ ചരിവുകൊണ്ടുള്ള ഫലം കഴിഞ്ഞതാണെന്നും അംശകംകൊണ്ടു വർഗ്ഗാദി ഫലം അറിയണമെന്നും സൂചിപ്പിക്കുകകൊണ്ടു ഭാവിഫലത്തെ അറിയണമെന്നും സ്പഷ്ടമാകുന്നു. അതിനാൽ സ്വപ്നാംശകമറിവാനുള്ള ക്രമം ഇവിടെ എഴുതുന്നു.

ഖഡ്ഗാദ്യധ്യൂഢാംശകോണാൽ നിശിചരതനു സിന്ധുമാന മുപവിശതം
മാപാദ്യന്താദ ഗ്നിവായ്വോ മാനതരകോണാൽ പാദമാദു തിഷ്ഠകിഷ്ഠ.

അ—കലശം ശിവകോണത്തിൽനിന്ന് അപ്രദക്ഷിണമായും സിന്ധുമാനം നിശിചരനിൽനിന്ന് മുപ്പതിനമായിട്ടും ഗണ്യമാകുന്നു. ശേഷം അഗ്നികോണത്തിൽനിന്ന് അനുലോമമായിട്ടും പദങ്ങളിൽ മാരുതകോണിൽനിന്ന് തിരിച്ചായിട്ടും ഗണ്യമാകുന്നു.

സാ—ക-ല-ശ-ഇതു് അക്ഷരസംഖ്യ അനുസരിച്ച് ൧-൩-൫ ഇതുകൊണ്ട് മേടം മിഥുനം ചിങ്ങം ഈ രാശികളെ ഗ്രഹിക്കണം. രാശിചക്രത്തിലുള്ള ഒരു വൃത്തത്തെ ഇല്ല്യം ഒൻപതു ഖണ്ഡങ്ങളായി ഭാഗിക്കണം. ഇവയിൽ ഓരോന്നും ഓരോ അംശകങ്ങളാണ്. ഈ അംശകസ്ഥാനങ്ങളിൽവച്ച് ഏതു സ്ഥാനത്തിലാണോ സ്വപ്നം വീണിരിക്കുന്നതു് അതുകൊണ്ടുവേണം സ്വപ്നാംശകത്തെ നിശ്ചയിക്കേണ്ടതു്. ഇവിടെ ആ അംശകത്തെ എണ്ണുന്നതിന് ചില ഭേദങ്ങളുണ്ട്. മേടം മിഥുനം ചിങ്ങം ഈ രാശികൾ ആരൂഢമായി വന്നാൽ അംശകത്തെ എണ്ണിത്തുടങ്ങേണ്ടതു് ഈശാനകോണുമുതൽ കീഴ്പ്പോട്ടു വേണം.

സി-ന്ധു-മാ-നം എന്ന സംഖ്യകൊണ്ടു തുലാം ധനു കുംഭം ഈ രാശികളെ ഗ്രഹിക്കണം. ഈ രാശികളും ആരൂഢമായാൽ നിരൃതികോണിൽനിന്ന് മേല്പോട്ട് എണ്ണിക്കൊള്ളണം.

മ-പ-വ- എന്ന സംഖ്യകൊണ്ടു കർക്കടകം വൃശ്ചികം മീനം ഈ രാശികളെ ഗ്രഹിക്കണം. ഈ രാശികളാരൂഢമായാൽ അഗ്നികോണുമുതൽ കിഴക്കോട്ട് എണ്ണേണ്ടതാണ്. ബാക്കിയുള്ള ഇടവം മകരം മീനം ഈ രാശികളും ആരൂഢമായാൽ വായുകോണുമുതൽ വിലക്കത്തിൽ എണ്ണിക്കൊള്ളണം. ഇങ്ങനെ എണ്ണി എത്രാമത്തെ അംശകത്തിൽ സ്വപ്നം ഇരിക്കുന്നു എന്ന് അറിഞ്ഞ് ആരൂഢരാശിയുടെ ത്രികോണത്തിലുൾപ്പെട്ട ചരരാശി ആദിയായി എണ്ണി സ്വപ്നാംശരാശിയെ അറിഞ്ഞുകൊള്ളുക. ഈ രാശികൊണ്ട് വർഗ്ഗാദികളെ ചിന്തിക്കേണ്ടതാണ്. സ്വപ്നവിഷയമായ ചിന്ത ഇതോടുകൂടി അവസാനിച്ചു.

വാ—പൃച്ഛാരൂഢാദി ചിന്ത്യം.

അ—ഇതു് ആരൂഢാദിവിഷയമാകുന്നു.

സാ—ഇവിടെ മുതൽ അവസാനിപ്പിച്ചിട്ട് ആരൂഢം മുതലായവകൊണ്ടു ചിന്തിക്കേണ്ടതാകുന്നു.

വാ—അഥ ലഗ്നാദിഫലമുച്യതേ.

അ—അനന്തരം ലഗ്നാദിഫലം പറയപ്പെടുന്നു.

സാ—ഇതിന്മേൽ ഉദയലഗ്നംകൊണ്ടു വിചാരിക്കേണ്ട ചില സംഗതികൾ പറയപ്പെടുന്നു.

[illegible] മൃത്യുദേഹാസവശ്ചേത
ആയുരാരോഗ്യ[illegible] ഭോഗൈശ്വര്യപ്രദാഃ [illegible]
[illegible] സംയുതാശ്ചേത ത്രയഃ പ്രഷ്ടുർമൃതിപ്രദാഃ
[illegible] കോണസ്ഥാ [illegible] [illegible]

അ—[illegible] മൃത്യുദേഹാസുക്കളായി വരികയും, ഇവകൾ [illegible] എങ്കിൽ ആയുരാരോഗ്യങ്ങളും [illegible] ഐശ്വര്യങ്ങളുമാകുന്നു. ഈ മൂന്നുകളും [illegible] സംയുതങ്ങളുമായി വരികയാണെങ്കിൽ പ്രഷ്ടാവിന്ന മൃതിപ്രദങ്ങളും. അന്യോന്യം [illegible]ങ്ങളായിരിക്കുന്ന ഇവകളും [illegible] ത്രികോണങ്ങളായിരിക്കുന്ന ഇവകളും [illegible] വരിക.

സാ—[illegible] ഒൻപതിൽ പെരുക്കിയാൽ [illegible] സ്ഫുടമാകും. ഇത് മൃത്യുസ്ഫുടമാകുന്നു. ചന്ദ്രസ്ഫുടത്തെ ഒൻപതിൽ പെരുക്കിയാൽ ചന്ദ്രന്റെ നവാംശകസ്ഫുടമാകും. ഇതു ദേഹസ്ഫുടമെന്ന് പറയുന്നു. ലഗ്നത്തെ ഒൻപതിൽ പെരുക്കിയാൽ ലഗ്നത്തിന്റെ നവാംശകസ്ഫുടമാകും. ഇത് പ്രാണസ്ഫുടമാണ്. [illegible] പ്രാണദേഹമൃത്യുക്കൾ [illegible] വന്നാൽ പ്രഷ്ടാവിന്ന് ദീർഘായുസ്സും ആരോഗ്യവും സിദ്ധിക്കും. ഇവകൾ മൂന്നും [illegible] ദേഹത്തിൽ വളരെക്കാലം കിടന്ന കഷ്ടപ്പെടുന്നതിന് ഇടയാകും. ഇവ മൂന്നും [illegible] വരികയോ [illegible] ഉണ്ടായാൽ പ്രഷ്ടാവ് മരിച്ചുപോകുമെന്ന് പറയണം. ഈ മൂന്ന് സ്ഫുടങ്ങൾക്കും അന്യോന്യം ദൃഷ്ടിയുണ്ടായാൽ പ്രഷ്ടാവിന്ന [illegible]. അന്യോന്യം ത്രികോണങ്ങളിൽ നിന്നാൽ പ്രഷ്ടാവിന്ന [illegible] പറയേണ്ടതാണ്. "[illegible]" എന്ന വിധിപ്രകാരമുള്ള പ്രാണദേഹമൃത്യുക്കളുടെ [illegible] മേൽ പറയപ്പെട്ടു.

[illegible] പ്രാണദേഹാ[illegible]
[illegible] പ്രാണമൃത്യോസ്തു [illegible]. [illegible]

അ—പ്രാണദേഹങ്ങളുടെ [illegible] സംബന്ധം ആയുസ്സിനായും ദേഹമൃത്യുക്കളുടെ [illegible] സംബന്ധം [illegible] വരിക. പ്രാണമൃത്യുക്കളുടെ [illegible] സംബന്ധം [illegible] വരിക.

സാ—[illegible] മൂന്ന് സ്ഫുടങ്ങളിൽവെച്ച് പ്രാണസ്ഫുടവും ദേഹസ്ഫുടവും ഒരു രാശിയിൽ വരികയോ അന്യോന്യം [illegible] അന്യോന്യം ത്രികോണസ്ഥിതി വരികയോ ചെയ്താൽ പ്രഷ്ടാവിന്ന ദീർഘായുസ്സ് ഫലമാകുന്നു. ദേഹസ്ഫുടത്തിനും മൃത്യുസ്ഫുടത്തിനും യോഗം ദൃഷ്ടി [illegible] ഈ സംബന്ധങ്ങൾ അന്യോന്യമുണ്ടായാൽ [illegible] ഫലമാകുന്നു. ഈ സംബന്ധങ്ങൾ പ്രാണസ്ഫുടത്തിനും മൃത്യുസ്ഫുടത്തിനും [illegible] പ്രഷ്ടാവിന്ന [illegible] പറയണം.

ക്ഷീണചന്ദ്ര[illegible] വർഗ്ഗാ വിലഗ്നസ്ഥിതാ
മൃത്യുവ്യാധി[illegible] പ്രഷ്ടുർദ്ദീർഘ വിഃ
ധീസാമർത്ഥ്യ[illegible] പൂർണ്ണ[illegible] ശുക്രസ്യ വാ വാക്പതേ-
[illegible] പ്രാപ്യ[illegible]. [illegible]

അ—ക്ഷീണചന്ദ്ര[illegible] വർഗ്ഗങ്ങൾ വിലഗ്നസ്ഥിതങ്ങളായി വരികയാണെങ്കിൽ പ്രഷ്ടാവിന്ന മൃത്യുവ്യാധി[illegible]ങ്ങളായി വരിക. [illegible] ഇവകൾ വിലഗ്നസ്ഥിതങ്ങളായാൽ ധീസാമർത്ഥ്യ[illegible] വരിക. [illegible] പൂർണ്ണചന്ദ്രന്റെയോ ശുക്രന്റെയോ വാക്പതിയുടെയോ ഇവകൾ വിലഗ്നസ്ഥിതങ്ങളായി വരികയാണെങ്കിൽ [illegible] പ്രാപ്യ[illegible] ചെയ്യും.

സാ—ഉദയലഗ്നസ്ഫുടത്തിന്റെ ദ്രേക്കാണം ഹോരാദ്വാദശാംശം മുതലായ സപ്തവർഗ്ഗങ്ങളിൽ ക്ഷീണചന്ദ്രൻ ശനി ചൊവ്വാ ആദിത്യൻ ഇവരുടെ വർഗ്ഗം വന്നാൽ പ്രഷ്ടാവിനു മരണം രോഗദുഃഖം ധനനാശം മുതലായ അശുഭഫലങ്ങളെ പറയണം. ഈ വർഗ്ഗങ്ങൾ വ്യയഭാവത്തിൽ വന്നാലും ദുഃസ്ഥിതികളെ പറയേണ്ടതാണ്. ലഗ്നസ്ഫുടത്തിലെ വർഗ്ഗങ്ങൾ പൂർണ്ണചന്ദ്രൻ ശുക്രൻ വ്യാഴം ബുധൻ ഇവരുടേതാണെങ്കിൽ ആരോഗ്യം പുത്രലാഭം ധനലാഭം മുതലായ അഭീഷ്ടസിദ്ധിയുണ്ടെന്നു പറയണം.

ലഗ്നാ തദീശാച്ച ശുഭാർഗ്ഗളയുക്തേ മൃത്യ്വാദിപീഡനക്ഷ്
മഹാന്തേ ധനസ്യാഥ സവിഷദ്രേക്കാണാധികേ. ൨൦
തദ്ദൃഷ്ടേ ശൈലകാന്ത്രകേ തത്ര ഗ്രഹാലസ്യം ച ദുർഗ്ഗതിഃ. ൨൧

അ—ലഗ്നമോ തദീശനോ ശുഭയുക്തമായിരിക്കുമ്പോൾ മൃത്യ്വാദി പീഡനക്കും രോഗത്തിന്റെ ശമനവും വാച്യമാകുന്നു. അനന്തരം സവിഷദ്രേക്കാണാധികമായിരിക്കുമ്പോൾ തദ്ദൃഷ്ടിയും അതു ശൈലകാന്ത്രമായിരിക്കുമ്പോൾ ഗ്രഹാലസ്യവും ദുർഗ്ഗതിയും വാച്യമാകുന്നു.

സാ—ലഗ്നസ്ഫുടത്തിലോ ലഗ്നാധിപസ്ഫുടത്തിലോ ശുഭസംബന്ധമുണ്ടായാൽ പ്രഷ്ടാവിനു പനി മുതലായ പിത്തദോഷകോപങ്ങളുമായ വ്യാധികളും ഗ്രഹത്തിന് അഗ്നിബാധയും ഉണ്ടാകുമെന്നു പറയണം. മേൽപ്പറഞ്ഞ സ്ഫുടങ്ങൾക്കു വിഷദ്രേക്കാണാദി വിഷനാഡികളോ ഉണ്ടായാൽ പ്രഷ്ടാവിനു വിഷബാധയുണ്ടാകുമെന്നു പറയണം. ആ സ്ഫുടങ്ങൾക്കു ശൈലകാന്ത്രത്തിന്റെ സംബന്ധമുണ്ടായാൽ പ്രഷ്ടാവിന്റെ വീട്ടിലുള്ളവർക്കു ആലസ്യവും ദുർഗ്ഗതിയും ഉണ്ടാകുമെന്നു പറയണം. ശുഭവിഷങ്ങളെ അറിയേണ്ടതും രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. വിഷദ്രേക്കാണം "ചാപാന്ത്യകൂടം ശാഗം പഞ്ചാ താന്ത്രികൾ വിഷദ്രേക്കാണാസംജ്ഞിതാഃ" എന്ന വചനംകൊണ്ട് ഗ്രഹിക്കേണ്ടതാണ്.

ഒരു രാശി മൂന്നു ദ്രേക്കാണങ്ങളായി വിഭജിച്ചിരിക്കയാണ്. അവയിൽ മേടത്തിന്റെ ഒന്നും ഇടവത്തിന്റെയും മിഥുനത്തിന്റെയും രണ്ടും കർക്കടകം ചിങ്ങം കന്നി ഇവ രാശികളുടെ ഒന്നും തുലാംരാശിയുടെ രണ്ടും വൃശ്ചികത്തിന്റെ മൂന്നും ധനുസ്സിന്റെയും മകരത്തിന്റെയും ഒന്നും കുംഭത്തിന്റെയും മീനത്തിന്റെയും രണ്ടും ദ്രേക്കാണങ്ങൾ വിഷസംജ്ഞകളാണ്.

ശുഭരാശിസംജ്ഞകോ ലഗ്നാംശസ്സ്യ രാശിശോ ചച്ശുഭോന്വിതഃ
ഗതകാലഃ ശുഭഃ പ്രഷ്ടുരശുഭോ യദി പാപയുക്. ൨൨

അ—ലഗ്നാംശം ശുഭരാശിസംജ്ഞമാകുന്നു. ആ രാശി ശുഭാന്വിതമാകുന്നു എങ്കിൽ പ്രഷ്ടാവിന്റെ ഗതകാലം ശുഭമായിരുന്നു എന്നും പാപയുക്തമാകുന്നു എങ്കിൽ അശുഭമായിരുന്നു എന്നും വാച്യമാകുന്നു.

സാ—ലഗ്നത്തിന്റെ നവാംശരാശിയിൽ ശുഭഗ്രഹമുണ്ടെങ്കിൽ കഴിഞ്ഞകാലം പ്രഷ്ടാവിന് ശുഭപ്രദമായിരുന്നു എന്നും ലഗ്നത്തിൽ പാപഗ്രഹയോഗമാണുള്ളതെങ്കിൽ കഴിഞ്ഞകാലം അശുഭകരമായിരുന്നു എന്നും പറയണം. ഇതുകൊണ്ട് ഉദയലഗ്നത്തിന്റെ അംശകരാശികൊണ്ട് ഭൂതഫലം ചിന്തിക്കണമെന്നു തെളിയുന്നു.

ലഗ്നാംശരാശിഗേ ചന്ദ്രേ ലോകഹാപാത്രകൾ നിർദ്ദേശഃ
ലക്ഷ്യ മാന്ദ്യാംശരാശിസ്ഥേ തഥാ മൃത്യുർജ്ഞേയോ. ൨൩

അ—ചന്ദ്രൻ ലഗ്നാംശരാശിഗനായിരിക്കുമ്പോൾ ലോകഹാപാത്രകൾ മുതലായവരുടെ ലക്ഷ്യമായി ഭവിക്കും. ചന്ദ്രൻ മാന്ദ്യാംശരാശിസ്ഥനായിരിക്കുമ്പോൾ മൃത്യുഭയം ഉണ്ടാവും അശുഭകരം ഭവിക്കും.

സാ:—ഉദയലഗ്നത്തിന്റെ നവാംശരാശിയിൽ ചന്ദ്രൻ നില്ക്കുമ്പോഴോ ലഗ്നഭാവത്തിൽ ഉള്ളതുകൊണ്ടുള്ള പാപന്മാർ ഏതെങ്കിലും ഉദയലഗ്നത്തിൽ പ്രഷ്ടാവിനു മരണം സംഭവിക്കുമെന്നു പറയണം. അതുപോലെ ഉദിക്കുന്ന നവാംശരാശിയിൽ ചന്ദ്രൻ നില്ക്കുമ്പോൾ ഉള്ളതുകൊണ്ടുള്ള പാപന്മാർ ഏതെങ്കിലും ഉദയലഗ്നത്തിലും പ്രഷ്ടാവിനു മരണം സംഭവിക്കുമെന്നു പറയേണ്ടതാണ്.

മൃത്യുപ്രാണശരീരരാശിസഹിതൈസ്സ്വസ്ഥൈർഗ്രഹൈർവാ ഗ്രഹൈഃ
സ്വന്നർത്താപ്രകടപരാജയാദിവിരതീ വാച്യൌ ശുഭാശുഭൈഃ
സംജ്ഞാധ്യായദശായനാപ്തികഥനാ സന്ദൃഷ്ടാ ഭാവകാ ഫലിത
താളാത്മ്യാദ്യനുപൂർവ്വകാസ്തുഗണമുഖാ പത്യാസ്യ വാ തേന ചേൽ.

അ:—മൃത്യുപ്രാണശരീരരാശിസഹിതന്മാരായും അവിടങ്ങളെ നോക്കുന്നവരായും ഉള്ള ഗ്രഹങ്ങളെക്കൊണ്ടു തങ്ങൾക്കു പ്രകടപരാജയാദിവിഹതികളും ഗുണങ്ങളും അനുഭവിക്കുന്നു എന്നു വാച്യങ്ങളാകുന്നു. അതുകൂടാതെ സംജ്ഞാദ്ധ്യായദശായനാപ്തികഥനങ്ങളിലും മറ്റോരോ ഉള്ള താളാത്മ്യങ്ങളായും നയപൂർവ്വകങ്ങളായും ഗുണദോഷങ്ങളായും ഉക്തങ്ങളായി ഭവിക്കുന്നവയെല്ലാം. അവർ ഇല്ലായെങ്കിൽ ഉദയത്തിന്റെ പതിയെക്കൊണ്ടും വാച്യമാകുന്നു.

സാ:—മുമ്പുതന്നെ ഒരു പദ്യത്തിൽ പറഞ്ഞപോലെ മൃത്യുസ്ഫുടം ദേഹസ്ഫുടം പ്രാണസ്ഫുടം ഇവകളെ വരുത്തി അവകളുടെ രാശിയിൽ നില്ക്കുന്ന ഗ്രഹത്തിന്റെയോ അല്ലെങ്കിൽ നോക്കിയിരിക്കുന്ന ഗ്രഹത്തിന്റെയോ പരാജയം പ്രശ്നകാലത്തിനു സമീപിച്ച ദിവസങ്ങളിൽ പ്രഷ്ടാവിനു ലഭിക്കുമെന്നും അതുപോലെ ആ പരാജയം നമ്മിൽ ഉണ്ടാകുമെന്നും പറയേണ്ടതാണ്. അധികം ഗ്രഹങ്ങളുടെ ദൃഷ്ടിയോ യുതിയോ ഉണ്ടെങ്കിൽ ആ എല്ലാ ഗ്രഹങ്ങളുടെയും പരാജയങ്ങൾ പറയേണ്ടതാകുന്നു. മൃത്യ്വാദി രാശികളിൽ യാതൊരു ഗ്രഹത്തിന്റെയും യോഗദൃഷ്ടികളില്ലെങ്കിൽ ആ രാശിനാഥന്മാരുടെ മൃത്യുത്തിന്റെ പരാജയത്തെയും നാശത്തെയും ഗുണദോഷങ്ങളെയും പറയേണ്ടതാകുന്നു. ഗ്രഹങ്ങളുടെ പരാജയാദ്യം വരാഹഹോരയിൽ സംജ്ഞാദ്ധ്യായത്തിൽ "താളസിതാന്തിമതം" എന്നും ദശാഫലാദ്ധ്യായത്തിൽ "സമ്പന്നതയത്നകനാക" എന്നും കർമ്മജീവാദ്ധ്യായത്തിൽ "ഗുണകനാകാള്ളതിലെക്കാതാലെ" എന്നും ദശാഫലാദ്ധ്യായംകൊണ്ടും മറ്റും "ക്രൂരസ്ഥാന്ധ്യേ വികലനയനോ" എന്നും മറ്റുമുള്ള പദ്യങ്ങളെക്കൊണ്ടു പ്രസിദ്ധമാകുന്നു. ഗ്രഹങ്ങളുടെ കാരകത്വം വിസ്തരഭയമുള്ളതും നിമിത്തം ഇവിടെ കാണിക്കുന്നതു വിചാരിക്കുന്നില്ല.

"ലഗ്നാദ്യമന്താന്ത്യാ" ദിത്യുക്തോന്താദ്ഭവോ ഫലം
പ്രാണമൃത്യുശരീരാണാമധുനാ സമുദീര്യതേ. ൭൩

അ:—അനന്തരം "ലഗ്നാദ്യമന്താന്ത്യാ" എന്നിങ്ങനെ ഉക്തങ്ങളായ പ്രാണമൃത്യുശരീരങ്ങളുടെ ഫലം ഇപ്പോൾ സമുദീരണം ചെയ്യപ്പെടുന്നു.

സാ:—അഞ്ചാം അദ്ധ്യായത്തിൽ "ലഗ്നാദ്യമന്താന്ത്യം ഹതാഃ ... ക്ഷിപേദ്ഭേ..." ഇത്യാദി പദ്യങ്ങളെക്കൊണ്ടു വരുത്തിയിട്ടുള്ള പ്രാണസ്ഫുടം ദേഹസ്ഫുടം മൃത്യുസ്ഫുടം ഇവകളെക്കൊണ്ടു ഫലം ചിന്തിക്കാനുള്ള ക്രമം ഇവിടെ പറയപ്പെടുന്നു.

പ്രാണമൃത്യുശരീരേഷു ദേഹാധിക്യേ തദാ ശമഃ
പ്രാണേഽധികേ മഹാൻ രോഗോ മൃത്യൗ ചാധികേ മൃതിഃ. ൭൪

അ:—പ്രാണമൃത്യുശരീരങ്ങളിൽവെച്ചു ദേഹാധിക്യത്തിൽ രോഗികളുടെ ശമവും പ്രാണൻ അധികനായിരിക്കുമ്പോൾ മഹാനായ രോഗവും മൃത്യു അധികനാണെങ്കിൽ മൃതിയും വാച്യമാകുന്നു.

സാ:—പ്രാണസ്ഫുടം ദേഹസ്ഫുടം മൃത്യുസ്ഫുടം ഇവകളിൽ ദേഹസ്ഫുടത്തിനു വലിപ്പമുണ്ടെങ്കിൽ രോഗശമനമുണ്ടാകുമെന്നും പ്രാണസ്ഫുടത്തിനു വലിപ്പമുണ്ടെങ്കിൽ രോഗം വർദ്ധിക്കുമെന്നും മൃത്യുസ്ഫുടത്തിനു വലിപ്പമുണ്ടെങ്കിൽ മരണം സംഭവിക്കുമെന്നും പറയണം. ഇവിടെ വലിപ്പം ചിന്തിക്കുന്നതു രാശി, അംശം, കല ഇവകളെക്കൊണ്ടാണ്.

മൃത്യൌ ലഗ്നസ്ഥാധിപാംശസ്ഥേ ജന്മർക്ഷസ്ഥേ ച പഞ്ചതാ
മൃത്യുഃ പ്രാണശ്ച ദേഹശ്ച ക്രമവൃദ്ധാഃ ശുഭപ്രദാഃ—ഇതി. ൭൭

അ—മൃത്യു ലഗ്നസ്ഥാധിപാംശസ്ഥമായിരിക്കുമ്പോഴും ജന്മസ്ഥമായിരിക്കുമ്പോഴും പഞ്ചത വാച്യയാകുന്നു. മൃത്യുവും പ്രാണനും ദേഹവും ക്രമവൃദ്ധന്മാരായി ഭവിക്കുന്നു വെങ്കിൽ ശുഭപ്രദങ്ങളാകുന്നു.

സാ—മൃത്യുസ്ഫുടം ആയില്യം തൃക്കേട്ട രേവതി ഈ നക്ഷത്രങ്ങളിലോ ജന്മാനുജന്മനക്ഷത്രങ്ങളിലോ വരുന്നെങ്കിൽ പ്രഷ്ടാവു മരിച്ചുപോകുമെന്നു പറയണം. മൃത്യുസ്ഫുടത്തിനെക്കാൾ വലിപ്പം പ്രാണസ്ഫുടത്തിനും അതിനെക്കാൾ വലിപ്പം ദേഹസ്ഫുടത്തിനും വരുന്നതു ശുഭപ്രദമാണ്. ഇങ്ങിനെ പ്രാണദേഹമൃത്യുക്കളെക്കൊണ്ടുള്ള ഫലചിന്ത സമാപ്തമായി.

ലഗ്നാദ്ഗുളികാംശൈരാധിക്യാദിവിചിന്തനം
ക്വചിത്തത്ര ക്രിയതേ കൈശ്ചിത്തദപ്യത്ര വിലിഖ്യതേ. ൭൮

അ—ലഗ്നഗുളികാംശങ്ങളെക്കൊണ്ടും ഈ ആധിക്യാദിവിചിന്തനം ചിലരാൽ ചെയ്യപ്പെടുന്നു. അനന്തരം അതും വിലിഖനം ചെയ്യപ്പെടുന്നു.

സാ—ലഗ്നം ഇന്ദു ഗുളികൻ ഇവരുടെ അംശകസ്ഫുടങ്ങളെക്കൊണ്ടും ആധിക്യം ചിലർ വിചാരിച്ചുവരുന്നുണ്ട്. അതിന്റെ ക്രമം താഴെ പറയപ്പെടുന്നു. ഈ അംശകസ്ഫുടങ്ങളുടെ ക്രമം ൫൬-ാം പദ്യംകൊണ്ടു പറഞ്ഞതാണ്.

ലഗ്നാംശകേഽധികേ വൃദ്ധിസ്തേഷാം ചന്ദ്രാംശകേ രുജഃ
മാന്ദ്യംശകേഽധികേ മൃത്യുർഗതാഭിർഘടികാദിഭിഃ—ഇതി. ൭൯

അ—ലഗ്നാംശകം അധികമായിരിക്കുമ്പോൾ അവർകളുടെ വൃദ്ധിയും ചന്ദ്രാംശകം അധികമായിരിക്കുമ്പോൾ അവർകളുടെ രോഗവും മാന്ദ്യംശം അധികമായിരിക്കുമ്പോൾ മൃതിയും വാച്യമാകുന്നു. ഇതു ഗതങ്ങളായിരിക്കുന്ന ഘടികാദികളെക്കൊണ്ടു ചിന്ത്യമാകുന്നു.

സാ—ലഗ്നത്തിന്റെ അംശകസ്ഫുടം പ്രാണനാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അതിന്നു ആധിക്യമുണ്ടെങ്കിൽ ആരോഗ്യവൃദ്ധിയെ പറയണം. ചന്ദ്രാംശകസ്ഫുടം ദേഹമാണല്ലോ. അതിന്നു ആധിക്യമുണ്ടെങ്കിൽ രോഗശാന്തിയെ പറയണം. ഗുളികാംശസ്ഫുടം മൃത്യുവാണല്ലോ. അതിന്നു ആധിക്യമുണ്ടെങ്കിൽ മൃത്യുവിനെയും പറയണം. ഇതിന്നു അംശകത്തിൽ ചെന്ന നാഴികകൊണ്ടും വിനാഴികകൊണ്ടുമാണ് ആധിക്യം വിചാരിക്കേണ്ടതു്.

മൃത്യുകാലാസതാം പ്രാണേ മധ്യഗേ തദ്യുതേഽഥ വാ
പ്രഷ്ടുർമ്മരണമാദേശ്യം ശുഭദോഽന്യേഷ്ടസംഗമഃ. ൮൦

അ—പ്രാണൻ മൃത്യുകാലാസത്തുക്കളുടെ മധ്യഗനായും തദ്യുതനായും ഇരിക്കുമ്പോൾ പ്രഷ്ടാവിന്നു മരണം ആദേശ്യമാകുന്നു. ഇഷ്ടസംഗമം ഇതിന്നു ശുഭദമാകുന്നു.

സാ—പ്രാണസ്ഫുടം മൃത്യുസ്ഫുടത്തിന്റെയും കാലസ്ഫുടത്തിന്റെയും പാപഗ്രഹങ്ങളുടെയും മധ്യത്തിൽ വരിക അല്ലെങ്കിൽ ഇവരുടെ ദൃഷ്ടിയോ യോഗമോ വരിക എന്നാൽ പൃച്ഛകന്നു മരണമുണ്ടാകുമെന്നു പറയണം. പ്രാണസ്ഫുടത്തോടു ചന്ദ്രന്റെ യോഗദൃഷ്ടികൾ വരുന്നതു ശുഭമാകുന്നു. ഇതുകൊണ്ടു പ്രാണസ്ഫുടത്തിന്നു ശുഭമധ്യസ്ഥിതിയും ശുഭയോഗദൃഷ്ടികളും നല്ലതാണെന്നു തെളിയുന്നു. ഈ പ്രാണമൃത്യുകാലസ്ഫുടങ്ങളെ "[illegible]" എന്നുള്ള വചനംകൊണ്ടു സിദ്ധിച്ചിട്ടുള്ളതാണ്.

അഷ്ടമേശഷഷ്ഠീശലഗ്നലഗ്നാംശകാധിപൈഃ
ഇന്ദ്വംശേശേന്ദുഭിര്യുക്തൌ മൃത്യുകാലൌ മൃതിപ്രദൌ. ൮൧

അ—മൃത്യുകാലന്മാർ അഷ്ടമേശനോടും ഷഷ്ഠീശനോടും ലഗ്നലഗ്നാംശകാധിപന്മാരോടും ഇന്ദ്വംശേശനോടും ഇന്ദുവിനോടും യുക്തന്മാരായി ഭവിക്കുന്നു എങ്കിൽ മൃതിപ്രദന്മാരാകുന്നു.

സാ—ആരൂഢം, ആരൂഢാധിപൻ, ലഗ്നം, ലഗ്നാധിപൻ, ലഗ്നാംശം, ലഗ്നാംശാധിപൻ, ചന്ദ്രനവാംശകം, ചന്ദ്രൻ ഇവകളോട് മൃത്യുസ്ഫുടമോ കാലസ്ഫുടമോ ചേരുന്നുവെങ്കിൽ പ്രഷ്ടാവ് മരിച്ചുപോകുമെന്നു പറയണം.

ലഗ്നേ രാഹുയുതേ ചോരരിപുപീഡാ രവൌ ത്വഹിഃ
ചന്ദ്രേ ദേഹവ്യഥാ ദ്വാദശരാഹുചക്രഫലം ത്വിദം. ൩൨

അ—ലഗ്നം രാഹുയുതമായിരിക്കുമ്പോൾ ചോരരിപുപീഡയും രവിരാഹുയുതനായിരിക്കുമ്പോൾ സർപ്പവും ചന്ദ്രൻ രാഹുയുതനായിരിക്കുമ്പോൾ ദേഹവ്യഥയും വാച്യമാകുന്നു. ഇത് ദ്വാദശരാഹുചക്രഫലമാകുന്നു.

സാ—"സമേഷ്വന്നാദിഷു ചലിതമയനം ശ്രുതി" ഇത്യാദി വചനമനുസരിച്ച് അർക്കചന്ദ്രരാഹുക്കളെ വരുത്തേണ്ട ക്രമം അഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഉദയലഗ്നത്തിൽ ഈ രാഹുവിൻെറ യോഗം വന്നാൽ കള്ളന്മാരെക്കൊണ്ടും ശത്രുക്കളെക്കൊണ്ടും ഉപദ്രവം പറയേണ്ടതാണ്. ആദിത്യന് രാഹുയോഗം വന്നാൽ സർപ്പം പറയണം. ചന്ദ്രന് രാഹുയോഗം വന്നാൽ ശരീരദുഃഖം പറയേണ്ടതാണ്. ഇത് ദ്വാദശരാഹുചക്രഫലമാകുന്നു.

കാലഹോരാഫലം വാച്യം പ്രഷ്ടുർവിസ്മാപനം പരം
വിശ്വാസാർത്ഥം സ്വമാഹാത്മ്യസ്ഥാപനാർത്ഥം വിധിജ്ഞതഃ. ൩൩

അ—പ്രഷ്ടാവിന് ഏററവും വിസ്മാപനമായ കാലഹോരാഫലം സ്വമാഹാത്മ്യത്തിൻെറ വിശ്വാസത്തിനായി വാച്യമാകുന്നു. അതിനെ ഇനി വിവരിക്കപ്പെടുന്നു.

സാ—ദൈവജ്ഞൻ പറയുന്ന ഫലങ്ങളിൽ വിശ്വാസവും അതിശയവും ഉണ്ടാകുന്നതിനുവേണ്ടി പ്രശ്നസമയത്തെ കാലഹോര അറിഞ്ഞു ചില ഫലങ്ങളും പറയേണ്ടതാണ്. അതിൻെറ രീതി ഇവിടെ പറയപ്പെടുന്നു.

സൂര്യസ്യ കാലഹോരായാം പ്രശ്നശ്ചേദ് ഭൂമിപാഗമഃ
നാഥാഗമശ്ശശാങ്കസ്യ ഭൂമിപുത്രസ്യ ശസ്ത്രിണഃ. ൩൪

സൌമ്യസ്യ പാരശവാഗമനമഥവാ വിപ്രാഗമഃ
ഗുരോർവിപ്രവരായാനം ഭൃഗോർവൈശ്യാംഗനാഗമഃ. ൩൫

മന്ദസ്യ വണിഗായാനം ഭൃത്യചൌരാഗമോഥവാ
കേന്ദ്രഗാശ്ചേദമീ ഖേടാ നിയമേന വദേദിദം. ൩൬

അ—പ്രശ്നം സൂര്യൻെറ കാലഹോരയിലാകുന്നു എങ്കിൽ ഭൂമിപാഗമവും ചന്ദ്രൻെറ കാലഹോരയിൽ നാഥാഗമവും ഭൂമിപുത്രൻെറ കാലഹോരയിലാകുന്നു എങ്കിൽ ശസ്ത്രിയുടെ ആഗമവും സൌമ്യനായ കാലഹോരയിൽ പാരശവായാനവും അല്ലെങ്കിൽ വിപ്രാഗമവും ഗുരുവിൻെറ കാലഹോരയിൽ വിപ്രവരായാനവും ഭൃഗുവിൻെറ കാലഹോരയിൽ വൈശ്യാംഗനാഗമവും മന്ദൻെറ കാലഹോരയിൽ വണിഗായാനവും അല്ലെങ്കിൽ ഭൃത്യചൌരാഗമവും വാച്യമാകുന്നു. ഈ ഖേടന്മാർ കേന്ദ്രഗന്മാരാണെങ്കിൽ ഇതിനെ നിശ്ചയമായും പറയണം.

സാ—പ്രശ്നം ആരംഭിക്കുന്നത് സൂര്യൻെറ കാലഹോരയിലായാൽ രാജാവിൻെറ ആഗമം അവിടെ ഉണ്ടായിരിക്കുമെന്നു പറയണം. അതുപോലെ ചന്ദ്രൻെറ കാലഹോരയിലായാൽ പ്രഷ്ടാവിൻെറ സ്ത്രീകളും, ചൊവ്വയുടെ കാലഹോരയിൽ പ്രശ്നം വെച്ചാൽ ആയുധധാരിയും വരുമെന്നു പറയണം. പ്രശ്നം ബുധൻെറ കാലഹോരയിലായാൽ വാരിയർ മുതലായ അമ്പലവാസികളുടെയോ അഥവാ വിപ്രന്മാരുടെയോ ആഗമത്തെ പറയാം. വ്യാഴത്തിൻെറ കാലഹോരയിലായാൽ ഉൽകൃഷ്ടന്മാരായ ബ്രാഹ്മണരുടെയും ശുക്രൻെറ കാലഹോരയിലായാൽ വൈശ്യസ്ത്രീയുടെയും ശനിയുടെ കാലഹോരയിലായാൽ കച്ചവടക്കാർ ഭൃത്യന്മാർ ചോരന്മാർ ഇവരുടെ ആഗമനത്തെയും പറയണം. ചൌരപ

ലാർ ഹിന്ദുമതമൊഴിച്ചു മറ്റേതു മതക്കാരാണ്. പൃഷ്ടകാലഹോരാനാഥൻ പൃഷ്ടലഗ്നത്തിൽനിന്നു കേന്ദ്രസ്ഥിതനാണെങ്കിൽ ഈ ലക്ഷണം സംശയംകൂടാതെ പറയാം. കാലഹോര ഇതിനുമുമ്പു വിവരിച്ചിട്ടുണ്ട്.

പാ—ഏതദുദയലഗ്നാദിവിഷയം.

അ—ഇത് ഉദയലഗ്നാദിവിഷയമാകുന്നു.

സാ—"രാശീന്ദുദയലഗ്നാംശാഃ" എന്നു മുതൽ മേല്പറഞ്ഞ പദ്യംവരെ പറയപ്പെട്ടു ലഗ്നം മുതലായ സാധനങ്ങളെക്കൊണ്ടു നിരൂപിക്കേണ്ടവയാണ്.

യദ്രാശിസംജ്ഞശ്ചന്ദ്രാംശഃ സ രാശിശ്ചേൽ ശുഭാന്വിതഃ
ഭാവികാലഃ ശുഭോ വാച്യഃ പാപയുക്തേ ചാശോഭനഃ. ൩൪

അ—ചന്ദ്രാംശം യദ്രാശിസംജ്ഞമായി ഭവിക്കുന്നു. ആ രാശി ശുഭാന്വിതമായി ഭവിക്കുമെങ്കിൽ ഭാവികാലം ശുഭമെന്നും പാപയുക്തമാകുന്നു എങ്കിൽ അശോഭനമെന്നും വാച്യമാകുന്നു

സാ—ചന്ദ്രന്റെ നവാംശരാശിക്കു ശുഭഗ്രഹയോഗമുണ്ടെങ്കിൽ പൃഷ്ടാവിനു ഇനിമേൽ ശുഭങ്ങളാണു വരാനിരിക്കുന്നതെന്നും പാപഗ്രഹയോഗമുണ്ടായാൽ മേൽവരാനുള്ള അശുഭങ്ങളാണെന്നും പറയണം. ഇതുകൊണ്ടു ചന്ദ്രന്റെ നവാംശരാശിയെ ആശ്രയിച്ചു വിശേഷാൽ ഭാവിഫലം ചിന്തിക്കാമെന്നു സൂചിപ്പിച്ചിരിക്കുന്നു.

ജീവഃ സുതപ്രദോ വിപ്രവൈരകൃന്നീചരാശിഗഃ
ശുക്രോ വസ്ത്രാംഗനാദായീ വിവാദമൃത്യുകൃദ്ബുധഃ. ൩൫
പൂർണ്ണചന്ദ്രോ മനോഹാരിദ്രവ്യലാഭം പ്രയച്ഛതി
ദേവഭൂമിപയോഃ കോപം കുര്യാൽ ക്രൂരഭൂമിജഃ. ൩൬
വൃഥൈവ വിഗ്രഹം ഭൂമിവിവാദം ച സമാവഹേൽ
സൂര്യപുത്രഃ കൃഷിപ്രേഷ്യപശ്വാദീനാം വിനാശകൃൽ. ൩൭
ചണ്ഡാലാപഹൃതീരോഗശിരോവിഷസർപ്പഭയം ഫണീ
പ്രേതബാധാം ശിഖീ കുര്യാന്മാതുലസ്ത്ര്യാദ്യുപദ്രവം. ൩൮
ബുധഃ പാപയുതശ്ചേത്സ വിവാദപരിഭൂതികൃൽ
ക്ഷീണചന്ദ്രോ മനഃപീഡാം കരോതി പരിപൂർണ്ണതാം. ൩൯
കാലഃ പ്രോക്താംശമാസോത്ര ലഗ്നാംശേപി വിധിസ്ത്വയം

അ—ജീവൻ സുതപ്രദനായും നീചരാശിഗതനാകുന്നുവെങ്കിൽ വിപ്രവൈരകൃത്തായും ഭവിക്കും. ശുക്രൻ വസ്ത്രാംഗനാദായിയാകുന്നു. ബുധൻ വിവാദമൃത്യുകൃത്താകുന്നു. പൂർണ്ണചന്ദ്രൻ മനോഹാരിദ്രവ്യലാഭത്തെ പ്രദാനംചെയ്യുന്നു. കുജൻ ദേവബ്രാഹ്മണന്മാരുടെ കോപത്തെ ഉണ്ടാക്കും. കുജൻ വെറുതെതന്നെ കലഹത്തെയും ഭൂമിവിവാദത്തെയും സമ്പാദിക്കും. സൂര്യപുത്രൻ കൃഷിപ്രേഷ്യപശ്വാദികളുടെ വിനാശകൃത്തായും ഭവിക്കും. ഫണി ചണ്ഡാലാപഹൃതിയെയും ശിരോരോഗവിഷസർപ്പഭയത്തെയും ശിഖി പ്രേതബാധയെയും മാതുലസ്ത്ര്യാദ്യുപദ്രവത്തെയും ചെയ്യും. ബുധൻ പാപയുതനാണെങ്കിൽ അവൻ വിവാദപരിഭൂതികൃത്തായി ഭവിക്കും. ക്ഷീണചന്ദ്രൻ പരിപൂർണ്ണകർമ്മ മനഃപീഡയെ ചെയ്യുന്നു. ഇവിടെ കാലം പ്രോക്താംശമാസമാകുന്നു. ഈ വിധിയാകട്ടെ ലഗ്നാംശത്തിലും ചിന്ത്യമായി ഭവിക്കുന്നു.

സാ—ചന്ദ്രന്റെ അംശകരാശിക്കു ശുഭയോഗമുണ്ടെങ്കിൽ ഭാവികാലം ശുഭമാണെന്നും പാപയോഗമുണ്ടെങ്കിൽ അശുഭമാണെന്നും കഴിഞ്ഞ പദ്യംകൊണ്ടു പറഞ്ഞുവല്ലോ. ആ ശുഭാശുഭങ്ങളും ഇന്നിന്നവയാണെന്നു ഇവിടെ പറയുന്നു.

ആ ചന്ദ്രാംശകരാശിക്കു വ്യാഴത്തിന്റെ യോഗമുണ്ടെങ്കിൽ ഭാവിയിൽ സന്താനപ്രാപ്തിയുണ്ടാകുമെന്നു പറയണം. ആ വ്യാഴം നീചാംശഗതനാണെങ്കിൽ ബ്രാഹ്മണരുമായി

വിജയത്തിനിടയാകുമെന്നാണ് പറയേണ്ടതു്. നീചസ്ഥിതനായാലും അങ്ങിനെ പറയാം. ചന്ദ്രാംശരാശിയിൽ ശുക്രൻ നിന്നാൽ വസ്ത്രലാഭം സ്ത്രീസൗഖ്യം ഇവ അനുഭവിക്കുമെന്നും ബുധൻ നിന്നാൽ വാദത്തിൽ വിജയമുണ്ടാകുമെന്നും പറയണം. ബുധൻ പാപയോഗദൃഷ്ടനായിരുന്നാൽ വിവാദത്തിൽ തോൽവി ഉണ്ടാകുമെന്നാണ് പറയേണ്ടതു്. പൂർണ്ണചന്ദ്രൻ നിന്നാൽ മനോവാഞ്ഛിതമായ പദാർത്ഥങ്ങളുടെ ലാഭത്തേയും ക്ഷീണചന്ദ്രനാണെങ്കിൽ മനോദുഃഖത്തേയും ചൊല്ലും. ആദിത്യൻ ശിവാദികോപത്തേയും രാജകോപത്തേയും, ചൊവ്വ കാരണംകൂടാതെ കലഹത്തേയും ഭൂമിസംബന്ധമായ വഴക്കുകളേയും, ശനി ഭൃത്യന്മാർക്കും നാല്ക്കാലികൾക്കും ഭൃത്യന്മാർക്കും ആപത്തു ഉണ്ടാകയേയും, രാഹു വിഷഭയം സർപ്പഭയം തിരോധാനം ആഭിചാരികങ്ങൾ ആപത്തു ഉണ്ടാകയേയും, കേതു ചെറുപ്രാണിവേദനയേയും, ഗുളികൻ പൊടിവിതറുക മുതലായ പ്രവൃത്തിയിൽനിന്ന് ഉപദ്രവത്തേയും ചെയ്യും. ഈ പറഞ്ഞഫലങ്ങൾ പ്രശ്നകാലത്തിനുശേഷം അനുഭവിപ്പാനുള്ളതാണല്ലോ. അതിന്റെ കാലം ചന്ദ്രന്റെ അംശകതുല്യമാകുന്നു. അതായതു ചന്ദ്രൻ ഒന്നാമത്തെ അംശകത്തിൽ നില്ക്കയാണെങ്കിൽ ഒരു മാസത്തിനുള്ളിലാണെന്നും ഇങ്ങിനെ ക്രമേണ പറഞ്ഞുകൊള്ളുക. ലഗ്നത്തിന്റെ നവാംശകത്തിൽ ശുഭന്മാരുടെ യോഗമുണ്ടെങ്കിൽ കഴിഞ്ഞകാലം ശുഭമാണെന്നും പാപയോഗമുണ്ടെങ്കിൽ ദോഷമാണെന്നും പറഞ്ഞിട്ടുണ്ടല്ലോ. ആ ഗുണദോഷങ്ങളും ഇന്നിന്നവയാണെന്ന് ഇവിടെ പറയപ്പെട്ട ജീവാദികളുടെ സ്ഥിതികൊണ്ടുതന്നെ പറഞ്ഞുകൊള്ളേണ്ടതാണ്.

> പ്രശ്നകാലസ്യധാരാക്രിയാണാം സദൃശം ഫലം
> പ്രഷ്ടുർവക്തവ്യമിത്യുക്തം ജീവേനൈവ തദിലിഖ്യതേ. ൩൩

അ—പ്രഷ്ടാവിന് പ്രശ്നകാലസ്യധാരാക്രിയകളുടെ സദൃശമായ ഫലം വക്തവ്യമാകുന്നു. ഇപ്രകാരം ജീവനാൽ ഉക്തമാകുന്നു. അതു വിവരിക്കപ്പെടുന്നു.

സാ—പ്രശ്നകാലത്തെ ചന്ദ്രക്രിയ അറിഞ്ഞു അതിനനുരൂപമായ ഫലത്തെ പ്രഷ്ടാവിനെ പറയേണ്ടതാണെന്നു ജീവൻ പറഞ്ഞിട്ടുണ്ട്. അതിനാൽ ചന്ദ്രക്രിയയുടെ ചക്രം താഴെ കാണിക്കുന്നു.

> ക്രമാച്ചന്ദ്രക്രിയാഃ ഷഷ്ടിം ഷഷ്ടിം മേഷാദിരാശിഷു
> പ്രകല്പ്യ തത്സമം ബ്രൂയാൽ സർവകാര്യേഷു തൽഫലം. ൩൪

അ—മേഷാദിരാശികളിൽ ക്രമേണ അറുപതു ചന്ദ്രക്രിയകളെ പ്രകല്പിച്ചിട്ട് സർവ്വകാര്യങ്ങളിലും തത്സമമായ ഫലത്തെ ആദേശിക്കണം.

സാ—ഓരോ രാശികൾക്കു അറുപതു ചന്ദ്രക്രിയകളുണ്ട്. ഓരോ ചന്ദ്രക്രിയകൾക്കു രണ്ടര തിയതികൾവീതം. അപ്രകാരം പന്ത്രണ്ടു രാശികൾക്കുംകൂടി ൭൨൦ ചന്ദ്രക്രിയകളാകുന്നു. ഇപ്രകാരം ചന്ദ്രന്റെ തൽകാലക്രിയ അറിഞ്ഞു ആ ക്രിയയ്ക്കു അനുരൂപമായ ഫലത്തെ പറയേണ്ടതാണ്.

> പ്രശ്നകാലേ ഗുണാഢ്യാശ്ചേൽ ശുഭാ യദി ശുഭപ്രദാഃ
> തഥാ ചാശുഭകൃത്സ്ഥ ചന്ദ്രേ പ്രശ്നോഽശുഭപ്രദഃ ൩൫

അ—പ്രശ്നകാലത്തിൽ ഇവയുടെ ഗുണം ശുഭമാകുന്നുവെങ്കിൽ ശുഭപ്രദമാകുന്നു. അപ്രകാരം ചന്ദ്രൻ അശുഭകൃത്സ്ഥനായിരിക്കയാൽ പ്രശ്നം അശുഭപ്രദമായി ഭവിക്കും.

സാ—മേല്പറഞ്ഞപ്രകാരം ചന്ദ്രക്രിയ വരുത്തിയാൽ അതു ശുഭമാണെങ്കിൽ പൃച്ഛകനു ശുഭവും ആ ക്രിയ അശുഭമാണെങ്കിൽ പൃച്ഛകനു അശുഭവും പറയേണ്ടതാണ്. ചന്ദ്രക്രിയയും മറ്റും ഇതിന്റെ പരിശിഷ്ടഭാഗത്തിൽ വിവരിക്കണമെന്നു വിചാരിക്കുന്നതുകൊണ്ട് ഇവിടെ കാണിച്ചു് ഈ ഭാഗം അധികം ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

വാ—ഏതു ചന്ദ്രവിഷയം.

അ—ഇതു ചന്ദ്രവിഷയമാകുന്നു.

സാ—"ഷഷ്ഠാദിസംജ്ഞശ്ചന്ദ്രമാ" എന്നതുവരെ ഇവിടംവരെ പറഞ്ഞിട്ടുള്ളൂ. സാമാന്യേന ചന്ദ്രനെ ആശ്രയിച്ചു ചിന്തിക്കേണ്ട ഫലങ്ങളാണ്. "ഷഷ്ഠാനിഷ്ഠതാഷ്ഠ വിലഗതീ" ഇത്യാദി വചനപ്രകാരം ഈ അദ്ധ്യായംവരെ. ആയുരാരോഗ്യാദികളായുള്ള ഭാവ ഫലം വിചാരിക്കേണ്ട ക്രമം പറഞ്ഞുകഴിഞ്ഞു.

ഇതി പ്രശ്നമാർഗ്ഗേ അഷ്ടമോദ്ധ്യായഃ.
ഇങ്ങിനെ പ്രശ്നമാർഗ്ഗത്തിന്റെ എട്ടാം അദ്ധ്യായം അവസാനിച്ചു.

അഥ നവമാദ്ധ്യായപ്രാരംഭഃ.

ആയുർവിവാഹസന്താനപ്രഭൃതി പ്രശ്നകർമ്മസു
സാധാരണഫലാഃ പ്രായഃ സമയാദ്യാ ഇതീരിതാഃ. ൧

അ—ഇങ്ങനെ ഈരിതങ്ങളായ സമയാദ്യങ്ങളും ആയുർവിവാഹസന്താനപ്രഭൃതി പ്രശ്നങ്ങളിൽ പ്രായേണ സാധാരണഫലങ്ങളായി ഭവിക്കുന്നു.

സാ—ഈ ഗ്രന്ഥത്തിൽ ഇതുവരെ പറഞ്ഞിട്ടുള്ള സമയം ദേശം വാക്കു മുതലായി ചന്ദ്രൻവരെ പറഞ്ഞിട്ടുള്ളതെല്ലാം ആയുസ്സ് വിവാഹം സന്താനം മുതലായവയെ പ്രധാനമാക്കി വിചാരിക്കുന്ന എല്ലാ പ്രശ്നങ്ങളിലും സാധാരണ ചിന്തിക്കേണ്ടതാണ്. "പ്രായഃ" എന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ട് ചില ലക്ഷണങ്ങൾ ചില പ്രശ്നങ്ങളിൽ ഉചിതങ്ങളല്ലെന്നും വരാം. എങ്കിലും ലക്ഷണങ്ങളെ മിക്കവാറും യുക്തിപോലെ ക്രമപ്പെടുത്തി എവിടെയും ഉപയോഗിക്കാവുന്നതാണ്.

വാ—അത്ര അനുഷ്ഠാനപദ്ധതിഃ.

അ—ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു.

സാ—എല്ലാ പ്രശ്നങ്ങളിലും സാമാന്യേന വിചാരിക്കേണ്ടുന്ന സമയാദികളെ പറഞ്ഞുകഴിഞ്ഞു. ഇനി ആയുസ്സിനെയാണ് വിചാരിക്കേണ്ടത്. അതിനെ അനുകൂലമായി അനുഷ്ഠാനപദ്ധതിയിലുള്ള വചനത്തെ ഇവിടെ എടുത്തുകാണിക്കുന്നു.

തല്ക്കാലജൈർന്നിമിത്തൈശ്ച പ്രശ്നോദ്ഭവോദയമുഖൈർഗ്ഗുളികാദ്യൈഃ
ആയുഃ പ്രഥമം ചിന്ത്യം സ്വാവസ്ഥാത്രയവിഭാഗമവശ്യം. ൨

അ—തല്ക്കാലജങ്ങളായ നിമിത്തങ്ങളെക്കൊണ്ടും പ്രശ്നോദ്ഭവോദയഗുളികാദികളെക്കൊണ്ടും സ്വാവസ്ഥാത്രയവിഭാഗം അവലംബിച്ചിട്ട് ആദ്യമായിട്ട് ആയുസ്സ് ചിന്ത്യമാകുന്നു.

സാ—ജാതകവിഷയമായ പ്രശ്നത്തിൽ ഒന്നാമതായി ചിന്തിക്കേണ്ടത് ആയുസ്സിനെയാണ്. എന്തിന് ആയുസ്സിനെ ചിന്തിക്കുന്നതിനെ മുൻപുതന്നെ [illegible] അഭിപ്രായമാണ്. ഇതിന്റെ അഭിപ്രായം ഉള്ള നിമിത്തങ്ങളും [illegible] മേൽപ്പറഞ്ഞവയിലും [illegible] ആയുസ്സിനെത്തന്നെയാണ് ആദ്യമായി വിചാരിക്കേണ്ടതു.

വാ—ഗ്രന്ഥാന്തരേ ച.

അ—ഗ്രന്ഥാന്തരത്തിലും ഭവിക്കുന്നു.

സാ—ഇങ്ങിനെയാണ് വേണ്ടത് എന്നുള്ളതിന് മറ്റു ചില വചനങ്ങളുമുണ്ട്.

ആയുഃ പൂർവ്വം പരീക്ഷേത പശ്ചാൽ ലക്ഷണമാദിശേൽ
അനായുഷാന്തു മർത്ത്യാനാം ലക്ഷണൈഃ കിം പ്രയോജനം. ൩

അ—മുൻപേ ആയുസ്സിനെ പരീക്ഷിക്കണം. പിന്നീട്ട ലക്ഷണാന്തരങ്ങളെ ആദേശിക്കണം. അനായുസ്സുകളായ മർത്ത്യന്മാരുടെ ലക്ഷണങ്ങളെക്കൊണ്ടാകുന്ന ഫലം വ്യർത്ഥമായി ഭവിക്കുന്നു.

സാ—ജാതകംകൊണ്ടോ പ്രശ്നംകൊണ്ടോ രാജ്യാദിലക്ഷണങ്ങളും പറയുന്നതിനു മുൻപേതന്നെ ആയുസ്സിന്റെ സ്ഥിതി ചിന്തിച്ചുറിയേണ്ടതാണ്. അല്പായുസ്സായാൽ രാജയോഗാദികളെക്കൊണ്ടുള്ള ലക്ഷണങ്ങളും പറഞ്ഞാൽ അസ്ഥാനത്തിലാകുന്നതിനാൽ അർത്ഥമുള്ളതല്ല.

ഇത്യാദിഭിസ്സു വചനൈഃ പൂർവ്വമായുർന്നിരൂപണം
കർത്തവ്യമിതി ലഗ്നാപ്തമാശപ്രകൃതിഭിർഗ്ഗ്രഹൈഃ. ൧൪

അ—ഇത്യാദികളായ വചനങ്ങളും ഹേതുവായിട്ട് ലഗ്നാപ്തമാശപ്രകൃതികളായ ഗ്രഹങ്ങളെക്കൊണ്ട് ആയുർന്നിരൂപണംതന്നെ ഇങ്ങനെ കർത്തവ്യമാകുന്നു.

സാ—മേൽ കാണിച്ചുവയും അതുപോലെയുള്ള മറ്റു വചനങ്ങളെക്കൊണ്ട് ആയുസ്സിനെത്തന്നെയാണ് മുൻപേ വിചാരിക്കേണ്ടതെന്നു സ്പഷ്ടമായി. ഇതു വിചാരിക്കേണ്ടത് ലഗ്നം ലഗ്നാധിപൻ അഷ്ടമം അഷ്ടമാധിപൻ ചന്ദ്രൻ മുതലായവരെക്കൊണ്ടാണ്.

ആയുരേവ വിശേഷേണ പ്രഥമം ചിന്ത്യതേ ബുധൈഃ
സന്ത്യക്തുർവ്വാ പ്രഷ്ടുർവ്വാ പാത്രം ഭവതി നിത്യശഃ. ൧൫
വിവേകം വിഹഗൈരേവ ഇതി ശാസ്ത്രാന്തരോദിതം. ൧൬

അ—ഒന്നാമതായിട്ട് ആയുസ്സിനെ വിശേഷമായി ചിന്തിക്കപ്പെടുന്നു. ഈ പൃഷ്ടാവ് സന്തതം ജീവിച്ചിരിക്കുന്നവനോ അല്ലാ മരിച്ചിരിക്കുന്നവനോ എന്നുള്ള വിവേകം വിഹഗങ്ങളെക്കൊണ്ട് കർത്തവ്യമാകുന്നു എന്ന് ശാസ്ത്രാന്തരോദിതമാകുന്നു.

സാ—അതിനാൽ ആയുർന്നിരൂപണംതന്നെ ഇവിടെ വിശേഷമായി പറയാൻ പോകുന്നു. എന്നാൽ പൃഷ്ടം രോഗിയെ ജീവിച്ചിരിക്കുന്നോ അതല്ല സന്തതം മരിച്ചിരിക്കുന്നോ എന്നുള്ള വ്യത്യാസവും ഗ്രഹങ്ങളുടെ സ്ഥിതിവിശേഷംകൊണ്ടും മറ്റും അറിവാനുള്ള രീതി മറ്റു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആ ശാസ്ത്രവചനത്തെത്തന്നെ ഇവിടെ ഉദ്ധരിക്കുന്നു.

ലഗ്നേശോ യദി കേന്ദ്രഗോ ബലയുതശ്ചാരേ ചരാംശേഥവാ
പ്രഷ്ടാ സംസ്ഥിതോ ഗതോ വിപരീതേ ലഗ്നാധിപശ്ചേത്
സ്ഥിരേ
നിർജ്ജീവ്യശ്ച മഹാഗദാർത്തവിഷയോ ഖ്യാതോ മിത്രാൻ സ്വചേ-
ന്നാഥേക്ഷിതവന്ധുഃ പ്രശമനം വ്യാധിരേവ വാച്യസ്തദാ. ൧൭

അ—ലഗ്നേശൻ ചരമായ രാശിയിലും അംശകത്തിലും ബലിയായി കേന്ദ്രഗനായി ഭവിക്കുന്നവെങ്കിൽ പൃഷ്ടം സംസ്ഥിതനാകുന്നു. അനന്തരം ലഗ്നാധിപൻ സ്ഥിരമായ രാശിയിലും വിപരീതിപുരനായും നിവീഷ്ടനായും ഭവിക്കുന്നു എങ്കിൽ പൃഷ്ടാ മഹാഗദാർത്തവിഷയമായി ഭവിക്കുന്നു. അനന്തരം അവൻ മിത്രനാകുന്നു എങ്കിൽ രോഗമേഖിക്ഷയങ്ങളെന്നപോലെ പിന്നെയും പിന്നെയും തക്കകളുടെ പ്രശമനവും വ്യാധിയും വാച്യമാകുന്നു.

സാ—ലഗ്നാധിപൻ ചരരാശിയിൽ ചരാംശകത്തിൽ കേന്ദ്രഭാവങ്ങളിൽ ബലവാനായി നിന്നാൽ പൃഷ്ടാവിനു മഹാവിഷമമായ യാതൊരു സുഖക്കേടും ഇല്ലെന്നു പറയണം. ലഗ്നാധിപൻ സ്ഥിരരാശിയിൽ സ്ഥിരരാശിനവാംശകത്തിൽ ആറാം പന്ത്രണ്ടാം ഭാവങ്ങളിൽ ദുർബ്ബലനായി നിന്നാൽ പൃഷ്ടാവ് അതികഠിനമായ വ്യാധിയിൽപ്പെട്ടു കിടക്കുന്നു എന്നു പറയണം. ഇങ്ങിനെയാണ് പൃഷ്ടം സന്തതം ജീവിച്ചിരിക്കുന്നോ മരിച്ചിരിക്കുന്നോ എന്നറിയേണ്ടത്. മേല്പറഞ്ഞ ലക്ഷണങ്ങളും രണ്ടുംകൂടി ഇടകലർന്നാൽ സമുദ്രത്തിൽ വെള്ളം ഏറുകയും കുറയുകയും ചെയ്യുന്നതുപോലെ രോഗം ചിലപ്പോൾ വർദ്ധിക്കുമെന്നും ചിലപ്പോൾ കുറയുമെന്നും പറഞ്ഞുകൊള്ളണം.

വാ—പുനരപി ഗ്രന്ഥാന്തരം.

അ—പിന്നെയും ഗ്രന്ഥാന്തരം കുറിക്കുന്നു.

സാ—ഈ വിഷയത്തിൽ വേറെയും ചില ശാസ്ത്രവചനങ്ങൾ ഉണ്ട്. അവയെ താഴെ എഴുതുന്നു.

ഇംഗസ്ഥിതേ തനുപതൌ സധനഃ സവിദ്യോ
ജ്യേഷ്ഠോ പിതൃണാം ബഹു ഭവേൽ പ്രഥമാനതേജാഃ
പ്രഷ്ടാഭിമാനസഹിതോƒഥ നിരൃതികോണേ
വാമേക്ഷണാവിഭ്രമലസന്തതമാതതസൌഖ്യഃ. ൯
ബന്ധോർഗൃഹേ നിജഗൃഹേ ച വിനഷ്ടവൈരീ
മാത്രാതനൂജധനബന്ധുഭിരിദ്ധമോദഃ
വൈശ്യാക്ഷഗേ ത്വനിശം സുതമിത്രഭൃത്യാ-
നാശശ്ച ഭൂമിപതിപാവകചോരപീഡാ. ൧൦
നീചസ്ഥിതേ രിപുനിപീഡനതോƒന്യദേശ-
യാനം പദാച്ച ചലനം ധനഹാനിദൈന്യേ
മൂഢേ സപാപഗുളികേ ച നൃപാദിഭീതേർ-
വൈകല്യവാനിതരമേശഗതോ മൃതോ വാ. ൧൧

അ—തനുപതി ഇംഗസ്ഥിതനായിരിക്കുമ്പോൾ പ്രഷ്ടാവ് സധനനായി സവിദ്യനായി പിതൃക്കളുടെ ജ്യേഷ്ഠനായി പ്രഥമാനതേജസ്സായി അഭിമാനസഹിതനായിത്തന്നെ ഭവിക്കും. അനന്തരം തനുപതി നിരൃതികോണത്തിൽ സ്ഥിതനായിരിക്കുമ്പോൾ പ്രഷ്ടാവ് വാമേക്ഷണാവിഭ്രമലസന്തതമായി ആപൂർണ്ണസൌഖ്യനായിത്തന്നെ ഭവിക്കും. തനുപതി ബന്ധുവിന്റെ ഗൃഹത്തിലും നിജഗൃഹത്തിലും സ്ഥിതനായിരിക്കുമ്പോൾ പ്രഷ്ടാവ് വിനിഷ്ടവൈരിയായും മാതൃതനൂജധനബന്ധുക്കൾ ഹേതുവായിട്ട് ഇദ്ധമോദനായും ഭവിക്കും. വൈശ്യക്ഷഗനായിരിക്കുമ്പോൾ എല്ലായ്പ്പോഴും തന്റെ സുതമിത്രഭൃത്യനാശവും ഭൂമിപതിപാവകചോരപീഡയും നീചസ്ഥിതനായിരിക്കുമ്പോൾ രിപുനിപീഡനം ഹേതുവായി അന്യദേശയാനവും പദത്തിൽനിന്ന ചലനവും ധനഹാനിദൈന്യങ്ങളും ഭവിക്കും. തനുപതി മൂഢനായും സപാപഗുളികനായും ഇരിക്കുമ്പോൾ പ്രഷ്ടാവ് നൃപാദിഭീതിഹേതുവായി ഇതരമേശഗനായി വൈകല്യവാനായോ മൃതനായോ ഭവിക്കും.

സാ—ലഗ്നാധിപൻ മൂന്നാമെടത്തിൽ നിന്നാൽ പ്രഷ്ടാവിന് ധനലാഭം പരാക്രമം ശത്രുജയം ഉൽകൃഷ്ടകീർത്തി മുതലായ ഗുണങ്ങളെ പറയണം. തെക്കുപടിഞ്ഞാറെ കോണരാശിയിൽ നിന്നാൽ നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ച് വളരെ കാന്തിയോടുകൂടി സുഖമായി ഇരിക്കുന്നതിന് ഇടവരുമെന്ന പറയണം. ബന്ധുഗ്രഹങ്ങളുടെ രാശിയിലോ സ്വക്ഷേത്രത്തിലോ നില്ക്കുന്നുവെങ്കിൽ ധനപുഷ്ടി മാതൃപുത്രന്മാർ ബന്ധുക്കൾ ഇത്യാദികളെക്കൊണ്ട് സന്തോഷത്തോടുകൂടി ഇരിക്കുമെന്ന പറയണം.

ശത്രുഗ്രഹങ്ങളുടെ രാശിയിൽ നിന്നാൽ എല്ലായ്പ്പോഴും രോഗദുഃഖവും രാജകോപനിമിത്തം ശിക്ഷിക്കുന്നതിനും കള്ളന്മാർനിമിത്തവും അഗ്നിബാധകൊണ്ടും മാതൃപുത്രന്മാർ ബന്ധുക്കൾ ഇവരിൽനിന്നും നാശവും പറയണം.

നീചരാശിയിൽനിന്നാൽ ശത്രുക്കൾ ഉപദ്രവിക്കനിമിത്തം സ്വദേശത്തിൽനിന്നും വിട്ടുപോയി ധനനാശം ദാരിദ്ര്യം മുതലായവ അനുഭവിച്ച ദുഃഖിക്കുമെന്ന പറയണം. ഇത പറയപ്പെട്ടത് ലഗ്നാധിപന്റെ സ്ഥിതിയെ ആശ്രയിച്ചാണെങ്കിലും അംശകനാഥിനെക്കൊണ്ടും പറയാവുന്നതാണ്. ലഗ്നാധിപൻ മൌഢ്യത്തോടുകൂടി പാപഗ്രഹങ്ങളോടും ഗുളികനോടും ചേർന്നുനിന്നാൽ ശത്രുക്കൾ ഹേതുവായോ രാജകോപംകൊണ്ടോ നാട്ടുവിട്ടുപോയി അംഗവൈകല്യം വരികയോ അഥവാ മരിക്കുന്നതിന്ന ഇടവരികയോ ചെയ്യുമെന്ന പറയണം.

ലഗ്നേശാഷ്ടമപൌ ച നീചഗൃഹഗൌ യദ്വാസ്തഗൌ ചേത്തദാ
പൃഷ്ടാ ഭഗ്നമനാഃ സ്വകേന രഹിതഃ പീഡാർത്തദേഹസ്ഥിതിഃ
സ്വല്പായുശ്ചലിതഃ പദാദപി നിജാദുൽഭ്രാംശമാസാദിതോ
യോഗശ്ചാപ്യശുഭേഷു സത്സു കഥനീയോ മൃത്യുരാത്മീയപീഡം. ൫൧

അ—ലഗ്നാധിപനും അഷ്ടമാധിപനും നീചഗൃഹഗന്മാരായോ അല്ലെങ്കിൽ മൗഢ്യം പ്രാപിച്ചവരായോ ഭവിക്കുന്നുവെങ്കിൽ പ്രഷ്ടാവ് ഭഗ്നമനസ്സായി സ്വജനങ്ങളാൽ രഹിതനായി എല്ലാ സമയവും പീഡാർത്തദേഹനായി സ്വല്പായുസ്സായി നിജമായ സ്ഥാനത്തിൽനിന്ന് ചലിതനായി ഉൽഭ്രംശമാസാദിതനായി ഭവിക്കും. ഈ യോഗങ്ങൾ അശുഭന്മാരായ ഗ്രഹങ്ങൾ സത്തുക്കളായിരിക്കുമ്പോൾ ഇതിനേയും കഥിക്കണം.

സാ—ലഗ്നാധിപൻ അഷ്ടമാധിപൻ ഈ രണ്ടു ഗ്രഹങ്ങളും നീചത്തിൽ സ്ഥിതി ചെയ്യുകയോ ഇവർക്ക് മൗഢ്യം വരികയോ ചെയ്താൽ പ്രഷ്ടാവിന്റെ പ്രശ്നം ഫലിക്കായ്കനിമിത്തം ഇഷ്ടാഭംഗത്തോടുകൂടി അടിക്കടി രോഗദുഃഖാദിനിമിത്തം ദേഹപീഡയിൽപെട്ടു ഉഴലുകയും സ്ഥാനഭ്രംശം വരികയും ദീർഘവ്യാധിനിമിത്തം കഷ്ടപ്പെടുകയും സ്വല്പായുസ്സായിത്തീരുകയും ചെയ്യുമെന്നു പറയണം.

പ്രശ്നകാലത്തെ ഗ്രഹസ്ഥിതികൊണ്ടും ഭാഗ്യം അധമം ശുഭം മുതലായ യോഗങ്ങളിൽ ഇതിന്റെ അനുഭവങ്ങളേയും പറയേണ്ടതാണ്.

ലഗ്നാധിപശ്ച മൃതിപശ്ച മിഥഃസമേതൌ
യദ്വാ സ്വതുംഗനിജഗേഹസുഹൃദ്ഗൃഹസ്ഥൌ
ലഗ്നാച്ഛുഭാശ്ച യദി ചാന്ത്യത്രികോണ-
കേന്ദ്രസ്ഥിതാ വിദധതേ ഖലു ദീർഘമായുഃ—ഇതി. ൫൨

അ—ലഗ്നാധിപനും മൃതിപനും അന്യോന്യം സമേതന്മാരായോ അല്ലെങ്കിൽ സ്വതുംഗനിജഗേഹസുഹൃദ്ഗൃഹസ്ഥന്മാരായോ ഭവിക്കുന്നു എങ്കിലും ലഗ്നാച്ഛുഭന്മാർ അന്ത്യത്രികോണകേന്ദ്രസ്ഥിതന്മാരായി ഭവിക്കുന്നു എങ്കിലും ആയുസ്സിനെ ദീർഘമാക്കി വിധാനം ചെയ്യുന്നു.

സാ—ലഗ്നാധിപനും അഷ്ടമാധിപനും തമ്മിൽ ചേർന്നു നില്ക്കുകയോ അല്ലെങ്കിൽ അവർ രണ്ടുപേരും അവരവരുടെ ഉച്ചരാശി സ്വക്ഷേത്രം ബന്ധുക്ഷേത്രം ഈ സ്ഥാനങ്ങളിൽ നില്ക്കുകയോ ചെയ്താലും ലഗ്നാധിപനും വ്യാഴവും ശുക്രനും കേന്ദ്രഭാവങ്ങളിലോ ത്രികോണഭാവങ്ങളിലോ പന്ത്രണ്ടാംഭാവത്തിലോ നില്ക്കുകയോ ചെയ്താലും ദീർഘായുസ്സ് പറയേണ്ടതാണ്. ഇതിനെ ഗ്രന്ഥാന്തരവചനം ഇവിടെ സമാപ്തമായി.

പ്രഷ്ടുസ്ത്വാന്ത്യത്രികോണേ സ്ഥിതവതി ഗുളികേ ജന്മചന്ദ്രാഷ്ടമേ വാ
നക്ഷത്രേ ച മാന്ദ്യാശ്രിതഭവനപതേഃ സത്യപി പ്രഷ്ടരി സ്വേ
സ്ഥാനേഷ്വപ്യഷ്ടമർക്ഷേ നിഹിത ഇഹ പണേ ചാത്ര യാ ജന്മതാരാ
പ്രശ്നേ നാഡ്യംശരാശി ഗോധുരസ്ഥിതയപതിഷു സാ ഷൾസ്വപി-
സ്വാസ്ഥ്യമൃത്യുഃ. ൫൩

അ—ഗുളികൻ പ്രഷ്ടാവിന്റെ അന്ത്യത്രികോണത്തിൽ സ്ഥിതനായിരിക്കുമ്പോഴും ജന്മചന്ദ്രാഷ്ടമത്തിൽ സ്ഥിതനായിരിക്കുമ്പോഴും നക്ഷത്രങ്ങൾ മാന്ദ്യാശ്രിതഭവനപതി യായി സന്നായിരിക്കുമ്പോഴും പ്രഷ്ടാവു സ്വന്തമായ അഷ്ടമർക്ഷത്തിൽ സ്ഥിതവായിരിക്കുമ്പോഴും ഇതിൽ പണം നിഹിതമായിരിക്കുമ്പോഴും ഇവിടെ ജന്മതാരയും പ്രശ്നനാഡ്യംശവും രാശിഗോധുവും യാതൊന്നോ, ത്രിതയപതികൾ അഷ്ടമർക്ഷത്തിൽ സ്ഥിതമായിരിക്കുമ്പോഴും ഈ ആറുകളും സത്തുക്കളായിരിക്കുമ്പോൾ സ്വാസ്ഥ്യമൃത്യു വരുമാകുന്നു.

സാ—പ്രഷ്ടാവ് അരോഗദൃഢഗാത്രനായിരിക്കയാണെങ്കിലും മേൽ പറയുന്ന ഈ ആറുയോഗങ്ങളുണ്ടായാൽ പൊടുന്നനവെ മരിക്കുന്നതാണ്.

൪. പ്രഷ്ടാവിന്റെ ജന്മനക്ഷത്രത്തിലോ അനുജന്മനക്ഷത്രത്തിലോ ഗുളികൻ വരിക.

൫. പ്രഷ്ടാവിന്റെ ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അഷ്ടമരാശിയിൽ ഗുളികൻ വരിക.

൬. പ്രഷ്ടാവിന്റെ ജന്മനക്ഷത്രത്തിന്റെ അധിപൻ പ്രശ്നത്തിൽ ഗുളികൻ നില്ക്കുന്ന രാശിയുടെ നാഥനായി വരിക.

൭. പ്രഷ്ടാവോ ദൂതനോ പ്രഷ്ടാവു ജനിച്ച കൂറിന്റെ അഷ്ടമരാശിക്കു് ഏതൊരു ദിക്കിൽ വരുമോ ആ ദിക്കിൽ സ്ഥിതിചെയ്യുക.

൮. പ്രഷ്ടാവിന്റെ ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അഷ്ടമരാശിയിൽ പണം (സ്വർണ്ണം) വയ്ക്കുക.

൯. പ്രഷ്ടാവിന്റെ ജന്മനക്ഷത്രനാഥനോ പ്രശ്നസമയത്തെ നക്ഷത്രത്തിന്റെ അധിപനോ പ്രശ്നകാലത്തു ഗുളികൻ നില്ക്കുന്ന നക്ഷത്രത്തിന്റെ അധിപനോ ഇവരിൽ ആരെങ്കിലും ഒരാൾ പ്രഷ്ടാവിന്റെ ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അഷ്ടമരാശിയിൽ വരിക; സംബന്ധമായിരിക്കുന്നവരുടെ മരണലക്ഷണങ്ങളെ പറയാനുള്ള ആധാരയോഗങ്ങളും ഇങ്ങിനെയാണു്.

ഹോരായാ ഇഹ ജീവഃ സ്യാത് പ്രഷ്ടുരായുർനിരൂപണം
ദേഹഃ ഫലാന്തരജ്ഞാനമിതി ശാസ്ത്രാന്തരോദിതം. ൧൦

അ—പ്രഷ്ടാവിന്റെ ആയുർനിരൂപണം ഇവിടെ ഹോരയുടെ ജീവനാകുന്നു. ഫലാന്തരജ്ഞാനം ദേഹമാകുന്നു എന്നിങ്ങനെ ശാസ്ത്രാന്തരോദിതമാകുന്നു.

സാ—ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലഭാഗത്തെ ദേഹമെന്നും ജീവനെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയിൽ ആയുസ്സിനെ നിർണ്ണയിക്കുന്നതിനുള്ള ജ്യോതിശ്ശാസ്ത്രത്തി (ഫലഭാഗത്തി)ന്റെ ജീവനും മറ്റുള്ള ഫലവിചാരങ്ങൾ ദേഹവുമാകുന്നു. ഇങ്ങിനെ മറ്റു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്.

ആയുശ്ച ലോകയാത്രാ ച ശാസ്ത്രസ്യാസ്യ പ്രയോജനം
നിശ്ചേതും കോ നു ശക്നോതി വസിഷ്ഠോ വാ ബൃഹസ്പതിഃ. ൧൧
കിം പുനർമ്മനുജാസ്തത്ര വിശേഷേണ കലൌ യുഗേ
ലോകയാത്രാപരിജ്ഞാനം ശരീരം കഥ്യതേ ബുധൈഃ ൧൨
ആയുഷസ്തു പരിജ്ഞാനം ഹോരായാ ജീവ ഉച്യതേ.

അ—ഈ ശാസ്ത്രത്തിൽ ആയുസ്സും ലോകയാത്രയുമാകുന്ന രണ്ടുകാര്യം പ്രയോജനമായി ഭവിക്കുന്നു. ഇതുകളെ നിശ്ചയിപ്പാനായി വസിഷ്ഠനോ ബൃഹസ്പതിയോ ഏതൊരുത്തൻ ശക്തനായി ഭവിക്കുന്നു. പിന്നെ മനുജന്മാർ ആ വിഷയത്തിൽ എങ്ങിനെ, വിശേഷിച്ചും കലിയായ യുഗത്തിൽ പിന്നെ എന്തു്? ലോകയാത്രാപരിജ്ഞാനം ഹോരയുടെ ശരീരമെന്നും ആയുസ്സിന്റെ പരിജ്ഞാനം ജീവനെന്നും ബുധന്മാരാൽ വചിക്കപ്പെടുന്നു.

സാ—ആയുസ്സു് ഇത്രകാലമെന്നു് നിശ്ചയിക്കുക, അതുവരെ ഇന്നിന്ന അനുഭവങ്ങളുണ്ടെന്നു് തീർച്ചപ്പെടുത്തുക, ഈ രണ്ടു കാര്യങ്ങളുമാകുന്നു ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലഭാഗംകൊണ്ടുള്ള പ്രയോജനം. ഇതുകളെ കണിശപ്പെടുത്തി അറിയുവാൻ വസിഷ്ഠനെക്കൊണ്ടോ ബൃഹസ്പതിയെക്കൊണ്ടോ എന്നല്ല ആരെക്കൊണ്ടും സാധിക്കുന്നതല്ല. പിന്നെ എങ്ങിനെയാണു് മനുഷ്യർ ഇതിനെ നിശ്ചയിക്കുന്നതു്. വിശേഷിച്ചു് ഇപ്പോൾ കലിയുഗമായതുകൊണ്ടു് ബുദ്ധിശക്തിയും ഈശ്വരാധീനവും സത്യനിഷ്ഠയും കുറഞ്ഞിരിക്കയാൽ ഒട്ടും സാദ്ധ്യമല്ല. ആയുസ്സിനെ അറിയുക എന്നുള്ളതു ഹോരാശാസ്ത്രത്തിന്റെ ജീവനും ലോകഗതിയെ അറിയുക എന്നുള്ളതു് ഹോരയുടെ ദേഹവുമാണെന്നു് വിദ്വാന്മാർ പറഞ്ഞിരിക്കുന്നു.

ലഗ്നം വിലഗ്നപതിരുഡുപതീശചന്ദ്രൗ
പ്രഷ്ടുർഗ്രഹാഷ്ടവർഗ്ഗമഥോ ബലം സാധനാനി

തസ്മാൽ ശുഭാശുഭഗ്രഹസംയുതവീര്യവത്താ-
നിർവീര്യതാദിഗുണദോഷവശാദ്വിചിന്ത്യം. ൫൪

അ—ലഗ്നവും വിലഗ്നപതിയും ചന്ദ്രനും എന്നീ മൂന്നും പ്രഷ്ടാവിന്റെ ആയുസ്സിന്റെ അവഗമനത്തിൽ നിശ്ചയകരങ്ങളും സാധനങ്ങളായി ഭവിക്കുന്നു. അവരുടെ ശുഭാശുഭഗ്രഹസംയുതവീര്യവത്താനിർവീര്യതാദിഗുണദോഷവശം നോക്കീട്ട് ആയുസ്സ് വിചിന്ത്യമാകുന്നു.

സാ—ആയുസ്സിനെ നിർണ്ണയിക്കുക എന്നുള്ളത് അസാദ്ധ്യമാണെന്നു പറഞ്ഞുവെങ്കിലും ഇവിടെ ഇതിനെത്തന്നെയാണ് പ്രതിപാദിക്കാൻ പോകുന്നത്. ൧ ലഗ്നം ൨ ലഗ്നാധിപൻ ൩ അഷ്ടമം ൪ അഷ്ടമാധിപൻ ൫ ചന്ദ്രൻ ഇവകളാണ് പ്രഷ്ടാവിന്റെ ആയുസ്സിനെ നിരൂപിക്കുന്ന വിഷയത്തിൽ പ്രധാനങ്ങളായ ഉപകരണങ്ങൾ. ഇവകൾക്ക് ശുഭഗ്രഹങ്ങളുടെ യോഗം ദൃഷ്ടി ബലം ഇവ ഗുണങ്ങളെക്കൊണ്ടും അശുഭന്മാരുടെ യോഗം ദൃഷ്ടി ബലഹാനി മുതലായ ദോഷങ്ങളെക്കൊണ്ടും ആയുസ്സിന്റെ ഗുണത്തെയും ദോഷത്തെയും ക്രമേണ വിചാരിക്കണം. "നിർവീര്യതാദിഗുണദോഷവശാൽ" എന്നുള്ളിടത്ത് ആദിശബ്ദം പ്രയോഗിച്ചിരിക്കുന്നതുകൊണ്ട് ലഗ്നാദികൾക്ക് ശുഭമദ്ധ്യസ്ഥിതി പാപമദ്ധ്യസ്ഥിതി മുതലായവയേയും ചിന്തിക്കണമെന്നു സൂചിപ്പിച്ചിരിക്കുന്നു. അതുതന്നെയാണ് ഇവിടെ സ്പഷ്ടമായി പറയാൻ പോകുന്നത്.

പാപാന്തരസ്ഥിതിശുഭേതരദൃഷ്ടിയോഗാ
ദോഷാ ഗുണാസ്ത്വിഹ ഇതരേ വപുഷശ്ശുഭാദ്യാഃ
ഖേചരസ്യ സ്വസംജ്ഞകശ്ച ഗുണൌ ഭവേതാം
ദോഷാ ഗുണാശ്ച ഖലു ലഗ്നവദഷ്ടമസ്യ. ൫൫

അ—പാപാന്തരസ്ഥിതിശുഭേതരദൃഷ്ടിയോഗങ്ങൾ വപുസ്സിന് ദോഷങ്ങളായും ശുഭന്മാരുടെ ഇവ മൂന്നുകൾ ഗുണങ്ങളായും ഭവിക്കും. ഖേചരന്റെ സംഗമങ്ങളുകളും ഗുണങ്ങളായി ഭവിക്കും. അഷ്ടമത്തിന്റെ ദോഷങ്ങളും ഗുണങ്ങളും ലഗ്നത്തിന്റെതുപോലെതന്നെ.

സാ—ലഗ്നത്തിന് ഇരുപുറവും പാപഗ്രഹങ്ങൾ വരിക; പാപയോഗവും പാപദൃഷ്ടിയും വരിക; ഇവ മൂന്നും ദോഷലക്ഷണങ്ങളാകുന്നു. ഇരുപുറവും ശുഭന്മാർ വരുന്നതും ശുഭയോഗവും ശുഭദൃഷ്ടിയുമെല്ലാം ലഗ്നത്തിന് ഗുണങ്ങളാകുന്നു. വിശേഷിച്ച് ലഗ്നാധിപൻ പാപനായാലും യോഗദൃഷ്ടികൾ ലഗ്നത്തിനു ഗുണകരമാകുന്നു. അഷ്ടമത്തിന്റെ ഗുണദോഷങ്ങൾ ചിന്തിക്കാനുള്ള ക്രമവും ഇതിനെ ലഗ്നത്തിനു പറഞ്ഞിട്ടുള്ളതുപോലെയാണ്.

പാപാനാം ദൃക്ഷണേ ക്രൂരഭേതരമദ്ധ്യവാസ-
മൈശ്യ്വാദിനീചഭഗമാസ്തമയസ്യ ദോഷാഃ
ശുഭാഭവന്ധുഭവനസ്ഥിതിസൌമ്യയോഗ-
വീക്ഷാന്തരസ്ഥിതിവിലോമഗമാ ഗുണാഃ സ്യുഃ. ൫൭

അ—പാപാനാം ദൃക്ഷണേ ക്രൂരഭേതരമദ്ധ്യവാസമൈശ്യ്വാദിനീചഭഗമങ്ങൾ തന്റെ ദോഷങ്ങളായും ശുഭാഭവന്ധുഭവനസ്ഥിതിസൌമ്യയോഗവീക്ഷാന്തരസ്ഥിതിവിലോമഗമങ്ങൾ ഗുണങ്ങളായും ഭവിക്കും.

സാ—ലഗ്നത്തിന്റെയും അഷ്ടമത്തിന്റെയും ഗുണദോഷങ്ങൾ ചിന്തിക്കാനുള്ള ക്രമം പറഞ്ഞുവല്ലോ. ഇനി ലഗ്നാധിപന്റെ ഗുണദോഷങ്ങൾ ചിന്തിക്കാനുള്ള ക്രമത്തെയാണ് ഈ ശ്ലോകംകൊണ്ടു പറയുന്നത്.

ലഗ്നാധിപന് പാപയോഗം പാപദൃഷ്ടി പാപമദ്ധ്യസ്ഥിതി മൌഢ്യം നീചരാശിസ്ഥിതി ശത്രുക്ഷേത്രസ്ഥിതി ഇവ ആറും ദോഷങ്ങളാണ്. ഉച്ചസ്ഥിതി സ്വക്ഷേത്രസ്ഥിതി ബന്ധുക്ഷേത്രസ്ഥിതി ശുഭയോഗം ശുഭദൃഷ്ടി ശുഭമദ്ധ്യസ്ഥിതി വക്രഗതി ഈ ഏഴു ലക്ഷണങ്ങളും ലഗ്നാധിപനു ഗുണമാകുന്നു.

ലഗ്നാപസ്യ ഗുണാ ദോഷാസ്തുല്യാസ്സ്യുർമൂർത്തിപസ്യ ച
കേന്ദ്രസ്ഥിതിർമൂർത്തീശസ്യ ദോഷോ ലഗ്നാപതേർഗുണഃ. ൨൭

അ—ലഗ്നപന്റെ ഗുണങ്ങളും ദോഷങ്ങളും മൂർത്തിപന്നും തുല്യങ്ങളാകുന്നു. മൂർത്തീശന്റെ കേന്ദ്രസ്ഥിതി ദോഷവും ലഗ്നപതിയുടെ കേന്ദ്രസ്ഥിതി ഗുണവുമാകുന്നു.

സാ—ലഗ്നാധിപന്റെ ഗുണദോഷങ്ങളെ ചിന്തിക്കുന്നതുപോലെതന്നെ ആരൂഢാധിപന്റെ ഗുണദോഷങ്ങളെയും ചിന്തിച്ചുകൊള്ളണം. വിശേഷിച്ച് ലഗ്നാധിപന്റെ കേന്ദ്രസ്ഥിതി ലഗ്നാധിപന്ന ശ്രേഷ്ഠമാകുന്നു. ആരൂഢാധിപന്റെ കേന്ദ്രസ്ഥിതി അശുഭമാണ്. ഇത് ഒരു ഭേദം മാത്രമേയുള്ളൂ. മറ്റെല്ലാവയെല്ലാം സമമെന്നു മുമ്പേപോലെതന്നെയാണ്.

ചന്ദ്രസ്യാരിമൃതിവ്യയസ്ഥിതിരസന്മധ്യസ്ഥിതിശ്ചാന്ത്യയോഃ
ക്ഷീണത്വം തനഗത ചന്ദ്ര റിഷ്ഫനീചാപ്തിശ്ച ദോഷാ ഇമേ
പൂർണ്ണത്വം ശുഭമധ്യവാസസുഹൃദ്ദൃക്ദേവേജ്യകേന്ദ്രസ്ഥതാ
സ്ഥാനം ഇത്ഥംഭൂതമിഥുനെ യുതിശ്ച ഗുണാ അസന്തേ വിശേഷാദ്ഗുണാഃ

അ—ചന്ദ്രന് അരിമൃതിവ്യയസ്ഥിതിയും അസന്മധ്യസ്ഥിതിയും അന്ത്യങ്ങളും ക്ഷീണത്വവും തനഗതത്വവും ഇതിൽ നീചാപ്തിയും ആകുന്ന ഇതുകൾ ദോഷങ്ങളാകുന്നു. പൂർണ്ണത്വവും ശുഭമധ്യവാസസുഹൃദ്ദൃക്ദേവേജ്യകേന്ദ്രസ്ഥതകളും ഇത്ഥംഭൂതത്തിലുള്ള സ്ഥാനവും ഗുരുവിനോടുള്ള യുതിയും അസന്തത്തിലുള്ള അതു വിശേഷിച്ചും ഗുണങ്ങളായി ഭവിക്കുന്നു.

സാ—ആരൂഢത്തിലും ഉദയത്തിലും ലഗ്നം ലഗ്നാധിപൻ ആരൂഢം ആരൂഢാധിപൻ ഇതുകളുടെ ഗുണദോഷങ്ങളെ പറഞ്ഞുകഴിഞ്ഞു. ഇനി ചന്ദ്രന്റെ ഗുണദോഷങ്ങളെയാണ് പറയുന്നത്.

ചന്ദ്രൻ ആറ എട്ട പന്ത്രണ്ട് ഈ ഭാവങ്ങളിൽ വരിക പാപഗ്രഹങ്ങളുടെ മദ്ധ്യേ വരിക പാപഗ്രഹങ്ങളോടുകൂടെ പാപഗ്രഹങ്ങളുടെ ദൃഷ്ടി വരിക ക്ഷീണനായിരിക്കുക ലഗ്നത്തിൽ നില്ക്കുക ചന്ദ്രന്റെ നീചരാശി (വൃശ്ചികം) ലഗ്നമായി വരിക അവിടെ നില്ക്കുക ഇവകളെല്ലാം ദോഷങ്ങളാകുന്നു. ചന്ദ്രൻ പൂർണ്ണനായിരിക്കുക ശുഭമദ്ധ്യസ്ഥിതി ശുഭയോഗം ശുഭദൃഷ്ടി വ്യാഴത്തിന്റെ കേന്ദ്രസ്ഥിതി ഉച്ചസ്ഥിതി വ്യാഴത്തോടുള്ള യോഗം വ്യാഴത്തോടുകൂടി ലഗ്നത്തിൽ നില്ക്കുക ഇവയെല്ലാം ഗുണങ്ങളാകുന്നു. ഇവയിൽ വ്യാഴവും ചന്ദ്രനുംകൂടി ലഗ്നത്തിൽ നില്ക്കുന്നതു വളരെ വിശേഷവും വൃശ്ചികത്തിൽ ചന്ദ്രൻ നില്ക്കുകയും അതു ലഗ്നമാകുകയും ചെയ്യുന്നതു വളരെ ദോഷവുമാകുന്നു.

ത്ര്യായാരിഷ്ഷസ്ഥാപാപസ്സാ ദീർഘായുഷ്യകൃദീരിതം
വരാഹമിഹിരേണൈവ പദ്യേന ഇത്യാദിനാ. ൨൯

അ—ഇത്യാദിയായ പദ്യംകൊണ്ട് ത്ര്യായാരികളിൽ അസൽഭാവസ്ഥം ദീർഘായുഷ്യകൃത്തെന്നു വരാഹമിഹിരനാൽ ഈരിതമാകുന്നു.

സാ—മൂന്ന് ആറ് പതിനൊന്ന് ഈ ഭാവങ്ങളിൽ പാപഗ്രഹങ്ങൾ വരുന്നത് ആയുസ്സിനെ ദീർഘിപ്പിക്കുന്ന യോഗങ്ങളാണ്. ഇതിനെ വരാഹമിഹിരാചാര്യൻ "ഇത്യാദിസഹിതേ കളിത്രലഗ്നേ" എന്നുള്ള പദ്യംകൊണ്ട് പറഞ്ഞിട്ടുണ്ട്.

൩൦ — മറ്റു സാരസംഗ്രഹം.

അ—ഇവിടെ സാരസംഗ്രഹം ഉരയ്ക്കുന്നു.

സാ—ആയുസ്സിനെ ചിന്തിക്കുന്നതിലേക്കായി സാരസംഗ്രഹത്തിലെ ചില വചനങ്ങളും ഇവിടെ എഴുതുന്നു.

ലഗ്നം ക്രൂരദൃഗന്വിതം യദി ശുഭൈഃ പതിസഹിതം വീക്ഷിതഞ്ചാപിലഗ്നം
ദീർഘായുഷ്യപ്രദം സ്യാന്നിധനമപി തഥൈവാന്യഥാ വിചിന്ത്യാഃ.

[illegible] . ൨൭.

അ—ലഗ്നവും നിധനവും [illegible] വീക്ഷിതമായും [illegible] ദീർഘായുഷ്യപ്രദമായി ഭവിക്കും. [illegible]

[illegible]

സാ—[illegible]

[illegible]

[illegible]

അ—[illegible]

സാ—ലഗ്നത്തിന്റെ [illegible]

[illegible] ൨൯

അ—[illegible]

സാ—ലഗ്നമെന്ന് തൽസമയത്തുദിക്കുന്ന രാശിക്കും പ്രഷ്ടാവിന്റെ ഫലവിചാരത്തിനു ഉപയോഗിക്കുന്ന ആരൂഢരാശിക്കും പറയപ്പെടുന്നു. പ്രശ്നവിഷയത്തിൽ ലഗ്നം പ്രധാനമായി പറഞ്ഞിട്ടുള്ള എല്ലാറ്റും ആരൂഢംകൊണ്ടും ചിന്തിക്കാവുന്നതാണ്. എന്നല്ല ആരൂഢവും ലഗ്നവും ഒന്നുപോലെതന്നെ പ്രാമാണ്യമുള്ളവയാണ്. അതിനാൽ രണ്ടു വിധത്തിലും ഫലം ചിന്തിച്ചുകൊള്ളണം. ഇങ്ങിനെതന്നെ കൃഷ്ണീയം മുതലായ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആ വചനത്തെ താഴെ എഴുതുന്നു.

ഭൂമിസ്ഥം സ്ഥിരചക്രം ചരതി തഥാകാശേ ഗ്രഹാ ചരചക്രം
ചക്രമിതമനയോ ഫലം പ്രശ്നാദൌ പ്രസ്തുതം വാച്യം. ൨൭

അ—സ്ഥിരചക്രം ഭൂമിസ്ഥമാകുന്നു. ചരചക്രം ആകാശത്തിൽതന്നെ അപ്രകാരം ചരിക്കുന്നു. ചക്രമിതിയെക്കൊണ്ട് പൃച്ഛകന്മാരുടെ ഫലം പ്രശ്നാദിയിൽ വാച്യമാകുന്നു.

സാ—സ്ഥിരചക്രമെന്നും ചരചക്രമെന്നും രാശിചക്രം രണ്ടുവിധമുണ്ട്. അവയിൽ സ്ഥിരചക്രം "ഐന്ദ്ര്യാം മേഷവൃഷൌ ...കാണോ" ഇത്യാദി പദ്യങ്ങളെക്കൊണ്ട് രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളവയാണ്. ഇതിൽനിന്നാണല്ലോ ആരൂഢമുണ്ടാകുന്നത്. ചരചക്രം (ജ്യോതിശ്ചക്രം) ആകാശത്തിൽ ചുറ്റിക്കൊണ്ടിരിക്കയാണ്. ഇത് പ്രവഹനെന്ന വായുവിന്റെ സഹായംകൊണ്ട് എല്ലായ്പ്പോഴും ഒരേ മാതിരിതന്നെയാണ് ചുറ്റുന്നത്. ഈ ജ്യോതിശ്ചക്രത്തിലും പന്ത്രണ്ടുരാശികളാണുള്ളത്. അവയിൽ പ്രശ്നകാലത്ത് ഏതെങ്കിലൊന്നു കിഴക്കു ഉദിക്കുന്നുവോ ആ രാശിയെ ലഗ്നമെന്നു പറയുന്നു. ഈ ആരൂഢലഗ്നങ്ങളെക്കൊണ്ടാണ് പൃച്ഛകന്മാരുടെ ഫലങ്ങളെ വിചാരിക്കേണ്ടതാണ്.

ഉദയാരൂഢർക്ഷാഭ്യാം ശുഭാശുഭം പ്രഷ്ടുരാദിശേദ്വ്യത്വൽ
ദൈവവിദോ വ്യയഭാഭ്യാം തദായഭാഭ്യാം തഥൈവ ദൂതസ്യ. ൨൮

അ—ഉദയാരൂഢർക്ഷങ്ങളെക്കൊണ്ട് പ്രഷ്ടാവിന്റെ ശുഭാശുഭത്തെ എപ്രകാരം ആദേശിക്കുമോ അപ്രകാരം വ്യയങ്ങളെക്കൊണ്ട് ദൈവവിത്തിന്റെയും ആയങ്ങളെക്കൊണ്ട് ദൂതന്റെയും ശുഭാശുഭങ്ങളെയും ആദേശിക്കണം.

സാ—ഉദയലഗ്നവും ആരൂഢവും ആസ്പദമാക്കിയാണല്ലോ പ്രഷ്ടാവിന്റെ ഗുണദോഷങ്ങളെ ചിന്തിക്കുന്നത്. അതുപോലെതന്നെ ഈ ആരൂഢലഗ്നങ്ങളുടെ പന്ത്രണ്ടാം ഭാവങ്ങളെ ആസ്പദമാക്കി പ്രശ്നക്കാരന്റെ ഗുണദോഷങ്ങളെയും പതിനൊന്നാം ഭാവങ്ങളെ ആസ്പദമാക്കി ദൂതന്റെ ഗുണദോഷങ്ങളെയും പറഞ്ഞുകൊള്ളണം.

അഥ ഹോരാരൂഢയോർദ്ദ്വയോസ്തഥാ
ബലാന്വിതാദ്ഭാവഭവം ഫലം
തഥാത്ര പിത്രാദിപദാർത്ഥകാരകൈ-
രപി ഗ്രഹൈരത്ര ഫലം വിമൃശ്യതേ. ൨൯

അ—അനന്തരം ഉദയാരൂഢങ്ങളാകുന്ന രണ്ടുകളിൽവെച്ച് ബലാന്വിതമായ രാശിയെ ആശ്രയിച്ച് ഭാവോത്ഭവമായ ഫലം വിമർശിക്കപ്പെടുന്നു. അപ്രകാരം ആ ത്രപിത്രാദിപദാർത്ഥകാരകന്മാരായി അറിയപ്പെടുന്ന ഗ്രഹങ്ങളെക്കൊണ്ടും വിമർശിക്കപ്പെടുന്നു.

സാ—ആരൂഢംകൊണ്ടും ഉദയംകൊണ്ടുമാണ് "ഫലം വിചാരിക്കേണ്ടതെന്ന്" മേൽ പറഞ്ഞുവല്ലോ. എങ്കിലും അവയെ സംബന്ധിച്ച ചില പക്ഷാന്തരങ്ങളുണ്ട്. അവകളെ ഇവിടെ കാണിക്കുന്നു. ഉദയാരൂഢങ്ങളിൽവെച്ച് ഏതൊന്നിനാണോ പ്രാബല്യമുള്ളത് അതിനെ ആധാരമാക്കി പന്ത്രണ്ടു ഭാവങ്ങളുടെയും ഫലം ചിന്തിക്കേണ്ടതാണ്. "... ബോധയേത് ബലവീര്യം" എന്നുള്ള സ്മൃതിവചനം ഇതിനു പ്രമാണമാണ്. അതുപോലെതന്നെ പിതാവ്, മാതാവ് ഇവരുടെ കാരകന്മാരായ ആദിത്യചന്ദ്രന്മാരെക്കൊണ്ടും മറ്റു ഭാവങ്ങളുടെ കാരകന്മാരായ മറ്റുഗ്രഹങ്ങളെക്കൊണ്ടും ഇതിനെ അതാതു ഭാവങ്ങളുടെ കാരകത്വം അറിഞ്ഞ്, എല്ലാ ഗ്രഹങ്ങളെക്കൊണ്ടും കൂടിയാണ് ഗുണദോഷഫലങ്ങളെ ചിന്തിക്കുന്നത്. ഗ്രഹങ്ങളുടെ കാരകത്വം സാമാന്യേന മേൽ പറയപ്പെടും.

വാ—കൃഷ്ണീയേ ഇതുയോർവിഷയവിഭാഗ ഉക്തഃ, തഥാ ച തദുക്തിഃ.

അ—കൃഷ്ണീയത്തിലാകട്ടെ അതുകൾക്കു വിഷയവിഭാഗം ഉക്തമായി. അപ്രകാരം തദുക്തിയും രേഖിക്കുന്നു.

സാ—കൃഷ്ണീയമെന്ന ഗ്രന്ഥത്തിൽ പൃച്ഛകൊണ്ടും ആരൂഢംകൊണ്ടും ഫലം ചിന്തിക്കുന്നതിന് ഒരു വിഭാഗം ചെയ്തിട്ടുണ്ട്. അതായതു് ഇന്നിന്ന പ്രശ്നങ്ങൾ ആരൂഢംകൊണ്ടും ഇന്നിന്ന പ്രശ്നങ്ങൾ ലഗ്നംകൊണ്ടും ചിന്തിക്കേണ്ടതാണെന്നുള്ള ആ കൃഷ്ണീയവചനത്തെ ഇവിടെ കാണിക്കുന്നു.

പ്രശ്നഃ പൃച്ഛോദയാരൂഢപ്രാധാന്യേന ദ്വിധാ മതഃ
മാസ്ത്രോദയവേലായാം സങ്കേതേഷ്വപി പൃച്ഛകേ. ൨൫
പൃച്ഛകേ വിദ്യയാ യുക്തേ യാത്രാദിപ്രശ്നകർമ്മസു
ഉദയേന ഫലം ബ്രൂയാദ്ദേവതാദിഷു ദൈവവിത്. ൨൬

അ—ഉദയാരൂഢപ്രാധാന്യം ഹേതുവായി പ്രശ്നം രണ്ടുവിധം മതമാകുന്നു. മാസ്ത്രോദയവേലയിലും പൃച്ഛകൻ സങ്കേതനായിരിക്കുമ്പോഴും പൃച്ഛകൻ വിദ്യയോടു യുക്തനായിരിക്കുമ്പോഴും യാത്രാദിപ്രശ്നകർമ്മങ്ങളിലും ദേവതാദികളായ പ്രശ്നങ്ങളിൽ ദൈവവിത്തു് ഉദയംകൊണ്ടു ഫലത്തെ പറയണം.

സാ—പൃച്ഛചിഹ്നലഗ്നം പ്രധാനമായും ആരൂഢം പ്രധാനമായും ഇങ്ങിനെ രണ്ടുവിധമാണല്ലോ പ്രശ്നം. സൂര്യോദയകാലത്തായിരുന്നാലും പ്രഷ്ടാവ് ഒരിടത്തും നിശ്ചിതമായിരിക്കാതെ സഞ്ചരിച്ചുകൊണ്ടു ചോദിച്ചാലും ചോദിക്കുന്നയാൾ വിദ്വാനായിരുന്നാലും യാത്രാപാകം മുതലായ കർമ്മങ്ങളെക്കുറിച്ചു ചോദിച്ചാലും ദേവന്മാരെപ്പറ്റിയോ മറ്റ് ചില പ്രശ്നങ്ങളിലും ഉദയരാശിയെത്തന്നെ ആരൂഢമാക്കിയാണ് പൃച്ഛകൻ ഫലം പറയേണ്ടതു്.

കർമ്മാന്തേ ച ദിനാന്തേ ച ശയിതേ പൃച്ഛകേ നിശി
പ്രദേശേ ജനസംപൂർണ്ണേ വൃക്ഷേ വാ തദ്ഗൃഹസ്യ ച. ൨൭
വിഷയേ സ്ഥാവരാണാമിത്യാദിഷ്വാരൂഢരാശിനാ
ചിന്ത്യമത്രോദയേനാപി സമം സമം ഫലം തദൂച്യതേ. ൨൮

അ—കർമ്മാന്തത്തിലും ദിനാന്തത്തിലും പൃച്ഛകൻ ശയിതനായിരിക്കുമ്പോഴും നിശയിലും ജനസംപൂർണ്ണമായ പ്രദേശത്തിലും വൃക്ഷത്തിലും ഗൃഹത്തിന്റെ അകത്തും സ്ഥാവരങ്ങളുടെ വിഷയത്തിലും ഇത്യാദികളിൽ ആരൂഢരാശികൊണ്ടു ഫലത്തെ പറയണം. ഇവ രണ്ടും സമം സമമായ ഫലം ചിന്ത്യമാകുന്നു, അല്ലെങ്കിൽ ചിന്തിക്കപ്പെടുന്നു.

സാ—ഏതോ ഒരു പ്രവൃത്തിയുടെ അവസാനസമയത്തോ സന്ധ്യാസമയത്തോ ചോദിച്ചാലും പ്രഷ്ടാവ് കിടന്നുകൊണ്ടു ചോദിച്ചാലും ചോദ്യം രാത്രിയിലായിരുന്നാലും ജനങ്ങൾ അധികമുള്ള സ്ഥലത്തുവച്ചു ചോദിച്ചാലും വൃക്ഷത്തിൽ കയറിയിരുന്നു് അതിൽ എന്താണുള്ളതെന്നു ചോദിച്ചാലും വീട്ടിന്റെ അകത്തുവച്ചു ചോദിച്ചാലും ഭൂമി മുതലായ സ്ഥാവരവസ്തുക്കളെ സംബന്ധിച്ചു ചോദിച്ചാലും ആരൂഢരാശിയെ ആസ്പദമാക്കിയാണ് ഫലങ്ങൾ പറയേണ്ടതു്. ആരൂഢംകൊണ്ടും ഉദയംകൊണ്ടും ഫലം പറയുന്ന വിഷയത്തിൽ ഈ രണ്ടിന്റേയും ബലാബലത്തെയുംകൂടി അറിയേണ്ടതാണ്. അതിന്റെ രീതി ഇവിടെ പറയുന്നു.

മാർത്താണ്ഡേ വൃഷഭതോ [illegible] ചതുഷ്കേ [illegible]
[illegible] ക്രമേണ ച [illegible]
൨൯
[illegible] സ്യാത് [illegible] ഇതി.

അ—മാർത്താണ്ഡൻ വൃഷഭത്തിൽനിന്നു നാലു രാശികളിലും [illegible] നാലു രാശികളിലും അന്യങ്ങളായ നാലു രാശികളിലും ഉദിക്കുന്ന [illegible]

യിരിക്കുമ്പോൾ അജവും മിഥുനവും വൃഷവും ക്രമേണ വീഥികളായി ഭവിക്കുന്നു. ആരൂഢത്തിൽനിന്നു ഉദയം യാവത്താകുന്നു. ഇവിടെ വീഥിവെന്നതിൽനിന്നു മറ്റും അവ തായി ഭവിക്കും. ഇതു സ്ഥിരചക്രത്തിൽ ഗ്രാഹ്യമാകുന്നു. അദ്ധ്വമായ ചക്രത്തിൽ ലഗ്നാംശകം തന്നെ ഛത്രകമായി ഭവിക്കും.

സാ—വീഥിരാശിയെ അറിഞ്ഞിട്ടുവേണം ഛത്രരാശിയെ അറിയേണ്ടതു്. ആദിത്യൻ ഇടവം മിഥുനം കർക്കടകം ചിങ്ങം ഈ രാശികളിൽ നില്ക്കുമ്പോൾ മേടം വീഥിരാശിയാകുന്നു. വൃശ്ചികം ധനുസ്സ് മകരം കുംഭം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ മിഥുനരാശിയും കന്നി തുലാം മീനം മേടം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ ഇടവംരാശിയും വീഥികളാകുന്നു. ആരൂഢരാശിമുതൽ ഉദയലഗ്നം എത്രാമത്തെ രാശിയാണോ മുൻപറഞ്ഞ വീഥിരാശിമുതൽ അത്രാമത്തെ രാശി ഛത്രരാശിയാകുന്നു. ഈ പറയപ്പെട്ടതു് ആരൂഢം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിലേക്കുള്ളതാണു്. ഉദയലഗ്നം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിൽ ലഗ്നത്തിന്റെ അംശകരാശിതന്നെ ഛത്രരാശിയാകുന്നു. ഈ രണ്ടു രാശികളേയും ആരൂഢങ്ങളുടെ പ്രാമാണ്യമനുസരിച്ചു യോജിപ്പിച്ചു ചിന്തിച്ചുകൊള്ളേണ്ടതാണു്. ഇതിനെന്നു തൃതീയവചനസാരം ഇവിടെ സമാപ്തമായി.

നിരന്തരോല്പതാം ഭാനാം കസ്യാപ്യസ്തമുദയസ്സദാ
തസ്മാൽപ്രശ്നേ ലഗ്നാദാരൂഢസ്യൈവ പ്രധാനതാ. ൨൩

അ—നിരന്തരോല്പന്നങ്ങളായ ഭങ്ങളിൽവച്ചു് ഏതെങ്കിലും ഒന്നിന്റെ ഉദയം എപ്പോഴും ഭവിക്കുന്നു. അപ്രകാരമിരിക്കെ യാതൊന്നു ഹേതുവായിട്ടു് ആരൂഢത്തിന്നു ഭവിക്കുന്നു. അതു ഹേതുവായിട്ടു് ഇതിന്നുതന്നെ പ്രധാനത ഭവിക്കുന്നു.

സാ—ഉദയത്തിനും ആരൂഢത്തിനും വിഷയവിഭാഗമനുസരിച്ചു മുഖ്യപ്രാമാണ്യമുണ്ടെന്നുള്ള ഇതരവചനങ്ങളെ കാണിച്ചതിനുശേഷം സ്വാഭിപ്രായത്തെ പറയുന്നു.

ജ്യോതിശ്ചക്രം ആകാശമണ്ഡലത്തിൽ എപ്പോഴും ചുററിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു് അതിൽ അന്തർഭവിച്ചിരിക്കുന്ന രാശികളിൽ ഏതെങ്കിലും ഒന്നു് എപ്പോഴും ഉദിച്ചുകൊണ്ടുതന്നെയിരിക്കും. അതിനാൽ പ്രശ്നത്തിന്നു ഏതു സമയത്തും ഉദയലഗ്നം സിദ്ധിക്കതന്നെ ചെയ്യും. അങ്ങനെ ഉദയലഗ്നം സിദ്ധിക്കുമെന്നിരുന്നിട്ടും ആരൂഢംകൂടി വേണമെന്നുള്ള അപേക്ഷയുള്ളതിനാൽ ആരൂഢത്തിന്നുതന്നെയാണു് പ്രാധാന്യമുള്ളതെന്നു ഗ്രാഹ്യമാകുന്നു. ഇതും പറഞ്ഞതുകൊണ്ടു് ആരൂഢോദയലഗ്നങ്ങളിൽവച്ചു പ്രശ്നചിന്തയിൽ ആരൂഢത്തിനാണു് പ്രാമാണ്യമെന്നു സ്പഷ്ടമാകുന്നു.

പൃഷ്ടസ്യ ദോഷരഹിതസ്യ ഗുണാന്വിതസ്യ
നിർദോഷതാഖിലസൗഖ്യമതുല്യമായുഃ
ദോഷാന്വിതസ്യ വിഗുണസ്യ മൃതിശ്ച രോഗാ
ദൈന്യാദികാശ്ച ഗുണദോഷവിമിശ്രിതസ്യ. ൨൪

അ—ഇതുകൾ ദോഷരഹിതങ്ങളായും ഗുണാന്വിതങ്ങളായുമിരിക്കുമ്പോൾ നിരോഗതയിയായ അഖിലസൗഖ്യവും അതുല്യമായ ആയുസ്സും വാച്യമാകുന്നു. ഇതുകൾ ദോഷാന്വിതങ്ങളും വിഗുണങ്ങളുമായിരിക്കുമ്പോൾ മൃതിയും ഗുണദോഷവിമിശ്രിതങ്ങളായിരിക്കുമ്പോൾ രോഗദൈന്യാദികളും വാച്യമാകുന്നു.

സാ—ലഗ്നം ലഗ്നാധിപൻ അഷ്ടമം അഷ്ടമാധിപൻ ചന്ദ്രൻ ഇതുകൾക്കു് മേൽ പറയപ്പെട്ട ഗുണങ്ങൾ ഉണ്ടായിരിക്കയും ദോഷങ്ങളൊന്നും ഇല്ലാതിരിക്കയും ചെയ്താൽ ആരോഗ്യം മുതലായ സകല സൗഖ്യങ്ങളും ദീർഘായുസ്സും പറയേണ്ടതാണു്. ഇതുകൾക്കു് മുൻപറഞ്ഞ ഗുണങ്ങളൊന്നുമില്ലാതെ ദോഷയുക്തങ്ങളായിരുന്നാൽ മരണംതന്നെ പറയണം. ഇതുകളിൽ ചില ഗുണങ്ങളും ദോഷങ്ങളും ഇടകലർന്നു വന്നാൽ രോഗനിവൃത്തിക്കുറവാതെ വളരെക്കാലം രോഗശയ്യയിൽ കിടന്നു കഷ്ടപ്പെടുന്നതിനും കാലം ഇടവന്നതെന്നു പറയണം.

ലഗ്നം തദീശോഽഷ്ടമതദ്വിപൗ ച ശീതാംശുരേതേ ബലിനോ യദി സ്യുഃ
അന്യോന്യദൃഷ്ടിയോഗേന ച ദീർഘായുഷ്ട്വം പ്രഷ്ടുരായുഷഃ. ൨൫

അ—ലഗ്നം ദേഹമാകുന്നു. അഷ്ടമം ജീവനാകുന്നു. അവറ്റകളുടെ അധിപന്മാരുടെ ബലവും അന്യോന്യദൃഷ്ടിയോഗങ്ങളും പ്രഷ്ടാവിന്റെ ദീർഘമായ ആയുസ്സിന്നായി ഭവിക്കുന്നു.

സാ—ലഗ്നാധിപനെക്കൊണ്ടു ദേഹത്തിന്റെ ശുഭാശുഭങ്ങളെയും അഷ്ടമേശനെക്കൊണ്ടു ജീവന്റെ ശുഭാശുഭങ്ങളെയും ആണു് വിചാരിക്കേണ്ടതു്. അതുകൊണ്ടു് ലഗ്നാധിപനും അഷ്ടമാധിപനും ബലവാന്മാരായിരിക്കയും അവക്കു് യോഗം ദൃഷ്ടി മുതലായ ബന്ധങ്ങളുണ്ടായിരിക്കയും ചെയ്താൽ പ്രഷ്ടാവിന്നു ദീർഘായുസ്സുണ്ടാകുമെന്നു പറയണം. ദേഹത്തിന്റെയും ജീവന്റെയും യഥാവിധമായ ബന്ധമാണല്ലോ ആയുസ്സു് എന്നു പറയുന്നതു്.

ലഗ്നാധിപശ്ച ജീവശ്ച ശുക്രശ്ചാരൂഢകേന്ദ്രഗാഃ
ഏകൈകോ വാപ്യായുഷേ പ്രഷ്ടുഃ കിമു ദ്വൌ കിം പുനസ്ത്രയഃ. ൨൫

അ—ലഗ്നാധിപനും ജീവനും ശുക്രനും ഏകൈകനായിട്ടാണെങ്കിലും ആരൂഢകേന്ദ്രഗനായാൽ പ്രഷ്ടാവിന്നു് ആയുസ്സിന്നായി ഭവിക്കും. ഇവർ രണ്ടുപേരായാൽ എന്തു്? മൂന്നുപേരായാൽ പിന്നെ പറയണമെന്തുണ്ടോ?

സാ—ലഗ്നാധിപൻ വ്യാഴം ശുക്രൻ ഇവരിൽ ഏതെങ്കിലും ഒരു ഗ്രഹം ആരൂഢകേന്ദ്രങ്ങളിൽ നിന്നാൽ പ്രഷ്ടാവിന്നു ദീർഘായുസ്സുണ്ടെന്നു പറയാവുന്നതാണു്. ഇവരിൽ രണ്ടു ഗ്രഹങ്ങളും ആരൂഢകേന്ദ്രങ്ങളിൽ നിന്നാൽ ദീർഘായുസ്സിനെ പറയുന്നതിൽ സംശയിപ്പാനില്ല. മൂന്നു ഗ്രഹങ്ങളുമാണെങ്കിൽ നിശ്ചയമായും പറയുന്ന കാര്യത്തിൽ ഒട്ടും മടിക്കേണ്ട ആവശ്യവുമില്ല.

അന്യോന്യകേന്ദ്രഗാശ്ചൈതേ ദീർഘമായുരിതീതരേ. ൨൬

അ—ഇവർ അന്യോന്യകേന്ദ്രഗന്മാരായിരിക്കുമ്പോഴും ആയുസ്സു് ദീർഘമായി ഭവിക്കും. ഇങ്ങനെ മറ്റാചാര്യന്മാർ പറയുന്നു.

സാ—ലഗ്നാധിപൻ വ്യാഴം ശുക്രൻ ഇവക്കു് ലഗ്നത്തിൽനിന്നു് കേന്ദ്രമെന്നില്ല. എവിടെ നിന്നാലും പരസ്പരകേന്ദ്രഗന്മാരായാൽ ആയുഷ്കരമാണു്. ഇങ്ങിനെ മറ്റു ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

സൌമ്യാസ്ത്രികോണകേന്ദ്രാഷ്ടമഗാ
ദീർഘായുഷേ സഹജഷഷ്ഠായഗാശ്ച പാപാഃ
അന്ത്യാശ്രഗാ മരണശോകകരാശ്ച തേ സ്യുർ-
മാന്ദിസ്ഥിതേ മൃതികരോപി ഗുണേഷു സത്സു. ൨൭

അ—ത്രികോണകേന്ദ്രാഷ്ടമസ്ഥന്മാരായ സൌമ്യന്മാരും സഹജഷഷ്ഠായസ്ഥന്മാരായ പാപന്മാരും ദീർഘായുസ്സിന്നായി ഭവിക്കും. അന്ത്യാശ്രഗന്മാരായ അവർ മരണശോകകരന്മാരായും ഭവിക്കും. മൃതിയിലെ മാന്ദി ഗുണങ്ങൾ സത്തുക്കളായിരിക്കുമ്പോഴും മൃതികരനായി ഭവിക്കും.

സാ—ലഗ്നം രണ്ടു് നാലു് അഞ്ചു് ഏഴു് എട്ടു് ഒമ്പതു് പത്തു് പതിനൊന്നു് ഈ ഭാവങ്ങളിൽ ശുഭഗ്രഹങ്ങൾ നില്ക്കുന്നതും മൂന്നു ആറു് പതിനൊന്നു ഈ ഭാവങ്ങളിൽ പാപഗ്രഹങ്ങൾ വരുന്നതും ദീർഘായുസ്സുണ്ടാക്കുന്ന യോഗങ്ങളാണു്. ഇങ്ങനെ ഗ്രഹസ്ഥിതിവന്നാൽ പ്രഷ്ടാവിന്നു് ദീർഘായുസ്സുണ്ടെന്നു തീർച്ചപറയേണ്ടതാണു്. ഇതു "[illegible] ശുഭഗ്രഹൈഃ" എന്നുള്ള ബൃഹജ്ജാതകവചനത്തിന്റെ സാരമാണു്. ഈ വിധിക്കു വിപരീതന്മാരായി വരുന്ന ഗ്രഹങ്ങൾ രോഗം മരണം മുതലായ അനിഷ്ടങ്ങളെയുണ്ടാക്കും. അതായതു് മൂന്നു് ആറു് പന്ത്രണ്ടു് ഈ ഭാവങ്ങളിൽ ശുഭഗ്രഹങ്ങളും മറ്റു ഭാവങ്ങളിൽ പാപഗ്രഹങ്ങളും വന്നാൽ മരണം രോഗം മുതലായ ദുരിതങ്ങൾ ഫലമാകുന്നു. പിന്നെ സാരം. ശുഭഗ്രഹകേന്ദ്രം മുതലായ ഗുണങ്ങൾ എത്രയുണ്ടായിരുന്നാലും അഷ്ടമത്തിൽ ഗുളികൻ നിന്നാൽ നിശ്ചയമായും മരണംതന്നെ അനുഭവിക്കുമെന്നു പറയേണ്ടതാണു്.

സർവ്വേഷാമപി ദോഷാണാം മാന്ദിർദ്ദോഷപ്രദോƒധികഃ
സോƒതിദോഷകരോ യോഗദൃഗ്ഭാർഗ്ഗവഭേദഗൈഃ. ൨൮

അ—സൂര്യന്മാരായ പാപന്മാരിൽവച്ച് ശനി അധികം ദോഷപ്രദനാകുന്നു. ശനിയുടെ യോഗദൃഗ്ബലവശനായിട്ട് അവൻ അതിദോഷകരനായി ഭവിക്കുന്നു.

സാ—ഗുളികൻ മറ്റുള്ള പാപഗ്രഹങ്ങളേക്കാൾ അധികം ദോഷഫലത്തെ ചെയ്യുന്നവനാണ്. വിശേഷിച്ചു ശനിയുടെ യോഗദൃഷ്ടികളോ ക്ഷേത്ര ഹോരാ നവാംശം മുതലായ വർഗ്ഗബന്ധങ്ങളോ ഉണ്ടായാൽ ഗുളികൻ തനിക്കുള്ള ദോഷങ്ങളേക്കാൾ അത്യധികം ദോഷങ്ങളെ ചെയ്യും.

വരാഹമിഹിരോ ഹോരാഷഷ്ഠാദ്ധ്യായ ഉക്തവാൻ യാൻ
യോഗാൻ മൃതികരാൻ സദ്യസ്തത് സംവാദോ വിചിന്ത്യതാം.

അ—വരാഹമിഹിരൻ ഹോരാഷഷ്ഠാദ്ധ്യായത്തിൽ പെട്ടെന്നുതന്നെ മൃതികരങ്ങളായ യാതൊരു ചില യോഗങ്ങളെ അഭിധാനംചെയ്തു. തത്സംവാദം വിചിന്തിക്കപ്പെടണം.

സാ—വരാഹമിഹിരാചാര്യൻ ഹോരാഗ്രന്ഥത്തിന്റെ ആറാം അദ്ധ്യായത്തിൽ സദ്യോമരണലക്ഷണങ്ങളായ ചില യോഗങ്ങളെ പറഞ്ഞിട്ടുണ്ട്. ആ വക യോഗങ്ങളെ ഇവിടെയും ആയുർവിചാരത്തിലെടുത്തു വിശേഷമായി ചിന്തിച്ചുകൊള്ളേണ്ടതാണ്. ഇതുകൊണ്ട് ആയുർന്നിർണ്ണയത്തിൽ അനേകശാസ്ത്രങ്ങളുടെ സഹകരണം അവശ്യം വേണ്ടതാണെന്നു സൂചിപ്പിക്കുന്നു. "ശശിന്യരിവിനാശഗേ നിധനമാശ്രിതൈഃ പാപകൈഃ" ഏവം വിധങ്ങളായ അരിഷ്ടയോഗപാതങ്ങളും ഹോരയിൽ നിന്നുതന്നെ ഗ്രഹിക്കേണ്ടതാണ്.

വാ—ഏതൽ പ്രശ്നവശാദായുർന്നിരൂപണവിധയം.

അ—ഇത് പ്രശ്നവശം ഹേതുവായിട്ടുള്ള ആയുർന്നിരൂപണവിഷയമാകുന്നു.

സാ—ആയുർവിഷയമായി ഇവിടെവരെ പറയപ്പെട്ടത് പ്രശ്നത്തിൽ ആയുസ്സിനെ നിരൂപിക്കേണ്ട വിധികളാകുന്നു.

വാ—അഥ ജാതകവശാദായുർന്നിരൂപ്യതേ.

അ—അനന്തരം ജാതകവശം ഹേതുവായിട്ട് ആയുസ്സിനെ നിരൂപിക്കപ്പെടുന്നു.

സാ—"ആയുർജ്ജാതകവശേന ജാതകവശാൽ" ഇത്യാദി ഫലനിർണ്ണയക്രമത്തെ ജാതകംകൊണ്ട് ആയുസ്സിനെ ചിന്തിക്കാനുള്ള ക്രമത്തെയാണ് ഇവിടെ സ്വീകരിക്കാൻ പോകുന്നത്.

ഗ്രഹചാരദശാപ്രശ്നഫലസംവാദസംഭവേ
സത്യേ ഫലമാദേശ്യം സൂക്ഷ്മസൂക്ഷ്മമസംശയം. ൨൭
ഇത്യുക്തയാ ഹി ശാസ്ത്രോക്ത്യാ പ്രശ്നജാതകയോരിഹ
സംവാദശ്ചിന്ത്യ ഇത്യായുശ്ചിന്ത്യതേ ജാതകേന ച. ൨൮

അ—ഗ്രഹചാരദശാപ്രശ്നഫലസംവാദസംഭവം സത്യമായിരിക്കുമ്പോൾ സൂക്ഷ്മസൂക്ഷ്മമായ ഫലം അസംശയമാകുംവണ്ണം ആദേശ്യമായി ഭവിക്കുന്നു. എന്നിങ്ങനെയുള്ള ഈ ശാസ്ത്രോക്തി ഹേതുവായിട്ട് ഇവിടെ പ്രശ്നജാതകങ്ങളുടെ സംവാദം ചിന്ത്യമായി ഭവിക്കുന്നു. ഇതു ഹേതുവായിട്ടു ജാതകംകൊണ്ടു ആയുസ്സു ചിന്തിക്കപ്പെടുന്നു.

സാ—പ്രശ്നഫലം ഉൽകൃഷ്ടമായി വരുമ്പോൾ ഗ്രഹചാരഫലവും ദശാഫലവും കൂടി സൂക്ഷ്മമായി കണ്ടാൽ പ്രശ്നസിദ്ധമായ സൂക്ഷ്മഫലത്തെ സംശയിക്കാതെ പറയാം. ഇതുപോലെ പ്രശ്നവശാൽ അനുഭവം കണ്ടാൽ ചാരഫലവും ദശാഫലവും അതിനനുരൂപമായിവരുന്നപക്ഷം അതിലേക്കെല്ലാം സംശയംകൂടാതെ പറയാം. ഇങ്ങനെ ശാസ്ത്രവചനങ്ങൾ ഉദ്ഘോഷിക്കുന്നുണ്ട്. ഇതിനാൽ ജാതകഫലത്തിനും പ്രശ്നഫലത്തിനും തമ്മിൽ ആനുകൂല്യം വരേണമെന്നു സ്പഷ്ടമാകുന്നുവല്ലോ. തന്നിമിത്തം ഈ ഗ്രന്ഥം പ്രശ്നവിഷയമാണെങ്കിലും ജാതകവിഷയത്തിലേക്കുകൂടി സംവാദം സിദ്ധമാകുന്നു. അതിനാൽ ജാതകംകൊണ്ട് ആയുസ്സിനെ ചിന്തിക്കേണ്ട ക്രമത്തെക്കൂടി ഇവിടെ എഴുതുന്നു. ചാരദശാഫലങ്ങളുടെ ഫലം ഇതിന്റെ ഉത്തരാർദ്ധത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെക്കൂടി ഈ ആയുർന്നിരൂപണത്തിൽ യോജിപ്പിച്ചുകൊള്ളണം.

പൂർവകർമ്മഫലം ഭോക്തും ജന്തോർയ്യദിഹ ജീവനം
ആയുഃ തത്കർമ്മശക്ത്യാ സ്യാദ്ദീർഘമദ്ധ്യാല്പതാദികം. ൩൨

അ—ജന്തുവിന്ന് ഇവിടെ പൂർവ്വകർമ്മഫലത്തെ ഭുജിപ്പാനായിക്കൊണ്ടുള്ള ജീവനം യാതൊന്നോ ആയുസ്സ് അതാകുന്നു. കർമ്മശക്തി ഹേതുവായിട്ട് ഇതിന്ന് ദീർഘമദ്ധ്യാല്പതാദികം ഭവിക്കുന്നു.

സാ—കഴിഞ്ഞ ജന്മത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലങ്ങളെ അനുഭവിക്കുന്നതിനാണ് ജന്തുക്കളുടെ ജീവനം. ആ ജീവിച്ചിരിക്കുന്ന കാലത്തെയാണ് ആയുസ്സെന്നു പറയപ്പെടുന്നതു്. ആ പൂർവജന്മകർമ്മത്തിന്റെ ശക്തിപോലെ ആയുസ്സിന്ന് ദീർഘതയും മദ്ധ്യതയും അല്പതയുമുണ്ടാകുന്നതു്.

അവശ്യമനുഭോക്തവ്യം യത് കിഞ്ചിത് ഫലമസ്തി ചേത്
യേന കേനാപി യോഗേന നാഭുക്തം ക്ഷീയതേ ഹി തത്. ൩൩

അ—എന്തെങ്കിലും ഒരു ഫലം ഭവിക്കുന്നതുണ്ടെങ്കിൽ അതു് അവശ്യമനുഭോക്തവ്യമാകുന്നു. ഏതെങ്കിലും ഒരു യോഗംകൊണ്ടു് അതിനെ അനുഭവിക്കാതെ കഴികയില്ല.

സാ—പ്രാരബ്ധകർമ്മഫലം നിശ്ചയമായും അനുഭവിക്കാതെയിരിപ്പാൻ യാതൊരു നിവൃത്തിയുമില്ല. അതു് അനുഭവിച്ചുതന്നെ ഒടുങ്ങണം. അതുകൊണ്ടു് ഏതെങ്കിലും യോഗസംഗതിയുണ്ടായി പ്രാരബ്ധകർമ്മഫലമനുഭവിച്ചിട്ടു മാത്രമേ കഴിക്കാൻ ഇടവരികയുള്ളൂ. പ്രായശ്ചിത്താദികൊണ്ടു കർമ്മങ്ങളെ ഇല്ലാതാക്കാൻ കഴിയുമെങ്കിലും പ്രാരബ്ധകർമ്മം അനുഭവിച്ചുതന്നെ ഒടുങ്ങേണ്ടതാണെന്നാണ് വിദ്വാന്മാരുടെ പക്ഷം. "പ്രാരബ്ധസംഹതിമനാരതമശ്നുവാനഃ" എന്നുള്ള ഭാഗംകൊണ്ടു് ഇതിന്റെ സംബന്ധവും സ്പഷ്ടമാകുന്നതു്.

ശാസ്ത്രാന്തരോദിതം യോഗശബ്ദനിർവ്വചനം തഥാ
യോഗസ്വരൂപസംഖ്യാശ്ച തൽപ്രകാരോऽത്ര ലിഖ്യതേ. ൩൪

അ—യോഗശബ്ദനിർവ്വചനവും അപ്രകാരം യോഗസ്വരൂപസംഖ്യകളും ശാസ്ത്രാന്തരോദിതമാകുന്ന അതിന്റെ പ്രകാരം ഇവിടെ എഴുതപ്പെടുന്നു.

സാ—മനുഷ്യനെ പ്രാരബ്ധകർമ്മം അനുഭവിപ്പിക്കുന്നതു ഗ്രഹങ്ങളുടെ സ്ഥിതിഭേദംകൊണ്ടുള്ള യോഗങ്ങളെന്നാണല്ലോ പറഞ്ഞതു്. അതിനാൽ അങ്ങിനെയുള്ള യോഗങ്ങളുടെ ഭേദങ്ങളും സംഖ്യയും യോഗശബ്ദത്തിന്റെ നിർവ്വചനവും മറ്റു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്. ഇനി അതിന്റെ സമ്പ്രദായത്തെ ഇവിടെ കാണിക്കുന്നു.

ഗ്രഹാണാം സ്ഥിതിഭേദേന പുരുഷം യോജയന്തി ഹി
ഫലൈഃ സ്വകർമ്മസംഭൂതൈരിതി യോഗാഃ പ്രകീർത്തിതാഃ. ൩൫

അ—ഗ്രഹങ്ങളുടെ സ്ഥിതിഭേദം ഹേതുവായിട്ട് സ്വകർമ്മസംഭൂതങ്ങളായ ഫലങ്ങളോടു പുരുഷനെ യോജിപ്പിക്കുന്നു അതു ഹേതുവായിട്ട് യോഗങ്ങളെന്നു പ്രകീർത്തിതങ്ങളായി ഭവിക്കുന്നു.

സാ—ഒരു മനുഷ്യൻ ജനിക്കുമ്പോഴത്തെ അവന്റെ പ്രാരബ്ധകർമ്മങ്ങളെ അപ്പോഴത്തെ ഗ്രഹസ്ഥിത്യാദികൾകൊണ്ടു് ഊഹിക്കാൻ കഴിയും. അപ്രകാരം ജന്മാന്തരകൃതങ്ങളായ കർമ്മഫലങ്ങളുടെ അനുഭവത്തിൽ ജീവികളെ യോജിപ്പിക്കുന്നതിനാലാണ് യോഗങ്ങളെന്നു പറയപ്പെടുന്നതു്. രാജയോഗം, ദരിദ്രയോഗം എന്നും മറ്റും പറയുന്നതിൽ രാജകീയാവസ്ഥ, ദരിദ്രാവസ്ഥ ഇത്യാദികളോടുള്ള യോജിപ്പ് എന്നാണു സാരം. ഇതു നമ്മെ അറിയിക്കുന്നതു് അപ്പോഴത്തെ ഗ്രഹങ്ങളുടെ സ്ഥിതിഭേദമാണല്ലോ. ഈ സ്ഥിതിഭേദം മനുഷ്യന്റെ ജന്മാന്തരകർമ്മപാകത്തെ സൂചകമായി ചെയ്യപ്പെടുന്നതു്. ഇങ്ങിനെ യോഗശബ്ദത്തിന്റെ നിർവ്വചനം പറഞ്ഞുകഴിഞ്ഞു.

[illegible]
[illegible] ൩൬

യോഗാഃ സ്യുഃ ഷഡ്വിധാ സ്ഥാനഭാവഖേചരാഭ്യാം ച സപ്തമഃ
ഉച്ചമൂലത്രികോണാദി ഗ്രഹാണാം സ്ഥാനമുച്യതേ. ൩൮

ഭാവാ ലഗ്നാദയഃ പ്രോക്താഃ ഖേചരാ ഭാസ്കരാദയഃ
ഭാവസ്ഥാനഗ്രഹൈരേവ പ്രോക്തേ യോഗേ യേ യോഗദായകാഃ. ൩൯
തേഷാം ബലീയാൻ കർത്താ സ്യാൽ സ ഏവാസ്യ ഫലപ്രദഃ-ഇതി.

അ—സ്ഥാനംകൊണ്ടും ഭാവംകൊണ്ടും ഖേടന്മാരെക്കൊണ്ടും സ്ഥാനഭാവഖേചരന്മാരെക്കൊണ്ടും സ്ഥാനഭാവസമായോഗംകൊണ്ടും ഭാവഖേചരയോഗംകൊണ്ടും യോഗങ്ങൾ ഷഡ്വിധങ്ങളായി ഭവിക്കുന്നു. സ്ഥാനഖേചരന്മാർ ഹേതുവായിട്ടാകുന്നു സപ്തമമായ യോഗവും ഭവിക്കും. ഉച്ചമൂലത്രികോണാദി ഗ്രഹങ്ങളുടെ സ്ഥാനമെന്നു വചിക്കപ്പെടുന്നു. ഭാവങ്ങൾ ലഗ്നാദികളാകുന്നു. ഖേചരന്മാർ ഭാസ്കരാദികളെന്നു പ്രോക്തങ്ങളാകുന്നു. ഭാവസ്ഥാനഗ്രഹങ്ങളെക്കൊണ്ട് പ്രോക്തമായിരിക്കുന്ന യോഗത്തിൽ യാവ ചിലർ യോഗദാതാക്കളായി ഭവിക്കുന്നു. അവരിൽവെച്ച് ബലിയായിരിക്കുന്ന യാവനൊരുത്തൻ കർത്താവായി ഭവിക്കും. അവൻതന്നെ ഇതിന്റെ ഫലപ്രദനായും ഭവിക്കും.

സാ—ഇവിടെ യോഗത്തിന്റെ സപ്തപ്രകാരത്വവും സംജ്ഞയേയും കാണിക്കുന്നു. യോഗം ഏഴുവിധമാണ്. ൧. സ്ഥാനം, ൨. ഭാവം, ൩. ഗ്രഹങ്ങൾ, ൪. സ്ഥാനങ്ങളും ഭാവങ്ങളും ഗ്രഹങ്ങളും, ൫. സ്ഥാനങ്ങളും ഭാവങ്ങളും, ൬. ഭാവങ്ങളും ഗ്രഹങ്ങളും, ൭. സ്ഥാനങ്ങളും ഗ്രഹങ്ങളും; ഇത്യാദി സാധനങ്ങളുടെ സംബന്ധംകൊണ്ടാകുന്ന യോഗമെന്നു പറയുന്നത്.

സ്ഥാനമെന്നു പറയുന്നത് ഉച്ചം മൂലത്രികോണം സ്വക്ഷേത്രം മുതലായവയാണ്.

ഭാവമെന്നു പറയുന്നത് ലഗ്നം തുടങ്ങിയുള്ള പന്ത്രണ്ടു ഭാവങ്ങളുമാണ്.

ഗ്രഹങ്ങളെന്നു പറയുന്നത് സൂര്യൻ ചന്ദ്രൻ മുതലായ ഗ്രഹങ്ങളാണ്.

ഉച്ചം മുതലായ സ്ഥാനം ലഗ്നാദികളായ ഭാവം സൂര്യാദികളായ ഗ്രഹം ഇവകളുടെ യഥാസംഭവിതമായ യോഗങ്ങളെക്കൊണ്ട് വിധിക്കപ്പെട്ട യോഗങ്ങളിൽ ബലവാനായ ഗ്രഹമാകുന്നു ആ യോഗത്തിന്റെ കർത്താവ്. യോഗത്തെ ഫലത്തെ ദാനംചെയ്യുന്നതിനുള്ള അധികാരവും ആ ബലമേറിയ ഗ്രഹത്തിനുതന്നെയാകുന്നു.

“ശുഭം വർഗ്ഗോത്തമേ ജന്മ” വേശിസ്ഥാനേ ച സദ്ഗ്രഹേ
“അശുഭാന്യപി ച കേന്ദ്രസ്ഥ” കാരകാഖ്യ ഗ്രഹേഷു ച. ൪൦

എന്നുള്ള പദ്യത്തിൽനിന്ന് സ്ഥാനസിദ്ധമായ യോഗവും ഭാവസിദ്ധമായ യോഗവും സ്പഷ്ടമാകുന്നുണ്ട്.

“ശേഷാദ്ദ്വ്യൂനേ രവിശീതാംശൂ ഉഭയതോ സന്നിധിഃ” എന്നു തുടങ്ങിയ ഗ്രഹങ്ങളെക്കൊണ്ടുള്ള യോഗം സ്പഷ്ടമാകുന്നു. ചന്ദ്രകേന്ദ്രാദിസ്ഥാനാദിയോഗങ്ങളെക്കൊണ്ട് സ്ഥാനഭാവഗ്രഹങ്ങളെക്കൊണ്ടുള്ള യോഗം സ്പഷ്ടമാകുന്നു.

“ലഗ്നേ മൂലത്രികോണസ്ഥേ” ഇത്യാദി പദ്യങ്ങളിൽനിന്ന് സ്ഥാനഭാവങ്ങൾകൊണ്ടുള്ള യോഗം സ്പഷ്ടമാകുന്നു.

“ലഗ്നപതിർവ്വാസ്തുമാൻ” ഇത്യാദി ഭാഗങ്ങളിൽനിന്ന് ഭാവഗ്രഹങ്ങളെക്കൊണ്ടുള്ള യോഗം സ്പഷ്ടമാകുന്നു.

“ഉച്ചസ്വക്ഷേത്രസംസ്ഥിതേ” ഇത്യാദി ഭാഗങ്ങളിൽനിന്ന് സ്ഥാനഗ്രഹങ്ങളെക്കൊണ്ടുള്ള യോഗം സ്പഷ്ടമാകുന്നു. ഇത്യാദി നിയമമനുസരിച്ച് ഏഴുവിധമാണല്ലോ യോഗങ്ങളുള്ളത്. ഈ യോഗസ്വരൂപാദി ഇവിടെ ഇങ്ങിനെ പറഞ്ഞുകഴിഞ്ഞു.

യോഗായുശ്ച ദശായുശ്ച ത്വായുരേവം ദ്വിവിധം നൃണാം
യോഗോക്തമായുരൽപ്പായുർദ്ദീർഘായുശ്ച ദശാകൃതം. ൪൧

അ—നൃണാംക്ക് യോഗായുസ്സെന്നും ദശായുസ്സെന്നും ആയുസ്സ് ദ്വിവിധമായിത്തന്നെ ഭവിക്കും. യോഗോക്തമായ ആയുസ്സിനെ യോഗായുസ്സെന്നും ദശാകൃതമായ ആയുസ്സിനെ ദശായുസ്സെന്നും വചിക്കപ്പെടുന്നു.

സാ—മനുഷ്യന്റെ ആയുസ്സ് ("ജീവിതകാലം") രണ്ടുവിധമാണ്. അവയിൽ ഒന്ന് യോഗായുസ്സെന്നും മറ്റേതു ദശായുസ്സെന്നും പറയപ്പെടുന്നു.

'ശരീരവിനാശകരനിയോഗമാകുന്ന' ഇത്യാദി യോഗങ്ങളെക്കൊണ്ട് ആയുസ്സിനെ നിർണ്ണയിക്കുന്നതിന് യോഗായുസ്സെന്നു പറയും. അഷ്ടമാധിപതി മുതലായ മാരക ഗ്രഹങ്ങളുടെ ദശകൊണ്ടു നിർണ്ണയിക്കുന്നതു ദശായുസ്സെന്നു പറയുന്നു. ദശകൾ നക്ഷത്രദശ കാലചക്രദശ ഇങ്ങിനെ പലവിധത്തിലുണ്ട്. ഇവകളുടെയും ആയുർദ്ദായത്തിന്റെയും സംവാദം ദശാവിചാരത്തിൽ ചിന്തിക്കേണ്ടതാണ്.

യോഗായുഃ ഷഡ്വിധം യോഗൈഃ ഷഡ്വിധൈരേവ താൻ വദാമ്യഹം
സദ്യോഽരിഷ്ടാ അരിഷ്ടാഖ്യാ യോഗാരിഷ്ടാഹ്വയാസ്തഥാ. ൩൨
മദ്ധ്യദീർഘാമിതായുർദ്ദാ ഇതി യോഗാസ്തു ഷഡ്വിധാഃ
സദ്യോഽരിഷ്ടാഹ്വയാ യോഗാ വത്സരാന്തർമൃതിപ്രദാഃ. ൩൩
ദ്വാദശാന്തരരിഷ്ടാഖ്യാ നാശകാസ്തേ ശരീരിണഃ
യോഗാരിഷ്ടാഹ്വയാ വിംശദ്വത്സരാന്തർമൃതിപ്രദാഃ. ൩൪

അ—ഷഡ്വിധങ്ങളായ യോഗങ്ങളെക്കൊണ്ട് യോഗായുസ്സ് ഷഡ്വിധമായി ഭവിക്കുന്നു. അതുകളെ പറയുന്നു. സദ്യോരിഷ്ടങ്ങളായ യോഗങ്ങളും അരിഷ്ടാഖ്യങ്ങളായ യോഗങ്ങളും രിഷ്ടയോഗാഹ്വയങ്ങളായ യോഗങ്ങളും മദ്ധ്യദീർഘാമിതായുർദ്ദങ്ങളായ യോഗങ്ങളും ഇങ്ങിനെ യോഗങ്ങൾ ഷഡ്വിധങ്ങളായി ഭവിക്കുന്നു. സദ്യോരിഷ്ടാഹ്വയങ്ങളായ യോഗങ്ങൾ വത്സരാന്തർഭാഗത്തിൽ മൃതിപ്രദങ്ങളാകുന്നു. അരിഷ്ടാഖ്യങ്ങളായ യോഗങ്ങൾ ദ്വാദശാന്തർഭാഗത്തിൽ മൃതിപ്രദങ്ങളാകുന്നു. ഇതുകൾ ദശയെ അപേക്ഷിക്കുന്നില്ല. രിഷ്ടാഹ്വയങ്ങളായ യോഗങ്ങൾ ഇരുപതുവത്സരാന്തർഭാഗത്തിൽ മൃതിപ്രദങ്ങളാകുന്നു.

സാ—യോഗായുസ്സിനെ അറിയിക്കുന്ന യോഗങ്ങൾ ആറുവിധമാണ്. അപ്രകാരം യോഗായുസ്സും ആറുവിധമാകും—൧. സദ്യോരിഷ്ടയോഗം ൨. അരിഷ്ടയോഗം ൩. രിഷ്ടയോഗം. ൪. മദ്ധ്യായുർയ്യോഗം. ൫. ദീർഘായുർയ്യോഗം. ൬. അമിതായുർയ്യോഗം ഇങ്ങനെ ക്രമത്താലെ ആറുവിധമാകുന്നു.

ഇവയിൽ സദ്യോരിഷ്ടയോഗമുണ്ടായാൽ ഒരു വയസ്സിന്നകവും അരിഷ്ടയോഗമുണ്ടായാൽ പന്ത്രണ്ടു വയസ്സിന്നകവും മരണമുണ്ടാകും. ഈ രണ്ടു യോഗങ്ങൾക്കും അനിഷ്ടദശയുടെ സംബന്ധം ചിന്തിക്കേണ്ട ആവശ്യമില്ല. ഈ യോഗത്തിൽ നിർദ്ദേശിക്കപ്പെട്ട വയസ്സിൽതന്നെ മരിക്കുമെന്നു സാരം. രിഷ്ടയോഗമുണ്ടായാൽ ഇരുപതിരുവയസ്സിന്നകം മരണം സംഭവിക്കും.

അല്പായുഃ സപ്തതേരന്തർദ്ദ്വാഗ്രാ യേ മദ്ധ്യമായുഷഃ
ദീർഘായുഷഃ ശതസ്യാന്തർദ്ദശാപേക്ഷാന്വിതാസ്ത്രയഃ. ൩൫

അ—മദ്ധ്യമായുസ്സുകളായ യോഗങ്ങൾ സപ്തതിയുടെ അന്തർഭാഗത്തിൽ മൃതിപ്രദങ്ങളാകുന്നു. ദീർഘായുസ്സുകളായ യോഗങ്ങൾ ശതത്തിന്റെ അന്തർഭാഗത്തിൽ മൃതിപ്രദങ്ങളാകുന്നു. ഈ മൂന്നും ദശാപേക്ഷാന്വിതങ്ങളാകുന്നു.

സാ—മദ്ധ്യമായുർയ്യോഗം എഴുപതുവയസ്സിനുള്ളിൽ മരണത്തെ ചെയ്യും. ദീർഘായുർയ്യോഗം നൂറുവയസ്സിനുള്ളിൽ മരണത്തെ ഉണ്ടാക്കും. രിഷ്ടയോഗം മദ്ധ്യായുർയ്യോഗം ദീർഘായുർയ്യോഗം ഈ മൂന്നു യോഗങ്ങൾക്കും ദശാകാലത്തെ അപേക്ഷകൂടി ചിന്തിക്കേണ്ടതാണ്. ഈ കാലത്തിനുള്ളിൽ മൃത്യുകർത്താവായ ഗ്രഹത്തിന്റെ ദശാകാലം ചിന്തിച്ചറിഞ്ഞു ആ കാലത്തിൽ മരണത്തെ പറഞ്ഞുകൊള്ളണമെന്നു സാരം.

ശതാധികസമാജീവേദ് യോഗേ ജാതോഽമിതായുഷി
ആയുർദ്ദായവിധിം യോഗാ നാപേക്ഷന്തേഽമിതായുഷഃ. ൩൬

അ—അമിതായുസ്സായ യോഗത്തിൽ ജാതനായവൻ ശതാധികസമകൾ ജീവിക്കും. അമിതായുസ്സുകളായ യോഗങ്ങൾ ആയുർദ്ദായവിധിയെ അപേക്ഷിക്കുന്നില്ല.

സാ—അമിതായുർദ്ദായമുണ്ടായാൽ അയാളം ആയുസ്സിന്നുമേൽ അതായതു് പ രമായുസ്സായ നൂററിരുപതുവയസ്സുവരെ ജീവിച്ചിരിക്കും. അമിതായുർദ്ദായത്തിന്നു് മുൻപറ ഞ്ഞ യോഗങ്ങളുടെ ആവശ്യം ആലോചിക്കേണ്ട ആവശ്യമില്ല.

ഏതേ യോഗാസ്തു വിജ്ഞേയാഃ സാരാവല്യാദിശാസ്ത്രതഃ
ത്രിവിധം പുനരായുർദീർഘമദ്ധ്യാല്പതാവശാൽ. ൩൧

അ—ഈ യോഗങ്ങളൊക്കെ സാരാവല്യാദിശാസ്ത്രങ്ങളിൽനിന്നു് വിശേഷമായറി യണം. പിന്നീടു് ആയുസ്സു് ദീർഘമദ്ധ്യമാല്പങ്ങളെന്നു മൂന്നുവിധമായിട്ടും ത്രിവിധമായും ഭവി ക്കുന്നു.

സാ—സന്ധ്യാദിയും മുതലായ ആറു യോഗങ്ങളെ സാരാവലി ഹോരാ ജാതകാഭര ണം മുതലായ ഗ്രന്ഥങ്ങളിൽനിന്നു് അറിഞ്ഞുകൊള്ളണം. മേൽ ശ്ലോകത്തിൽ ആയു സ്സിനെ അല്പായുസ്സു്, മദ്ധ്യായുസ്സു്, ദീർഘായുസ്സു് ഇങ്ങിനെ മൂന്നുവിധം വിഭാഗിക്കുന്നു. ആ യോഗങ്ങളെ താഴെ കാണിക്കുന്നു. സാരാവല്യാദികളിലുള്ള അരിഷ്ടാദിയോഗങ്ങളെ ഇവിടെ എഴുതുക എന്നുവച്ചാൽ ഗ്രന്ഥം വളരെ അധികം വലുതായിത്തീരുമെന്നു് ഭയപ്പെട്ടു് അതി നെ എഴുതിയിട്ടില്ല.

ലഗ്നേശവശപര്യന്തം നിശാസ്വസ്ഥപതി യദി
സമേ ഖലേ യദി വാ ഭവേ സപ്തമമദ്ധ്യചിരായുഷഃ. ൩൨

അ—ലഗ്നാധിപൻ ലഗ്നനവാംശത്തിന്റെ ശത്രുക്ഷേത്രം സമക്ഷേത്രം ബന്ധുക്ഷേത്ര മായി ഭവിക്കുന്നുവെങ്കിൽ സപ്തമമദ്ധ്യചിരായുസ്സുകളായി ഭവിക്കും.

സാ—ലഗ്നാധിപൻ ലഗ്നാൽ അഷ്ടമാധിപനു ബന്ധുവായിപ്പോയാൽ ചന്ദ്രല ഗ്നാൽ അഷ്ടമാധിപന്നു ബന്ധുവായിവന്നാൽ ദീർഘായുസ്സും സമനായിവന്നാൽ മദ്ധ്യായു സ്സും ശത്രുവായിവന്നാൽ അല്പായുസ്സും പറഞ്ഞുകൊള്ളണം.

ചന്ദ്രാംശേശസ്യ തദ്ദ്രേഷ്കാണാംശേശശോഽപി വാ തഥാ
ലഗ്നാദ്വാ വാപി തദ്വൈവം സപ്തമമദ്ധ്യചിരായുഷഃ. ൩൩

അ—ചന്ദ്രാംശേശനും തദ്ദ്രേക്കാണാംശേശനും അല്ലെങ്കിൽ ഭവിക്ക ലഗ്നേശ നും ഇപ്രകാരം ഭവിക്കയാകിലും സപ്തമമദ്ധ്യചിരായുസ്സുകളായി ഭവിക്കും

സാ—ചന്ദ്രനവാംശാധിപനെ ചന്ദ്രനവാംശകരാശിമുതൽ അഷ്ടമാധിപ ന്നു തന്റെ നവാംശത്തിന്റെ അധിപൻ ബന്ധുവായാൽ ദീർഘായുസ്സും സമനായാൽ മദ്ധ്യായുസ്സും ശത്രുവായാൽ അല്പായുസ്സും പറയണം. ചന്ദ്രൻ നില്ക്കുന്ന രാശിയുടെ എട്ടാ മത്തെ രാശിയിൽ ആരാമത്തെ നവാംശത്തിൽ നിന്നാൽ ദ്രേക്കാണാംശകമാകും. ആദി ത്യൻ ലഗ്നാധിപൻ ബന്ധുവായാൽ ദീർഘായുസ്സും സമനായാൽ മദ്ധ്യായുസ്സും ശത്രുവാ യാൽ അല്പായുസ്സും പറഞ്ഞുകൊള്ളണം.

അഥ കേചന ലിഖ്യന്തേ ദീർഘായുർയോഗാ ഇമേ
യോഗാ ബാലാരിഷ്ടനാശായ ക്രൂരഗ്രഹാ ഗ്രഹാഃ. ൩൪
കേന്ദ്രത്രികോണഗാഃ സൌമ്യാഃ ക്രൂരഗ്രഹാ ഗുരുദൃഷ്ടി
ത്രിഷഡേകാദശസ്ഥാനേഷു വിശേഷേണ ഗ്രഹാഃ. ൩൫
ശുഭചന്ദ്രസ്വക്ഷേത്രഗഃ കേന്ദ്രേ ലഗ്നപതൌ സ്ഥിതി
ഋതേ ശനിഭൃഗുഃ സ്ഥിതിർ ബലവാൻ ചാ ദൃഷ്ടേ ദൃഷ്ടാഃ. ൩൬
അന്യയോഗസംഘടനായുർദൈർഘ്യകരാഃ ഇമേ
ആയുഷോ ദീർഘതായാ യോഗാ ലിഖിതാസ്ത്വിമേ കേചന. ൩൭

സാ—അനന്തരം ഇവിടെ ആയുർദൈർഘ്യകരങ്ങളായ ചില യോഗങ്ങളെ ലെഖ നം ചെയ്യപ്പെടുന്നു. വിശേഷശുഭഗ്രഹങ്ങൾ ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിലും ഇ വരെ കേന്ദ്രത്രികോണസ്ഥാനങ്ങളിലെ ത്രിഷഡേകാദശങ്ങളിലും ശുഭ ഭാവങ്ങളിലെ അ

സർവ്വാംശവും വിശേഷേണ ദൃഷ്ടിയും ഗുരുചന്ദ്രന്മാരുടെ യോഗവും പതിയുടെ ലഗ്ന കേന്ദ്രത്തിലെ സ്ഥിതിയും മറ്റുമുള്ള ജന്മദേശസംസ്ഥിതിയും ആയ ഗുണങ്ങളെയും ബലവത്വവും ഇവരുടെ ആയുസ്സംസ്ഥാനവും ആയുർദൈർഘ്യകരങ്ങളായ ഗുണങ്ങളാകുന്നു. അനന്തരം ആയുസ്സിന്റെ അല്പതാപാദകങ്ങളായ ചില ദോഷങ്ങളും ഇവിടെ വിവരിക്കപ്പെടുന്നു.

സാ—ദീർഘായുസ്സിനെ സൂചിപ്പിക്കുന്ന ചില യോഗങ്ങളെ ഇവിടെ കാണിക്കുന്നു.

൧. ലഗ്നത്തിനും ചന്ദ്രനും ബലമുണ്ടായിരിക്കുക.
൨. ലഗ്നത്തിനും ചന്ദ്രനും ശുഭയോഗം വരിക.
൩. ലഗ്നചന്ദ്രന്മാർക്ക് ശുഭദൃഷ്ടിവരിക.
൪. ലഗ്നാൽ കേന്ദ്രങ്ങളിലും ത്രികോണങ്ങളിലും എട്ടിലും അഞ്ചിലും ശുഭന്മാർ നിൽക്കുക.
൫. ഇതുപോലെ ചന്ദ്രനിൽനിന്ന് മേൽപ്പറഞ്ഞ സ്ഥാനങ്ങളിൽ ശുഭന്മാർ നില്ക്കുക.
൬. ലഗ്നാൽ ൩, ൬, ൧൧ ഈ ഭാവങ്ങളിലും ചന്ദ്രനിൽനിന്ന് ഈ ഭാവങ്ങളിലും പാപന്മാർ നിൽക്കുക.
൭. വ്യാഴം ലഗ്നത്തിൽ വരിക.
൮. വ്യാഴവും ചന്ദ്രനുംകൂടി ഒരു രാശിയിൽ വരിക.
൯. ലഗ്നാധിപൻ ലഗ്നത്തിൽനിന്നും ചന്ദ്രലഗ്നാധിപൻ ചന്ദ്രലഗ്നത്തിൽ നിന്നും കേന്ദ്രത്തിൽ വരിക.
൧൦. ലഗ്നാധിപനും ചന്ദ്രലഗ്നാധിപനും ബലവാന്മാരായിരിക്ക.
൧൧. ലഗ്നാധിപൻ ലഗ്നാൽ പതിനൊന്നിലും ചന്ദ്രലഗ്നാധിപൻ ചന്ദ്രലഗ്നാൽ പതിനൊന്നിലും നില്ക്കുക. ഇതെല്ലാം ദീർഘായുസ്സിനെ സൂചിപ്പിക്കുന്ന ലക്ഷണങ്ങളാകുന്നു. ഇനി അല്പായുസ്സിനെ സൂചിപ്പിക്കുന്ന ചില ലക്ഷണങ്ങളെ കാണിക്കുന്നു.

ബലഹാനിസ്തു ലഗ്നേശാദ്യോഃ പാപദൃഷ്ടിസമന്വയൗ
ലഗ്നജന്മേശയോർദൗർബല്യം സ്ഥിതിർവാതിവ്യയാഷ്ടമേ. ൩൭
അന്ന്യയോരപി ദൗർബല്യം പതിവർഗ്ഗോപഗതാവയോഃ
സന്ധ്യായാം ദിക്പ്രദാഹാദിദുർന്നിമിത്തോദ്ഭവാ ജനിഃ. ൩൮
രാശീനാം മൃത്യുഭാഗേഷു സന്ധിഷ്വപി തഥാ ജനിഃ
[illegible] ൩൯
ദ്വിത്യാ നാഡീ [illegible] നിത്യം മൃത്യുയോഗാ ഭജാതികേ
മൃത്യുയോഗസ്ഥചന്ദ്രസ്യ സ്ഥിതിഃ കേന്ദ്രേഷു വാഷ്ടമേ. ൪൦
കേന്ദ്രായുർമൃത്യുയോഗസ്ഥഃ പാപഗ്രഹസമന്വിതഃ
ചന്ദ്രോ രന്ധ്യോ നവമോ മിത്ര ദൃഷ്ടിഹീനശ്ച ചിരം നയം. ൪൧
ഗോചരാന്ത്യ മന്ദാദ്യം മൃത്യുയോഗാ വിയോഗജാത്
ഗ്രഹദൃഷ്ടസ്യ ചന്ദ്രസ്യ സ്ഥിതിരഷ്ടമഷഷ്ഠയോഃ. ൪൨
ശുഭാനാം വക്രിതിഃ പാപൈർദൃഷ്ടാനാം പാപ സംസ്ഥിതിഃ
കേന്ദ്രത്രികോണരന്ധ്രേഷു ശുഭൈഃ പാപയുതസംസ്ഥിതിഃ. ൪൩
അല്പായുഷ്കാരകാ ദോഷാ ഇതി കേചിത് പ്രകീർത്തിതാഃ. ൪൪

അ—വിലഗ്നജന്മാധിപന്മാർക്കു ബലഹാനിയും പാപദൃഷ്ടിസമ്പന്ധങ്ങളും ലഗ്നാധിപ ചന്ദ്രാധിപന്മാർക്ക് ദൗർബല്യവും അതിവ്യയാഷ്ടമത്തിലുള്ള സ്ഥിതിയും ഇവരുടെ ദൗർബല്യവും പതിവർഗ്ഗോപഗതങ്ങളും സന്ധ്യയും ദിക്പ്രദാഹാദിദുർന്നിമിത്തങ്ങളും സമ്പൂർണ്ണമായിരിക്കാത്തുള്ള ജനനവും രാശികളുടെ മൃത്യുഭാഗങ്ങളിലും സന്ധികളിലുമുള്ള ജനനവും ഗണ്ഡാന്ത

ലഗ്നചന്ദ്രന്റെ (?) കേന്ദ്രങ്ങളിലും അഷ്ടമത്തിലുമുള്ള സ്ഥിതിയും കേന്ദ്രാദ്യൎക്ഷമൃത്യുഭാഗസ്ഥവിധുവിന്റെ അസ്തസമനായവും (?) ഗ്രഹദൃഷ്ടനായ ചന്ദ്രന്റെ ഷഷ്ഠാഷ്ടമങ്ങളിലെ സ്ഥിതിയും വക്രികളായ പാപന്മാരാൽ ദൃഷ്ടന്മാരായ ശുഭന്മാരുടെ ഷഷ്ഠാഷ്ടമങ്ങളിലെ സ്ഥിതിയും അപ്രകാരംതന്നെ കേന്ദ്രത്രികോണാദിസ്ഥാനങ്ങളിൽ അശുഭസ്ഥിതിയും ഇങ്ങിനെ അല്പായുൎദ്യോതകങ്ങളായ ചില യോഗങ്ങൾ പ്രകീൎത്തിതങ്ങളായി ഭവിക്കുന്നു. പിന്നെ, ധനം, ഖരം, ക്രൂരം, മന്ത്രം, ദിനം, വാനം, ഗിരീശ, ദിവ്യ, നാരീ, വരാ, നിത്യം ഇങ്ങിനെ മേഷാദികളിലുള്ള മൃത്യുഭാഗം ഭവിക്കുന്നു. ചന്ദ്ര, രവി, ഖര, മിത്രാ, ശ്രുതി, കാൎയ്യം, ചിത്രം, ഖരം, ഗോപ, മാതൃ, മനു, രമ്യം ഇങ്ങിനെ വിധുവിന്ന് അജാദിയിൽനിന്നു തുടങ്ങി മൃത്യുഭാഗങ്ങൾ ഭവിക്കുന്നു.

സാ—അല്പായുസ്സൂചകങ്ങളായ ചില യോഗങ്ങളെയാണ്' താഴെ എഴുതുന്നതു്.

൧. ലഗ്നത്തിനും ചന്ദ്രനും ബലഹാനി.
൨. ഗുരുകേന്ദ്രത്തിനും പാപയോഗം.
൩. ഉദയത്തു പാപദൃഷ്ടി.
൪. ലഗ്നാധിപനും ചന്ദ്രലഗ്നാധിപനും മൌഢ്യം.
൫. ലഗ്നാധിപനും ചന്ദ്രലഗ്നാധിപനും അതാതു ലഗ്നങ്ങളിൽനിന്ന്' ആറെട്ടുപന്ത്രണ്ടിൽ നിൽക്കുക.
൬. ലഗ്നാധിപനും ചന്ദ്രലഗ്നാധിപനും ബലമില്ലായ്ക.
൭. സൂൎയ്യനോ ചന്ദ്രനോ പരിവേഷമോ ഗ്രഹണമോ വരിക.
൮. സന്ധ്യാസമയം.
൯. ദിക്കുകൾ കത്തുന്നതുപോലെ തോന്നുക (?).
൧൦. കൊള്ളിമീൻ വീഴുക.
൧൧. ഭൂകമ്പം മുതലായ ദുൎന്നിമിത്തങ്ങളുണ്ടാകുക. ഈ സമയങ്ങളിലെ ജനനം.
൧൨. രാശികളുടെ മൃത്യുഭാഗങ്ങളിൽ ജനിക്കുക.
൧൩. രാശിസന്ധികളിൽ ജനിക്കുക.
൧൪. ചന്ദ്രൻ മൃത്യുഭാഗത്തിൽ കേന്ദ്രങ്ങളിലോ അഷ്ടമത്തിലോ നിൽക്കുക; അല്ലെങ്കിൽ പാപന്മാരോടുകൂടി ശുഭന്മാർ നോക്കാത്ത ഭാവങ്ങളിൽ നിൽക്കുക.
൧൫. അഥവാ പക്ഷത്തിലും ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി ആറിലോ എട്ടിലോ നിൽക്കുക.
൧൬. വക്രത്തിലുള്ള പാപന്മാരുടെ ദൃഷ്ടിയോടുകൂടി ശുഭഗ്രഹങ്ങൾ ആറിലോ എട്ടിലോ നിൽക്കുക.

൧൭. കേന്ദ്രങ്ങളിലോ ത്രികോണങ്ങളിലോ എട്ടാമേടത്തോ പാപഗ്രഹങ്ങൾ വരികയുമൊക്കെ അല്പായുസ്സിനെ സൂചിപ്പിക്കുന്ന യോഗലക്ഷണങ്ങളാകുന്നു. ലഗ്നസ്ഫുടത്തിൽ മേടത്തിൽ ൧-ം ഇടവത്തിൽ ൯-ം മിഥുനത്തിനു ൨൨-ം കൎക്കടകത്തിനു ൨൨-ം ചിങ്ങത്തിനു ൨൫-ം കന്നിക്ക ൨-ം തുലാത്തിനു ൪-ം വൃശ്ചികത്തിനു ൨൩-ം ധനുവിന്നു ൧൮-ം മകരത്തിനു ൨൦-ം കുംഭത്തിനു ൨൪-ം മീനത്തിനു ൧൦-ം തീയതി തികഞ്ഞാൽ പിന്നത്തെ തീയതി തികയുന്നതുവരെയുള്ള കാലം ലഗ്നത്തിനു മൃത്യുഭാഗങ്ങളാകുന്നു. ചന്ദ്രസ്ഫുടത്തിൽ മേടത്തിൽ ൨൬-ം ഇടവത്തിൽ ൧൨-ം മിഥുനത്തിനു ൧൩-ം കൎക്കടകത്തിനു ൨൫-ം ചിങ്ങത്തിനു ൨൪-ം കന്നിക്ക ൧൧-ം തുലാത്തിനു ൨൬-ം വൃശ്ചികത്തിനു ൧൪-ം ധനുവിന്നു ൧൩-ം മകരത്തിനു ൨൫-ം കുംഭത്തിനു ൫-ം മീനത്തിനു ൧൨-ം തീയതി തികഞ്ഞു പിന്നത്തെ തീയതി തികയുന്നതുവരെയുള്ള കാലം ചന്ദ്രന്റെ മൃത്യുഭാഗങ്ങളാണ്". ഗ്രഹങ്ങളുടെ വക്രം സാമാന്യേന ശുഭകരമാണെങ്കിലും പാപന്മാരുടെ വക്രം "വക്രിണഃ പാപൈർ ദൃഷ്ടാനാമായു" എന്ന വാക്യംകൊണ്ട്' ദോഷമാണെന്നു സൂചിപ്പിച്ചിരിക്കുന്നു.

"വക്രം ഗതസ്യ ഹി ഭവേദ്ബലമുത്തമം ച കിലാല വക്രവൽ പുരുഷം
വ്യസനാനി വിപുലവിഭവം കുരുതേ പാപസ്യ ന ശുഭസ്യ"

ഇത്യാദി വചനങ്ങളും അതിന്നനുകൂലമായി കാണുന്നു.

ദീർഘായുഷോ ഗുണേഷു സ്യുഃ സത്സു ദോഷേഷ്വനായുഷഃ
കല്പ്യമായുർവിമിശ്രേഷു തേഷാമല്പാധികത്വതഃ. ൭൨

അ—ഗുണങ്ങൾ സത്തുക്കളായിരിക്കുമ്പോൾ ദീർഘായുസ്സുകളായും ദോഷങ്ങൾ സത്തുക്കളായിരിക്കുമ്പോൾ അനായുസ്സുകളായും ഭവിക്കും. ഗുണദോഷങ്ങൾ വിമിശ്രങ്ങളായിരിക്കുമ്പോൾ അവകളുടെ അല്പാധികത്വം ഹേതുവായിട്ട് ആയുസ്സു കല്പ്യമായി ഭവിക്കുന്നു.

സാ—ഇവിടെ ആയുർന്നിരൂപണവിഷയമായി മുൻപറഞ്ഞ ഗുണങ്ങളുണ്ടെങ്കിൽ ദീർഘായുസ്സായിരിക്കും. മുൻപറഞ്ഞ ദോഷങ്ങളാണ് അധികമുള്ളതെങ്കിൽ ആയുസ്സു കുറഞ്ഞിരിക്കും. ഗുണങ്ങളും ദോഷങ്ങളും ഇടകലർന്നു വന്നാൽ അതിന്റെ കൂടുതൽകുറവിനെ നിശ്ചയപ്പെടുത്തി ഗുണം കൂടുതലും ദോഷം കുറവുമാണെന്നു കണ്ടാൽ ദീർഘായുസ്സെന്നും ഇതിനു വിപരീതമായി ദോഷം ഏറിയും ഗുണം കുറഞ്ഞും കണ്ടാൽ അല്പായുസ്സെന്നും പറഞ്ഞുകൊള്ളണം.

ഏവം പ്രശ്നവശാച്ച ജാതകവശാൽ കൃത്വായുഷോ നിർണ്ണയം
നിർണ്ണീതേ മരണസ്യ രോഗസമയൗ വാച്യാവഥോ രോഗിണാം
നിർണ്ണീതം യദി ജീവിതം തു ശമനാരംഭാദികം വാ തയോഃ
സന്ദിഗ്ദ്ധം യദി തദ്ദ്വയം തദുചിതം ബ്രൂയാൽ സുധീർല്ലക്ഷണം. ൭൩

അ—ഇങ്ങിനെ പ്രശ്നവശം ഹേതുവായും ജാതകവശം ഹേതുവായും ആയുസ്സിന്റെ നിർണ്ണയത്തെ ചെയ്തിട്ടു മരണം നിർണ്ണീതമായിരിക്കുമ്പോൾ അനന്തരം രോഗികൾക്ക് ഇതിന്റെ രോഗസമയങ്ങൾ വാച്യങ്ങളായി ഭവിക്കുന്നു. ജീവിതം നിർണ്ണീതമായി ഭവിക്കുന്നു എങ്കിൽ അവകളുടെ ശമനാരംഭാദികവും വാച്യമാകുന്നു. സന്ദിഗ്ദ്ധം ഭവിക്കുന്നുവെങ്കിൽ സുധിയായിരിക്കുന്നവൻ തദുചിതമായ ലക്ഷണത്തെ പറയണം.

സാ—പ്രശ്നംകൊണ്ടും ജാതകംകൊണ്ടും വിധിപ്രകാരം ആയുസ്സിനെ വിചാരിച്ചു മരിക്കുമെന്നു തീർച്ചവന്നാൽ ഇന്ന രോഗംകൊണ്ട് ഇന്ന സമയത്തു മരിക്കുമെന്നു പറയേണ്ടതാണ്. ആയുർബലമുണ്ടെന്നു കണ്ടാൽ രോഗം ഇന്ന കാലത്ത് ആരംഭിച്ചു എന്നും ഇന്നകാലത്തു ശമിക്കുമെന്നും പറയണം. രോഗം ശമിക്കുമോ മരിക്കുമോ എന്നു സംശയം വരുന്ന ഘട്ടങ്ങളിൽ ഛിദ്രഗ്രഹകാലങ്ങളാദികളിൽനിന്നു ലക്ഷണങ്ങളെ സംഗ്രഹിച്ചു പറഞ്ഞുകൊള്ളണം. അതായതു ഇന്നിന്ന ലക്ഷണങ്ങളുണ്ടായാൽ മരിച്ചുപോകുമെന്നും ഇന്ന സമയം കഴിഞ്ഞുകിട്ടിയാൽ മരിക്കയില്ലെന്നും മറ്റും നല്ലപോലെ ആലോചിച്ചു പറഞ്ഞുകൊള്ളണം.

വാ—ഏതൽ ജാതകവശാദായുർന്നിരൂപണവിഷയം.

അ—ഇതു ജാതകവശം ഹേതുവായിട്ടുള്ള ആയുർന്നിരൂപണവിഷയമാകുന്നു.
സാ—ഇവിടെ പറഞ്ഞതു ജാതകംകൊണ്ട് ആയുസ്സിനെ നിരൂപിക്കേണ്ട ക്രമത്തെയാണ്.

ഇതി പ്രശ്നമാർഗ്ഗേ നവമോദ്ധ്യായഃ.

ഇങ്ങിനെ പ്രശ്നമാർഗ്ഗത്തിൽ ഒൻപതാമദ്ധ്യായം അവസാനിച്ചു.

അഥ ദശമാധ്യായപ്രാരംഭഃ.

വാ—അഥ മരണകാലശ്ചിന്ത്യതേ.

അ—അനന്തരം മരണകാലം ചിന്തിക്കപ്പെടുന്നു.

സാ—കരിഷ്ടദോഷകരമായ തീർപ്പുവന്നാൽ ഇന്നകാലത്താണു മരിക്കുന്നതെന്നു പറയേണ്ടതാണെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. അതിനാൽ മരണകാലത്തെ നിശ്ചയിക്കാനുള്ള പ്രകാരം പറയുന്നു.

പ്രശ്നേനാപി ച ജാതകേന ച മൃതൗ ചിന്ത്യം ഹി കാലാദികം
തത്ര പ്രാക് സമയശ്ച ദേശ ഉപായോ ദേഹസ്യ സംചിന്ത്യതേ
ചാത്മ കാലചിഹ്നാനാം ചൈവ മൃതേരപ്യാദൈരനർത്ഥാദശ-
മദായാസ്തുദിനാശ്രിതമിതണാദയൈ വിലഗ്നാദ് വാ. ൧

അ—പ്രശ്നംകൊണ്ടും ജാതകംകൊണ്ടും മൃതിയുടെ കാലാദികം ചിന്ത്യമാകുന്നു. അവിടെ മുൻപേ മനുഷ്യരുടെ സമയവും ദേശവും ദേഹവും സംചിന്തിക്കപ്പെടുന്നു. ദശാപഹാരങ്ങൾകൊണ്ടും അഷ്ടമാദിഭാവങ്ങൾകൊണ്ടും വിലഗ്നത്തെക്കൊണ്ടും മൃതിയുടെ കാലചിഹ്നങ്ങൾ കാണ്മാകുന്നു.

സാ—മരണത്തിന്റെ കാരണവും അതിന്റെ കാലവും ദേശവും ജാതകംകൊണ്ടും പ്രശ്നംകൊണ്ടും ചിന്തിക്കപ്പെടേണ്ടതാണ്. അവയിൽ ഇവിടെ മുഖ്യമായിട്ട് ജാതകംകൊണ്ടു മേൽപറഞ്ഞവയെ ചിന്തിച്ചറിയുന്നതിനുള്ള ന്യായത്തെയാണ് പറയുന്നത്. എന്നാൽ മരണകാലത്തെ നിശ്ചയിക്കേണ്ടത് മുൻപറഞ്ഞ യോഗങ്ങൾകൊണ്ടും ദശാപഹാരം മുതലായവകൊണ്ടും ശനി വ്യാഴം സൂര്യൻ ചന്ദ്രൻ ഇവരുടെ സഞ്ചാരംകൊണ്ടും ലഗ്നാദികൊണ്ടും ആകുന്നു.

യോഗസ്യ സത്ത്വേ യോഗകാലവശമാത്ര മൃതിർഭവേൽ
ദശാപഹാരാദിതയോഗസമ്പാദോപി ചിന്ത്യതാം. ൨

അ—യോഗങ്ങൾ സത്തുക്കളായിരിക്കുമ്പോൾ യോഗകാലവശാൽ മൃതി ഭവിക്കും. ദശാപഹാരാദികളായ യോഗത്തിൽ തത്സംബന്ധവും ചിന്തിക്കപ്പെടണം.

സാ—അല്പായുസ്സൂചകങ്ങളായ യോഗങ്ങൾ (അവയുടെ ചുരുക്കം കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.) ഉണ്ടെങ്കിൽ അവയിൽ പറഞ്ഞിട്ടുള്ള വയസ്സിൽ മരണം സംഭവിക്കും. ദശയുടെ അനുകൂല്യംകൂടി ചിന്തിക്കണം. യോഗങ്ങളുണ്ടെങ്കിൽ ദശാദികൾകൂടി ചിന്തിച്ചുവേണം മരണം നിശ്ചയിക്കേണ്ടത്.

ദശാപഹാരചാരേഷു ഗ്രഹാണാം മാരകാദിനു
മരണം നിർദ്ദിശേത് സൂനാം യോഗദോഷാദിവശതഃ ചിന്ത്യ. ൩

അ—ഗ്രഹങ്ങളുടെ മാരകന്മാരായിട്ടുള്ള ദശാപഹാരചാരങ്ങളിൽ നൃണാം മരണത്തെ നിർദ്ദേശിക്കണം. ഈ വിധി യോഗാഭാവത്തിൽ ചിന്ത്യമാകുന്നു.

സാ—മാരകന്മാരായ ഗ്രഹങ്ങളുടെ ദശ, അപഹാരം, ചാരം, ഇവകൾ അനുകൂലിച്ചു വരുന്ന കാലത്തു മരണം സംഭവിക്കുമെന്നു പറയണം. ഇന്നിന്ന ഗ്രഹങ്ങൾ ഇന്നിന്ന സ്ഥാനങ്ങളിൽ നിന്നാൽ ഇത്രാമത്തെ വയസ്സിൽ മരിക്കുമെന്നുള്ള യോഗങ്ങളൊന്നും ജാതകത്തിൽ ഇല്ലെങ്കിൽ മാത്രമേ ഇങ്ങിനെ പറയാവൂ. സദ്യോരിഷ്ടയോഗം അരിഷ്ടയോഗം അല്പായുസ്സ്യോഗം ഈ മൂന്ന യോഗങ്ങൾക്കും ദശാപഹാരചാരങ്ങൾ ചിന്തിക്കേണ്ട ആവശ്യമില്ല. അരിഷ്ടയോഗം മദ്ധ്യായുസ്സ്യോഗം ദീർഘായുസ്സ്യോഗം ഈ മൂന്ന യോഗങ്ങൾക്കും അനിഷ്ടങ്ങളായ ദശാപഹാരചാരങ്ങളുടെ അനുകൂല്യത്തെക്കൂടി ചിന്തിച്ചുകൊള്ളണം.

മൂ—അഥ ദോഷദാ ദശാപഹാരാ ഉച്യന്തേ.

അ—അനന്തരം ദോഷങ്ങളായ ദശാപഹാരങ്ങളെ പറയപ്പെടുന്നു.

സാ—ഇനി രോഗം മരണം മുതലായ അനിഷ്ടഫലങ്ങളെ സൂചിപ്പിക്കുന്ന ദശകളും അപഹാരങ്ങളും ഇന്നിന്നവയാകുന്നു എന്നറിയുന്ന ക്രമത്തെ വിവരിക്കുന്നു.

ലഗ്നാദ്വാ യദി ജന്മതോ മൃതിപതിർമൃത്യുസ്ഥതദ്വീക്ഷകൌ
മാന്ദിഃ ക്രൂരദൃഗാണപോ ഗുളികപസ്തത്ത്ര്യംശപഃ
തേഷ്വേകോ യദി ദുർബ്ബലോ ജനിമതാം യോഽനിഷ്ടഭാവേ സ്ഥിതഃ
പാപാലോകിതസംയുതോഽസ്യ ഹി ദശാ വാന്തർദ്ദശാ മൃത്യുദാ. ൫

അ—ലഗ്നത്തിൽനിന്നും ജന്മത്തിൽനിന്നും മൃതിപതികളും മൃത്യുസ്ഥതദ്വീക്ഷകരായും മാന്ദിയും ക്രൂരദൃഗാണപനും ഗുളികപനും തൽത്രിംശാംശപനും ആകുന്ന ഇവരിൽവെച്ച് യാതൊരുത്തൻ ഏറ്റവും ദുർബ്ബലനായി അനിഷ്ടമായ ഭാവത്തിൽ സ്ഥിതനായി പാപാവലോകിതസംയുതനായി ഭവിക്കുന്നു. ഇവന്റെ ദശയോ അന്തർദ്ദശയോ മൃത്യുദയായി ഭവിക്കുന്നതുമല്ലോ.

സാ—ജന്മലഗ്നരാശിയുടെ അഷ്ടമാധിപതി ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അഷ്ടമാധിപതി ലഗ്നത്തിന്റേയും ചന്ദ്രലഗ്നത്തിന്റേയും അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹങ്ങളും അവിടെ നോക്കുന്ന ഗ്രഹങ്ങളും ഇരുപത്തിരണ്ടാം ദ്രേക്കാണനാഥൻ ചന്ദ്രലഗ്നാൽ ഇരുപത്തിരണ്ടാം ദ്രേക്കാണനാഥൻ ഗുളികൻ നില്ക്കുന്ന രാശിയുടെ അധിപൻ ഇപ്രകാരത്തെ ഗ്രഹങ്ങളും നില്ക്കുന്ന രാശികളുടെയും അംശകിച്ചിരിക്കുന്ന രാശിയുടെയും അധിപന്മാർ ആകുന്ന ഇവരിൽവെച്ച് ഏറ്റവും ബലഹീനനായ ഗ്രഹം അനിഷ്ടഭാവങ്ങളിൽ പാപഗ്രഹങ്ങളുടെ ദൃഷ്ടിയോഗങ്ങളോടുകൂടി വന്നാലോ ആ ഗ്രഹത്തിന്റെ ദശയിലോ അപഹാരത്തിലോ മരണം ഉണ്ടാകുന്നതാണ്. ഈ യോഗം മന്നിലധികം ഗ്രഹങ്ങൾക്കു യോജിക്കുമെങ്കിൽ അവരിൽ ഏറ്റവും ബലഹീനനെ മരണകർത്താവെന്നു നിശ്ചയിക്കേണ്ടതാണ്.

പാപാനാം ച ദശാന്തരാപഹൃതിഷു സതാം ചിന്തനീയോഽത്ര മൃത്യു-
ർഗ്ഗോമാസർക്കർക്ഷപാനാമപി നിജജനിതോ ദോഷദഃ പാകകാലഃ
ചിത്ര്യാദീനാം ദശാനാം യുഗപദവസിതിര്യത്ര കാലഃ സ കഷ്ടഃ
സൂക്ഷ്മാണാം വാ ദശാനാമവസിതിരശുഭാ ദോഷദാനാം വിശേഷാൽ.

അ—പാപന്മാരുടെ ദശയിൽ അന്യന്മാരുടെ അപഹൃതി ഭവിക്കുന്നതാകുമ്പോൾ ഇവിടെ മൃത്യു ചിന്തനീയമായി ഭവിക്കുന്നു. നിജജനിതത്തിൽനിന്ന് ഗോമാസർക്കർക്ഷപന്മാരുടെ പാകകാലവും ദോഷദമായി ഭവിക്കുന്നു. ചിത്ര്യാദികളായ ദശകളുടെ ഏക കാലത്തിങ്കലെ അവസിതി യാതൊരു കാലത്തു ഭവിക്കുമോ ആ കാലം കഷ്ടമായി ഭവിക്കുന്നു. സൂക്ഷ്മകളായ ദശകളുടെ അവസിതിയും അശുഭയായി ഭവിക്കുന്നു. ദോഷദമായികളായ ദശകളുടെ അവസിതി വിശേഷിച്ചും അശുഭയായി ഭവിക്കുന്നു.

സാ—പാപഗ്രഹങ്ങളുടെ ദശയിൽ പാപഗ്രഹങ്ങളുടെ അപഹാരം വരുന്നകാലം മരണകാലമാകുന്നു. ജന്മനക്ഷത്രത്തിന്റെ ൩-൫-൭ ഈ നാളുകളുടെ അധിപന്മാരുടെ ദശാകാലവും അനിഷ്ടംതന്നെയാണ്. അശ്വകയോ ഉച്ചമോ നീചമോ ക്ഷയചക്രമോ നക്ഷത്രമോ മുതലായിട്ടു ഇങ്ങിനെ ദശകൾ അനേകങ്ങളുണ്ട്. ഇവയിൽ രണ്ടിലധികം അനിഷ്ടദശകളുടെ സന്ധി ഒരുമിച്ചു വന്നാൽ ആ കാലവും മരണം സംഭവിക്കാം. പുറമെ അല്ലാത്ത ദശകളുടെയും സന്ധി അനിഷ്ടകാലംതന്നെയാണ്. വിശേഷിച്ചു മുൻപറഞ്ഞ അനിഷ്ടന്മാരായ ഗ്രഹങ്ങളുടെ ദശയുടെ സന്ധികാലം ഏറ്റവും ദോഷകരമാണ്.

ദോഷോ രന്ധ്രാധിപത്യാദിജാതഃ സർവ്വദശാസ്വപി
ദശാസ്വാദ്യാവസാനേ ച ഗോമാസർക്ഷാധിപത്യജഃ. ൭

അ—രന്ധ്രാധിപത്യാദിജാതമായ ദോഷം സർവ്വദശാസ്വായി ഭവിക്കുന്നു. ഗോമാസർക്ഷാധിപത്യജമായ ദോഷം ആദ്യാവസാനകളായ ദശകളിൽതന്നെ ഭവിക്കുന്നു.

സാ—അഷ്ടമാധിപത്യം മുതലായ ദോഷവശം ഹേതുവായിട്ട് അവരുടെ ദശകളും കാലചക്രദശ മഹാദശ മുതലായ എല്ലാ ദശകളിലും ചിന്തിക്കാവുന്നതാണ്. മൂഢന്മാരും കേന്ദ്രാധിപന്മാരുടെ ദശാദോഷങ്ങൾ നക്ഷത്രദശയിൽ മാത്രമേ ചിന്തിക്കേണ്ട ആവശ്യമുള്ളൂ. മറ്റു ദശകളിൽ ചിന്തിക്കേണ്ടതില്ല.

ദശാ നീചസ്ഥമൂഢാനാം നിയമേന മൃതിപ്രദാ
കാലചക്രദശായാസ്തു വിശേഷോഽത്ര നിരൂപ്യതേ. ൧

അ—നീചസ്ഥമൂഢന്മാരുടെ ദശ നിയമേന മൃതിപ്രദമാകുന്നു. കാലചക്രദശയുടെ വിശേഷം അനന്തരം നിരൂപിക്കപ്പെടുന്നു.

സാ—നീചത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റേയും മൗഢ്യമുള്ള ഗ്രഹത്തിന്റേയും ദശയിൽ നിശ്ചയമായും മരണം സംഭവിക്കുമെന്നു പറയണം. ഇവരുടെ അപഹാരാദികളും മരണപ്രദങ്ങളാണ്. കാലചക്രദശയ്ക്ക് പ്രത്യേകമായി ചില ഗുണദോഷങ്ങളുണ്ട്. അതിനെയാണ് ഇനി പറയാൻ പോകുന്നതു.

മീനാദ്വൃശ്ചികഗം പ്രയാത്യഥ തഥാ ചാപാദഥോ കർക്കടം
സിംഹാദ്വാ മിഥുനം തതോപി ഹരിഭം ചാപാച്ച മേഷം തഥാ
കഷ്ടാ സ്യാദിഹ തൽപ്രവാസസമയഃ കഷ്ടാ ദശാ ചോത്തരാ
ചാരോ രാശ്യതിക്രമേണ ക്രൂരോ രാശ്യന്തരേനാഥാഽക്രൂരഃ. ൨

അ—മീനത്തിൽനിന്നു വൃശ്ചികത്തെയും ചാപത്തിൽനിന്നു അപ്രകാരം കർക്കടകത്തെയും സിംഹത്തിൽനിന്നു മിഥുനത്തെയും അതിൽനിന്നു ഹരിഭത്തെയും അപ്രകാരം ചാപത്തിൽനിന്നു മേഷത്തെയും പ്രാപിക്കുമെങ്കിൽ ഇവിടെ തൽപ്രവാസസമയം കഷ്ടമായി ഭവിക്കുന്നു. ഉത്തരയായ ദശയും കഷ്ടമായി ഭവിക്കും. രാശ്യതിക്രമത്തോടുകൂടിയ ചാരം ക്രൂരമായി ഭവിക്കും. രാശ്യന്തരസഹിതമായ ചാരം അക്രൂരമായി ഭവിക്കും.

സാ—മീനം രാശിയിൽനിന്നു വൃശ്ചികം രാശിയിലേക്കും കന്നിരാശിയിൽനിന്നു കർക്കടകരാശിയിലേക്കും ചിങ്ങത്തിൽനിന്നു മിഥുനത്തിലേക്കും മിഥുനത്തിൽനിന്നു ചിങ്ങത്തിലേക്കും ധനുവിൽനിന്നു മേടത്തിലേക്കും ഇങ്ങിനെ രാശിയുടെ ക്രമംവിട്ടു സഞ്ചരിക്കുന്നതു കഷ്ടമാണ്. കാലചക്രദശയിൽ രാശിയുടെ ആധിപത്യംകൊണ്ടാണ് ദശാനാഥന്മാരെ നിശ്ചയിക്കുന്നതു. എന്നാൽ മീനം രാശിനാഥനായ വ്യാഴത്തിന്റെ ദശകഴിഞ്ഞു വൃശ്ചികംരാശിയുടെ നാഥനായ ചൊവ്വായുടെ ദശ ആരംഭിക്കുന്ന കാലവും മേല്പറഞ്ഞ ചൊവ്വായുടെ ദശാകാലവും കഷ്ടതരമായതാണ്. ഇതുപോലെ മറ്റുള്ള സ്ഥാനങ്ങളിലും ചിന്തിച്ചുകൊള്ളുക. മേടം രാശിനാഥനായ ചൊവ്വായുടെ ദശകഴിഞ്ഞു ഇടവം രാശിനാഥനായ ശുക്രന്റെ ദശയുടെ ആരംഭവും ദശയും ശുഭപ്രദമാണ്. ഇങ്ങനെ രാശിക്രമം അനുസരിച്ചുള്ള ദശകൾ ശുഭമാണെന്നും വിപരീതങ്ങളായ ദശകൾ അശുഭമാണെന്നും ഗ്രഹിക്കേണ്ടതാണ്.

ദേഹോ ദക്ഷിണതാരാസു വാമക്ഷ്യാദേഷ്വപാദിമം ഗ്രഹം
ജീവഃ സ്യാദന്തിമോ രാശിർവിപരീതം ഹി വാമകേ
ദേഹജീവവശേഷ്വാദേകസ്യാസത്യേഽശോ മൃതിപ്രദഃ
ഉഭയോഃ സഹ സ ചേൻമൃത്യുർദശാ ചേൽ ക്രൂരാ ധ്രുവം. ൩

അ—ദക്ഷിണതാരകളിലെ വാമക്ഷ്യാദികങ്ങളിൽവെച്ച് ആദിമമായ ഗ്രഹം ദേഹമായി ഭവിക്കും. അന്തിമമായ രാശി ജീവനായി ഭവിക്കും. വാമത്തിൽ വിപരീതമായി ഭവിക്കും. ദേഹജീവവശാൽ ഒന്നിന്റെ അസത്യത്വം മൃതിപ്രദമായി ഭവിക്കുന്നു. അതു രണ്ടിനും ഒരുമിച്ചാകുന്നു എങ്കിൽ മൃത്യു ഭവിക്കും. ദശ ക്രൂരയാകുന്നു എങ്കിൽ മൃത്യു നിശ്ചയമായും ഭവിക്കും.

സാ—കാലചക്രദശയിൽ അശ്വതി ഭരണി കാർത്തിക പുണർതം പൂയം ആയില്യം അത്തം ചിത്തിര ചോതി മൂലം പൂരാടം ഉത്രാടം പൂരുരുട്ടാതി ഉത്തൃട്ടാതി രേവതി ഇങ്ങനെ അഞ്ചു ത്രികങ്ങളിലായി പതിനഞ്ചു നക്ഷത്രങ്ങളും ദക്ഷിണനക്ഷത്രങ്ങളാകുന്നു. ശേഷമു

ളുന്നാലു ത്രികങ്ങളിലായി എട്ടു നക്ഷത്രങ്ങളും വാമനക്ഷത്രങ്ങളെന്നും പറയുന്നു. ഇവയിൽ ദക്ഷിണനാളുകളുടെ നാലു ത്രികങ്ങളുടെ ആദിയിലും അവസാനത്തുമുള്ള പത്തു നാളുകൾക്കു "പാരംപരേ" എന്ന് ആദിയായ നാലു പാദമുള്ള ഒരു ശ്ലോകംകൊണ്ട് ദേഹനാഥന്മാരെ അറിയണം. ആ ത്രികങ്ങളുടെ മദ്ധ്യത്തിലുള്ള നാലു നക്ഷത്രങ്ങൾക്ക് "മേഷീ താപഃ" എന്നു മുതലായ പദ്യംകൊണ്ടും അറിയണം. വാമനക്ഷത്രങ്ങളായ നാലു ത്രികങ്ങളുടെ മദ്ധ്യത്തിലുള്ള നാലു നക്ഷത്രങ്ങൾക്കു "പ്രാപ്യാന്ത്യയീ" എന്ന് ഇത്യാദിയായ പദ്യംകൊണ്ടും അവയുടെ ആദിയിലും അവസാനത്തിലുമുള്ള എട്ടു നാളുകളുടെ നാഥന്മാരെ "ധനാവ്യാഘ്രീ" എന്നു മുതലായ ഭാഗംകൊണ്ടും അറിയണം. ഇവയിൽ ദക്ഷിണനക്ഷത്രങ്ങളുടെ വാക്യങ്ങളിൽ പറഞ്ഞിട്ടുള്ളതും ഒൻപതു അക്ഷരങ്ങളുള്ളതിൽ ഒന്നാമത്തെ അക്ഷരംകൊണ്ടു പറയുന്ന രാശി ദേഹമെന്നും ഒടുവിലത്തെ ഒൻപതാമത്തെ അക്ഷരംകൊണ്ടു പറയുന്ന രാശി ജീവനെന്നും അറിയണം. വാമനക്ഷത്രങ്ങളിൽ ഇതിനു വിപരീതമാണ്. അതായത് ഒന്നാമത്തെ അക്ഷരത്തിന്റെ രാശി ജീവനെന്നും ഒടുവിലത്തെ അക്ഷരത്തിന്റെ രാശി ദേഹമെന്നുമാണ്. ഇവരിൽവെച്ച് ദേഹാധിപനോ ജീവാധിപനോ പാപയോഗമുണ്ടായാൽ അക്കാലം രോഗമുണ്ടാകുമെന്നും രണ്ടുപേർക്കുംകൂടി പാപയോഗം വന്നാൽ അപ്പോൾ മരണം സംഭവിക്കുമെന്നും പറയണം. അപ്പോൾ അഷ്ടമരാശികൂടി വന്നാൽ തീർച്ചയായും മരണത്തെ പറയാവുന്നതാണ്. ദക്ഷിണനക്ഷത്രങ്ങളുടെ ആദിയിലും അവസാനത്തിലുമുള്ള പത്തു നാളുകളുടെ വാക്യം "പാരംപരേ" ഇത്യാദിയാണല്ലോ. അതിനു നാലു പാദമുള്ളവയിൽ നാളിന്റെ ഒന്നാംപാദമാണെങ്കിൽ ആ പദ്യത്തിന്റെ ഒന്നാംപാദമെന്നും നാളിന്റെ രണ്ടാംകാലാണെങ്കിൽ രണ്ടാംപാദം എന്നിങ്ങിനെ ക്രമേണ കണ്ടുകൊൾക. ഇവിടെ ഉദാഹരണത്തിലേക്കുള്ള "പാരംപരേ" ഇത്യാദിവാക്യം താഴെ ചേർക്കുന്നു.

"പാരംപരേ ശാന്തഃ സമാപ്താ നിത്യം പ്രദാൽ സിതാ മിമലാ
ഇപാ പ്രാപ്യഃ സ്ഥിരമകരാംഗേ വാണീ താസാം മദാലസാനന്ത്യ
മേഷീ താപഃ ശലപാത്രം സ്യാന്നശ്ചായം രാശി വിശതി
സിംഹേ ധനാദ്ധ്യാത്മ ഹസതി ഭീമാ ശൈലഃ പുനരേത്യമൃതമതേ ടലാ
പ്രാപ്യാന്ത്യം ധീമാനസ്തു മേ ഭേദഗതി മായാ നിത്യം പ്രമാദി
ശോമാൻ ഇംഗത സ ഹി പ്രാപ്യാന്ത്യം ധീമാനസ്തു മേ ശിഖിഃ
ധനാവ്യാഘ്രീ പാമരശ്ചെവം തല ഭേദ ദീപ്ര മദ്യാക്തിമായാ മാസ
തസ്മിൻ മാമ ഗ ഇപധനാദ്ധ്യം പ്രാമേയഃ രാശീശോ മാതാ സംഹി"

ഈ വാക്യങ്ങളെക്കൊണ്ട് കാലചക്രത്തെ അറിയുകയാകുന്നു.

വാ— ഋതുദ്രോഹപഹാരവിഷയം.

അ—ഇത് ഭോഗാപഹാരവിഷയമാകുന്നു.

സാ—ഈ അദ്ധ്യായത്തിൽ ഇതുവരെ പറഞ്ഞതു രോഗാപഹാരങ്ങളെ സംബന്ധിച്ചാണ്. ഇനി ചാരവശാൽ ചില ലക്ഷണങ്ങളെ പറയുന്നു.

പരാശപൂർവ്വാദ്യപാദേഷ്വല്പമദ്ധ്യചിരായുഷാം
മരണം നിർദ്ദിശേന്നൄണാം ചതുർത്ഥേപ്യമിതായുഷാം. ൫൦

അ—അല്പമദ്ധ്യചിരായുസ്സുകളായ മനുഷ്യർക്ക് ആദ്യത്തെ പാദപര്യയങ്ങളിൽ മരണത്തെ നിർദ്ദേശിക്കണം. അമിതായുസ്സുകളായ മനുഷ്യർക്ക് ചതുർത്ഥമായ പര്യയത്തിലും മരണത്തെ നിർദ്ദേശിക്കണം.

സാ—ശനി മിക്കവാറും രണ്ടരക്കൊല്ലംവീതം ഒരു രാശിയിൽ നിൽക്കും. അപ്രകാരം പന്ത്രണ്ടു രാശികളിലുംകൂടി ചുറ്റിവരുന്നതിന് മുപ്പതു സംവത്സരം വേണ്ടിവരും. ഒരു ഗ്രഹം ഒരു രാശിയിൽനിന്നു പുറപ്പെട്ട് വീണ്ടും ആ രാശിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലത്തിനു പര്യയമെന്നും പരിവർത്തനമെന്നും പറയും. ഇവിടെ മാരകമായതു

ശനി ഇന്നിന്ന രാശികളിൽ നില്ക്കുമെന്നു പറയുവാനാണു ഭാവിക്കുന്നതു്. അല്പായുസ്സുകൾക്കു ജാതകത്തിൽ ശനിയിരുന്ന സ്ഥാനത്തു വീണ്ടും ആദ്യമായി പ്രവേശിക്കുന്നതിനുള്ളിൽ മരണമുണ്ടെന്നും മദ്ധ്യായുസ്സുകൾക്കു രണ്ടാമതായി ശനി ആ സ്ഥാനത്തു പ്രവേശിക്കുന്നതിനു മുൻപിൽ മരണമുണ്ടെന്നും ദീർഘായുസ്സുകൾക്കു മൂന്നാമതായി ശനി ആ സ്ഥാനത്തു പ്രവേശിക്കുന്നതിനു മുൻപു മരണമുണ്ടെന്നും അമിതായുസ്സുകൾക്കു നാലാമതായി ശനി ആ സ്ഥാനത്തു പ്രവേശിക്കുന്നതിനു മുൻപിൽ മരണമുണ്ടെന്നും പറയണം—പദര—എന്നുള്ളതിനു അക്ഷരസംഖ്യപ്രകാരം ഒന്നു് രണ്ടു് മൂന്നു് ഇങ്ങിനെ അർത്ഥം കല്പിച്ചിരിക്കയാണു്. ഇനി ഒരു പദ്യത്തിനുള്ളിൽ ശനി ഇന്നിന്ന സ്ഥാനങ്ങളിൽ നില്ക്കുമ്പോഴാണു മരണമെന്നു പറയപ്പെടുന്നു.

മാന്ദിത്രികോണഗേ മന്ദേ മരണം രാത്രിജന്മനാം
ദിനജാനാം തഥാസ്യാംശരാശേ ര്യാമസ്ത്രികോണഗേ. ൧൫

അ—രാത്രിജനനമുള്ളവർക്കു മന്ദൻ മാന്ദിത്രികോണഗനായിരിക്കുമ്പോൾ മരണം വരിക്കും. ദിനജന്മാക്കൾ മന്ദൻ ഗുളികന്റെ അംശരാശികളുടെ അസ്തത്രികോണഗനായിരിക്കുമ്പോൾ മരണം വരിക്കും.

സാ—രാത്രിയിലോ രാത്രിരാശിയിലോ ജനിച്ചവർക്കു ജാതകത്തിൽ ഗുളികൻ നില്ക്കുന്ന രാശിയുടെയോ അംശകത്തിന്റെയോ ത്രികോണരാശികളിൽ ശനി നില്ക്കുന്ന കാലം മരണം സംഭവിക്കും. പകലോ പകൽ രാശിയിലോ ജനിച്ചവർക്കു് ജാതകത്തിൽ ഗുളികൻ യാതൊരു രാശിയിൽ നില്ക്കുന്നുവോ യാതൊരു രാശിയിൽ അംശകിക്കുന്നുവോ ഈ രണ്ടു രാശികളുടേയും ഏഴാംരാശികളുടെ ത്രികോണരാശിയിൽ ശനി നില്ക്കുന്ന കാലവും മരണമുണ്ടാകുമെന്നു പറയണം. ഇവിടെ ത്രികോണമെന്നു പറഞ്ഞിട്ടുള്ളതു് അതിനാസ്പദമായ രാശികൂടി ഉൾപ്പെടുത്തിയാണു്. ഗുളികൻ മേടംരാശിയിലാണെങ്കിൽ മേഷസിംഹധനു ഈ മൂന്നു രാശികളേയും സ്വീകരിച്ചുകൊള്ളണം. 'മാന്ദിത്രികോണഗേമന്ദേ' എന്നു സ്ഥിതിയെ മാത്രമെ പൂർവ്വാർദ്ധത്തിൽ വിവക്ഷിച്ചിട്ടുള്ളു. എങ്കിലും "തഥാംശസ്യരാശ്യോഃ" എന്നു ഉത്തരാർദ്ധത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു് അംശകത്തേക്കൂടി ഗ്രഹിക്കേണ്ടതാണു്.

മന്ദനാഥരാശ്യംശരാശ്യോർവാർക്കിസ്ത്രികോണഗേ
അഷ്ടാരൂഢഗ്രഹസ്യാപ്യഥവാർക്കൗ ത്രികോണഗേ. ൧൬
ദ്വാവിംശത്ര്യംശപോ യസ്മിൻ ഭവനേ ജന്മനി സ്ഥിതഃ
തത്ത്രികോണഗതേ വാർക്കൗ നിർദ്ദിഷ്ടം മരണം നൃണാം. ൧൭

അ—ആർക്കി മന്ദനാഥരാശ്യംശരാശികളുടെ ത്രികോണഗനായിരിക്കും സമയത്തിലും അഷ്ടമാരൂഢഗ്രഹത്തിന്റെ അധിഷ്ഠിതങ്ങളുടെ ത്രികോണഗനായിരിക്കും സമയത്തിലും ജന്മത്തിൽ ദ്വാവിംശത്ര്യംശപൻ യാതൊരു ഭവനത്തിൽ സ്ഥിതനായിരിക്കുന്നുവോ ആർക്കി തത്ത്രികോണഗതനായിരിക്കും സമയത്തിലും നൃക്കൾക്കു മരണം നിർദ്ദിഷ്ടമായി വരിക്കുന്നു.

സാ—ജാതകത്തിൽ ശനി നില്ക്കുന്ന രാശി, ശനിയുടെ അംശകരാശി, ജന്മലഗ്നാൽ അഷ്ടമാധിപനായ ഗ്രഹം നില്ക്കുന്ന രാശി, ആ ഗ്രഹത്തിന്റെ അംശകരാശി, ജാതകത്തിൽ ആദിത്യൻ നില്ക്കുന്ന രാശിയുടെ രാശ്യം ചന്ദ്രാംശ രാശികൾ, ഈ ആറു രാശികളുടേയും ത്രികോണ രാശികളിൽ ശനി സഞ്ചരിക്കുന്ന കാലം മരണം ഉണ്ടാകുമെന്നു് അറിയണം. ജന്മലഗ്നത്തിന്റെ ഇരുപത്തിരണ്ടാം ദ്രേക്കാണനാഥൻ ജാതകത്തിൽ ഏതു രാശിയിൽ നില്ക്കുന്നുവോ ശനി ആ രാശിയിലോ അതിന്റെ അഞ്ചാംഒമ്പതാംരാശിയിലോ സഞ്ചരിക്കുന്ന കാലവും മരണമുണ്ടാകും. ഇവിടെ ജാതകത്തിലെ അനേകം സ്ഥാനങ്ങൾ പറഞ്ഞിട്ടുണ്ടു്. ഇവയിൽ ഏതാണു് പറയേണ്ടതെന്നു് ഒരു ശങ്കവരുന്നതാം. എന്നാൽ വ്യാഴം ആദിത്യൻ ചന്ദ്രൻ ഇവർക്കും ഇതുപോലെ സ്ഥാനങ്ങൾ വിധിക്കുന്നതു്. ഇതെല്ലാംകൂടി യോജിച്ചുവരുമ്പോഴാണു് മരണമെന്നു പറയണമല്ലൊ. കാലഗ്രഹവും മെല്ലാത്ത അരിഷ്ടരാശികളിൽ സഞ്ചരിക്കുന്ന കാലം ധനനാശം മുതലായ അനിഷ്ടങ്ങൾ ഉണ്ടാകുമെന്നു ഗ്രഹിക്കേണ്ടതാണു്.

പാ—ഏതന്മദ്ധ്യാപാരവിഷയം.

അ—ഇതു മദ്ധ്യാഹ്നവിഷയമാകുന്നു.

സാ—മദ്ധ്യമാർദ്ധിയം പാദത്തിനുശേഷം ഇതുവരെ പറയപ്പെട്ടതു് മരണകാലത്തു് ശനി ഇന്ന രാശിയിൽ നില്ക്കുമെന്ന അറിയാനുള്ള ക്രമമാണ്.

ലഗ്നാത്രിംശാംശപാക്രാന്തരാശേർജ്ജീവേ ത്രികോണഗേ
കാലഹോരാധിപാക്രാന്തരാശേർവ്വാ മരണം നൃണാം. [illegible]

അ—ജീവൻ ലഗ്നത്രിംശാംശപാക്രാന്തരാശിയുടെയോ കാലഹോരാധിപാക്രാന്ത രാശിയുടെയോ ത്രികോണഗനായിരിക്കുമ്പോൾ നൃണാം മരണം വാച്യമാകുന്നു.

സാ—മുൻ പറയപ്പെട്ടതു് മരണകാലത്തു് ശനി ഇന്നരാശിയിൽ നില്ക്കുമെന്നാണല്ലോ. ഇവിടെ പറയാൻ പോകുന്നതു് വ്യാഴം മരണകാലത്തു് ഇന്നിന്ന രാശികളിൽ നില്ക്കുമെന്നാണ്. ജനനലഗ്നസ്ഫുടത്തിന്റെ ത്രിംശാംശനാഥൻ ഏതൊരു രാശിയിൽ നില്ക്കുന്നുവോ ആ രാശിയുടെ ത്രികോണരാശിയിൽ വ്യാഴം സഞ്ചരിക്കുന്ന കാലം മരണമുണ്ടാകും. അല്ലെങ്കിൽ ജനനസമയത്തെ കാലഹോരാനാഥനായ ഗ്രഹം നില്ക്കുന്ന രാശിയുടെ ത്രികോണരാശികളിൽ വ്യാഴം സഞ്ചരിക്കുന്ന കാലവും മരണകാലമാകുന്നു.

ഏതോ രാശിസ്സൂര്യശശാക്രാന്തസ്തലഗ്നസ്യ വ്യയസ്യ വാ
ബൃഹസ്പതിസ്ത്രികോണസ്ഥോ മരണായ ഭവേന്നൃണാം. [illegible]

അ—യാതൊരു രാശി സൂര്യശശാക്രാന്തമായി ഭവിക്കുന്നു. ലഗ്നത്തിന്റേയോ വ്യയത്തിന്റേയോ ത്രികോണസ്ഥനായ ബൃഹസ്പതി നൃണാം മരണത്തിനായി ഭവിക്കും.

സാ—ജാതകത്തിൽ ശനി നില്ക്കുന്ന രാശിയുടെ [illegible] രാശിയുടെയോ പന്ത്രണ്ടാം രാശിയുടെയോ ത്രികോണരാശികളിൽ വ്യാഴം സഞ്ചരിക്കുന്ന കാലവും മരണം ഉണ്ടാകുന്നതാണ്.

[illegible] ബൃഹസ്പതിഃ
[illegible] നൃണാം മരണദായിനഃ. [illegible]

അ—[illegible] ബൃഹസ്പതിയും [illegible] പാപഗ്രഹങ്ങളും നൃണാം മരണദായികളാകുന്നു.

സാ—ജാതകത്തിൽ ലഗ്നാധിപന്റേയും [illegible] കൂട്ടിയാൽ [illegible] സ്ഫുടം ഏതൊരു രാശിയിൽ [illegible] ആ രാശിയിൽ വ്യാഴവും [illegible] പാപഗ്രഹങ്ങളും സഞ്ചരിക്കുന്ന കാലം മനുഷ്യർ മരണം സംഭവിക്കുന്നതാണ്.

[illegible]
[illegible] [illegible]

അ—[illegible] രാശിയുടെ [illegible] രാശിയിൽ സഞ്ചരിക്കുന്ന [illegible] ഭവിക്കും.

സാ—ജാതകത്തിൽ ശനി [illegible] രാശിയിൽ നില്ക്കുന്നുവോ ആ രാശിയുടെ മൂന്നു് പതിനൊന്നു് അഞ്ചു് ആറു് ഈ രാശികളിൽ [illegible] വ്യാഴത്തിന്റെ [illegible] രാശി ഏതൊന്നാണോ ആ രാശിയിൽ വ്യാഴം സഞ്ചരിക്കുന്ന കാലവും മരണകാലമാകുന്നതാണ്. ശനിസ്ഫുടമുള്ള രാശിയിൽ [illegible] സ്ഫുടവും നാലു രാശി കൂട്ടിയാൽ ശനിയുടെ [illegible] സ്ഫുടവും [illegible] രാശി കൂട്ടിയാൽ പതിനൊന്നാം [illegible] സ്ഫുടവും [illegible] രാശി കൂട്ടിയാൽ ആറാം [illegible] സ്ഫുടവും ഉണ്ടാകും. ഇതു് [illegible] ജാതകത്തിലെ വ്യാഴസ്ഫുടത്തെ [illegible]. ഇതു സ്ഫുടങ്ങളെയും [illegible] പ്രത്യേകം [illegible] രാശിയിലാണോ ആ രാശിയിൽ വ്യാഴം വരുന്നകാലം മരണകാലമാണെന്നു സാരം.

പാ—പൃഥഗ്ജീവചാരവിഷയം.

അ—ഇതു് ജീവചാരവിഷയമാകുന്നു.

സാ—ഇവിടെ പറയപ്പെട്ടതു് മരണകാലത്തു് വ്യാഴം ഇന്നിന്നരാശിയിൽ നില്ക്കുമെന്നാണു്. ശനി ഒരു രാശിയിൽ മിക്കവാറും രണ്ടരക്കൊല്ലം നില്ക്കുമല്ലോ. അപ്പോൾ ശനിയുടെ ചാരിതികൊണ്ടു് രണ്ടരക്കൊല്ലത്തിനുള്ളിൽ മരണം സംഭവിക്കുമെന്നല്ലേ പറയാവൂ. എന്നാൽ വ്യാഴം ഒരു രാശിയിൽ മിക്കവാറും ഒരുകൊല്ലമേ നില്ക്കയുള്ളൂ. ഇതുകൊണ്ടു് മാരകശനിയുടെ കാലത്തിനുള്ളിൽ വ്യാഴം മാരകസ്ഥാനത്തു വരുമ്പോഴാണു് മരണം സംഭവിക്കുന്നതെന്നു് അറിയണം. ഇതുകൊണ്ടു മിക്കവാറും പന്ത്രണ്ടു മാസത്തിനുള്ളിൽ മരണം സംഭവിക്കുമെന്നു പറയാൻ കഴിയുമല്ലോ. ഇനി ആ മരണം ഏതു മാസത്തിലാണു് സംഭവിക്കുന്നതെന്നു് ആദിത്യചാരംകൊണ്ടു പറയാൻപോകുന്നു.

അഷ്ടമേശാശ്രിതം രാശിമാപന്നസ്സവിതാപി വാ
ലഗ്നനാഥാംശം വിലഗ്നാധിനാഥാംശം വാ മൃതിം ദിശേൽ. ൫൪

അ—അവ്വണ്ണംതന്നെ അഷ്ടമേശാശ്രിതമായ രാശിയെ ആദിത്യൻ ആപന്നനായിരിക്കുമ്പോഴും ലഗ്നനാഥന്റെ അംശകരാശിയെ ആപന്നനായിരിക്കുമ്പോഴും മൃതി ഭവിക്കും.

സാ—ജാതകലഗ്നാൽ അഷ്ടമാധിപൻ നില്ക്കുന്ന രാശിയിൽ ആദിത്യൻ സഞ്ചരിക്കുന്ന കാലം മരണം സംഭവിക്കുമെന്നറിയണം. അല്ലെങ്കിൽ ലഗ്നാധിപന്റെ നവാംശകത്തിലോ ആദിത്യൻ വരുന്ന കാലവും മരണകാലമാകുന്നു.

പാ—അഥ ആയുർദ്ദായപദ്ധതിഃ.

അ—ഇവിടെ ആയുർദ്ദായപദ്ധതി കാണിക്കുന്നു.

സാ—മരണകാലത്തെ സൂക്ഷ്മമായി അറിയുന്നതിനു് ആയുർദ്ദായപദ്ധതി എന്ന ഗ്രന്ഥത്തിൽ നിന്നു് ഒരു ശ്ലോകം താഴെ ചേർക്കുന്നു.

മാന്ദ്യംശേശത്രികോണസഹിതേ സൂര്യേ ചരസ്ഥേ സ ചേൽ
[illegible] ത്രികോണസഹിതേ
ലഗ്നാധിനാഥാംശരാശിസഹിതേ [illegible] ത്രികോണേഽപി വാ
സൂര്യേ മൃത്യുമുശന്തി [illegible]—ഇതി. ൫൫

അ—അവൻ ചരരാശിയിലാകുന്നെങ്കിൽ സൂര്യൻ [illegible] ത്രികോണസഹിതനായിരിക്കുമ്പോഴും അവൻ സ്ഥിരത്തിലാകുന്നെങ്കിൽ സൂര്യൻ [illegible] ത്രികോണസഹിതനായിരിക്കുമ്പോഴും ആ ഇവൻ ഉഭയത്തിൽ ഉഭയനായിരിക്കുന്നെങ്കിൽ സൂര്യൻ [illegible] രാശിസഹിതനായോ അല്ലെങ്കിൽ അതിന്റെ ത്രികോണത്തിൽ സഹിതനായോ [illegible] സമയത്തിലും മൃത്യുവിനെ ഇച്ഛിക്കുന്നു.

സാ—ജാതകത്തിൽ ആദിത്യൻ ചരരാശിയിൽ നില്ക്കുന്നു എങ്കിൽ ആ സൂര്യന്റെ [illegible] രാശിയിലോ ആ രാശിയിലോ അതിന്റെ [illegible] രാശികളിലോ സൂര്യൻ സഞ്ചരിക്കുന്ന കാലം മരണം സംഭവിക്കുന്നതാണു്. ജാതകത്തിൽ ആദിത്യൻ സ്ഥിരരാശിയിലാണെങ്കിൽ ലഗ്നാൽ അഷ്ടമാധിപന്റെ [illegible] നില്ക്കുന്ന രാശിയിലോ അതിന്റെ [illegible] രാശികളിലോ സൂര്യൻ സഞ്ചരിക്കുമ്പോൾ മരണം സംഭവിക്കുമെന്നറിയേണ്ടതാണു്.

ജാതകത്തിൽ സൂര്യൻ ഉഭയരാശിയിലാണെങ്കിൽ ലഗ്നാധിപന്റെ [illegible] രാശിയിലോ അതിന്റെ [illegible] രാശികളിലോ സൂര്യൻ സഞ്ചരിക്കുന്ന കാലവും മരണകാലമാകുന്നു. ഇങ്ങിനെ ആയുർദ്ദായപദ്ധതിവചനം.

പാ—പൃഥങ്മാസവിനിർണ്ണയം.

അ—ഇതു് മാസവിഷയമാകുന്നു.

സാ—ഇവിടെ പറയപ്പെട്ടതു് ഇന്ന മാസത്തിൽ മരണം സംഭവിക്കുമെന്നുള്ളതാണു്.

സൂര്യാശ്രിതർക്ഷഗേ ചന്ദ്രേ രന്ധ്രേശാശ്രിതഭേഽഥവാ
ത്രികോണോപഗതേ വേന്ദൗ രാഹ്വാശ്രിതഭാദ്ധ്യനസ്ഥഗേ
രന്ധ്രേശാധിഷ്ഠിതാംശേ വാ നിർദ്ദിഷ്ടം മരണം നൃണാം. ൨൫

അ—ചന്ദ്രൻ സൂര്യാശ്രിതർക്ഷഗനായിരിക്കുമ്പോഴും ഇരം രന്ധ്രേശാശ്രിതരാശിയുടെ ത്രികോണോപഗതനായിരിക്കുമ്പോഴും അപ്രകാരം രാഹ്വാശ്രിതരാശിയുടെ ത്രികോണോപഗതനായിരിക്കുമ്പോഴും രന്ധ്രേശാധിഷ്ഠിതാംശത്തിൽ സ്ഥിതനായിരിക്കുമ്പോഴും മനുഷ്യർക്കു മരണം നിർദ്ദിഷ്ടമായി ഭവിക്കുന്നു.

സാ—ഇനി ഇന്ന രാശിയിൽ ചന്ദ്രൻ നിൽക്കുമ്പോഴാണ് മരണം സംഭവിക്കുമെന്നു് പറയാൻപോകുന്നു്. ജാതകാൽ ആദിത്യൻ നിൽക്കുന്ന രാശിയിലോ അഷ്ടമാധിപൻ നിൽക്കുന്ന രാശിയിലോ അതിന്റെ അഞ്ചൊൻപതാം രാശികളിലോ ചന്ദ്രൻ സഞ്ചരിക്കുന്ന കാലം മരണം സംഭവിക്കുമെന്നു പറയണം.

ജാതകാൽ രാഹു നിൽക്കുന്ന നാളിലോ അതിന്റെ പത്താംനാളിലോ പത്തൊൻപതാം നാളിലോ അഷ്ടമാധിപൻ നിൽക്കുന്ന നാളിലോ ചാരവശാൽ ചന്ദ്രൻ വരുന്നകാലം മരണമുണ്ടാകും.

മേഷസിംഹധനു ഇങ്ങനെ രാശിത്രികോണങ്ങളെയും അശ്വതി മകം മൂലം ഇത്യാദി നക്ഷത്രത്രികോണങ്ങളെയും അറിയുമല്ലോ. മേഷത്രികോണമെന്നു പറഞ്ഞാൽ ഈ മൂന്നു രാശികളെയും അശ്വിനീത്രികോണമെന്നു പറഞ്ഞാൽ അശ്വതി മകം മൂലം ഈ മൂന്നു നക്ഷത്രങ്ങളെയും ഗ്രഹിക്കണം.

ധനേശാശ്രിതരാശ്യോർവാ തസ്യ സപ്തമഭസ്യ വാ
ത്രികോണഗേ ധനേശാംശരാശിഗേ വാ വിധൗ മൃതിഃ. ൨൬

അ—വിധു ധനേശാശ്രിതരാശിയുടെയോ അതിന്റെ സപ്തമത്തിന്റെയോ ത്രികോണഗനായിരിക്കുമ്പോഴോ അല്ലെങ്കിൽ ധനേശാശ്രിതാംശരാശിഗനായിരിക്കുമ്പോഴോ മൃതി ഭവിക്കും.

സാ—ജന്മലഗ്നത്തിൽനിന്നു് രണ്ടാംഭാവാധിപൻ നിൽക്കുന്ന രാശിയിലോ അതിന്റെ അഞ്ചൊൻപതാം രാശികളിലോ രണ്ടാംഭാവാധിപൻ നിൽക്കുന്ന രാശിയുടെ ത്രികോണരാശികളിലോ രണ്ടാംഭാവാധിപൻ അംശകിച്ചിരിക്കുന്ന രാശിയിലോ ചന്ദ്രൻ വരുന്നകാലം മരണത്തെ നിശ്ചയിക്കേണ്ടതാണു്.

നിജജന്മനി യസ്മിൻ ഭേ ഗുളികസ്തദ്ഗതേ വിധൗ
രോഗോ ഭവേദസ്തഭസ്ഥേ മരണം ത്വിതി കോവിദാഃ. ൨൭

അ—നിജജന്മത്തിൽ യാതൊരു രാശിയിൽ ഗുളികൻ സ്ഥിതനായി ഭവിക്കുന്നു. വിധു തദ്ഗതനായിരിക്കുമ്പോൾ രോഗമെന്നും അസ്തഗനായിരിക്കുമ്പോൾ മരണവും ഭവിക്കുമെന്നു ബുധന്മാരിട്ടു് ആദേശിക്കുന്നു.

സാ—ജാതകത്തിൽ ഗുളികൻ നിൽക്കുന്ന രാശിയിൽ ചാരവശാൽ ചന്ദ്രൻ വരുന്നസമയം രോഗം ഉണ്ടാകുമെന്നും അതിന്റെ ഏഴാംരാശിയിൽ ചന്ദ്രൻ വരുമ്പോൾ മരിക്കുമെന്നു നിശ്ചയമായും പറയണം.

ഇതിനെ സംബന്ധിച്ചു് ചില അഭിപ്രായഭേദങ്ങളുണ്ടു്. ഗുളികൻ നിൽക്കുന്ന രാശിയിൽ ചന്ദ്രൻ ചെന്നപ്പോഴാണു് രോഗം ആരംഭിച്ചതെങ്കിൽ അതിന്റെ ഏഴാമത്തെ രാശിയിൽ ചന്ദ്രൻ ചെല്ലുമ്പോൾ നിശ്ചയമായും മരിക്കുമെന്നും പറയണം. ഇങ്ങിനെയാണുപദേശം.

ചാ—ഏതു ചന്ദ്രവിഷയം.

അ—ഇതു ചന്ദ്രവിഷയമാകുന്നു.

സാ—ജാതകംകൊണ്ടു മരണകാലത്തെ ചന്ദ്രഗതിയിൽ നിരൂപിക്കുന്ന ക്രമത്തെയാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്.

പ്രാണഗുളികാന്തിസ്ഫുടപാതാനന്ദമാന്ദീപയോഃ
സ്ഥിത്യൈദ്വാദശ സ്ഥിതിർമൃത്യൗ ശാസ്ത്രോക്താ നിരൂപ്യതേ. ൨൪

അ—ശാസ്ത്രോക്തമായ ഗുളികാന്തിയും അപാതം ഹേതുവായി മന്ദജീവാദികളുടെയും സൂര്യചന്ദ്രന്മാരുടെയും മൃത്യുവിലുള്ള സ്ഥിതിയും അനന്തരം നിരൂപിക്കപ്പെടുന്നു.

സാ—പ്രാണഗുളികസ്ഫുടം വരുത്തുവാനും ആ ഗുളികനെക്കൊണ്ടു മരണകാലത്തു ശനി വ്യാഴം സൂര്യൻ ചന്ദ്രൻ ഇവർ ഇന്നിന്ന രാശികളിൽ നില്ക്കണമെന്നും ശാസ്ത്രാന്തരത്തിൽ പറഞ്ഞിട്ടുണ്ട്. അവയെ ഇവിടെ കാണിക്കുന്നു.

ജാതസ്യാഹ്നി സഷഡ്ഗ്രഹോ ഗതതിഥ്യാദിഃ പ്രമാണാഹ്വയോ
രാത്രൗ പ്രാക് തിഥിനാഡികാ സ ന പരം തദ്രാശിനാഥാലയഃ
മന്ദാൽ ദൃഷ്ടേ നവാംശകാശ്രിതഗൃഹേ മൃത്യുപ്രദായീ ഗുരോർ-
ദ്വാദശാംശകാശ്രിതഗൃഹേ ത്രിംശാംശപർക്കേ ശശീ. ൨൫

അ—അഹസ്സിൽ ജാതനായവന്ന് സഷഡ്ഗ്രഹനായ ഗതതിഥ്യാദി പ്രമാണഗുളികനായി വരിക്കുന്നു. രാത്രിയിൽ ജാതനായവന്ന് പ്രാക്തിഥ്യാദിതന്നെ പ്രമാണഗുളികനായി വരിക്കുന്നു. കേവലം തദ്രാശിനാഥാലയത്തിലുള്ള മന്ദനല്ല. ഇവന്റെ നവാംശരാശിക്കൂറിലുള്ള ഗുരുവും ദ്വാദശാംശരാശിക്കൂറിലുള്ള ഭാനുവും ത്രിംശാംശപർക്കത്തിലുള്ള ശശിയും മൃത്യുപ്രദന്മാരായി വരിക്കുന്നു.

സാ—പകൽ ജനിച്ചവന്ന് അവന്റെ കഴിഞ്ഞ തിഥിയിലെ ഗുളികസ്ഫുടത്തോടുകൂടി രാശിയിൽ ആറു കൂട്ടിയാലുള്ളത് പ്രമാണഗുളികനാണ്. ജനനം രാത്രിയിലാണെങ്കിൽ അന്നു പകലത്തെ ഗുളികസ്ഫുടംതന്നെയാണ് പ്രമാണഗുളികൻ. ഇങ്ങിനെ പ്രമാണഗുളികസ്ഫുടം വരുത്തിയാൽ ആ ഗുളികൻ നില്ക്കുന്ന രാശിയിൽ ശനിയും പ്രമാണഗുളികസ്ഫുടത്തിന്റെ നവാംശകരാശി നില്ക്കുന്ന രാശിയിൽ വ്യാഴവും ദ്വാദശാംശരാശി നില്ക്കുന്ന രാശിയിൽ ആദിത്യനും ത്രിംശാംശകരാശി നില്ക്കുന്ന രാശിയിൽ ചന്ദ്രനും വരുന്ന സമയം മരണകാലമാണെന്ന് അറിഞ്ഞുകൊള്ളണം.

മന്ദജീവാർക്കചന്ദ്രാണാം പ്രാരംഭാദിഷു രാശിഷു
മൃതിഃ സ്യാൽ സഞ്ചാരവശാദ്ധീനാംശകസ്ഥിതിഃ. ൨൬

അ—മന്ദജീവാർക്കചന്ദ്രന്മാരുടെ പ്രാരംഭങ്ങളായ രാശികളിൽവെച്ച് സഞ്ചാരവശാൽ ഹീനാംശകസ്ഥിതി മൃതിയായി വരിക്കും.

സാ—ഇങ്ങിനെ ശനി വ്യാഴം ആദിത്യൻ ചന്ദ്രൻ ഇവർക്ക് പലപ്രകാരത്തിലും സ്ഥാനങ്ങളെ പറഞ്ഞിട്ടുണ്ടല്ലോ. ഈ സ്ഥാനങ്ങളിൽ എവിടെ നില്ക്കുമ്പോഴാണ് മരണം സംഭവിക്കുന്നതെന്ന് തീർച്ചപ്പെടുത്തുന്നത് അവരവരുടെ അംശവർഗ്ഗങ്ങളിൽ ബലം കുറഞ്ഞ രാശി നോക്കിയാണ് വേണ്ടത്. കൂടാതെ യോഗങ്ങളുടെ ആധിക്യം എങ്ങിനെയാണെന്നു ഏതു രാശിയിൽ ശനി മുതലായ ഗ്രഹങ്ങൾ വരുന്നു എന്നതും ഉറപ്പിക്കേണ്ടതാണ്. ഇങ്ങിനെ മരണകാലത്തേയും മാസവും പക്ഷവും അറിയുന്നതിനുള്ള പ്രകാരം വിസ്തരിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു.

വാ—അഥ പ്രകാരാന്തരേണ മന്ദാദീനാം സ്ഥിതിരുച്യതേ.

അ—അനന്തരം പ്രകാരാന്തരംകൊണ്ടും മന്ദാദികളുടെ സ്ഥിതി പറയപ്പെടുന്നു.

സാ—ഇനി മറ്റൊരുവിധത്തിലും മരണകാലത്തു ശനി വ്യാഴം ആദിത്യൻ ചന്ദ്രൻ ഇവരുടെ സ്ഥിതികളെ പറയുന്നു.

മന്ദസ്യ ഗുളികാംശസ്ഥിതരാശൗ ലഗ്നൈശ്ചരതോ മൃതിഃ
ഗുളികാംശകസ്ഥിതിസ്സ്ഥാനേ പ്രാരംഭേ ത്രികോണം ഗുരോഃ
ചന്ദ്രേ ത്രിംശാംശകരേ ഗുളികേ രവിസ്ഥിതേ യോഗാംശേ ദ്വാദശേ
മൃത്യുസ്ഥാനേ തന്നിജാംശേ ഗുണിതേ സംസ്ഥിതേ ഇതൃക്ഷ്യാസ്ഥിതേ

അ—അവൻ മരണനാട്ടം ഇവന്റെ ദ്രാണതന്ത്ര്യ ... ഓരോരുത്തരും വെ
റെ വേറെ യുക്തനായിരിക്കുമ്പോഴും യാതൊരു രാശി ഭവിക്കുന്നു. ഇതിന്റെയും ലഗ്ന
ത്തിന്റെയും ത്രികോണത്തെ ക്രമേണ ചന്ദ്രനും തീക്ഷ്ണകരനും ഗുരുവും രവിസുതനും
പ്രാപ്തനായിരിക്കും സമയത്തിലോ അവർ യോഗബന്ധന്മാരായിരിക്കുമ്പോഴോ മൃത്യു ഭവി
ക്കുന്നു. അനന്തരം നിജാംശസ്ഥിതന്മാരായ അവരോടുള്ള സംവാദം ഇവിടെ ഉദാഹര്യ
മാകുന്നു.

സാ—ജാതകന്റെ സൂര്യന്റെയും ശനിയുടെയും സ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിയാൽ വ
രുന്ന രാശിയുടെ ത്രികോണരാശികളിലോ അതിന്റെ ഏഴാംരാശിയുടെ ത്രികോണരാശി
കളിലോ യോഗസ്ഫുടത്തിന്റെ നവാംശകരാശിയിലോ ചന്ദ്രനും സൂര്യസ്ഫുടവും ശനിയുടെ
ദ്രേക്കാണനാഥന്റെ സ്ഫുടവും ഒരുമിച്ചു കൂട്ടിയാൽ വരുന്ന രാശിയുടെ ത്രികോണരാശിക
ളിലോ അതിന്റെ ഏഴാംരാശിയുടെ ത്രികോണരാശികളിലോ യോഗസ്ഫുടത്തിന്റെ ന
വാംശകരാശിയിലോ സൂര്യൻ സഞ്ചരിക്കുമ്പോഴും സൂര്യസ്ഫുടവും ശനിയുടെ നവാംശകാ
ധിപസ്ഫുടവും ഒരുമിച്ചു കൂട്ടിയാൽ വരുന്ന രാശിത്രികോണങ്ങളിലോ അതിന്റെ ഏഴാംരാ
ശിയുടെ ത്രികോണരാശികളിലോ അതിന്റെ നവാംശകരാശിയിലോ വ്യാഴം വരുമ്പോ
ഴും സൂര്യസ്ഫുടവും ശനിയുടെ ദ്വാദശാംശനാഥന്റെ സ്ഫുടവും ഒരുമിച്ചു കൂട്ടിയാലുണ്ടാകുന്ന
രാശിത്രികോണങ്ങളിലോ അതിന്റെ ഏഴാംരാശിയുടെ ത്രികോണങ്ങളിലോ അതിന്റെ
അംശകരാശിയിലോ ശനി സഞ്ചരിക്കുമ്പോഴും മരണമുണ്ടാകുന്നതാണ്. അടുത്ത ശ്ലോ
കത്തിൽ പറയുന്ന പ്രകാരമനുസരിച്ച് അംശപ്രമാണത്തോട് സംവാദം വരുന്നതെന്നാ
ണു പഠിക്കില്ല സംവാദമെങ്കിൽ ഇതിനാധാരമായി ... .

സാ—ഇഹ സർവ്വഗ്രഹാണാം മരണകാലസ്ഥിതിരുച്യതേ.

അ—അനന്തരം സകലഗ്രഹങ്ങളുടെയും മരണകാലസ്ഥിതി പറയപ്പെടുന്നു.

സാ—എല്ലാ ഗ്രഹങ്ങളുടെയും മരണകാലത്തെ സ്ഥിതിയെ നിശ്ചയിക്കുവാൻ
പറയുന്നു.

ഭോഗ്യാദ്യസ്യ വിഹംഗമസ്ഫുടമഥാദ്യാതാംശസംഖ്യാഹതം
തദ്യുക്തം കലീകൃതാദിതതസ്ത്വംശകസ്യാദ്യതഃ
നിഷ്പാദ്യാതകലാഭിരന്യലിപ്താഃ സമാസ്താഃ—
ത്യാജ്യാതൽഗൃഹ ... ശുക്രാദപാകാ ചക്രതഃ ൨൯

അ—വിഹംഗസ്ഫുടത്തെ തന്റെ സമാനമുള്ള ന്യസിച്ചിട്ട് അതുകളിൽവച്ച് അതി
ങ്കൽനിന്ന് യാതാംശസംഖ്യാഹതമായ ഒന്നിൽ കലീകൃതമായി അതിൽ ഉദ്യതമായ
അംശകത്തിന്റെ യാതകലകൾകൊണ്ടു നിഷ്പന്നമായ ഇതരത്തിൽനിന്ന് ആ നഷ്ടങ്ങളാ
യ ലിപ്തകളെ സമായോജിപ്പിക്കണം. അതിലോ ആയാതഗൃഹത്തിലോ അതു് ചക്ര
ത്തിൽനിന്നു ശുദ്ധമായിരിക്കുമ്പോൾ ആയാതഗൃഹത്തിലോ അവൻ മരണത്തെ ഭവിക്കും.

സാ—ജാതകത്തിലുള്ള ഗ്രഹസ്ഫുടത്തെ രണ്ടെടുത്തു വയ്ക്കണം. അതിൽ ഒന്നി
നെ മേടം രാശിയാദിയായിക്കഴിഞ്ഞ അംശകസംഖ്യകൊണ്ടു പെരുക്കണം. ഇവിടെ
നവാംശസംഖ്യ രാജരാശിക്ക് ഒൻപതുവീതം കണക്കാക്കിക്കൊള്ളണം. പൂർണ്ണമായ
നവാംശസംഖ്യകൊണ്ടാണ് പെരുക്കേണ്ടത്. ഇങ്ങിനെ പെരുക്കിയ സ്ഫുടത്തെ സൂക്ഷി
ച്ചുകൊള്ളുക. മറേറ സ്ഫുടത്തിന്റെ രാശിരാശികളെ കലിയാക്കി ഇറക്കി അപ്പോൾ നി
ല്ക്കുന്ന നവാംശത്തിൽ ചെന്ന കലകളെക്കൊണ്ടു പെരുക്കി ഇരുന്നൂറെകൊണ്ടു് ഹരിച്ചാൽ
കിട്ടുന്ന ലബ്ധികളെ മുൻപറഞ്ഞ സ്ഫുടത്തിൽ കൂട്ടുക. അപ്പോൾ സിദ്ധിക്കുന്ന രാശിയി
ലെ മൂല സ്ഫുടത്തെ ഉപ രാശിയിൽനിന്നു വാങ്ങിയാൽ കിട്ടുന്ന രാശിയിലോ ആ ഗ്രഹം
വരുമ്പോൾ മരണമുണ്ടാകും. ഇങ്ങിനെ സൂര്യൻമുതൽ എല്ലാ ഗ്രഹങ്ങളുടെയും മരണകാല
സ്ഥിതി അറിയാവുന്നതാണ്.

അതമാദ്യപരാർദ്ധേ ... ത്രികോണ-
ഷഷ്ഠ്യത്രൂല്ലാഭേഷു ഭവിതാ സമാപ്യ ...
ന്യൂനാധിക ചാരവിഭാഗാം ഗ്രഹാണാം
സഞ്ചാരമൃത്യു ... ൩൦

അ—ആയുരാരംഭത്തിൽനിന്ന് അന്തർദ്ദശാച്ഛിദ്രകാലങ്ങളിൽവച്ച് സംഹാരഖണ്ഡത്തിൽ അത്യല്പമാക്കമായും ന്യൂനാധികമായും ഇരിക്കുന്ന മരണത്തിൽ അധിപന്മാരായ ഗ്രഹങ്ങളുടെ സംബന്ധം മൃത്യുവിനായ അനന്തരമായി ചിന്തിക്കണം.

സാ—ഒരു ഗ്രഹം ജാതകത്തിൽ ഏതൊരു രാശിയിൽ നില്ക്കുന്നുവോ അതിന്റെ ഒന്ന് അഞ്ച് ഒൻപത് പന്ത്രണ്ട് ഈ രാശികളിൽ തന്റെ അഷ്ടവർഗ്ഗത്തിൽ ശൂന്യം കരണവും മറ്റൊരു ദൃഷ്ടി ഇല്ലാതെയും ഏതൊരു രാശി വരുന്നുവോ ആ രാശിയിൽ ആ ഗ്രഹം വരുന്നകാലം മരണമോ അഥവാ മരണതുല്യമായ മറ്റു അനർത്ഥങ്ങളോ ഉണ്ടാകും.

വാ—മരണലഗ്നാദ്യപൃതം.

അ—അനന്തരം മരണലഗ്നം വചിക്കപ്പെടുന്നു.

സാ—ഇനി ഈ രാശിസമയത്തു മരിക്കുമെന്നു പറയാൻപോകുന്നു.

വിലഗ്നാദഷ്ടമോ രാശിരഷ്ടമേശാശ്രിതശ്ച യഃ
വിലഗ്നാംശേശ കരാശ്യോരന്ത്യ തദ്വത്ത്രികോണ രാശി ഇതീഹ ഷട്. ൩൯

ചതുരാശസ്ത്രികോണസ്ഥ ലഗ്നമൃത്യുതത്രികൃതിഃ
തഥാ ലഗ്നാംശകക്ഷസ്യ ലഗ്നേശ ഭവനസ്യ ച. ൪൦

മരണം നിർദ്ദിശേന്നൄണാം ചതുഷ്കേ ദ്വാദശാഥവാ
ദ്വിത്രിസംവാദതഃ സ്പഷ്ടതരമേവം ഭവിഷ്യതി. ൪൧

ലക്ഷണാനി വദന്ത്യേവ വാക്യാ മന്ദാദീനാം സ്ഫുടം
പരസ്പരസംവാദം മന്ദാദീനാം നിരീക്ഷ്യ ച
ചരണാദ്ധ്യസമയം തേഷാം സമ്യങ്ങ്നിശ്ചിനുയാൽ സ്ഥിതിം.

അ—വിലഗ്നത്തിൽനിന്ന് അഷ്ടമമായ രാശി യാതൊന്നോ അഷ്ടമാധിപാശ്രിതമായ രാശി യാതൊന്നോ ലഗ്നാംശകരാശികളുടെ ത്രികോണരാശികളും അവ ചിലതേ ഇങ്ങനെ ഇവിടെ ആറു ചില നാലു രാശികളും ഭവിക്കുന്നു. ത്രികോണങ്ങളിൽവച്ച് അന്ത്യമായ ലഗ്നമായിരിക്കയോ ശുഭം വരികയോ. അതല്ലാതിൽ ലഗ്നാംശകക്ഷത്തിന്റെയോ ലഗ്നേശഭവനത്തിന്റെയോ ചതുഷ്ടയമെന്നൊന്നും സന്തോഷിക്കേണ്ടതും നൂക്കംകെ മരണത്തെ നിർദ്ദേശിക്കണം. ദ്വിത്രിസംവാദം ഹേതുവായിട്ട് ലക്ഷണം സ്പഷ്ടമായി അതുമത്രമാകുന്ന മന്ദാദികളുടെ യാതൊരു ഭേദത്തിൽ വരുന്നതായ ലക്ഷണങ്ങളും ഭവിക്കും. ആ ഭേദത്തിൽ മന്ദാദികളും സ്പഷ്ടമായിട്ട് വരുന്നതായാകുന്നു. മന്ദാദികളുടെ അന്യോന്യമുള്ള സംവാദത്തെയും നിരീക്ഷിച്ച് ചരണാദ്ധ്യസമയത്തിലെ അവരുടെ സ്ഥിതിയെ വഴിപോലെ നിശ്ചയിക്കണം.

സാ—മരണലഗ്നത്തിന്റെ അഷ്ടമരാശി അഷ്ടമാധിപൻ നില്ക്കുന്ന രാശി അഷ്ടമാധിപൻ നില്ക്കുന്ന രാശിയുടെ അഷ്ടമരാശി ലഗ്നാധിപൻ നില്ക്കുന്ന നവാംശകത്തിന്റെ അഷ്ടമരാശി ഈ നാലു രാശികളുടെ ത്രികോണരാശികളിലോ, ലഗ്നാംശരാശിയുടെ നാലാംരാശിയിലോ ലഗ്നാധിപന്റെ നവാംശരാശിയുടെ നാലാംരാശിയിലോ മനുഷ്യർക്ക് മരണം ഉണ്ടാകുന്നതാണ്. മേൽപറഞ്ഞ ലക്ഷണങ്ങളും രണ്ടിലധികം യോജിച്ചു വരുമ്പോൾ മാത്രമേ സ്പഷ്ടമായി പറയാവൂ. മരണകാലത്തിലെ ശനി വ്യാഴം മുതലായവരുടെ സ്ഥിതി ഏതൊരു രാശിയിലാണോ ആ രാശിക്ക് അധിക ലക്ഷണങ്ങൾ യോജിപ്പുവരേണ്ടതാണ്. അപ്പോൾ അതുകളെ ആശ്രയിച്ച് മരണം നിശ്ചയിക്കണം. ശനി മുതലായവരുടെ സ്ഥിതി വെച്ചുകൊണ്ട് നിശ്ചയിപ്പാൻ പറയുമ്പോൾ കൂടി അവയുടെ പരസ്പരസംബന്ധത്തെയും കൂട്ടിച്ചേർത്തായിരിക്കണം. ഇവകളെയെല്ലാം നല്ലപോലെ പര്യാലോചിച്ചുതന്നെ വേണം മരണകാലത്തെ ഗ്രഹസ്ഥിതിയെ നിശ്ചയിച്ചു പറയേണ്ടത്.

വാ—പൃച്ഛതാജാതകവശാന്മരണകാലനിരൂപണവിഷയം.

അ—ഇത് ജാതകവശം ഹേതുവായി മരണകാലനിരൂപണവിഷയമാകുന്നു.

സാ—ഇവിടെ പറഞ്ഞവ ധരിപ്പിച്ചത് [illegible] ശ്ശിപ്പാനുള്ള ക്രമത്തെയാണ്.

പ്രശ്നേനാപി ച വക്തവ്യാ ഗുളികാലസ്ഥതോ ഗ്രഹൈഃ
മന്ദാസൃക്പിശുനാദിവസനാദിക ഭേദാപ്യതഃ. ൩൭

അ—പ്രശ്നംകൊണ്ടും ഗുളികാലം വക്തവ്യമാകുന്നു. അതുകൊണ്ട് അവന്റെ മന്ദാസൃക്പിശുനാദി [illegible] ചിന്തിക്കപ്പെടുന്നു.

സാ—പ്രശ്നംകൊണ്ടും മരണസമയത്തെ ചിന്തിച്ചു പറയുന്നതാണ്. അതി നാൽ ഇനി പ്രശ്നത്തെ അനുസരിച്ചു ശനി വ്യാഴം ആദിത്യൻ ചന്ദ്രൻ ഈ ഗ്രഹങ്ങളുടെ സ്ഥിതിയും [illegible] ക്രമത്തെ പറയുന്നു.

മാന്ദ്യംശരാശിഗോ മന്ദോ ഗുളികാംശരാശിഗഃ
ജീവോ [illegible] രാശിഗതഃ ശശീ. ൩൮
ഏതേ ഗുളികപ്രാപ്താ പ്രശ്നേ സ്യുർവ്വാദശാൽ പരസ്പരം.

അ—മാന്ദ്യംശരാശിഗനായ മന്ദനും ഗുളികാംശരാശിഗനായ ഗുരുവും [illegible] രാശിഗനായ [illegible] രാശിഗനായ ശശിയും ഇവർ അന്യോന്യം സംബന്ധം ചെയ്താൽ പ്രശ്നവിഷയം ഗുളികപ്രദരായി ഭവിക്കുന്നു.

സാ—പ്രശ്നത്തിൽ ഗുളികൻ അംശകിച്ചിരിക്കുന്ന രാശിയിൽ ശനിയും ലഗ്നത്തി ന്റെ നവാംശരാശിയിൽ വ്യാഴവും [illegible] രാശിയിൽ ആദിത്യനും ഗുളികരാശിയിൽ ചന്ദ്രനും വരുന്ന സമയം [illegible] പറയണം. ഇതുകൾ എല്ലാം യോജി ച്ചു വരികയാണെങ്കിൽ മരണത്തെ പറയാം [illegible] ക്കൊണ്ടു പറയരുത്.

ഭ്രതവാക്യാന്ത്യവർണ്ണാകരാശിഗസ്ത്രീകാലരാശിഃ
മന്ദാസൃക്ചന്ദ്രഭാനു ഗുളികസ്ഥ ഭവേന്മൃതിഃ. ൩൯

അ—മന്ദാസൃക്ചന്ദ്രഭാനുക്കൾ അത്യന്തമായ ഭ്രതവാക്യാന്ത്യവർണ്ണാ കരാശിഗനായിരിക്കും സമയത്തിൽ [illegible] മൃതി വാച്യമാകുന്നു.

സാ—ശനി വ്യാഴം ആദിത്യൻ ചന്ദ്രൻ ഇവരിൽ [illegible] പാപഗ്രഹം ബലഹാനി മുതലായ ദോഷങ്ങൾ അധികമുള്ള ഗ്രഹം ദൂതൻ ആദ്യമായി പറ ഞ്ഞ വാക്കിന്റെ ഒടുവിലത്തെ അക്ഷരത്തിന്റെ [illegible] രാശിയിൽ വരുമ്പോൾ ആ രാശിസമയത്ത് പ്രഷ്ടാവിന്റെ മരണം സംഭവിക്കുന്നതാണ്. അക്ഷരംകൊണ്ടു രാശി അറിയുന്നതിനുള്ള ക്രമം ഇവിടെത്തന്നെ പറയപ്പെടുന്നു.

ദ്വാദശാം [illegible] സ്യുർ വർഗ്ഗാദ്യന്താ യഥാക്രമം
മേഷാദിഷു ക്രമാദ്യേ [illegible] മേഷാദിഷട്സ്വപി. ൪൦

അ—ദ്വാദശങ്ങളായ അക്ഷരം ൧൨-ം വർഗ്ഗാദ്യന്തങ്ങളും യഥാക്രമങ്ങളായി ൧൨-ം മേഷാദികളിൽ ക്രമേണ യോജ്യങ്ങളായി ഭവിക്കുന്നു. [illegible] മേഷാദിയായി ആറുകളിലും യോജ്യങ്ങളായി ഭവിക്കുന്നു.

സാ—ക്രാവിധശാഖയിലുള്ള പന്ത്രണ്ട് അച്ചുകളെ മേടം മുതൽ പന്ത്രണ്ട് രാശി കളായി വിചാരിക്കുക. പിന്നെ കവർഗ്ഗം മുതലായ അഞ്ചു വർഗ്ഗങ്ങളുടെയും ആദിയി ലും അവസാനത്തിലുമുള്ള പത്തു് അക്ഷരങ്ങളും [illegible] ഇതുകളുംകൂടിയുള്ള പന്ത്രണ്ട് അ ക്ഷരങ്ങളേയും ക്രമേണ മേടം മുതൽ പന്ത്രണ്ടു രാശികളായി വിചാരിക്കുക. ബാക്കി യുള്ള ആറു് അക്ഷരങ്ങളെ മേടം മുതൽ കന്നിവരെ ആറു രാശികളിലും ചേർക്കുക. [illegible] [illegible] മേടം മുതൽ ആറു രാശികൾക്ക് മൂന്നു [illegible] മുതൽ ആറു രാശികൾക്ക ഇരണ്ടു് അക്ഷരവുംകൂടി ക്രമത്തിൽ [illegible] ക. ഭ്രതവാക്യത്തിന്റെ ഒടുവിലത്തെ അക്ഷരം [illegible] ആയി വരികിൽ മേടം രാശിയും [illegible] ഇതുകൾക്ക് [illegible] ഇതുകൾക്ക്

[illegible]

ഗുളികാദ്യത്രികോണസ്ഥസ്ഥാനേ വാഗ്ദേശരാശിനഃ
ഇത്യേതാട്ക്കസ്ഥാനാന്തിനക്ഷത്രജേ മൃതിപ്രദം. ൭൩.

അ—ഗുളികാദ്യത്രികോണസ്ഥനായ അർക്കം അപ്രകാരം ദ്രേക്കാണരാശിനാ യ അർക്കം ഉത്ഭൂതനാകുന്നു. അപ്രകാരം മാന്ദിനക്ഷത്രവും മൃതിപ്രദമാകുന്നു.

സാ—പ്രഷ്ടകാലത്തു ഗുളികൻ ഏതു നക്ഷത്രത്തിന്മേൽ നില്ക്കുന്നുവോ ആ നാളി ലോ അതിന്റെ പത്താംനാളിലോ പത്തൊൻപതാംനാളിലോ ആദിത്യൻ ചാരവശാൽ നില്ക്കുന്ന കാലവും അംശാധിപൻ നില്ക്കുന്ന രാശിയിൽ ആദിത്യൻ വരുന്നകാലവും ഗു ളികൻ നില്ക്കുന്ന നാളിൽ ചന്ദ്രൻ വരുന്ന കാലവും മരണകാലമാകുന്നു.

ത്രിസ്ഫുടസ്ഥാദ്യഭാനാ യാവൽ ത്രികോണസ്ഥഗോദ്യന
കാലഭ്യംശകാലാവാഹന്നാഡികാലേ മൃതിർഭവേൽ. ൭൪.

ലഗ്നാംശസ്യ തദംശേശോ നാഥൈശ്വര്യാദിയാത്മജേ
സ്ഥാനഭൃതിപഞ്ചക മാന്ദിർദ്ദിനാദിഷു മൃതിപ്രദം. ൭൫.

അ—ത്രിസ്ഫുടനാഥാദിഷു ത്രികോണസ്ഥ യാവത്കാല ലഗ്നാംശ തദംശേശൻ ... ത്രിസ്ഫുടമായിരിക്കുമ്പോൾ ... മരണകാലത്തിൽ മൃതി ഭവിക്കും. മാന്ദി സംഖ്യാദിനം ... രാത്രിയിൽ മൃതിപ്രദനായി ഭവിക്കും.

സാ—പ്രഷ്ടകാലത്തിലെ ത്രിസ്ഫുടനക്ഷത്രം ഏതു ... നക്ഷത്രങ്ങളിൽ ഏതെങ്കിലും ഒന്ന് ആദ്യമായി വരുന്നു ... അത്രയും വത്സരമോ മാസമോ ദിവസമോ നാഴികയോ പ്രഷ്ടസമയം തുടങ്ങി കഴി ഞ്ഞാൽ പൃച്ഛകൻ മരിക്കുമെന്നു പറയണം. ലഗ്നാംശത്തിന്റെ ലഗ്നനവാംശനാഥൻ ബലവാനായാൽ അത്രയും വത്സരം കഴിയുമ്പോൾ മരിക്കുമെന്നും സമനാണെങ്കിൽ അത്ര യുംമാസം കഴിയുമ്പോൾ മരിക്കുമെന്നും ശത്രുവാണെങ്കിൽ അത്രയുംദിവസം കഴിയുമ്പോൾ മരിക്കുമെന്നും അതിശത്രുവാണെങ്കിൽ അത്രയും നാഴികയാകുമ്പോൾ മരിക്കുമെന്നും പറയ ണം. ഗുളികൻ രാത്രിരാശിയിലാണെങ്കിൽ മരണം പകലാണെന്നും പകൽരാശിയിലാ ണെങ്കിൽ മരണം രാത്രിയിലാണെന്നും പറയണം.

പൃഷ്ഠ്യനാഡിസമാഹർമാസാബ്ദാഃ ഉദ്ഗതം ലഗ്നചന്ദ്രയോഃ
ബലീയസോ നവാംശസ്യ ദോഷാധിക്യാദ്യതാവശാൽ. ൭൬.

അ—ലഗ്നചന്ദ്രന്മാരിൽവെച്ചു ബലീയസ്സായിരിക്കുന്നവന്റെ നവാംശത്തിന്റെ പൃഷ്ഠ്യനാഡിസമാഹർമാസാബ്ദങ്ങളിൽ ദോഷാധിക്യാദ്യതാവശാൽ ഹേതുവായി മൃതി ഭവിക്കുന്നു.

സാ—ലഗ്നത്തിനും ചന്ദ്രനും ബലമേറിയതു യാതൊന്നാണോ ആ സ്ഫുടത്തിനു ചെ ല്ലാനുള്ള നവാംശകത്തിനു എത്ര നാഴികയുണ്ടെന്നറിഞ്ഞു അത്രയും ദിവസമോ മാസമോ വത്സരമോ കഴിഞ്ഞു മരണം സംഭവിക്കുമെന്നു പറയണം. ദുഷ്ടം വളരെ ദോഷകരമാ ണെങ്കിൽ ദിവസവും, മദ്ധ്യമമാണെങ്കിൽ മാസവും, ദോഷം വളരെ കുറവാണെങ്കിൽ വത്സരവും പറഞ്ഞുകൊള്ളണം.

ലഗ്നാംശൈശ്വര്യവിനാഡീഭിഃ സമാഹർമാസവത്സരൈഃ
മൃതിർലഗ്നപതേഃ ശത്രൗ സമേ മിത്രേ തദംശപേ. ൭൭.

അ—ലഗ്നപതിക്കു തദംശപൻ ശത്രുവായും സമനായും മിത്രമായുമിരിക്കുമ്പോ ൾ ലഗ്നാംശൈശ്വര്യവിനാഡികളോടു സമാഹർമാസവത്സരങ്ങളെക്കൊണ്ടു മൃതി ഭവിക്കുന്നു.

സാ—ലഗ്നസ്ഫുടത്തിന്റെ നവാംശകത്തിൽ എത്ര വിനാഴിക കഴിഞ്ഞു എത്ര വി നാഴിക കഴിയാനുണ്ടു എന്നറിഞ്ഞു കഴിയാനുള്ള വിനാഴികയോളം വത്സരത്തിനോ മാ സത്തിനോ ദിവസത്തിനോ ഉള്ളിൽ മരണം സംഭവിക്കുമെന്നു പറയണം. ലഗ്നാധി

പൻ ലഗ്നനവാംശകാധിപൻ ബലവാനായാൽ വർഷവും സമനായാൽ മാസവും ദുർബ്ബലനായാൽ ദിവസവുമാണെന്ന് പറയേണ്ടതു്.

> മൃത്യുപ്രദ നവാംശേശവിനാഡ്യശ്ച മൃതിപ്രദാഃ
> പ്രോക്തവൽ ലഗ്നപാദാതിസമബലേദ്ധ്യ തൽമാസകാഃ. ൨൫

അ—ലഗ്നപാദാതിസമബലവാനായിരിക്കുമ്പോൾ മൃത്യുപ്രദന്മാരുടെ നവാംശകവിനാഴികളും പ്രോക്തമനുസരിച്ചു മൃതിപ്രദകളായി ഭവിക്കുന്നു.

സാ—ലഗ്നാധിപന്റെ ലഗ്നനവാംശകാധിപൻ ബലവാനായാൽ മരണകാരകനായ ഗ്രഹത്തിന്റെ നവാംശകത്തിൽ ചെല്ലുന്നത്ര വിനാഴികയോളം കാലം കഴിയുമ്പോൾ മരണം സംഭവിക്കും. ലഗ്നാധിപന്റെ ലഗ്നനവാംശകാധിപൻ സമനായാൽ അത്രയും മാസം കഴിയുമ്പോഴും ദുർബ്ബലനായാൽ അത്രയും ദിവസം കഴിയുമ്പോഴും മരണമുണ്ടാകുമെന്ന് പറയണം. അഷ്ടമസ്ഥിതി അഷ്ടമാധിപത്യം അഷ്ടമദൃഷ്ടി മുതലായതുകളുള്ള ഗ്രഹമാണു മൃത്യുപ്രദൻ. ഏതൊരു ഗ്രഹത്തിന്റെ യോഗദൃഷ്ടികളെക്കൊണ്ടു മരണം സംഭവിക്കുമെന്നു നിശ്ചയിച്ചുവോ ആ ഗ്രഹംതന്നെയാണു മൃത്യുപ്രദൻ.

വാ—അത്ര അത്യന്താപേക്ഷിതം.

അ—ഇവിടെ അത്യന്താപേക്ഷിതമാകുന്നു.

സാ—മൃത്യുകാലം അത്യന്തത്തിന്റെ കാലം ചിന്തിക്കുന്നതിനുള്ള അനേകം പ്രകാരങ്ങൾ ഇവിടെ കാണിക്കുന്നു.

> ക്രൂരാഹിമൃത്യുഗുളികാദിനു യാതി സ്യാൽ
> ലഗ്നാംശകാൽ പ്രഭൃതി കഷ്ടതമോ നവാംശേ
> തൽകഷ്ടമാവധിഗതാ ദിവസാദിസംഖ്യാ
> വാച്യാ തദാസ്യ ദിനമാസസമാസു മൃത്യുഃ. ൨൬

അ—ക്രൂരാഹിമൃത്യുഗുളികാദികളിൽവെച്ചു കഷ്ടതമനായ ഗ്രഹം ലഗ്നാംശകത്തിൽനിന്നു തുടങ്ങി എത്രാമത്തെ നവാംശകത്തിൽ നില്ക്കും. തൽകഷ്ടതമാവധികളായുള്ളവയിട്ട് അവധികളായ ദിനമാസസമകളായിരിക്കുമ്പോൾ മൃത്യു ഭവിക്കുമെന്നു വാച്യമാകുന്നു.

സാ—സൂര്യൻ ചൊവ്വ ശനി രാഹു ഗുളികൻ മൃത്യു കാലൻ ഇവരിൽവെച്ചു അനിഷ്ടബലമുള്ള അതിക്രൂരനായ ഗ്രഹം ലഗ്നനവാംശംമുതൽ എത്രാമത്തെ നവാംശത്തിൽ നില്ക്കുന്നുവോ ആ ഗ്രഹം അതികഷ്ടനാണെങ്കിൽ അത്രയും ദിവസം കഴിഞ്ഞും കഷ്ടത അധികമില്ലെങ്കിൽ അത്രയുംമാസം കഴിഞ്ഞും കഷ്ടത വളരെ കുറവാണെങ്കിൽ അത്രയും സംവത്സരം കഴിഞ്ഞും മരണം സംഭവിക്കുമെന്നു പറയണം.

> കഷ്ടോഽഹിമൃത്യുഗുളികാദിഷു യത്ര രാശൌ
> തല്പ്രാബല്യം നിധനാഖ്യം യദി വാ നിമിത്തം
> തസ്യ ത്രികോണഗൃഹഗേ കഷ്ടതമേ തദാനീം
> ചന്ദ്രാർക്കജീവരവിജേഷു മൃതിർവിചിന്ത്യാ. ൨൭

അ—അഹിമൃത്യുഗുളികാദികളിൽവെച്ചു കഷ്ടൻ യാതൊരു രാശിയിൽ ഭവിക്കുന്നു. തല്പ്രാബല്യമായി നിധനാഖ്യമായിരിക്കുന്ന നിമിത്തം യാതൊരു രാശിയിൽ ഭവിക്കുന്നു. ചന്ദ്രാർക്കജീവരവിജന്മാരിൽവെച്ചു കഷ്ടതമൻ അതിന്റെ ത്രികോണങ്ങളിലായിരിക്കുമ്പോൾ മൃതി വിചിന്ത്യയായി ഭവിക്കുന്നു.

സാ—രാഹു മൃത്യു ഗുളികൻ മുതലായ മരണസൂചകന്മാരായവരിൽ ഏറ്റവും കഷ്ടതമനായവൻ ഏതൊരു രാശിയിൽ നില്ക്കുന്നു അല്ലെങ്കിൽ പ്രശ്നസമയത്തു മരണസൂചകമായ നിമിത്തം ഏതൊരു രാശിയിലാണുണ്ടായതു്. ഈ രണ്ടു രാശികളുടെയും ത്രികോണരാശികളിൽ വ്യാഴം ശനി ആദിത്യൻ ചന്ദ്രൻ ഇവരിൽവെച്ചു് ഏറ്റവും അനിഷ്ടകരനായ ഗ്രഹം ചാരവശാൽ വരുന്ന സമയം മരണം സംഭവിക്കാവുന്നതാണു്.

ലഗ്നാരൂഢപതീ യയോർബലവതഃ പ്രാബല്യ യസ്മിൻ ഗ്രഹേ
നക്ഷത്രേƒഥ ദ്രേക്കാണകോ ഭവതി പ്രശ്നേ നവാംശേƒപി വാ
വൃക്ഷാദേഃ പതനാദ്യനിഷ്ടമസ്യ മൽ പ്രാണപ്രണാശോƒപി വാ
സ്ഥാനം വാ ഗുളികാദികസ്യ ഭവിതാ താവത്തിനാന്തേ മൃതിഃ—ഇതി.

അ—ലഗ്നാരൂഢപതികളിൽ ബലമുള്ളവന്റെ [illegible] ഗ്രഹത്തിലോ നക്ഷത്രത്തിലോ ദ്രേക്കാണത്തിലോ നവാംശത്തിലോ വൃക്ഷാദികളുടെ പതനാദിയായ അനിഷ്ടമോ അസ്യമൽപ്രാണപ്രണാശമോ ഗുളികാദികളുടെ സ്ഥാനമോ ഭവിക്കുന്നു. താവത്തിനാന്തത്തിൽ മൃതി വാച്യമാകുന്നു.

സാ—ലഗ്നാധിപനും ആരൂഢാധിപനും തമ്മിൽ ബലമേറിയ ഗ്രഹം നില്ക്കുന്ന രാശിമുതൽ എണ്ണിയാൽ എത്രാമത്തെ രാശിയിലോ നക്ഷത്രംമുതൽ എണ്ണുമ്പോൾ എത്രാമത്തെ നക്ഷത്രത്തിലോ ദ്രേക്കാണംമുതൽ എണ്ണുമ്പോൾ എത്രാമത്തെ ദ്രേക്കാണത്തിലോ നവാംശകംമുതൽ എണ്ണുമ്പോൾ എത്രാമത്തെ നവാംശകത്തിലോ ഗുളികൻ മൃത്യു മുതലായ വയിൽ ദോഷമായിട്ടുള്ളവർ നില്ക്കുന്നു. അല്ലെങ്കിൽ പ്രഷ്ടാവിന്റെ വീട്ടിൽ മരം മുറിക്കുന്നു. അല്ലെങ്കിൽ വൃക്ഷം ആലയം മുതലായവ പതിക്കുന്നു. അത്രയും ദിവസത്തിന്റെയോ മാസത്തിന്റെയോ വത്സരത്തിന്റെയോ അന്ത്യത്തിൽ പ്രഷ്ടാവിനു മരണം സംഭവിക്കുമെന്നു പറയണം. അനുഷ്ഠാനപദ്ധതിവചനം ഇവിടെ അവസാനിച്ചു.

ആരൂഢോദയയോരഷ്ടമേƒഷ്ടമാശ്രിതാലയേ
പിണ്ഡാഷ്ടവർഗ്ഗേ ഹീനാക്ഷേ രാശൌ വാ ലഗ്നഗേ മൃതിഃ. ൩൨.

അ—ആരൂഢോദയങ്ങളുടെ അഷ്ടമമോ അഷ്ടമേശാശ്രിതാലയമോ പിണ്ഡാഷ്ടവർഗ്ഗത്തിൽ ഹീനാക്ഷമായ രാശിയോ ലഗ്നഗമായിരിക്കുമ്പോൾ മൃതി ഭവിക്കും.

സാ—ആരൂഢത്തിന്റെ അഷ്ടമരാശിയോ ആരൂഢാൽ അഷ്ടമാധിപൻ നില്ക്കുന്ന രാശിയോ ഉദയലഗ്നാൽ അഷ്ടമമോ അഷ്ടമനാഥൻ നില്ക്കുന്ന രാശിയോ സമുദായാഷ്ടവർഗ്ഗത്തിൽ അക്ഷം കുറവുള്ള രാശിയോ ഈ അഞ്ചു രാശികളിൽവെച്ചു ഏതെങ്കിലും ഒന്നു പ്രഷ്ടാവിന്റെ മരണലഗ്നമായിരിക്കുമെന്നു പറയണം.

ശ്ലോകസ്യാസ്യോത്തരാർദ്ധം യത്തദുക്തവിഷയം തഥാ
സപ്രതിപത്തോ മാന്ദിരിത്യർദ്ധം ച പുരോദിതം. ൩൩.

അ—ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധം യാതൊന്നോ അതും സപ്രതിപത്തോ മാന്ദി എന്നിങ്ങനെ മുമ്പേ ഉദിതമായ അർദ്ധവും ഉക്തവിഷയമാകുന്നു.

സാ—ഇവിടെ പറഞ്ഞുവരുന്നതു പ്രശ്നംകൊണ്ടു മരണത്തെ നിശ്ചയിക്കാനുള്ള വിവരമാണ്. എന്നാൽ ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധവും സപ്രതിപത്തോ മാന്ദി എന്നിങ്ങനെ മുമ്പേ പറയപ്പെട്ട ശ്ലോകാർദ്ധവും ജാതകവശേന ചിന്തിക്കേണ്ടവയാണ്. പ്രസംഗവശാൽ ഈ ഘട്ടത്തിൽ പറഞ്ഞുവെന്നേയുള്ളു.

വാ—ഇതുതൽ പ്രശ്നവശാൽ മരണകാലവിഷയം.

അ—ഇതു പ്രശ്നവശാൽ തെളിവായിട്ടുള്ള മരണകാലവിഷയമാകുന്നു.

സാ—ഇവിടെ മേൽ പറയപ്പെടുന്ന പ്രശ്നംകൊണ്ടു മരണകാലത്തെ നിരൂപിക്കേണ്ട രീതിയാണ്.

വാ—പുനരപി കാശ്ചന മരണകാലഗ്രഹസ്ഥിതയ ഉച്യന്തേ.

അ—പിന്നെയും ചില മരണകാലഗ്രഹസ്ഥിതികളെ പറയപ്പെടുന്നു.

സാ—ഇനിയും മരണകാലത്തെ സൂചിപ്പിക്കുന്ന ചില ഗ്രഹസ്ഥിതികളെക്കൂടി ഇവിടെ കാണിക്കുന്നു.

ചോരാരജ്ജ്വാഷ്ടമഗാഃ പുംസാം ദിനനാഥൈക്യരാശിവീചഃ
ചിത്തക്ലേശം പ്രവാസം രോഗാൻ ജനയന്തി മരണമിതിം വാ.

അ—ചോരരജ്ജ്വഷ്ടമഗന്മാരായ ദിനനാഥൈക്യരാശിവീചന്മാർ പുരുഷന്മാർക്ക് ചിത്തക്ലേശത്തെയും പ്രവാസത്തെയും രോഗങ്ങളെയും മരണമിതിയെയും ജനിപ്പിക്കുന്നു.

സാ—ജനിച്ച കൂറിലോ അതിലെ അഷ്ടമത്തിലോ പന്ത്രണ്ടിലോ ആദിത്യൻ ചൊവ്വാ വ്യാഴം ശനി ഇവ ഗ്രഹങ്ങൾ ചാരവശാൽ വരുന്ന കാലത്ത് ധനനാശം വിദേശഗമനം രോഗദുഃഖം മരണമെന്നും ഇവ ഫലങ്ങളുണ്ടാകുന്നതാണെന്ന് അറിയണം.

ചന്ദ്രസ്തു നിധനം പ്രാപ്തഃ സപ്തമം ധൂമലോഹിതൌ
പാതകം മന്ദഗഃ ഷഷ്ഠം ശുക്രപുത്രസമാശ്രിതഃ. ൭൬
തൃതീയം ദേവമന്ത്രീ ച താൽക്കാലചതുരംശകാഃ
ജന്മസ്ഥാഃ പ്രാണസംദേഹം കുർവന്ത്യത്ര ന സംശയഃ. ൭൭

അ—നിധനത്തെ പ്രാപിച്ചവനായ ചന്ദ്രനും സപ്തമത്തെ പ്രാപിച്ചവരായ ധൂമലോഹിതന്മാരും പാതകത്തെ സമാശ്രിതനായ മന്ദനും ഷഷ്ഠത്തെ സമാശ്രിതനായ ശുക്രപുത്രനും തൃതീയത്തെ സമാശ്രിതനായ ദേവമന്ത്രിയും ജന്മസ്ഥന്മാരായ താൽക്കാലചതുരംശകന്മാരും ആകുന്ന ഇവർ പ്രാണസന്ദേഹത്തെ ചെയ്യുന്നു, സംശയമില്ല.

സാ—ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അഷ്ടമത്തിൽ ചന്ദ്രനും പന്ത്രണ്ടിൽ ആദിത്യനും ഏഴിൽ ചൊവ്വയും വ്യാഴം മൂന്നിൽ ശുക്രനും ചന്ദ്രൻ നില്ക്കുന്ന രാശിയിൽ ശനിയും താൽക്കാലികളും വരുന്നകാലം മരണകാലമാകുന്നു. ഇവർ എല്ലാവരുംകൂടി ഇവ സ്ഥാനങ്ങളിൽ ഒരു സമയത്തു വരികയെന്നുള്ളത് അസാദ്ധ്യമാണ്. എന്നിലും ഒരു ... ഇതെന്നും ... നിശ്ചയമായി പറയാവുന്നതാണ്.

പ്രഥമേ ച ചതുർത്ഥേ ച സപ്തമേ ചാഷ്ടമേ വ്യയേ
ക്രൂരഗ്രഹാഃ പ്രദീപ്യന്തേ ദീപ്യന്തേ വ്യസനാനി ച. ൭൮

അ—പ്രഥമത്തിലും ചതുർത്ഥത്തിലും സപ്തമത്തിലും അഷ്ടമത്തിലും വ്യയത്തിലും സ്ഥിതന്മാരായിരിക്കുന്ന ക്രൂരഗ്രഹങ്ങൾ ദീപ്തപാവകസന്നിഭന്മാരായി പ്രദീപിക്കുന്നു.

സാ—ജാതകത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശിയെ ഒന്നാമതെന്നല്ലോ കൂറ് എന്നു പറയുന്നത്. അതിൻെറ നാല് ഏഴ് എട്ട് പന്ത്രണ്ട് ഇവ ഭാവങ്ങളിൽ നില്ക്കുന്ന സൂര്യൻ ചൊവ്വാ ശനി രാഹു ഇവ ഗ്രഹങ്ങൾ കത്തുന്ന അഗ്നിയെപ്പോലെ ജ്വലിക്കുന്നു. എന്നാൽ മരണ കാരണങ്ങളിലുള്ള ദുഃഖ ... മുതലായ ദുരിതങ്ങൾ ഇവ അവസരത്തിലുണ്ടാകുമെന്നു സാരം.

ചതുരേ്ഥ നിധനേ ചാന്ത്യേ ചന്ദ്രോ നിത്യമനിഷ്ടകൃത്
ക്രൂരശ്ലേഷീ ച ജന്മസ്ഥോ ന സ്യാജ്ജന്മദിനം തഥാ. ൭൯

അ—ചതുർത്ഥത്തിലും നിധനത്തിലും അന്ത്യത്തിലും ചന്ദ്രൻ നിത്യം അനിഷ്ടത്തെ ചെയ്യുന്നു. ജന്മസ്ഥനായ രാശി ക്രൂരനാകുന്നു. ജന്മദിനം അപ്രകാരം ശുഭമല്ല.

സാ—കൂറിൻെറ നാലിലും എട്ടിലും പന്ത്രണ്ടിലും ചന്ദ്രൻ വരുന്ന കാലങ്ങൾ അനിഷ്ടകാലമാകുന്നു. ചന്ദ്രൻ കൂറിൽതന്നെ വരുന്നകാലം ശുഭമാണ്. എങ്കിലും ജന്മനക്ഷത്രത്തിൽ ചന്ദ്രൻ നില്ക്കുന്ന കാലം ശുഭമല്ല. ഇങ്ങിനെ മരണകാലത്തിലെ ഗ്രഹസ്ഥിതി നിരൂപിക്കേണ്ട ക്രമം പറഞ്ഞുകഴിഞ്ഞു.

ഇത്ഥം വിചിന്ത്യ നിശ്ചിത്യ സസംവാദം പരസ്പരം
ദൈവജ്ഞാവസ്ഥാനം സമയഃ കഥ്യതാം ബുധൈഃ. ൮൦

അ—ഇപ്രകാരം ചിന്തിച്ചിട്ട് അന്യോന്യം സസംവാദമായ ദൈവജ്ഞന്മാരുടെ അവസ്ഥാനത്തെ നിശ്ചയിച്ചിട്ട് ബുധന്മാരുടെ സമയം കഥിക്കപ്പെടണം.

സാ—മേൽ പറഞ്ഞവയെ നല്ലപോലെ ആലോചിച്ചിട്ടുവേണം ശനി മുതലായ ഗ്രഹങ്ങളുടെ മരണകാലത്തെ സ്ഥിതിയെ പറയേണ്ടത്. ശനി മുതലായ എല്ലാ ഗ്രഹങ്ങളുടേയും സ്ഥിതി ഒത്തുവരുന്ന ഘട്ടത്തിൽമാത്രമേ മരണം നിശ്ചയമായി പറയാവൂ.

ഇതി പ്രശ്നമാർഗ്ഗേ ദശമോഽദ്ധ്യായഃ.

ഇപ്രകാരം പ്രശ്നമാർഗ്ഗത്തിൻെറ പത്താംഅദ്ധ്യായം അവസാനിച്ചു.

അഥ ഏകാദശാദ്ധ്യായ പ്രാരംഭഃ.

വാ— അഥ മരണനിമിത്താന്യുച്യന്തേ.

അ— അനന്തരം മരണനിമിത്തങ്ങളെ വചിക്കപ്പെടുന്നു.

സാ— ഇനി ഇന്ന കാരണംകൊണ്ടാണ് മരണം സംഭവിക്കുന്നതു് എന്നും മറ്റും പറയുവാൻ പോകുന്നു.

ക്രമേണ മരണം വഹ്നിസലിലായുധശസ്ത്രതഃ
ജ്വരാതങ്കാഗതൃട്ക്ഷുദ്ഭിരർക്കാദ്യൈരഷ്ടമസ്ഥിതൈഃ. ൧

അ— അഷ്ടമസ്ഥിതന്മാരായിരിക്കുന്ന അർക്കാദ്യന്മാർ ക്രമമായിട്ട് ക്രമേണ വഹ്നിസലിലായുധശസ്ത്രങ്ങളെക്കൊണ്ടും ജ്വരാതങ്കാഗതൃട്ക്ഷുത്തുകളെക്കൊണ്ടും മരണം ഭവിക്കും.

സാ— അഷ്ടമഭാവത്തിൽ ആദിത്യൻ നിന്നാൽ അഗ്നിയാലും ചന്ദ്രൻ നിന്നാൽ ജലത്തിൽ വീണും ചൊവ്വാ നിന്നാൽ ആയുധഘാതവും ബുധൻ നിന്നാൽ ജ്വരരോഗവും വ്യാഴം നിന്നാൽ ഇന്ന രോഗമാണെന്നു തിട്ടപ്പെടുത്താൻ പാടില്ലാത്ത രോഗവ്യാധിയും ശുക്രൻ നിന്നാൽ തണ്ണീർദാഹവും ശനി നിന്നാൽ [illegible] മരണത്തിന്ന കാരണമാണെന്നു പറയണം. ഇപ്രകാരം രോഗം പിടിപെട്ടു മരിക്കുമെന്നു സാരം.

ദൃഷ്ടേഽഷ്ടമേ സൂര്യാദ്യൈഃ പ്രകൃത്യാദ്യാത്മധാതുജൈഃ
മൃത്യുർദ്ദോഷൈസ്ത്രിഭിഃ പ്രോക്തഃ പിത്തവാതാദിസംഭവഃ. ൨

അഷ്ടമം സൂര്യാദികളാൽ ദൃഷ്ടമായിരിക്കുമ്പോഴും അതിന്റെ പ്രകൃത്യാദിധാതുക്കളെക്കൊണ്ട് മൃത്യു ഭവിക്കും. അല്ലെങ്കിൽ മൃത്യു ത്രിദോഷപിത്തവാതാദിസംഭവമായും ഭവിക്കും.

സാ— അഷ്ടമത്തിൽ ഏതൊരു ഗ്രഹത്തിന്റെ ദൃഷ്ടിയാണോ ഉള്ളതു് ആ ഗ്രഹത്തിന്ന പറഞ്ഞിട്ടുള്ള അസ്ഥി മുതലായ ധാതുക്കളിൽ രോഗം പിടിപെട്ട് മരിക്കുമെന്ന് അറിയണം. അല്ലെങ്കിൽ ആ ഗ്രഹത്തിന്ന പറയുന്ന വാതപിത്താദിയായ ത്രിദോഷകോപംകൊണ്ടോ അല്ലെങ്കിൽ കഴിഞ്ഞ ശ്ലോകത്തിൽ പറയപ്പെട്ട അഗ്ന്യാദികളെക്കൊണ്ടോ മരണം സംഭവിക്കുമെന്ന പറയണം.

അസ്ഥി രക്തശ്ച മജ്ജാ ത്വങ്മാംസം ശുക്ലശ്ച വസ്നസാ
ഏവം ഹി ധാതവഃ സപ്ത സൂര്യാദീനാം പ്രകീർത്തിതാഃ. ൩

അ— അസ്ഥിയും രക്തവും മജ്ജയും ത്വക്കും മാംസവും ശുക്ലവും വസ്നസയും ഇവ ഏഴും സൂര്യാദികൾക്ക് ഏഴ് ധാതുക്കളാം പ്രകീർത്തിതങ്ങളായി ഭവിക്കുന്നു.

സാ— ഇവിടെ പറയുന്നതു് സൂര്യൻ മുതലായ ഗ്രഹങ്ങൾക്കൊണ്ടു് അസ്ഥി മുതലായ ധാതുക്കളെ അറിയേണ്ട ക്രമത്തെയാണു്. ആദിത്യനു് അസ്ഥിയും ചന്ദ്രനു് രക്തവും ചൊവ്വായ്ക്കു മജ്ജയും ബുധനു ത്വക്കും വ്യാഴത്തിന്നു മാംസവും ശുക്രന്നു ശുക്ലവും ശനിക്കു വസ്നസയും ഇങ്ങിനെയാണു് സൂര്യാദികൾക്കു് ഏഴു് ധാതുക്കളെ പറഞ്ഞിട്ടുള്ളതു്. അസ്ഥിയുടെ ഉള്ളിൽ ഉള്ള ചീരയാണു് മജ്ജ എന്നു പറയുന്നതു്. മാംസത്തോടു ചേർന്നു് മാംസത്തിൽ വ്യാപിച്ചുകിടക്കുന്ന ഒരു കൊഴുപ്പിനെ വസ എന്നു പറയുന്നു. ഞരമ്പും സ്നായുക്കളായ ഞരമ്പുകളെയാണു് വസ്നസാ എന്നു പറഞ്ഞതു്.

പിത്തം വാതകഫൗ പിത്തം വാതപിത്തകഫാഃ കഫഃ
കഫവാതൌ ച വാതശ്ച സൂര്യാദീനാം പ്രകീർത്തിതാഃ. ൪

അ— സൂര്യാദികൾക്കു പിത്തവും വാതകഫങ്ങളും പിത്തവും വാതപിത്തകഫങ്ങളും കഫവും വാതകഫങ്ങളും വാതവും പ്രകീർത്തിതങ്ങളാകുന്നു.

സാ—സൂൎയ്യാദികൾക്കു പിത്തം മുതലായ ദോഷങ്ങളെ വിധിച്ചിട്ടുള്ള ക്രമത്തെയും ഈ പദ്യംകൊണ്ടു പറയുന്നു. ആദിത്യനു പിത്തവും ചന്ദ്രനു വാതം കഫം ഇതു രണ്ടു ദോഷങ്ങളും ചൊവ്വയ്ക്കു പിത്തവും ബുധനു വാതം പിത്തം കഫം ഇതു മൂന്നു ദോഷങ്ങളും വ്യാഴത്തിനു കഫവും ശുക്രനു വാതം കഫം ഇതു രണ്ടു ദോഷങ്ങളും ശനിക്കു വാതവും ഇങ്ങിനെയാണു് വിധിച്ചിട്ടുള്ളതു്. ഇതിനെസംബന്ധിച്ചു പല അഭിപ്രായഭേദങ്ങളുമുണ്ടു്. എങ്കിലും സൎവ്വസമ്മതമായ അഭിപ്രായത്തെയാണു് ഇവിടെ പറഞ്ഞതു്.

കാലാംശേശാഷ്ടമസ്ഥാ യദി ഗ്രഹാ ദൃഷ്ടകവീക്ഷിതഃ
ജന്മകാലേ സ്ഥിതാ യത്ര തത്രാംശേ തദ്ഗദോദയഃ. ൭

അ—അഷ്ടമരാശിയോ അഷ്ടമാധിപനോ ഗ്രഹമോ ജന്മകാലത്തിൽ കാലാംശങ്ങളിൽ യാതൊന്നിൽ സ്ഥിതനാകുന്നു; ആ അംശത്തിൽ രോഗത്തെയും ചിന്തിക്കേണ്ടതു് [illegible].

സാ—ജനനകാലത്തിൽ അഷ്ടമരാശിയോ അഷ്ടമത്തിലുള്ള ഗ്രഹമോ പൂൎവ്വാൎദ്ധരാശിയിൽ വന്നാൽ ആ രാശിക്കു് "കാലാംഗാനിവരാംഗ" എന്ന വചനപ്രകാരം പൂൎവ്വാൎദ്ധശരീരാവയവങ്ങളിൽ വരുന്നതോ ആ അവയവത്തിൽ രോഗമുണ്ടായി നിൎണ്ണയിക്കണം. വ്യാധിയുടെ വിവരം അടിയിൽ പറയപ്പെടും.

ഗ്രഹയോഗേക്ഷണാദ്വാ നിധനേ നിധനാധിപേ
ഭാവാംശപൂൎണ്ണമാനേ വാ സർവ്വകൎണ്മൎദ്ദനപ്രദഃ. ൮

അ—നിധനത്തിൽ ഗ്രഹയോഗേക്ഷണാദികളോടുകൂടി സ്ഥിതിചെയ്യുന്ന നിധനാധിപൻ ഭാവാംശപൂൎണ്ണനായി സൎവ്വരോഗങ്ങളെയും മൎദ്ദനപ്രദനായി ഭവിക്കുന്നു.

സാ—അഷ്ടമത്തിൽ ഒരു ഗ്രഹത്തിന്റെയും സ്ഥിതിയോ ദൃഷ്ടിയോ ഇല്ലാതെ വരുന്നതായാൽ അഷ്ടമാധിപനെ ഉദ്ദേശിച്ചു രോഗം നിൎണ്ണയിക്കേണ്ടതാണു്. അതിനു ദ്രേക്കാണാദികളെക്കൊണ്ടു [illegible] പറയണം.

ധാതവശ്ച ത്രിദോഷാശ്ച ദ്രേക്കാണാ വാദ്യാദയോ ഗുണാഃ. ൯

അ—ധാതുക്കളും ത്രിദോഷങ്ങളും വാദ്യാദികളും ഗുണങ്ങളെന്നു് ദ്രേക്കാണങ്ങളാകുന്നു.

സാ—കഴിഞ്ഞ പദ്യത്തിൽ "സൎവ്വകൎണ്മൎദ്ദനപ്രദഃ" എന്നു പറഞ്ഞുവല്ലോ. ആ ഗുണങ്ങൾ ഇന്നതാണെന്നാണു് ഈ ശ്ലോകാൎദ്ധംകൊണ്ടു പറയുന്നതു്. അസ്ഥി മുതലായ ഏഴു ധാതുക്കൾക്കും വാതം പിത്തം കഫം ഇവ മൂന്നു ത്രിദോഷങ്ങൾക്കും വാദ്യാദികൾക്കും ഗുണങ്ങൾ എന്നു പറയപ്പെടുന്നു.

മന്ദേ സൂൎയ്യാദിസംയുക്തേ രന്ധ്രേ വാ ദൃശ്യവീക്ഷിതഃ
ലഗ്നേ തത്ര ജാതസ്യ പുരുഷസ്യ ഭവേന്മൃതിഃ ൧൦

അ—മന്ദൻ സൂൎയ്യാദിസംയുക്തനായിരിക്കുമ്പോൾ അവൻ് ആദ്യാദിയായ യാതൊന്നു് ഉദിതമായി ഭവിക്കുന്നു. അതിൽ ജാതനായ രോഗംകൊണ്ടു പുരുഷനു മൃതി ഭവിക്കും.

സാ—ശനിക്കു് സൂൎയ്യൻ ചന്ദ്രൻ മുതലായ ഗ്രഹങ്ങളുടെ യോഗമുണ്ടായാൽ ആ സൂൎയ്യാദികൾക്കു പറഞ്ഞിട്ടുള്ള അസ്ഥി മുതലായ ധാതുക്കളിലും മറ്റുപ്രകാരത്തിൽ അവയെ സംബന്ധിക്കുന്നതുമായ രോഗം മരണകാരണമായി തീരുമെന്നു പറയണം.

ഭാനുനാ വാസൃജാ ദൃഷ്ടേ ഭവാംശേ ദൃഷ്ടരാശ്യഗേ പദേ
അഗ്നിസാദോ നിരാഹാരോ ഭവപഥ്യശ്ച ദുസ്സഹാഃ. ൧൧

ഗുരുണാ ശയ്യഃ പാദേ ദക്ഷിണാംശേ ച ഭേദനാ
ക്ഷയഃ ക്ഷോഭശ്ച ശ്ലേഷ്മണാ കാസശ്വാസാദിഭവക്ഷിതേ. ൧൨

ബുധേന സന്ധിസാദാദിർമാന്ദ്യമന്നാദസംഭവഃ
മൂൎച്ഛനാ ഭ്രാന്തിയസ്മി മന്ദേ യമക്ഷണേക്ഷിതേ. ൧൩

ജാതശ്ചാർദ്ധപ്രഹരാംശകേന സമാസന്നേ ഗ്രഹനിർഗ്ഗമേ
കാലാഖ്യേസ്തു തഥൈവ പുത്രോ ഗുണാനാം സംഖ്യമതാം മൃതിഃ. ൧൮

അ—മന്ദൻ ഭാനുവിനാലോ അന്യുക്കിനാലോ ദൃഷ്ടനായിരിക്കുമ്പോൾ ജനിച്ചാൽ ... ത്തിൽ അർദ്ധപ്രഹരവുമായ അതെല്ലാം അന്യനിർഗ്ഗമം സമാസന്നമായിരിക്കുമ്പോൾ മരിക്കും. നിശാകരനാൽ ദൃഷ്ടനായിരിക്കുമ്പോൾ അതിസാരം കൊണ്ടു മരിക്കും. ചന്ദ്രസുതനാൽ ദൃഷ്ടനായിരിക്കുമ്പോൾ ജ്വരം കൊണ്ടു മരിക്കും. ഗുരുവിനാൽ ദൃഷ്ടനായിരിക്കുമ്പോൾ പാദത്തിൽ ശോഫവും ലക്ഷിണാംശത്തിൽ വേദനയും കൊണ്ടു മരിക്കും. ശുക്രനാൽ ഈക്ഷിതനായിരിക്കുമ്പോൾ ക്ഷയവും മോഹവും കൊണ്ടു മരിക്കും. മന്ദൻ ഈക്ഷിതനല്ലാതെയിരിക്കുമ്പോൾ കഫസംബന്ധമായ വ്യാധി കൊണ്ടു മരിക്കും. രാഹുവിനാൽ ദൃഷ്ടനായിരിക്കും സമയത്തിൽ സന്ധിസാദാദി കൊണ്ടു മരിക്കും. മാന്ദിയാൽ ദൃഷ്ടനായിരിക്കും സമയത്തിൽ ഉന്മാദ സംഭവവും മന്ദൻ ഗ്രഹങ്ങളെക്കൊണ്ടു വീക്ഷിതനായിരിക്കും സമയത്തിൽ ഗ്രാഹിയായിട്ടുള്ള മൂർച്ഛയും അർദ്ധപ്രഹരനാൽ വീക്ഷിതനായിരിക്കുമ്പോൾ അതെല്ലാം രവിയുടെ പുത്രൻ കാലദൃഷ്ടനായിരിക്കുമ്പോൾ സംഖ്യങ്ങളുടെ ഗുണം കൊണ്ടു മൃതിയും ഭവിക്കുന്നു.

സം—ജാതകത്തിൽ ശനിയെ ആദിത്യനോ ചൊവ്വയോ നോക്കുന്നു എങ്കിൽ മാനകാലത്തു് വലതുഭാഗത്തു് രക്തം ദുഷിച്ചു വ്രണമുണ്ടായി ആ രോഗം നിമിത്തം മരിക്കും. ചന്ദ്രൻ ആ ശനിയെ നോക്കുന്നു എങ്കിൽ അതിസാരമുണ്ടായി മരിക്കും. ബുധൻ നോക്കുന്നു എങ്കിൽ വിഷജ്വരമായി മരിക്കും. വ്യാഴം നോക്കുന്നു എങ്കിൽ കാലിൽ നീരും വലതുഭാഗത്തു വേദനയുമുണ്ടായി മരിക്കും. ശുക്രൻ നോക്കിയാൽ ക്ഷയവും ചുമയും പിടിപെട്ടു മരിക്കും. ശനിയെ ആരും നോക്കുന്നില്ല എങ്കിൽ ചുമയും ശ്വാസംമുട്ടും വന്നു മരിക്കും. രാഹു നോക്കിയാൽ സന്ധികൾ തളർന്നു മരിക്കും. ഗുളികൻ നോക്കിയാൽ ഉന്മാദം പിടിപെട്ടു മരിക്കും. ഗ്രഹങ്ങൾ നോക്കിയാൽ വളരെക്കാലം മോഹാലസ്യത്തോടുകൂടി കിടന്നു മരിക്കാൻ ഇടവരും. അർദ്ധപ്രഹരൻ നോക്കിയാൽ വ്രണമുണ്ടായി മരിക്കും. കാലൻ നോക്കിയാൽ സംഖ്യയിട്ടുകൊണ്ടിരിക്കുമ്പോൾ യാതൊരു രോഗവുമില്ലാതെ പെട്ടെന്നു മരിക്കും.

അർദ്ധപ്രഹരന്റെ സ്ഫുടം വരുത്തുന്നതു അതിന്റെ ഉദയം അറിഞ്ഞിട്ടാണ് വേണ്ടതു്. വ്യാഴത്തിനു ൨൬ നാഴികയും വെള്ളിയാഴ്ച ൨൨ നാഴികയും ശനിയാഴ്ച ൧൮ നാഴികയും ഞായറാഴ്ച ൧൪ നാഴികയും തിങ്കളാഴ്ച ൧൦ നാഴികയും ചൊവ്വാഴ്ച ൬ നാഴികയും ബുധനാഴ്ച ൨ നാഴികയുമാണ് അർദ്ധപ്രഹരന്റെ ഉദയം. ദിനരാത്രികളുടെ കുറവുകൂടുതലനുസരിച്ചു് ഇവന്റെ ഉദയകാലത്തിനും കുറവുകൂടുതൽ വരും. അതു് ഗുളികനാഴിക ശരിപ്പെടുത്തുന്നതുപോലെ ശരിപ്പെടുത്തി ഗുളികസ്ഫുടം ഗണിക്കുന്ന ക്രമം അനുസരിച്ചു ഗണിച്ചുകൊള്ളുക.

ഇനി കാലസ്ഫുടത്തെ ഗണിക്കാനുള്ള ക്രമത്തെ പറയുന്നു. ശനിയാഴ്ച ൨൬ നാഴികയും ഞായറാഴ്ച ൨൨ നാഴികയും തിങ്കളാഴ്ച ൧൮ നാഴികയും ചൊവ്വാഴ്ച ൧൪ നാഴികയും ബുധനാഴ്ച ൧൦ നാഴികയും വ്യാഴാഴ്ച ൬ നാഴികയും വെള്ളിയാഴ്ച ൨ നാഴികയുമാണ് കാലന്റെ ഉദയം. ഈ ഉദയകാലവും മേൽപ്രകാരം സൂക്ഷ്മപ്പെടുത്തി കാലസ്ഫുടം ഗണിച്ചുകൊള്ളണം.

മാന്ദ്യാരൂഢനവാംശേശകാമഗ്രഹഗതാസ്സൗമ്യാസ്സൗമ്യപ്രദാഃ
പാപാസ്തത്രഗതാസ്തു ദുർമൃതികരാ തേഷ്വർക്ക ഉദ്ദീപകൈഃ
ക്ഷീണേന്ദുസ്സലിലേ യുധി ക്ഷിതിസുതഃ സൗമ്യാത്മജോ വഞ്ചനാ-
ദ്രാഹുഃ പന്നഗദംശനാന്മരണദോ മന്ദോ വിഷസ്പർശനാൽ. ൧൯

അ—മാന്ദ്യാരൂഢനവാംശകാമഗ്രഹഗതന്മാരായ സൗമ്യന്മാർ സൗമ്യപ്രദന്മാരാകുന്നു. അവിടെ ഗതന്മാരായ പാപന്മാർ ദുർമൃതികരന്മാരാകുന്നു. അവരിൽവെച്ചു് അർക്കൻ ഉദ്ദീപകഹേതുവായിട്ടും ക്ഷീണേന്ദു സലിലത്തിലും ക്ഷിതിസുതൻ യുദ്ധത്തിലും സൗമ്യാത്മജൻ വഞ്ചനം ഹേതുവായും രാഹു പന്നഗദംശനം ഹേതുവായിട്ടോ അല്ലെങ്കിൽ വിഷസ്പർശനം ഹേതുവായിട്ടോ മരണദനായി ഭവിക്കും.

സാ—ജാതകത്തിൽ ഗുളികൻ നിൽക്കുന്ന അംശകരാശിയുടെ ഏഴാമത്തെ രാശിയിൽ ശുഭഗ്രഹങ്ങളാണെങ്കിൽ ശുഭമരണമായിരിക്കുമെന്നും അവിടെ പാപഗ്രഹങ്ങൾ നിന്നാൽ ദുർമ്മരണമാണെന്നും പറയണം. ആ ദുർമ്മരണം എങ്ങിനെയുള്ളതാണെന്നു പറയുന്നു.

ഗുളികാംശകരാശിയുടെ ഏഴിൽ ആദിത്യനാണെങ്കിൽ രാജകോപംകൊണ്ടും ചന്ദ്രനാണെങ്കിൽ വെള്ളത്തിൽ വീണും ചൊവ്വയാണെങ്കിൽ ആയുധംനിമിത്തവും ശനിയാണെങ്കിൽ ചതിപ്രയോഗംകൊണ്ടും രാഹു ആണെങ്കിൽ പാമ്പു കടിച്ചിട്ടും അല്ലെങ്കിൽ വിഷഭക്ഷണംകൊണ്ടും മരിക്കും.

വാ—ഏതൽ പ്രശ്നേപി ചിന്ത്യം.

അ—ഇതു പ്രശ്നത്തിലും ചിന്ത്യമാകുന്നു.

സാ—ഈ കഴിഞ്ഞ പദ്യംകൊണ്ടു പറഞ്ഞതു ജാതകത്തെ ആശ്രയിച്ചു വിചാരിക്കേണ്ടതാണ്. പ്രശ്നത്തിലും ഇതു വിചാരിക്കാവുന്നതാണെന്നാണ്.

[illegible] മന്ദവിശേഷതോ [illegible]
[illegible]
[illegible]
[illegible].

അ—ശനി [illegible] ആണെങ്കിലുമാവാം [illegible] പിടിച്ചും [illegible] ചെയ്യുവാനും വാതു ഹേതുവായും [illegible] അധികമായ [illegible] ഹേതുവായും [illegible] ഹേതുവായും മരണം സംഭവിക്കുന്നു. ആ [illegible] അതിവിഷമായി [illegible] വിഷഭക്ഷണമായി [illegible] മരിക്കും.

സാ—ശനി [illegible] നിന്നാൽ [illegible] മരിക്കും. [illegible] നിന്നാൽ [illegible] മുതലായ [illegible] മരിക്കും. [illegible] ശനി നിന്നാൽ [illegible] പിടിപെട്ടു മരിക്കും. [illegible] നിന്നാൽ വാതരോഗംനിമിത്തം മരിക്കും. [illegible] നിന്നാൽ [illegible] ഇവകൾ പിടിപെട്ടു മരിക്കും. [illegible] നിന്നാൽ [illegible] ഈ രോഗങ്ങൾ പിടിപെട്ടു മരിക്കും. ശനി [illegible] നിന്നാൽ [illegible] ഉപദ്രവങ്ങളാൽ മരിക്കും. [illegible] കിടന്നിട്ടു മരിക്കുമെന്നു [illegible] പറയണം.

[illegible]
[illegible]
[illegible]
[illegible].

അ—[illegible] അംശകരാശികളെ [illegible] ഇവൻ [illegible] ആയിരിക്കുമ്പോൾ [illegible] മരിക്കും. [illegible] സമയത്തിൽ ബന്ധുക്കളോടു കൂടാതെ ദുഃഖിതനായി മരിക്കും. ഇവൻ [illegible] ഗുളികസമേതനായിരിക്കുമ്പോൾ [illegible] മരിക്കും.

സാ—ഇന്നസമയം ശനി [illegible] രാശിയിൽ [illegible] നിൽക്കയോ [illegible] ഈ രാശികളിൽ നിൽക്കുകയോ അല്ലെങ്കിൽ [illegible] ഈ രാശികളിൽ നില്ക്കുകയോ ചെയ്താൽ അവൻ [illegible] പുത്രന്മാരുടേയും ബന്ധുക്കളുടേയും മറ്റും സാന്നിദ്ധ്യത്തോടുകൂടി സുഖകരമായി മരിക്കുന്നതിനിടവരു

ണെന്നു പറയണം. ശനി ബലഹീനന്മാരിൽ നിന്നാൽ ഈ ഫലം വഴിക്ക് ഉറപ്പായി പറയേണ്ടതാണ്. ശനി നീചത്തിലോ ശത്രുക്ഷേത്രത്തിലോ നിന്നാൽ ഇഷ്ടജനങ്ങളോടും കൂടെ വളരെ ദുഃഖത്തോടുകൂടി മരിക്കുന്നതിനിടവരും. ഈ ജന്മാന്തസപ്തമദ്രേക്കാണത്തിൽ നില്ക്കയും രാഹുഗുളികന്മാരുടെ ദൃഷ്ടിയോഗങ്ങളും വരികയും ചെയ്താൽ പാമ്പുകടിച്ചു മരിക്കുമെന്നു പറയണം.

മന്ദേ ജൈവയുതേഽഥവാ വിധുയുതേ ക്ഷേത്രസ്ഥിതേ ചാനയോർ-
ഋക്ഷേ വഹ്നിഭയേ സ്ഥിതേഽഹിഗുളികാഭ്യാം വീക്ഷിതേഽഗ്നൗ മൃതിഃ
ഏവംഭൂതശനൗ ജലഗ്രഹയുതേ തത്രാംബുപാതാദിഭിർ-
ദോഷാഢ്യേഽസ്തഭുവീതരേഽംബുചരഭക്ഷേത്രാന്വിതേ വാരിണി. ൧൩

അ—മന്ദൻ ജൈവയുതനായോ അഥവാ വിധുയുതനായോ ഇവരുടെ ക്ഷേത്രസ്ഥിതനായോ വഹ്നിഭയമായ ഋക്ഷത്തിൽ സ്ഥിതനായി അഹിഗുളികാഭ്യാം വീക്ഷിതനായിരിക്കുമ്പോൾ അഗ്നിയിൽ മൃതി ഭവിക്കുന്നു. ഏവംഭൂതശനി ജലഗ്രഹയുതനായിരിക്കുമ്പോൾ അംബുപാതാദികളെക്കൊണ്ട് മൃതി ഭവിക്കും. ഉദിതമായ ദോഷം അസ്തത്തിലും ശനി അംബുചരക്ഷേത്രാന്വിതനായുമിരിക്കുമ്പോൾ വാരിയിൽ മൃതി ഭവിക്കും.

സാ—ജനനകാലത്തിൽ ശനി ആദിത്യന്റെയോ ചൊവ്വയുടെയോ ക്ഷേത്രത്തിൽ അവരിൽ ഒരാളോടുകൂടി നില്ക്കയും ആ ശനിയുടെ ദൃക്കാണം അഗ്നിഭത്തിൽ വരികയും രാഹുവിന്റെയോ ഗുളികന്റെയോ ദൃഷ്ടിയോ യോഗമോ ഉണ്ടായിരിക്കുകയും ചെയ്താൽ അഗ്നിയിൽ വീണു മരിക്കുമെന്നു പറയണം. ഇതുപോലെ സൂര്യചന്ദ്രന്മാരിൽ ഒരാളോടുകൂടി അവരിൽ ഒരാളുടെ ക്ഷേത്രത്തിൽ അഗ്നിഭത്തോടുകൂടി രാഹുഗുളികന്മാരുടെ ദൃഷ്ടിയോടെ യോഗത്തോടുകൂടി ജലഗ്രഹങ്ങളായ ശുക്രനോടോ ചന്ദ്രനോടോകൂടി ശനി നിന്നാൽ ചൂടുള്ള വെള്ളത്തിൽ വീണോ വെള്ളം ശരീരത്തിൽ വീണോ മരിക്കാൻ ഇടവരുമെന്നു പറയണം. ശനി ജലരാശിയോടുകൂടി ജലഗ്രഹയോഗദൃഷ്ടിയുള്ളവനായി സൂര്യചന്ദ്രന്മാരുടെ യോഗമില്ലാതെ നിന്നാൽ വെള്ളത്തിൽ വീണു മരിക്കാൻ ഇടവരുമെന്നു പറയണം. ഇവിടെ ഋക്ഷങ്ങളുടെ ഉദയം ൧൬-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു.

ശൃംഗേ കോലമുഖേ സ്ഥിതേ ഗുരുഭവൈർന്യഗ്രോധനാമ്നേ പക്ഷിഭിഃ
അത്രാപ്യസ്യ ബലഹാനതാ ഗുളികയോഗാദ്യാശ്ച മന്ദസ്യ
നേഷ്ടസ്ഥാനഗതാശ്ച മാന്ദിഗ്രഹപാഃ സൂര്യാദയോ ദുർബ്ബലാ-
സ്താതാംബാസഹോദരബാന്ധവതനയസ്ത്രീഭ്യഃ സ്വതോ മൃത്യുദാഃ. ൧൪

അ—മന്ദൻ കോലമുഖമായ ശൃംഗത്തിൽ സ്ഥിതനായിരിക്കുമ്പോൾ ഗുരുഭങ്ങൾ ഹേതുവായും ന്യഗ്രോധനാമമായ ശൃംഗത്തിൽ സ്ഥിതനായിരിക്കുമ്പോൾ പക്ഷികൾ ഹേതുവായും മൃതി ഭവിക്കും. ഇവിടെയും മന്ദനിക്ക് ബലഹാനതയും ഗുളികയോഗാദികളും ഭവിക്കണം. നേഷ്ടസ്ഥാനഗതന്മാരായി മാന്ദിഗ്രഹപന്മാരായി ദുർബ്ബലന്മാരായ സൂര്യാദികൾ താതൻ ഹേതുവായും മാതൃസഹോദരബാന്ധവതനയസ്ത്രീകൾ ഹേതുവായും താൻ ഹേതുവായും മൃത്യുദന്മാരായി ഭവിക്കുന്നു.

സാ—രാഹുഗുളികന്മാരുടെ യോഗദൃഷ്ടികളോടുകൂടി ശനി ബലഹീനനായി മകരമദ്ധ്യദ്രേക്കാണത്തിൽ നിന്നാൽ മൃഗങ്ങളിൽനിന്നു മരണം സംഭവിക്കുമെന്നു പറയണം. മേല്പറഞ്ഞ യോഗങ്ങളോടുകൂടി ശനി പക്ഷിദ്രേക്കാണത്തിൽ നിന്നാൽ പക്ഷികൾനിമിത്തം മരണം സംഭവിക്കുമെന്നു പറയണം. സൂര്യൻ ഗുളികരാശിനാഥനായി അഷ്ടമത്തു ബലഹീനനായി നിന്നാൽ അച്ഛൻനിമിത്തം മരണമുണ്ടാകുമെന്നു പറയണം. ചന്ദ്രന് മേല്പറഞ്ഞ ഗുളികരാശ്യാധിപത്യം മുതലായ ദോഷങ്ങളുണ്ടെങ്കിൽ അമ്മ നിമിത്തമായും ചൊവ്വയ്ക്കു മേല്പറഞ്ഞ ദോഷങ്ങളുണ്ടെങ്കിൽ സഹോദരൻ നിമിത്തമായും ബുധനു മേല്പറഞ്ഞ ദോഷങ്ങളുണ്ടെങ്കിൽ ബന്ധുജനങ്ങൾ നിമിത്തമായും വ്യാഴത്തിനു മേല്പറഞ്ഞ ദോഷങ്ങളുണ്ടെങ്കിൽ മക്കൾ നിമിത്തമായും ശുക്രനു മേല്പറഞ്ഞ ദോഷങ്ങളുണ്ടെങ്കിൽ ഭാര്യനിമിത്തമായും ശനിക്കു മേല്പറഞ്ഞ ദോഷങ്ങളുണ്ടെങ്കിൽ താൻ ത-

ന്നെ

ന്ന കാരണമായും മരണം സംഭവിക്കുമെന്ന് പറയുന്നു. [illegible] പക്ഷേ ദ്രേക്കാണമായും ഹോരയിൽ ദ്രേക്കാണാദ്ധ്യായത്തിൽനിന്ന് അറിഞ്ഞുകൊള്ളണം.

ശൈലർക്ഷപ്രാപ്തിയുതേ [illegible] ശനൌ [illegible]
ചാതുർണ്ണ്യാദ് [illegible] ഹേതുകൾ [illegible]
[illegible] ശാഖിവിഹഗസംബന്ധിയുതേ [illegible] ദൈവാനുകൂലി-
[illegible] സഹിതോ [illegible] മൃത്യു [illegible] നിർദ്ദിശേത്. ൧൭

അ—മകരക്കൂറ്റിൽ [illegible] ശനി [illegible] ആയിരിക്കുമ്പോൾ ചാതുർത്ഥ്യാദിനിവീവ ഹേതുവായിട്ട് പറയേണ്ടിവരും. [illegible] ആയിരിക്കുമ്പോൾ [illegible] ഹേതുവായിട്ട് പറയേണ്ടിവരും. മരണകാലത്തിൽ [illegible] ആയിരിക്കുമ്പോൾ [illegible] കോപം ഹേതുവായിട്ട് [illegible] സഹിതമായ [illegible] മൃത്യുവിനെ നിർദ്ദേശിക്കണം.

സാ—[illegible] മുതലായ ദോഷങ്ങളോടുകൂടിയ [illegible] ദൃഷ്ടിയും ഉണ്ടായാൽ ചാതുർത്ഥി മുതലായ ദേവതകളുടെ ഉപദ്രവംനിമിത്തം മരിക്കാൻ ഇടവരും. മേൽപ്രകാരമുള്ള [illegible] ഗുളികന്റേയും [illegible] അതിൽ [illegible] മുതലായ [illegible] മരിക്കും. മേല്പറഞ്ഞ [illegible] ഗുളികന്റെ യോഗദൃഷ്ടികളുണ്ടായാൽ [illegible] കോപംനിമിത്തം ([illegible] ക്ഷേത്രത്തിലുള്ള ഭൂതങ്ങളുടെ ഉപദ്രവംനിമിത്തം) [illegible] മരിക്കും.

വാ—ഏതുതരത്തിലുള്ള മരണമാണ് മൃത്യുനിമിത്തം [illegible] പറയപ്പെടും.

അ—ഇത് ജാതകവശം ഹേതുവായി മൃത്യുനിമിത്താദികളെപ്പറ്റി വിചാരിക്കയാകുന്നു.

സാ—ഈ അഭിപ്രായംകൊണ്ട് പറഞ്ഞത് [illegible] കൊണ്ട് മരണത്തിന്റെ കാരണത്തെയും മറ്റും നിരൂപിക്കേണ്ട ക്രമത്തെയാണ്.

മൃത്യുരോഗനിമിത്താദി കഥിതാന്യത്ര ജാതകാത്
അഥ മൃത്യുപ്രദാ രോഗാഃ കഥ്യന്തേ പ്രശ്നതോഽധുനാ. ൨൦

അ—ജാതകംകൊണ്ട് മൃത്യുരോഗനിമിത്തങ്ങൾ ഇപ്രകാരം കഥിക്കപ്പെട്ടു. ഇനി പ്രശ്നംകൊണ്ട് മൃത്യുപ്രദങ്ങളായ രോഗങ്ങൾ കഥിക്കപ്പെടുന്നു.

സാ—ജാതകംകൊണ്ട് മരിക്കുന്നതിനുള്ള രോഗങ്ങൾ ഇന്നിന്നവയാണെന്ന് അറിയുവാനുള്ള ക്രമം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇനി പ്രശ്നംകൊണ്ട് [illegible] മരണം സംഭവിക്കുന്നതെന്ന് അറിയുവാനുള്ള ക്രമത്തെ പറയുന്നു.

ഊക്തോ [illegible] രോഽഷ്ടമം [illegible] തസ്യ രോഗസ്സ മൃത്യവേ
തദ്ഭാവേഽഷ്ടമസ്ഥസ്യ [illegible] തദീശിതുഃ. ൨൧

അ—[illegible] അഷ്ടമത്തെ വീക്ഷിക്കുന്നു. അവന്റെ രോഗം മൃത്യുവിന്നായി ഭവിക്കും. തദഭാവത്തിൽ അഷ്ടമസ്ഥന്റെ രോഗവും അഭാവത്തിൽ അഷ്ടമാധിപന്റെ രോഗവും മൃത്യുവിന്നായി ഭവിക്കും.

സാ—അഷ്ടമഭാവത്തിലേക്ക് ദൃഷ്ടിചെയ്യുന്ന ഗ്രഹത്തിന്ന് പറഞ്ഞിട്ടുള്ള രോഗം മരിക്കുന്നതിന് ഹേതുവായിത്തീരും. അഷ്ടമത്തിലേക്ക് ഗ്രഹങ്ങളുടെ ദൃഷ്ടിയില്ലെങ്കിൽ അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹത്തിന്ന് പറഞ്ഞിട്ടുള്ള രോഗം മരണത്തിന് ഹേതുവായിത്തീരും. അഷ്ടമത്തിൽ യോഗവും ദൃഷ്ടിയുമില്ലെങ്കിൽ അഷ്ടമാധിപന്റെ രോഗം മരണകാരണമായിത്തീരും.

ഇവിടെ ദൃഷ്ടിചെയ്യുന്ന ഗ്രഹത്തിനാണ് ഫലദായകത്വം [illegible] വിശേഷിച്ചു പറഞ്ഞിട്ടുള്ളത്. ഇതുകൊണ്ട് ഫലചിന്തകളിൽ എവിടെയും ദൃഷ്ടിക്ക് പ്രാധാന്യമുണ്ടെന്ന് ഗ്രാഹ്യമാകുന്നു. ഇത് "ജനയതി [illegible] മിതദൃഷ്ടഃ" എന്നുള്ള [illegible] വാക്യംകൊണ്ട് സ്പഷ്ടമാണ്.

അത്യഗ്നിം വേദനാമന്ത്യജേഭ്യോ ഭയം ചാർക്കോഥ ചന്ദ്രമാഃ
ഛർദ്ദിമൂർദ്ധ്വസ്ഥാനേ തിര്യഗ്ഭാഗസ്ഥേ മൂത്രാദിബാധനം. ൨൨

അതീസാരം ഗ്രഹം ചാധോഭാഗസ്ഥേ ശോഷം ച സപ്തഗഃ
ബുദ്ധിപ്രസരണം ദാഹം രക്തകോപോത്ഭവം വ്രണം
ഭൂമിജോഽഥ ബുധഃ കുര്യാച്ഛീതജ്വരാതിഭ്രമം. ൨൩

സന്നിപാതഞ്ച ചാഥ ഗുരുർബുദ്ധേരപാടവം
അജീർണ്ണം ശ്വയഥും ചാഥ ദാഹം മോഹം ച ഭാർഗ്ഗവഃ. ൨൪

തൃഷ്ണാരുചിസമസ്താംഗശോഷാംസ്തു ശനിനാമകഃ
വായുക്ഷോഭമഹിർഹിക്കാമപി സിരോദ്ഗമം. ൨൫

സൂര്യാദിഗുളികാന്താനാമിമേ രോഗാഃ പ്രകീർത്തിതാഃ. ൨൬

അ—അർക്കൻ അത്യഗ്നിയേയും വേദനയേയും അന്ത്യജന്മാരിൽനിന്ന് ഭയത്തെയും ചെയ്യും. അനന്തരം ചന്ദ്രമസ്സ് ഊർദ്ധ്വസ്ഥാനത്തിൽ ഭവിക്കുന്നു എങ്കിൽ ഛർദ്ദിയേയും തിര്യഗ്ഭാഗസ്ഥനായി ഭവിക്കുന്നു എങ്കിൽ മൂത്രാദിബാധനത്തേയും അധോഭാഗത്തിലാകുന്നു എങ്കിൽ അതിസാരത്തെയും ഗ്രഹണിയേയും ചെയ്യും. സപ്തമഗനായ ചന്ദ്രമസ്സ് ശോഷത്തെയും ചെയ്യും. ഭൂമിജൻ ബുദ്ധിപ്രസരണത്തെയും ദാഹത്തെയും രക്തകോപോത്ഭവമായ വ്രണത്തെയും ചെയ്യും. അനന്തരം ബുധൻ ശീതജ്വരത്തിലുണ്ടാകുന്ന സന്നിപാതത്തിനെയും ചെയ്യും. അനന്തരം ഗുരു ബുദ്ധിയുടെ അപാടവത്തെ ചെയ്യും. അനന്തരം ഭാർഗ്ഗവൻ അജീർണ്ണത്തെയും ശ്വയഥുവിനെയും ദാഹത്തെയും മോഹത്തെയും ചെയ്യും. അനന്തരം ശനി തൃഷ്ണാരുചിസമസ്താംഗശോഷങ്ങളെയും അഹി വായുക്ഷോഭത്തെയും ഹിക്കയേയും സിരോദ്ഗമത്തെയും ചെയ്യും. ഇപ്രകാരം സൂര്യാദിഗുളികാന്തന്മാരായ ഗ്രഹങ്ങളുടെ രോഗങ്ങളുന്ന പ്രകീർത്തിതങ്ങളാകുന്നു.

സാ—സൂര്യാദികൾക്ക് വിധിക്കപ്പെട്ട രോഗങ്ങളെ ക്രമേണ പറയുന്നു. സൂര്യന് അത്യഗ്നി വേദന ഇത്യാദി ഈ രോഗങ്ങളെ പറയണം.

ചന്ദ്രൻ ഊർദ്ധ്വമുഖരാശിയിൽ നിന്നാൽ ഛർദ്ദിയും തിര്യങ്മുഖരാശിയിലായാൽ മൂത്രാദികൾക്കു തടവും അധോമുഖരാശിയിലായാൽ അതിസാരം തണ്ണീർദാഹം ഇവയും പറയണം. വിശേഷിച്ചു ചന്ദ്രൻ എവിടെ നിന്നാലും മുൻപറഞ്ഞ രോഗങ്ങളുണ്ടെങ്കിൽ നീർദോഷം പറയാവുന്നതാണ്.

ചൊവ്വയ്ക്ക് സർവ്വാംഗം ചുട്ടു നീറലും രക്തദോഷാദിനിമിത്തം വലിയ വ്രണങ്ങളും പറയണം.

ബുധന് ശീതജ്വരവും ത്രിദോഷകോപവും ബുദ്ധിഭ്രമവും പറയാം.

വ്യാഴത്തിന് ബുദ്ധിക്കു നേരില്ലായ്ക (ഓർമ്മയില്ലായ്ക) പറയാം.

ശുക്രന് ദേഹമാകെ നീരും നീറലും മോഹാലസ്യവും പറയാം.

ശനിക്ക് തണ്ണീർദാഹവും അരുചിയും എല്ലാ അവയവങ്ങളിലും ദീനവും പറയണം.

രാഹുവിന് വായുവിന്റെ ക്ഷോഭവും ഗുളികന് എക്കിളും ഞരമ്പുകൾ പൊങ്ങുകയും പറയേണ്ടതാണ്. ഇങ്ങിനെയാണ സൂര്യൻമുതൽ ഗുളികൻവരെയുള്ളവരുടെ വ്യാധികൾ. ഇവരിൽ ഏതെങ്കിലും ഗ്രഹത്തിനാണോ അഷ്ടമബാധം വരുന്നത് അവർക്ക് പറഞ്ഞിട്ടുള്ള രോഗംകൊണ്ട് മരിക്കുമെന്ന് കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ മരണപ്രശ്നത്തിലല്ലാ പ്രശ്നവശാൽ രോഗം ചിന്തിക്കുന്ന എല്ലാ ഘട്ടങ്ങളിലും ഇതു ചിന്തിക്കാവുന്നതാണ്. രാഹുകേതുക്കളും സമാനധർമ്മികളാകയാൽ രാഹുവിന്റെ ഫലം തന്നെ കേതുവിനും യോജിക്കുന്നതാണ്.

സൂൎയ്യാദ്യൈൎമ്മാന്ദ്യാദീനാമംശൈൎവ്വാ ത്രിസ്ഫുടേ യുതേ
യേ രോഗാ മൃത്യുദാഃ പ്രോക്താശ്ചിന്ത്യേദിഹ താനപി. ൨൪

അ—സൂൎയ്യാദികളോടോ മാന്ദ്യാദികളുടെ അംശകങ്ങളോടോ ത്രിസ്ഫുടം യുതമായിരിക്കുമ്പോൾ യാവചില രോഗങ്ങൾ മൃത്യുദങ്ങളെന്നു പ്രോക്തങ്ങളായി, അവയെല്ലാം ഇവിടെയും ചിന്തിക്കണം.

സാ—"ത്രിസ്ഫുടേനസമേതസ്യ ത്രിസ്ഫുടസ്യാംശകസ്യവാ"—ഇത്യാദി വചനംകൊണ്ട് ത്രിസ്ഫുടം സൂൎയ്യാദികളോടോ അവരുടെ അംശകങ്ങളോടോ കൂടിയാൽ പറഞ്ഞിട്ടുള്ള മൃതിപ്രദങ്ങളായ രോഗങ്ങളെ ഇവ വൃത്തത്തിലും ചിന്തിച്ചുകൊള്ളേണ്ടതാണ്.

ചന്ദ്രേ ലഗ്നാംശേശാരിസ്ഥേ വൃദ്ധിമേതി മനാഗപി
ആമയോ യോ മേഷാദൌ മരണായൈവ പുഷ്ടതാ. ൨൫

അ—ചന്ദ്രൻ ലഗ്നാംശേശാരിസ്ഥനായിരിക്കുമ്പോൾ യാതൊരു ആമയം അല്പമെങ്കിലും വൃദ്ധിയെ പ്രാപിക്കുന്നു. ഇത് പുഷ്ടനുകൂലം മരണത്തിനായിത്തന്നെ ഭവിക്കും.

സാ—ലഗ്നത്തിന്റെ നവാംശകരാശിയിൽ ചന്ദ്രൻ വരുമ്പോൾ അല്പമെങ്കിലും രോഗം അഭിവൃദ്ധിപ്പെടുന്നുണ്ടെങ്കിൽ ആ രോഗംകൊണ്ടുതന്നെ പ്രഷ്ടാവു മരിക്കുമെന്നു പറയണം.

ലഗ്നമാന്ദ്യംശകാദ്യൈസ്തു മൂൎത്തിതം പാതുകൈശ്ചനാം
ത്രിസ്ഫുടസ്യ സ്പൎശനാ യച്ച ലക്ഷ്യ തച്ചേഹ ചിന്ത്യതാം. ൨൬

അ—ലഗ്നമാന്ദ്യംശകങ്ങൾകൊണ്ട് യാതൊരു പാതുകങ്ങളാവും ത്രിസ്ഫുടസ്പൎശംകൊണ്ട് യാതൊരു ലക്ഷ്യവും ഉക്തമായി. അതും ഇവിടെ ചിന്തിക്കപ്പെടണം.

സാ—ലഗ്നസ്ഫുടത്തിന്റെയും ഗുളികസ്ഫുടത്തിന്റെയും നവാംശകങ്ങൾകൊണ്ട് ലോഹപാദാദികളുടെ നാശത്തെയും ത്രിസ്ഫുടനക്ഷത്രംകൊണ്ട് കാൎണം കൂടാതെയുള്ള കലഹാദികളുടെ ലക്ഷണത്തെയുംകൂടി ഈ വൃത്തത്തിൽ ചിന്തിച്ചുകൊള്ളേണ്ടതാണ്.

വാ—മറ്റു ഗ്രന്ഥാന്തരം.

അ—ഇവിടെ ഗ്രന്ഥാന്തരം ഭവിക്കുന്നു.

സാ—മരണസൂചകങ്ങളായ നിമിത്തങ്ങളെ ചിന്തിക്കുന്ന കൂട്ടത്തിൽ ഗ്രന്ഥാന്തരത്തിലെ ചില വചനങ്ങൾകൂടി ഇവിടെ കാണിക്കുന്നു.

മൃത്യുപതിസ്തുങ്ഗീ ക്രൂരഃ പ്രബലജനസ്യാഗമോ വിഗ്രഹശ്ച ഭവേൽ
ആസന്നേ സതി മരണേ പ്രഷ്ടുഃ സ്യാൽ കോപി കലഹോ വാ.

അ—ക്രൂരൻ മൃത്യുപതിയായി ഭവിക്കുമെങ്കിൽ പ്രഷ്ടാവിനു മരണം ആസന്നമായിരിക്കുമ്പോൾ പ്രബലജനത്തിന്റെ വിഗ്രഹിച്ചിട്ടുള്ള ആഗമമോ ഒരു കലഹമോ ഭവിക്കും.

സാ—അഷ്ടമാധിപൻ ക്രൂരനായാൽ ബലവാന്മാരായ ആരെങ്കിലും കലഹിച്ചു പ്രഷ്ടാവിന്റെ വീട്ടിൽ വരികയോ അല്ലെങ്കിൽ അവിടെ ഏതിനെങ്കിലും ഒരു കലഹമുണ്ടാകയോ ചെയ്താൽ പ്രഷ്ടാവു് അടുത്തു മരിച്ചുപോകുമെന്നു നിശ്ചയിക്കേണ്ടതാണ്.

സൂൎയ്യന് അഷ്ടമാധിപത്യം അഷ്ടമദൃഷ്ടി അഷ്ടമയോഗം ഇത്യാദി മാരകസംബന്ധങ്ങളെക്കൊണ്ടെല്ലാം ഇങ്ങനെ പറയാവുന്നതാണ്.

ചന്ദ്രേ മൃത്യുപതൌ ഗതോ യദി ഭവേ കാംക്ഷാ ഗൃഹക്ഷീരയോർ-
വക്തവ്യാമയിനോഽഥ വാ ബലേ വരമോന്നീതിമത്സ്യാന്നയോഃ
ആയാനം വിദ്വേഷാ ബുധോ യദി ഗുരുർവിപ്രസ്യ ശുക്രോ യദി
വ്യാപദി പ്രചണ്ഡസ്തദാ യദി ശനിഃ സ്യാദ്ദൃഷ്ടനീചാഗമഃ. ൨൮

അ—ചന്ദ്രൻ മൃത്യുപതിയായി ഭവിക്കുമെങ്കിൽ വനിതാഗമവും കുജൻ മൃത്യുപതിയായി ഭവിക്കുമെങ്കിൽ ആമയിക്ക് ഗൃഹക്ഷീരങ്ങളുടെ കാംക്ഷയും വക്തവ്യയാകുന്നു. അ

ഷ്ടകിൽ ഇളകളുടെ ആനീതിയെ വധിക്കണം. ബുധൻ മൃത്യുപതിയായി ഭവിക്കുമെങ്കിൽ വിദ്വാന്റെ ആയാസവും ശുക്രൻ മൃത്യുപതിയായി ഭവിക്കുമെങ്കിൽ വിപ്രചണ്ഡാലന്മാരുടെ വ്യാപാരവും ശനി മൃത്യുപതിയായി ഭവിക്കുമെങ്കിൽ ദുഷ്ടനീചാഗമനവും ഭവിക്കും.

സാ—ചന്ദ്രൻ മൃത്യുകർത്താവായാൽ പൃച്ഛകന്റെ വീട്ടിൽ വിശേഷാൽ ഒരു സ്ത്രീ വരും.

കുജൻ മൃത്യുകർത്താവായാൽ രക്തവും പാലും പ്രഷ്ടാവിന്റെ വീട്ടിൽ ബലാൽ ആരെങ്കിലും കൊണ്ടുവരികയോ അല്ലെങ്കിൽ രോഗിക്ക് ഈ ദ്രവ്യങ്ങളിൽ ആഗ്രഹമുണ്ടാകയോ ചെയ്യും.

ബുധൻ മൃത്യുകർത്താവായാൽ വിദ്വാനായ ദൂതൻ വരും.

വ്യാഴം മൃത്യുകർത്താവായാൽ ബ്രാഹ്മണൻ വരും.

ശുക്രൻ മൃത്യുകർത്താവായാൽ ബ്രാഹ്മണസ്ത്രീക്കും നാട്യകാരികൾക്കും ആഗമനമുണ്ടാകും.

ശനി മൃത്യുകർത്താവായാൽ അവിടെ ദുഷ്ടന്മാരോ നീചന്മാരോ ആരെങ്കിലും വരും. രോഗപ്രശ്നത്തിൽ രോഗിയുടെ മരണം നിശ്ചയിക്കാനുള്ള ലക്ഷണങ്ങളാണിത്. ഈ വക ലക്ഷണങ്ങളുണ്ടായാൽ മരണം ഏതാണ്ടും അടുത്തിട്ടുണ്ടെന്ന് അറിയേണ്ടതാണ്.

മൃത്യുശ്ചേൽ ഫണിയുക് സ വാ ശിഖിയുതോ ദിക്കാശിസർപ്പാഗമ-
സ്സൂര്യൻ കേതുയുതോ ഭവേച്ച പതനം തത്രാർക്കചന്ദ്രാന്വിത
ശ്ചേൽ ഭാജനഭഞ്ജനം മരണലക്ഷ്യം ഹ്യായുരാരോഗ്യദേ
പ്രശ്നേ തക്രമലക്ഷ്യ ചൈതദുദിതം ദേഹസ്യ നാശാദിഭിഃ. ൧൨.

അ—മൃത്യു ഫണിയുക്തനായോ അവൻ ശിഖിയുക്തനായോ ഭവിക്കുമെങ്കിൽ ദിക്കാശിസർപ്പാഗമം ഭവിക്കും. അവൻ കേതുയുതനായിരിക്കുമ്പോൾ പതനവും മരണലക്ഷ്യമായി ഭവിക്കും. അവൻ അർക്കചന്ദ്രാന്വിതനായിരിക്കുമ്പോൾ ഭാജനഭഞ്ജനത്തെ മരണലക്ഷ്യമെന്ന് ധരിക്കണം. അനന്തരം ആയുരാരോഗ്യദമായ പ്രശ്നത്തിൽ ദേഹസ്യനാശാദികളെക്കൊണ്ടു ഉദിതമായിരിക്കുന്ന ഇത് തക്രമലക്ഷ്യമായി ഭവിക്കുന്നു.

സാ—പ്രാണദേഹമൃത്യുസ്ഫുടങ്ങളിലുള്ള മൃത്യുസ്ഫുടം രാഹുവിനോടോ കേതുവിനോടോ കൂടിയാൽ ദിക്കുകാരോ സർപ്പമോ പ്രഷ്ടാവിന്റെ വീട്ടിൽ വരുന്നത് മരണലക്ഷണമാണെന്ന് പറയണം. മൃത്യുസ്ഫുടത്തോടു ചന്ദ്രനും സൂര്യനും ചേർന്നാൽ പാത്രങ്ങളുടയുമെന്നും ഉടഞ്ഞാൽ അടുത്തുതന്നെ മരണം സംഭവിക്കുമെന്നും പറയണം. ഇതിനെയുള്ള മരണലക്ഷണങ്ങളെല്ലാം പറയുന്നത് മരിപ്പാൻ പോകുന്നുവെന്ന് നിശ്ചയിക്കുന്ന അനിഷ്ടസൂചകമായ പ്രശ്നത്തിലാണ്. ദീർഘായുസ്സിനെയും മറ്റും സൂചിപ്പിക്കുന്ന ഇഷ്ടപ്രദമായ പ്രശ്നത്തിൽ ഈവക ലക്ഷണങ്ങൾ കണ്ടാൽ അല്പമായ രോഗമോ മറ്റോ ഉണ്ടാകുമെന്നും പറയാം. എന്നാൽ ദേഹസ്ഫുടാധിപനെക്കൊണ്ടും പ്രാണസ്ഫുടാധിപനെക്കൊണ്ടും ചിന്തിക്കേണ്ടതുണ്ട്. ഇവിടത്തെ പ്രാണദേഹമൃത്യുക്കളെ മറ്റൊരിടത്തിലും വിചാരിച്ചുവരുന്നത് അതിന്റെ സ്ഫുടക്രമം അടുത്തുതന്നെ പറയുന്നുണ്ട്.

ചർദ്ദിക്ഷുത്കാസതിസാരാദ്യാ മരണകരാ-
സ്ത്രീ സ്ഫുടാംശാശ്ചേത്സ്ഥിതാഃ സ്യുർ-
ഭാഗ്യേ ന്യൂനേ ദ്വാദശേ ത്രിതയദശമയോ-
ശ്ശ്രൂന്യമാദൗ തദേവം
ചേദ്ദത്താ ജ്ഞാനം തേ മാ വരിഷ്ഠ ഉദയാദി-
ധിഷ്ഠാനപാതമാണി
രോഗേ രോഗസ്യ വാക്യേ ദേഹനാശാദിശാന്ത്-
ദ്ധ്വസ്ഥിതാശ്ച ശരീരസ്യ—ഇതി. ൧൩.

അ—ത്രിസ്ഫുടാംശം അവയവങ്ങളുടെ ഭാവമായിരിക്കുമ്പോൾ ഇത് ... ചർദ്ദി ... അതിസാരവും ഭവിക്കും ...

ധാമമായിരിക്കുമ്പോൾ മൂത്രസംബന്ധരോഗങ്ങളും [illegible] ധാമമായിരിക്കുമ്പോൾ [illegible] ഇള്ള ഗുരുവിന്റെ ധാമമായിരിക്കുമ്പോൾ [illegible] ശനിയുടെ ധാമമായിരിക്കുമ്പോൾ [illegible] വായുവിന്റെ സംബന്ധവും മരണകാരണങ്ങളായി വരിക്കും. ഗ്രിസ്ഫുടാംശം അവരവരാൽ [illegible] സമയത്തിലും ഇങ്ങിനെതന്നെ വ്യാഖ്യാനിക്കണം.

സാ—ഗ്രിസ്ഫുടത്തിന്റെ നവാംശം ശുക്രന്റെയോ ചന്ദ്രന്റെയോ രാശികളിൽ ഒന്നിലായാലും ആ രാശിയിൽ ചന്ദ്രനോ ശുക്രനോ നോക്കുകയോ നില്ക്കുകയോ ചെയ്താലും അതു് ജലരാശിയായാൽ ജലത്തിലും [illegible] അഗ്നിസംബന്ധത്തിലും [illegible]രാശിയായാൽ [illegible] പിടിപെട്ടു മരിക്കാൻ ഇടവരുമെന്നു പറയണം.

ഗ്രിസ്ഫുടനവാംശകം ആദിത്യന്റെയോ ചൊവ്വായുടെയോ ക്ഷേത്രങ്ങളിലൊന്നായിരിക്കയും അതിന്റെ അധിപനായ ആദിത്യനോ ചൊവ്വയോ അവിടെ [illegible] നില്ക്കുകയോ ചെയ്താലും ഷൂട്ടം സമ്പ്രദായം [illegible] മരിക്കുമെന്നു പറയണം.

ഗ്രിസ്ഫുടനവാംശകം, ബുധന്റെ ക്ഷേത്രമായി വരികയും അവിടെ ബുധന്റെ യോഗദൃഷ്ടികളുണ്ടാകയും ചെയ്താൽ വാക്കു പറയുവാൻ വയ്യാതെയും [illegible] നടന്നും മരിക്കാൻ ഇടവരുമെന്നു പറയണം.

ഗ്രിസ്ഫുടനവാംശകം വ്യാഴക്ഷേത്രത്തിൽ വരികയോ അവിടെ വ്യാഴത്തിന്റെ യോഗദൃഷ്ടികളുണ്ടാകയോ ചെയ്താൽ [illegible] രീതിയിൽ [illegible] സംഭവിച്ചു മരിക്കാനിടവരുമെന്നു പറയണം.

ആ നവാംശകം ശനിയുടെ ക്ഷേത്രമായാലും ശനിയുടെ യോഗദൃഷ്ടികളവിടെ ഉണ്ടായാലും വായു വേണ്ടപോലെ സഞ്ചരിക്കാതെയും [illegible] പോകുന്നതിനു പ്രതിബന്ധമുണ്ടായും മരിക്കാനിടയാകും. ഇങ്ങനെ ഈ വിഷയത്തിലുള്ള [illegible] ഇവിടെ സമാപ്തമായി.

പ്രാണേന്ദു ലഗ്നനവാംശ[illegible] സമീരിതോ [illegible]
[illegible]രോ മൃത്യുഃ കാലഃ സ്യാൽ ഗ്രിസ്ഫുട[illegible].

അ—ലഗ്നനവാംശം പ്രാണനും ചന്ദ്രനവാംശം ദേഹവും ഗുളികനവാംശം മൃത്യുവും എന്നിങ്ങനെ സമീരിതമാകുന്നു. ഗ്രിസ്ഫുടത്തിന്റെ അംശം കാലമാകുന്നു. ഇ[illegible] വരിക്കുന്നു.

സാ—[illegible] ഒൻപതിൽ പെരുക്കിയാൽ പ്രാണസ്ഫുടമാകുന്നു. ചന്ദ്രസ്ഫുടത്തെ ഒൻപതിൽ പെരുക്കിയാൽ ദേഹസ്ഫുടമാകും. ഗുളികസ്ഫുടത്തെ ഒൻപതിൽ പെരുക്കിയാൽ മൃത്യുസ്ഫുടമാകും. ഗ്രിസ്ഫുടത്തെ ഒൻപതിൽ പെരുക്കിയാൽ കാലസ്ഫുടമാകും. ഇങ്ങിനെയും പ്രാണൻ ദേഹം മൃത്യു കാലൻ ഇവകൾ വരുത്താവുന്നതാണ്. ഇതിന്റെ [illegible] മതഭേദമാണെന്നു സൂചിപ്പിച്ചിരിക്കുന്നു.

വാ—ഏതൽ പ്രശ്നവശാൽ മരണദേശനിരൂപണവിഷയം.

അ—ഇതു് പ്രശ്നവശം കൊണ്ടുള്ള മരണദേശനിരൂപണവിഷയമാകുന്നു.

സാ—ഇവിടെ പറയപ്പെട്ടതു് മരണത്തിന് ഹേതുവാകുന്ന ദേശത്തെ അറിയാനുള്ള ക്രമത്തെയാണ്.

വാ—അഥ ജാതകേനൈവ മരണദേശ ഉച്യതേ.

അ—അനന്തരം ജാതകംകൊണ്ടുതന്നെ മരണദേശം പറയപ്പെടുന്നു.

സാ—ഇനി മരണം സംഭവിക്കുന്നത് എങ്ങിനെയുള്ള പ്രദേശത്തുവച്ചാണെന്നു ജാതകംകൊണ്ടു് അറിയേണ്ട രീതിയെ ആണ് ഇവിടെ പറയുന്നതു്.

മൃത്യുഃ സ്യാൽ ചരമേ വിദേശ ഉദയേ മാർഗ്ഗേ സ്വദേശേ സ്ഥിരേ
ഗ്രാമാരണ്യജലാത്മകേ ഉ നിധനേ ഗ്രാമേ വനേ[illegible]

സചൂര്യക്കൂടമോന്നതേഷു സദാസൽക്ഷേത്രായുധസ്ഥാനേന
ദീപാദീനി വിനിർദ്ദിശേൽ ജനനവൽ മേനാഷ്ഠമനാശൃഹാ. ൨൭

അ—നിധനം ചരമായിരിക്കുമ്പോൾ വിദേശത്തിലും ഉഭയമായിരിക്കുമ്പോൾ മാർഗ്ഗത്തിലും സ്ഥിരമായിരിക്കുമ്പോൾ സ്വദേശത്തിലും ഗ്രാമാരണ്യജലാത്മകമായിരിക്കുമ്പോൾ ഗ്രാമത്തിലും വനത്തിലും അംബുപാന്തികത്തിലും സദസൽക്ഷേത്രായുധസ്ഥാനമായിരിക്കുമ്പോൾ സപ്തഗൃഹസ്ഥാനങ്ങളിലും മൃത്യു ഭവിക്കും. അഷ്ടമമായ ഇതുകൊണ്ട് ജനനത്തിലെന്നപോലെ ദീപാദികളെയും വിനിർദ്ദേശിക്കണം.

സാ—ലഗ്നത്തിന്റെ അഷ്ടമരാശികൊണ്ടാണ് മരണദേശത്തെ വിചാരിക്കേണ്ടത്. അഷ്ടമം ചരരാശിയാണെങ്കിൽ അന്യദേശത്തുവെച്ചു മരിക്കാനിടവരും. സ്ഥിരരാശിയായാൽ സ്വദേശത്തുവെച്ചു മരിക്കും. ഉഭയരാശിയായാൽ വഴിയിൽവെച്ചു മരിക്കും.

അഷ്ടമം ഗ്രാമ്യരാശിയായാൽ ഗ്രാമത്തിൽവെച്ചും അഷ്ടമം ജലരാശിയായാൽ ജലസമീപത്തുവെച്ചും അതു വനരാശിയായാൽ കാട്ടിൽവെച്ചും മരിക്കാൻ ഇടവരും. അഷ്ടമരാശി ശുഭക്ഷേത്രമായാൽ നല്ല സ്ഥലത്തുവെച്ചും പാപക്ഷേത്രമായാൽ നികൃഷ്ടപ്രദേശങ്ങളിൽ വെച്ചും മരിക്കുമെന്നു പറയണം. അഷ്ടമം അധോമുഖരാശിയായാൽ താണപ്രദേശങ്ങളിൽ വെച്ചും ഊർദ്ധ്വമുഖരാശിയായാൽ ഉയർന്ന പ്രദേശങ്ങളിൽവെച്ചും മരണം സംഭവിക്കും. മരണസമയം വിളക്കുണ്ടോ ഇല്ലയോ എന്നിത്യാദിയായ എല്ലാ ലക്ഷണങ്ങളെയും വിചാരിച്ചു പറയേണ്ടതാണ്. അതു പറയേണ്ടതു ജനനസമയത്തെ ആസ്പദമാക്കി വിളക്കിന്റെയും കിടക്കയുടെയും കിടക്കുന്ന ഗൃഹത്തിന്റെയും അടുത്തുള്ളവരെ അറിയേണ്ടുന്ന ക്രമം ബൃഹജ്ജാതകം മുതലായ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവയെ ഇവിടെ അഷ്ടമത്തെ അടിസ്ഥാനമാക്കി വിചാരിച്ചുകൊള്ളണം. സൂതപ്രശ്നത്തിൽ ദീപലക്ഷണങ്ങളെ ഈ ഗ്രന്ഥത്തിന്റെ ഉത്തരാർദ്ധത്തിൽ പറയുന്നുണ്ട്. അതുകൊണ്ട് "സൂതവദത്ര നാശ്യമേനാധ്യനാ" എന്നൊരു പാഠവും കാണുന്നുണ്ട്.

സ്വജനമരി വിലഗ്നാംശപേ ച്യുതാസ്തൈ പ്രാണ്യാശ്രിതേന ച
രാശിനാ സ്വപരാദിപാദിപ്രദേശേഷു വദേന്മൃതിം. ൨൮

അ—സ്വജനത്തിൽ വിലഗ്നാംശപതികളിൽവെച്ചു പ്രാണ്യാശ്രിതമായ രാശികൊണ്ടും സ്വപരാദിപ്രദേശങ്ങളിൽ മൃതിയെ വദിക്കണം

സാ—ജനനാൽ ലഗ്നാധിപനോ ലഗ്നനവാംശകാധിപനോ ഇവ രണ്ടു ഗ്രഹങ്ങളിൽവെച്ചു ബലവാനായ ഗ്രഹം നില്ക്കുന്ന രാശിയെ ആശ്രയിച്ചും മരണലക്ഷണം പറയാമെന്നും പക്ഷമുണ്ട്. ആ രാശി ചരമായാൽ അന്യപ്രദേശത്തുവെച്ചും സ്ഥിരമായാൽ സ്വദേശത്തുവെച്ചും ഉഭയമായാൽ മാർഗ്ഗത്തിൽവെച്ചും മരിക്കുമെന്നു പറയണം. ഗ്രാമ്യരാശിയായാൽ ഗ്രാമത്തിൽവെച്ചും അരണ്യരാശിയായാൽ കാട്ടിൽവെച്ചും ജലരാശിയായാൽ ജലസമീപത്തുവെച്ചും ഇത്യാദി എല്ലാവിധത്തിലും സ്ഥലത്തിന്റെ ശുഭാശുഭത്വം താഴ്ച ഉയർച്ച മുതലായവയും ചിന്തിച്ചുകൊള്ളേണ്ടതാണ്.

സ പ്രാണീ ശുഭാന്യൈഃ സമേതഃ
സംദൃഷ്ടോ വാ തേഷു വീര്യാന്വിതസ്യ
ലഗ്നാംശാധീശസ്യ വാ ദേവതാനാം
ഭേദാദ്വാദിസ്ഥാനഭേദേഷു മൃത്യുഃ. ൨൯

അ—ആ പ്രാണി അന്യഗ്രഹങ്ങളോടു സമേതനായോ സംദൃഷ്ടനായോ ഭവിക്കുന്നുവെങ്കിൽ അവരിൽവെച്ചു വീര്യാന്വിതന്റെയോ ലഗ്നാംശാധീശന്റെയോ ദേവാലയാദിസ്ഥാനഭേദങ്ങളിൽ ദേഹാന്ത്യകർമ്മം മൃത്യു ഭവിക്കും.

സാ—ലഗ്നാധിപൻ ലഗ്നനവാംശകാധിപൻ ഇവരിൽവെച്ചു പ്രബലനായ ഗ്രഹം മറ്റു ഗ്രഹങ്ങളോടുകൂടുകയോ മറ്റു ഗ്രഹങ്ങൾ നോക്കുകയോ ചെയ്യുന്നുവെങ്കിൽ അവരിൽവെച്ചു ബലവാനായ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള പ്രദേശത്തുവെച്ചു മരണം സംഭവിക്കുമെന്നുപറയണം. ഗ്രഹങ്ങളുടെ സ്ഥാനം "ദേവാംബ്വഗ്നിവിഹാരകോശശയനക്ഷിത്യുൽകരാഃ സ്യുഃ ക്രമാത്" ഇത്യാദി വരാഹമിഹിരഹോരയിൽ പറഞ്ഞിട്ടുണ്ട്.

ലഗ്നലഗ്നേശയോൎമ്മദ്ധ്യേ ദൃശ്യാ പാപാ ചേൽ കണ്ടകാന്മൃതാഃ
ജീൎണ്ണസംസ്കൃതഗേഹാദൌ മരണം കൈതവാന്വിതം. ൩൫

അ— ശത്രുക്കൾ ലഗ്നലഗ്നേശയുക്തരായിട്ടോ ദൃഷ്ടരായിട്ടോ നില്ക്കുന്നു എങ്കിൽ ഇവരെക്കൊണ്ടു് ജീൎണ്ണസംസ്കൃതഗേഹാദിയിൽ മരണം ചതിയാൽ ഉണ്ടായി വരുന്നു.

സാ— ഒരു ഗ്രഹം ലഗ്നത്തിൽ നില്ക്കുക, അല്ലെങ്കിൽ ലഗ്നാധിപനോടുകൂടുക, അല്ലെങ്കിൽ ലഗ്നത്തിലേക്കു നോക്കുക. ലഗ്നാധിപനെ നോക്കുക ഈ സംബന്ധമുള്ള ഗ്രഹങ്ങളിൽവെച്ചു് ബലവാനായ ഗ്രഹത്തെക്കൊണ്ടു് ഏതുമാതിരി വേഷത്തിൽ വച്ചാണു് മരണം സംഭവിക്കുന്നതു് എന്നുകൂടി പറയാമെന്നാണു് ചിലരുടെ പക്ഷം. ഗ്രഹങ്ങളെക്കൊണ്ടു് വീട്ടിന്റെ സ്ഥിതി അറിയുവാൻ "ജീൎണ്ണം സംസ്കൃതമൎക്കജേ ക്ഷിതിസുതേ ദഗ്ദ്ധം" ഇത്യാദി വരാഹമിഹിരവചനത്തെ ആശ്രയിച്ചുകൊള്ളണം.

വാ— വ്യക്തമരണസ്ഥാനനിരൂപണപ്രകാരം.

അ— ഇതു് മരണസ്ഥാനനിരൂപണവിഷയമാകുന്നു.

സാ— ഇവിടെ പറയപ്പെട്ടതു് ഇന്ന പ്രദേശത്തുവച്ചു് മരണം സംഭവിക്കുമെന്നു പറയാനുള്ള യുക്തിയാണു്.

ജലോദയാ കാലാദി സൎവ്വം ചരേക്ഷ്ണേ [illegible] പാപദൃഷ്ട്യാദേ മതംസ്ഥാം
സൎവ്വേഷാം ചേച്ഛത്രുതാപം [illegible] ദീൎഘനാശോ ഭവ വാച്യം
സൎവ്വേഷാം ചാപ്തേതരാഗ്നി [illegible] ദൃഷ്ടിസ്ഥാനം ഇ [illegible]
മദ്ധ്യം ശാന്തിതയും വാ [illegible] സ്യാത്സ്ഥാനം പാദസ്ഥാനം വാ.

അ— സൎവ്വരാശി കാലാദിയെ അറിഞ്ഞു് ശത്രുക്കളേയും ബോധിച്ചു് സൎവ്വരുടെ അവരുടെ [illegible] നില്ക്കുന്നവെങ്കിൽ വേഗേന മരണവും ദീൎഘമായ ആയുസ്സും വാച്യമാകുന്നു. സൎവ്വജ്ഞരാൽ [illegible] നില്ക്കുന്നവെങ്കിൽ വേഗേന മുക്തിയും വാച്യമാകുന്നു. അവരുടെ മിത്രത സഹിയായിരിക്കും സമയത്തിൽ ശത്രുക്കളുടെയും ബന്ധുക്കളുടെയും അധികത ബോധമായി മരണായി [illegible] മുക്തിയോ വരിക്കും എന്നു വാച്യമാകുന്നു.

സാ— "ദൈവജ്ഞന്മാൎ [illegible]" ഇത്യാദി പറഞ്ഞിട്ടുള്ളതിനെ എല്ലാം സൂക്ഷിച്ചറിഞ്ഞു് അവരുടെ [illegible] ചിന്തിച്ചു് ആ ലക്ഷണങ്ങളെല്ലാം [illegible] കണ്ടാൽ ഉടനെ മരണം [illegible] വളരെക്കാലം ജീവിച്ചിരിക്കുമെന്നും മറ്റുള്ള ലക്ഷണങ്ങളെല്ലാം [illegible] കണ്ടാൽ ഉടനെ മരിക്കുമെന്നും പറയണം. മറ്റുള്ള സമയാദികൾ [illegible] വന്നാൽ അവയിൽ [illegible] ആധിക്യമെങ്കിൽ [illegible] [illegible] വളരെക്കാലം [illegible] കണ്ടെപ്പെട്ട മരിക്കാനിടവരുമെന്നും പറയണം.

വ്യാഖ്യാ പരിഗൃഹ്യ നിൎണ്ണീതമരണ ഇതി പൃച്ഛതാം
തസ്യ [illegible] മരണാദ്യേ മാസമാസാദി വിനിൎദ്ദിശേൽ.

അ— ഇങ്ങിനെ നിരൂപിച്ചു് മരണം നിൎണ്ണീതമായിരിക്കുമ്പോൾ പൃച്ഛകന്മാൎക്കു് അതിന്റെ കാലത്തെയും മാസങ്ങളെയും ദിവസങ്ങളെയും ഇപ്രകാരം വിനിൎദ്ദേശിക്കണം.

സാ— മറ്റുള്ളതെല്ലാം ചിന്തിച്ചാൽ പ്രഷ്ടാവു് മരിക്കുമെന്നു കാണുന്ന പക്ഷം മരണത്തിനു ഹേതുവായ രോഗത്തെയും മരണസമയത്തെയും മരണം സംഭവിക്കുന്ന പ്രദേശത്തെയും ചിന്തിച്ചു പറയേണ്ടതാകുന്നു.

ഇതി പ്രശ്നമാൎഗ്ഗവ്യാഖ്യായാം ഏകാദശോദ്ധ്യായഃ.

ഭാഷാപ്രശ്നമാൎഗ്ഗം പതിനൊന്നാം അദ്ധ്യായം കഴിഞ്ഞു.

അഥ ദ്വാദശാദ്ധ്യായപ്രാരംഭഃ.

പ — അഥ രോഗവിശേഷാ ഉച്യന്തേ.

അ — അനന്തരം രോഗവിശേഷങ്ങളും പറയപ്പെടുന്നു.

സാ — ഇനി പ്രഷ്ടാവിനുള്ള രോഗം ഇന്നതാണെന്ന് പറയുവാനുള്ള ക്രമത്തെയാ ണ് വിചാരിക്കുന്നത്. അതിന്റെ സംബന്ധം അടുത്ത പദ്യംകൊണ്ട് സ്പഷ്ടമാകുന്ന താണ്.

നിസ്തീർണ്ണേ സതി ജീവനേ ഖലു ദശാംശശാന്ത്യൈ ചികിത്സാം വദേ-
ല്ലഗ്നാദേരഥ ഗദേഷു ദുഷ്ടതരതാ സാ ചാപി യസ്മാത്തദാ
കർത്തവ്യാ ഗദതത്വബോധ ഇഹ തദ്ബോധായ ദോഷാ ഭൃശം
ഉച്യന്തേ ഖലു തത്ര രോഗശമനേ കാര്യാഃ ക്രിയാശ്ചോചിതാഃ ൧

അ — ജീവനം നിസ്തീർണ്ണമായിരിക്കുമ്പോൾ ദശകളുടെ ശാന്തിക്കായി ചികിത്സ യെ പറയണം. ആ ഗദങ്ങൾ അജ്ഞാതങ്ങളായിരിക്കുമ്പോൾ യാതൊന്നു ഹേതുവായി ദുഷ്ടതരമായി ഭവിക്കുന്നു. ആ ഹേതുവായി ഗദതത്വബോധം കർത്തവ്യമായി ഭവി ക്കുന്നു. ഇവിടെ തദ്ബോധത്തിന്നായി ദശകളുടെ ദോഷങ്ങളും കഥിക്കപ്പെടുന്നു. അവിടെ രോഗശമനത്തിൽ കാര്യങ്ങളായി ഉചിതങ്ങളായ ക്രിയകളും കഥിക്കപ്പെടുന്നു.

സാ — "ദൈവജ്ഞേന സമാഹിതേന" ഇത്യാദി വചനപ്രകാരം ചിന്തിച്ചതിൽ പ്രഷ്ടാവ് ജീവിക്കുമെന്നുകണ്ടാൽ രോഗശാന്തിക്കുവേണ്ടി ചികിത്സ ചെയ്യേണ്ടതാണെന്നു പറയണം. പക്ഷെ ചികിത്സിക്കുന്നതു് ഇന്ന വ്യാധിയാണെന്നറിഞ്ഞിട്ട് വേണ്ടതാണ ല്ലോ. അതുകൊണ്ടു രോഗത്തിന്റെ ജ്ഞാനോപായവും മറ്റും ആണ് ഇവിടെ പറയാൻ ഭാവിക്കുന്നതു്. പിന്നീട് വ്യാധിശമനത്തിനുവേണ്ടി ചെയ്യേണ്ട ചില പ്രവൃത്തികളെ യും ഇവിടെ പറയുന്നതാണ്.

തത്തദ്ഭക്താമയാ വാച്യാ അനിഷ്ടസ്ഥാനഗൈർഗ്രഹൈഃ
ഇഷ്ടസ്ഥിതൈസ്തദാരോഗ്യം തദ്വദേവ നിരൂപ്യതേ. ൨

അ — അനിഷ്ടസ്ഥാനഗന്മാരായ ഗ്രഹങ്ങളെക്കൊണ്ടു തത്തദ്ഭക്താമയങ്ങൾ വാ ച്യങ്ങളാകുന്നു. ഇപ്രകാരം ഇഷ്ടസ്ഥിതന്മാരെക്കൊണ്ട് ആരോഗ്യവും വാച്യമാകുന്നു. അനന്തരവും അതുതന്നെ നിരൂപിക്കപ്പെടുന്നു.

സാ — സൂര്യൻ മുതലായ ഗ്രഹങ്ങളും അവരവർക്കു വിധിക്കപ്പെട്ടതായ സ്ഥാനങ്ങ ളിൽ നിന്നാൽ ആ ഗ്രഹത്തിന്ന് വിധിച്ചിട്ടുള്ള രോഗങ്ങളെ പറയണം. അതുപോലെ ഇഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടുതന്നെ ആരോഗ്യത്തെയും പറയേണ്ടതാ ണ്. അതിനുള്ള ക്രമത്തെയാണ് ഇവിടെ വിവരിക്കാൻ പോകുന്നതു്.

പാപാ ലാഭതൃതീയഗാഃ സഹജഷഡ്വിച്ഛിദ്രേഷ്വന്യഗാസ്സൗമ്യാ
സൗമ്യാ മാന്ദിരപി ത്രികോണകുതികേന്ദ്രേഭ്യോന്യത്ര സ്ഥിതാഃ
സ്വസ്ഥാസ്തേ കഥയന്ത്യനാമയതനും പ്രഷ്ടാരമേവം സ്ഥിതാ
രോഗഗ്രസ്തകളേബരം കഥിതതോന്യത്രാപി സംസ്ഥിതാഃ. ൩

അ — ലാഭതൃതീയഗന്മാരായ പാപന്മാരും സഹജഷഡ്വിച്ഛിദ്രങ്ങളിൽ നിന്ന് അന്യഗന്മാരായ സൗമ്യന്മാരും ത്രികോണകുതികേന്ദ്രങ്ങളിൽ നിന്ന മറ്റുള്ളേടത്തു സ്ഥിത ന്മാരായ മാന്ദിയും ഇങ്ങനെ സ്ഥിതന്മാരായി സ്വസ്ഥന്മാരായ ഇവർ പ്രഷ്ടാവിനെ അനാമയ നാക്കി കഥിക്കുന്നു. കഥിതങ്ങളായ സ്ഥാനങ്ങളിൽനിന്ന മറ്റേടത്തു സംസ്ഥിത ന്മാരായ ഇവർ പ്രഷ്ടാവിനെ രോഗഗ്രസ്തകളേബരനാക്കി കഥിക്കുന്നു.

സാ—മൂന്നാംഭാവത്തിലും പതിനൊന്നാം ഭാവത്തിലും പാപഗ്രഹങ്ങൾ വരിക. ശുഭഗ്രഹങ്ങൾ ൨-൪-൫-൭ ഈ ഭാവങ്ങളൊഴിച്ചു് മററുള്ള ഭാവങ്ങളിൽ നില്ക്കുക. ഗുളികൻ ൩-൬-൧൦-൧൧ ഈ ഭാവങ്ങളൊഴികെ മററു ഭാവങ്ങളിൽ നില്ക്കുക. ഇങ്ങിനെ വന്നാൽ പ്രഷ്ടാവിന്നു യാതൊരു ദൌർഗ്ഗത്യവും ഇല്ലെന്നു പറയണം. ഈ പറഞ്ഞതിന്നു വിപരീതമായി ശുഭന്മാരും പാപന്മാരും വിശേഷിച്ചു ഗുളികനും നിന്നാൽ ദരിദ്രനായി പ്രഷ്ടാവു തീർന്നു സ്വാതന്ത്ര്യമില്ലാതെ കിടക്കുന്നു എന്നു പറയണം. ഇവിടെയും സമ്മിശ്രലക്ഷണങ്ങളുണ്ടെങ്കിൽ കൂടുതൽ കുറവനുസരിച്ചു ഗുണദോഷഫലങ്ങളെ പറഞ്ഞുകൊള്ളണം.

ആരോഗ്യദാ ഗ്രഹാ യത്ര സുസ്ഥാസ്സംജ്ഞാതാസ്തു തത്രഗാഃ
രോഗദാ യത്ര തേ ദുഃസ്ഥാസ്തൂക്തം സാരസംഗ്രഹേ. ൫൦

അ—യാതൊരു ചില സ്ഥാനങ്ങളിൽ സ്ഥിതന്മാരായ ഗ്രഹങ്ങൾ ആരോഗ്യപ്രദന്മാരായി ഭവിക്കുന്നു. അങ്ങിനെയായ അവർ സുസ്ഥസംജ്ഞന്മാരായി ഭവിക്കുന്നു. യാതൊരു സ്ഥാനങ്ങളിൽ സ്ഥിതന്മാരായ ഗ്രഹങ്ങൾ രോഗദന്മാരായി ഭവിക്കുന്നു. അവിടെ അവർ ദുഃസ്ഥന്മാരായും ഭവിക്കുന്നു. എന്നു സാരസംഗ്രഹത്തിൽ ഉക്തമായി ഭവിക്കുന്നു.

സാ—ഏതു സ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾക്കു് ആരോഗ്യതാദികളെ കൊടുക്കാൻ കഴിവുള്ളതോ ആ സ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾക്ക സുസ്ഥന്മാരെന്നു പറയപ്പെടുന്നു. ഏതെല്ലാം സ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ രോഗാദികളെ കൊടുക്കുന്നുവോ ആ സ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെയെല്ലാം ദുഃസ്ഥന്മാരെന്നു പറയുന്നു. ഇതിനെ സാരസംഗ്രഹമെന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്. ആ ഭാഗം ഇവിടെ ചേർക്കുന്നു.

ഷഷ്ഠാന്ത്യാഷ്ടമദ്യൂനലഗ്നസ്വാപത്യഗാ യേ ദുർബ്ബലാഃ
പാപാഃ ഷഷ്ഠത്രിവ്യയേഷ്വപി ക്രൂരാ ദുഃസ്ഥാ ഭവന്തി ഗ്രഹാഃ
ഷഡ്ഗാദ്യാശ്ച [illegible] സ്ഥേഷു സുസ്ഥാശ്ച തേ ദു-
ർലഗ്നാധീശസമേതാഃ ശോഭന[illegible]താഃ സ്വം സ്വം ഫലം കുർവ്വതേ - ഇതി.

അ—ഷഷ്ഠാന്ത്യാഷ്ടമദ്യൂനലഗ്നസ്വാപത്യങ്ങളിൽ യാതൊരു ചില ദുർബ്ബലന്മാരായിരിക്കുന്ന പാപന്മാർ സ്ഥിതന്മാരായി ഭവിക്കുന്നു. അവരും, ദുർബ്ബലന്മാരായ ക്രൂരന്മാർ ഷഷ്ഠത്രിവ്യയങ്ങളിൽ സ്ഥിതന്മാരായി ഭവിക്കുന്നുവെങ്കിൽ ആ ഗ്രഹങ്ങളും ദുഃസ്ഥന്മാരായി ഭവിക്കുന്നു. ദുഃസ്ഥന്മാരിൽവെച്ചു് ലഗ്നനാഥാരികൾ അതിദോഷങ്ങളെച്ചെയ്യുന്നു. അവർ ലഗ്നനാഥനോടുകൂടിയവരോ ശോഭനസ്ഥിതന്മാരോ ആയി ഭവിക്കുന്നുവെങ്കിൽ സുസ്ഥന്മാരാകുന്നു. അവർ സ്വകീയ ഫലത്തെ ചെയ്യുന്നു.

സാ—൬-൮-൧൨-൩-൭-൨-൧-൫ ഈ ഭാവങ്ങളിൽ ബലഹീനന്മാരായ്ക്കൊണ്ടു നില്ക്കുന്ന പാപഗ്രഹങ്ങൾ ദുഃസ്ഥന്മാരാകുന്നു. ൩-൬-൧൨ ഈ ഭാവങ്ങളിൽ നില്ക്കുന്ന ക്രൂരന്മാരും ദുർബ്ബലന്മാരാണെങ്കിൽ ദുഃസ്ഥന്മാർതന്നെയാണ്. ദുഃസ്ഥന്മാരായ ഗ്രഹങ്ങൾ രോഗം മരണം മുതലായതു ചെയ്യും. ദുഃസ്ഥന്മാരായ ഗ്രഹങ്ങളിൽ ലഗ്നാധിപന്റെ അതിശത്രുവായ ഗ്രഹം ഏററവും ദോഷാധിക്യത്തെ ചെയ്യും. എന്നുതന്നെയല്ല മരണത്തെയും ചെയ്യുമെന്നു സാരം. ലഗ്നാധിപന്റെ സംസർഗ്ഗത്തോടും അതിമിത്രസ്ഥാനത്തോടുംകൂടി ഉള്ള കൊണ്ടു വരുന്ന ഈ പറഞ്ഞ ഭാവങ്ങളൊഴിച്ചു് പാപഗ്രഹങ്ങൾ നാലു ഭാവങ്ങളിലും ശുഭഗ്രഹങ്ങൾ ഒൻപതു ഭാവങ്ങളിലും നിന്നാൽ അവർ സുസ്ഥന്മാരാണ്. പക്ഷേ അവർ ബലവാന്മാരായിരിക്കണം. ചന്ദ്രനോടുകൂടി എവിടെ നിന്നാലും ആ ഗ്രഹങ്ങൾക്ക സുസ്ഥന്മാരെന്നു പറയുന്നതു്. ദുഃസ്ഥന്മാർ ദോഷഫലത്തെയും സുസ്ഥന്മാർ സൽഫലങ്ങളെയും ചെയ്യും. ഇങ്ങിനെ സാരസംഗ്രഹവചനം ഇവിടെ അവസാനിച്ചു.

വാ — അത്ര ഗ്രന്ഥാന്തരമപി.

അ—ഇവിടെ ഗ്രന്ഥാന്തരവും ഭവിക്കുന്നു.

സാ—രോഗസ്ഥിതിയെ നിർണ്ണയിക്കുന്ന വിഷയത്തിൽ മററു ചില ഗ്രന്ഥവചനങ്ങളെക്കൂടി ഇവിടെ കാണിക്കുന്നു.

ഷഷ്ഠാഷ്ടവ്യയസംസ്ഥിതൈരസ്തമിതൈർ വ്യാധിർ വദേല്ലഗ്നപ-
ദൃഷ്ടൈർ സഹിതൈർ വാ തദംശഗൈരസ്തദ്ദൃഷ്ടിയുക്തൈർഗ്രഹൈഃ
ഊർദ്ധ്വാസ്യേ ചരഭേ ശിരോപരി ശിരോത്ഥാന്ത്യമുഖേ ച സ്ഥിരേ
പാദാധോമുഖയോർദ്വയോഃ കടിതോ ലഗ്നസ്ഥിതേ വ്യാധയഃ. ൩

അ—ഷഷ്ഠാഷ്ടവ്യയസംസ്ഥിതന്മാരായ ഗ്രഹങ്ങളെക്കൊണ്ടോ ലഗ്നപദൃഷ്ടന്മാരെക്കൊണ്ടോ തത്സഹിതന്മാരെക്കൊണ്ടോ തദംശഗതന്മാരെക്കൊണ്ടോ തദ്ദൃഷ്ടന്മാരെക്കൊണ്ടോ ഈ ഗ്രഹങ്ങളെക്കൊണ്ട് തളിതങ്ങളായ വ്യാധികളെ പറയേണം. ഊർദ്ധ്വാസ്യവും ചരവും ലഗ്നസഹിതമായിരിക്കുമ്പോൾ ശിരസ്സിനു മേലിലും തിര്യങ്മുഖവും സ്ഥിരവും ലഗ്നസഹിതമായിരിക്കുമ്പോൾ ശിരസ്സിൽനിന്ന് അധോഭാഗത്തിലും ഉഭയവും അധോമുഖവും ലഗ്നസഹിതമായിരിക്കുമ്പോൾ കടിതടത്തിൽനിന്ന് അധോഭാഗത്തിലും വ്യാധികൾ വാച്യങ്ങളാകുന്നു.

സാ—ഷ-വ്യ-ഷ. ഈ ഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ, ലഗ്നാധിപനോടുകൂടി നില്ക്കുന്ന ഗ്രഹം, ലഗ്നാധിപനെ നോക്കുന്ന ഗ്രഹം, ലഗ്നത്തിൽ നില്ക്കുകയോ ലഗ്നത്തിൽ നോക്കുകയോ ചെയ്യുന്ന ഗ്രഹം ഈ ഗ്രഹങ്ങൾ അവരവർക്കു പറഞ്ഞിട്ടുള്ള വ്യാധികളെയുണ്ടാക്കും. ഇവരിൽ അധികം ബലമുള്ള ഗ്രഹത്തെക്കൊണ്ടാണ് രോഗത്തെ പറയേണ്ടത്. ലഗ്നം ചരരാശിയും ഊർദ്ധ്വമുഖരാശിയുമായാൽ കഴുത്തിനു മേൽ ഭാഗമെന്നും തിര്യങ്മുഖരാശിയും സ്ഥിരരാശിയും ലഗ്നമായാൽ അതിനു മേൽ കഴുത്തിനു കീഴാണ് രോഗമെന്നും ഉഭയരാശിയും അധോമുഖരാശിയും ലഗ്നമായാൽ അരയ്ക്കു കീഴാണ് വ്യാധിയെന്നും പറയണം.

സൂര്യാദീനാം കക്ഷിഹൃത്പൃഷ്ഠവക്ത്രം
സ്വം വക്ത്രം ജാനനീ ചാംഘ്രിഗുഹ്യം
അംഗാനി സ്യുർ വ്യാധയസ്തേഷു തേഷാം
വക്തവ്യാ സൂര്യഭൗമാദ്യൈർ വാച്യം. ൪

അ—കക്ഷിഹൃത്പൃഷ്ഠവക്ത്രങ്ങളും ഊരുക്കളും വക്ത്രവും ജാനുക്കളും അംഘ്രിഗുഹ്യവും സൂര്യാദികളായ ഗ്രഹങ്ങളുടെ അംഗങ്ങളായി ഭവിക്കും. അർക്കാദികളായ ഗ്രഹങ്ങളുടെ അംഗങ്ങളിൽ വ്യാധികൾ വക്തവ്യങ്ങളായി ഭവിക്കുന്നു.

സാ—ഉദരം മുതലായ ശരീരാവയവത്തിന്റെ അധികാരത്തെ സൂര്യാദികളെക്കൊണ്ടു നിർദ്ദേശിക്കുന്നു:—സൂര്യന്റെ വയറ്, ചന്ദ്രന്റെ ഹൃദയം, ചൊവ്വായുടെ ശിരസ്സ്, ബുധന്റെ മാറിടം, വ്യാഴത്തിന്റെ ഇടകൾ, ശുക്രന്റെ മുഖം, ശനിയുടെ കാലിന്റെ മുട്ടുകൾ, രാഹുവിന്റെ പാദങ്ങൾ ഇങ്ങിനെയാണ് അവയവത്തിന്റെ അധികാരം. ലഗ്നാധിപനോടുകൂടി അനിഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ അവയവങ്ങളിൽ രോഗമെന്നു പറയണം.

വരാംഗപൂർവ്വാവയവാ നിജയാ
ലഗ്നാദിഭാവേഷ്വധിപേഷു ചൈവം
സക്രൂരഭാവഗ്രഹസംസ്ഥമംഗം
സവ്യാധികം പൃഷ്ടജനസ്യ വാച്യം—ഇതി. ൫

അ—ലഗ്നാദിഭാവങ്ങളിലും ഇവയുടെ അധിപന്മാരിലും വരാംഗപൂർവ്വാവയവങ്ങൾ വിഭാഗങ്ങളായി ഭവിക്കുന്നു. സക്രൂരഭാവഗ്രഹസംസ്ഥമായ അംഗം പൃഷ്ടജനത്തിന് സവ്യാധികമെന്നു വാച്യമായി ഭവിക്കുന്നു.

സാ—ലഗ്നത്തെയും ലഗ്നാധിപനെയുംകൊണ്ടു ശിരസ്സിനെയും രണ്ടാംഭാവത്തെയും തൽഭാവാധിപനെയുംകൊണ്ടു മുഖത്തെയും മൂന്നാംഭാവം അതിന്റെ അധിപൻ ഇവകളെക്കൊണ്ട് മാറിടത്തെയും ഇങ്ങിനെ ക്രമേണ നാലാംഭാവത്തെക്കൊണ്ടു ഹൃദയത്തെയും അഞ്ചാംഭാവംകൊണ്ട് ഉദരത്തെയും ആറാംഭാവംകൊണ്ട് അരക്കെട്ടിനെയും ഏഴാംഭാവംകൊണ്ട് വസ്തിയെയും എട്ടാമേടംകൊണ്ട് ഗുഹ്യത്തെയും ഒൻപതാമേടംകൊണ്ട്

ഊരുവിനെയും പത്താംഭാവംകൊണ്ട് കാൽമുട്ടിനെയും പതിനൊന്നാംഭാവംകൊണ്ട് കണങ്കാലിനെയും പന്ത്രണ്ടാംഭാവംകൊണ്ട് പാദങ്ങളെയും വിചാരിച്ചുകൊള്ളണം. മേൽപ്പറഞ്ഞവയെല്ലാം ഇതിന്റെ അധിപന്മാരെക്കൊണ്ടും വിചാരിച്ചുകൊള്ളണം. ഏതു ഭാവത്തിൽ പാപയോഗം വന്നു. അല്ലെങ്കിൽ ഏതൊരു ഭാവാധിപനു പാപയോഗം വന്നു, ആ ഭാവത്തേക്ക് കല്പിതമായ അവയവത്തിൽ വ്യാധിയുണ്ടെന്ന പറയണം. ഇത് രോഗപ്രശ്നനിരൂപണവിഷയത്തിൽ മാത്രമേ നിരൂപിക്കാവൂ. ഇങ്ങിനെ ഈ വിഷയത്തിലുള്ള ഗ്രന്ഥാന്തരവചനം ഇവിടെ അവസാനിച്ചു.

സ്പൃഷ്ടേന രാശിനാ പൃഷ്ടോ ചാരൂഢേനോദയേന ച
രോഗസ്ഥാനം വദേദ്ദുഷ്ടമാരൂഢവിഷയേ ഹി തൽ ൩൯

അ—പ്രഷ്ടാവിനാൽ സ്പൃഷ്ടമായ രാശികൊണ്ടും ആരൂഢംകൊണ്ടും ഉദയംകൊണ്ടും രോഗസ്ഥാനത്തെ പറയണം. ഇത് ആരൂഢവിഷയത്തിൽ ഉക്തമായി ഭവിക്കുന്നതല്ലോ.

സാ—പ്രഷ്ടാവ് ആദ്യമായി സ്പർശിച്ച അവയവംകൊണ്ടും ആരൂഢരാശികൊണ്ടും ലഗ്നരാശികൊണ്ടും ഇന്ന സ്ഥാനത്താണ് രോഗമുള്ളതെന്ന പറയണം. ഇത് "ശീർഷോദയരാശിസംസ്പൃഷ്ടേ" ഇത്യാദി ശ്ലോകങ്ങളെക്കൊണ്ട് ആരൂഢഫലചിന്തയിൽ പറഞ്ഞിട്ടുണ്ടല്ലോ. അവയെ ഇവിടെയും എടുത്ത ചിന്തിച്ചുകൊള്ളണമെന്ന സാരം.

പ്രാക്തന്ത്രിദോഷസംബന്ധോ വരാഹമിഹിരാദിഭിഃ
ഗ്രഹാണാം പ്രോച്യതേഥാനീം വക്ഷ്യതേ സാരസംഗ്രഹേ. ൪൦

അ—വരാഹമിഹിരാദികളായ ഗ്രന്ഥങ്ങളിൽ ത്രിദോഷസംബന്ധം മുൻപേ പ്രോക്തമായി. സാരസംഗ്രഹത്തിൽ ഉക്തമായ ത്രിദോഷസംബന്ധം ഇപ്രകാരം വചിക്കുന്നു.

സാ—സൂര്യൻ മുതലായ ഗ്രഹങ്ങളെക്കൊണ്ട് വാതാദിയായ ത്രിദോഷങ്ങളെ ചിന്തിക്കേണ്ടുന്ന ക്രമം വരാഹമിഹിരൻ പറഞ്ഞിട്ടുണ്ടല്ലോ. "വാതം പിത്തകഫൌ" എന്ന പദ്യംകൊണ്ട് മേൽ പറഞ്ഞിട്ടുണ്ട്. ഇനി സാരസംഗ്രഹം എന്ന ഗ്രന്ഥത്തിൽ ത്രിദോഷങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതിനെ ഇവിടെ ചേർക്കുന്നു.

പിത്തം വാതയുതം കരോതി ദിനകൃദ്വാതം കഫം ശീതഗുഃ
പിത്തം ഭൂമിസുതസ്തഥാ ശശിസുതോ വാതം ച പിത്തം കഫം
ജീവോ വാതകഫൌ സിതോഽനിലകഫൌ വാതം ച പിത്തം ശനിഃ
ക്ഷീണേന്ദുഃ സ്ഥിതഭാധിനാഥകഥിതം പൂർണ്ണഃ കഫം തോയഗഃ. ൪൧

അ—ദിനകൃത്ത് വാതയുതമായ പിത്തത്തെ ചെയ്യുന്നു. ശീതഗു വാതത്തെയും കഫത്തെയും ചെയ്യുന്നു. ഭൂമിസുതൻ പിത്തത്തെയും, ശശിസുതൻ വാതത്തെയും പിത്തത്തെയും കഫത്തെയും, ജീവൻ വാതകഫങ്ങളെയും, സിതൻ അനിലകഫങ്ങളെയും ശനി വാതത്തെയും പിത്തത്തെയും ചെയ്യുന്നു. ക്ഷീണേന്ദു സ്ഥിതരാശിനാഥകഥിതമായ രോഗത്തെ ചെയ്യുന്നു. പൂർണ്ണനായ ഇന്ദുവും തോയത്തിൽ സ്ഥിതനായ ഇന്ദുവും കഫത്തെയും ചെയ്യുന്നു.

സാ—ആദിത്യനെക്കൊണ്ട് വാതസഹിതമായ പിത്തത്തെ പറയണം. ചന്ദ്രന് വാതത്തെയും കഫത്തെയും പറയേണ്ടതാണ്. ചൊവ്വയെക്കൊണ്ട് പിത്തത്തെയാണ് പറയേണ്ടത്. ബുധനെക്കൊണ്ട് ത്രിദോഷങ്ങളെയും പറയാം. വ്യാഴത്തെക്കൊണ്ട് കഫത്തെയും വാതത്തെയും പറയാം. ശുക്രനെക്കൊണ്ടും വാതകഫങ്ങളെത്തന്നെ പറയണം. ശനിയെക്കൊണ്ട് വാതത്തെയും പിത്തത്തെയും പറയണം. ചന്ദ്രൻ ക്ഷീണനാണെങ്കിൽ നില്ക്കുന്ന രാശിയുടെ അധിപനെ പറഞ്ഞിട്ടുള്ള ദോഷത്തെയാണ് പറയേണ്ടത്. ചന്ദ്രൻ പൂർണ്ണനാണെങ്കിലും ചന്ദ്രന്റെ സ്ഥിതി ജലരാശിയിലായാലും കഫദോഷത്തെത്തന്നെയാണ് പറയേണ്ടത്.

ആദിത്യന് പിത്തം പ്രധാനം, ചൊവ്വായ്ക്കും അതുപോലെ പിത്തംതന്നെ പ്രധാനം. മറെറല്ലാം അനുബന്ധങ്ങളാണല്ലോ. വ്യാഴത്തിന് കഫമാണ് പ്രധാനം.

ഇങ്ങിനെ രോഗങ്ങളുടെ പ്രാമാണ്യം മിക്കവാറും സ്വാരജാതകവചനത്തോട് തുല്യമാണ് എന്നു ഗ്രാഹ്യമാകുന്നു.

രോഗാൻ കുര്യുർഗ്രഹാഃ സ്വോക്തപഞ്ചഭൂതവശാദപി
തല്ലാലാക്ഷാർത്തവൈഃ സ്വോക്തൈസ്തഥാ ശാസ്ത്രാന്തരോദിതം. ൧൨

അ—ഗ്രഹങ്ങൾ സ്വോക്തപഞ്ചഭൂതവശത്തെ അനുസരിച്ചും രോഗങ്ങളെ ചെയ്യും. സ്വോക്തങ്ങളായ ഋതുക്കൾ തല്ലാലങ്ങളായും ഭവിക്കുന്നു. അപ്രകാരം ശാസ്ത്രാന്തരോദിതമാകുന്നു.

സാ—മേലെ ഗ്രഹങ്ങൾ അവരവർക്ക് വിധിച്ചിട്ടുള്ള പഞ്ചഭൂതങ്ങൾക്കനുസരിച്ചും രോഗങ്ങളെ ചെയ്യും. അതായത് ആദിത്യൻ അഗ്നിഭൂതാത്മകനായും ചന്ദ്രൻ ജലാത്മകനായും ചൊവ്വ അഗ്ന്യാത്മകനായും ഇങ്ങിനെ മറ്റു ഗ്രഹങ്ങളെക്കൊണ്ടും വിചാരിച്ചുകൊള്ളുക. ആ രോഗങ്ങൾ ഉണ്ടാകുന്നതു് ആ ഗ്രഹത്തിന്റെ പറഞ്ഞിട്ടുള്ള ഋതുക്കളിലാണ്. അങ്ങിനെ മറ്റു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ദുഃസ്ഥേ ഭാസ്കരഭൂസൂനൂ രോഗാസ്സ്യുഃ പിത്തസംഭവാഃ
ശുക്രചന്ദ്രൗ ജലജാ മന്ദേ വാതജാ ജ്ഞേ ത്രിദോഷജാഃ. ൧൩
ബാധിര്യാദ്യാ നഭോജാതാ അനിഷ്ടസ്ഥാനഗേ ഗുരൗ
അനിഷ്ടഗാ നിജാൻ രോഗാൻ കുര്യുന്നിജനിജർത്തുഷു-ഇതി. ൧൪

അ—അർക്കഭൂസുതന്മാർ ദുഃസ്ഥന്മാരായിരിക്കുമ്പോൾ പിത്തസംഭവങ്ങളായ രോഗങ്ങൾ വാച്യങ്ങളാകുന്നു. ശുക്രചന്ദ്രന്മാർ ദുഃസ്ഥന്മാരായിരിക്കുമ്പോൾ ജലജങ്ങളായ രോഗങ്ങൾ വാച്യങ്ങളാകുന്നു. മന്ദൻ ദുഃസ്ഥനായിരിക്കുമ്പോൾ വാതജങ്ങളായ രോഗങ്ങളും ജ്ഞൻ ദുഃസ്ഥനായിരിക്കുമ്പോൾ ത്രിദോഷജങ്ങളായ രോഗങ്ങളും ഗുരു അനിഷ്ടസ്ഥാനഗനായിരിക്കുമ്പോൾ നഭോജാതങ്ങളായ ബാധിര്യാദികളും വാച്യങ്ങളാകുന്നു. അനിഷ്ടഗന്മാരായ ഗ്രഹങ്ങൾ നിജനിജർത്തുക്കളിൽ നിജങ്ങളായ രോഗങ്ങളെ ചെയ്യും.

സാ—ആദിത്യനും ചൊവ്വയും അനിഷ്ടസ്ഥാനത്തു നിന്നാൽ പിത്തകോപങ്ങൾകൊണ്ടുള്ള രോഗങ്ങളുണ്ടാകും. ചന്ദ്രനും ശുക്രനും അനിഷ്ടസ്ഥാനത്തു നിന്നാൽ ജലദോഷങ്ങളായ രോഗങ്ങളുണ്ടാകും. ശനി അനിഷ്ടസ്ഥാനത്തു നിന്നാൽ വായു (വാതം) കൊണ്ടുള്ള രോഗങ്ങളുണ്ടാകും. ബുധൻ അനിഷ്ടസ്ഥനായാൽ സന്നിപാതത്തെ പറയണം. വ്യാഴം അനിഷ്ടസ്ഥാനത്തു നിന്നാൽ ആകാശഭൂതോൽകൃതങ്ങളായ ചെവിക്കേടു് കാൽപാടില്ലായ്മ മുതലായ രോഗങ്ങളെ ചെയ്യും. ഈ പറഞ്ഞ രോഗങ്ങൾ അനിഷ്ടസ്ഥാനത്തു നില്ക്കുന്ന ഗ്രഹത്തിന്റെ ഋതുക്കളിലാണ് ഉണ്ടാകുന്നതു്. "ശിശിരാദയഃ ശുക്രചന്ദ്രാഭൗമാർക്കിജ്ഞഗുരവഃ" എന്ന വചനംകൊണ്ട് ശനിക്കു ശിശിരവും, ശുക്രനു വസന്തവും, ചൊവ്വക്കും ആദിത്യനും ഗ്രീഷ്മവും, ചന്ദ്രനു വർഷവും, ബുധനു ശരത്തും, വ്യാഴത്തിനു ഹേമന്തവും എന്നു് അറിഞ്ഞുകൊള്ളണം. മേല്പറഞ്ഞ പദ്യംകൊണ്ടു് ആദിത്യനു് ഋതു നിശ്ചയിച്ചിട്ടില്ലെങ്കിലും സ്വജാതകാദികളിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ ശാസ്ത്രാന്തരവചനം അവസാനിച്ചു.

രോഗമായിഷു ഖേടേഷു തത്തൽപ്രോക്തേഷു ധാതുഷു
ഛേപി രോഗോത്ഭവോ വാച്യഃ പ്രോക്തം ഗ്രന്ഥാന്തരേ തഥാ. ൧൫

അ—ഖേടന്മാർ രോഗമായികളായിരിക്കുമ്പോൾ തത്തൽപ്രോക്തങ്ങളായ ധാതുക്കളിലും രോഗോത്ഭവം വാച്യമാകുന്നു. അപ്രകാരം ഗ്രന്ഥാന്തരത്തിൽ പ്രോക്തമാകുന്നു.

സാ—ഏതു ഗ്രഹത്തെക്കൊണ്ടാണോ രോഗത്തെ പറഞ്ഞിട്ടുള്ളതു്. ആ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള അസ്ഥി മുതലായ ധാതുക്കളിലും രോഗോല്പത്തിയെ പറയേണ്ടതാണ്. ഇങ്ങിനെ മറ്റു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ദുഃസ്ഥിതാസ്ത്വസ്ഥ്യാദിധാതുസ്ഥാ രോഗിണാം രോഗ ഈരിതാം
രോഗപശ്ചാന്ദ്രഥവാ രോഗാശ്രിതാംശ്ച ധാതുതഃ—ഇതി.

അ—രോഗപ്രശ്നത്തിൽ രോഗികളുടെ രോഗം ഉന്മാദിതാപസ്മാരാദിയാണെന്നോ അതല്ലെങ്കിൽ രോഗമില്ലാത്തവരാണെന്നോ ഇതൊക്കെ ചെയ്യപ്പെടണം.

സാ—അനിഷ്ടഭാവത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റെയോ അല്ലെങ്കിൽ ആ ഗ്രഹത്തിന്റെ അധിപതിയുടേയോ ധാതുക്കളിലാണ് രോഗോല്പത്തി എന്നു പറയണം. ഇതിനെ ഗ്രന്ഥവിസ്താരം ഭയന്നില്ല.

നാനാ പ്രകാരഭേദാശ്ച ഭേദാ രോഗനിരൂപണേ
തേ പ്രാപ്യന്തേ വിലിഖ്യന്തേ യഥാ ശാസ്ത്രാന്തരോദിതാഃ. ൪൭

അ—രോഗനിരൂപണത്തിൽ പ്രകാരഭേദങ്ങളും ഭവിക്കുന്നു. യഥാതഥപ്രകാരം അതുകൾ ശാസ്ത്രാന്തരോദിതങ്ങളായി ഭവിക്കുന്നു. അപ്രകാരം ഇവിടെയും വിവരിച്ചു ചെയ്യപ്പെടുന്നു.

സാ—രോഗങ്ങളുടെ ഭേദങ്ങളെ നിരൂപിക്കുന്നതിനെ വേറെയും ചില ഭേദങ്ങളുണ്ട് അതു മറ്റുചില ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്രകാരംതന്നെ ഇവിടെ എഴുതുന്നു.

രോഗാസ്തു ദ്വിവിധാ ജ്ഞേയാ നിജാഗന്തുകഭേദതഃ
നിജാശ്ചാഗന്തവശ്ചാപി പ്രത്യേകം ദ്വിവിധാഃ പുനഃ. ൪൮

നിജാഃ ശരീരചിത്തോത്ഥാ ദൃഷ്ടാദൃഷ്ടനിമിത്തജാഃ
തദ്വദാഗന്തവശ്ചൈവം വ്യാധയസ്സ്യുശ്ചതുർവിധാഃ. ൪൯

അ—രോഗങ്ങൾ നിജാഗന്തുകഭേദേന രണ്ടുവിധങ്ങളെന്നു അറിയേണ്ടതാകുന്നു. നിജങ്ങളും ആഗന്തുകങ്ങളും പിന്നെ പ്രത്യേകം രണ്ടുവിധങ്ങളാകുന്നു, നിജങ്ങൾ ശരീരചിത്തോത്ഥങ്ങളായും ആഗന്തുകങ്ങൾ അപ്രകാരംതന്നെ ദൃഷ്ടാദൃഷ്ടനിമിത്തങ്ങളായും ഭവിക്കുന്നു. ഇവയെല്ലാം വ്യാധികൾ ചതുർവിധങ്ങളായി ഭവിക്കുന്നു.

സാ—വ്യാധികൾ നിജങ്ങൾ എന്നും ആഗന്തുകങ്ങൾ എന്നും ആദ്യമായി രണ്ടുവിധമാണ്. പിന്നീട് ആ നിജങ്ങൾതന്നെ രണ്ടായിത്തിരിയും. ആഗന്തുകങ്ങളും രണ്ടായിട്ടുതിരിയും. ഇങ്ങിനെ വ്യാധികൾ ആകെ നാലുവിധമാണ്. നിജരോഗങ്ങൾ ശരീരോത്ഥങ്ങൾ എന്നും ചിത്തോത്ഥങ്ങൾ എന്നും രണ്ട് തിരിയുന്നു. ആഗന്തുകങ്ങൾ ദൃഷ്ടനിമിത്തങ്ങൾ എന്നും അദൃഷ്ടനിമിത്തങ്ങൾ എന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. നിജരോഗങ്ങൾ (ത്രിദോഷകോപംകൊണ്ടുണ്ടാകുന്നവ) ശരീരവികൃതികൊണ്ടും മനോവികൃതികൊണ്ടുമാണ് രണ്ടായി തിരിയുന്നത്. ആഗന്തുകങ്ങൾ (പെട്ടെന്നുണ്ടാകുന്ന മറ്റും കാരണങ്ങളാൽ ത്രിദോഷം കോപിച്ചുണ്ടാവുന്നവ) ദൃഷ്ടികൾ വിഷയമായും വിഷയമല്ലാതെയും രണ്ടായി തിരിയും. ഇങ്ങനെയാണ് ആകെ വ്യാധികൾ നാലുതരത്തിലാണെന്നു പറഞ്ഞിട്ടുള്ളത്.

വാതപിത്തകഫോദ്ഭൂതാഃ പൃഥക്സംസർഗ്ഗജാസ്തഥാ
സന്നിപാതഭവാശ്ചേതി ശാരീരാഃ കീർത്തിതാ ഗദാഃ. ൫൦

അ—വാതപിത്തകഫോദ്ഭൂതങ്ങളായി വെവ്വേറെയും അപ്രകാരം സംസർഗ്ഗജങ്ങളായും സന്നിപാതഭവങ്ങളായും ഉണ്ടാകുന്ന ഈ ഗദങ്ങൾ ശാരീരങ്ങളെന്നു കീർത്തിതങ്ങളാകുന്നു.

സാ—ശാരീരങ്ങളായ വ്യാധികൾ വാതകോപം നിമിത്തവും പിത്തകോപംനിമിത്തവും കഫകോപം നിമിത്തവും ഇവയിൽ ഈരണ്ടു ദോഷങ്ങൾ കോപിച്ചും മൂന്നുദോഷങ്ങളുംകൂടി കോപിച്ചും ഇങ്ങിനെ ആകെ ദോഷങ്ങൾ ഏഴുവിധമാണ്. ഈ ഏഴുവിധമുള്ള വ്യാധികളുമും ശാരീരങ്ങളെന്നു പറയപ്പെടുന്നു. ഇത് നിജരോഗങ്ങളിലുൾപ്പെട്ടവയാകുന്നു.

കഷ്ടേന തരിതേന തദ്ദൃഷ്ടാ തദ്ഗതേന വാ
വിജ്ഞാതവ്യാഃ സ്വരൂപേണ തേഷാം വിസ്തൃതസ്തൽകൃതാ ഗദാഃ. ൫൧

അ—അഷ്ടമംകൊണ്ടും അരിഷ്ടാനാകൊണ്ടും തദ്ദൃഷ്ടാവിനെക്കൊണ്ടും തദ്ഗത ഗ്രഹംകൊണ്ടും ഇവരുടെ വീര്യം ഹേതുവായി തൽകൃതങ്ങളായ രോഗങ്ങൾ വിജ്ഞാതവ്യങ്ങളായി ഭവിക്കുന്നു.

സാ—അഷ്ടമം അഷ്ടമാധിപൻ അഷ്ടമത്തിൽ നോക്കുന്ന ഗ്രഹം അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹം ഇവരുടെ ബലാബലമനുസരിച്ച് മേൽ മുൻപു പറഞ്ഞിട്ടുള്ള രോഗങ്ങളുടെ സംഭവിക്കുമെന്ന അഭിപ്രായമാകുന്നു.

ഉക്രായസാദ്ധ്വസശോകാദിഭവാ ഗദാസ്തു മാനസാഃ
ജ്ഞേയാ വദ്ധ്യനാശാദ്യഭിചാരായാം ശകുനാദിഭിഃ. ൨൨

അ—മാനസങ്ങളായ രോഗങ്ങൾ ഉക്രായസാദ്ധ്വസശോകാദിഭവങ്ങളായിട്ടു ഭവിക്കുന്നു. ഇതുകൾ വദ്ധ്യനാശാദ്യഭിചാരായശകുനാദികളെക്കൊണ്ട് അറിയപ്പെടുന്നു.

സാ—കോപം ഭയം ദുഃഖം അനുഗ്രഹം മുതലായ മനോവികാരങ്ങൾ നിമിത്തം ഉണ്ടാകുന്ന വ്യാധികളുമാണ് ചിത്തരോഗങ്ങൾ (മാനസരോഗങ്ങൾ) എന്നു പറയുന്നതു്. ഇതു് നിജരോഗഭേദത്തിൽ ഉൾപ്പെട്ടതാണ്. ഇവയെ അറിയേണ്ടതു അഷ്ടമാധിപന്റെയും അഷ്ടമഭാവാധിപന്റെയും ദൃഷ്ടി അന്യോന്യകേന്ദ്രസ്ഥിതി മുതലായ സംബന്ധംകൊണ്ടാണ്.

ശാപാഭിചാരഗ്രഹാദിജാതാ ദൃഷ്ടനിമിത്തജാഃ
ജ്ഞേയാഃ വ്യത്യതീതാരികൃദ്ദൃഷ്ട്യാ തദ്ഗതേന വാ. ൨൩
ദന്ധ്രേശഷഷ്ഠസംബന്ധേ ശാപാദ്യാഃ പ്രബലാസ്തഥാ
മാന്ദ്യഹേതുകാ ജ്ഞേയാ ബാധകഗ്രഹസംഭവാഃ—ഇതി. ൨൪

അ—ദൃഷ്ടനിമിത്തങ്ങളായ രോഗങ്ങൾ ശാപാഭിചാരഗ്രഹാദിജാതങ്ങളായി ഭവിക്കുന്നു. ഇതുകൾ വ്യത്യതീതാരികളെക്കൊണ്ടും തദ്ദൃഷ്ടാവിനെക്കൊണ്ടും തദ്ഗത നോക്കൊണ്ടും ജ്ഞേയങ്ങളായി ഭവിക്കുന്നു. രന്ധ്രേശഷഷ്ഠസംബന്ധം സംഭവിച്ചിരിക്കുമ്പോൾ ആ ശാപാദ്യങ്ങൾ പ്രബലങ്ങളായി ഭവിക്കും. മാന്ദ്യഹേതുകങ്ങളായ വ്യാധികൾ ബാധകഗ്രഹസംഭവങ്ങളെന്നു ജ്ഞേയങ്ങളായി ഭവിക്കുന്നു.

സാ—ആഗന്തുകങ്ങൾ ദൃഷ്ടനിമിത്തങ്ങളെന്നും അദൃഷ്ടനിമിത്തങ്ങളെന്നും രണ്ടുമാതിരിയാണല്ലോ. അവയിൽ ശാപവാക്കുകളെക്കൊണ്ടും ആഭിചാരംകൊണ്ടും ബാധകങ്ങളെക്കൊണ്ടും മറ്റും ഉണ്ടാകുന്ന വ്യാധികൾ ദൃഷ്ടനിമിത്തങ്ങളാണ്. ഇതുകളെ അറിയേണ്ടതു് ആറാംഭാവം ആറാംഭാവാധിപൻ ആറാംഭാവത്തിൽ നോക്കിയവൻ ആറാംഭാവത്തിൽ നില്ക്കുന്നവൻ ആറാംഭാവാധിപനെ നോക്കിയവൻ ആറാംഭാവാധിപനോടുകൂടിയവൻ ഇവരെക്കൊണ്ടാണ്. അഷ്ടമാധിപനും ഷഷ്ഠഭാവത്തിനും തമ്മിൽ കേന്ദ്രത്രികോണാദി സംബന്ധമുണ്ടായാൽ ശാപാഭിചാരാദികൾക്കു ബലമുണ്ടെന്നു പറയണം. ബാധകാദികളുടെ പീഡകൊണ്ടുണ്ടാകുന്ന വ്യാധികളും അദൃഷ്ടനിമിത്തങ്ങളെന്നും പറയുന്നു. ഇങ്ങിനെ രോഗപ്രകരണവചനത്തെ ഇവിടെ അവസാനിപ്പിച്ചു.

ദൃഷ്ടം വാ യച്ഛ്രുതം ദ്രവ്യം പ്രശ്നകാലേ യദൃച്ഛയാ
തദ്ഭാവോത്ഥ രുജാം ഭേദാ ജ്ഞേയാ ഗ്രന്ഥാന്തരേ തഥാ. ൨൫

അ—പ്രശ്നകാലത്തിൽ യാതൊരു ദ്രവ്യം യദൃച്ഛയായിട്ടു ദൃഷ്ടമായോ ശ്രുതമായോ ഭവിക്കുന്നു. തല്പദാർത്ഥത്തെ ആശ്രയിച്ചു രുജകളുടെ ഭേദങ്ങൾ ജ്ഞേയങ്ങളാകുന്നു. അപ്രകാരം ഗ്രന്ഥാന്തരത്തിൽ ഉക്തമാകുന്നു.

സാ—പ്രശ്നകാലങ്ങളിൽ ദൈവഗത്യാ ഏതൊരു ഒരു പദാർത്ഥത്തെ കാണുകയോ അഥവാ ഒരു പദാർത്ഥത്തെക്കുറിച്ചു പറയുന്നതു കേൾക്കുകയോ ചെയ്താൽ അതിന്റെ വിഷയമായ ആ ദ്രവ്യത്തെ അടിസ്ഥാനമാക്കിയും രോഗഭേദം വിചാരിച്ചറിയാവുന്നതാണ്. അതിനു വേണ്ടുന്ന മറ്റു അറിഞ്ഞവചനമുണ്ട്. അതു താഴെ കാണിക്കുന്നു.

യസ്യ രോഗസ്യ യദ്ദ്രവ്യമപത്ഥ്യം തസ്യ വീക്ഷണേ
ശ്രവണേ വാസ്യവിജ്ഞേയസ്സ രോഗോ രോഗചിന്തനേ—ഇതി.

അ—യാതൊരു രോഗത്തിന്ന് യാതൊരു ദ്രവ്യം അപഥ്യമായി ഭവിക്കുന്നു. അതിന്റെ വീക്ഷണമോ ശ്രവണമോ സംഭവിച്ചിരിക്കുമ്പോഴും ഇവന്ന് ആ രോഗം രോഗചിന്തനത്തിൽ വിജ്ഞേയമാകുന്നു.

സാ—പ്രശ്നസമയം പൃച്ഛകനും ഒരു ദ്രവ്യത്തെ ദൈവജ്ഞനെയോ ദൈവജ്ഞന്നോ കാണുന്നതിന്ന് ഇടവരികയോ അല്ലെങ്കിൽ അതുപോലെതന്നെ ഒരു ദ്രവ്യത്തെക്കുറിച്ച് സംസാരിക്കുന്നത് കേൾക്കുന്നതിനിടവരികയോ ചെയ്താൽ രോഗവിഷയമായ പ്രശ്നത്തിൽ ആ ദ്രവ്യം ഏതൊരു രോഗത്തിന്ന് അപഥ്യമാകുന്നുവോ ആ രോഗമാണ് പ്രഷ്ടാവിനുള്ളത് എന്ന് ഗ്രഹിക്കേണ്ടതാണ്. ഇങ്ങനെ ഗ്രന്ഥാന്തരവചനം.

വാ—അത്ര അഷ്ടാംഗസംഗ്രഹേ.

അ—ഇവിടെ അഷ്ടാംഗസംഗ്രഹവും ചൊല്ലുന്നു.

സാ—ഇന്നിന്ന രോഗങ്ങൾക്ക് ഇന്നിന്ന ദ്രവ്യങ്ങൾ അപഥ്യമാണെന്ന് അറിവാനായി അഷ്ടാംഗസംഗ്രഹവചനത്തെ ഇവിടെ എടുത്ത് എഴുതുന്നു.

രസാസ്സ്വാദ്വമ്ലലവണതിക്തോഷണകഷായകാഃ
തത്രാദ്യാ മാരുതം ഘ്നന്തി ത്രയസ്തിക്താദയഃ കഫം. ൨൭
കഷായതിക്തമധുരാഃ പിത്തം ഘ്നന്തി ചേതരേ
വാതഃ പിത്തം കഫശ്ചേതി ത്രയോ ദോഷാസ്സമാസതഃ. ൨൮

അ—സ്വാദ്വമ്ലലവണതിക്തോഷണകഷായങ്ങൾ രസങ്ങളാകുന്നു. അവയിൽ ആദ്യങ്ങളായ മൂന്നും മാരുതനെയും തിക്താദികളായ മൂന്നും കഫത്തെയും കഷായതിക്തമധുരങ്ങൾ പിത്തത്തെയും ഹനിക്കുന്നു. ഇതരങ്ങൾ കോപിപ്പിക്കയും ചെയ്യുന്നു. ദോഷങ്ങൾ സമാസം ചെറുതായിട്ട് വാതം പിത്തം കഫം എന്നിങ്ങനെ മൂന്നാകുന്നു.

സാ—രസങ്ങൾ മധുരം പുളി ഉപ്പ് കയ്പ് എരിവ് ചവർപ്പ് എന്നിങ്ങനെ ആറാകുന്നു. ഇവകളിൽവെച്ച് മധുരം പുളി ഉപ്പ് ഈ മൂന്ന് രസങ്ങൾ വാതത്തെ ശമിപ്പിക്കും. കയ്പ് എരിവ് ചവർപ്പ് ഇവ വാതത്തെ വർദ്ധിപ്പിക്കും. കയ്പും എരിവും ചവർപ്പും കഫത്തെ ശമിപ്പിക്കും. മധുരവും പുളിയും ഉപ്പും കഫത്തെ വർദ്ധിപ്പിക്കും. ചവർപ്പും കയ്പും മധുരവും പിത്തത്തെ ശമിപ്പിക്കും. എരിവ് പുളി ഉപ്പ് ഇവ പിത്തത്തെ വർദ്ധിപ്പിക്കും. ചുരുക്കത്തിൽ വാതമെന്നും പിത്തമെന്നും കഫമെന്നും ഇങ്ങനെ ദോഷങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു.

യസ്യ ഗ്രഹസ്യ യോ ദോഷഃ പിത്താദിഷ്വിഹ കീർത്തിതഃ
തേന രോഗേ തു വക്തവ്യേ വാച്യസ്തദ്ദോഷജോ ഗദഃ. ൨൯

അ—യാതൊരു ഗ്രഹത്തിന്ന് പിത്താദികളിൽവെച്ച് യാതൊരു ദോഷം ഇവിടെ കീർത്തിതമായി. ആ ഗ്രഹത്തെക്കൊണ്ട് രോഗം വക്തവ്യമായിരിക്കുമ്പോഴാകട്ടെ തദ്ദോഷജമായ ഗദം വാച്യമാകുന്നു.

സാ—രോഗചിന്തനയിൽ ഏതൊരു ഗ്രഹത്തെക്കൊണ്ടാണോ രോഗമുണ്ടെന്ന് നിശ്ചയിച്ചത്, ആ ഗ്രഹത്തെ ഓരോന്നുതന്നെ മേൽപ്പറയപ്പെട്ട വാതപിത്തകഫങ്ങളെ ആശ്രയിച്ച് രോഗഭേദം പറയേണ്ടതാണ്. അതായത് രോഗകർത്താവായ ഗ്രഹം വാതകാരകനാണെങ്കിൽ വാതദോഷകോപമെന്നും പിത്തകാരകനാണെങ്കിൽ പിത്തദോഷകോപമെന്നും കഫകാരകനാണെങ്കിൽ കഫദോഷകോപമെന്നും മറ്റും നല്ലപോലെ ചിന്തിച്ചു പറഞ്ഞുകൊള്ളണമെന്ന സാരം.

പാപാവലോകിതയുതാദ്യൈർദൃഗ്യോഗൈർഹോരാദിഷൂദിതൈഃ
അപി [illegible] ജ്ഞേയാ ഗദാഃ പ്രാഗ്ജന്മദുരിതോത്ഭവാഃ. ൩൦

അ—ഹോരാദികളിൽ ഉദിതങ്ങളായ "പാപാവലോകിതയുത"ദിത്യാദ്യങ്ങളായ [illegible], പ്രാഗ്ജന്മദുരിതോത്ഭവങ്ങളായ ഗദങ്ങളുടെ ഭേദങ്ങളും ജ്ഞേയങ്ങളായി ഭവിക്കുന്നു.

സാ—പാപാവലോകിതഃ യസ്സ്ഥിതാവാ ഹിമഗുരുരസ്ഥാനഭാവാൎക്കപുത്രഃ.
ചന്ദ്രേ കൎക്കടവൃശ്ചികാംശകഗതേ പാപൈൎയ്യുതേ ഗുഹ്യഗഃ
ശൌരിൎവ്വാ രിഃഫഗതസ്ഥിതോ ഹിമകരേ യാമ്യേ ദ്യഗേ വാ രവൌ
ചന്ദ്രേ കേന്ദ്രഗതേ ... യുക്തേ ബാ വേദിതാഃ.

ഇങ്ങിനെ ഹോരാദികളായ ഗ്രന്ഥങ്ങളിൽ കാണിച്ചിട്ടുള്ളതായ, "പൂൎവ്വജന്മത്തിൽ ചെയ്തിട്ടുള്ള പാപകൎമ്മങ്ങളുടെ ഫലങ്ങളെ സൂചിപ്പിക്കുന്നവയായ" അനിഷ്ടയോഗങ്ങളും ഉണ്ടാകുന്നു. ഇവ ഓരോന്നും ഓരോ വിഷയമായ പ്രശ്നങ്ങളിൽ ഓരോന്ന് ചിന്തിക്കേണ്ടതാണ്. ഇങ്ങിനെയുള്ള യോഗങ്ങൾ പൂൎവ്വജന്മത്തിലെ പാപങ്ങൾ കൊണ്ട് ഉണ്ടായിട്ടുള്ളവയാണെന്നും പ്രായശ്ചിത്താദികൾകൊണ്ടുമാത്രമേ ശമിക്കയുള്ളു എന്നുംകൂടി ഗ്രാഹ്യമാകുന്നു.

വാ—അഥ ഉന്മാദലക്ഷണമുച്യതേ.

അ—അനന്തരം ഉന്മാദലക്ഷണം വചിക്കപ്പെടുന്നു.

ലഗ്നസ്ഥേ ധിഷണേ ദിവാകരസുതേ ഭൌമേഽഥവാ ദ്യൂനഗേ
മന്ദേ ലഗ്നഗതേ കുജാത്മജതപഃസംസ്ഥേഽഥവാ ധീനിധൌ
മൂൎത്തൌ മൂഢശശീന്ദുജൌ ക്രൂരശശീ മന്ദശ്ച രിഃഫേ സ്ഥിതൌ
പാപൈഃ പാപവൃതക്രൂരോ മൃതാംശ്രേ യദ്യായുഃ സ്വാന്തധൎമ്മോപഗഃ. ൨൧
അസ്തേ പാപയുതോ മന്ദിർവ്വിൽ ത്രിഷഷ്ഠാഷ്ടമാന്ത്യഗഃ
ഉന്മാദമായിനോ യോഗാ ഏവ പരേഷ്ഠാ സമീരിതാഃ—ഇതി. ൨൨

അ—ധിഷണൻ ലഗ്നസ്ഥനായിരിക്കുമ്പോൾ ദിവാകരസുതനോ ഭൌമനോ ദ്യൂനഗനായി വരികയെങ്കിലും മന്ദൻ ലഗ്നഗനായിരിക്കുമ്പോൾ മഹീനന്ദനൻ ധർമ്മപ്രതപഃസംസ്ഥനായി വരികയെങ്കിലും മൂഢശശീന്ദുജന്മാർ മൂൎത്തിയിൽ സ്ഥിതന്മാരായി വരികയെങ്കിലും ക്രൂരശശിയും മന്ദനും രിഃഫത്തിൽ സ്ഥിതന്മാരായി വരികയെങ്കിലും പാപപാപേതക്രൂരാമൃതാംശ്രേ യദായുസ്സ്വാന്തധൎമ്മോപഗനായി വരികയെങ്കിലും പാപയുതനായ മന്ദി അസ്തത്തിൽ വരികയെങ്കിലും വിദ്യുത് പാപയുതനായി ത്രിഷഷ്ഠാഷ്ടമാന്ത്യഗനായി വരികയെങ്കിലും ഇങ്ങനെ ഉന്മാദദായികളായ എട്ടു യോഗങ്ങൾ സമീരിതങ്ങളാകുന്നു.

സാ—ലഗ്നത്തിൽ വ്യാഴവും ഏഴാംഭാവത്തിൽ ശനിയും നിന്നാൽ ചിത്തഭ്രമത്തെ ഉണ്ടാക്കും.

ലഗ്നത്തിൽ വ്യാഴവും ഏഴിൽ ചൊവ്വയും നിന്നാലും ചിത്തഭ്രമമുണ്ടാകും.

ലഗ്നത്തിൽ ശനിയും ഏഴിലോ അഞ്ചിലോ ഒൻപതിലോ ചൊവ്വായും വന്നാൽ ഉന്മാദരോഗത്തെ ഉണ്ടാക്കും.

ചന്ദ്രനും ബുധനും ശൈവവൃത്തങ്ങൾകൂടി ലഗ്നത്തിൽ നിന്നാലും ചിത്തഭ്രമത്തെയുണ്ടാക്കും.

ക്ഷീണചന്ദ്രനും ശനിയുംകൂടി പന്ത്രണ്ടാംഭാവത്തിൽ നിന്നാലും ചിത്തഭ്രമത്തെയുണ്ടാക്കും.

ക്ഷീണചന്ദ്രൻ പാപന്മാരുടെകൂടി ലഗ്നത്തിലോ അഷ്ടമത്തിലോ അഞ്ചിലോ പന്ത്രണ്ടിലോ ഒൻപതിലോ നില്ക്കുന്നതും ഉന്മാദയോഗമാകുന്നു.

ഗുളികൻ പാപന്മാരുടെകൂടി ഏഴാംഭാവത്തിൽ നില്ക്കുന്നതും ഉന്മാദയോഗമാണ്.

ബുധൻ പാപന്മാരുടെകൂടി മൂന്നിലോ ആറിലോ എട്ടിലോ പന്ത്രണ്ടിലോ നില്ക്കുന്നതും ചിത്തഭ്രമയോഗമാകുന്നു.

ഇങ്ങിനെ ചിത്തഭ്രമസൂചകങ്ങളായ എട്ടു യോഗങ്ങൾ പൂൎവ്വാചാൎയ്യന്മാരാൽ പറയപ്പെട്ടവയാണ്.

"പാപാവലോകിതഃ യദാരുദ്ര്യ" എന്നുള്ള ശ്ലോകത്തിൽ ജാതകവിഷയമായി പറഞ്ഞിട്ടുള്ള അനിഷ്ടയോഗങ്ങൾ പ്രശ്നത്തിലും ചിന്ത്യങ്ങളാണെന്ന് പറയുന്നു.

കാരണമുന്മാദാനാമുന്മത്താനാം തഥൈവ ച ചേഷ്ടാദ്യം
കഥ്യത ഇഹ തത്ത്വേനാതൽ ബഹു ശാസ്ത്രാന്തരേ വിനിർദ്ദിഷ്ടം.

അ—ഉന്മാദങ്ങളുടെ കാരണവും അപ്രകാരംതന്നെ തൽഭേദം ഹേതുവായിട്ട് ഉന്മത്തന്മാരുടെ ചേഷ്ടാദ്യവും ഇവിടെ കഥിക്കപ്പെടുന്നു. അത് ശാസ്ത്രാന്തരത്തിൽ വിനിർദ്ദിഷ്ടമാകുന്നു.

സാ—ചിത്തഭ്രമമുണ്ടാകുവാനുള്ള കാരണവും ചിത്തഭ്രമമുള്ളവരുടെ ചേഷ്ടകളായവയും പറയപ്പെടുന്നു. അത് മററു ശാസ്ത്രങ്ങളിൽ പറയപ്പെട്ടവയാണ്.

ഹർഷേച്ഛാഭയശോകാദേർവിരുദ്ധാശുചിഭോജനാൽ
ഗുരുദേവദ്വിജാദ്യാഗഃ പഞ്ചോന്മാദാ ഭവന്ത്യഥ -
ത്രിദോഷജാഃ സന്നിപാതാദാഗന്തവ ഇതി സ്മൃതാഃ. ൩൪

അ—ഹർഷേച്ഛാഭയശോകാദികൾ ഹേതുവായും വിരുദ്ധാശുചിഭോജനം ഹേതുവായും ഗുരുദേവാദികോപം ഹേതുവായും അഞ്ചുവിധമുള്ള ഉന്മാദങ്ങൾ ഭവിക്കുന്നു. അനന്തരം അവ ത്രിദോഷങ്ങളെന്നും സാന്നിപാതികങ്ങളെന്നും ആഗന്തുക്കളെന്നും സ്മൃതങ്ങളാകുന്നു.

സാ—ഉന്മാദങ്ങൾ ത്രിദോഷങ്ങളിൽ ഓരോന്നിന്റെ കോപംകൊണ്ടും മൂന്നുംകൂടി കോപിച്ചും ആഗന്തുകമായും [illegible] അഞ്ചുവിധമാകുന്നു. ഇങ്ങിനെയുള്ള ഉന്മാദം ഉണ്ടാകുന്നതിന് അതിസന്തോഷം, അത്യാഗ്രഹം, പേടിയുണ്ടാകയും, കഠിനമായ ദുഃഖം, വിരുദ്ധമായും അശുദ്ധമായും ഉള്ള ഭക്ഷണം, ഗുരുകോപം, ദേവകോപം മുതലായവ കാരണങ്ങളാണ്. മേല്പറഞ്ഞ കാരണങ്ങളാൽ വാതമോ പിത്തമോ കഫമോ അല്ലെങ്കിൽ മൂന്നുംകൂടിയോ കോപിച്ചിട്ടോ ശാപാഭിചാരാദികളെക്കൊണ്ടോ മർമ്മപീഡകൊണ്ടോ ചിത്തഭ്രമമുണ്ടാകുമെന്നു ഗ്രാഹ്യമാകുന്നു

ഹസനാസ്ഫോടനാക്രന്ദിതനൃത്താനരോദനം
അസ്ഥാനാംഗവിക്ഷേപസ്ത്വരുണാ രൂക്ഷാ തനുഃ
ജീർണ്ണേ ബലഞ്ച വാഗ്ബഹ്വീ വാതോന്മാദസ്യ ലക്ഷണം. ൩൫

അ—ഹസനാസ്ഫോടനാക്രന്ദിതനൃത്തനരോദനവും അസ്ഥാനാംഗവിക്ഷേപവും അരുണയായി രൂക്ഷയായ തനുവും ജീർണ്ണമായിരിക്കുമ്പോൾ ബലവും ബഹ്വിയായ വാക്കും വാതോന്മാദത്തിന്റെ ലക്ഷണമാകുന്നു.

സാ—കാര്യംകൂടാതെ ചിരിക്കയും കൈകൊട്ടുകയും കരയുകയും പാടുകയും നൃത്തം ചെയ്യുകയും നിലവിളിക്കയും ഒരു ദിക്കിലും സ്ഥിരമായി സ്ഥിതിചെയ്യാതിരിക്കയും കൈകാൽ മുതലായവ കുടയുകയും ശരീരം ചെമ്പുനിറമായി വരികയും മാംസം ചുരുങ്ങി മെലിഞ്ഞുവരികയും ഭക്ഷണസമയം കഴിച്ചതിന്നശേഷം രോഗവർദ്ധന വരികയും വളരെ സംസാരിക്കയും ചെയ്യുന്നതു് വാതകോപനിമിത്തം ഉണ്ടായ ഉന്മാദത്തി(ഭ്രാന്തി)ന്റെ ലക്ഷണങ്ങളാകുന്നു.

സംരംഭാമർഷവൈഗന്ധ്യാഭിദ്രവണതർജ്ജനം
ഛായാശീതാന്നതോയേച്ഛാ രോഷഃ പീതോഷ്ണദേഹതാ. ൩൬
നാരീവിവിക്തപ്രിയതാ നിദ്രാരോചൌ മനാഗ്വചഃ
ലാലാ ഛർദ്ദിർബലം ഭുക്തേ നഖാദിഷു ച ശുക്ലതാ
ഏതാഃ പിത്തകഫോന്മാദചേഷ്ടാഃ ശ്ലേഷ്മകോപിതാഃ ക്രമാൽ.

അ—സംരംഭാമർഷവൈഗന്ധ്യവും അഭിദ്രവണതർജ്ജനവും ഛായാശീതാന്നതോയേച്ഛയും രോഷവും പീതോഷ്ണദേഹതയും നാരീവിവിക്തപ്രിയതയും നിദ്രാരോചകങ്ങളും അല്പമായ വചസ്സും ലാലയും ഛർദ്ദിയും ഭുക്തി സതിയായിരിക്കുമ്പോൾ ബലവും നഖാദികളിൽ ശുക്ലതയും ആകുന്ന ശ്ലേഷ്മകോപിതങ്ങളായ ഇവ പിത്തകഫോന്മാദ ചേഷ്ടകളായി ഭവിക്കുന്നു.

സാ—ദൈന്യവും അസംബന്ധതയും സംഭ്രമവും മറ്റുള്ളവരെ ഭാഷിക്കയും തർജ്ജിക്കയും ചെയ്ക തണുപ്പുള്ള പദാർത്ഥങ്ങൾ ഏറ്റവും ഇഷ്ടമാകയും ക്ഷീണവും കോപവും ശരീരത്തിന്നു മഞ്ഞനിറവും മറ്റും പിത്തകോപം നിമിത്തമുണ്ടായ ഉന്മാദത്തി(ഭ്രാന്തി)ന്റെ ലക്ഷണങ്ങളാകുന്നു.

സ്ത്രീകളേയും ഏകാന്തമായ പ്രദേശത്തേയും ആഗ്രഹിക്കയും അധികമുറങ്ങുകയും രുചിയില്ലായ്ക ഛർദ്ദിയും അല്പമായി സംസാരിക്കയും വായിൽനിന്നു വെള്ളം വരികയും ചട്ടിക്കയും ഉണ്ടാകയും മറ്റും ഭക്ഷണത്തിന്നു അടിപ്പെടാതിരിക്കയും നഖം മുഖം മുതലായ സ്ഥാനങ്ങൾ വെളുത്തിരിക്കയും ചെയ്യുന്നതു് കഫകോപം നിമിത്തമുണ്ടാകുന്ന ഉന്മാദത്തി(ഭ്രാന്തി)ന്റെ ലക്ഷണങ്ങളാകുന്നു.

സമസ്തലക്ഷണോ വർജ്ജ്യ ഉന്മാദഃ സാന്നിപാതികഃ
ആഗന്തവോ ഗ്രഹാ ജ്ഞേയാ ദേവാസുരാദയഃ.
അമർത്ത്യബലവാക്ജ്ഞാനവിക്രമാദിസമന്വിതാഃ.   ൧൮

അ—സമസ്തലക്ഷണമായ ഉന്മാദം സാന്നിപാതികവും വർജ്ജ്യവുമായി ഭവിക്കുന്നു. ആഗന്തുക്കളായ ഉന്മാദങ്ങൾ ഗ്രഹങ്ങളെന്നു് ജ്ഞേയങ്ങളായി ഭവിക്കുന്നു. അവ അമർത്ത്യബലവാക്ജ്ഞാനവിക്രമാദിസമന്വിതന്മാരായ ദേവാസുരാദികളായി ഭവിക്കുന്നു.

സാ—ഇതു പറഞ്ഞ മൂന്നു ലക്ഷണങ്ങളും ഇടകലർന്നുണ്ടാകുന്നതു് സന്നിപാതം നിമിത്തം (മൂന്നു കോപങ്ങളും കോപിച്ചു) ഉണ്ടാകുന്ന ഉന്മാദമാകുന്നു. ഇതു ശമിക്കാൻ പ്രയാസമാണു്. ദേവഗ്രഹങ്ങളുടേയും അസുരഗ്രഹങ്ങളുടേയും ഉപദ്രവം നിമിത്തമുണ്ടാകുന്ന ഉന്മാദം ആഗന്തുകമാകുന്നു. ദേവഗ്രഹങ്ങളേയും അസുരഗ്രഹങ്ങളേയുംകുറിച്ചു് പിന്നത്തെ അദ്ധ്യായത്തിൽ പറയപ്പെടും. ആ ഗ്രഹങ്ങൾക്കു് മനുഷ്യസാധാരണങ്ങളല്ലാത്ത ബലം വാഗ്‌വൈഭവം അറിവു് പരാക്രമം മുതലായ ഗുണങ്ങളുണ്ടായിരിക്കയും ചെയ്യും.

വാതോന്മാദേ സ്നേഹപാനം പിത്തോന്മാദേ വിരേചനം
ശ്ലൈഷ്മികേ നസ്യവമനമാഗന്തൌ ബലികാഃ ക്രിയാഃ
സർവ്വാനശ്യന്തി ഹോമാദ്യൈഃ ജപഹോമാദികർമ്മഭിഃ—ഇതി.

അ—വാതോന്മാദത്തിൽ സ്നേഹപാനവും പിത്തോന്മാദത്തിൽ വിരേചനവും ശ്ലൈഷ്മികമായ ഉന്മാദത്തിൽ നസ്യവമനവും ആഗന്തുക്കളായ ഉന്മാദത്തിൽ ബലികളായ ക്രിയകളും കാണ്ടുങ്ങളാകുന്നു. സർവ്വങ്ങളായ ഉന്മാദങ്ങളും ജപഹോമാദികർമ്മം കൊണ്ടുവായി നശിക്കയും ചെയ്യും.

സാ—വാതകോപം നിമിത്തമുള്ള ഉന്മാദത്തിന്നു് നെയ്യു് എണ്ണ മുതലായ സ്നേഹദ്രവ്യങ്ങൾ സേവിപ്പിക്കയും പിത്തോന്മാദത്തിന്നു് വിരേചനൌഷധങ്ങൾ കൊടുത്തു് വിരേചിപ്പിക്കയും കഫോന്മാദത്തിന്നു് നസ്യം ചെയ്യുകയും ഛർദ്ദിപ്പിക്കയുമാണു് വേണ്ടതു്. ആഗന്തുകമായ ഉന്മാദത്തിന്നു് ഇതു പറഞ്ഞ എല്ലാ ചികിത്സകളും ചെയ്യേണം. സന്നിപാതം നിമിത്തമുള്ള ഉന്മാദം അസാദ്ധ്യമാകയാൽ അതിന്നു ചികിത്സ വിധിക്കുന്നില്ല. എങ്കിലും ജപം ഹോമം ബലി മുതലായ കർമ്മങ്ങൾകൊണ്ടു് എല്ലാ ഉന്മാദങ്ങളും ശമിക്കുന്നതാണു്. ഇങ്ങിനെ ഇവിടെ ശാസ്ത്രാന്തരവചനം പ്രസംഗിച്ചു.

സമ്പ്രദായവിശേഷോ ഽസ്തി പൂർവ്വാചാര്യൈരുദാഹൃതഃ
ഉന്മാദകാരണാദീനാം കഥനേ സ ച ലിഖ്യതേ.   ൧൯

അ—ഉന്മാദകാരണാദികളുടെ കഥനത്തിൽ പൂർവ്വാചാര്യന്മാരാൽ ഉദാഹൃതമായ സമ്പ്രദായവിശേഷം ഭവിക്കുന്നു. അതും ലേഖനം ചെയ്യപ്പെടുന്നു.

സാ—ഉന്മാദരോഗത്തിന്റെ കാരണത്തേയും ചികിത്സയേയും മറ്റും അറിയുവാൻ വേറെ ഒരു പ്രകാരംകൂടി പൂർവ്വാചാര്യന്മാർ വഴി പറഞ്ഞിട്ടുണ്ടു്. അതിനേയും ഇവിടെ എഴുതുന്നു.

വിഷമാന്നചിരഭോജനോപവാസൈസ്സർ-
ഭയവൈരാഗ്യക്ഷുധാക്രുധാഭിചാരൈഃ
ഗുരുപാദപതനാദിപാപദോഷൈ-
സ്സ്ത്രീവിരഹാദപി ഉന്മാദസ്ത്രീകാരണൈഃ. ൮൫

[illegible] ഭവേത് [illegible] അപി
[illegible] പിത്തജേ ബോധനാശം ഭവേൽ. ൮൬

അ—വിഷമാന്നചിരഭോജനോപവാസങ്ങൾ ഹേതുവായും ഭയവൈരാഗ്യക്ഷുധാക്രുധാഭിചാരങ്ങൾ ഹേതുവായും ഗുരുപാദപതനാദി പാപദോഷങ്ങൾ ഹേതുവായും ഉന്മാദങ്ങൾ ഭവിക്കുന്നു. [illegible] ഉന്മാദം [illegible]. ഇതിൽ ഇപ്രകാരം പത്ത് [illegible] ഭവിക്കുന്നു. [illegible] ഉന്മാദങ്ങൾ [illegible] ഭവിക്കും. പിത്തജമായ ഉന്മാദത്തിൽ ബോധനാശം ഭവിക്കും.

സാ—(൧) വിഷമാന്നം [illegible] അധികമായോ [illegible]. (൨) [illegible]. (൩) പട്ടിണി കിടക്കുക. (൪) ഭയപ്പെടുക. (൫) ഏതോ കാരണവശാൽ [illegible] വിഷയങ്ങളിൽ [illegible]. (൬) [illegible] കോപിക്കുക. (൭) ശത്രുക്കളുടെ ആഭിചാരകർമ്മം. (൮) [illegible]. (൯) [illegible]. (൧൦) [illegible]. ഇവ പത്തുമാണ് [illegible]. ഇങ്ങനെ [illegible] കോപിക്കാതെ വരികയില്ല. അതിനാൽ [illegible]. ഇങ്ങനെ ഉന്മാദം പത്തായി [illegible]. [illegible] ബോധനാശം [illegible].

ചന്ദ്രശുക്രാഷ്ടമാധീശൗ ശോചകതനഗൗ യദി
വിഷമാന്നോപവാസോത്ഥ ഉന്മാദ ഇതി നിർദ്ദിശേൽ. ൮൭
കേന്ദ്രമാന്ദ്യവിഹീനേഷു [illegible]
സപാപേ പഞ്ചമേ [illegible] വൈരാഗ്യജസ്സുഖേ. ൮൮
ക്രൂരയുക്തേ [illegible]
ഗുർവ്വാദിശാപസംഭൂതഃ പാപേ നവമസംസ്ഥിതേ
കല്യാണപഞ്ചഗവ്യാജ്യസേവാ [illegible] വിധീയതാം—ഇതി. ൮൯

അ—ചന്ദ്രശുക്രാഷ്ടമാധിപന്മാർ [illegible] ഭവിക്കുന്നുവെങ്കിൽ വിഷമാന്നോപവാസജമായ ഉന്മാദം ഭവിക്കുന്നുവെന്ന് നിർദ്ദേശിക്കണം. ഇവർ കേന്ദ്രമാന്ദ്യവിഹീനന്മാരായിരിക്കുമ്പോൾ ഉന്മാദം [illegible] എന്ന് നിർദ്ദേശിക്കണം. പഞ്ചമം സപാപമായിരിക്കുമ്പോൾ ഉന്മാദം [illegible] വൈരാഗ്യജമായി ഭവിക്കുന്നു എന്ന് നിർദ്ദേശിക്കണം. പഞ്ചമം [illegible] ഉന്മാദം ക്രോധജമായി ഭവിക്കുന്നു എന്ന് നിർദ്ദേശിക്കണം. [illegible] അഷ്ടമന്മാർ [illegible] ഉന്മാദം അഭിചാരജമായി ഭവിക്കുന്നു എന്ന് നിർദ്ദേശിക്കണം. പാപൻ നവമസംസ്ഥിതനായിരിക്കും വിഷയത്തിൽ ഗുർവ്വാദിശാപസംഭൂതമാണെന്ന് നിർദ്ദേശിക്കണം. ഇതുകളിൽ കല്യാണപഞ്ചഗവ്യാജ്യസേവാദി വിധിക്കപ്പെടണം.

സാ—ഇന്നിന്ന കാരണങ്ങളെക്കൊണ്ട് ഉന്മാദമുണ്ടാകുമെന്ന് മേൽപറഞ്ഞുവല്ലോ. അവയിൽ ഏതു കാരണംകൊണ്ടാണ് ഉന്മാദമുണ്ടായിട്ടുള്ളതെന്ന് അറിവാനുള്ള വഴിയാണ് ഇവിടെ പറയുന്നത്. ചന്ദ്രൻ ശുക്രൻ അഷ്ടമാധിപൻ ഇവർ അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്നു എങ്കിൽ വിഷമഭക്ഷണംകൊണ്ടോ അല്ലെങ്കിൽ ഉപവാസംകൊണ്ടോ ആണ് ഉന്മാദമുണ്ടായിട്ടുള്ളതെന്ന് പറയണം. മേല്പറഞ്ഞ ചന്ദ്രശുക്രാഷ്ടമാധിപന്മാർ

കേളുവിന്റെയോ താച്ചുവിന്റെയോ, ഗുരുക്കന്റെയോ യോഗമുണ്ടായാൽ അപ്പുരോഗമെന്നു നിമിത്തമായ് ഉന്മാദമുണ്ടായതെന്ന് പറയണം. അഞ്ചാംഭാവത്തിൽ പാപൻ നിന്നാൽ ദേവതാ വൈരാഗ്യമോ ഉന്മാദത്തിനു കാരണമായി പറയണം.

ഭാവത്തിൽ കേതുവാതന്നെ നിന്നാൽ കോപം ഹേതുവായിട്ടാണ് ഉന്മാദമുണ്ടായത് എന്നു പറയണം.

ആറിൽ പാപഗ്രഹങ്ങൾ നിന്നാൽ ശത്രുകൃതമായ ആഭിചാരനിമിത്തമാണ് ഉന്മാദമുണ്ടായിട്ടുള്ളത് എന്നു പറയണം. ഒൻപതാംഭാവത്തിൽ പാപൻ നിന്നാൽ ഗുരുശാപം ദേവനിന്ദ അഗ്നിദേവതിരസ്കാരം മുതലായവയാണ് കാരണം.

ഈ ഉന്മാദരോഗങ്ങളുടെ ശമനത്തിനായി കല്യാണഘൃതം പഞ്ചഗവ്യഘൃതം മുതലായവ സേവിക്കേണ്ടതാണ്. ഇങ്ങിനെ ഉന്മാദവിഷയം ഇവിടെ അവസാനിപ്പിച്ചു.

വ്യാ—അഥ അപസ്മാരലക്ഷണമുച്യതേ.

അ—അനന്തരം അപസ്മാരലക്ഷണം വചിക്കപ്പെടുന്നു.

സാ—ഇനി അപസ്മാരത്തിന്റെ ലക്ഷണത്തെ പറയുന്നു.

മദേ തമഃ[illegible] ച [illegible]
[illegible]പസ്മാര[illegible] [illegible] ൭൯

അ—[illegible] സ്ഥാനത്തിൽ വ്യാപിക്കുമായിരിക്കുന്ന [illegible] എങ്കിൽ അപസ്മാരമായ രോഗം ഭവിക്കുന്നു.

സാ—[illegible] അഷ്ടമത്തിൽ നില്ക്കുകയും [illegible] ഗ്രഹങ്ങളാൽ വീക്ഷിക്കപ്പെടുകയും [illegible] അപസ്മാരരോഗമുണ്ടെന്നു പറയണം.

[illegible] രോഗകർത്താവായി വന്നാലും [illegible] രോഗകർത്താവായി വന്നാലും [illegible] അഷ്ടമത്തിൽ നില്ക്കുമ്പോൾ [illegible] ത്രികോണത്തിൽ വന്നാലും ഇങ്ങനെ മൂന്നു യോഗങ്ങളാണ് ഇവിടെ പറയപ്പെട്ടത്.

ഭിന്നാ [illegible] സന്ത്രപാതഃ
സ ച തസ്യ ച [illegible] നിഗദ്യതേ സന്ത്രപാതഃ. ൮൦

അ—അപസ്മാരം സന്ത്രപാതത്തെ [illegible] കൊണ്ടു ഭിന്നമാകുന്നു. അതും അതിന്റെ ലക്ഷണവും സന്ത്രപാതമെന്നു നിരൂപിക്കപ്പെടുന്നു.

സാ—സാമാന്യമായ അപസ്മാരം ഉണ്ടെങ്കിലും [illegible] പറഞ്ഞ ലക്ഷണങ്ങളെ പറയുന്നത്. അവയാണ് അപസ്മാരത്തോടുചേർന്ന് ഉപദ്രവിക്കുന്നത്. ആ അപസ്മാരത്തിന്റെയും ആ [illegible] ലക്ഷണങ്ങൾ ഇവിടെ പറയുന്നു.

വിസ്രസ്താംഗഃ പതതി സഹസാ ഭ്രാന്ത[illegible] നഷ്ടസംജ്ഞഃ
[illegible] വമതി [illegible]
വ്യാവൃത്താക്ഷോ [illegible] പീതവസ്ത്രഃ പ്രലാപീ
[illegible] വികൃതവദനഃ സ്യാദപസ്മാര [illegible]. ൮൧

അ—വിസ്രസ്താംഗനായി നഷ്ടസംജ്ഞനായി [illegible] പതിക്കയും [illegible] വമിക്കയും [illegible] വ്യാവൃത്താക്ഷനായി [illegible] പീതവസ്ത്രനായും പ്രലാപിയായും [illegible] വികൃതവദനനായും [illegible] ചെയ്യുന്നു എങ്കിൽ ഇത് അപസ്മാരമാകുന്നു.

സാ—തടങ്ങുന്ന ദേഹം കഴയ്ക്കു് അവയവങ്ങൾക്കു ഞാണിയില്ലാതെ ഭൂമിയിൽ വീഴുകയും വിളിച്ചാൽ ഓർമ്മയില്ലാതിരിക്കയും വായിൽനിന്നു നുരവരികയും ചിലപ്പോൾ പരുഷവചനങ്ങൾകൊണ്ടു് സന്തോഷിക്കയും ചെയ്യും. ബോധംകെട്ടു് വളരെനേരം കിടന്നിട്ടുകിടക്കും. കണ്ണുകൾ വട്ടത്തിലുരുട്ടി പല്ലുകടിക്കും. ശരീരം തണുത്ത നിറമായും വരും. മനസ്സുകൊണ്ടാനംകൂടാതെ ചില വികാരങ്ങളെല്ലാം കാണിക്കും. കളിക്കുന്നതിനും കടിക്കുന്നതിനും മറ്റും വളരെ ആഗ്രഹം കാണിക്കും. മുഖംകൊണ്ടും മറ്റും പല ചേഷ്ടകളും കാണിക്കും. ഈ ലക്ഷണങ്ങൾ ഉണ്ടായാൽ അപസ്മാരബാധയുടെ ഉപദ്രവമാണെന്നു നിശ്ചയിക്കാം. രോഗംവിട്ടു് എഴുനീറ്റാൽ മുൻപിലത്തെപ്പോലെ സ്വസ്ഥതയെല്ലാം ഉണ്ടായിരിക്കയും ചെയ്യും.

അപസ്മാരം എന്നു പറയുന്നതു് ബാധയാണെന്നു ചിലരും അതു് ഒരു രോഗമാണെന്നു മറ്റുചിലരും നിർബന്ധിക്കുന്നു. എന്നാൽ എല്ലാ രോഗങ്ങൾക്കും അധിഷ്ഠാതൃക്കളായ ഓരോ ദേവതകൾ ഉണ്ടു്. അതിനെ ആണു് ദേവത അല്ലെങ്കിൽ ബാധ എന്നു പറയുന്നതു്. ബാധ(ദേവത)യുടെ സംബന്ധം കൂടാതെ ഒരു രോഗവുമുണ്ടാകുന്നില്ല. പക്ഷേ ചിലതു് രോഗപ്രാധാന്യങ്ങളായും ചിലതു് ബാധാപ്രാധാന്യങ്ങളായും ഇരിക്കും. ഇക്കൂട്ടത്തിൽ അപസ്മാരരോഗം ബാധാപ്രാധാന്യമാണെന്നാണു് അധികം ആളുകളുടെയും പക്ഷം. എങ്കിലും ഗ്രന്ഥകർത്താവുതന്നെ ഈ ഘട്ടത്തിൽ ഇതിനുപയുക്തങ്ങളായ ചില ചികിത്സകൾകൂടി കല്പിച്ചിരിക്കുന്നതുകൊണ്ടു് രോഗത്തിനും പ്രാമാണ്യമുണ്ടെന്നു സമ്മതിച്ചതിനു ഈ രോഗം ചികിത്സകൊണ്ടും മന്ത്രതന്ത്രാദികൾകൊണ്ടും ശമിച്ചതായും അനുഭവമുണ്ടു്.

ഈ ശ്ലോകംകൊണ്ടു പറയപ്പെട്ടതു് പ്രധാനമായ അപസ്മാരത്തിന്റെ ചേഷ്ടകളാണു്. സ്വരൂപവും ഇങ്ങനെ.

ശ്വസനാ മലിനാ നിദ്രാ ജൃംഭികാനശനാ തഥാ
ത്രാസിനീ മോഹിനീ ചൈവ രോദിനീ ക്രോധിനീ തഥാ. ൧൯
താപിനീ ശോഷിണീ ചൈവ ധ്വംസിനീ ചൈവ കീർത്തിതാഃ
മൂർത്ത്യോ ദ്വാദശ വിഖ്യാതാ അപസ്മാരസ്യ സുപ്രിയാഃ. ൨൦

ഏതാഃ സമസ്താ വ്യസ്താ വാ സംശ്രയന്തി നരം കില
സ്വാഖ്യാനാർത്ഥവതീം ചേഷ്ടാം തത്രാഭിവ്യഞ്ജയന്തി ച. ൨൧

അ—ശ്വസനയും മലിനയും നിദ്രയും ജൃംഭികയും അപ്രകാരം അനശനയും ത്രാസിനിയും മോഹിനിയും രോദിനിയും അപ്രകാരം ക്രോധിനിയും താപിനിയും ശോഷിണിയും ധ്വംസിനിയും ഇങ്ങനെ അപസ്മാരത്തിനു് സുപ്രിയകളായ പന്ത്രണ്ടു മൂർത്തികൾ വിഖ്യാതകളായി ഭവിക്കുന്നു. ഇവകൾ സമസ്തകളായിട്ടോ വ്യസ്തകളായിട്ടോ നരനെ സംശ്രയിക്കുമ്പോൾ. അവനിൽ സ്വാഖ്യാനാർത്ഥവതിയായ ചേഷ്ടയെ അഭിവ്യഞ്ജിപ്പിക്കയും ചെയ്യും.

സാ—അപസ്മാരദേവതയ്ക്കു് പന്ത്രണ്ടു മൂർത്തികളുണ്ടു്. അപസ്മാരത്തിന്റെ പ്രേരണയാൽ ഈ മൂർത്തികളെ ഓരോന്നിനേയോ അല്ലെങ്കിൽ ഒന്നിലധികം മൂർത്തികളെയോ കൊണ്ടു് മനുഷ്യരെ ഉപദ്രവിപ്പിക്കുന്നു. ഈ മൂർത്തികളിൽ ഏതെങ്കിലുമൊന്നാണു ഉപദ്രവിക്കുന്നതു്. അതിന്റെ പേരിനു് അനുകൂലമായ ചേഷ്ടകളാണു് രോഗിയിൽ കാണപ്പെടുന്നതു്. മുൻ പറഞ്ഞ അപസ്മാരത്തിന്റെ പൂർണ്ണലക്ഷണം വരുന്നതിനു മുൻപും പിൻപും ഈ ലക്ഷണങ്ങളുണ്ടായിരിക്കും. ആ മൂർത്തികളിൽ ൧. ശ്വസന. അതു് ഉപദ്രവിക്കുമ്പോൾ ശ്വാസമുണ്ടാകും. ൨. മലിന. അതിന്റെ ഉപദ്രവമുണ്ടായാൽ ശരീരതേജസ്സിനു കുറച്ചു മലിനതയുണ്ടാകും. ൩. നിദ്ര. അതിന്റെ ഉപദ്രവം വന്നാൽ ഉറക്കത്തെ വർദ്ധിപ്പിക്കും. ൪. ജൃംഭിക. അതിന്റെ ഉപദ്രവമുണ്ടായാൽ കോട്ടുവാ ഇടീക്കും. ൫. അനശന അതിന്റെ ഉപദ്രവമുണ്ടായാൽ ഭക്ഷണം വെറുക്കും. ൬. ത്രാസിനി ഇതിന്റെ ഉപദ്രവമുണ്ടായാൽ മനസ്സിൽ വലിയ ഭയമുണ്ടാകും. ൭. മോഹിനി. ഇതിന്റെ ഉപദ്രവമുണ്ടായാൽ ബോധക്കേടിനെ ചെയ്യും. ൮. രോദിനി. ഇതിന്റെ ഉപദ്രവമുണ്ടായാൽ കരച്ചിലുണ്ടാകും. ൯. ക്രോധിനി. ഇതു ഉപദ്രവിച്ചാൽ കോപമുണ്ടാകും. ൧൦. താപിനി. ഇതു് പെട്ടെന്ന്

പ്പൂൽ ചുട്ടനീറാലുണ്ടാകും. ൫൪. രോഹിണി. ഇതിന്റെ ഉപദ്രവംകൊണ്ടു ശരീരം മെലിയും. ൫൫. യശസ്വിനി. ഇതിന്റെ ഉപദ്രവം ഉണ്ടായാൽ ശരീരത്തെ നശിപ്പിക്കും.

രോഗാരാകാരന്മാരായ ഗ്രഹങ്ങളിൽ ബലവാനായ ഗ്രഹം ലഗ്നാദിഭാവങ്ങളിൽ വച്ച് ഏതുഭാവത്തിൽ നില്ക്കുന്നുവോ ഭാവനാഥിയായി അപ്രകാരത്തെ ദ്രുതിയുടെ ഉപദ്രവമുണ്ടെന്നു പറയണം. രോഗാരാകാരന്മാരായ ഗ്രഹങ്ങളിൽ അധികംപേർക്ക് ബലമുണ്ടെങ്കിൽ അവരുടെ സ്ഥിതി അനുസരിച്ച് അത്രയും ദ്രുതികളുടെ ഉപദ്രവമുണ്ടെന്നു പറയണം. ഈ വിഷയത്തിൽ പല പക്ഷങ്ങളുമുണ്ട്. ഗ്രഹദോഷം സിദ്ധിക്കുന്ന ഉപായങ്ങളെന്ന ഈ വൃത്തത്തിലെല്ലാം ആധാരമെന്ന് അറിയേണ്ടതാണ്.

ശമായാതാവപസ്മാരേ കൂശ്മാണ്ഡീർബലിമാഹരേത്
സുദർശനേന ജുഹുയാൽ തൈലാൻ ക്രോധാഗ്നിനാഥവാ
പ്രത്യക്ഷസഹസ്രേണ ഘോരാപസ്മാരശാന്തയേ—ഇതി. ൫൨

അ—അപസ്മാരം സമനായിരിക്കുമ്പോൾ ശമത്തിനായി ആദിയിൽ കൂശ്മാണ്ഡീ ബലിയെ ആഹരിക്കണം. പ്രത്യക്ഷസഹസ്രമായ സുദർശനംകൊണ്ടോ അല്ലെങ്കിൽ ക്രോധാഗ്നികൊണ്ടോ ഘോരാപസ്മാരശാന്തിക്കായി തിലങ്ങളെ ഹവനം ചെയ്യണം.

സാ—അപസ്മാരോപദ്രവമുണ്ടായാൽ ശമിപ്പിക്കുന്നതിനായി ആദ്യമായി കൂശ്മാണ്ഡീബലിയെ നടത്തണം. ശമിക്കാത്ത അപസ്മാരരോഗത്തിന് സുദർശനമന്ത്രംകൊണ്ടോ ക്രോധാഗ്നിമന്ത്രംകൊണ്ടോ തിലഹോമം ചെയ്യുന്നതാണ്. ഹോമത്തിനുപയോഗിക്കുന്ന മന്ത്രത്തിൽ എത്ര അക്ഷരമുണ്ടോ അത്ര ആയിരം ഉരു മന്ത്രം ജപിക്കേണ്ടതാണ്. ഇങ്ങനെ അപസ്മാരലക്ഷണം പറഞ്ഞുകഴിഞ്ഞു.

ഉക്താ ഗ്രന്ഥാന്തരേ പ്രശ്നാവിഷയേഽപസ്മൃതൗ ഹിതാഃ
ലിഖിതാസ്തത്ര ലിഖ്യന്തേ ചികിത്സാ അപി കാശ്ചന. ൫൩

അ—പ്രശ്നവിഷയമായ ഗ്രന്ഥാന്തരത്തിൽ അപസ്മൃതിയിൽ ഹിതകളായിട്ട ലിഖിതകളായി ഉക്തകളായ ചില ചികിത്സകളും ഇവിടെ ലേഖനം ചെയ്യപ്പെടുന്നു.

സാ—അപസ്മാരശമനത്തിന് ഉതകുന്ന ചില ചികിത്സകൾ പ്രശ്നവിഷയങ്ങളായ ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. അവയെക്കൂടി ഇവിടെ എഴുതുന്നു.

സിന്ധൂത്ഥവ്യോഷികാളീകസ്യുകണാശൃംഗ്യഷ്ടിഭിഃ ശൃതം ചൂർണ്ണം
നസി യോജയേത്തത്ത് ശസ്തം തീവ്രാപസ്മാരശാന്തയേ പുംസാം. ൫൪

അ—സിന്ധൂത്ഥവ്യോഷികാളീകസ്യുകണാശൃംഗ്യഷ്ടികളെക്കൊണ്ട് കൃതമായ ചൂർണ്ണം നസ്യങ്ങൾ യോജിപ്പിക്കണം. ഇത് പുരുഷന്മാരുടെ തീവ്രാപസ്മാരശാന്തിക്കായി ശസ്തമാകുന്നു.

സാ—ഇന്തുപ്പ് ത്രികടുകവും കൊട്ടം തിപ്പലി കർക്കടകശൃംഗി ഇവ പൊടിച്ചു അതുകൊണ്ടു വിധിപ്രകാരം നസ്യം ചെയ്താൽ കഠിനമായ അപസ്മാരത്തിനുകൂടി ശമനം വരുന്നതാണ്.

ബ്രാഹ്മീരസേ ധൃതവചാമയശംഖപുഷ്പീ-
ധാത്രീസമുദ്ഭവരസേ മധുകാന്വിതം ച
സിദ്ധാർത്ഥഹിംഗുസഹിതേ വൃഷഭസ്യ മൂത്രേ
പാനാദിനാ ഹരതി സർപ്പിരപസ്മൃതിം തൽ. ൫൫

അ—യാതൊന്നു ധൃതവചാമയശംഖപുഷ്പീധാത്രീസമുദ്ഭവരസമായ ബ്രാഹ്മീരസത്തിൽ മധുകാന്വിതമായി വേവിക്കുന്നുവോ ആ സർപ്പിസ്സും യാതൊന്ന് സിദ്ധാർത്ഥഹിംഗുസഹിതമായ വൃഷഭമൂത്രത്തിൽ പക്വമായി വേവിക്കുന്നു. ആ സർപ്പിസ്സും പാനാദികൊണ്ട് അപസ്മൃതിയെ ഹരിക്കുന്നു.

സാ—ശംഖുപുഷ്പം നെല്ലിക്കാ ബ്രഹ്മി ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ വയമ്പു കൊട്ടം ഇരട്ടിമധുരം ഇവ കല്ക്കംചെയ്ത് കാച്ചിയ നെയ്യ് സേവിക്കുകയും നസ്യം ചെയ്യു

കയും ചെയ്താൽ അപസ്മാരരോഗം ശമിക്കും. കൂടാതെ ഗോമൂത്രവും ആട്ടിൻമൂത്രവും കൂട്ടിച്ചേർത്ത് അതിൽ കടുകും കായവും കൽക്കം ചേർത്ത് കാച്ചിയ നെയ്യും അപസ്മാരശമനത്തിനായി സേവിക്കുന്നതിനും നസ്യം ചെയ്യുന്നതിനും നല്ലതാണ്.

ത്രിവൃദ്വിളംഗത്രിഫലാഗ്നിഹിംഗു-
വ്യാഘാതസിന്ധൂത്ഥകണാഭിരാവൽ
ബ്രാഹ്മീരസേ സർപ്പിരിദം പ്രശസ്തം
പുംസാമപസ്മാരനിവാരണായ. ൭൩

അ—ത്രിവൃദ്വിളംഗത്രിഫലാഗ്നിഹിംഗുവ്യാഘാതസിന്ധൂത്ഥകണങ്ങളെക്കൊണ്ട് വേണ്ടുംവണ്ണം ബ്രാഹ്മീരസത്തിൽ പാകമായ ഈ സർപ്പിസ്സ് പുരുഷന്മാർക്ക് അപസ്മാരനിവാരണത്തിനായി പ്രശസ്തമായി ഭവിക്കുന്നു.

സാ—ബ്രഹ്മീനീരിൽ ത്രികോൽപക്കൊന്ന, വിഴാലരി, ത്രിഫല, കൊടുവേലിക്കിഴങ്ങ്, കായം, കൊന്നത്തൊലി, ഇന്തുപ്പ്, തിപ്പലി ഇവ കൽക്കമായി ചേർത്തു കാച്ചിയ നെയ്യ് സേവിക്കയും നസ്യം ചെയ്കയും ചെയ്താൽ അപസ്മാരം ശമിക്കും.

മഞ്ജിഷ്ഠാഗ്നിവിളംഗകുഷ്ഠരജനീമുസ്താത്രിവൃദ്ദാരുഭി-
ർഭാർഗ്ഗീതിക്തകണാഭയാഖ്യസഹിതൈരേലാവചാശുണ്ഠിഭിഃ
പാഠാമാഗധികായുതം ഘൃതമിദം ഗവ്യം പയഃസിദ്ധം നൃണാം
തീവ്രാപസ്മൃതിദോഷവിസ്മൃതിഹരം കുഷ്ഠാപഹം കാന്തിദം—ഇതി.

അ—മഞ്ജിഷ്ഠാഗ്നിവിളംഗകുഷ്ഠരജനീമുസ്താത്രിവൃദ്ദാരുഭാർഗ്ഗീതിക്തകണാഭയാഖ്യസഹിതങ്ങളായ ഏലാവചാശുണ്ഠികളെക്കൊണ്ട് ഗവ്യങ്ങളിൽ പാഠാമാഗധീസംയുതമായിട്ട് സിദ്ധമായ ഈ സർപ്പിസ്സ് നരന്മാർക്ക് തീവ്രാപസ്മൃതിദോഷവിസ്മൃതിഹരമായും കുഷ്ഠാപഹമായും കാന്തിദമായും ഭവിക്കുന്നു.

സാ—പാല് തൈര് ഗോമൂത്രം ചാണകനീര് ഇവ കലർത്തി നെയ്യ് ചേർത്ത് അതിൽ മഞ്ചട്ടി കൊടുവേലിക്കിഴങ്ങ് വിഴാലരി കൊട്ടം വരട്ടുമഞ്ഞൾ മുത്തങ്ങാ ത്രികോൽപ്പക്കൊന്ന ദേവതാരം മരമഞ്ഞൾത്തൊലി പുത്തരിച്ചുണ്ട ചെറുപുഷ്പത്തിൻവേര് ഏലത്തരി വയമ്പ് ചുക്ക് കടുക്കാത്തോട് പാടത്താളിക്കിഴങ്ങ് തിപ്പലി ഇവ കൽക്കമായി കാച്ചിയ നെയ്യ് സേവിച്ചാൽ കഠിനമായ അപസ്മാരംകൂടി ശമിക്കും. ഓർമ്മക്കുറവ് കുഷ്ഠം മുതലായവ ശമിക്കയും ശരീരത്തിനു കാന്തിയുണ്ടാകയും ചെയ്യും. ഇങ്ങിനെ ശാസ്ത്രാന്തരസിദ്ധങ്ങളായ ചികിത്സാക്രമങ്ങൾ ഇവിടെ അനുസരിക്കുന്നില്ല.

പാപഗ്രഹേക്ഷിതം ലഗ്നം രന്ധ്രം ചാരിനിരീക്ഷിതം
രന്ധ്രേശോ വിബലോ യോഗ ഏഷ ഭക്തനിരോധകൃൽ. ൭൪

അ—ലഗ്നം പാപഗ്രഹേക്ഷിതമായും രന്ധ്രം അരിനിരീക്ഷിതമായും രന്ധ്രേശൻ വിബലനായും ഭവിക്കുമെങ്കിൽ ഈ യോഗം ഭക്തനിരോധകൃത്തായി ഭവിക്കുന്നു.

സാ—ലഗ്നത്തിൽ പാപഗ്രഹങ്ങളും അഷ്ടമത്തിൽ ശത്രുവും നോക്കുകയും അഷ്ടമാധിപൻ ബലഹീനനായിരിക്കുകയും ചെയ്താൽ ഭക്ഷണത്തിനു തടവുണ്ടെന്നു പറയണം. അതായത് ചോറ് തൊണ്ടയിൽനിന്നും ഇറക്കുന്നതിനു ബുദ്ധിമുട്ടുള്ളതായിട്ടും ചില ഉപദ്രവങ്ങളും ചോറിനെപ്പറ്റി കഠിനമായ വെറുപ്പോ മറ്റോ ഉണ്ടാകുമെന്നു സാരം.

ലഗ്നേ പാപേക്ഷിതേ ലഗ്നനാഥേ നീചാരിരാശിഗേ
ശുക്രയുക്തേക്ഷിതം രന്ധ്രമേഷ യോഗഃ പ്രമേഹകൃൽ. ൭൫

അ—ലഗ്നം പാപേക്ഷിതമായും ലഗ്നനാഥൻ നീചാരിരാശിഗനായും ഇരിക്കുമ്പോൾ രന്ധ്രം ശുക്രയുക്തേക്ഷിതമായി ഭവിക്കുന്നു എങ്കിൽ ഈ യോഗം പ്രമേഹകൃത്തായി ഭവിക്കുന്നു.

സാ—ലഗ്നത്തിൽ പാപപുഷ്ടി വരികയും ലഗ്നേശൻ നീചത്തിലോ ശത്രുക്ഷേത്രത്തിലോ നില്ക്കയും അഷ്ടമത്തിൽ ശുക്രന്റെ ദൃഷ്ടിയോ യോഗമോ വരികയും ചെയ്താൽ പ്രമേഹരോഗമുണ്ടെന്നു പറയണം.

സിംഹകക്ഷ്യക്ഷിരോഗാദ്യാ വൈപ്യായയോ യത്ര കീർത്തിതാഃ
ആതുരാഖ്യവിഷയേ പൂർവ്വം ചിന്തയേദിഹ താനപി. ൫൦

അ—സിംഹകക്ഷ്യക്ഷിരോഗാദ്യങ്ങളെക്കൊണ്ടു മുൻപു ആതുരാഖ്യവിഷയത്തിൽ യാവചില വ്യാധികൾ കീർത്തിതങ്ങളായി. അവയുകളേയും ഇവിടെ ചിന്തിക്കണം.

സാ—മുൻപു ആതുരാഖ്യഫലം പറഞ്ഞ ഘട്ടത്തിൽ (സിംഹകക്ഷ്യക്ഷിരോഗാദ്യാ യി) എന്നാദിയായി രോഗങ്ങളെ പറഞ്ഞിട്ടുണ്ട്. ഇവിടെ ആ വചനമനുസരിച്ചുകൂടി രോഗനിരൂപണം ചെയ്യുകയുമാവണം.

മൂർത്തിഭേദാ ഗ്രഹാണാം യേ ദോഃ പ്രശ്നാനുഷ്ഠാനപദ്ധതൌ
പ്രോക്താ ദുസ്സ്ഥവിഹംഗാനാം ചിന്ത്യന്തേത്ര ച തേ തഥാ.

അ—ദുഃസ്ഥവിഹംഗങ്ങളുടെ മൂർത്തിഭേദങ്ങളും ഗ്രഹകളുടെ ഭേദങ്ങളും പ്രശ്നാനുഷ്ഠാനപദ്ധതിയിൽ പ്രോക്തങ്ങളായി ഭവിക്കുന്നു. അവയുകളും ഇവിടെ അപ്രകാരം ചിന്തനം ചെയ്യപ്പെടുന്നു.

സാ—പ്രശ്നത്തിൽ ദുഃസ്ഥന്മാരായ (അനിഷ്ടസ്ഥാനന്മാരായ) സൂര്യാദിഗ്രഹങ്ങളെക്കൊണ്ടു ദേവതാഭേദങ്ങളും രോഗഭേദങ്ങളും പ്രശ്നാനുഷ്ഠാനപദ്ധതിയിൽ പറഞ്ഞിട്ടുണ്ട്. ആ പദ്യങ്ങളെത്തന്നെ ഇവിടെ എഴുതാമല്ലോ.

പിത്തോഷ്ണജ്വരതാപദേഹപതനാപസ്മാരഹൃൽക്രോഡജ-
വ്യാധീൻ വക്തി രവിർദ്ദുരാത്ത്യരിഭയം ത്വഗ്ദോഷമസ്ഥിസ്രുതിം
വൃക്ഷാഗ്ന്യസ്ത്രവിഷാർത്തിദാരതനയവ്യാപച്ചതുഷ്പാദ്ഭയം
ചോരക്ഷ്മാപതിയാമ്യദൈവഹരഭൂതേശോത്ഥഭൂതാദ്ഭയം. ൫൧

അ—രവി പിത്തോഷ്ണജ്വരതാപദേഹപതനാപസ്മാരഹൃൽക്രോഡജവ്യാധികളേയും ദുരാത്ത്യരിഭയത്തേയും ത്വഗ്ദോഷത്തേയും അസ്ഥിസ്രുതിയേയും വൃക്ഷാഗ്ന്യസ്ത്രവിഷാർത്തിദാരതനയവ്യാപച്ചതുഷ്പാദ്ഭയത്തേയും ചോരക്ഷ്മാപതിയാമ്യദൈവഹരഭൂതേശോത്ഥഭൂതങ്ങളിൽനിന്നു ഭയത്തേയും പറയുന്നു.

സാ—ആദിത്യൻ അനിഷ്ടഫലദാതാവായാൽ പിത്തരോഗം ഉഷ്ണജ്വരം നീറൽ വീഴ്ച, അപസ്മാരം ഹൃദയരോഗം ഉദരവ്യാധി നേത്രരോഗം ശത്രുഭയം ത്വഗ്ദോഷം അസ്ഥിസ്രാവം വൃക്ഷാദികളിൽനിന്നും അഗ്നിനിമിത്തവും അസ്ത്രങ്ങൾകൊണ്ടും ഉപദ്രവം വിഷഭയം ഭാര്യാദുഃഖം പുത്രദുഃഖം നാല്ക്കാലിവർഗ്ഗങ്ങളിൽനിന്നു ഭയം കള്ളന്മാരിൽനിന്നും രാജാവിൽനിന്നും ഉപദ്രവം ധർമ്മദൈവങ്ങളുടേയും സർപ്പദൈവങ്ങളുടേയും ശിവഭൂതങ്ങളുടേയും അനിഷ്ടം ഇവയെല്ലാം ഉണ്ടാകുമെന്നു പറയണം.

അനിഷ്ടനായ ഗ്രഹത്തിന്റെ ബലഹാനി ഭാവസംബന്ധം ബാധകാദിസംബന്ധം യോഗപ്രാധാന്യം മുതലായവയെ നല്ലപോലെ വിചാരിച്ചുവേണം മേൽപ്പറഞ്ഞ ഫലങ്ങളെ പറയേണ്ടതു്. അല്ലാതെ അനിഷ്ടസ്ഥാനായ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ദോഷങ്ങളെല്ലാം സാമാന്യേന പറഞ്ഞുകൂടാ.

നിദ്രാലസ്യകഫാതിസാരപിടകാഃ ശീതജ്വരം ചന്ദ്രമാഃ
ശൃംഗ്യബ്ജാഹതിമഗ്നിമാന്ദ്യകൃശതാസ്ത്രീവ്യാധികാമിലാഃ
ചേതശ്ശ്രാന്തിമസൃഗ്ജലോത്ഥമുരകാദ്ഭീതിം ച ബാലഗ്രഹാൻ
ദുർഗ്ഗാകിന്നരധർമ്മദൈവഫണഭൃദ്യക്ഷാച്ച പീഡാം വദേൽ. ൫൨

അ—ചന്ദ്രമസ്സ് നിദ്രാലസ്യകഫാതിസാരപിടകകളേയും ശീതജ്വരത്തേയും ശൃംഗ്യബ്ജാഹതികളേയും അഗ്നിമാന്ദ്യകൃശതാസ്ത്രീവ്യാധികാമിലകളേയും ചേത

ശ്രാന്തിയേയും അസ്വസ്ഥതകളേയും ഉദകത്തിൽനിന്ന് ഭീതിയേയും ബാലഗ്രഹങ്ങളിൽനിന്നും ദുർഗ്ഗാകിന്നരയക്ഷദേവഫണിഭൃത്തുക്കളിൽനിന്നും പീഡയേയും വരുത്തുന്നു.

സാ—ചന്ദ്രൻ അനിഷ്ടഫലദാതാവായാൽ ശയനസമയങ്ങളിൽ ഉറക്കവും ഉത്സാഹക്കുറവും കഫദോഷത്താൽ അതിസാരം മുതലായ രോഗങ്ങൾ ശീതജ്വരം ഇവയും കൊമ്പുള്ള ജന്തുക്കളിൽനിന്നും ജലജീവികളിൽനിന്നും ഉപദ്രവവും ദേഹാലസ്യവും മെലിച്ചിലും മദ്യനിമിത്തം ആപാണ്ഡും കാമില എന്ന രോഗവും മനസ്സിന്ന തളർച്ചയും സ്ത്രീദുഃഖം നിമിത്തം ഉണ്ടാകാവുന്ന ചില രോഗങ്ങളും വെള്ളത്തിൽവച്ച് ഭയവും ബാലഗ്രഹങ്ങളേയും ദുർഗ്ഗാഭഗവതി കിന്നരൻ യക്ഷീദേവം സർപ്പദൈവം യക്ഷൻ ഇവരുടെ ഉപദ്രവവും ഉണ്ടാകും. ഇവിടെയും അവരവർക്കുള്ള കർത്തൃത്വം നോക്കി രോഗങ്ങളേയും ബാധകളേയും കല്പിക്കണം.

ഉഷ്ണാസൃക്കോപപിത്തജ്വരമനലവിഷസ്രോതസ്സികൃച്ഛ്രാക്ഷിരോഗാൻ
ഗുന്മാപസ്മാരമജ്ജാവിഹതിപരുഷതാപാമികാദേഹഭംഗാൻ
ഭൂപാഗ്നിസ്തേനപീഡാം സഹജസുതസുഹൃദ്വൈരയുദ്ധം വിധത്തേ
രക്ഷോഗന്ധർവ്വഘോരഗ്രഹഭയമവനീസൂനുരൂർദ്ധ്വാംഗരോഗം.

അ—അവനീസൂനു ഉഷ്ണാസൃക്കോപപിത്തജ്വരത്തേയും അനലവിഷസ്രോതസ്സികൃച്ഛ്രാക്ഷിരോഗങ്ങളേയും ഗുന്മാപസ്മാരമജ്ജാവിഹതിപരുഷതാപാമികാദേഹഭംഗങ്ങളേയും ഭൂപാഗ്നിസ്തേനപീഡയേയും സഹജസുതസുഹൃദ്വൈരയുദ്ധത്തേയും രക്ഷോഗന്ധർവ്വഘോരഗ്രഹഭയത്തേയും ഊർദ്ധ്വാംഗരോഗത്തേയും വിധാനം ചെയ്യുന്നു.

സാ—പ്രശ്നവശാൽ ചൊവ്വ അനിഷ്ടഫലദാതാവായാൽ ഉഷ്ണരോഗം രക്തദുഷ്ടും പിത്തകോപാധിക്യത്താൽ ഉള്ള ജ്വരം അഗ്നിഭയം വിഷഭയം മൂത്രകൃച്ഛ്രം കണ്ണുരോഗം നയനരോഗം ഗുന്മവ്യാധി അപസ്മാരം മജ്ജ എന്ന ധാതുവിന്റെ നാശം ശരീരത്തിന്ന സ്നിഗ്ദ്ധത ഇല്ലാതാകുക ചൊറി ശരീരം ഉടയുക മുതലായവകളാൽ ദുർബലപ്പെടുക രാജകോപം ശത്രുപീഡ കള്ളന്മാരിൽനിന്നുള്ള ഉപദ്രവം സഹോദരന്മാർ പുത്രന്മാർ ബന്ധുക്കൾ ഇവരോടു വിരോധവും കലഹവും രാക്ഷസ്സ് ഗന്ധർവ്വൻ മുതലായ ഘോരബാധകളുടെ ഉപദ്രവം വിശേഷിച്ച് ശിരോരോഗം ഇവകളും ഉണ്ടാകും.

ഭ്രാന്തിം ദുർവ്വചനം ദൃഗാമയഗളഘ്രാണോത്ഥരോഗാൻ ജ്വരം
പിത്തശ്ലേഷ്മസമീരജം വിഷമപി ത്വഗ്ദോഷപാണ്ഡ്വാമയാൻ
ദുസ്വപ്നഞ്ച വിചർച്ചികാഗ്നിപതനം പാരുഷ്യബന്ധശ്രമാൻ
ഗന്ധർവ്വക്ഷിതിഹർമ്മ്യവാസമനുജൈർജ്ഞോ വക്തി പീഡാം ഖഗൈഃ.

അ—ജ്ഞൻ ഭ്രാന്തിയേയും ദുർവ്വചനത്തേയും ദൃഗാമയഗളഘ്രാണോത്ഥരോഗങ്ങളേയും പിത്തശ്ലേഷ്മസമീരജമായ ജ്വരത്തേയും വിഷത്തേയും ത്വഗ്ദോഷപാണ്ഡ്വാമയങ്ങളേയും ദുസ്വപ്നത്തേയും വിചർച്ചികാഗ്നിപതനത്തേയും പാരുഷ്യബന്ധശ്രമങ്ങളേയും ഗന്ധർവ്വക്ഷിതിഹർമ്മ്യവാസമനുജന്മാരെക്കൊണ്ടും ഖഗങ്ങളെക്കൊണ്ടും ഉള്ള പീഡയേയും വരുത്തുന്നു.

സാ—ബുധൻ അനിഷ്ടഫലദാതാവായാൽ ചിത്തഭ്രാന്തി അസഭ്യവാക്ക് പറയുക നയനരോഗം കഴുത്ത് മൂക്ക് ഇവയ്ക്ക് രോഗം ത്രിദോഷകോപം നിമിത്തം ജ്വരരോഗം വിഷഭയം ത്വഗ്ദോഷം പാണ്ഡുരോഗം ദുസ്വപ്നം കരപ്പൻ ചൊറി ഉണ്ടാകുക തീ വീഴുക പരുഷവാക്ക് പറയുക ബന്ധനത്തിലിരിക്കുക അത്യദ്ധ്വാനം ചെയ്യുക ഇവയും ഗന്ധർവ്വൻ ഭൂലോകത്തുള്ള മാളികകളിൽ നിവസിക്കുന്ന കിന്നരന്മാർ ഇവരുടെ ഉപദ്രവവും പക്ഷിബാധാപീഡയോ അല്ലെങ്കിൽ കഴുകൻ മുതലായ പക്ഷികളിൽനിന്നു ഉപദ്രവവുമുണ്ടാകും.

ഗുന്മാന്ത്രജ്വരശോകമോഹകഫജശ്രോത്രാർത്തിമേഹാമയാൻ
ദേവസ്ഥാനനിധിപ്രപീഡനമഹീദേവശാപോത്ഭവം
രോഗം കിന്നരയക്ഷദേവഫണഭൃദ്വിദ്യാധരാദ്യുത്ഥം ച
ജീവസ്സൂചയതി സ്വയം ബുധഗുരു ഉഷ്ണാപചാരോദ്ഭവം.

അ—ജീവൻ ഗുന്മാന്ത്രജ്വരശോകമോഹകഫജശ്രോത്രാർത്തിമേഹാദിയായവകളേയും ദേവസ്ഥാനനിധിപ്രപീഡനമഹീദേവശാപോത്ഥമായ രോഗത്തെയും കിന്നരയക്ഷ ദേവന്മാരുടെ വിദ്യാധരോത്ഥമായ രോഗത്തെയും ഗുരുജനങ്ങൾ തങ്ങളുടെ കൃത്യാപചാ രത്തിലുളവായ രോഗത്തെയും സൂചിപ്പിക്കുന്നു.

സാ—വ്യാഴം അനിഷ്ടഫലദാതാവായിവന്നാൽ ഗുന്മരോഗം അന്ത്രരോഗം ജ്വരം ശോകാദികൾ കഫകോപം ഹേതുവായി ചെവിക്കു രോഗവും പ്രമേഹവ്യാധിയും ദേവസന്നിധിയിൽനിന്ന് നിധിയാപഹരണംനിമിത്തവും ബ്രാഹ്മണശാപംകൊണ്ടും കിന്നരൻ യക്ഷൻ സർപ്പം വിദ്യാധരന്മാർ ഇവരുടെ കോപംകൊണ്ടും രോഗാദികളുണ്ടാകും. ഗുരുജനം വ്യാഴവും അനിഷ്ടദാതാക്കളായാൽ സാമാന്യേന വിഷ്ണുകോപംതന്നെ രോഗകാരണമെന്ന് അറിയണം.

പാണ്ഡുശ്ലേഷ്മശരൽപ്രകോപനയനവ്യാപത്തിതന്ദ്രീശ്രമാൻ
ഗുഹ്യാസ്യാമയമൂത്രകൃച്ഛ്രമദനവ്യാപത്തിശുക്ലസ്രുതീഃ
വാരസ്ത്രീകൃതദേഹകാന്തിവിഹതിം ശോഷാമയം യോഗിനീ-
യക്ഷീമാതൃഗണാദ്ഭയം പ്രിയസുഹൃദ്ഭംഗം സിതഃ സൂചയേൽ. ൩൭

അ—സിതൻ പാണ്ഡുശ്ലേഷ്മശരൽപ്രകോപനയനവ്യാപത്തിതന്ദ്രീശ്രമങ്ങളേയും ഗുഹ്യാസ്യാമയമൂത്രകൃച്ഛ്രമദനവ്യാപത്തിശുക്ലസ്രുതികളേയും വാരസ്ത്രീകൃതദേഹകാന്തിവിഹതിയേയും ശോഷാമയത്തെയും യോഗിനീയക്ഷീമാതൃഗണത്തിൽനിന്ന് ഭയത്തെയും പ്രിയസുഹൃദ്ഭംഗത്തെയും സൂചിപ്പിക്കുന്നു.

സാ—ശുക്രൻ അനിഷ്ടഫലദാതാവായിനിന്നാൽ പിത്തരോഗവും കഫവാതകോപംനിമിത്തം ഉണ്ടാകുന്ന ചില രോഗങ്ങളും നയനരോഗം ഉത്സാഹക്കുറവ് അത്യദ്ധ്വാനംനിമിത്തം തളർച്ച, ഗുഹ്യരോഗം, മുഖരോഗം, മൂത്രകൃച്ഛ്രം, മദനവികാരംനിമിത്തമുള്ള ആപത്തുകൾ ശുക്ലസ്രാവം, വസ്ത്രനാശം, ദാമ്പത്യനാശം, കൃശത്വം ശരീരകാന്തിയില്ലാതെ വരുക ശരീരം നീർക്കെട്ടുകൊണ്ട് വീക്കുക ഇവയും, യോഗിനി, യക്ഷി, മാതൃക്കൾ ഇവരുടെ കോപവും ബന്ധുജനങ്ങൾക്ക് നാശവും ഉണ്ടാകും.

വാതശ്ലേഷ്മവികാരപാദവിഹതീരാപത്തിതന്ദ്രീശ്രമാൻ
ഭ്രാന്തിം കുക്ഷിരുഗന്തരുഷ്ണഭൃതകധ്വംസഞ്ച പാർശ്വാഹതിം
ഭാര്യാപുത്രവിപത്തിമംഗവിഹതിം ഹൃത്താപമർക്കാത്മജോ
വൃക്ഷാശ്മക്ഷതിമാഹ കശ്മലഗണൈഃ പീഡാം പിശാചാദിഭിഃ.

അ—അർക്കാത്മജൻ വാതശ്ലേഷ്മവികാരപാദവിഹതികളേയും ആപത്തിതന്ദ്രീശ്രമങ്ങളേയും ഭ്രാന്തിയേയും കുക്ഷിരുഗന്തരുഷ്ണഭൃതകധ്വംസത്തെയും പാർശ്വാഹതിയേയും ഭാര്യാപുത്രവിപത്തിയേയും അംഗവിഹതിയേയും ഹൃത്താപത്തെയും വൃക്ഷാശ്മക്ഷതിയേയും പിശാചാദികളായ കശ്മലഗണങ്ങളെക്കൊണ്ടുള്ള പീഡയേയും സൂചിപ്പിക്കുന്നു.

സാ—ശനി അനിഷ്ടഫലദാതാവായിനിന്നാൽ വാതകഫകോപംകൊണ്ടുണ്ടാകുന്ന രോഗങ്ങളും പാദരോഗവും പലവിധാപത്തുകളും ഉത്സാഹക്കുറവും തളർച്ചയും ചിത്തഭ്രമവും വയററിൽ സുഖക്കേടും ഭൃത്യന്മാർ നശിച്ചുപോകുക ഭാര്യാപുത്രന്മാർ ഇവർക്ക് ആപത്തും അംഗവൈകല്യവും വൃക്ഷാദികളിൽനിന്നോ കല്ലുകളെക്കൊണ്ടോ ശരീരക്ഷതിയും പിശാചാദികളായ ബാധകളുടെ ഉപദ്രവവും ഉണ്ടാകും.

സ്വർഭാനുസ്തു ഹൃത്താപകുഷ്ഠവിഷമവ്യാധീൻ വിഷം കൃത്രിമം
പാദാർത്തിഞ്ച പിശാചപന്നഗഭയം ഭാര്യാതനൂജാപദം
ബ്രഹ്മക്ഷത്രവിരോധശത്രുജഭയം കേതുസ്തു സംസൂചയേൽ
പ്രേതോത്ഥം ച ഭയം വിഷഞ്ച ഗുളികഃ സർപ്പാർത്തിമാദേഹകം.

അ—സ്വർഭാനു ഹൃത്താപകുഷ്ഠവിഷമവ്യാധികളേയും കൃത്രിമമായ വിഷത്തെയും പാദാർത്തിയേയും പിശാചപന്നഗങ്ങളെക്കൊണ്ടുള്ള ഭയത്തെയും ഭാര്യാതനൂജാപത്തിനെയും സൂചിപ്പിക്കുന്നു

ഭയശോകത്തെയും സംസൂചിപ്പിക്കും. കേതു അതുകൂടെ ദുസ്സ്വപ്നത്തിനെയും ശത്രുക്കളെ കൂടി സംസൂചിപ്പിക്കും. ഗുളികൻ വിഷത്തെയും സർപ്പദൃഷ്ടിയെയും അതുകൊണ്ടുള്ള ഭയത്തെയും കൂടി സംസൂചിപ്പിക്കും.

സാ—രാഹു അനിഷ്ടഫലദാതാവായി നിന്നാൽ ശരീരത്തിന് ചൂട്‌ കൂടും പല സ്വപ്നവികാരങ്ങളുമായ പലമാതിരി വ്യാധികൾ ശൈത്യാദികളെക്കൊണ്ടുണ്ടാകുന്ന മന്ത്രികൾക്കുണ്ടാകും ഉണ്ടാക്കപ്പെട്ട വിഷം പാമ്പുകടി ഭൂതോപദ്രവം സർപ്പദൃഷ്ടി ദുസ്സ്വപ്നം ഭയം ശത്രുക്കളോടും ക്ഷത്രിയരോടും വൈരം ശത്രുകൾ നിമിത്തമുള്ള ദുരിതം ഇവകളെല്ലാം ഉണ്ടാകും. കേതു അനിഷ്ടഫലദാതാവായി നിന്നാൽ മേല്പറഞ്ഞ ഫലങ്ങൾക്കു പുറമേ പ്രേതബാധകൾ നിമിത്തം ഉണ്ടാകുന്ന രോഗങ്ങളും ഗുളികൻ അനിഷ്ടഫലദാതാവായി നിന്നാൽ മേല്പറഞ്ഞ ദുഷ്ടഗ്രഹങ്ങളുടെ ഫലങ്ങൾക്കു പുറമേ സർപ്പദൈവകോപവും ആശൌചവും വിഷഭയവും ഉണ്ടാകും. ഗുളികനെക്കൊണ്ടു പറഞ്ഞിട്ടുള്ള വിഷം ചെമ്പുട്ടി മുതലായ ദ്രവ്യങ്ങളിൽനിന്നുള്ളവയാണ്.

ഛായാം പക്ഷിപിശാചജാം മദഗതോ മന്ദോഥ സർപ്പക്ഷിതോ
വീക്ഷാദ്ധ്യാനഭയം വിഷഞ്ച ഗുളികോ ദേഹാഷ്ടമസ്ഥാനഗഃ
പാപാഃ ഷഷ്ഠഗതാസ്സ്വഗേഹമതുലം രന്ധ്രസ്ഥഗാ ജ്വരം
ലഗ്നസ്ഥോപഗതോപ്യജീർണ്ണജരുജം ചന്ദ്രോഽക്ഷിപീഡാം ദ്വിപേ.

അ—മദഗനായ മന്ദൻ പക്ഷിപിശാചജയായ ഛായയെ സൂചിപ്പിക്കും. അനന്തരം സർപ്പക്ഷിതനായി ദേഹാഷ്ടമസ്ഥാനഗനായ ഗുളികൻ വീക്ഷാദ്ധ്യാനഭയത്തെയും വിഷത്തെ ചെയ്യുന്നു. അപ്രകാരം ഷഷ്ഠഗതന്മാരായ പാപന്മാർ ഉദരരുക്കിനെയും രന്ധ്രസ്ഥന്മാർ ജ്വരത്തെയും ലഗ്നസ്ഥോപഗനായ ആരൻ അജീർണ്ണതക്കിനെയും ദ്വിപുവിൽ സ്ഥിതനായ ചന്ദ്രൻ അക്ഷിപീഡയെയും ചെയ്യുന്നു.

സാ—പത്താമെടത്തു ശനിനിന്നാൽ പക്ഷിബാധയുടെ ഉപദ്രവത്തെ പറയണം അഥവാ പക്ഷിബാധയെയും പിശാചബാധയെയും പറയാം. ഗുളികൻ ലഗ്നത്തിലോ അഷ്ടമത്തിലോ വരികയും രാഹു നോക്കുകയും ചെയ്താൽ വിഷബാധകൊണ്ടും കാഴ്ചനാശം മണക്കുന്നതിനും ഇടയായി എന്നും അതുകൊണ്ട് വികാരവൈശിഷ്ട്യമായി എന്നും പറയണം. ആറിൽ പാപന്മാർ നിന്നാൽ വയററിൽ ദീനത്തെ പറയണം. എട്ടിൽ ചൊവ്വാ നിന്നാൽ ജ്വരത്തെ പറയണം. ലഗ്നത്തിലും ഏഴിലും ചൊവ്വാനിന്നാൽ അജീർണ്ണരോഗത്തെയും ആറിൽ ചന്ദ്രൻ നിന്നാൽ ആശിവാരം മുതലായ നേത്രപീഡയെയും പറയണം.

ഗ്രഹാശ്രിതഭാവാന്യഗ്രഹയോഗേക്ഷണാദികം
ദൌസ്ഥ്യാധിക്യം ച സഞ്ചിന്ത്യ സർവ്വം വാച്യം യഥോചിതം. ൧൭

അ—ഗ്രഹാശ്രിതഭാവാന്യഗ്രഹയോഗേക്ഷണാദികളെയും ദൌസ്ഥ്യാധിക്യത്തെയും യഥോചിതമാകുംവണ്ണം സർവ്വം സഞ്ചിന്തിച്ചിട്ട് വാച്യമാകുന്നു.

സാ—അനിഷ്ടപ്രദനായ ഗ്രഹം ഏതൊരു രാശിയിൽ ഏതൊരു ഭാവത്തിൽ ഏതൊരു ഗ്രഹത്തോടുകൂടിയോ ദൃഷ്ടിയോടുകൂടിയോ നില്ക്കുന്നു എന്നറിഞ്ഞ് ആ ഗ്രഹത്തിന്റെ അനിഷ്ടതകളെ നല്ലപോലെ ചിന്തിച്ച് അതാതുകൾ പറഞ്ഞിട്ടുള്ള ഫലങ്ങളിൽ വെച്ച് അവിടെ ഉചിതങ്ങളായ ഫലങ്ങളെ പറഞ്ഞുകൊള്ളണം.

ലഗ്നേതീയേഷു ഹിബു പാപാഃ സ്ഥിതാ ഭവന്തി യദി
രോഗവതൈവ പ്രഷ്ടാഭാവ്യം തൽപ്രോക്തദോഷതോ നിയതം.

അ—ലഗ്നേതീയങ്ങളെ ഒഴിച്ചു പരങ്ങളിൽ പാപന്മാർ സ്ഥിതന്മാരായി ഭവിക്കുന്നു എങ്കിൽ പ്രഷ്ടാവിനാൽ തൽപ്രോക്തദോഷം ഹേതുവായി രോഗവാനായിട്ടുതന്നെ നിയതമാകുംവണ്ണം ഭവിക്കുന്നു.

സാ—൧-ാംഭാവവും ൧൨-ാംഭാവവുമൊഴിച്ചു മറെറല്ലാ ഭാവങ്ങളിൽ പാപന്മാർ എല്ലായേടത്തും കൂടി നിന്നാൽ പ്രഷ്ടാവ് മഹാരോഗിയായി കിടക്കയാണെന്നു പറയണം

ണ്ടു്. യോഗമുണ്ടായാൽ യാതൊരു സംശയവും കൂടാതെ പൃഷ്ടാവിന്റെ രോഗവി മുക്തി പറയാവുന്നതാണ്.

കാരികന്ദ്രാദിസ്ഥാനാം പൃഷ്ടുരംഗാനി ചിന്തയേൽ
പാപദൃഷ്ട്യുതേ ഗാത്രേ വ്രണരോഗാദികം വദേൽ. ൧൨

അ—ചാരി എന്നും കന്യക എന്നും ഉള്ള ഇവകൾകൊണ്ടു പൃഷ്ടാവിന്റെ അംഗങ്ങളെ ചിന്തിക്കണം. പാപദൃഷ്ടിയുതമായ ഗാത്രത്തിൽ വ്രണരോഗാദികളെ വദിക്കണം.

സ—ഹോരയിൽ 'കാലവിഭാഗവിഭക്തശരീരം' എന്നും 'കന്ദൃക്ശ്രോത്രനസാകപോലഹനവോ വക്ത്രം ച ഹോരാദയഃ' എന്നും തുടങ്ങിയ വചനപ്രകാരം ലഗ്നാദിയായ മൂന്നു ദ്രേക്കാണങ്ങളെക്കൊണ്ടു് ശരീര അംഗങ്ങളെ കല്പിക്കണം. അതിൽപ്പിന്നെ പാപഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഉള്ള അംശങ്ങളെക്കൊണ്ടു കല്പിക്കപ്പെട്ട അവയവങ്ങളിൽ വ്രണമോ രോഗമോ മററു് ഉപദ്രവങ്ങളോ ഉണ്ടെന്നു പറയണം.

ചരാദ്ധ്യുഭയക്ശീർഷോദയാദീനാം വിലഗ്നതഃ
കകണ്ഠവസ്തിപൂർവ്വാംഗഗ്രഹണം ന ദൃഗാണതഃ. ൧൩

അ—ചരാദ്യുഭയക്ശീർഷോദയാദികളുടെ ലഗ്നത്വം ഹേതുവായി കകണ്ഠവസ്തിപൂർവ്വാംഗഗ്രഹണം കാര്യമാകുന്നു. ദ്രേക്കാണം ഹേതുവായിട്ടല്ല.

സ—ലഗ്നത്തിന്റെ ആദ്യദ്രേക്കാണംകൊണ്ടു് 'കന്ദൃക്ശ്രോത്രനസാകപോലഹനവോ വക്ത്രം ച ഹോരാദയഃ' എന്നും ദ്വിതീയദ്രേക്കാണംകൊണ്ടു്, 'തേ കണ്ഠാംസകബാഹുപാർശ്വഹൃദയക്രോഡാനി നാഭിസ്തതഃ' എന്നും തൃതീയദ്രേക്കാണംകൊണ്ടു് 'വസ്തിഃ ശിശ്നഗുദേ തതശ്ച വൃഷണാവൂരൂ തതോ ജാനുനീ' എന്നും ആണു് ഹോരാശാസ്ത്രത്തിൽ അവയവവിഭാഗം ചെയ്തിരിക്കുന്നതു്. ഇവിടെ അങ്ങനെയല്ല ചെയ്യേണ്ടതു്. ചരരാശി ഊർദ്ധ്വമുഖരാശി ശീർഷോദയരാശി ഇവയിൽ ഏതെങ്കിലും ലഗ്നമായാൽ, "കന്ദൃക്ശ്രോത്രനസാകപോലഹനവോ വക്ത്രം ച ഹോരാദയഃ" എന്ന വചനംകൊണ്ടും സ്ഥിരരാശി തിര്യങ്മുഖരാശി ഉഭയരാശി ഇവയിൽ ഏതെങ്കിലും ഒന്നു ലഗ്നമായാൽ "തേ കണ്ഠാംസകബാഹുപാർശ്വഹൃദയക്രോഡാനി നാഭിസ്തതഃ" എന്ന വചനംകൊണ്ടും അധോമുഖരാശി പൃഷ്ഠോദയരാശി ഉഭയരാശി ഇവയിൽ ഏതെങ്കിലും ലഗ്നമായാൽ "വസ്തിഃ ശിശ്നഗുദേ തതശ്ച വൃഷണാവൂരൂ തതോ ജാനുനീ" എന്നുള്ള വചനപ്രകാരവുമാണു് അംഗങ്ങളെ കല്പിക്കേണ്ടതു്.

ദാർഢ്യം ശക്ത്യാശ്രയാദിതത്സംവാദേ തു ചരാദിഭിഃ
തദഭാവേ നചൈതേ ചാംശേ ഊർദ്ധ്വാനനാദിഭിഃ. ൧൪

അ—ദാർഢ്യംശക്തിപക്ഷ ചരാദികളുടെ സംവാദം സത്തായിരിക്കുമ്പോൾ ചരാദികളെക്കൊണ്ടും തദ്വിപരീതം സംവാദം ഇല്ലാതെയും ഇരിക്കുമ്പോൾ ഊർദ്ധ്വാസ്യാദികളെക്കൊണ്ടും (കകണ്ഠവസ്തിപൂർവ്വാംഗഗ്രഹണം) കാര്യമാകുന്നു.

സ—ലഗ്നവും ലഗ്നാംശവും ചരമായോ അല്ലെങ്കിൽ രണ്ടും സ്ഥിരമായോ ഉഭയമായോ വന്നാൽ അതിനെ സംവാദം എന്നു പറയുന്നു. അങ്ങനെ വന്നാൽ മേൽ പറഞ്ഞപ്രകാരം അംഗവിഭാഗം ചെയ്യേണ്ടതു്. ലഗ്നരാശിയും അംശരാശിയും ചരസ്ഥിരാദികളെക്കൊണ്ടു ഭിന്നങ്ങളായാലും ലഗ്നാംശകം അഥവാ നിശ്ചയമില്ലാതെ വന്നാലും ലഗ്നരാശി ഊർദ്ധ്വമുഖമാണെങ്കിൽ കഴിഞ്ഞ ശ്ലോകസാരത്തിൽ കാണിച്ച ഒന്നാമത്തെ വചനംകൊണ്ടും അധോമുഖമാണെങ്കിൽ രണ്ടാമത്തെ വചനംകൊണ്ടും തിര്യങ്മുഖമാണെങ്കിൽ മൂന്നാമത്തെ വചനംകൊണ്ടുമാണു് അംഗവിഭാഗം ചെയ്യേണ്ടതു്. ഇതുകൊണ്ടു് ചരാദികൾക്കാണു് പ്രാധാന്യമെന്നു സിദ്ധിക്കുന്നു.

ലഗ്നേത്യന്തവിബലേ ദൃക്കാണാംഗഗ്രഹണം കോണ്യാദിഭിഃ
നിചാംശേസ്ത്രീഷു ലഗ്നാത്ത്യാദ്യംശേഷ്വതിദുർബ്ബലഃ. ൧൫

അ—ലഗ്നം അത്യന്തവിബലനായിരിക്കുമ്പോൾ കോണ്യാദികളെക്കൊണ്ടു് അംഗഗ്രഹണം കാര്യമാകുന്നു. നിചാംശേസ്ത്രീഷുലഗ്നാത്ത്യാദ്യംശങ്ങളിലെ അവയവങ്ങൾ അതിദുർബ്ബലമാകുന്നു.

സാ—ആദിത്യന് വളരെ ബലമുണ്ടായിരുന്നെങ്കിൽ പൎവ്വതാദികളെക്കൊണ്ടും ശുഭാശുഭാദികളെക്കൊണ്ടുമുള്ള അംഗവിഭാഗം ചെയ്യേണ്ടതാണ്. ലഗ്നം ശിരശ്ശോദയരാശിയാണെങ്കിൽ മേൽപറഞ്ഞ ആദ്യവാക്യംകൊണ്ടും പൃഷ്ഠോദയരാശിയാണെങ്കിൽ മൂന്നാമത്തെ വാക്യംകൊണ്ടും അംഗവിഭാഗം ചെയ്തുകൊള്ളണം. ഇവിടെ കന്നിരാശിയുടെ അന്ത്യദ്രേക്കാണത്തിലും തുലാംരാശിയുടെ ആദിദ്രേക്കാണത്തിലും ഏതു രാശിയിലും തുലാം നവാംശകത്തിൽ നില്ക്കുന്ന ആദിത്യൻ ദുൎബ്ബലനാണ്.

വിലഗ്നാദിഷു കാൎയ്യേഽംഗവിന്യാസോഥ വിചിന്ത്യതേ
ക്ലിപ്തീയേ തു യഥാ ഗ്രാഹ്യഃ സ യത്നാൽ പ്രശ്നകൎമ്മണി. ൧൭

അ—അനന്തരം വിലഗ്നാദികളിൽ കാൎയ്യാംഗവിന്യാസം ക്ലിപ്തീയത്തിൽ യാതൊരു പ്രകാരമോ അപ്രകാരം വിചാരം ചെയ്യപ്പെടുന്നു. അതുതന്നെ പ്രശ്നകൎമ്മത്തിൽ ഗ്രാഹ്യമാകുന്നു.

സാ—ഇനി ലഗ്നം മുതലായ പന്ത്രണ്ടു ഭാവങ്ങളെക്കൊണ്ടു ശിരസ്സു മുതലായ അംഗങ്ങളെ കല്പിക്കേണ്ട ക്രമം ക്ലിപ്തീയമെന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെ തന്നെ ഇവിടെ പറയുന്നു. പൃച്ഛകന്റെ ചിന്തയിൽ അതിനെ ആശ്രയിച്ചുതന്നെയാണ് ചെയ്യേണ്ടത്.

ഹോരാമാത്മകാംഗേ സംജ്ഞാ ദൃക്ശ്രവാഃ കാവനാഗതാതീതൈഃ
കണ്ഠാക്ഷിനാസികാപുടകപോലഹനുഃ വദനമധ്യവക്ത്രാന്താഃ. ൧൮
ഗ്രീവാംസേ ഭുജയുഗ്മപാൎശ്വേ പൃഷ്ഠേ ഹൃദയോദരകടിസ്ഥാന്ത്യാ
നാഭിവസ്തിഗുദാണ്ഡാ മുഷ്കാവൂരൂജാനുനീ ജംഘേ ച. ൧൯

അ—ഹോര മൂൎദ്ധാവയവസ്ഥാനമായി വിചാരിക്കണം. അനന്തരങ്ങളായ ഭാവങ്ങളെ ചക്ഷുസ്സിന്റെ ഭാഗങ്ങളായി വിചാരിക്കണം. അനന്തരമുള്ള ഭാവങ്ങളെ കണ്ഠാക്ഷിനാസികാപുടകപോലഹനുക്കളും വക്ത്രാന്തങ്ങളുമായി വിചാരിക്കണം. ഗ്രീവയും അംസങ്ങളും പാൎശ്വങ്ങളും പൃഷ്ഠങ്ങളും ഹൃദയോദരങ്ങളും ലഗ്നാദികളാകുന്നു. നാഭിയും വസ്തിഗുദങ്ങളും മുഷ്കങ്ങളും ഊരുപൂൎവ്വാദികളും ലഗ്നാദികളായി വിചാരിക്കണം.

സാ—അംഗവിന്യാസത്തിലുള്ള ക്ലിപ്തീയവചനംതന്നെയാണ് ഇതു കാണിച്ചത്. ആദ്യദ്രേക്കാണംകൊണ്ടു വലതുഭാഗവും ദ്വിതീയദ്രേക്കാണംകൊണ്ട് ഇടതുഭാഗവുമാണ് ചിന്തിക്കപ്പെടേണ്ടത്. ഇവിടെയും ശിരശ്ശരീരംകൊണ്ടും മദ്ധ്യശരീരംകൊണ്ടും അധശ്ശരീരംകൊണ്ടും മൂന്നായിട്ടുതന്നെയാണ് അംഗവിഭാഗം ചെയ്യുന്നത്.

ശിരശ്ശരീരത്തിന്റെ അംഗവിഭാഗം ലഗ്നത്തിൽ ചെല്ലുന്നതുകൊണ്ട് ശിരസ്സിന്റെ വലതുഭാഗവും രണ്ടാമേടം വലത്തെ ചെവിയും മൂന്നാമേടം വലത്തെ കണ്ണും നാലാമേടം വലത്തെ മൂക്കും അഞ്ചാമേടം വലത്തുവശത്തെ കവിളും ആറാമേടം വലത്തുവശത്തെ താടിയും ഏഴാം ഭാവത്തിൽ ചെന്ന ഭാഗം വായുടെ വലതുഭാഗവും ഏഴാമേടത്തിൽ ചെല്ലുന്നതു വായുടെ ഇടതുഭാഗവും എട്ടാമേടം ഇടത്തെ താടിയും ഒൻപതാമേടം കവിളിന്റെ ഇടതുവശവും പത്താമേടം ഇടത്തെ മൂക്കും പതിനൊന്നാമേടം ഇടത്തെക്കണ്ണും പന്ത്രണ്ടാമേടം ഇടത്തെ ചെവിയും ലഗ്നത്തിൽ ചെന്ന ഭാഗം ശിരസ്സിന്റെ വലതുഭാഗവുമാകുന്നു.

മദ്ധ്യശരീരത്തിന്റെ അവയവവിഭാഗം ലഗ്നത്തിൽ ചെന്നഭാഗം കഴുത്തിന്റെ ഇടതുഭാഗവും ചെല്ലുന്നതു വലതുവശവും രണ്ടാംഭാവം വലത്തെ അംസങ്ങളും പന്ത്രണ്ടാംഭാവം ഇടത്തെ അംസങ്ങളും മൂന്നാംഭാവം വലത്തെ പാൎശ്വവും പതിനൊന്നാംഭാവം ഇടത്തെ പാൎശ്വവും നാലാംഭാവം പൃഷ്ഠത്തിന്റെ വലതുഭാഗവും പത്താംഭാവം പൃഷ്ഠത്തിന്റെ ഇടതുഭാഗവും അഞ്ചാംഭാവം ഹൃദയത്തിന്റെ വലതുഭാഗവും ഒൻപതാംഭാവം ഹൃദയത്തിന്റെ ഇടതുഭാഗവും ആറാംഭാവം വയറിന്റെ വലതുഭാഗവും എട്ടാംഭാവം വയറിന്റെ ഇടതുഭാഗവും ഏഴാംഭാവത്തിൽ അഗ്രവും വലതുഭാഗവും മുഴുവൻ ഇടതുഭാഗവുമാകുന്നു.

അശ്വതീനക്ഷത്രത്തിന്റെ അവയവവിഭാഗം, ലഗ്നത്തിൽ ചെല്ലുന്നതുമുതൽ നാഭിയുടെ വലത്തുഭാഗവും ചെന്നിട്ട് ഇടത്തുഭാഗവും വസ്തിയുടെയും ഗുദത്തിന്റെയും ലിംഗത്തിന്റെയും വലത്തുഭാഗങ്ങൾ രണ്ടാംപാദവും ഇവയുടെ ഇടത്തുഭാഗങ്ങൾ പന്ത്രണ്ടാംപാദവും വലത്തെ വൃഷണം മൂന്നാംപാദവും ഇടത്തെ വൃഷണം പതിനൊന്നാംപാദവും വലത്തെ തുട നാലാംപാദവും ഇടത്തെ തുട പത്താംപാദവും വലത്തെ മുട്ട് അഞ്ചാംപാദവും ഇടത്തെ മുട്ട് ഒമ്പതാംപാദവും വലത്തെ ജംഘാപൃഷ്ഠം ആറാംപാദവും ഇടത്തെ ജംഘാപൃഷ്ഠം എട്ടാംപാദവും ഏഴാംപാദത്തിൽ ചെന്ന ഭാഗം വലത്തെപാദവും ചെല്ലുന്നതുമുതൽ ഇടത്തെ പാദവും ആകുന്നു.

കം ദൃക് ശ്രോത്രേതി ഹോരായാം വരാഹമിഹിരോദിതഃ
ദേഹാംഗന്യാസവിന്യാസോ ഗ്രാഹ്യ ഏവ സ ജാതകേ. ൪൮

അ—"കംദൃക്ശ്രോത്ര" എന്ന ശ്ലോകംകൊണ്ടു യാതൊരു അംഗങ്ങളിലുള്ള ദേഹവിന്യാസം ഹോരയിൽ വരാഹമിഹിരോദിതമായി ഭവിക്കുന്നു. അതു ജാതകത്തിൽ തന്നെ ഗ്രാഹ്യമാകുന്നു.

സാ—കംദൃക്ശ്രോത്രനസ എന്നാദിയായ, വചനങ്ങൾകൊണ്ട് ആണല്ലോ വരാഹഹോരയിൽ ലഗ്നാദിഭാവങ്ങൾക്കു അംഗവിഭാഗം ചെയ്തിട്ടുള്ളത്. അതു ജാതകചിന്തനത്തിലേക്ക് ഉപയോഗിച്ചുകൊള്ളേണ്ടതാണ്. ഋക്ഷീയവചനംതന്നെയാണ് പ്രശ്നത്തിലുപയോഗിക്കേണ്ടതു് എന്നു സാരം.

രോഗാദേരിതി ജ്ഞാത്വാ ചികിത്സാമുചിതാം വദേത്
തീവ്രേ കർമ്മവിപാകോക്തപ്രായശ്ചിത്തഞ്ച ശാന്തയേ. ൪൯

അ—ഇപ്രകാരം രോഗാദികളെ അറിഞ്ഞിട്ട് ഉചിതമായ ചികിത്സയെ വദിക്കണം. തീവ്രമായ രോഗം സംഭവിച്ചിരിക്കുമ്പോൾ ശാന്തിക്കായി കർമ്മവിപാകോക്ത പ്രായശ്ചിത്തത്തെയും വദിക്കണം.

സാ—മേൽ പറഞ്ഞപ്രകാരമെല്ലാം ചിന്തിച്ചു രോഗത്തിന്റെ സ്ഥിതിഗതികളെ അറിഞ്ഞ് അതിനുപയുക്തമായ വിധം ചികിത്സചെയ്യണമെന്ന് പറയേണ്ടതാണ്. രോഗം ഉഗ്രമാണെങ്കിൽ കർമ്മവിപാകവിധി അനുസരിച്ച് പ്രായശ്ചിത്തംകൂടി ചെയ്യിക്കേണ്ടതാണ്.

വ്യാ—ഏതദ്രോഗവിശേഷനിരൂപണവിഷയം.

അ—ഇത് രോഗവിശേഷനിരൂപണവിഷയമാകുന്നു.

സാ—ഈ അദ്ധ്യായത്തിൽ പറയപ്പെട്ടത് പ്രഷ്ടാവിന്റെ രോഗം നിർണ്ണയിക്കേണ്ടുന്ന മാർഗ്ഗവും ചില രോഗങ്ങളുടെ ലക്ഷണങ്ങളും അല്പം ചികിത്സകളും മറ്റുമാണ്.

ഇതി പ്രശ്നമാർഗ്ഗേ ദ്വാദശോഽദ്ധ്യായഃ.

ഇങ്ങിനെ പ്രശ്നമാർഗ്ഗം പന്ത്രണ്ടാം അദ്ധ്യായം അവസാനിച്ചു.

അഥ ത്രയോദശാദ്ധ്യായപ്രാരംഭഃ.

൧.—അഥ രോഗാരംഭാവസാനകാലാദി നിരൂപ്യതേ.

അ—അനന്തരം രോഗാരംഭാവസാനകാലാദി നിരൂപിക്കപ്പെടുന്നു.

സാ—രോഗം ഇന്നതാണെന്നും മറ്റും കഴിഞ്ഞ അദ്ധ്യായംകൊണ്ടു പറഞ്ഞുവല്ലോ. ഇനി രോഗം ഇന്നകാലത്തു ആരംഭിച്ചു എന്നും ഇന്നകാലത്തു ശമിക്കുമെന്നും മറ്റുമുള്ള അറിവുകളുടെ വഴി പറയപ്പെടുന്നു.

ലഗ്നാദിമതോഽസൗ ചന്ദ്രോ യാവത്യൃക്ഷേ സംസ്ഥിതഃ
തസ്മാത്താവതി നക്ഷത്രേ രോഗാരംഭം ദിതീരയേൽ. ൧

അ—ചന്ദ്രൻ ലഗ്നാദിരാശിയിൽനിന്ന് യാവതായ ഭാവത്തിൽ സംസ്ഥിതനായിരിക്കുന്നു. അതിൽനിന്ന് താവതായ നക്ഷത്രത്തിൽ രോഗാരംഭത്തെ ഉദീരണം ചെയ്യണം.

സാ—ഉദയലഗ്നത്തിന്റെ നക്ഷത്രത്തിൽനിന്ന് ചന്ദ്രൻ നില്ക്കുന്ന നക്ഷത്രം എത്രാമത്തേതാണോ ആ നക്ഷത്രത്തിൽനിന്ന് അത്രാമത്തെ നക്ഷത്രത്തിലാണ് രോഗം ആരംഭിച്ചതെന്നു പറയണം.

യദ്വാ ചാഷ്ടനവാംശേശസ്ഥിതഭേ വാ ഹിമാംശുഗേ
മാന്ദിസ്ഥഭാംശകേശേ വാ ഗ്രാഹ്യം പൃഷ്ടരോഗകം. ൨

അ—അല്ലെങ്കിൽ വിധു മാന്ദിനവാംശത്തിന്റെ ഭേശസ്ഥനായിരിക്കുമ്പോഴോ മാന്ദിസ്ഥഭാംശത്തിൽ വിധു സ്ഥിതനായിരിക്കെ ചന്ദ്രനിലോ രോഗാരംഭം ഉദീരണം ചെയ്യണം. ഇതുകളിൽ പ്രഷ്ടാവിന്റെ അഭിപ്രായം ഗ്രാഹ്യമാകുന്നു.

സാ—ഉദയത്തിന്റെ നവാംശകസ്ഥന്റെ ഭാവാംശകസ്ഥന്റെ നക്ഷത്രത്തിലോ അല്ലെങ്കിൽ ഉദികസ്ഥനും ചന്ദ്രനും തമ്മിൽ കൂടുമ്പോഴുള്ള യോഗസ്ഥന്റെ നക്ഷത്രത്തിലോ ചന്ദ്രൻ വന്ന് ദിവസമായിരുന്നു രോഗാരംഭമുണ്ടായതെന്നു പറയണം. ഈ രോഗാരംഭത്തിനു പറഞ്ഞ നക്ഷത്രങ്ങളിൽ മുമ്പത്തെ ഏതിലാണോ ആരംഭിച്ചിരിക്കുന്നതെന്നു നക്ഷത്രങ്ങളിലോ ആണ് രോഗം ആരംഭിച്ചതെന്ന് വിശേഷിച്ചു ഗ്രാഹ്യമാകുന്നു. ഒരു ശ്ലോകം ഒൻപതിൽ പെരുക്കുമ്പോൾ നവാംശകസ്ഥനും അതിനെ പന്ത്രണ്ടിൽ പെരുക്കുമ്പോൾ നവാംശകത്തിന്റെ ഭാവാംശകവുമായി തീരും.

ദൂതവാക്യപ്രഭവ്യഞ്ജനകാലഭാവതിഥ്യന്തരേ വാ
ചന്ദ്രാക്രാന്തഭഗതേ രോഗാരംഭം ദിതീരയേൽ. ൩

അ—ചന്ദ്രാക്രാന്തമായ രാശിയിൽ ചെല്ലുമ്പോൾ അതൃന്തരാശിയാകുന്ന ദൂതവാക്യാദിവർണ്ണങ്ങളുടെ തത്സ്ഥാനമായിരിക്കുമ്പോൾ രോഗാരംഭത്തെ ഉദീരണം ചെയ്യണം.

സാ—ആദിത്യൻ ചന്ദ്രൻ വ്യാഴം ശനി ഇവയിൽ ഏറ്റവും അടുത്തുഫലമായി വായിച്ച് ദൂതന്റെ ദൂതവാക്യങ്ങളിലെ ആദ്യവർണ്ണത്തെ നക്ഷത്രമാക്കി പറഞ്ഞ രാശിയിൽ വന്ന കാലമായിരുന്നു രോഗാരംഭമുണ്ടായതെന്ന് പറയണം.

യദാശാഭിമുഖോ ദൂതഃ പൃച്ഛേദ് ഭൂതവ്യഥാം തദാ
രോഗാരംഭേണ തസ്യാം ദിശി പ്രഷ്ടുർസ്ഥിതാം. ൪

അ—രോഗിയോ ദൂതനോ യാതൊരു ദിക്കിലേക്കു അഭിമുഖനായി കാണപ്പെടുന്നു. ആ ദിക്കിൽ പ്രഷ്ടാവിന്റെ രോഗാരംഭത്തെ ഉദീരണം ചെയ്യപ്പെടണം.

സാ—ദൈവജ്ഞന്റെ മുമ്പിൽ ചോദിക്കാൻ വന്ന ദൂതനോ അല്ലെങ്കിൽ ആ രോഗിയോ ആളുമായി കണ്ടു ഏതൊരു ദിക്കിലേക്ക് അഭിമുഖനായിട്ടിരിക്കുമ്പോഴായിരുന്നുവോ ആ ദിക്കിൽവച്ചാണ് രോഗം ആരംഭിച്ചതെന്നു പറയണം.

ചെന്ദ്രീതഃ ദിശി യാവത്യാം ദൂതഃ പൃച്ഛതി സംസ്ഥിതഃ
യാമേ തത്സമസംഖ്യേ സ്യാൽ പ്രഷ്ടുർവ്യാധിസമുദ്ഭവഃ. ൫

അ—ഐന്ദ്രിയിൽനിന്നു തുടങ്ങി യാവതായ ദിക്കിൽ സംസ്ഥിതനായിട്ട് ദൂതൻ പൃച്ഛിക്കുന്നു. തത്സമസംഖ്യമായ യാമത്തിൽ പ്രഷ്ടാവിന് വ്യാധിസമുദ്ഭവം ഭവിക്കും.

സാ—ദൂതനോ പ്രഷ്ടാവോ കിഴക്കു മുതലായ എട്ടു ദിക്കിൽവച്ച് ഏത്രാമത്തെ ദിക്കിൽ സ്ഥിതിചെയ്തിട്ടാണോ ദൈവജ്ഞനോട് ചോദ്യം പറഞ്ഞത്. ഉദയാരംഭിച്ചതിൽ അത്രാമത്തെ യാമത്തിലാണ് പ്രഷ്ടാവിന് രോഗമാരംഭിച്ചതെന്ന് പറയണം.

യാവന്തോ വ്യാധിതാഃ സന്തി നിമഗ്നാ യത്ര താ ജനാഃ
വ്യാധ്യാരംഭേഽന്തികസ്ഥാഃ സ്യുഃ താവന്തസ്സദൃശാശ്ച തൈഃ. ൩൭

അ—വ്യാധികനിൽ നിമഗ്നന്മാരായി യാവന്തുകളായ ജനങ്ങളും ഭവിക്കുന്നു. അവരോടു സദൃശന്മാരായി താവന്തുകളായ ജനങ്ങളും വ്യാധ്യാരംഭത്തിൽ അന്തികസ്ഥന്മാരായി ഭവിക്കും.

സാ—ദൈവജ്ഞനോടു പ്രശ്നം പ്രഷ്ടാവോ ആളുമായി കാണ്മാൻ പോരുമ്പോഴോ അഥവാ രോഗിയായ പ്രഷ്ടാവിനെ ദൈവജ്ഞൻ കാണുമ്പോഴോ എത്ര ആളുകൾ ഉണ്ടോ (ദൂതനായ പ്രഷ്ടാവിനെയോ) നോക്കിക്കൊണ്ടു നില്ക്കുന്നവരോ ജാതി പ്രായം മുതലായവയെക്കൊണ്ടു് അവരോടു തുല്യന്മാരായി അത്രയും ആളുകൾ ഉണ്ടായിരുന്ന സമയത്താണു് പ്രഷ്ടാവിനു് രോഗം ആരംഭിച്ചതു് എന്നു പറയണം.

രോഗശാസ്ത്രിതരാശേസ്തു തൽ ഭുക്തഭോക്തവ്യഭാഗതഃ
രോഗസ്യ ഗതഗന്തവ്യകാലാധിക്യാല്പതാം വദേൽ. ൩൮

അ—രോഗാശ്രിതരാശിയിൽ തൽഭുക്തഭോക്തവ്യഭാഗം ഹേതുവായി രോഗത്തിന്റെ ഗതഗന്തവ്യകാലാധിക്യാല്പതയെ വദിക്കണം.

സാ—ഷഷ്ഠാധിപനും അഷ്ടമാധിപനും രോഗാധിപന്മാരാണു്. ഇവരിൽ ഏറ്റവും അനിഷ്ടമായ ഗ്രഹത്തെയാണു് വിശേഷിച്ചു രോഗാധിപനായി സ്വീകരിക്കേണ്ടതു്. ആ ഗ്രഹം നില്ക്കുന്ന രാശിയിൽ അധികഭാഗം കഴിഞ്ഞുപോയി എങ്കിൽ രോഗത്തിന്റെ കാലം അധികവും കഴിഞ്ഞിരിക്കുന്നു എന്നും ഇനി രോഗശാന്തിക്കു് കുറച്ചുകാലമേ ഉള്ളൂ എന്നും ആ ഗ്രഹം ആ രാശിയിലേക്കു കടന്നിട്ടേയുള്ളൂ എങ്കിൽ ഇപ്പോൾ രോഗം ആരംഭിച്ചിട്ടേയുള്ളൂ എന്നും ഇനി അധികകാലം ചെന്നാൽ ശമിക്കയുള്ളൂ എന്നും പറയണം. കഴിഞ്ഞ കാലത്തിന്റെയും കഴിയാനുള്ള കാലത്തിന്റെയും നിർണ്ണയം അംശംകൊണ്ടു ചെയ്തുകൊള്ളണം.

ഷഷ്ഠാധിപേ ദിവാവീര്യേ യദ്വാ ഷഷ്ഠഗതേ ഗ്രഹേ
ദിവാരംഭശ്ച വൃദ്ധിശ്ച രോഗാണാമന്യഥാ നിശി. ൩൯

അ—ഷഷ്ഠാധിപനോ അല്ലെങ്കിൽ ഷഷ്ഠഗതനായ ഗ്രഹമോ ദിവാവീര്യനായിരിക്കുമ്പോൾ രോഗങ്ങളുടെ ആരംഭവും വൃദ്ധിയും പകലാണെന്നും അന്യഥാപ്രകാരമായാൽ നിശയിലാണെന്നും വാക്യമാകുന്നു.

സാ—ആറാംഭാവാധിപനോ അവിടെ നില്ക്കുന്ന ഗ്രഹമോ പകൽ ബലമുള്ള ഗ്രഹമായിരുന്നാൽ രോഗം തുടങ്ങിയതും വർദ്ധിക്കുന്നതും പകലാകുന്നു എന്നു പറയണം. അവർ രാത്രിയിൽ ബലമുള്ളവരായിരുന്നാൽ രോഗാരംഭവും രോഗത്തിന്റെ ആധിക്യവും രാത്രിയിലാണെന്നും പറയണം. "നിശിശശികുജസൗരാസ്സർവ്വദേജ്ഞോഹ്നി ചാന്യേ" എന്ന വചനംകൊണ്ടു് ഗ്രഹങ്ങളുടെ ദിനരാത്രിബലങ്ങളെ അറിയണം.

വാ—അത്ര കണ്ഠാഭരണം.

അ—ഇവിടെ കണ്ഠാഭരണം ഭവിക്കുന്നു.

സാ—രോഗാരംഭത്തെ ചിന്തയിൽ കണ്ഠാഭരണഗ്രന്ഥത്തിലെ അഭിപ്രായം ഇവിടെ എടുത്തു കാണിക്കുന്നു.

ആരൂഢാൽ ഭവനേ തു യാവതി ഗദസ്ഥാനാധിപഃ സംസ്ഥിതഃ
മാസേ താവതി വാഹനി മാസപാദസ്യ ചാരേ വാ ...
യാവൽ പ്രശ്നഭതോഽതിപാദ്യ ... താവന്തം ഗദാരംഭണം
ബ്രൂയാൽ കാലമനേന ഭുക്തമവരോധ്യം ഗദേശസ്യ വാ — ഇതി. ൪൦

അ—ആരൂഢത്തിൽനിന്നു് യാവത്തായ ഭവനത്തിൽ ഗദസ്ഥാനാധിപൻ സംസ്ഥിതനായി ഭവിക്കുന്നു. താവത്തായ മാസത്തിലോ അഹസ്സിലോ മാസപാദപ്രചാര

ഏ

ത്തിലോ തൽ മരിക്കുന്നു. പ്രശ്നത്തിൽനിന്ന് അരിഷ്ടപ്രാപ്തമായ ദ്രവ്യം യാവത്തായി കഴിക്കുന്നു. ശരീരാംശത്തിൽ താവത്തായ കാലംവരെയും രോഗശമനം ഉണ്ടാവുകയില്ലെന്നു മായ ഇതുകൊണ്ടുള്ള കാലത്തെയും ഊഹിക്കണം.

സാ—ആരംഭാധിപൻ ആരൂഢരാശിയിൽനിന്ന് എത്രാമത്തെ ഭാവത്തിൽ നില്ക്കുന്നുവോ അത്രയും മാസമോ ദിവസമോ നാഴികയോ കഴിഞ്ഞിരിക്കുന്നു രോഗം ആരംഭിച്ചിട്ട് എന്നു പറയണം. പൃച്ഛാസമയനക്ഷത്രത്തിൽ ആരംഭാധിപൻ നില്ക്കുന്ന നക്ഷത്രം എത്രാമത്തേതാണോ അത്ര മാസമോ ദിവസമോ നാഴികയോ ആയിരിക്കുന്നു രോഗം ആരംഭിച്ചിട്ട് എന്നും പറയാം. രോഗത്തിന് അതിപ്രാചീനതാലക്ഷണം കാണുന്നു എങ്കിൽ ഈ ഭാവത്തെ ഷഷ്ഠാധിപൻ ഭുജിച്ച അംശകസംഖ്യകൊണ്ട് പെരുക്കി ആ കാലത്തെയും പറയാം. ഇങ്ങനെ കണ്ടുകൊണ്ടുള്ള വചനം അവസാനിച്ചു.

ഷഷ്ഠഭാവാശ്രിതരാശിഗതേ ചന്ദ്രേ വാ രോഗസംഭവഃ
ശമനഞ്ച തഥാ വാച്യം സുഖഭാവാശ്രിതരാശിഗേ. ൫൦

അ—ചന്ദ്രൻ ഷഷ്ഠഭാവാശ്രിതരാശിഗതനായിരിക്കുമ്പോൾ രോഗസംഭവവും സുഖഭാവാശ്രിതരാശിഗനായിരിക്കുമ്പോൾ അതുകളുടെ ശമനവും വാച്യമാകുന്നു.

സാ—ഷഷ്ഠാധിപൻ നില്ക്കുന്ന രാശിയിൽ ചന്ദ്രൻ വന്ന സമയം രോഗം ആരംഭിച്ചു എന്നും സുഖാധിപൻ നില്ക്കുന്ന രാശിയിൽ ചന്ദ്രൻ വരുന്നകാലം രോഗം ശമിക്കുമെന്നും പറയണം.

ലഗ്നസ്യാധിപതേശ്ച തസ്യ ശശിനോ വാ പാപയോഗേക്ഷണം
യത്രാത്രസമയേ തദാമയസമാരംഭസ്സമാദിശ്യതാം
സൌമ്യാനാം യുതിവീക്ഷണേ ച ഭവിതാ യത്കാലം പ്രയാണം യദാ
രോഗാണാം ശമനം തദാ ശമനാരംഭസ്സമാദിശ്യതാം. ൫൧

അ—ലഗ്നത്തിനും അതിന്റെ അധിപതിക്കും ശശിക്കും ഏതൊരു സമയത്തിൽ പാപയോഗേക്ഷണം ഭവിച്ചു അപ്പോൾ ആമയസമാരംഭം സമാദേശിക്കപ്പെടണം. ആ മൂന്നുകൾക്കും എപ്പോൾ സൌമ്യന്മാരുടെ യുതിയും ഈക്ഷണവും ഭവിക്കുമോ അപ്പോൾ രോഗങ്ങളുടെ ശമനവും തൽകാരണവും സത്തായിരിക്കുമ്പോൾ ശമനാരംഭവും സമാദേശിക്കപ്പെടണം.

സാ—ലഗ്നം ലഗ്നാധിപൻ ചന്ദ്രൻ ഈ മൂന്നിനുംകൂടി പാപന്മാരുടെ ദൃഷ്ടിയോ യോഗമോ എപ്പോൾ സംഭവിച്ചുവോ അപ്പോഴായിരുന്നു രോഗം ആരംഭിച്ചതെന്നു പറയണം. ഇനി ഈ ലഗ്നാധിപചന്ദ്രന്മാർക്ക് മൂന്നിനും ശുഭയോഗമോ ശുഭദൃഷ്ടിയോ എപ്പോൾ വരുന്നുവോ അപ്പോൾ രോഗം ശമിക്കുമെന്നും പറയണം. ലഗ്നലഗ്നാധിപചന്ദ്രന്മാരിൽ ഒരോന്നിന്ന് ശുഭയോഗദൃഷ്ടി വരുമ്പോൾ രോഗശമനം ആരംഭിക്കുമെന്നും പറയണം. ഇതുകൊണ്ട് ലഗ്നലഗ്നാധിപചന്ദ്രന്മാരിൽ ഓരോന്നിന് പാപയോഗദൃഷ്ടി സംഭവിച്ചപ്പോൾ രോഗലക്ഷണം ആരംഭിച്ചു എന്നും മൂന്നിനുംകൂടി പാപയോഗദൃഷ്ടിയുണ്ടായപ്പോൾ അത്യാസന്നനിലയിൽ കിടപ്പായി എന്നും സിദ്ധമാകുന്നു.

ലഗ്നാദിതനുഭാവാംശസ്യ ദ്വാദശാംശകരാശിഗേ
മാന്ദിരാശിമതിക്രാന്തേ ചന്ദ്രേ സ്യാച്ഛമനം രുജാം. ൫൨

അ—ഇന്ദു ലഗ്നാദിതനുഭാവാംശത്തിന്റെ ദ്വാദശാംശകരാശിഗനായിരിക്കും സമയത്തിലോ മാന്ദിരാശിയെ അതിക്രാന്തനായിരിക്കുമ്പോഴോ രുജകളുടെ ശമനം ഭവിക്കും.

സാ—ലഗ്നസ്ഫുടത്തെ പന്ത്രണ്ടിൽ പെരുക്കുമ്പോൾ ദ്വാദശാംശസ്ഫുടമാകും. അതിനെ പന്ത്രണ്ടിൽ പെരുക്കുമ്പോൾ അതിന്റെ ദ്വാദശാംശസ്ഫുടവും വരും. ഈ ദ്വാദശാംശസ്ഫുടരാശിയിൽ ചന്ദ്രൻ വരുന്ന സമയവും പ്രശ്നസമയം ഗുളികൻ നില്ക്കുന്ന രാശിയെ കടന്നു ചന്ദ്രൻ അതിനടുത്ത രാശിയിലേക്കു പ്രവേശിക്കുന്ന കാലവും രോഗശമനം ആരംഭിക്കുമെന്നു പറയണം.

അഷ്ടമേന്ദും പുരോധായ യദി ചേദ് വ്യാധിസംഭവഃ
അതിയാതേƒഷ്ടമം രാശിം രോഗാണാം ശമനം വദേൽ. ൧൫

അ—അഷ്ടമേന്ദുവിനെ പുരോധാനംചെയ്തിട്ട് വ്യാധിസംഭവം ഭവിച്ചു എങ്കിൽ ചന്ദ്രൻ അഷ്ടമമായ രാശിയെ അതിയാതനായിരിക്കുമ്പോൾ രോഗങ്ങളുടെ ശമനം ഭവിക്കും.

സാ—അഷ്ടമരാശിയ്ക്ക് സഞ്ചരിക്കുന്നതിനുമുൻപേ രോഗം തുടങ്ങിയാൽ ചന്ദ്രൻ അഷ്ടമരാശിയിൽനിന്നു പോകുമ്പോൾ രോഗം ശമിക്കുമെന്നു പറയണം.

വാ—അത്ര അനുഷ്ഠാനപദ്ധതിഃ.

അ—ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു.

സാ—രോഗാരംഭശമനം ചിന്തിക്കുന്ന ഘട്ടത്തിലേക്ക് അനുഷ്ഠാനപദ്ധതിയിലെ വചനത്തെ കാണിക്കുന്നു.

ദുഃസ്ഥഖേടവശതോ രുജാഗമം
സുസ്ഥഖേടവശതഃ ശമം വദേൽ
മന്ത്രനൃത്തബലിപൂജനൌഷധൈർ-
ദ്ദൈവതാദ്വിജനയാദ്യുപാസനൈഃ. ൧൬

അ—ദുഃസ്ഥഖേടവശം ഹേതുവായി രുജാഗമത്തെയും സുസ്ഥഖേടവശം ഹേതുവായും മന്ത്രനൃത്തബലിപൂജനൌഷധങ്ങളെക്കൊണ്ടും ദൈവതാദ്വിജനയാദ്യുപാസനങ്ങളെക്കൊണ്ടും രോഗങ്ങളുടെ ശമത്തെയും വദിക്കണം.

സാ—അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് രോഗോല്പത്തിയെ പറയണം. ഇഷ്ടഭാവാദികളിൽ നില്ക്കുന്ന ഗ്രഹങ്ങളെ അനുസരിച്ച് രോഗശമനത്തെയും പറയണം. മന്ത്രജപം നൃത്തം ബലി പൂജ ഔഷധസേവ ഈശ്വരഭക്തി പഥ്യം ഹോമം ഇവകളും രോഗത്തിന്റെ ശമനകാരണങ്ങളാണെന്നറിഞ്ഞ് അവയെ വേണ്ടുംവണ്ണം വിനിയോഗിക്കണം.

വാ—തസ്യാർത്ഥഃ.

അ—ഇതിന്റെ അർത്ഥം വചിക്കപ്പെടുന്നു.

സാ—മേല്പറഞ്ഞ ശ്ലോകാർത്ഥത്തിന്റെ ചുരുക്കം താഴെ വിവരിക്കുന്നു.

ദുഃസ്ഥാനാമതിദോഷതാശ്രിതഗ്രഹപ്രാപ്തേഷു ചന്ദ്രാദിഷു
വ്യാധ്യാരംഭ ഇഹാതിദുഃസ്ഥഖഗസംബന്ധീശകോപാത്മകഃ
സുസ്ഥാനാമപി തദ്വദിഷ്ടതമഖേടാധിഷ്ഠിതർക്ഷാശ്രിതേ-
ഷ്വിന്ദ്വാദ്യേഷു തദീയദേവഭജനാച്ഛാന്തിശ്ച വാച്യാ രുജാം-ഇതി.

അ—ചന്ദ്രാദികൾ ദുഃസ്ഥന്മാരിൽവെച്ച് അതിദോഷാശ്രിതഗ്രഹപ്രാപ്തന്മാരായിരിക്കുമ്പോൾ അതിദുഃസ്ഥഖഗസംബന്ധീശകോപാത്മകമായ വ്യാധ്യാരംഭം ഇവിടെ വാച്യമാകുന്നു. അതുപോലെ ഇന്ദ്വാദ്യന്മാർ സുസ്ഥന്മാരിൽവെച്ച് ഇഷ്ടതമഖേടാധിഷ്ഠിതർക്ഷാശ്രിതന്മാരായിരിക്കുമ്പോൾ തദീയദേവഭജനം ഹേതുവായി രോഗങ്ങളുടെ ശാന്തിയും വാച്യമാകുന്നു.

സാ—അനിഷ്ടഫലദാതാക്കന്മാരായ ഗ്രഹങ്ങളിൽവെച്ച് ഏറ്റവും ദോഷപ്രദനായ ഗ്രഹം ഏതുരാശിയിൽ നില്ക്കുന്നുവോ ആ രാശിയിൽ ആദിത്യനും ചന്ദ്രനും വ്യാഴവും വന്നകാലം രോഗംതുടങ്ങി എന്നും ആ ദുഃസ്ഥനായ ഗ്രഹത്തിന് വിധിച്ചിട്ടുള്ള ദേവന്റെ കോപംനിമിത്തമാണ് രോഗമുണ്ടായതെന്നും പറയണം. ഇഷ്ടസ്ഥിതി മുതലായവയാൽ സുസ്ഥന്മാരായ ഗ്രഹങ്ങളിൽ ഏറ്റവും ഗുണപ്രദനായ ഗ്രഹം ഏതുരാശിയിൽ നില്ക്കുന്നു, ആ രാശിയിൽ ആദിത്യനും ചന്ദ്രനും വ്യാഴവും വരുന്ന കാലം രോഗം ശമിക്കുമെന്നും ആ ഗുണപ്രദനായ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ദേവതയെ ഭജിക്കേണ്ടതാണെന്നും പറയണം. ഇങ്ങിനെ അനുഷ്ഠാനപദ്ധതിവചനം ഇവിടെ അവസാനിച്ചു.

വാ—രോഗാരംഭതാരാദിവശാച്ച ശമനാദികാലാ ഉച്യതേ.

അ—രോഗാരംഭനക്ഷത്രാദിവശാലുള്ളവയും ശമനാദികാലം വചിക്കപ്പെടുന്നു.

സാ—രോഗം തുടങ്ങിയ നാൾ പക്കം മുതലായവയെക്കൊണ്ടും ശമനകാലം നിരൂപിക്കാനുള്ള മാർഗ്ഗം പറയപ്പെടുന്നു.

വൈശാഖേ സൗമ്യേ ച മാസാദ്ദ്യുചരതി ഇന്ദ്രാഗ്നിപ്രോഷ്ഠപദസ്വാതീഷു-
പക്ഷാൽ-
രോഗീ ചിത്രാപ്രചേതോയമഹരിഷു സുഖം വിന്ദതേ ത്ര്യസംഖ്യാൽ
വിംശാദ്ദഹേ മഘായാം ഗുരുഭഗസുതനുബുദ്ധ്യഹിർബുധ്ന്യവേദ്യസ്തുഭേഭ്യഃ-
സംഖ്യാന്മൂലാശ്വിശുക്രത്രിതയധനിഷ്ഠാതസ്ത്രിപൂർവ്വാസ്ത്രനക്ഷത്രാൽ.

അ—വൈശാഖത്തിലും സൗമ്യത്തിലും രോഗിയായവൻ മാസത്തിൽനിന്നു മുകളിലും ഇന്ദ്രാഗ്നിപ്രോഷ്ഠപദസ്വാതികളിൽ രോഗിയായവൻ പക്ഷത്തിൽനിന്ന് മുകളിലും ചിത്രാപ്രചേതോയമദേവതകളിൽ രോഗിയായവൻ ത്ര്യസംഖ്യമായ അഹസ്സിൽനിന്ന് മുകളിലും മഘയിൽ രോഗിയായവൻ വിംശമായ അഹസ്സിൽനിന്നു മുകളിലും ഗുരുഭഗസുതനുബുദ്ധ്യഹിർബുധ്ന്യവേദ്യസ്തുക്കളിൽ രോഗിയായവൻ ഏഴുസംഖ്യമായ അഹസ്സിൽനിന്ന് മുകളിലും മൂലാശ്വിശുക്രത്രിതയത്തിൽ രോഗിയായവൻ നവമമായ അഹസ്സിൽനിന്ന് മുകളിലും ത്രിപൂർവ്വാദികളിൽ രോഗിയായവൻ പതിനെട്ടിൽ സുഖത്തെ പ്രാപിക്കുന്നു.

സാ—ഉത്രാടം മകയിരം ഈ നാളുകളിൽ ദീനം തുടങ്ങിയാൽ ഒരു മാസം കഴിഞ്ഞേ സുഖപ്പെടൂ. അവിട്ടം അത്തം വിശാഖം ഈ നാളുകളിൽ രോഗം തുടങ്ങിയാൽ ൧൫ ദിവസം കഴിഞ്ഞതിനുശേഷമേ രോഗശമനം വരികയുള്ളൂ. ചിത്തിര ചതയം ഭരണി തിരുവോണം ഈ നക്ഷത്രങ്ങളിൽ ദീനമാരംഭിച്ചാൽ പതിനൊന്നുദിവസം കഴിഞ്ഞതിനുശേഷവും മകം നാളിലാരംഭിച്ചാൽ ഇരുപതുദിവസം കഴിഞ്ഞും പൂയം ഉത്രം പുണർതം ഉത്തൃട്ടാതി രോഹിണി ഈ നാളുകളിലാരംഭിച്ചാൽ ഏഴുദിവസം കഴിഞ്ഞും മൂലം അശ്വതി കാർത്തിക ഈ നാളുകളിൽ രോഗം തുടങ്ങിയാൽ ഒൻപതുദിവസം കഴിഞ്ഞും രോഗശാന്തിയുണ്ടാകുന്നതാണ്. അനിഴം രേവതി ഈ നാളുകളിൽ ആരംഭിക്കുന്ന രോഗങ്ങൾ സുഖസാദ്ധ്യങ്ങളല്ല. പ്രായശ്ചിത്താദികളെക്കൊണ്ടും മറ്റും വളരെ യത്നിച്ചാൽ പക്ഷെ സുഖപ്പെട്ടുവെന്നുവരാം.

ജ്യേഷ്ഠാസ്വാതീന്ദ്രാഗ്നിരൗദ്രപൂർവ്വാ-
ത്രയേഷു ന പ്രാണിതി ജാതരോഗഃ
ഷഡ്രാസമേതേഷു സപാപവാരേ-
ഷ്വാശ്ലേഷയാ സാന്തകവാസരേഷു. ൫൪

അ—ജ്യേഷ്ഠാസ്വാതീന്ദ്രാഗ്നിരൗദ്രപൂർവ്വാത്രയങ്ങളിൽ ജാതരോഗനായവൻ പ്രാണിയായി ഭവിക്കുന്നില്ല. ഷഡ്രാസമേതങ്ങളായി സപാപവാരങ്ങളായ ആശ്ലേഷയാസാന്തകവാസരങ്ങളിൽ ജാതരോഗനായവനും പ്രാണിയായി ഭവിക്കുന്നില്ല.

സാ—തൃക്കേട്ട ചോതി ആയില്യം തിരുവാതിര പൂരം പൂരാടം പൂരുരുട്ടാതി ഈ നാളുകളിൽ രോഗം ആരംഭിച്ചാൽ ആ രോഗം സാദ്ധ്യമല്ല. കാർത്തിക അവിട്ടം ഭരണി ഈ നാളുകളും ഞായർ ചൊവ്വ ശനി ഈ ആഴ്ചകളും ചതുർത്ഥി നവമി ചതുർദ്ദശി ഷഷ്ഠി അഷ്ടമി ദ്വാദശി ഈ പക്കങ്ങളും ഒത്തുവന്ന സമയം രോഗമാരംഭിച്ചാൽ ആ രോഗി ജീവിക്കുന്നതല്ല.

അഷ്ടമീപഞ്ചമീരിക്താസു പാപവാരേ ത്രിജന്മസു
ഗോമാസാഷ്ടമചന്ദ്രേഷു രോഗാരംഭോ മൃതിപ്രദഃ. ൫൫

അ—അഷ്ടമീപഞ്ചമീരിക്തകളിലും പാപവാരത്തിലും ത്രിജന്മങ്ങളിലും ഗോമാസാഷ്ടമചന്ദ്രന്മാരിലും ഉള്ള രോഗാരംഭം മൃതിപ്രദമാകുന്നു.

സാ—അഷ്ടമി വാവ് ചതുർത്ഥി നവമി പതിന്നാല് ഈ തിഥികളിലും ഞായർ ചൊവ്വ ശനി ഈ ആഴ്ചകളിലും രോഗിയുടെ ജന്മനാളും അതിന്റെ പത്താംനാളും പത്തൊ

ഭരണീനാൾ ഈ നാളുകളിലും മൂലത്തെഴുന്നാളുകളിലും അഷ്ടമരാശിക്കൂറിലും രോഗമുണ്ടായാൽ ആ രോഗം അസാദ്ധ്യമാകുന്നു.

അക്രൂരഭേഽസ്യ ധീമാന്ത്യപുത്രഭേ വാ ഭഗാഗമഃ
യദി മൃത്യുർഭവേത് സാക്ഷാദേകാദേയപാർശ്വയോഃ. ൧൯
ത്രിഷു ത്രിഷു ച ധീമാന്ത്യപുത്രപാർശ്വഗതാദ്ധ്വഷു
ഭഗ്ന്യാധിഃ പരിശിഷ്ടേഷു ച ഭേഷു ച ജീവതി. ൨൦

അ—അക്രൂരഭത്തിലും ഇതിന്റെ ധീമാന്ത്യപുത്രത്തിലും അംഗഗമം ഭവിക്ക യാണെങ്കിൽ മൃത്യുഭവിക്കും. സാക്ഷാൽ കേദേയപാർശ്വങ്ങളിൽ മൂന്നുകളിലും ധീമാന്ത്യ പുത്രപാർശ്വഗതാദ്ധ്വകളിലും അംഗഗമം ഭവിക്കുന്നു എങ്കിൽ ഭഗ്ന്യാധിഭവിക്കും. പരി ശിഷ്ടങ്ങളായ ചന്ദ്രനക്ഷത്രങ്ങളിൽ അംഗഗമം ഭവിക്കുന്നുവെങ്കിൽ ജീവിക്കുന്നു.

സാ—അശ്വിനി എന്ന നക്ഷത്രത്തെക്കൂടി കൂട്ടിച്ചേർത്തു ഇരുപത്തെട്ടു നക്ഷ ത്രം എണ്ണംകൊണ്ടുവേണം ഇപ്പറയുന്ന ശൂലചക്രവിന്യാസം ചെയ്യേണ്ടതു്. ആദിത്യൻ നിന്ന നാളിലും അതിന്റെ ഒൻപതു് പതിനഞ്ചു് ഇരുപത്തൊന്നു് ഈ നാളുകളിലും രോഗം ആരംഭിച്ചാൽ രോഗി മരിച്ചുപോകുമെന്നു പറയണം.

ആദിത്യൻ നിന്ന നാളിന്റെ രണ്ടു് മൂന്നു് നാലു് എട്ടു് പത്തു് പതിനാലു് പതി നാറു് ഇരുപതു് ഇരുപത്തിരണ്ടു് ഇരുപത്താറു് ഇരുപത്തേഴു് ഇരുപത്തെട്ടു് ഈ നാളുക ളിൽ രോഗം ആരംഭിച്ചാൽ രോഗം വളരെ കഠിനമായിരിക്കുമെന്നും എങ്കിലും പ്രയത്നം കൊണ്ടു് സാദ്ധ്യമാണെന്നും പറയണം. ശേഷമുള്ള പന്ത്രണ്ടു നാളുകളിൽ രോഗമാരംഭി ച്ചാൽ നിഷ്പ്രയാസം രോഗശാന്തിവരുമെന്നു പറയണം.

താരാവാരതിഥീനാം മൃതിദാനാം ശൂലചക്രഭാനാഞ്ച
ജന്മപ്രഭൃതീനാം വാ മൃതിർധ്രുവം സംഗമേ തു പഞ്ചാനാം. ൨൧

അ—മൃതിദങ്ങളായ താരാവാരതിഥികളുടേയും ശൂലചക്രഭങ്ങളുടേയും ജന്മപ്രഭൃതി കളുടേയും ഈ അഞ്ചുകളുടേയും സംഗമത്തിൽ മൃതി നിശ്ചയമായും ഭവിക്കും.

സാ—മേൽപ്പറഞ്ഞ മരണദായകങ്ങളായ നക്ഷത്രങ്ങളും നക്ഷത്രരും പക്കങ്ങളും ശൂ ലചക്രത്തിലെ നാളുകളും രോഗിയുടെ ജന്മനക്ഷത്രം അഷ്ടമരാശിക്കൂറു മുതലായവ ഈ അഞ്ചു സാധനങ്ങളും മരണത്തെ കൊടുക്കുന്നവയാണു്. ഇവയെല്ലാം ഒത്തുവന്നാൽ വേഗേന മരിച്ചുപോകുമെന്നു നിശ്ചയമായും പറയാം

രോഗാരംഭേഷ്ണതാരകാന്തഗണനാ ജന്മർക്ഷതോ യാ ഭവേൽ
സംഖ്യാ താം ത്രിഗുണാം ഹരേജ്ജലധിഭിഃ ശേഷൈഃ ഫലാനിക്രമാൽ
ഏകദ്വിത്രിചതുർഭിരാശുമരണം മൃത്യുഃ ശനൈർജ്ജീവനം
കൃച്ഛ്രാജ്ജീവനമപ്രയത്നത ഇദം പാദൈഃ ക്രമേണോച്യതേ. ൨൨

അ—ജന്മർക്ഷത്തിൽനിന്നു തുടങ്ങി രോഗാരംഭതാരകാന്തഗണനത്തിൽ ഏ തുസംഖ്യ ഭവിക്കുമോ ത്രിഗുണമായ ആ സംഖ്യയെ ജലധികളെക്കൊണ്ടു ഹരിക്കണം. ശേഷങ്ങളായ ഒന്നും രണ്ടും മൂന്നും നാലും ഇവകളെക്കൊണ്ടു് വേഗേന മരണവും വളരെ കാലംകൊണ്ടുള്ള മരണവും പണിപ്പെട്ടുള്ള ജീവനവും അപ്രയത്നംകൊണ്ടുള്ള ജീവനവും വാച്യമാകുന്നു. ഇതു പാദക്രമത്തിൽനിന്നു് ഉൽപാദ്യമുള്ള ശിഷ്യവിന്നു് ചിന്ത്യമാകുന്നു.

സാ—പ്രഷ്ടാവിന്റെ ജന്മനക്ഷത്രംമുതൽ രോഗം തുടങ്ങിയ നാൾവരെ എണ്ണി ആ സംഖ്യയെ മൂന്നിൽ പെരുക്കി നാലിൽ ഹരിക്കണം. അപ്പോൾ ഒന്നു ശേഷിച്ചാൽ പെട്ടെന്നു മരിക്കുമെന്നും രണ്ടു ശേഷിച്ചാൽ കുറെ ദിവസംകഴിഞ്ഞു മരിക്കുമെന്നും മൂന്നു ശേഷിച്ചാൽ ചികിത്സാദികളെക്കൊണ്ടുംമറ്റും വളരെ പ്രയത്നിച്ചാൽ ജീവിക്കുമെന്നും നാലു ശേഷിച്ചാൽ വളരെ പ്രയാസംകൂടാതെതന്നെ രോഗശമനമുണ്ടാകുമെന്നും പറയ ണം. ഈ ചിന്ത പന്ത്രണ്ടുവയസ്സു തികയുന്നതുവരെയുള്ളവർക്കു് ചിന്തിക്കേണ്ടവയാണു്, അതിനുമേലുള്ളവർക്കു് ഈ വിചാരം ആവശ്യമില്ല.

ഷഷ്ഠേശേ മന്ദഗതൌ സ്ഥിരാശ്രിതേ വാ തജ്ജാം ശമം ചിരേണ
ശീഘ്രഗതൌ ചരയാതേ ശമനം രോഗസ്യ നചിരേണ. ൨൩

അ—ഷഷ്ഠേശൻ മന്ദഗതിയായിട്ടോ സ്ഥിരാശ്രിതനായിട്ടോ ഇരിക്കുമ്പോൾ ആ രോഗം പതുക്കെ ശമിക്കുമെന്നും ശീഘ്രഗതിയായിട്ടോ ചരയാതനായിട്ടോ ഇരിക്കുമ്പോൾ രോഗത്തിന്റെ ശമനം ഉടനെ ഭവിക്കുമെന്നും വാച്യമാകുന്നു.

സാ—ആറാംഭാവാധിപൻ സ്ഥിരരാശിയിൽ വക്രിക്കയോ ഗതി വളരെ കുറഞ്ഞിരിക്കയോ ചെയ്താൽ രോഗശാന്തി ഒരു ക്കലത്തുമുണ്ടാകുന്നതല്ല. പതുക്കെ മാത്രമേ ശമിക്കയുള്ളൂ എന്നു പറയണം. ആറാംഭാവാധിപന്ന് ഗതി വളരെ ക്ഷിപ്രമായിരിക്കയും ആറാംഭാവാധിപൻ ചരരാശിയിൽ വസിക്കയും ചെയ്താൽ എളുപ്പത്തിൽ രോഗശാന്തിയുണ്ടാകുമെന്നു പറയണം. ആറാംഭാവാധിപൻ ഉഭയരാശിയിൽ വസിക്കയും ഗതി മദ്ധ്യമനിലയിലിരിക്കയും ചെയ്താൽ രോഗം അധികം ദീർഘിക്കാതെ ഏറക്കുറെ കൊണ്ടോ അല്ലാതെയും ശമിക്കുമെന്നു പറയണം.

പാപാനാമുദയശ്ച മദ്ധ്യവസതിർല്ലഗ്നസ്യ ലഗ്നേശിതുർ
ദൌർബ്ബല്യം കഥിതഞ്ച യച്ച ഹിമഗോരസ്തശ്ച ചോദയം ക്ഷീണതാ
രിഃഫാരാതിമൃതിസ്ഥപൂർണ്ണഹിമഗോ കേന്ദ്രസ്ഥിതിശ്ചാസതാം
ഏകേനാപ്യാമയദൈർഘ്യമേഷു ബഹുളേഷ്വേതേഷു കിം ചൈതേ കിമു. ൨൪

അ—ലഗ്നത്തിന്ന് പാപന്മാരുടെ ഉദയവും മദ്ധ്യവസതിയും ലഗ്നേശിതാവിന്ന് ദൌർബ്ബല്യവും കഥിതമായ യോഗവും ഹിമഗുവിന്ന് അസ്ത ഉദയവും ക്ഷീണതയും അപൂർണ്ണ ഹിമഗുവിന്റെ രിഃഫാരാതിമൃതികളിലെ സ്ഥിതിയും അസത്തുകളുടെ കേന്ദ്രസ്ഥിതിയും ആകുന്ന ഇവകളിൽവെച്ച് ഒന്നുകൊണ്ടും ആമയദൈർഘ്യം വക്തവ്യമായി ഭവിക്കുന്നു. ബഹുളങ്ങളായ ഇവകളെക്കൊണ്ട് പിന്നെ എന്ത്?

സാ—ലഗ്നത്തിന്ന് പാപോദയം, പാപമദ്ധ്യസ്ഥിതി, ലഗ്നാധിപന്ന് ബലഹാനി, പാപയോഗം, പാപമദ്ധ്യസ്ഥിതി, ചന്ദ്രന്ന് ക്ഷീണത, പാപയോഗം, പാപമദ്ധ്യസ്ഥിതി, ക്ഷീണചന്ദ്രന്റെയും പാപഗ്രഹങ്ങളുടേയും ആറ് എട്ട് പന്ത്രണ്ട് ഈ ഭാവങ്ങളിലെ സ്ഥിതി ഈ പറഞ്ഞ യോഗങ്ങളിൽവെച്ച് ഏതെങ്കിലും ഒരു യോഗമുണ്ടായിരുന്നാൽതന്നെ രോഗം വളരെ ദീർഘിക്കുമെന്നു പറയണം. അങ്ങിനെയിരിക്കെ ഈ ലക്ഷണങ്ങളുടെ ബാഹുല്യമുണ്ടായാൽ രോഗദൈർഘ്യത്തിന്റെ കഥയെപ്പറ്റി പറയണമെന്നുണ്ടോ.

പ്രായശ്ചിത്തം ദുശ്ശമരോഗേ ശമനായ തന്ത്രോദിതമപി
കാര്യം സർവേഷ്വപി സംഗ്രഹേ സായണോക്തസ്യ വചനമിദം.

അ—ദുശ്ശമരോഗത്തിൽ ശമനത്തിന്നായി തന്ത്രോദിതമായ പ്രായശ്ചിത്തം കാര്യമാകുന്നു. സായണൻ സംഗ്രഹത്തിൽ സർവങ്ങളായ രോഗങ്ങളിലും പ്രായശ്ചിത്തത്തെ വിധിച്ചു. ഇതു ഇവന്റെ വചനമാകുന്നു.

സാ—രോഗം കഠിനതരമായിരുന്നാൽ അതിന്റെ ശമനത്തിന്നായിട്ട് ആ രോഗത്തിന്ന് വിധിച്ചിട്ടുള്ള പ്രായശ്ചിത്തംകൂടി ചെയ്യിക്കേണ്ടതാണ്. സായണാചാര്യർ എല്ലാരോഗങ്ങൾക്കും പ്രായശ്ചിത്തം ചെയ്യണമെന്ന് വിധിച്ചിട്ടുണ്ട്. താഴെ കാണിക്കുന്നത് അദ്ദേഹത്തിന്റെ വചനമാകുന്നു.

യഥാ കാര്യേഷു സാമഗ്രീ ദൃഷ്ടാദൃഷ്ടാത്മികാ
തഥൈവ രോഗനാശേഷു പ്രായശ്ചിത്തൌഷധാത്മികാ. ൨൬

അ—യാതൊരുപ്രകാരം ദൃഷ്ടാദൃഷ്ടാത്മികയായ സാമഗ്രി കാര്യങ്ങളിൽ ഉണ്ടായി ഭവിക്കുന്നു. അപ്രകാരം രോഗനാശങ്ങളിൽ പ്രായശ്ചിത്തൌഷധാത്മികയായ സാമഗ്രി യുക്തയാകുന്നു.

സാ—എല്ലാകാര്യം സാധിക്കുന്നതിന്നും രണ്ടുവിധം ഉപകരണങ്ങളുണ്ട്. ഒന്ന് ചക്ഷുരാദി ഇന്ദ്രിയങ്ങൾക്കു വിഷയമായതും മറ്റേത് അപ്രത്യക്ഷലോകത്തു

സ്ഥിതിചെയ്യുന്നവയുമാണ്. രോഗിയുടെ ഒരു പ്രവൃത്തി ഫലിക്കണമെങ്കിൽ ഈ രണ്ടുപകരണങ്ങളുടേയും സാന്നിദ്ധ്യമുണ്ടായിരിക്കേണ്ടതാണ്. ഇതുപോലെ രോഗം ശമിപ്പിക്കുന്നതിനുള്ള ദൃഷ്ടമായ ഉപകരണം ഔഷധപ്രയോഗവും അദൃഷ്ടമായ ഉപകരണം പ്രായശ്ചിത്തവുമാകുന്നു. ഔഷധപ്രയോഗംകൊണ്ട് ദൃഷ്ടിഗോചരമായ ദോഷകോപങ്ങളേയും പ്രായശ്ചിത്തംകൊണ്ട് ഇന്ദ്രിയങ്ങൾക്കു വിഷയങ്ങളല്ലാത്ത പാപങ്ങളേയും നശിപ്പിക്കുന്നു. തദ്വാരാ രോഗശാന്തിയുമുണ്ടാകും.

വാ—അത്ര ആശ്വാസപൂർത്തിഃ.

അ—ഇവിടെ ആശ്വാസപൂർത്തി ഭവിക്കുന്നു.

സാ—രോഗശമനചിന്തനത്തിൽ ആശ്വാസപൂർത്തിയിലെ വചനത്തെക്കൂടി എഴുതുന്നു.

പരിപൂർണ്ണതനുശ്ചന്ദ്രോ ലഗ്നാപഗതോ നിരീക്ഷിതോ ഗുരുണാ
ഗുരുശുക്രൌ കേന്ദ്രേ വാ പീഡാർത്തസ്തത്ര സുഖിതഃ സ്യാൽ. ൨൭

അ—പരിപൂർണ്ണതനുവായി ഗുരുവിനാൽ നിരീക്ഷിതനായ ചന്ദ്രൻ ലഗ്നാപഗതനാകുന്നു എങ്കിലും ഗുരുശുക്രന്മാർ കേന്ദ്രത്തിൽ സ്ഥിതന്മാരായി ഭവിക്കുന്നു. എങ്കിലും അവിടെ പീഡാർത്തനായവൻ സുഖിതനായി ഭവിക്കും.

സാ—പൂർണ്ണചന്ദ്രൻ ലഗ്നത്തിൽ ഉദിക്കുകയും അവിടെ വ്യാഴത്തിന്റെ ദൃഷ്ടി വരികയും ചെയ്താലും വ്യാഴവും ശുക്രനും കേന്ദ്രരാശികളിൽ വന്നാലും വേഗേന രോഗശമനമുണ്ടായി ആരോഗ്യവാനായി തീരുമെന്നു പറയണം.

ഉപചയസംസ്ഥശ്ചന്ദ്രഃ സൌമ്യാഃ കേന്ദ്രത്രികോണധനമൃതിഗാഃ
ലഗ്നം വാ ശുഭദൃഷ്ടം സുഖിതസ്തത്രാതുരോ ഭവതി — ഇതി. ൨൮

അ—ചന്ദ്രൻ ഉപചയസംസ്ഥനായും സൌമ്യന്മാർ കേന്ദ്രത്രികോണധനമൃതിഗന്മാരായും ലഗ്നം ശുഭദൃഷ്ടമായും ഭവിക്കുമെങ്കിൽ അവിടെ ആതുരൻ സുഖിതനായി ഭവിക്കുന്നു.

സാ—ചന്ദ്രൻ മൂന്ന് ആറ് പത്ത് പതിനൊന്ന് ഈ ഭാവങ്ങളിലും ശുഭഗ്രഹങ്ങൾ ലഗ്നം രണ്ട് നാല് അഞ്ച് ഏഴ് എട്ട് ഒൻപത് പത്ത് ഈ ഭാവങ്ങളിലും വരികയും ലഗ്നത്തിൽ ശുഭഗ്രഹങ്ങൾ നോക്കുകയും ചെയ്താൽ പ്രഷ്ടാവിന്റെ രോഗത്തിന് വേഗേന ശമനമുണ്ടാകുമെന്നു പറയണം. ഇങ്ങനെ ആശ്വാസപൂർത്തിവചനമാകുന്നു.

വാ—രോഗഹേതുരുച്യതേ.

അ—രോഗഹേതു വചിക്കപ്പെടുന്നു.

സാ—രോഗമുണ്ടാകുന്നതിനുള്ള കാരണം ഇന്നതെല്ലാമാണെന്ന് താഴെ പറയുന്നു.

വാ—അത്രാപ്തവചനം.

അ—ഇവിടെ ആപ്തവചനം ഭവിക്കുന്നു.

സാ—രോഗഹേതു ചിന്തിക്കുന്ന വിഷയത്തിൽ തത്വദർശികളുടെ വചനത്തെ താഴെ കാണിക്കുന്നു.

ജന്മാന്തരകൃതം പാപം വ്യാധിരൂപേണ ജായതേ
തച്ഛാന്തിരൌഷധൈർദ്ദാനൈർജ്ജപഹോമാർച്ചനാദിഭിഃ. ൨൯

അ—ജന്മാന്തരകൃതമായ പാപം വ്യാധിരൂപത്തോടുകൂടെ ജനിക്കുന്നു. തച്ഛാന്തി ഔഷധങ്ങൾകൊണ്ടും ദാനങ്ങൾകൊണ്ടും ജപഹോമാർച്ചനാദികൾകൊണ്ടും ഭവിക്കുന്നു.

സാ—കഴിഞ്ഞ ജന്മങ്ങളിൽ ചെയ്തിട്ടുള്ള പാപകർമ്മത്തിന്റെ ഫലം ഈ ജന്മത്തിൽ വ്യാധിരൂപമായി തീർന്നിട്ട് മനുഷ്യരെ അനുഭവിപ്പിക്കുന്നു. അതുകൊണ്ട് പാപശാന്തിവരാതെ രോഗശമനമുണ്ടാകുന്നതല്ല. അതിനാൽ ഔഷധസേവയും പൂർവ്വവിധിപോലെ ദാനംചെയ്യുക. മന്ത്രജപം നടത്തുക ഹോമം നടത്തുക ദേവപൂജ ചെയ്യുക മുതലായ പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതാണ്.

രോഗാജ്ജന്മാന്തരാഘൈരിഹ ച ബഹുധയാ കല്പ്യതേ രോഗഹേതു-
ർദ്ദൃഷ്ടാദ്വാ ഗ്രഹഗതിവശാദ്വാതപിത്താദികോപാത്
ഏതത്ത്രൈവിധ്യമുദിതം പ്രായശഃ സ്വീയപാപൈ-
ർഭോഗാല്പത്വം ഭവതി ഹി നൃണാം ഹേതുരേകസ്ത്രിധാ സ്യാത്.

അ—ഇവിടെ രോഗങ്ങൾക്ക് രോഗഹേതുർദൃഷ്ടാദ്വാ ഹേതുവായും ഗ്രഹഗതിവശം ഹേതുവായും വാതപിത്താദികോപം ഹേതുവായും പലപ്രകാരം കല്പിക്കപ്പെടുന്നു. ത്രിവിധമായി ഉദിതമായ ഇതു് പ്രായേണ തുല്യമാകുന്നു. സ്വീയപാപങ്ങളാകുന്ന ഒരു തന്നെ നൃണാം മൂന്നുപ്രകാരമുള്ള രോഗോല്പത്തിക്കു ഹേതുവായി ഭവിക്കുന്നു.

സാ—സാധാരണ രോഗമുണ്ടാകുന്നതിനുള്ള കാരണം പലതരത്തിൽ പറയപ്പെടുന്നു. ബാഹ്യോപദ്രവംകൊണ്ടും ഗ്രഹങ്ങളുടെ അനിഷ്ടസ്ഥാനങ്ങളിലെ സഞ്ചാരംകൊണ്ടും ത്രിദോഷകോപംകൊണ്ടും ഉണ്ടാകുന്നു എന്നാണ് ഗ്രഹിക്കുന്നതു്. രോഗമുണ്ടാകുന്നതിനു പറഞ്ഞിട്ടുള്ള ഈ മൂന്നു കാരണങ്ങളും മിക്കവാറും പരമാർത്ഥംതന്നെയാണ്. എങ്കിലും തന്റെ ജന്മാന്തരത്തിൽ സമ്പാദിക്കപ്പെട്ട പാപംതന്നെയാണ് ഇതിന്റെ പ്രധാന കാരണം. ആ പാപം മേൽപ്പറഞ്ഞ മൂന്നു രൂപത്തിലും പ്രത്യക്ഷപ്പെടുന്നു എന്നുമാത്രമേയുള്ളു. അതിനാൽ രോഗഹേതു ജന്മാന്തരാർജ്ജിതമായ പാപംതന്നെയാകുന്നു.

ദൃഷ്ടേ ചാരേ ഗ്രഹാണാം ഭവതി തദനുഗതാം പീഡനം ദുർഗ്രഹാണാം
ജായന്തേ തേന ദോഷത്രിതയചലനതസ്തദ്ഭവാ വ്യാധിഭേദാഃ.
സർവ്വേഷാമേവ തേഷാം ഖലു നിജദുരിതം പ്രാക്തനം ഹേതുരേകഃ
പ്രായശ്ചിത്തഞ്ച തത്തൽ കഥിതമപി ചികിത്സാസ്തു രോഗോപശാ-
ന്ത്യൈ—ഇതി. ൧൭

അ—ഗ്രഹങ്ങളുടെ ദൃഷ്ടമായ ചാരത്തിൽ തദനുഗതമായിട്ട് ദുർഗ്രഹങ്ങളുടെ പീഡനം ഭവിക്കുന്നു. അതു ഹേതുവായിട്ട് ദോഷത്രിതയചലനവും തദ്ഭവങ്ങളായ വ്യാധിഭേദങ്ങളും ഭവിക്കുന്നു. സർവ്വങ്ങളായ അതുകൾക്ക് പ്രാക്തനമായ നിജദുരിതംതന്നെ ഏകമായ ഹേതുവായി ഭവിക്കുന്നു. രോഗോപശാന്തിക്കായി തത്തൽകഥിതമായ പ്രായശ്ചിത്തവും ചികിത്സയും ഭവിക്കട്ടെ.

സാ—സൂര്യൻ മുതലായ ഗ്രഹങ്ങൾ അനിഷ്ടങ്ങളായ സ്ഥാനങ്ങളിൽ സഞ്ചരിക്കുന്നകാലം മനുഷ്യർക്കു രോഗോപദ്രവികളായ ദുർബാധകളുടെ ഉപദ്രവം ഉണ്ടാകും. അതിനാൽ ത്രിദോഷങ്ങൾ കോപിക്കും. ത്രിദോഷകോപംനിമിത്തം ഓരോ രോഗങ്ങളും വന്നുകൂടും. ഈ സർവ്വങ്ങളായ രോഗങ്ങളുടെ കാരണം കഴിഞ്ഞ ജന്മങ്ങളിൽ ചെയ്തിട്ടുള്ള ദുരിതംതന്നെയാണ്. അതുകൊണ്ടു രോഗത്തിനു കാരണമായ പാപത്തെ നശിപ്പിക്കാതെ കാർയ്യമായ രോഗം ശമിക്കയില്ല. അതുകൊണ്ടു വിധിപ്രകാരമുള്ള പ്രായശ്ചിത്തംചെയ്തു പാപശമനം വരുത്തിട്ടു രോഗശാന്തിക്കു മരുന്നും ചികിത്സിക്കേണ്ടതാണ്. ഇങ്ങനെ ആപ്തവചനം.

പാപഭേദാശ്ച തൽപ്രായശ്ചിത്തഭേദാശ്ച വിസ്തരാൽ
സായണേനോദിതാഃ കർമ്മവിപാകഗ്രന്ഥ ആത്മനഃ. ൧൮

അ—പാപഭേദങ്ങളും തൽപ്രായശ്ചിത്തഭേദങ്ങളും സായണനാൽ കർമ്മവിപാകമെന്ന തന്റെ ഗ്രന്ഥത്തിൽ വിസ്തരിച്ച് ഉദിതങ്ങളായി ഭവിക്കുന്നു.

സാ—കർമ്മവിപാകം എന്ന ഒരു ഗ്രന്ഥം സായണാചാർയ്യൻ നിർമ്മിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ ഓരോ വ്യാധികൾക്കും പ്രത്യേകമുള്ള കാരണങ്ങളേയും അതിന്റെ ശാന്തിക്കുവേണ്ടി അനുഷ്ഠിക്കേണ്ട പ്രായശ്ചിത്തങ്ങളേയും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

രാജയക്ഷ്മാദിരോഗാണാം ബ്രഹ്മഹത്യാദികാരണം
വസ്ത്രദാനാദികം പ്രായശ്ചിത്തം തദ്ദിശിതീരിതം. ൧൯

അ—രാജയക്ഷ്മാദിരോഗങ്ങൾക്കുള്ള കാരണം ബ്രഹ്മഹത്യാദിയും പ്രായശ്ചിത്തം വസ്ത്രദാനാദികവും ആകുന്നു. തദ്ദിക്ക് ഇപ്രകാരം ഈരിതമായി.

സാ—രാജയക്ഷ്മാവു മുതലായ വ്യാധികൾക്ക് ബ്രഹ്മഹത്യ തുടങ്ങിയുള്ള പാപകൎമ്മം കാരണങ്ങളാകുന്നു. വസ്ത്രം സ്വൎണ്ണം മുതലായവയെ ദാനം ചെയ്യുന്നതു് പ്രായശ്ചിത്തമാകുന്നു. കൎമ്മവിപാകത്തിൽ കാരണവും പ്രായശ്ചിത്തവും വിധിക്കുന്ന രീതി അറിയുന്നതിനുവേണ്ടി ഇവ ഒരു ഭാഗം ഉദാഹരണമായി ഇവിടെ പറഞ്ഞതാണു്.

കൎമ്മവിപാകം വക്ഷ്യാമ്യദ്ധ്യായേഽസ്മിൻ ഖലു ത്രയോവിംശേ
ജ്ഞാത്വാ തസ്മാത്തത്പ്രായശ്ചിത്തം വിധീയതാം തജ്ജ്ഞൈഃ. ൩൪

അ—ഇതിൽതന്നെ ത്രയോവിംശമായ അദ്ധ്യായത്തിൽ കൎമ്മവിപാകത്തെ വചിക്കുന്നുണ്ടു്. അതിൽനിന്നു് അറിഞ്ഞു് തജ്ജ്ഞന്മാർ അതാതു പ്രായശ്ചിത്തം വിധിക്കപ്പെടണം.

സാ—ഈ ഗ്രന്ഥത്തിൽ ഇരുപത്തിമൂന്നാം അദ്ധ്യായത്തിൽ കൎമ്മവിപാകം പറയപ്പെടുന്നുണ്ടു്. അതു നോക്കി രോഗങ്ങൾക്കുള്ള കാരണങ്ങളും അതിന്റെ ശമനത്തിനുള്ള പ്രായശ്ചിത്തവും അറിഞ്ഞു് അതു് ചെയ്യണമെന്നു പറയണം.

ഔഷധം പഥ്യമാഹാരം തൈലാഭ്യംഗം പ്രതിശ്രയം
രോഗിഭ്യഃ ശ്രദ്ധയാ ദദ്യാദ് രോഗീ രോഗവിമുക്തയേ. ൩൫

അ—ഔഷധത്തെയും പഥ്യമായ ആഹാരത്തെയും തൈലാഭ്യംഗത്തെയും പ്രതിശ്രയത്തെയും രോഗവിമുക്തിക്കായി രോഗി രോഗികൾക്കായി ശ്രദ്ധയോടുകൂടി ദാനം ചെയ്യണം.

സാ—രോഗമുള്ളവർ മറ്റു രോഗികൾക്കു് അവരുടെ രോഗത്തിനനുകൂലമായ മരുന്നും എണ്ണ കളിൽ തൈലം മുതലായവ വളരെ ആദരവോടുകൂടി കൊടുത്താൽ തങ്ങളുടെ രോഗങ്ങൾക്കു ശമനമുണ്ടാകും.

മൃത്യുഞ്ജയഹവനം ഖലു സൎവ്വേഷാം ശാന്തയേ വിധേയം സ്യാത്
സൎവ്വേഷ്വപി ഹോമേഷു ബ്രാഹ്മണഭുക്തിസ്തഥാപ്യുപചാരഃ.

അ—സൎവ്വരോഗങ്ങളുടെയും ശാന്തിക്കായി മൃത്യുഞ്ജയഹവനം വിധേയമാകുന്നു. അപ്രകാരം സൎവ്വങ്ങളായ ഹോമങ്ങളിലും ബ്രാഹ്മണഭുക്തി വിധേയമാകുന്നു. അപ്രകാരം അപൂപവചസ്സു ഭവിക്കുന്നു.

സാ—മൃത്യുഞ്ജയഹോമം നടത്തുന്നതു് എല്ലാ രോഗങ്ങളുടെയും ശമനത്തിനു് വളരെ വിശേഷമായിട്ടുള്ളതാണു് ഏതു ഹോമം നടത്തുമ്പോഴും ബ്രാഹ്മണഭോജനംകൂടി നടത്തേണ്ടതാണു്. ഇങ്ങിനെ തന്ത്രശാസ്ത്രികൾ പറയുന്നു.

തീവ്രജ്വരാഭിചാരാദിശാന്തിദം ഹവനം മതം
മൃത്യുഞ്ജയാഖ്യമന്ത്രേണ നൈവ കേവലമായുഷേ. ൩൬

അ—മൃത്യുഞ്ജയാഖ്യമന്ത്രംകൊണ്ടുള്ള ഹവനം തീവ്രജ്വരാഭിചാരാദിശാന്തിദമെന്നു മതമാകുന്നു. ആയുസ്സിനായിക്കൊണ്ടു് മാത്രമല്ല.

സാ—മൃത്യുഞ്ജയഹോമം നടത്തിയാൽ ജ്വരം മുതലായ മഹാരോഗങ്ങളും ആഭിചാരം മുതലായ ബാധകളും ശമിക്കുന്നതാണു്. അല്ലാതെ ആ ഹോമം ആയുസ്സിന്റെ രക്ഷയ്ക്കുമാത്രം ഉള്ളതല്ല.

തീവ്രജ്വരേ തീവ്രതരാഭിചാരേ
ഉന്മാദകേ ദാഹഗദേ ച മോഹേ
തനോതി ശാന്തിം നചിരേണ ഹോമഃ
സഞ്ജീവനാഖ്യോഽഷ്ടസഹസ്രസംഖ്യഃ. ൩൭

അ—തീവ്രജ്വരത്തിലും തീവ്രതരാഭിചാരത്തിലും ഉന്മാദകമായ ദാഹഗദത്തിലും മോഹത്തിലും അഷ്ടസഹസ്രസംഖ്യമായി സഞ്ജീവനമായ ഹോമം ഉടനെ ശാന്തിയെ ചെയ്യും.

സാ—മൃത്യുഞ്ജയമന്ത്രം ആവർത്തിച്ചിട്ട് മന്ത്രം ജപിച്ച് ഹോമം നടത്തിയാൽ കഠിനമായ ജ്വരവും നിഷ്ഠുരമായ ആഭിചാരദോഷവും മറ്റും തീരുകയും ആരോഗ്യവും വേഗേന ലഭിക്കുന്നതാണ്.

ശാന്തികേ പൌഷ്ടികേ ചാപി വശീകരണകർമ്മണി
ഘൃതസംഖ്യാസമാനം സ്യാദുത്തമം ദ്വിജഭോജനം. ൯൮

അ—ശാന്തികമായും പൌഷ്ടികമായും വശീകരണകർമ്മമായും ഇരിക്കുന്ന ഹവനത്തിൽ ഘൃതസംഖ്യാസമാനമായ ദ്വിജഭോജനം ഉത്തമമായി ഭവിക്കും.

സാ—ജ്വരം മുതലായുള്ള രോഗങ്ങളുടെ ശമനത്തിന്നുവേണ്ടിയോ സന്താനാദികളുടെ പുഷ്ടിക്കുവേണ്ടിയോ ആരെയെങ്കിലും വശീകരിക്കുന്നതിന്നായോ ഹോമം നടത്തിയാൽ ആഹുതിസംഖ്യ എത്രയാണോ അത്രയും ബ്രാഹ്മണർക്ക് വിധിപ്രകാരം ഭക്ഷണം കൊടുക്കുന്നത് വളരെ നല്ലതാകുന്നു. ഇങ്ങിനെ അനുഷ്ഠിക്കണം.

വാ—ഉക്തരോഗാദിനിരൂപണവിഷയം.

അ—ഇങ്ങ് രോഗാദിനിരൂപണവിഷയമാകുന്നു.

സാ—ഇവിടെ പറഞ്ഞിട്ടുള്ള രോഗങ്ങളുടേയും അതിന്റെ പ്രതിവിധികളുടേയും ഭാവം കഴിച്ചുവത്രെ.

ഇതി പ്രശ്നമാർഗ്ഗേ ത്രയോദശോദ്ധ്യായഃ.
ഇങ്ങിനെ പ്രശ്നമാർഗ്ഗം പതിമൂന്നാം അദ്ധ്യായം അവസാനിച്ചു.

അഥ ചതുർദ്ദശാദ്ധ്യായപ്രാരംഭഃ.

വാ—അഥ ഭാവാ നിരൂപ്യന്തേ.

അ—അനന്തരം ഭാവങ്ങൾ നിരൂപിക്കപ്പെടുന്നു.

സാ—ഇനി ലഗ്നം മുതലായുള്ള ഭാവങ്ങളെ ചിന്തിക്കേണ്ട രീതി പറയപ്പെടുന്നു.

വാച്യാഃ സുതാദയോ ഭാവാഃ പരോക്ഷസ്യാപി പൃച്ഛതഃ
സ്വവചാംസ്തു വയോ ജ്ഞാത്വാ യതസ്തദപി കഥ്യതേ. ൧

അ—പരോക്ഷനായാലും പൃച്ഛനായവന്റെ സുതാദികളായ ഭാവങ്ങൾ വാച്യങ്ങളാകുന്നു. യാതൊന്ന് ഹേതുവായിട്ട് അവ്വണ്ണം വയസ്സിനെ അറിഞ്ഞിട്ട് സ്വവചങ്ങളായി ഭവിക്കുന്നു. അതു ഹേതുവായിട്ട് അതും കഥിക്കപ്പെടുന്നു.

സാ—പ്രഷ്ടാവിനെ കാണാത്തതിനാൽ പ്രഷ്ടാവിന്റെ വയസ്സ് അറിയുന്നതിന്നു ദൈവജ്ഞനു സാധിക്കാതെ പോയാലും പ്രഷ്ടാവിന്റെ സന്താനഫലം മുതലായ ഭാവങ്ങൾ പറയേണ്ടതാണ്. അതിന്ന് പ്രഷ്ടാവിന്റെ വയസ്സെത്രയാണെന്ന് ആദ്യമായി അറിയേണ്ടതുണ്ട്. അതുകൊണ്ട് പ്രശ്നംകൊണ്ട് പ്രഷ്ടാവിന് ഇത്ര വയസ്സ് പ്രായമുണ്ടെന്ന് അറിയാനുള്ള രീതിയെ കാണിക്കുന്നു.

ലഗ്നാംശേ ക്ഷിതിജേ ച ബാലവഹിമഗൌ ഭാനോ പഞ്ചസംവത്സരാഃ
പൂർണ്ണാഃ പ്രഷ്ടുരഥേന്ദുജേ ദ്വിഗുണിതേ ഷട്സംയുതാ വാ ഭവേ
ത്രിംശദ്ദേവഗുരൌ ഭവേച്ച ഭൃഗുജേ ശൈലാബ്ധി വൃദ്ധോധവാ
പ്രഷ്ടാ വൃദ്ധതരോർക്കജേ ഫണിനി വാ ചൈഷാം തദൈക്യോ-
ദയേ—ഇതി.

അ—കുളിരിയനും ബാലചന്ദ്രനും ലഗ്നഗനായിരിക്കുമ്പോൾ പ്രഷ്ടാവിന് അഞ്ചു സംവത്സരങ്ങളും ഇതുപോലെ ലഗ്നഗനായിരിക്കുമ്പോൾ എട്ടു സംവത്സരങ്ങളും ശുക്രൻ ലഗ്നഗനായിരിക്കുമ്പോൾ ഷട്സംഖ്യകളായ പന്ത്രണ്ടു സംവത്സരങ്ങളും ദേവഗുരു ലഗ്നഗനായിരിക്കുമ്പോൾ പതിനാറു സംവത്സരങ്ങളും രവിയും പൂർണ്ണചന്ദ്രനും ലഗ്നഗനായിരിക്കുമ്പോൾ ശേഷങ്ങളായി രാശിസംഖ്യകളായ സംവത്സരങ്ങളും പൂർണ്ണങ്ങളായി വരികയില്ല. അതുപോലെ ശനിയോ ലഗ്നഗനായിരിക്കുമ്പോൾ പ്രഷ്ടാവ് വൃദ്ധനായി വരികയും. ഇവയുടെ ഉദയത്തിലും അപ്രകാരം തന്നെ.

സാ—ചൊവ്വായും ബാലചന്ദ്രനും ലഗ്നാധിപന്മാരായാലും അവർ ലഗ്നത്തിൽ നിന്നാലും പ്രഷ്ടാവിന് അഞ്ചുവയസ്സ് പൂർത്തിയായില്ല എന്നു പറയണം. ചന്ദ്രൻ കറുത്തവാവ് കഴിഞ്ഞ് ഉദിച്ചാൽ വെളുത്ത പഞ്ചമിവരെ ബാലനാകുന്നു. ബുധൻ ലഗ്നാധിപനായാലും ബുധൻ ലഗ്നത്തിൽ നിന്നാലും പ്രഷ്ടാവിന് എട്ടുവയസ്സ് തികഞ്ഞിട്ടില്ല എന്നു പറയണം. അഞ്ചുവയസ്സ് കഴിഞ്ഞു എന്നു സിദ്ധിക്കുമല്ലോ. ശുക്രൻ ലഗ്നാധിപനായി വരികയോ ശുക്രൻ ലഗ്നത്തിൽ വരികയോ ചെയ്താൽ പ്രഷ്ടാവിന് പതിനാറുവയസ്സ് പൂർണ്ണമായിട്ടില്ല എന്നും, വ്യാഴം ലഗ്നാധിപനായി വരികയോ ലഗ്നത്തിൽ നില്ക്കുകയോ ചെയ്താൽ മുപ്പതുവയസ്സ് പൂർണ്ണമായിട്ടില്ല എന്നും, ആദിത്യനോ പൂർണ്ണചന്ദ്രനോ ലഗ്നാധിപന്മാരാകുകയോ ലഗ്നത്തിൽ വരികയോ ചെയ്താൽ എഴുപതു വയസ്സ് പൂർണ്ണമായിട്ടില്ല എന്നും, ശനി ലഗ്നാധിപനായാലും ശനിയും രാഹുവും ലഗ്നത്തിൽ നിന്നാലും പ്രഷ്ടാവ് ഏറ്റവും വൃദ്ധനാണെന്നും അതായത് എഴുപതു വയസ്സിനുമേൽ പ്രായമുണ്ടെന്നും പറയണം. കൃഷ്ണപക്ഷത്തിലെ ഷഷ്ഠിമുതൽ കറുത്തവാവുവരെയുള്ള ചന്ദ്രൻ വൃദ്ധനാണ്. ഇവിടെ ബാലചന്ദ്രനെക്കൊണ്ട് അഞ്ചുവയസ്സും വൃദ്ധചന്ദ്രനെക്കൊണ്ട് എഴുപതു വയസ്സുമാണല്ലോ പറഞ്ഞിട്ടുള്ളത്. അപ്രകാരം ബാലത്വത്തോടെയും വൃദ്ധത്വത്തോടെയും മദ്ധ്യംകൊണ്ട് മദ്ധ്യവയസ്സിനേയും ഊഹിക്കാം. ഇതുപോലെ മറ്റുള്ള ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള വയസ്സിന്റെ ഏറ്റക്കുറച്ചിലുകളും ഊഹിക്കേണ്ടതാണ്. എങ്ങിനെയെന്നാൽ ചൊവ്വായ്ക്കു മുതൽ അഞ്ചുവയസ്സുവരെ പറയാം. ചൊവ്വ അതിബാലനാണെങ്കിൽ പ്രസവിച്ചിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളു എന്നും പൂർണ്ണബലവാനായോ മൌഢ്യം അടുത്തിരിക്കയോ ചെയ്യുന്നു എങ്കിൽ അഞ്ചുവയസ്സു തികയാറായിരിക്കുന്നു എന്നും ഇതിന്റെ മദ്ധ്യാവസ്ഥയുടെ താരതമ്യമനുസരിച്ച് ഇതിനുള്ളിലുള്ള വയസ്സുകളുടെ നിർണ്ണയവും ചെയ്തുകൊള്ളണം. കൂടാതെ,

> ഏകർക്ഷഗോ(?)ഽഥവാപ്യേത്യ ദോതി ഉ സപ-
> ഗ്ര്യംശം ത്രികോണാദ്ഗ്രഹഗോഃസ്വർഗോഃ സപരാംശം
> പാദം ഫലസ്യ ചതുരശ്രഗതസ്സ്വഹോരാ-
> ദ്ധ്യേപരം പരസ്പരഗതാഃ പരിപാചയന്തി.

ഇത്യാദി വചനങ്ങളുടെ സാരമനുസരിച്ച് മറ്റു ഗ്രഹങ്ങളുടെ യോഗം, ദൃഷ്ടി, കേന്ദ്രത്രികോണങ്ങളിലെ സ്ഥിതി മുതലായവകൊണ്ട് അതിന്റെ അവസ്ഥയെ അല്പം ഭേദപ്പെടുത്തണമെന്നു കാണുന്നു. അതനുസരിച്ച് ലഗ്നാധിപൻ ലഗ്നത്തിൽ നില്ക്കുന്ന ഗ്രഹം ഇവരോട് മേൽപറഞ്ഞപ്രകാരം ബന്ധമുള്ള ഗ്രഹങ്ങളെക്കൊണ്ടുകൂടി വയസ്സിനെ നിർണ്ണയിക്കുന്ന ഘട്ടത്തിൽ വയസ്സിന്റെ നിർണ്ണയത്തെ ചെയ്തുകൊള്ളണം. അല്ലാതെ ഉദയത്തെയും ലഗ്നാധിപത്യത്തെയും മാത്രം അടിസ്ഥാനമാക്കി വയസ്സു നിർണ്ണയിക്കരുത്.

ദേഹസ്യ സൌഖ്യം സ്വാസ്ഥ്യം സ്ഥിതിഃ ശ്രേയോ യശസ്സുഖം
ജയോ വപുശ്ച തൽ സർവ്വം ചിന്തനീയം വിലഗ്നതഃ. ൩

അ—ദേഹത്തിന്റെ സൌഖ്യവും സ്വാസ്ഥ്യവും സ്ഥിതിയും ശ്രേയസ്സും യശസ്സും സുഖവും ജയവും വപുസ്സും ആകുന്ന ആ സർവ്വവും വിലഗ്നംകൊണ്ടു ചിന്തനീയമാകുന്നു.

സാ—ലഗ്നാദിയായ പന്ത്രണ്ടു ഭാവങ്ങളെക്കൊണ്ട് പ്രഷ്ടാവിന്റെ ഇന്നിന്ന സംഗതികളെയാണ് ചിന്തിക്കേണ്ടത് എന്നു പറയുന്നു.

ഇവിടെ ലഗ്നഭാവംകൊണ്ട് ശരീരത്തിന്റെ നന്മയേയും ആരോഗ്യത്തെയും ദേഹത്തിന്റെ അവസ്ഥയേയും ശ്രേയസ്സിനേയും കീർത്തിയേയും സുഖാവസ്ഥയേയും ലഗ്നത്തിന്റെ പ്രവൃത്തി മുതലായ കർമ്മങ്ങളിലുള്ള ജയത്തേയും വിചാരിക്കണം. കൂടാതെമാനം

ത്ത്യത്തെയും ശിരസ്സിനേയും അതു ഭാവത്തിലുള്ള അവസ്ഥകളേയും കൂടി ലഗ്നംകൊണ്ടു വിചാരിക്കേണ്ടതാണ്". "ലഗ്നം - ഹോരാകല്യദേഹോദയോദ്യൽപ്രഥമം ശീർഷം വർത്തമാനഞ്ച" ഇത്യാദി അനേക വചനങ്ങൾ ഭാവാദിവയങ്ങളായി കാണുന്നു. വിസ്തരഭയം നിമിത്തം അവയെ ഇവിടെ കാണിക്കേണമെന്നു വിചാരിക്കുന്നില്ല.

കർത്തവ്യമഖിലം വിത്തം വാണീ ചക്ഷുശ്ച ദക്ഷിണം
വിദ്യാ ച വിവിധാപ്യേതത് സർവ്വം ചിന്ത്യം ദ്വിതീയതഃ. ൭

അ—കർത്തവ്യമായ അഖിലവും വിത്തവും വാണിയും ദക്ഷിണമായ ചക്ഷുസ്സും വിവിധകളായ വിദ്യകളും ആകുന്ന ഈ സർവ്വവും ദ്വിതീയംകൊണ്ടു ചിന്ത്യമാകുന്നു.

സാ—താൻ രക്ഷിക്കേണ്ടതായ എല്ലാറ്റിനേയും ധനത്തേയും വാക്കിനേയും വലത്തെ കണ്ണിനേയും പലതുകളുമായ വിദ്യകളേയും രണ്ടാംഭാവംകൊണ്ട് ചിന്തിക്കേണ്ടതാണ്. മനസ്സ് അന്നപാനാദി എഴുത്തുപത്ത് മുതലായ സംഗതികൾ ഇവകളുംകൂടി രണ്ടാംഭാവംകൊണ്ടു വിചാരിക്കേണ്ടതാണെന്ന് "വിത്തം വിദ്യാസ്വന്നപാനാദിഭുക്തിം ദക്ഷാക്ഷ്യാസ്യം പത്രികാവാക് കുടുംബം" എന്നുള്ള വചനംകൊണ്ടു കാണുന്നു.

ധൈര്യം വീര്യഞ്ച ദുർബ്ബുദ്ധിഃ സഹോദരപരാക്രമൌ
ദക്ഷകർണ്ണസഹായൌ ച ചിന്തനീയാസ്തൃതീയതഃ. ൮

അ—ധൈര്യവും വീര്യവും ദുർബ്ബുദ്ധിയും സഹോദരപരാക്രമങ്ങളും ദക്ഷകർണ്ണസഹായങ്ങളും തൃതീയംകൊണ്ടു ചിന്തനീയമായി ഭവിക്കുന്നു.

സാ—ധൈര്യത്തേയും ഉത്സാഹശീലത്തേയും ദുർബ്ബുദ്ധിയേയും സഹോദരന്മാരേയും പരാക്രമത്തേയും വലത്തെ ചെവിയേയും സഹായത്തേയും മൂന്നാംഭാവംകൊണ്ട് ചിന്തിക്കേണ്ടതാണ്. കൂടാതെ ദാസിദാസന്മാരേയും സൈന്യബലത്തേയും ഈ ഭാവംകൊണ്ടുതന്നെ വിചാരിക്കേണ്ടതാണെന്ന് "ദുശ്ചിക്യം ഭ്രാതൃകർണ്ണപ്രയാണസ്നാനം ധൈര്യം ശൌര്യം വിക്രമം ഭ്രാതരശ്ച" ഇത്യാദി വചനംകൊണ്ടു കാണുന്നു.

മാതാ സുഹൃന്മാതുലഭാഗിനേയൌ
ക്ഷേത്രം സുഖം വാഹനമാസനഞ്ച
ലാളിത്യമംഭശ്ശയനഞ്ച വൃദ്ധിഃ
പശ്വാദികം വേശ്മ ഗൃഹാൽ ചതുർത്ഥാൽ. ൯

അ—മാതാവും സുഹൃത്തും മാതുലഭാഗിനേയന്മാരും ക്ഷേത്രവും സുഖവും വാഹനവും ആസനവും ശയനവും വൃദ്ധിയും പശ്വാദികളും വേശ്മവും ചതുർത്ഥമായ ഗൃഹത്തെ ആശ്രയിച്ച് ചിന്തനീയമാകുന്നു.

സാ—മാതാവ്, ബന്ധുക്കൾ, മാതുലന്മാർ, മരുമക്കൾ കൃഷിഭൂമി അഥവാ ദേവാലയം സുഖം വാഹനം അതായത് ആന കുതിര തേര് മുതലായവ പീഠം കസേര മുതലായ ആസനങ്ങൾ പരിശുദ്ധത ശയനസ്ഥാനം അഭിവൃദ്ധി പശുക്കൾ മുതലായ നാല്ക്കാലികൾ തന്റെ ഗൃഹം ഇവകളെക്കുറിച്ച് നാലാംഭാവംകൊണ്ട് ചിന്തിക്കേണ്ടതാണ്. കൂടാതെ ഈ ഭാവംകൊണ്ടുതന്നെ വിദ്യയേയും മഹിമയേയും സുഗന്ധവസ്ത്രഭൂഷണാദികളേയും പാതാളത്തേയും സമുദ്രം നദി നിധി ഇവകളേയും ചിന്തിക്കേണ്ടതാണെന്ന് "ഗേഹം ക്ഷേത്രം മാതുലം ഭാഗിനേയം ബന്ധും മിത്രം വാഹനം മാതരഞ്ച രാജ്യം ഗോമഹിഷ സുഗന്ധവസ്ത്രഭൂഷാ പാതാളം ഹിബുകസുഖാംബുസേതുനദ്യഃ" എന്ന വചനംകൊണ്ടു കാണുന്നു.

പ്രജ്ഞാ മേധാ പ്രതിഭാ വിവേകശക്തിഃ പുരാതനം പുണ്യം
മന്ത്രാമാത്യതനൂജാഃ പഞ്ചമതസ്സൗമനസ്യമപി ചിന്ത്യം. ൧൦

അ—പ്രജ്ഞയും മേധയും പ്രതിഭയും വിവേകശക്തിയും പുരാതനമായ പുണ്യവും മന്ത്രാമാത്യതനൂജന്മാരും സൌമനസ്യവും പഞ്ചമംകൊണ്ടു ചിന്ത്യമാകുന്നു.

സാ—ബുദ്ധിയും ധാരണാശക്തിയും പ്രതിഭയും—പ്രതിഭാ അപ്പോഴപ്പോഴം വേണ്ടിയാം യുക്തിയുക്തമായ വിധത്തിൽ മുൻകൂട്ടത്തെ ജനിപ്പിക്കുന്ന ബുദ്ധിയുടെ ഒരു വിശേഷഗുണമാകുന്നു. ഗുണദോഷങ്ങളെ തിരിച്ചറിവാനുള്ള സാമർത്ഥ്യം പൂർവ്വജന്മത്തിൽ സമ്പാദിച്ചിട്ടുള്ള പുണ്യഫലങ്ങളുടെ നില കാര്യാലോചനാമന്ത്രിമാർ പുത്രന്മാർ സുഹൃത്തുക്കൾ ഇവയെല്ലാം അഞ്ചാംഭാവംകൊണ്ട് വിചാരിക്കേണ്ടവയാണ്. രാജചിഹ്നവും കപ്പവും ഭാവികാര്യവും—അദ്ഭുതമായ മനഃസ്ഥിതി മുതലായവ, വയറും ചെവിയും ഓർമ്മയും കൂടി ഇതു ഭാവംകൊണ്ട് വിചാരിക്കേണ്ടതാണെന്ന് "രാജാംഗം സചിവകരാത്മധീരവിദ്യാർത്ഥതാനാത്മജസുതമാതൃതിസ്മൃതിശ്ച" എന്ന ഭാവംകൊണ്ട് കാണുന്നു.

തസ്കരാരാതിവിഘ്നാധിവ്യാധയശ്ച തദക്ഷതിഃ
ഋണം വാരിശത്രുണാ ചിന്തനീയം ഹി ഷഷ്ഠതഃ. ൬

അ—തസ്കരാരാതിവിഘ്നാധിവ്യാധികളും തദക്ഷതിയും ഋണവും ശത്രുക്കളും ആറാംഭാവത്തിൽനിന്നു ചിന്തനീയമായി ഭവിക്കുന്നവയല്ലോ.

സാ—കള്ളന്മാർ ശത്രുക്കളെ വിഘ്നങ്ങളെ മനോവ്യസനത്തെ രോഗങ്ങളെ ശരീരത്തിലുള്ള മുറിവു ചതവു മുതലായ പരുക്കുകളെ ശത്രുവിന്റെ ആയുധാദികളിൽനിന്നുള്ള മരണത്തെ ഇവകളെയെല്ലാം ആറാംഭാവംകൊണ്ടാണ് വിചാരിക്കേണ്ടത്. ജ്ഞാതിവർഗ്ഗത്തെയും കടത്തെയും യുദ്ധത്തെയും ദുഷ്കൃതത്തെയും ഭയത്തെയും അപമാനത്തെയും കൂടി ഇതു ഭാവംകൊണ്ടു വിചാരിക്കേണ്ടതാണെന്ന് "ജ്ഞാത്യന്തകശത്രുക്ഷതരോഗശങ്കാർത്തിവിഘ്നഭീതിദുഷ്കൃത്യവശങ്കാഃ" എന്ന ഭാഗംകൊണ്ടു സൂചിപ്പിക്കുന്നു.

വിവാഹമന്നാലോകശ്ച ഭർത്തൃസമാഗമഃ
ശയ്യാസ്ത്രീസ്തനസ്പർശമൈഥുനാന്യപി സപ്തമാത്. ൭

അ—വിവാഹമന്നാലോകവും ഭർത്തൃസമാഗമങ്ങളും ശയ്യാസ്ത്രീസ്തനസ്പർശമൈഥുനങ്ങളും സപ്തമത്തിൽനിന്നു ചിന്ത്യമാകുന്നു.

സാ—വിവാഹം കാമവികാരം ഭർത്താവു ഭാര്യാ ഭർത്താവു് പൊറുക്ക വരിക എന്നതു് ശയനസാധനങ്ങൾ ഭാര്യയുടെ വീടു് അതുപോലെ വസ്തുക്കൾ സംയോഗം ഇവയെല്ലാം ഏഴാംഭാവംകൊണ്ടും വിചാരിച്ചറിയേണ്ടതാണ്. പുരുഷനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏഴാംഭാവംകൊണ്ടു് ഭാര്യയേയും സ്ത്രീയെക്കുറിച്ചു പ്രശ്നം ചിന്തിക്കുമ്പോൾ ഏഴാംഭാവംകൊണ്ടു ഭർത്താവിനേയും അതുപോലെതന്നെ അവരുടെ മരണത്തെയും വിചാരിച്ചു കൊള്ളണം. കൂടാതെ ജനസമൂഹത്തെയും മാർഗ്ഗവിഭ്രംശത്തെയും മറ്റുംകൂടി ഏഴാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാണെന്ന് "ജാമിത്രചിത്തോത്ഥമദാസ്തകാമാൻ ദ്യൂനാദ്ധ്വലോകാൻപതിമാർഗ്ഗലോപ്യം" എന്ന ഭാഗംകൊണ്ടു കാണുന്നു.

സർപ്പഭ്രാന്താരാ വിപദോ ഽപവാദോ മരണപ്പ്രദേശോ മരണസ്യ മാരകം വൈദ്യശോകാശ്ച വിഘ്നാ വിചിന്തനീയാഃ രന്ധ്രമുഖേന. ൮

അ—സർപ്പഭ്രാന്താരവും വിപത്തുകളും അപവാദവും മരണത്തിന്റെ ഹേതുപ്രദേശങ്ങളും മാരകമായ വൈദ്യവും ശോകങ്ങളും വിഘ്നങ്ങളും അഷ്ടമംകൊണ്ടു ചിന്തനീയങ്ങളായി ഭവിക്കുന്നു.

സാ—എല്ലാ പദാർത്ഥങ്ങളുടേയും നാശത്തെക്കുറിച്ചു് അഷ്ടമംകൊണ്ടാണ് ചിന്തിക്കേണ്ടതു്. അതുപോലെതന്നെ ആപത്തുകൾ അന്യജനങ്ങളിൽനിന്നു കാരണമില്ലാതെ നിന്ദകൾ മരണത്തിനുള്ള ഹേതു മരണം സംഭവിക്കുന്ന പ്രദേശത്തിന്റെ അവസ്ഥ ഭൃത്യന്മാർ വെളിയിലുള്ള ഉപദ്രവങ്ങൾ രോഗങ്ങൾ കാര്യവിഘ്നങ്ങൾ ഇവകളെല്ലാം അഷ്ടമഭാവംകൊണ്ടാണ് വിചാരിക്കേണ്ടതു്. കൂടാതെ സ്ത്രീകളുടെ വിവാഹനിലനില്പും അശുചിയും പരിഭവവും ദുഃഖവും ഛിദ്രവും മറ്റുംകൂടി ഇതു ഭാവംകൊണ്ടുതന്നെയാണ് വിചാരിക്കേണ്ടതെന്ന് "മാംഗല്യരന്ധ്രമലിനാധിപരാഭവായുഃക്ലേശാപവാദമരണാശുചിവിഘ്നദാസാൻ" എന്ന ഭാഗംകൊണ്ടു സൂചിപ്പിക്കുന്നു.

ഭാഗ്യ [illegible]
[illegible] ശീല്യ [illegible].

അ—[illegible] വെച്ചിരിക്കുന്നു.

സാ—ഭാഗ്യം [illegible] പുണ്യം [illegible] കർമ്മം [illegible] വിചാരിക്കണം. കൂടാതെ [illegible] ഇവയും [illegible] ഭാവംകൊണ്ടുതന്നെയാണ് വിചാരിക്കേണ്ടതെന്ന്,

ആചാര്യദൈവതപിതൃൻ ഗുരുപൂജ്യാദ്യ-
പൂജാതപസ്സുകൃതവൈദികപാർശ്വവംശാൻ—എന്നും
ഇത്യാദി [illegible] ഭാഗ്യസിദ്ധിം
നവമഭവനാൽ. എന്നും ഉള്ള മതംകൊണ്ടു കാണണം.

ദേവാലയ നഗര സഭാ മാർഗ്ഗാലയ [illegible] സർവ്വകർമ്മാണി
ആജ്ഞാലംബന [illegible] സർവ്വം ചിന്ത്യം [illegible].

അ—ദേവാലയനഗരസഭാമാർഗ്ഗാലയസർവ്വകർമ്മങ്ങളും ആജ്ഞയും ആലംബനവും ആകുന്ന ഇതു സർവ്വവും ദശമംകൊണ്ടു ചിന്ത്യമായി വെച്ചിരിക്കുന്നു.

സാ—ദേവാലയം നഗരം സഭാ വഴിയമ്പലം ഇത്യാദി എല്ലാവിധത്തിലുമുള്ള കർമ്മങ്ങളും [illegible] ആശ്രയം ഇവയെല്ലാം പത്താംഭാവംകൊണ്ടു വിചാരിക്കേണ്ടതാണ്. കൂടാതെ [illegible] ഐശ്വര്യം [illegible] സൽകീർത്തി ആകാശം ജീവിതരീതി [illegible] ഇത്യാദികളും പത്താംഭാവംകൊണ്ടുതന്നെ വിചാരിക്കാവുന്നതാണെന്ന്,

"വ്യാപാര [illegible] കർമ്മയശസ്സൽകീർത്തിം [illegible] ജീവനം
[illegible]."
എന്ന മതംകൊണ്ടു കാണണം.

സർവ്വാർത്ഥാഗമ [illegible]
[illegible] ചിന്ത്യാ [illegible].

അ—സർവ്വാർത്ഥാഗമ [illegible] ചിന്ത്യമാകുന്നവയല്ലോ.

സാ—എല്ലാവിധത്തിലുമുള്ള [illegible] വിചാരിക്കേണ്ടതാണ്. കൂടാതെ [illegible] ഇവയും ഈ ഭാവംകൊണ്ടുതന്നെ വിചാരിക്കേണ്ടതാണെന്ന്,

[illegible]
[illegible] എന്ന മതംകൊണ്ടു കാണണം.

പാപം വ്യയം [illegible] നിരയം [illegible]
സ്ഥാനഭ്രംശ [illegible] ചിന്തയേൽ.

അ—പാപത്തെയും വ്യയത്തെയും പതനത്തെയും നിരയത്തെയും വാമമായ [illegible] സ്ഥാനഭ്രംശത്തെയും വൈകല്യത്തെയും [illegible] ചിന്തിക്കണം.

സാ—പാപം ചിലവ് വീഴ്ച നരകഗതി ഇടത്തെ കണ്ണ് സ്ഥാനഭ്രംശം അവയവങ്ങളുടെ വികലത ഇവ പന്ത്രണ്ടാംഭാവംകൊണ്ടാണ് വിചാരിക്കേണ്ടത്. കൂടാതെ

കാല്‌ ക്ഷയം ദാരിദ്ര്യം ശയനം ബന്ധനം ഇത്യാദികളെ കൂടിയും പന്ത്രണ്ടാംഭാവംകൊ
ണ്ട്‌ വിചാരിക്കേണ്ടതാണെന്ന്‌,

ശുഭാശുഭവ്രീഡാമനോവ്യയക്ഷയസ്വപ്നകാന്ത്യ-
ദാരിദ്ര്യപാദശയനാദ്യ ബന്ധനാൻ, എന്ന ഭാഗംകൊണ്ടു കാണുന്നു.

ചിന്ത്യം പാദക്രമണം ലഗ്നാച്ഛയനം ഹി ചതുർത്ഥതഃ
സപ്തമതോപവേശശ്ച ചിന്ത്യാ ദശമതഃ സ്ഥിതിഃ. ൪൩

അ—ലഗ്നത്തിൽനിന്നു പാദക്രമണവും ചതുർത്ഥത്തിൽനിന്നു ശയനവും സപ്തമംകൊണ്ടു ഉപവേശവും ചിന്ത്യമാകുന്നു. ദശമംകൊണ്ടു സ്ഥിതിയും ചിന്ത്യയാകുന്നു.

സ—സഞ്ചാരം ലഗ്നംകൊണ്ടും ശയനം നാലാംഭാവംകൊണ്ടും ഉപവേശം (ഇരിപ്പ്‌) ഏഴാംഭാവംകൊണ്ടും സ്ഥിതി (നില്പു) പത്താംഭാവംകൊണ്ടും വിചാരിക്കേണ്ടതാണ്‌.

ഹിബുകേനാംബുസലിലം നദ്യാഗമനം ഇതി സപ്തമേനൈവ
ദശമേന വൃഷ്ടിപതനം ബ്രൂയാദുദയേന തത്സ്ഥിതയം. ൪൪

അ—ഹിബുകംകൊണ്ട് അംബുസലിലത്തെയും സപ്തമംകൊണ്ടു നദ്യാഗമനത്തെയും ദശമംകൊണ്ടു വൃഷ്ടിപതനത്തെയും പറയണം. തത്സ്ഥിതിയെത്തന്നെ ഉദയംകൊണ്ടും പറയാം.

സ—തണ്ണീർപന്തൽ വെള്ളമുള്ളതായ കിണറ് കുളം മുതലായ ജലാശയങ്ങളെ നാലാംഭാവംകൊണ്ടു ചിന്തിക്കണം. നദിയിൽ വെള്ളപ്പൊക്കമുണ്ടാകുന്നതു ഏഴാംഭാവംകൊണ്ടാണ്‌ വിചാരിക്കേണ്ടതു. മഴയുണ്ടാകുമോ എന്നു വിചാരിക്കേണ്ടതു പത്താംഭാവംകൊണ്ടാണ്‌. ഇപ്പറഞ്ഞ മൂന്നു ചിന്തയും ലഗ്നഭാവംകൊണ്ടുതന്നെ വിചാരിക്കാവുന്നതാണ്‌.

വിശേഷാസ്സന്തി ഭാവാനാം ഭുക്തിപ്രശ്നേ ച ഭുക്തതഃ
തേ ചാപ്യത്ര വിലിഖ്യന്തേ ലഗ്നാദ്യാ ദ്വാദശ ക്രമാൽ. ൪൫

അ—ഭുക്തിപ്രശ്നത്തിലും ഭുക്തിയുടെ പ്രശ്നത്തിലും ഭാവങ്ങൾക്കു വിശേഷം ഉണ്ടു. ലഗ്നാദ്യങ്ങളായ ആ പന്ത്രണ്ടു വിശേഷങ്ങളും ഇവിടെ വിലേഖനം ചെയ്യപ്പെടുന്നു.

സ—ഭോജനപ്രശ്നത്തിനും ദാഹശമനത്തെ സംബന്ധിച്ചുള്ള പ്രശ്നത്തിനും മേൽപറഞ്ഞ ക്രമത്തിൽനിന്നും ഭാവങ്ങൾക്കു ചില വ്യത്യാസങ്ങളുണ്ട്‌. ലഗ്നംമുതൽ പന്ത്രണ്ടു ഭാവങ്ങൾക്കുള്ള വിശേഷങ്ങളെ ഇവിടെ പറയുന്നു.

മൂർത്തിരമത്രം ഭക്ഷ്യം ഭോജ്യം ഭോജയിതൃഭാവ ഉപദംശഃ
സേചനമന്നം സഹഭുക് പൂർത്തികരാശയനാദി വിലഗ്നാൽ.

അ—വിലഗ്നത്തിൽനിന്നു ക്രമേണ മൂർത്തിയും അമത്രവും ഭക്ഷ്യവും ഭോജ്യവും ഭോജയിതൃഭാവവും ഉപദംശവും സേചനവും അന്നവും സഹഭുക്കും പൂർത്തികരശയനവും ചിന്ത്യമാകുന്നു.

സ—ഭോജനപ്രശ്നത്തിൽ ലഗ്നഭാവംകൊണ്ടു ഊണുകഴിക്കുന്ന ആളിന്റെ ശരീരസ്ഥിതിയും രണ്ടാംഭാവംകൊണ്ട്‌ ഊണുകഴിച്ച പാത്രത്തെയും മൂന്നാംഭാവംകൊണ്ടു പഴം ഇടങ്ങിയ ഭക്ഷ്യസാധനങ്ങളെയും നാലാംഭാവംകൊണ്ട്‌ വട അപ്പം മുതലായ ഭോജ്യവസ്തുക്കളെയും അഞ്ചാംഭാവംകൊണ്ട്‌ വിളമ്പുന്ന മനുഷ്യനെയും അല്ലെങ്കിൽ ഉണ്ണുന്ന ആളിനെയും ആറാംഭാവംകൊണ്ട്‌ അവിയൽ ഉപ്പേരി മുതലായ കൂട്ടുസാധനങ്ങളെയും ഏഴാംഭാവംകൊണ്ടു രസം മോര്‌ മുതലായ സേചനവസ്തുക്കളെയും എട്ടാംഭാവംകൊണ്ടു ചോറിനെയും ഒമ്പതാംഭാവംകൊണ്ട്‌ ഒരുമിച്ചു ഭക്ഷിക്കുന്നവരെയും പത്താംഭാവംകൊണ്ടു ഊണിന്റെ പൂർത്തിയെയും പതിനൊന്നാംഭാവംകൊണ്ട്‌ ഊണുകഴിച്ചശേഷം നടന്ന സംഭാഷണത്തെയും പന്ത്രണ്ടാംഭാവംകൊണ്ട്‌ ഊണുകഴിച്ചു കിടപ്പിനുള്ള ശയനത്തെ

ത്വം ചിന്തിച്ചുകൊള്ളണം. ലഗ്നാദ്യൎക്കങ്ങളിലെന്റെ വിശേഷമായ അറിവു് ഇതിന്റെ ഉത്തരാൎദ്ധത്തിൽനിന്നു ഗ്രഹിക്കേണ്ടതാണു്.

> മൂൎത്തിഃ കോശോ ധനൂംഷി വാഹനാനി
> മന്ത്രശത്രുൎമ്മാൎഗ്ഗ ആയുർമ്മനശ്ച
> വ്യാപാരശ്ച പ്രാപ്ത്യപ്രാപ്തിരേവം
> ലഗ്നാദ്ഭാവാ ഭൂമിഭൎത്തുർവ്വിചിന്ത്യാഃ. ൪൯

അ—മൂൎത്തിയും കോശവും ധനുസ്സുകളും വാഹനങ്ങളും മന്ത്രവും ശത്രുവും മാൎഗ്ഗവും ആയുസ്സും മനസ്സും വ്യാപാരവും പ്രാപ്തിയും അപ്രാപ്തിയും ഇപ്രകാരം ഭൂമിഭൎത്താവിന്റെ ലഗ്നത്തിൽനിന്നു തുടങ്ങി ഭാവങ്ങൾ ചിന്ത്യങ്ങളായി ഭവിക്കുന്നു.

സാ—രാജാക്കന്മാരെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ രാജാവിന്റെ ശരീരഗുണ [illegible] ലഗ്നംകൊണ്ടും ധനപുഷ്ടിയെ രണ്ടാംഭാവംകൊണ്ടും കാലാൾപടകളെ മൂന്നാംഭാവംകൊണ്ടും ആന കുതിര മുതലായ വാഹനങ്ങളെ നാലാംഭാവംകൊണ്ടും മന്ത്രിമാരും മറ്റുമായുള്ള ആലോചന അഞ്ചാംഭാവംകൊണ്ടും എതിരാളിയായ രാജാവിന്റെ സ്ഥിതിഗതികൾ ആറാംഭാവംകൊണ്ടും മാൎഗ്ഗത്തെ ഏഴാംഭാവംകൊണ്ടും ആയുസ്സിന്റെ പരിമാണത്തെ എട്ടാംഭാവംകൊണ്ടും മനസ്സിന്റെ സ്ഥിതി ഒൻപതാംഭാവംകൊണ്ടും പ്രവൃത്തികൾ പത്താമെടംകൊണ്ടും ആഗ്രഹത്തിന്റെ സാധ്യതയെ പതിനൊന്നാമെടംകൊണ്ടും ആഗ്രഹത്തിന്റെ അസാദ്ധ്യത പന്ത്രണ്ടാമെടംകൊണ്ടും വിചാരിക്കേണ്ടതാണു്. ഇങ്ങിനെ ഭാവങ്ങളെ സംബന്ധിച്ച വിശേഷങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു.

> ബാഹ്യാഭ്യന്തരഭേദേന ദ്വിവിധാ ഭാവാഃ സമീരിതാ ദേഹ്യതേ
> ബാഹ്യാഃ സ്യുഃ ധനാദ്യാ ദേഹാദ്യാഃ പുനരാന്തരാഃ സ്യുഃ കല്യാദ്യാഃ.

അ—ബാഹ്യാഭ്യന്തരഭേദം കൊണ്ടു രണ്ടുവിധമായിട്ടു് ഈ ഭാവങ്ങൾ രണ്ടുവിധങ്ങളായി സമീരിതങ്ങളാകുന്നു. ധനാദ്യങ്ങൾ ബാഹ്യങ്ങളെന്നും കല്യാദ്യങ്ങൾ ആന്തരങ്ങളെന്നും ഭാവങ്ങൾ രണ്ടുവിധങ്ങളാകുന്നു.

സാ—ലഗ്നം മുതലായ ഭാവങ്ങൾക്കു ഓരോന്നിനും ബാഹ്യങ്ങളെന്നും ആഭ്യന്തരങ്ങളെന്നും രണ്ടു ഭേദങ്ങളുണ്ടു്. ഹോരാകൌതുകത്തിൽ ധനകുടുംബാദിശബ്ദംകൊണ്ടു് ബാഹ്യഭാവങ്ങളേയും "കല്യസ്വാഭിമത്വാഭിധ്വക്തിഭേദശക്തി ചിത്രഭേദപ്രസൂതനതിവൃത്ത്യാനി" എന്ന ഭാഗംകൊണ്ടു് ആഭ്യന്തരഭാഗങ്ങളേയും പറഞ്ഞിരിക്കുന്നു. ദേഹം കുടുംബം മുതലായവ ലഗ്നത്തിന്റെ ബാഹ്യഭാവങ്ങളും ആരോഗ്യം ധനം [illegible] മുതലായവ ആഭ്യന്തരഭാവങ്ങളുമാകുന്നു.

> യദ്യല്ലഗ്നാദിഭിഃ ചിന്ത്യം തത്തൽസ്വാമിസമാഗമേ
> ആഭ്യന്തരം ഭവേൽ സൎവ്വം വിരഹേ ബാഹ്യമന്യഥാ. ൨൬

അ—യാതൊന്നു യാതൊന്നു ലഗ്നാദികൾകൊണ്ടു് ചിന്ത്യമാകുന്നുവോ; അതു് സൎവ്വവും തൽസ്വാമിസമാഗമം സംഭവിച്ചിരിക്കുമ്പോൾ ആഭ്യന്തരമായി ഭവിക്കും. അന്യഥാ വിരഹമായാൽ ബാഹ്യമെന്നു വിജ്ഞേയമാകുന്നു.

സാ—ലഗ്നം മുതലായ ഓരോ ഭാവങ്ങൾക്കു അതാതു ഭാവനാഥന്മാരുടെ യോഗമുണ്ടായാൽ ആഭ്യന്തരമായ ഭാവത്തെയും ഭാവാധിപന്മാരോടു് യോഗമില്ലാതെ വന്നാൽ ബാഹ്യഭാവത്തെയും വിചാരിച്ചുകൊള്ളണം.

[illegible] ഭാവത്തിന്റെ ചിന്തയിൽ ആ ഭാവത്തിനു [illegible] കണ്ടാൽ ഭാവാധിപനുമായി യോഗമുണ്ടെങ്കിൽ [illegible] എന്നും ഭാവാധിപയോഗമില്ലെങ്കിൽ ബാഹ്യ [illegible] എന്നും അറിയണം. സമാഗമം എന്നുള്ള ഭാഗത്തിനു യോഗമെന്നും ദൃഷ്ടിയെന്നും ഉള്ള അൎത്ഥത്തെ ഗ്രഹിക്കാമെന്നു് ചിലരുടെ അഭിപ്രായമുണ്ടു്.

> മൂൎദ്ധാസ്യഗളസ്കന്ധാ ഹൃദയോദരവസ്തിമേഢ്രഗുഹ്യാനി
> ഊരൂ ജാനൂ ജംഘേ പാദൌ ഭാവാഃ ക്രമാച്ചിലഗ്നാദ്യാഃ. ൨൭

അ—മൂർദ്ധാസ്യഗളസ്കന്ധങ്ങളും ഹൃദയജഠരവസ്തിമേഢ്രങ്ങളും ഊരുക്കളും ജാനുക്കളും ജംഘകളും പാദങ്ങളും ക്രമേണ വിലഗ്നാദ്യങ്ങളായ ഭാവങ്ങളായി ഭവിക്കുന്നു.

സാ—ശിരസ്സ് ലഗ്നംകൊണ്ടും, മുഖം രണ്ടാംഭാവംകൊണ്ടും, കഴുത്തു മൂന്നാംഭാവംകൊണ്ടും, തോൾ നാലാംഭാവംകൊണ്ടും; ഹൃദയം അഞ്ചാംഭാവംകൊണ്ടും, ഉദരം ആറാംഭാവംകൊണ്ടും, വസ്തി ഏഴാംഭാവംകൊണ്ടും, ഗുഹ്യം എട്ടാംഭാവംകൊണ്ടും, ഊരുകൾ ഒൻപതാംഭാവംകൊണ്ടും, മുട്ടുകൾ പത്താംഭാവംകൊണ്ടും, കണങ്കാലുകൾ പതിനൊന്നാംഭാവംകൊണ്ടും, പാദം പന്ത്രണ്ടാംഭാവംകൊണ്ടും ചിന്തിച്ചുകൊള്ളണം.

അംഗാനാം ഹ്രസ്വദീർഘത്വം ലഗ്നാദ്യാശ്രിതരാശിഭിഃ
വാച്യം തൽകഥനപ്രായ ഏവമേവോപലക്ഷ്യതാം.   ൨൩

അ—ലഗ്നാദ്യാശ്രിതരാശികളെക്കൊണ്ടു് അംഗങ്ങളുടെ ഹ്രസ്വദീർഘത്വം വാച്യമാകുന്നു. ഇതു് മിക്കവാറും തൽകഥനത്തിൽതന്നെ ഉപയോഗിക്കപ്പെടുന്നു.

സാ—മേൽപറഞ്ഞ പദ്യം അവയവങ്ങളുടെ ഹ്രസ്വതയേയും ദൈർഘ്യത്തെയും അറിയുന്നതിനു് ഉപയോഗിക്കപ്പെടേണ്ടതാണു്. ലഗ്നം ഹ്രസ്വരാശി ആയാൽ ശിരസ്സ് ചെറിയതാണെന്നും രണ്ടാംഭാവം ഹ്രസ്വരാശിയായാൽ മുഖം ചെറിയതാണെന്നും മൂന്നാംഭാവം ദൈർഘ്യരാശി ആയാൽ കഴുത്തു നീണ്ടതാണെന്നും ഇങ്ങിനെ ക്രമേണ അറിയേണ്ടതാണു്. രാശികളുടെ ഹ്രസ്വദീർഘത്വം അറിയുന്നതിന് പല വചനങ്ങളുമുണ്ടെങ്കിലും, "പൂർവാർദ്ധം വിഷമാദായാ കുളീരാദ്യമനന്തരം പ്രതിപദ്ധ തത്" എന്നുള്ള ജാതകവചനത്തെ ആണു് മിക്കവാറും ഉപയോഗിച്ചുവരുന്നതു്.

ലഗ്നരാശിഃ സ്വയം പൃച്ഛാ തൽസംബന്ധിധനാദയഃ
ദ്വിതീയാദ്യന്യഭാവാസ്തൽ പുഷ്ടിഹാനീ ശുഭാശുഭൈഃ.   ൨൪

അ—ലഗ്നരാശി താൻതന്നെ പൃച്ഛായായി ഭവിക്കുന്നു. ദ്വിതീയാദ്യന്യഭാവങ്ങൾ തൽസംബന്ധിധനാദികളായും ഭവിക്കുന്നു. തൽപുഷ്ടിഹാനികൾ ശുഭാശുഭന്മാരെക്കൊണ്ടു വാച്യങ്ങളാകുന്നു.

സാ—ലഗ്നരാശികൊണ്ടു മാത്രം പൃച്ഛാവിന്റെ ശരീരങ്ങളായ ഗുണദോഷങ്ങൾ ചിന്തിക്കണം. ധനം മുതലായ പൃച്ഛാവിനെ സംബന്ധിച്ച മററു പദാർത്ഥങ്ങളെ രണ്ടാംഭാവം മുതലായ മററു ഭാവങ്ങളെക്കൊണ്ടു ചിന്തിച്ചുകൊള്ളണം. ഈ ഭാവങ്ങളിൽ ശുഭന്മാരുടെ സംബന്ധമുണ്ടെങ്കിൽ ആ ഭാവത്തിന്റെ ഫലത്തിനു പുഷ്ടിയും അശുഭസംബന്ധമുണ്ടായാൽ ഹാനിയും പറഞ്ഞുകൊള്ളണം. "ലഗ്നരാശിഃ സ്വയംപൃച്ഛാ" എന്നുള്ള ഭാഗം കൊണ്ടു് എല്ലാ ഭാവങ്ങളിലുംവെച്ചു ലഗ്നത്തിനു പ്രാമാണ്യം കല്പിച്ചിരിക്കുന്നു. പൃച്ഛാവു മുഴുവൻ ലഗ്നരാശി ആണെന്നു ഗ്രഹിക്കണം.

വാ—അത്ര ഷട്പഞ്ചാശികാ.

അ—ഇവിടെ ഷട്പഞ്ചാശിക ഭവിക്കുന്നു.

സാ—ഭാവവിചാരം ചെയ്യുന്ന ഘട്ടത്തിൽ ഷട്പഞ്ചാശികയിലെ വചനംകൂടി എടുത്തുകാണിക്കുന്നു.

യോ യോ ഭാവഃ സ്വാമിദൃഷ്ടോ യുതോ വാ
സൌമ്യൈർവ്വാ സ്യാത്തസ്യ തസ്യാഭിവൃദ്ധിഃ
പാപൈരേവം തസ്യ ഭാവസ്യ ഹാനിർ
ന്നിർദ്ദേഷ്ടവ്യാ പ്രശ്നതോ ജന്മതോ വാ—ഇതി.   ൨൫

അ—യാതൊരുയാതൊരു ഭാവം സ്വാമിദൃഷ്ടമായോ യുതമായോ സൌമ്യന്മാരാൽ ദൃഷ്ടമായോ യുതമായോ ഭവിക്കുന്നു. ആ ആ ഭാവത്തിനു് അഭിവൃദ്ധി വാച്യമാകുന്നു. യാതൊരു ഭാവം ഇപ്രകാരം പാപന്മാരാൽ ദൃഷ്ടമായോ യുതമായോ ഭവിക്കുന്നു. ആ ഭാവത്തിനു് ഹാനിയും വാച്യമാകുന്നു. ഇതു പ്രശ്നത്തിലും ജാതകത്തിലും നിർദ്ദേഷ്ടവ്യമാകുന്നു.

സാ—ലഗ്നാദിയായ ഏതെങ്കിലും ഭാവത്തെ നമുക്കോ വിചാരിക്കുന്നേടത്ത് ആ ഭാവത്തിന്ന് അതിന്റെ അധിപന്റേയും ശുഭഗ്രഹങ്ങളുടേയും യോഗമോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ ആ ഭാവംകൊണ്ട് പറയപ്പെടുന്ന ഫലങ്ങൾക്ക് അഭിവൃദ്ധിയും പാപഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഉണ്ടായാൽ ആ ഭാവംകൊണ്ട് പറയപ്പെടുന്ന ഫലങ്ങൾക്ക് ഹാനിയും പറയണം. ഇത് ജാതകത്തിലും പ്രശ്നത്തിലും ഒന്നുപോലെ വിചാരിക്കേണ്ടതാണ്. ഇവിടെ ഭാവാധിപനെ പ്രത്യേകമായും ശുഭന്മാരെ പ്രത്യേകമായും പറഞ്ഞിട്ടുള്ളതുകൊണ്ട് ലഗ്നാധിപന്റെ യോഗദൃഷ്ട്യാദികൾക്ക് വിശേഷമുണ്ടെന്ന് സൂചിതമാകുന്നു. "സർവ്വത്ര ലഗ്നഭവനാദിയോഗദൃഷ്ടികരുത്തിരിക്കാണാപതനതുല്യമിഷ്ടം" എന്ന ഇതാഗം അതിനെ വെളിപ്പെടുത്തുന്നു.

വാ—ഷട്ത്രിംശത്സപ്തതിയിൽ

അ—ഷട്ത്രിംശത്സപ്തതിയും ഉദ്ധരിക്കുന്നു.

സാ—ഭാവചിന്തയിൽ ഷട്ത്രിംശത്സപ്തതിയിലെ വചനത്തെ ഉദ്ധരിക്കുന്നു.

യോ യോ ഭാവഃ പ്രഷ്ടുണാ യുക്തോ ദൃഷ്ടോഽഥവാ പ്രശ്നേ
ശുഭയുക്തൈരേവം വക്തവ്യം തസ്യ തസ്യ ശുഭം. ൨൩

അ—പ്രശ്നത്തിൽ യാതൊരു യാതൊരു ഭാവം പ്രഷ്ടാവിനാൽ യുക്തമായോ ദൃഷ്ടമായോ അല്ലെങ്കിൽ ഇപ്രകാരം ശുഭയുക്തന്മാരാൽ യുക്തമായോ ദൃഷ്ടമായോ ഭവിക്കുന്നു. ആ ആ ഭാവത്തിന്ന് ശുഭം വക്തവ്യമാകുന്നു.

സാ—ഏതൊരു ഭാവത്തിന്ന് ഭാവാധിപന്റേയും വ്യാഴം, ബുധൻ, ശുക്രൻ ഇവരുടെയും ദൃഷ്ടിയോ യോഗമോ ഉണ്ടായാൽ ആ ഭാവംകൊണ്ട് വിചാരിക്കേണ്ട പദാർത്ഥങ്ങൾക്ക് ശുഭമുണ്ടെന്ന് പറയണം. ഈ ദൃഷ്ടിയോഗങ്ങൾ ലഗ്നത്തിന്നാണെങ്കിൽ ദേഹത്തിനും രണ്ടാംഭാവത്തിന്നാണെങ്കിൽ ധനത്തിനും ശുഭമാണെന്ന് ക്രമേണ അറിഞ്ഞുകൊൾക.

യസ്മിൻ യസ്മിൻ ഭാവേ ശീർഷോദയരാശിസംസ്ഥിതാഃ സൗമ്യാഃ
തസ്മിൻ തസ്മിൻ വൃദ്ധിർ വക്തവ്യാ ഇത്ഥം സ്ഥിതൈരേതസ്മാത്. ൨൪

അ—സൗമ്യന്മാർ യാതൊരു യാതൊരു ഭാവത്തിൽനിന്ന് ശീർഷോദയരാശിസംസ്ഥിതന്മാരായി ഭവിക്കുന്നു. ആ ഭാവത്തിന്ന് വൃദ്ധി ഭവിക്കുന്നു. ഇപ്രകാരം സ്ഥിതന്മാരായ ശുഭന്മാരെക്കൊണ്ടും അതുപോലെ വാച്യമാകുന്നു.

സാ—ഏതൊരു ഭാവത്തിന്റെ പന്ത്രണ്ടിലും രണ്ടിലും ശുഭഗ്രഹങ്ങൾ നിന്നാൽ ആ ഭാവത്തിന്ന് അഭിവൃദ്ധി ഉണ്ടാകും. ഏതൊരു ഭാവത്തിന്റെ നാലിലും പത്തിലും ശുഭഗ്രഹങ്ങൾ വന്നാലും അഭിവൃദ്ധി പറയപ്പെടുന്നതാണ്. ഏതു ഭാവത്തിന്റെയും പന്ത്രണ്ടിലും രണ്ടിലും നാലിലും ഏഴിലും അഞ്ചിലും ഒൻപതിലും ശുഭന്മാർ വന്നാൽ ആ ഭാവത്തിന്ന് അഭിവൃദ്ധിയും പാപന്മാർ വന്നാൽ നാശവുംകൂടി പറയേണ്ടതാണ്. ഏതൊരു ഭാവത്തെയാണോ വിചാരിക്കുന്നത് ആ ഭാവത്തിന്റെ കാരകഗ്രഹത്തെ ലഗ്നമാക്കി സങ്കല്പിച്ചും ഇപ്രകാരം ചിന്തിക്കേണ്ടതാണ്. ഇത്,

"പന്ത്രണ്ടാറെട്ടിലുമധിപൻ ശത്രുക്കളും
ത്രികോണകേന്ദ്രത്തിൽ നിൽക്കിലെല്ലാ പാപരും
ഭാവസ്യ നാശം ശുഭരെങ്കിൽ വൃദ്ധി
സമാദിശേൽ കാരകത്തിൽ വിശേഷാൽ." എന്ന ഭാഗംകൊണ്ട് വെളിവാകുന്നു.

ഷഷ്ഠാഷ്ടമരിഃഫഗാ ഭാവപതിപാപഃ ശുഭാശ്ച ഭാവഘ്നാഃ
ഭാവത്രികോണകേന്ദ്രഗതാ ഖഃസ്ഥിതാ തദാപൂരകാഃ. ൨൫

അ—ഷഷ്ഠാഷ്ടമരിഃഫഗന്മാരും ഭാവപതിപൃഷ്ഠങ്ങളും ആയ ശുഭന്മാരും ഭാവഘ്നന്മാരായി ഭവിക്കുന്നു. ഭാവത്രികോണകേന്ദ്രഗതന്മാരും ഭാവപോഷകന്മാരായി ഭവിക്കുന്നു. അതുപോലെ ആപൂർവ്വവചനവും ഭവിക്കുന്നു.

സാ—ആറ്, എട്ട്, പന്ത്രണ്ട് ഈ ഭാവങ്ങളുടെ അധിപന്മാരും ഭാവനാഥന്റെ ശത്രുക്കളും ശുഭന്മാരായിരുന്നാലും ഭാവത്തെ (ഭാവംകൊണ്ട് ചിന്തനീയങ്ങളായ ഫലങ്ങ

ളെ നശിപ്പിക്കും. ദ്രവ്യങ്ങളെ ദൃഷ്ടിയോഗങ്ങളും ഭാവവൃദ്ധികരങ്ങളാണെന്നു മുൻപേ പറഞ്ഞുവല്ലോ. പക്ഷെ അവക്ക് ഇപ്രകാരം ബന്ധങ്ങളുണ്ടായാൽ ഗുണം പോരാതാകുന്നതാണ്.

> അരാതിഭാവാധിപതിർ ദശായാം
> ദ്വിതീയഭാവോ മൃത്യുദായം കരോതി
> വ്യയാധിപോ ദ്വാദശരിഷ്ടകാരി
> യോഗേഷു ബന്ധോദ്ഭവമൃഷ്ടം എന്നും,
> ഷഷ്ഠാഷ്ടമാന്ത്യപതയോ ഭാവേഷു ദുഃസ്ഥ-
> ദൃഷ്ട്യാ ഭാവബന്ധനാശകാഃ പ്രദിഷ്ടാഃ,—എന്നും,

നീചർക്ഷരിപുക്ഷേത്രസ്ഥാ ഗ്രഹാ ഭാവവിനാശകൾ എന്നും മറ്റുമുള്ള വചനങ്ങളും ഇതിന്നു പ്രമാണങ്ങളാകുന്നു. ഭാവത്തിനും അതിന്റെ അധിപനും ആ ഭാവത്തിന്റെ കാരകഗ്രഹത്തിനും ബലഹാനി ഉണ്ടായാലും ഭാവനാശമുണ്ടാകുമെന്നു പറയണം. ഇങ്ങിനെ ആചാര്യന്മാർ പറഞ്ഞിട്ടുണ്ട്.

> ഷഷ്ഠം ചാഷ്ടമരിഃഫമേ ദുഃസ്ഥാഖ്യാ ഭാവാനനിഷ്ടാൻ വിദു-
> സ്തന്നാഥാന്വിതവീക്ഷിതാ യദധിപാ യേ വാ ച ഭാവാസ്തഥാ
> തദ്ദുഃസ്ഥാശ്ച യദീശപാപസ്ഥാ ഇതരേ നോ സന്തി ഭാവാ ഗുണാഃ
> ജാതാ വാ വിഫലാ വിനഷ്ടവികലാസ്ത്വാതികഷ്ടാസ്ഥിതാഃ. ൨൯

അ—ആറാമത്തെയും പന്ത്രണ്ടാമത്തെയും അഷ്ടമത്തെയും അനിഷ്ടങ്ങളായ ഭാവങ്ങളാണെന്നു മുനിമാർ അറിയുന്നു. യദധിപന്മാർ തന്നാഥാന്വിതവീക്ഷിതന്മാരായി ഭവിക്കുന്നു ആ ഭാവങ്ങളും യാവചില ഭാവങ്ങൾ തന്നാഥാന്വിതവീക്ഷിതങ്ങളായി ഭവിക്കുന്നു. ആ ഭാവങ്ങളും, യദീശപന്മാർ ദുഃസ്ഥന്മാരായി ഭവിക്കുന്നു. ആ ഭാവങ്ങളും ആകുന്ന ഈ മൂന്നുകളും ഗുണങ്ങൾ ഭവിക്കുന്നില്ല. ജാതങ്ങളാകുന്നു എങ്കിൽ വിഫലങ്ങളായോ വിനഷ്ടവികലങ്ങളായോ ഭവിക്കുന്നു. അങ്ങിനെയുള്ള് അത്യന്തം അതികഷ്ടമാകുന്നു.

സ—ആറ് എട്ട് പന്ത്രണ്ട് ഈ ഭാവങ്ങൾ അനിഷ്ടഭാവങ്ങളാണെന്ന് പ്രസിദ്ധം കല്പിക്കുന്നു. അഷ്ടമഭാവം ഇവയിൽ ഏറ്റവും അനിഷ്ടപ്രദമാകുന്നു. ഈ അനിഷ്ടഭാവങ്ങളുടെ അധിപന്മാർ ഏതൊരു ഭാവത്തിന്റെ അധിപനെ നോക്കുകയോ ചേരുകയോ ചെയ്യുന്ന ആ ഭാവം ഉണ്ടാകുന്നില്ല. അതായത് അഷ്ടമാധിപൻ അഞ്ചാംഭാവാധിപനെ നോക്കുകയോ അഞ്ചാംഭാവാധിപനോട് ചേരുകയോ ചെയ്താൽ പുത്രലാഭം സിദ്ധിക്കയില്ല. അതുപോലെ ആ അനിഷ്ടസ്ഥാനാധിപന്മാർ ഏതൊരു ഭാവത്തിലെ ദൃഷ്ടിയോഗങ്ങളെക്കൊണ്ട് സംബന്ധിക്കുന്നുവോ ആ ഭാവവും സംഭവിക്കയില്ല. അതായത് അഷ്ടമാധിപൻ അഞ്ചാംഭാവത്തിൽ നോക്കുകയോ നിൽക്കുകയോ ചെയ്താൽ പുത്രസമ്പത്ത് ഉണ്ടാവുകയില്ല. ഏതൊരു ഭാവത്തിന്റെ അധിപൻ ആറ് എട്ട് പന്ത്രണ്ട് ഈ ഭാവങ്ങളിൽ പോയി നിൽക്കുന്നു, ആ ഭാവവും സംഭവിക്കയില്ല. അതായത് അഞ്ചാംഭാവാധിപൻ അഷ്ടമത്തിൽ പോയി നിന്നാലും പുത്രസമ്പത്തുണ്ടാകുന്നതല്ല. അഥവാ അനിഷ്ടഫലമേതാകുന്നോ അതു ഈ ഗ്രഹങ്ങൾക്ക് ദോഷാധിക്യം കുറവാണെങ്കിൽ ഭാവഫലം ഉണ്ടായി എന്നുവരാം. അങ്ങിനെ ഉണ്ടായാൽതന്നെയും പ്രയോജനമില്ലാതാകുകയോ നശിക്കുകയോ പരിപൂർണ്ണതയില്ലാതാകുകയോ ചെയ്യും.

> ഭാവാധീശേ ച ഭാവേ സതി ബലരഹിതേ ച ഗ്രഹേ കാരകാഖ്യേ
> പാപാന്തസ്ഥേ ച പാപൈരപി സമേതേക്ഷിതേ നാന്യഖേടൈഃ
> പാപൈഃ പഞ്ചബന്ധുസ്ത്ര്യായ്ഗതേ ന ഗതേ ദുസ്ത്രികോണസ്ഥിതൈർവാ
> ഭാവപ്രാപ്ത്യാഭാവഃ സ്യാദിതി ഫലമിതി വിദ്വദ്ഭിഃ സമ്യഗുക്തം. ൩൦

അ—ഭാവാധിപനും ഭാവവും കാരകാഖ്യനായ ഗ്രഹവും ബലരഹിതനായിരിക്കുമ്പോഴും പാപാന്തസ്ഥനായിരിക്കുമ്പോഴും പാപന്മാരാലും അന്യന്മാരാലും സമേതേക്ഷിതനായിരിക്കുമ്പോഴും, പഞ്ചബന്ധുമൃത്യുവ്യയസ്ഥാനഗതന്മാരായോ ത്രികോണസ്ഥിതന്മാരായോ

യോ ഇരിക്കുന്ന [illegible] അപ്രകാരത്തോടുകൂടി [illegible] ലഗ്നത്തിൽ [illegible] [illegible] ഇരിക്കുന്നു [illegible] പറയുന്നു.

സാ—ഭാവാധിപൻ [illegible] ഇരിക്കുക, ഇവർ പാപഗ്രഹങ്ങളുടെ [illegible] വരിക, പാപന്മാരുടെ [illegible] ഗ്രഹങ്ങളോടുകൂടി [illegible] വരിക, [illegible] ഭാവത്തിലും അതിന്റെ [illegible] പാപന്മാർ വരിക, ഇങ്ങിനെ വന്നാൽ ഭാവനാശം പറയണം. എന്നാൽ [illegible] ശുഭഗ്രഹങ്ങളുടെ [illegible] ദൃഷ്ടി [illegible] മുതലായ [illegible] ഉണ്ടായിരിക്കരുത്. [illegible] അപവാദമാണ്. മേൽ പറഞ്ഞ [illegible] സംബന്ധമുണ്ടായാൽ സംശയംകൂടാതെ [illegible] പറയുന്നതാണ്.

> ദോഷ ക്രൂരർക്ഷഗാ ക്രൂരനാഥഃകിതെ-
> ർദ്ദൃഷ്ടാ ബലോനൈർദ്ദൃഷ്ടാവലോകിതാ വാ
> ഭാവാധിപാ കാരകശ്ചാശുഭോ വാ
> ബലാന്വിതേ സിദ്ധിമുപൈതി ഭാവഃ.
>
> പാപാഭിധാനപാദസമതത്ഭസ്ഥ-
> ഷോഢശേഷു വിദ്യാദിഹ ഭാവനാശം
> ബലാന്വിതേഷ്വപി ക്രൂരരാശിഗേ-
> ഷ്വശുഭേഷ്വപി ന ഭാവനാശഃ.

ഇത്യാദി അനേക വചനങ്ങളും ഇതിന്നനുകൂലങ്ങളായി കാണുന്നു.

> താതാംബാത്മപ്രഭാവാ ഇനശശിജനിതാ മാനസഞ്ചേന്ദുജാതം-
> ഭ്രാതാ സത്വം ബലം ഭൂഃ ക്ഷിതിജജനിതാ വാക്ച വിജ്ഞാനമിന്ദോസ്സൂനോഃ
> ധീചിത്തപുത്രാംഗനൈശ്വര്യം സ്വഗുരുതഃ ബലം ഭോഗയാനാദിശുക്രാ
> മൃത്യുർവ്യാധിശ്ച ദുഃഖം ശനിരിഹ ഗദിതോ [illegible] ചാപി.

അ—താതനും ആത്മപ്രഭാവവും സൂര്യനിയാകുന്നു. [illegible] ചന്ദ്രൻ [illegible] ഭ്രാതാവും സത്വവും ക്ഷിതിയും കുജനാകുന്നു. വചനവും ജ്ഞാനവും ബുധന്റെ അനുജനാകുന്നു. ധീചിത്തപുത്രാംഗനൈശ്വര്യം ഗുരുവാകുന്നു. അലങ്കാരവാഹനങ്ങളും ശുക്രനാകുന്നു. മൃത്യുവും വ്യാധിയും ദുഃഖവും ദാസഭൃത്യാദികളും ശനിയാണ് ഗദിതമാകുന്നു.

സാ—മുൻപ ലഗ്നാദികളായ ഭാവങ്ങളെക്കൊണ്ട് ഓരോ ഭാവങ്ങളെ ആശ്രയിച്ച് ഇന്നിന്നവയാണ ചിന്തിക്കേണ്ടതെന്നു പറയുകയുണ്ടല്ലോ. അതുപോലെതന്നെ സൂര്യൻ മുതലായ ഓരോ ഗ്രഹങ്ങളെക്കൊണ്ടും ഇന്നിന്ന പദാർത്ഥങ്ങളെ ചിന്തിക്കേണ്ടതാണെന്ന് ഈ ശ്ലോകംകൊണ്ടു പറയുന്നു.

പിതാവിനേയും ആത്മാവിനേയും പ്രഭാവത്തെയും ആദിത്യനെക്കൊണ്ടു വിചാരിക്കണം. ഈ വസ്തുക്കളുടെ കാരകൻ ആദിത്യനാണ്. മനസ്സ്, മാതാവ് ഇവയെ ചന്ദ്രനെക്കൊണ്ടു വിചാരിക്കണം. ഭൂമി ഭ്രാതാവ് സത്വം (ധൈര്യം) ഇവ ചൊവ്വയെക്കൊണ്ടു വിചാരിക്കണം. അറിവും വാക്കും ബുധനെക്കൊണ്ടും ബുദ്ധിയും ആത്മജ്ഞാനവും പുത്രനും ശരീരസുഖവും വ്യാഴത്തെക്കൊണ്ടും ഭാര്യാസുഖം വിവാഹം അലങ്കാരം യാനം ഇവ ശുക്രനെക്കൊണ്ടും ദാസന്മാരെയും ഭൃത്യന്മാരെയും വ്യാധിയെയും ദുഃഖം മരണം മുതലായവയെയും ശനിയെക്കൊണ്ടും വിചാരിക്കേണ്ടതാണ്. ഗ്രഹങ്ങളുടെ കാരകത്വം ബൃഹജ്ജാതകം, സംജ്ഞ, കർമ്മവിപാകം, മുതലായ അദ്ധ്യായങ്ങളിൽനിന്ന ഗ്രഹിക്കേണ്ടതാണ്. എങ്കിലും അവയുടെ അല്പബോധത്തിനുവേണ്ടി പരാശരഹോരയിലെ വചനങ്ങൾ താഴെ കാണിക്കുന്നു.

[illegible]

[illegible]

[illegible]

ജ്യോതിർവിദ്യാ [illegible]

[illegible]

[illegible]

[illegible]

[illegible]

ഇനിയും കാരകത്വങ്ങളെക്കുറിച്ചു പറയുന്ന ഭാഗങ്ങൾ പലതുമുണ്ട്. അവയെ മുഴുവൻ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല. ഈ ഗ്രന്ഥത്തിൽത്തന്നെ ഓരോ ഗ്രഹങ്ങളെക്കൊണ്ട് പല ഘട്ടങ്ങളിലും ഏതേതു ഫലങ്ങൾ പറയപ്പെട്ടുവോ അതുകളുടെ കാരകത്വം ആ ഗ്രഹത്തിനാണെന്നു ഗ്രാഹ്യമാകുന്നു. അതായത് കാലഹോരാവിചാരത്തിൽ "സൂര്യസ്യ കാലഹോരായാം പ്രശ്നേ [illegible]" എന്ന ഭാഗംകൊണ്ട് ആ കാരകത്വം സൂര്യനാണെന്നു വരുന്നു.

അഷ്ടമംഗലവിചാരത്തിൽ "അഭീഷ്ടാർത്ഥ [illegible] കീർത്തിമയം നൃപതി [illegible] സന്താന [illegible]" എന്ന ഭാഗംകൊണ്ട് അഭീഷ്ടകാര്യസിദ്ധി കീർത്തി [illegible] രാജപ്രസാദം സന്താനം [illegible] ഇതിൽനിന്നുള്ള സൽക്കാരം [illegible] ഇവയുടെ കാരകൻ ആദിത്യനാണെന്നു കാണുന്നു. ഇങ്ങിനെ മറ്റോരോ ഘട്ടങ്ങളിൽ നിന്നു ഗ്രഹങ്ങളുടെ കാരകത്വം ഈ ഗ്രന്ഥത്തിൽനിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്.

ആത്മാദയോ ഗഗനഗൈർബലിഭിർബലവത്തരാഃ
ദുർബലൈർദുർബലാ ജ്ഞേയാ വിപരീതം ശനേഃ സ്മൃതം. ൩൨

അ.—ആത്മാദികൾ ബലികളായ ഗഗനഗന്മാർ ഹേതുവായി ബലവത്തരങ്ങളും ജ്ഞേയങ്ങളുമാകുന്നു. ദുർബലന്മാരായ ഗഗനഗന്മാർ ഹേതുവായി ആത്മാദികൾ ദുർബലങ്ങളെന്നും ജ്ഞേയങ്ങളാകുന്നു. ശനിക്കു വിപരീതമെന്നു സ്മൃതമാകുന്നു.

സാ—സൂര്യാദികളായ ഗ്രഹങ്ങൾക്കു ബലമുണ്ടെങ്കിൽ ആത്മാവ് മുതലായവയ്ക്ക് പ്രാബല്യമുണ്ടെന്നു ഗ്രഹിക്കണം. അതുപോലെ സൂര്യാദികളായ കാരകഗ്രഹങ്ങൾതന്നെ ദുർബലങ്ങളാകയാൽ ആത്മാവു തുടങ്ങിയുള്ള കാര്യങ്ങൾക്കും ബലമില്ലെന്നുതന്നെ ഗ്രഹിക്കണം. അതായത് പുത്രകാരകനായ വ്യാഴത്തിനു ബലമുണ്ടെങ്കിൽ പുത്രസമ്പത്തുണ്ടെന്നും ബലമില്ലെങ്കിൽ പുത്രസമ്പത്തില്ലെന്നും സാരം. ഗ്രഹങ്ങളുടെ ബലാബലങ്ങൾ "[illegible]" എന്നു തുടങ്ങിയുള്ള വചനങ്ങളെക്കൊണ്ടും ഗ്രഹിച്ചുകൊള്ളണം. എന്നാൽ ശനിയുടെ കാരകത്വവിഷയത്തിൽ ഈ പ്രമാണത്തിനു വിപരീതമാണ്. മൃത്യു വ്യാധി ദുഃഖം ഇവയുടെ കാരകനാണല്ലോ ശനി. ശനിക്കു ബലമുണ്ടായാൽ മേൽപറഞ്ഞ ശനിയുടെ കാര്യങ്ങളായ മൃത്യുവ്യാധി മുതലായവയെ ദുർബലപ്പെടുത്തുകയും ബലഹീനനായാൽ അവയെ വർദ്ധിപ്പിക്കയും ചെയ്യും.

അർക്കാം [illegible]
കാരകത്വ [illegible] വിജ്ഞേയാ [illegible]

അ—"അൎക്കാംശേ സൎവ്വാം സപ" താരതമ്യാദ്യരിഷ്ടഭാവസ്വവസ്തുക്കളുടെ പോഷണത്തിലും തൽപ്രകാരം നാശത്തിലും അൎക്കാദികൾക്കു കാരകത വിവരിക്കയായി രേഖിക്കുന്നു.

സാ—"അൎക്കാംശേ ഇണകനകാഭൃതേക്ഷുജാദൈ്യഃ" എന്നാദിയായും "ശൌൎയ്യാംശപം നൃപമൃതേ ചൎമ്മകനകശുഭ്രാശ്വാപ്ത പാവകൈഃ" എന്നാദിയായും മറ്റുമുള്ള ഹോരാവചനാദികളിൽ പറഞ്ഞിട്ടുള്ള സകല വസ്തുക്കളുടെയും കാരകത്വം (അതിനെ വൎദ്ധിപ്പിക്കുന്നതിനും നശിപ്പിക്കുന്നതിനും മറ്റുമുള്ള അവകാശം) സൂൎയ്യൻ മുതലായ ഗ്രഹങ്ങൾക്കാണു്.

മാന്ദ്യാദ്യരിഷ്ടഭാവേശൈഃ സുതരിഷ്ടാ ഭാവപുഷ്ടികൃത്
ലഗ്നാൽ പുത്രാതി പത്യേ തദ്വരാഹമിഹിരോദിതം. ൩൧

അ—മാന്ദ്യാദ്യരിഷ്ടഭാവേശന്മാർ അശുഭന്മാരായാലും ഭാവപുഷ്ടികൃത്താകുന്നു. അതു് "ലഗ്നാൽ പുത്ര"തിപദ്യത്തിൽ വരാഹമിഹിരാദികളായി പറയുന്നു.

സാ—മാന്ദ്യാദിമുതലായ അരിഷ്ടഭാവങ്ങളുടെ അധിപന്മാർ പാപന്മാരായാലും തങ്ങളുടെ ഭാവാന്തരപുഷ്ടികരം മറ്റതിന്നു് ഹാനികരമാണു്. ഇവിടെ പാപനായ അഞ്ചാം ഭാവാധിപന്റെ ബന്ധം അഞ്ചാംഭാവത്തെ മാത്രമേ പുഷ്ടിപ്പെടുത്തുകയുള്ളൂ എന്നാണു പക്ഷമെന്നു്. അതു ശരിയല്ല. അരിഷ്ടഭാവങ്ങളുടെ അധിപന്മാർ ദൃഷ്ടിയോഗാദികളെക്കൊണ്ടു് എല്ലാ ഭാവങ്ങളെയും പുഷ്ടിപ്പെടുത്തുകതന്നെ ചെയ്യും. അല്ലെങ്കിൽ ഇവിടെ ഉദാഹരണത്തിനായി "ഹോരാസ്വാമിഗുരുജ്ഞവീക്ഷിതയുതാ" എന്നാദിയായ പദ്യമാണു ഉദാഹരണമായി കാണിക്കേണ്ടിയിരുന്നതു. എന്നുതന്നെയല്ല അതാതു ഭാവത്തിന്റെ അധിപന്മാർ പാപന്മാർതന്നെ ആയിരുന്നാലും ഭാവപുഷ്ടിയെ ചെയ്യുമെന്നു് ഈ അദ്ധ്യായത്തിൽതന്നെ മേൽ ധാരാളം പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

"ലഗ്നാൽ പുത്രകളത്രഭേശുഭപതിപ്രാപ്തേ" എന്നാദിയായ ശ്ലോകത്തിലെ ശുഭപതി എന്ന പദത്തിനു് ശുഭത്തിന്റെ (അഞ്ചാംഭാവത്തിന്റെ) പതി എന്നും ശുഭന്മാരും പതിയും എന്നും ഉള്ള അൎത്ഥം സ്പഷ്ടമാണല്ലോ.

ശുഭാനാം പ്രാബല്യേ ശുഭപുഷ്കല്യം പുനസ്തു ദോഷകൃതാം
ദൗൎബ്ബല്യേ ദോഷാണാം പുഷ്കല്യം വദതി തദ്വദിഷ്യതാം. ൩൨

അ—ശുഭന്മാൎക്കു് പ്രാബല്യത്തിൽ ശുഭപുഷ്കല്യത്തെയും ദോഷകൃത്തുക്കളുടെ ദൌൎബ്ബല്യത്തിൽ അതുപോലെ ദോഷങ്ങളുടെ പുഷ്കല്യത്തെയും അറിയേണ്ടതാകുന്നു.

സാ—ശുഭഫലദാതാക്കന്മാരായ ഗ്രഹങ്ങൾക്കു പ്രാബല്യമുണ്ടെങ്കിൽ അവരെക്കൊണ്ടു വിചാരിക്കേണ്ട ഫലങ്ങൾക്കു് പരിപുഷ്ടിയെ പറയണം. അതുപോലെ ദോഷഫലദാതാക്കന്മാരായ ഗ്രഹങ്ങളും ബലഹീനന്മാരായാൽ അവരെക്കൊണ്ടു പറയപ്പെടുന്ന ദോഷഫലങ്ങളും പ്രബലങ്ങളാണെന്നും പറയണം. ഇതിനുദാഹരണമായി ആചാര്യവചനത്തെത്തന്നെ കാണിക്കുന്നു.

പഞ്ചമസംസ്ഥഃ പാപഃ പുത്രവിനാശം കരോതി ബലഹീനഃ
സൗമ്യസ്സുതം വിധത്തേ ബലസഹിതശ്ചാഷ്ടമാധിപം ഹിത്വാ. ൩൩

അ—പഞ്ചമസംസ്ഥനായി ബലഹീനനായ പാപൻ പുത്രനാശത്തെ ചെയ്യുന്നു. അഷ്ടമാധിപനെ ഒഴിച്ചു പഞ്ചമസംസ്ഥനായി ബലസഹിതനായ സൌമ്യൻ സുതനെ വിധാനം ചെയ്യുന്നു.

സാ—അഞ്ചാംഭാവത്തിൽ ബലഹീനനായ പാപഗ്രഹം നിന്നാൽ പുത്രനാശത്തെ പറയണം. പാപൻ ബലഹീനനല്ലെങ്കിൽ പുത്രനാശത്തെ പറയരുതു്. അഞ്ചാംഭാവത്തിൽ പ്രബലന്മാരായ ശുഭഗ്രഹങ്ങൾ നിന്നാൽ പുത്രസമ്പത്തിനെ പറയണം. ഈ ശുഭഗ്രഹം അഷ്ടമാധിപനായിരിക്കരുതു്. അഷ്ടമാധിപൻ ശുഭഗ്രഹമായാലും ഭാവനാശകരനാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഇതുകൊണ്ടു പാപഗ്രഹങ്ങൾക്കു ബലഹാനി മുതലായ അശുഭാവസ്ഥകൊണ്ടു പാപതയും പ്രാബല്യം മുതലായ ശുഭാവസ്ഥകൊണ്ടു ശുഭതയും അതുവിധം ശുഭഗ്രഹങ്ങൾക്കും പ്രാബല്യം മുതലായ ഗുണങ്ങളെക്കൊണ്ടു ശുഭതയും ബലഹാനി മുതലായവകൊണ്ടു് അശുഭതയും സംഭവിക്കുന്നു. ഇതിനു,

പാപഗ്രഹാ ബലയുതാഃ ശുഭവർഗ്ഗസംസ്ഥാ-
സ്സൗമ്യാ ഭവന്തി ന ഖലവർഗ്ഗഗസൗമ്യദൃഷ്ടാഃ
പ്രായേണ പാപഫലദാ വിബലാശ്ച സൗമ്യാഃ
പാപാ ന ശുഭാന്യശുഭവർഗ്ഗഗപാപദൃഷ്ടാഃ.

എന്നും മററുമുള്ള വചനങ്ങളും ഇതിനു ദൃഷ്ടാന്തമാണ്.

യേന ഗ്രഹേണ യൽ പ്രോക്തമശുഭം വാ ശുഭം ഫലം
ബലീ ചേത്സശുഭം പൂർണ്ണമശുഭം ദുർബലോ യദി—ഇതി. പ്ര.മ

അ—അശുഭമായോ ശുഭമായോ ഉള്ള യാതൊരു ഫലം യാതൊരു ഗ്രഹത്താൽ ഉക്തമായി ഭവിക്കുന്നു. ആ ഗ്രഹം ബലവാനാകുന്നുവെങ്കിൽ ശുഭം പൂർണ്ണമായും ദുർബലനാകുന്നു എങ്കിൽ അശുഭം പൂർണ്ണമായും ഭവിക്കുന്നു.

സാ—ഏതൊരു ഗ്രഹത്തെക്കൊണ്ട് ശുഭഫലം പറയേണ്ടതായി വരുന്നുവോ ആ ഗ്രഹത്തിനു ബലമുണ്ടെങ്കിൽ ആ ശുഭഫലത്തിന് പൂർണ്ണത പറയണം. ബലമില്ലെങ്കിൽ ആ ശുഭഫലത്തിന് അല്പതയെ പറയാവൂ. ഇത് പാപന്മാർക്കും ശുഭന്മാർക്കും സാമാന്യേന ഒന്നുപോലെ വിചാരിക്കാവുന്നതാണ്. ശുഭനായാലും പാപനായാലും ബലവാനായ ഗ്രഹം ഇഷ്ടത്തെയും ദുർബലനായ ഗ്രഹം അനിഷ്ടത്തെയും ചെയ്യുമെന്നു സാരം. ഇങ്ങിനെ അറിയിക്കുന്ന വചനങ്ങളും കാണ്ണില്ല.

ഭാവേഷ്വിഷ്ടേഷു വർഗ്ഗോത്തമനിജരിപുഭേഷ്വാസ്ഥിതോ യോ ഗ്രഹോഽസൗ
പൂർണ്ണം മദ്ധ്യം തഥാല്പം ദിശതി ശുഭഫലം സ്വോദിതം പൃച്ഛകാനാം
ഭാവേഷ്വനിഷ്ടേഷ്വശുഭമപി തഥാ പുഷ്ടമദ്ധ്യാല്പരൂപം
വൈരിസ്വീയാംശവർഗ്ഗോത്തമഗത ഉദിതം ദ്രവ്യനാശാമയാദ്യം
—ഇതി ച.

അ—യാതൊരു ഗ്രഹം ഇഷ്ടങ്ങളായ ഭാവങ്ങളിൽ വർഗ്ഗോത്തമനിജരിപുക്ഷേത്രങ്ങളിൽ ആസ്ഥിതനായി ഭവിക്കുന്നു. ഈ ഗ്രഹം പൃച്ഛകന്മാർക്ക് സ്വോദിതമായ ശുഭഫലത്തെ പൂർണ്ണമായും മദ്ധ്യമായും അല്പമായും ദേശിക്കുന്നു. അപ്രകാരം ഇഷ്ടേതരങ്ങളായ ഭാവങ്ങളിൽ വൈരിസ്വീയാംശവർഗ്ഗോത്തമഗതനായ ഗ്രഹം ദ്രവ്യനാശാമയാദ്യമായി ഉദിതമായ അശുഭത്തെയും അപ്രകാരം പുഷ്ടമദ്ധ്യാല്പരൂപമാക്കി ദേശിക്കുന്നു.

സാ—ഇഷ്ടഭാവത്തിൽ നില്ക്കുന്ന ഗ്രഹം ഇഷ്ടഫലങ്ങളെയാണല്ലോ ദാനം ചെയ്യുന്നത്. ആ ഇഷ്ടഗ്രഹം വർഗ്ഗോത്തമാംശകത്തിൽ നില്ക്കയാണെങ്കിൽ ആ ഇഷ്ടഫലം പരിപൂർണ്ണമായി സിദ്ധിക്കുമെന്നും തന്റെ നവാംശകത്തിലാണെങ്കിൽ ഇഷ്ടഫലം മദ്ധ്യമായി സിദ്ധിക്കുമെന്നും ശത്രുനവാംശകത്തിലാണെങ്കിൽ ഇഷ്ടഫലം അല്പമായി സിദ്ധിക്കുമെന്നും പറയണം. അനിഷ്ടഭാവത്തിൽ നില്ക്കുന്ന ഗ്രഹം അനിഷ്ടഫലങ്ങളെ ദാനം ചെയ്യുന്നവനാണല്ലോ. എന്നാൽ ആ ഗ്രഹം വർഗ്ഗോത്തമനവാംശകത്തിൽ നില്ക്കയാണെങ്കിൽ ആ അനിഷ്ടഫലങ്ങളും അല്പമായും സ്വനവാംശകത്തിൽ നില്ക്കയാണെങ്കിൽ അനിഷ്ടഫലങ്ങളും മദ്ധ്യമായും ശത്രുനവാംശകത്തിലാണെങ്കിൽ അനിഷ്ടഫലങ്ങളും പൂർണ്ണമായും പറയേണ്ടതാണ്. ഇതും അറിയിക്കുന്ന വചനം തന്നെ.

സ്വാമീ കാരകഖേചരശ്ച ബലിനൗ യസ്യാസ്തു ഭാവസ്ഥിതൗ
സമ്പൂർണ്ണോഽന്യഭവോക്തമശ്ച നിയതം ഭാവസ്സുനൃണാം ഭവേൽ
രിഃഫാരാതിമൃതിസ്ഥിതൗ ച വിബലൗ യൽകാരകാധീശ്വരൗ
ഭാവോഽസ്യ ന ഹി സംഭവേദപി നൃണാം കാസ്യോന്നതേഃ കഥാ.

അ—യാതൊരു ഭാവത്തിന്റെ സ്വാമിയും കാരകഖേചരനും ബലികളായി ആ ഭാവസ്ഥിതന്മാരായി ഭവിക്കുന്നു. ആ ഭാവം നിയതമായും നൃക്കൾക്ക് സംപൂർണ്ണമായി അനന്യഭവമായി ഭവിക്കുന്നു. യൽകാരകാധീശ്വരന്മാർ രിഃഫാരാതിമൃതിസ്ഥിതന്മാരായും വിബലന്മാരായും ഭവിക്കുന്നു. ഈ ഭാവം നൃക്കൾക്ക് സംഭവിക്കുകയേയില്ല. ഇതിന്റെ ഉന്നതിയിലെ കഥ പിന്നെ എന്ത്?

സാ—ഏതൊരു ഭാവത്തെക്കുറിച്ചു വിചാരിക്കുമ്പോഴും ആ ഭാവത്തിന്റെ അധിപനും അതിന്റെ കാരകഗ്രഹവും പ്രബലന്മാരായി ഇഷ്ടഭാവങ്ങളിൽ നില്ക്കുന്നു എങ്കിൽ ആ ഭാവംകൊണ്ടു ചിന്തനീയങ്ങളായ ഫലങ്ങളും ഒന്നൊഴിയാതെ സമ്പൂർണ്ണമായി അനുഭവിക്കുന്നതിന് ഇടവരും. ഇപ്രകാരം ഭാവാധിപനും കാരകഗ്രഹവും ബലഹീനന്മാരായി ആറ്, എട്ട്, പന്ത്രണ്ട് ഈ ഭാവങ്ങളിൽ നിന്നാൽ ആ ഭാവംകൊണ്ടു ചിന്തനീയങ്ങളായ ഫലങ്ങളും ഉണ്ടാവുകയേയില്ല. പിന്നെ അതിന്റെ അനുഭവത്തെപ്പററി പറയേണ്ട ആവശ്യമില്ലല്ലോ.

സ്വോച്ചാദിഷ്ടഗൃഹേഭവസ്യ കാരകപതീ മദ്ധ്യാദ്യനിഷ്ടാഹിതൌ
യദ്ഭാവസ്യ സ സംഭവേദധികഫലോ നാസ്യാന്തരിതിർന്നൃണാം
നീചാദ്യാശ്രയതോऽബലൌ ശുഭതര ധാമാദിഭാവേ സ്ഥിതൌ
യദ്ഭാവാധിപകാരകൌ സ വികലോപ്യസ്യാന്തരിതിർഭവേൽ. ൨൦

അ—യദ്ഭാവത്തിന്റെ കാരകപതികൾ സ്വോച്ചാദീഷ്ടഗൃഹങ്ങളിൽ മദ്ധ്യാദ്യനിഷ്ടാഹിതന്മാരായി ഭവിക്കുന്നു. അതു് അധികഫലസമ്പൂർണ്ണം സംഭവിക്കും. നൃകൾക്ക് ഇതിന്റെ അന്തരതി ഭവിക്കുന്നില്ല. യദ്ഭാവാധിപകാരകന്മാർ നീചാദ്യാശ്രയം ഹേതുവായി അബലന്മാരായി ശുഭതരമായ ധാമാദിഭാവത്തിൽ സ്ഥിതന്മാരായി ഭവിക്കുന്നുവോ അതു വികലമായിട്ടു സംഭവിക്കുന്നതെങ്കിലും നൃകൾക്ക് ഇതിന്റെ അന്തരതി ഭവിക്കും.

സാ—ഭാവാധിപനും കാരകഗ്രഹവും മൗഢ്യം മുതലായ ദോഷങ്ങളൊന്നുംകൂടാതെ പ്രബലന്മാരായി ഉച്ചം മൂലത്രികോണം മുതലായ രാശികളിൽ നില്ക്കുന്നു എന്നു വിചാരിക്കുക അതു് ലഗ്നംമുതൽ ആറാമം തുടങ്ങിയ അനിഷ്ടഭാവങ്ങളിലായി വന്നാൽ ആ ഭാവാധിപനെക്കൊണ്ടും കാരകഗ്രഹത്തെക്കൊണ്ടും വിചാരിക്കേണ്ട ഫലങ്ങളും സമൃദ്ധിയായി ഉണ്ടാകുമെങ്കിലും അതിനെ അനുഭവിക്കുന്നതിന് ഇടവരികയില്ലെന്നു പറയണം. അതുപോലെ ഭാവാധിപനും കാരകഗ്രഹവും നീചം ശത്രുക്ഷേത്രം മുതലായ രാശികളിൽ നിന്നിട്ട് ദുർബ്ബലന്മാരായി ലഗ്നം അഞ്ചാംഭാവം മുതലായ ഇഷ്ടഭാവങ്ങളിൽ നിന്നാൽ ആ ഭാവാധിപനെക്കൊണ്ടും കാരകഗ്രഹത്തെക്കൊണ്ടും വിചാരിക്കേണ്ട ഫലങ്ങളും അല്പമാത്രമായി ഉണ്ടാകുമെന്നും ഉള്ളതു പ്രഷ്ടാവിന് അനുഭവിക്കുന്നതിന് ഇടവരുമെന്നും അറിയണം. ഇതുകൊണ്ട് ഭാവസ്ഥന്മാരായ ഗ്രഹങ്ങളുടെ ബലാബലംകൊണ്ട് ഫലത്തിന്റെ പൂർണ്ണതാപൂർണ്ണതകളും വെളിപ്പെടുന്നു. ഇഷ്ടഭാവസ്ഥിതികൊണ്ടാണ് അനുഭവയോഗ്യത ചിന്തിക്കേണ്ടതു്. ധനാധിപൻ ഉച്ചനായാൽ ധനം വളരെ സമ്പാദിക്കാനിടവരും. ആ ഉച്ചം ലഗ്നാൽ ആറാമതായാൽ ആ ധനം അനുഭവിക്കുന്നതിനിടവരികയില്ല. ഇങ്ങനെ ഭാവങ്ങളും വിചാരിക്കണം.

നാഥകാരകയോരേകോ ബലവാനിഷ്ടഭാവഗഃ
അന്യോऽന്യഥേതി മിശ്രത്വേ പൃച്ഛതീത്യൂഹ്യതാം ഫലം. ൨൧

അ—നാഥകാരകന്മാരിൽവെച്ചു് ഏകൻ ബലവാനായും ഇഷ്ടഭാവഗനായും അന്യൻ അന്യഥാകാരനായും ഇങ്ങനെ മിശ്രത്വം സംഭവിച്ചിരിക്കുമ്പോൾ പൃച്ഛതിയിങ്കൽ ഫലം ഊഹിക്കപ്പെടണം.

സാ—ഭാവാധിപൻ കാരകഗ്രഹം ഇവരിൽ ഒരാൾക്കു പ്രാബല്യം ഇഷ്ടഭാവസ്ഥിതി ഇവയും ഗുണങ്ങളും മറ്റൊരാൾക്ക് ബലഹാനി അനിഷ്ടസ്ഥിതി മുതലായ ദോഷങ്ങളും നിമിത്തം മിശ്രങ്ങളായിരുന്നാൽ മേൽ പറയപ്പെട്ട രീതി അനുസരിച്ച് യുക്തികൊണ്ട് ഊഹിച്ച് ഫലത്തെ നിർണ്ണയിച്ചുകൊള്ളണം. "ഏകഗ്രഹസ്യ സദ്ഭാവേ ഫലഭാവൽവിപര്യയേ"— ഇത്യാദി വചനമനുസരിച്ച് ശുഭത്തെ ചെയ്യുന്ന ഗ്രഹവും അശുഭത്തെ ചെയ്യുന്ന ഗ്രഹവും ഒന്നുപോലെ ബലവാന്മാരാണെങ്കിൽ ശുഭത്തെയും അശുഭത്തെയും പറയണം. ഏതെങ്കിലുമൊന്നു ബലാധിക്യമുള്ളതു് അതിന്റെ ഫലം അനുഭവയോഗ്യമായി തീരുമെന്നും കാണണം. ആ ന്യായമനുസരിച്ച് ഇവിടെ ഫലനിർണ്ണയം ചെയ്തുകൊള്ളണം.

ഭാവാത്തദീശാച്ച സ്ഥാനാദ് ഭാവസംജ്ഞാ ചാന്യഥാ
ലഗ്നാത്താന്ത്ഭാവഫലം ചിന്ത്യമിതി കേചന. ൨൨

അ—ഭാവത്തിൽനിന്നു തദീശനിൽ സ്ഥാനമായിരിക്കയോ ഭാവസംജ്ഞ ഭവിക്കുന്നു. അന്യപ്രകാരമായാൽ ഭവിക്കുന്നില്ല. ഇതെല്ലാം ലഗ്നത്തിൽനിന്ന് അനുഭവം ചിന്തിക്കപ്പെടണം. ഇങ്ങനെ ചിലർ വചിക്കുന്നു.

സാ—ഭാവാധിപനായ ഗ്രഹം ആ ഭാവത്തിൽനിന്ന് ഇഷ്ടമായ ഭാവത്തിൽ നിൽക്കുന്നു എങ്കിൽ ഭാവഫലത്തിനു പരിപൂർണ്ണത പറയണം. അനിഷ്ടഭാവത്തിലാണെങ്കിൽ അല്പത്വം പറയണം. ഇതു ലഗ്നത്തിൽനിന്ന് ഇഷ്ടഭാവസ്ഥനായാൽ ഇതിന്റെ അനുഭവം ഉണ്ടാകുമെന്നും അനിഷ്ടഭാവസ്ഥനായാൽ അനുഭവിക്കാനിടവരികയില്ലെന്നും പറയണം. ഇങ്ങനെയാണ് ചില ആചാര്യന്മാരുടെ അഭിപ്രായം. ഏതൊരു ഭാവത്തെയാണോ വിചാരിക്കുന്നത്, ആ ഭാവത്തെ ലഗ്നമാക്കി സങ്കല്പിച്ചാണ് വിചാരിക്കുന്നത്. അപ്പോൾ ലഗ്നത്തിനും ഭാവത്തിനും ഒന്നുപോലെ പ്രാമാണ്യമുണ്ടെന്നു സിദ്ധിക്കുന്നുവല്ലോ.

വാ—അത്ര ഗ്രന്ഥാന്തരം.

അ—ഇവിടെ ഗ്രന്ഥാന്തരം ഭവിക്കുന്നു.

സാ—ഭാവഫലങ്ങളുടെ അനുഭവവിഷയത്തിൽ ഗ്രന്ഥാന്തരവചനം കൂടി കാണിക്കുന്നു.

യസ്യ യസ്യ വിലഗ്നേന സംബന്ധോ ലഗ്നപേന വാ
ദൃഗ്യോഗകേന്ദ്രസാദൃശ്യൈഃ സ സ ഭാവോഽനുഭൂയതേ—ഇതി ൨൩

അ—യാതൊരു യാതൊരു ഭാവത്തിന് ദൃഗ്യോഗകേന്ദ്രസാദൃശ്യങ്ങളെക്കൊണ്ട് വിലഗ്നത്തോടോ ലഗ്നപനോടോ സംബന്ധം ഭവിക്കുന്നു, ആ ആ ഭാവം അനുഭവിക്കപ്പെടുന്നു.

സാ—ഏതോ ഒരു ഭാവത്തിന് ലഗ്നരാശിയോടോ ലഗ്നാധിപനായ ഗ്രഹത്തോടോ യോഗം ദൃഷ്ടി കേന്ദ്രം സാദൃശ്യം മുതലായ സംബന്ധമുണ്ടായാൽ ആ ഭാവം അനുഭവിക്കാനിടവരും. അതുപോലെ ഭാവത്തിനും ലഗ്നത്തിനും തമ്മിലുള്ള സംബന്ധം ഭാവാധിപനായും ലഗ്നാധിപനായും കൊണ്ടാണ് വിചാരിക്കേണ്ടത്.

വാ—ഗ്രഹാണാമിഷ്ടാനിഷ്ടഭാവാനാഹ.

അ—ഗ്രഹങ്ങളുടെ ഇഷ്ടാനിഷ്ടഭാവങ്ങളും വചിക്കപ്പെടുന്നു.

സാ—സൌമ്യന്മാരായ ഗ്രഹങ്ങൾക്ക് ഇന്നിന്ന ഭാവങ്ങൾ ഇഷ്ടങ്ങളാണെന്നും ഇന്നിന്ന ഭാവങ്ങൾ അനിഷ്ടങ്ങളാണെന്നും പറയുന്നു.

സൌമ്യാനാം വ്യയശത്രുമൃത്യുസഹജാ നേഷ്ടാ അഭീഷ്ടാഃ പരേ
പാപാനാമരിമാനസോദരഭവാ ഇഷ്ടാ അനിഷ്ടാഃ പരേ
ഭാവേഷ്വേഷു ഹി മുഖ്യതാ തു വപുഷോ ധർമ്മാത്മജൌ തത്സമൌ
തേഷു ത്രിഷ്വധികം ശുഭാശുഭഫലം വിദ്യാത് സതാമസതാം. ൨൪

അ—സൌമ്യന്മാർക്ക് വ്യയശത്രുമൃത്യുസഹജങ്ങൾ അനിഷ്ടങ്ങളായും പരങ്ങൾ അഭീഷ്ടങ്ങളായും ഭവിക്കുന്നു. പാപന്മാർക്ക് അരിമാനസോദരഭവങ്ങൾ ഇഷ്ടങ്ങളായും പരങ്ങൾ അനിഷ്ടങ്ങളായും ഭവിക്കുന്നു. ഈ ഭാവങ്ങളിൽവെച്ച് വപുസ്സിന് മുഖ്യത്വം പ്രസിദ്ധമാകുന്നു. ധർമ്മാത്മജങ്ങൾ തത്സമങ്ങളായി ഭവിക്കുന്നു. ആ മൂന്നെണ്ണത്തിലും സത്തുക്കളുടെയും അസത്തുക്കളുടെയും ശുഭാശുഭഫലത്തെ അധികമെന്നു വേദിക്കുന്നു.

സാ—മൂന്ന് ആറ് എട്ട് പന്ത്രണ്ട് ഈ നാലു ഭാവങ്ങളും ശുഭഗ്രഹങ്ങൾക്ക് ഇഷ്ടങ്ങളല്ല. ശേഷമുള്ള എട്ടു ഭാവങ്ങൾ ഇഷ്ടങ്ങളാണ്. മൂന്ന് ആറ് പതിനൊന്ന് ഈ മൂന്നു ഭാവങ്ങളും പാപഗ്രഹങ്ങൾക്ക് ഇഷ്ടങ്ങളാണ്. ശേഷമുള്ള ഭാവങ്ങൾ അനിഷ്ടങ്ങളുമാണ്. ഇത് ബൃഹജ്ജാതകത്തിലെ "[illegible]" എന്നാദിയായ പദ്യത്തിന്റെ സാരാംശങ്ങളാണ്. ഈ പന്ത്രണ്ടു ഭാവങ്ങളിൽ

വല്ലൂ് ഏറ്റവും പ്രാമാണ്യം ലഗ്നത്തിനാണുള്ളൂ്. അതും ചന്ദ്രനും രണ്ടാണ്ടും ലഗ്നത്തെപ്പോലെതന്നെ പ്രാമാണ്യമുള്ളവയാണ്. ഈ മൂന്നു ഭാവങ്ങളിലുമുള്ള ശുഭാശുഭന്മാരുടെ ദൃഷ്ടിയോഗംകൊണ്ടുള്ള ശുഭാശുഭഫലങ്ങൾ പ്രബലങ്ങളുമാണ്.

താമ്രഹേമാദിവസ്തൂനാം ശോകാനാം ലാഭദോ ഹ്യരി
തൽപ്രദതാത്ര രോഗാദിപ്രശ്നേഷ്വനിഷ്ടാ രിപുഗാ ഖഗാഃ. ൩൮

അ—രിപുവിൽ സ്ഥിതന്മാരായ ഖഗന്മാർ ശോകങ്ങളായ താമ്രഹേമാദിവസ്തുക്കളുടെ ലാഭത്തെ ചെയ്യുന്നവരാകുന്നു എങ്കിലും തൽപ്രദത്വം ഹേതുവായിട്ടു രോഗാദിപ്രശ്നത്തിൽ അനിഷ്ടന്മാരായി ഭവിക്കുന്നു.

സാ—മേൽപറഞ്ഞ യുക്തികൊണ്ട് ആറാംഭാവവും പാപന്മാർക്ക് ഇഷ്ടമാണെന്നു വന്നിട്ടുണ്ടല്ലോ. അവിടെ നില്ക്കുന്ന പാപന്മാർ അതാതുകളുടെ കാരകത്വം അനുസരിച്ച് ചെമ്പ് സ്വർണ്ണം മുതലായ പദാർത്ഥങ്ങളുടെ ലാഭത്തെ ചെയ്യും. എന്നിരുന്നാലും ആറാംഭാവം രോഗസ്ഥാനമായതുകൊണ്ട് അവിടെ നില്ക്കുന്ന പാപന്മാർ രോഗാഭിവൃദ്ധിയെ ചെയ്യും. അതുകൊണ്ടു രോഗാദിവിഷയമായ പ്രശ്നങ്ങളിലെല്ലാം ആറാംഭാവത്തിലെ പാപന്മാർ അനിഷ്ടന്മാർതന്നെയാണ്.

പുഷ്ണന്തി ശുഭാ ഭാവാൻ മൂർത്ത്യാദീൻ ഘ്നന്തി സംസ്ഥിതാഃ പാപാഃ
സൌമ്യാഃ ഷഷ്ഠേരിഘ്നാഃ സർവ്വേ നേഷ്ടാ വ്യയാഷ്ടമഗാഃ—ഇതി.

അ—ശുഭന്മാർ സംസ്ഥിതന്മാരായി ഭവിക്കുന്ന ഏതിൽ മൂർത്ത്യാദികളായ ഭാവങ്ങളെ പോഷിപ്പിക്കുന്നു. പാപന്മാർ ഹനിക്കുന്നു. ഷഷ്ഠത്തിലെ സൌമ്യന്മാർ അരിഘ്നന്മാരായി ഭവിക്കുന്നു. വ്യയാഷ്ടമഗന്മാരായ സർവ്വന്മാരും അനിഷ്ടന്മാരായിഭവിക്കുന്നു.

സാ—ലഗ്നാദികളായ ഏതേതു ഭാവത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കുന്നു ആ ഭാവംകൊണ്ടു പറയപ്പെടുന്ന ശരീരം ധനം മുതലായ പദാർത്ഥങ്ങൾക്കു പുഷ്ടിയുണ്ടെന്നു പറയണം. പാപന്മാർ നില്ക്കുന്ന ഭാവഫലങ്ങൾക്കു ഹാനിയേയും പറയണം. ആറാംഭാവത്തിൽ ശുഭഗ്രഹങ്ങൾ നിന്നാൽ ശത്രുക്കൾക്കു നാശത്തെയാണു പറയേണ്ടത്. മുൻപേ പറഞ്ഞ ന്യായമനുസരിച്ച് ശുഭഗ്രഹങ്ങൾ നിന്നാൽ ഭാവഫലങ്ങളെ പുഷ്ടിപ്പെടുത്തുമെന്നാണല്ലോ വന്നുകൂടിയത്. ആറാംഭാവംകൊണ്ടു ശത്രു രോഗം മുതലായവയെ ആണല്ലോ വിചാരിക്കേണ്ടത്. ആ ന്യായമനുസരിച്ച് ശത്രുവിനും രോഗത്തിനും പുഷ്ടി പറയണം എന്നു വരും; അങ്ങിനെയല്ല. ആറാംഭാവത്തിൽ ശുഭൻ നിന്നാൽ ശത്രു രോഗം മുതലായവയെ നശിപ്പിക്കയാണു ചെയ്യുന്നത്. പന്ത്രണ്ടാംഭാവവും എട്ടാംഭാവവും ഒരു ഗ്രഹങ്ങൾക്കും ഇഷ്ടങ്ങളല്ല.

ഭാവഫലാനി യാന്യുക്താന്യശുഭാനി ശുഭാനി വാ
പ്രശ്നേഽപി താനി വാച്യാനി ജനനസ്യ സ്വപ്നസ്യ ച ചേഷ്ടിതേ.

അ—യാവ ചില ഭാവഫലങ്ങൾ അശുഭങ്ങളായും ശുഭങ്ങളായും ഉക്തങ്ങളായി ഭവിക്കുന്നുവോ; അവ്വകം പ്രശ്നത്തിൽ ചേർന്ന് ജനനത്തിലും സ്വപ്നത്തിലും ഇരിക്കും സമയത്തിൽ വാച്യങ്ങളായി ഭവിക്കുന്നു.

സാ—ഹോര മുതലായ ഗ്രന്ഥങ്ങളിൽ ഗ്രഹങ്ങളുടെ ഭാവഫലങ്ങൾ ശുഭരൂപമായും അശുഭരൂപമായും പറഞ്ഞിട്ടുണ്ട്. പ്രശ്നത്തിൽ ഇഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു ശുഭഫലങ്ങളേയും അനിഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് അശുഭഫലങ്ങളേയും പറഞ്ഞുകൊള്ളണം.

ഇഷ്ടാനിഷ്ടഗതത്വാത് ശുഭാശുഭഫലപ്രദേ
ഗ്രഹേ സത്യപി ബലം യോജ്യം സംജ്ഞാധ്യായസമീരിതം. ൩൯

അ—ഇഷ്ടാനിഷ്ടഗതത്വം ഹേതുവായി ഗ്രഹം ശുഭാശുഭഫലപ്രദനായിരിക്കുമ്പോഴും സംജ്ഞാധ്യായസമീരിതമായ ബലവും യോജ്യമായി ഭവിക്കുന്നു.

സാ—സൂര്യൻ മുതലായ ഗ്രഹങ്ങൾ ഇഷ്ടഭാവങ്ങളിൽ ശുഭദാതാക്കന്മാരായി നിന്നാലും അനിഷ്ടഭാവങ്ങളിൽ അശുഭദാതാക്കന്മാരായി നിന്നാലും വരാഹഹോരയിൽ സം

ങ്ങാദ്ധ്യായത്തിൽ അവരവർക്കു പറഞ്ഞിരിക്കുന്ന ശുഭാശുഭങ്ങളെ യോജിപ്പിച്ചു പറഞ്ഞു കൊള്ളണം.

ഏതിനെയെന്നാൽ ആദിത്യനോ ചന്ദ്രനോ ഇഷ്ടസ്ഥാനായാൽ രാജാനുകൂല്യമുണ്ടാകുമെന്നും അനിഷ്ടസ്ഥാനായാൽ രാജകോപമുണ്ടാകുമെന്നും യുക്തികൊണ്ടു ചിന്തിച്ചു പറഞ്ഞുകൊള്ളണം.

മൃത്യ്വാദ്യാ നിജരന്ധ്രപേന ശനിനാ വാ സ്പൃഷ്ടാഃ സംയുതാഃ
സ്വസ്വാരിവ്യയരന്ധ്രപാപഹതയസ്തൽസ്ഥസ്യ വാ ചേത്തദാ
തത്തൽഭാവവിപത്തിരസ്തി നിയമാദേവം വയോരാശിഷു
ബ്രൂയാദംഘ്രിയുഗാന്തികേഷു ച വപുർഭാഗേഷു രോഗാൻ സുധീഃ.

അ—മൃത്യ്വാദ്യങ്ങളും നിജരന്ധ്രപനോടോ ശനിയോടോ ഏറ്റവും സംയുക്തങ്ങളായി ഭവിക്കുന്നു. അപ്രകാരം സ്വസ്വാരിവ്യയരന്ധ്രപപാപഹതികളോ തൽസ്ഥന്റെ അപഹതിയോ ഭവിക്കുന്നു എങ്കിൽ അപ്പോൾ തത്തൽഭാവവിപത്തി നിയമേന ഭവിക്കുന്നു. ഇപ്രകാരം വയോരാശികളായി അംഘ്രിയുഗാന്തികങ്ങളായ വപുർഭാഗങ്ങളിൽ സുധി രോഗങ്ങളേയും പറയിക്കണം.

സാ—ലഗ്നാദികളായ ഏതൊരു ഭാവത്തെക്കുറിച്ചു ചിന്തിക്കുന്നുവോ ആ ഭാവത്തിന്റെ അഷ്ടമാധിപനോ ശനിയോ ചാരവശാൽ ആ ഭാവത്തിൽ വരുമ്പോഴും ആറ്, എട്ട്, പന്ത്രണ്ട് ഈ ഭാവങ്ങളുടെ അധിപന്മാരുടേയോ ഈ ഭാവങ്ങളിൽ നിൽക്കുന്നവരുടേയോ അപഹാരവുംകൂടി വന്നാൽ അക്കാലത്ത് ആ ഭാവനാശം സംഭവിക്കുമെന്നു തീർച്ചപ്പെടുത്തിപ്പറയാം. ലഗ്നാദികളായ ഭാവങ്ങളെക്കൊണ്ടു ശിരസ്സ് മുതലായ അവയവങ്ങളെ മുൻപേ കല്പിച്ചിട്ടുണ്ടല്ലോ. മുൻപറഞ്ഞ ന്യായമനുസരിച്ചു അഷ്ടമാധിപനോ ശനിയോ ചാരവശാൽ വരികയും അനിഷ്ടന്മാരുടെ അപഹാരംകൂടി അപ്പോൾ സംഭവിക്കയും ചെയ്താൽ ആ ഭാവംകൊണ്ടു പറയപ്പെടുന്ന അവയവത്തിൽ രോഗമുണ്ടാകുമെന്നും പറയാം. വിശേഷിച്ചു ബുദ്ധിപൂർവ്വം ആലോചിച്ചുവേണം ഈ സംഗതി പറയേണ്ടത്.

ലഗ്നാദ്യൈർവ്വാച്യമസദസദ്യോഗേ സതി ഫലം സമുച്ചിത്യ
സൌകര്യാർത്ഥം പ്രഷ്ടുഃ ഫലനിർദ്ദേശസ്യ കഥ്യതേ തദനു. ൩൦

അ—അസദസദ്യോഗം സത്തായിരിക്കുമ്പോൾ പ്രഷ്ടാവിനു ലഗ്നാദ്യങ്ങളെക്കൊണ്ടു വാച്യമായ ഫലം ഫലനിർദ്ദേശത്തിന്റെ സൌകര്യത്തിനായി അനന്തരം സമുച്ചയിച്ചു കഥിക്കപ്പെടുന്നു.

സാ—ലഗ്നം തുടങ്ങിയ ഓരോ ഭാവങ്ങളിലും പാപന്മാർ നിന്നാലും ശുഭന്മാർ നിന്നാലും പറയേണ്ട ഫലങ്ങളെ പറയേണ്ടതിനു എളുപ്പമുണ്ടെന്നു കരുതി അവ താഴെ ചേർത്തു പറയുന്നു.

പാപേ ലഗ്നഗതേ പരാജയശിരോരുഗ്ദുഃഖദൃഷ്ടീർത്തയഃ
സ്ഥാനഭ്രംശധനക്ഷയാഖിലശരീരാസ്വാസ്ഥ്യദുഃഖാന്വിതാഃ
സൌമ്യേ ലഗ്നഗതേ സുഖസ്ഥിതിജയാരോഗ്യാർത്ഥസമ്പത്തയഃ
കീർത്തിസ്ഥാനവിശേഷലബ്ധിരിതി ച ജ്ഞേയം ഫലം പൃച്ഛതാം.

അ—പാപൻ ലഗ്നഗതനായിരിക്കുമ്പോൾ സ്ഥാനഭ്രംശധനക്ഷയാഖിലശരീരാസ്വാസ്ഥ്യദുഃഖാന്വിതങ്ങളായ പരാജയശിരോരുഗ്ദുഃഖദൃഷ്ടീർത്തികളും സൌമ്യൻ ലഗ്നഗതനായിരിക്കുമ്പോൾ സുഖസ്ഥിതിജയാരോഗ്യാർത്ഥസമ്പത്തികളും കീർത്തിസ്ഥാനവിശേഷലബ്ധിയും എന്നിങ്ങനെയുള്ള ഫലം പൃച്ഛകന്മാർക്കു വിജ്ഞേയമായി ഭവിക്കുന്നു.

സാ—ലഗ്നരാശിയിൽ പാപഗ്രഹങ്ങൾ നിന്നാൽ കാര്യങ്ങളിൽ പരാജയവും ശിരോരോഗവും ദുഃഖവും ദൃഷ്ടിക്ക് കേടും പൂർവ്വസ്ഥിതിയിൽനിന്നു ഭ്രംശവും ദ്രവ്യനാശവും സർവ്വാവയവങ്ങൾക്കും അസ്വാസ്ഥ്യവും പലവിധത്തിലും ദുഃഖങ്ങളും പറയേണ്ടതാണ്. ലഗ്നഭാവത്തിൽ ശുഭൻ നിന്നാൽ സുഖാവസ്ഥയും ജയവും ശരീരത്തിനാരോഗ്യവും സമ്പ

ണ്ടും കീർത്തിയും ബുദ്ധിമാന്ദ്യസൂചകമായ നാമമെല്ലാവും പറയണം. ഇങ്ങിനെ ധനഭാവംകൊണ്ടു പ്രഷ്ടാവിന്റെ ഫലങ്ങളെ ചിന്തിക്കണം.

പാപേ വിത്തഗതേ സ്വപൂർവ്വനിചിതദ്രവ്യക്ഷയോ വക്ത്രരു-
ങ്നേത്രവ്യാധിരഥാക്ഷിണോർമ്മുഖഗദോ ദുഷ്പാകഭിഃ പാത്രകൈഃ
സൌമ്യേ വിത്തഗതേ പുരാർജ്ജിതധനാനാമാഗമോ വൃദ്ധ്യുദ്ഭവഃ
പാത്രാപ്തിർമ്മരണീയമജ്ഞനസുഖം പ്രശ്നേ ഗതി ന്യായാൽഫലം. ൩൮

അ—പാപൻ വിത്തഗതനായിരിക്കുമ്പോൾ സ്വപൂർവ്വനിചിതദ്രവ്യക്ഷയവും വക്ത്രരോഗം നേത്രവ്യാധി മുഖരോഗങ്ങൾ ദുഷ്പാകം തുടങ്ങിയ പാത്രകൃതികളും സൌമ്യൻ വിത്തഗതനായിരിക്കുമ്പോൾ പുരാർജ്ജിതധനാഗമം വൃദ്ധ്യുത്ഭവവും പാത്രാപ്തിയും മരണീയ അഞ്ജനസുഖവും ഇപ്രകാരമുള്ള ഫലത്തെ പ്രശ്നാവ്യയനം ചെയ്യും

സാ—രണ്ടാംഭാവത്തിൽ പാപഗ്രഹം നിന്നാൽ പൂർവ്വന്മാർ സമ്പാദിച്ചിട്ടുള്ള ധനങ്ങൾക്കു ഹാനിയും മുഖരോഗവും കണ്ണുകൾക്കു ദീനം ... കണ്ണിനും വ്യാധിയും നിന്ദ്യമായ വചനവും ... , ശുഭഗ്രഹങ്ങൾ രണ്ടിൽനിന്നാൽ പൂർവ്വന്മാർ സമ്പാദിച്ച ധനത്തെപ്പറ്റി വർദ്ധിപ്പിക്കയും പാത്രലാഭവും കണ്ണെഴുതാനുള്ള സുഖവും ഉണ്ടാകും. രണ്ടാംഭാവംകൊണ്ടു ഇങ്ങിനെ പ്രഷ്ടാവിന്റെ ഫലങ്ങളെ ചിന്തിക്കേണ്ടതാണ്.

പാപേ ഭ്രാതൃഗതേ സഹായവിഗമഃ സോദര്യരോഗാദികം
വക്ഷഃകന്ധരകർണ്ണരോഗനയനം ധീരതാ ച ധൈര്യക്ഷയഃ
സൌമ്യേ ഭ്രാതൃഗതേ സഹോദരസഹായാരോഗ്യലാഭാദികം
സദ്ബുദ്ധേരുദയശ്ച ധൈര്യമിതി ഭ്രാതൃഭാവഫലം പ്രശ്നതാം. ൩൯

അ—പാപൻ ഭ്രാതൃഗതനായിരിക്കുമ്പോൾ സഹായവിഗമവും സോദര്യരോഗാദികവും വക്ഷഃകന്ധരകർണ്ണരോഗങ്ങളും ധൈര്യക്ഷയങ്ങളും സൌമ്യൻ ഭ്രാതൃഗതനായിരിക്കുമ്പോൾ സഹോദരസഹായാരോഗ്യലാഭാദികവും സദ്ബുദ്ധിയുടെ ഉദയവും ഇങ്ങിനെ ഈ ഫലം പ്രഷ്ടാക്കന്മാർക്കു വിശേഷമായി ഭവിക്കുന്നു.

സാ—മൂന്നാംഭാവത്തിൽ പാപൻ നിന്നാൽ സഹായമില്ലാതെ വരിക സഹോദരന്മാർക്കു രോഗം മുതലായ ആപത്തുവരിക, മാറിലും കഴുത്തിലും വലത്തെ ചെവിയിലും രോഗമുണ്ടാവുക, ദർബുദ്ധി വർദ്ധിക്കുക, ധൈര്യമില്ലാതാവുക ഈ ഫലങ്ങളും ശുഭഗ്രഹം മൂന്നാംഭാവത്തിൽ നിന്നാൽ ബുദ്ധിക്കു നന്മയുണ്ടാവുക ധൈര്യമുണ്ടാവുക സഹോദരന്മാർക്കു സുഖംവരിക സഹായമുണ്ടാകുക ആരോഗ്യലാഭം ഈ ഫലങ്ങളും പ്രഷ്ടാക്കന്മാർക്കു പറഞ്ഞുകൊള്ളണം.

മാതൃമാതുലഭാഗിനേയസുഹൃദാം ഗോമഹിഷ്യശ്വാസന-
ക്ഷേത്രാണാമപി വാഹനസ്യ ച വിപദ്യത്രേശതഃ ചാസുഖം
ക്ലൈപാദ്യംബുനിദ്ദൂഷണം സുഖഗതേ പാപേ ശുഭേ വാഹനം
ക്ഷേത്രം ഗോമഹിഷ്യാസനാദിസുഖമിത്യൂഹ്യം ഹി ലാഭോ ഭവേൽ

അ—പാപൻ സുഖഗതനായിരിക്കുമ്പോൾ മാതാവിനും മാതുലഭാഗിനേയസുഹൃത്തുക്കൾക്കും ഗോമഹിഷ്യശ്വാസനക്ഷേത്രങ്ങൾക്കും വാഹനത്തിനും വിപത്തും ഏറ്റവും അസുഖവും കൂപാദ്യംബുനിദ്ദൂഷണവും, ശുഭൻ സുഖഗതനായിരിക്കുമ്പോൾ ക്ഷേത്രവും ഗോമഹിഷ്യാസനങ്ങളും സുഖവും ഇങ്ങിനെയുള്ള ഇവകളുടെ ലാഭവും ഭവിക്കും.

സാ—പാപഗ്രഹം നാലാംഭാവത്തിൽ നിന്നാൽ മാതാവ് മാതുലൻ മരുമകൻ ബന്ധുജനങ്ങൾ പശുക്കൾ ഗൃഹങ്ങൾ ശയനസ്ഥലങ്ങൾ ഇരിപ്പാനുള്ള സ്ഥലങ്ങൾ കൃഷിഭൂമി വാഹനങ്ങൾ ഇവകൾ പരിജനങ്ങൾക്കു യഥായോഗ്യം ദോഷങ്ങളെ പറഞ്ഞുകൊള്ളണം. കൂടാതെ ഏറ്റവും രോഗം, ദുഃഖം; കിണറു മുതലായ ജലാശയങ്ങളിലെ ജലത്തിനു ദൂഷണം ഇവയും പറഞ്ഞുകൊള്ളണം. നാലാംഭാവത്തിൽ ശുഭഗ്രഹങ്ങൾ

നിന്നാൽ വരുമാനം, ചൈത്രം പുത്രക്ഷയം ശത്രുഭയാധികളും ആസനങ്ങളും ഇളക്കുകളെ ഫലങ്ങളെയും സ്വഭാവത്തെയും പറയണം.

പാപേ പഞ്ചമഗേഽസ്യ ദോഷബഹുതാ ദൈവജ്ഞാലിനാം ത്ര്യംഗതി-
വ്യാപത്ത്യസ്യ പുരാതനപുണ്യവിലയോ ധിയശ്ച മനഃക്ലേശതാ
ക്രൂരാചാരതദാദികം തഥാ ശുഭേ പുത്രസ്യ ലാഭോഽപി വാ-
ഽരോഗ്യം ധീപ്രതിഭോദയശ്ച മനസസ്തുഷ്ടിശ്ച പുണ്യോദയഃ.

അ—പാപൻ പഞ്ചമത്തിലായിരിക്കുമ്പോൾ ദൈവജ്ഞാദിയായ ഇവന്റെ ദോഷബഹുലതയെ ആശ്രയിച്ചു ത്ര്യക്ഷ ദൃഷ്ടിയോ പുരാണപുണ്യവിലയവും മനഃക്ലേശവും ക്രൂരാചാരാദികളും അതേവിധം ശുഭൻ പഞ്ചമത്തിലായിരിക്കുമ്പോൾ പുത്രന്റെ ലാഭവും അല്ലെങ്കിൽ ആരോഗ്യവും ധീപ്രതിഭോദയവും മനസ്സിന്റെ തുഷ്ടിയും പുണ്യോദയവും ഫലമായി വരുന്നു.

സാ—അഞ്ചാമെടത്തു പാപഗ്രഹം നിന്നാൽ പുത്രമരണവും പുത്രന്മാർക്ക് രോഗവും പറയാം. ആ പാപന് ദൈവജ്ഞം തിഥി മുതലായ അനിഷ്ടങ്ങളുണ്ടെങ്കിൽ മരണവും അല്ലെങ്കിൽ രോഗത്തെയും പറയേണ്ടതാകുന്നു. കൂടാതെ പൂർവ്വപുണ്യത്തിന്റെ നാശം മനസ്സിന് മനോഭേദം മന്ത്രികൾ മുതലായവർ രോഗം മുതലായ അറിവും ഈ വക ഫലങ്ങളെയും അഞ്ചാമെടത്തു ശുഭഗ്രഹം നിന്നാൽ പുത്രലാഭവും പുത്രന്മാർക്ക് ആരോഗ്യവും ബുദ്ധിഗുണവും സമയോചിതം ബുദ്ധിക്ക് ചൈതന്യവും മനസ്സന്തോഷവും പുണ്യവൃദ്ധിയും പറയേണ്ടതാകുന്നു.

പാപേ ഷഷ്ഠഗതേ തു ഷഷ്ഠഭവനോക്താംഗകേ വ്രണസ്യാത്ഭവ-
ശ്ചോരാരിവ്യസനഞ്ച നാഡികടിതഃ പീഡോത്ഭവഃ കർമ്മസു
പാപസ്യാസ്യ ച ദോഷസംഭവശ്ച സൌമ്യേ ച ശത്രുക്ഷയോ
രോഗാണാമപി സതാം തു ശമനം പ്രഷ്ടുഃ സമാദിശ്യതാം.

അ—പാപൻ ഷഷ്ഠത്തിലായിരിക്കുമ്പോൾ പ്രഷ്ടാവിന്റെ ഷഷ്ഠഭാവോക്താംഗത്തിൽ വ്രണത്തിന്റെ ഉത്ഭവവും ചോരാരിവ്യസനവും നാഡികടിതഃപീഡ കർമ്മങ്ങളിൽ വിഘ്നവും ഈ പാപന്റെ ദോഷസംഭവത്തെയും സമാദേശിക്കപ്പെടണം. സൌമ്യൻ ഷഷ്ഠത്തിലായിരിക്കുമ്പോൾ ശത്രുക്ഷയവും രോഗങ്ങളുടെ അഭാവവും സത്തുക്കളായ രോഗങ്ങളുടെ ശമനവും സമാദേശിക്കപ്പെടണം.

സാ—ആറാം ഭാവത്തിൽ പാപൻ നിന്നാൽ ആറാംഭാവംകൊണ്ടു കല്പിക്കപ്പെടുന്ന അവയവത്തിന് വ്രണരോഗവും കള്ളന്മാർ ശത്രുക്കൾ ഇവരിൽനിന്ന് ഭയവും നാഡി മുതലായ് ഈ പ്രദേശങ്ങളിൽ രോഗവും കർമ്മത്തിൽ തടസ്സവും ആ പാപന് പറഞ്ഞിട്ടുള്ള വാതാദിരോഗങ്ങളുടെ കോപംകൊണ്ടുണ്ടാവുന്ന വ്യാധികളും പറയേണ്ടതാണ്. ആറാംഭാവത്തിൽ ശുഭഗ്രഹം നിന്നാൽ ശത്രുനാശവും രോഗങ്ങൾ വരാതിരിക്കുകയും ഉള്ള രോഗങ്ങൾ ശമിക്കയും ഈ ഫലങ്ങളും പ്രഷ്ടാവിനു പറയേണ്ടതാണ്.

പാപേ സപ്തമഗേ കളത്രമരണം രോഗോ വിയോഗോഽസ്യ വാ
ഭർത്തുർവാ ഗമനാന്തരായ ഉദിയാൽ സ്യാത്ത്വത്ര ചൌരാദയഃ
സൌമ്യേ സപ്തമഗേ വിവാഹഘടനാ നഷ്ടാർത്ഥലാഭഃ സുഖ-
ഭോഗാവാപ്തിവിശേഷതശ്ച സുഹൃദായാനാദികം സ്യാൽ ഫലം.
മദന പാപസമേതേ മാഹാദികമപി ഗ്രഹസ്യ ദോഷായാഃ
ബലവൽശുഭസംയുക്തേ ഗ്രഹകരണം സംഭവേച്ച ജായായാഃ.

അ—പാപൻ സപ്തമത്തിലായിരിക്കുമ്പോൾ കളത്രമരണമോ രോഗമോ ഇവന്റെ വിയോഗമോ ഭർത്താവിന്റെ ഗമനാന്തരായമോ ചൌരാദികളോ ഉദിക്കും. സൌമ്യൻ സപ്തമത്തിലായിരിക്കുമ്പോൾ വിവാഹഘടനയും നഷ്ടാർത്ഥലാഭവും

സ്വഗൃഹത്തിൽനിന്നു വേർപെട്ടിരിക്കലും വിദേശസഞ്ചാരം മുതലായ ഫലവും ഭവിക്കും. മദനം പാപ സമേതമായാൽ മാതുലരുടെ ഗൃഹത്തിൽ രോഗാദികളും വൈരാഗ്യം സംഭവിക്കുന്നതായാൽ മാതുലഗൃഹനാശവും സംഭവിക്കും.

സാ—പൃഥ്വീഭാവത്തിൽ പാപഗ്രഹങ്ങൾ നിന്നാൽ ഭവനത്തെ മാതുലർ മുതലായ ദോഷസ്ഥിതി അനുസരിച്ചു മാതുലരുടെ ഭവനത്തിൽ വിരോധവും മറ്റും ഉണ്ടാകുമെന്നു പറയണം. സ്ത്രീയെക്കുറിച്ചുള്ള പ്രശ്നമായാൽ ഇവർക്കുള്ള ഭർത്താവിന്റെ ഭവനത്തിൽ രോഗമോ വിരഹമോ മറ്റോ ഉണ്ടാകുമെന്നു പറയണം. പിന്നീട് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുവാൻ സാധിക്കാതെ വരികയും മുതലായ വസ്തുനാശങ്ങളുണ്ടാകയും ചെയ്യും. മാതുലഗൃഹത്തിന് അഗ്നിഭയം മുതലായ ദോഷങ്ങൾ സംഭവിക്കയും സ്ത്രീയെക്കുറിച്ചുള്ള പ്രശ്നമാണെങ്കിൽ ഭർത്താവിന്റെ ഗൃഹത്തിൽ അഗ്നിബാധ മുതലായ ആപത്തുകളുണ്ടാകുമെന്നും പറയണം.

ഭൂമിയിൽ ശുഭൻ നിന്നാൽ വിവാഹലാഭവും നഷ്ടപ്പെട്ടുപോയ ദ്രവ്യത്തിന്റെ തിരിച്ചുകിട്ടലും ലാഭവും ഭാഗ്യവതികളായ സ്ത്രീകളിൽനിന്നു സുഖസൗഖ്യവും ദൂരദേശങ്ങളിൽ പോയിരുന്ന ബന്ധുക്കളുടെ സംഗമവും മാതുലരുടെ വീടു പണിചെയ്യിക്കുന്നതിനും സ്ത്രീവിഷയപ്രശ്നമാണെങ്കിൽ ഭർത്താവിന്റെ വീടു പണിചെയ്യിക്കുന്നതിനും ഇടയാവുമെന്നും പറയണം.

പാപേ ബന്ധുഗതേ തു മാതുലജനാൽ പ്രത്യൂഹദൃഗ്ദ്ധ്യാമയാ
ലോകൈർവ്വിഗ്രഹണം ധനാദിഹരണം ചോരൈർന്നൃപൈശ്ചാഗ്നിഭിഃ
രോഗാശ്ചാപ്യശിവപ്രദാഃ സ്യുരപി ച സ്യാച്ഛങ്കനീയാ മൃതിഃ
സൌമ്യേ ബന്ധുഗതേ തു രോഗവിരഹോ ദൈർഘ്യം തഥാ ചായുഷഃ.
അപവാദോ മദാപത്തിരപി പാപേഽഷ്ടമസ്ഥിതേ
മാതുലാനാമപത്തിരപി ചിന്ത്യാ ഛിദ്രഗതേ ഗുരൗ. ൩൦

അ—പാപൻ ബന്ധുഗതനായിരിക്കുമ്പോൾ മാതുലജനങ്ങൾ പ്രത്യൂഹദൃഗ്ദ്ധ്യാമയങ്ങളും ലോകരോടു വിഗ്രഹവും ചോരന്മാരെക്കൊണ്ടും നൃപന്മാരെക്കൊണ്ടും അഗ്നികളെക്കൊണ്ടും ധനാദിഹരണവും അശിവപ്രദങ്ങളായ രോഗങ്ങളും ഭവിക്കുന്നു. മൃതിയും ശങ്കനീയമായി ഭവിക്കും. സൌമ്യൻ ബന്ധുഗതനായിരിക്കുമ്പോൾ രോഗവിരഹവും ആയുസ്സിന്റെ ദൈർഘ്യവും ഭവിക്കും. പാപൻ അഷ്ടമസ്ഥിതനായിരിക്കുമ്പോൾ അപവാദവും മദാപത്തിയും ഭവിക്കും. ഗുരു ഛിദ്രഗനായി ഭവിക്കുന്നു എങ്കിൽ മാതുലരുടെ ആപത്തിനെയും ചിന്തിക്കണം.

സാ—പാപൻ എട്ടാമേടത്തു നിന്നാൽ ഗുഹ്യരോഗം രോഗവും കാര്യങ്ങളിലെല്ലാം വിഘ്നവും ലിംഗം യോനി മുതലായ സ്ഥാനങ്ങളിൽ രോഗവും ജനങ്ങളോടു കലഹവും കള്ളന്മാരിൽനിന്നും ചോരണാദികൾകൊണ്ട് ധനനാശവും രാജകോപംനിമിത്തവും ശത്രുക്കളുടെ ഉപദ്രവംകൊണ്ടും മറ്റും ധനനാശവും അത്യാപത്തും ഇടവിടാതുള്ള രോഗങ്ങളുണ്ടാകും എന്നുതന്നെയല്ല മരിക്കുമോ എന്നു തോന്നത്തക്കവിധം രോഗം പ്രബലമായിത്തീരുകയും ചെയ്യും. കൂടാതെ തങ്ങളെ സംബന്ധിച്ച് അന്യന്മാരിൽനിന്ന് അപവാദവും മറ്റും മുതലായ ഉപദ്രവങ്ങളുടെ നാശവും പറയണം. എട്ടിൽ ശുഭഗ്രഹം നിന്നാൽ രോഗം മുതലായ ദുഃഖങ്ങൾ ഒഴിഞ്ഞു സ്വസ്ഥനായിട്ടു വളരെക്കാലം ജീവിച്ചിരിക്കുന്നതിനും മറ്റും മുതലായ ഉപദ്രവങ്ങൾ ഉണ്ടാകുന്നതിനും മറ്റും ഇടവരുമെന്നും പറയണം.

പാപേ ധർമ്മസ്ഥിതേ ന സ്യാദ്ഗുരുജനപിതൃപൌത്രാദിഭാഗ്യഹാനി-
ർവ്വൈരം ധർമ്മോപരോധാഗ്രഹസുകൃതതപോഹാനയോ നിഷ്കൃപത്വം
സൌമ്യേ ധർമ്മസ്ഥിതേ സ്യാദ്ഗുരുപിതൃജനസന്തോഷഭാഗ്യാനി

പ്രസാദോ

വൃദ്ധിർഭാഗ്യസ്യ ധർമ്മസ്യ ച ഗുരുതപസാമാർജ്ജനാ പൌത്രസൌഖ്യം.

അ—പാപൻ ധർമ്മസ്ഥിതനായിരിക്കുമ്പോൾ ഗുരുജനപിതൃപൌത്രാദികളുടെ ഭാഗ്യഹാനിയും ധർമ്മോപരോധാഗ്രഹസുകൃതതപോഹാനികളും നിഷ്കൃപത്വവും വൈരങ്ങളുമായി ഭവിക്കുന്നു. സൌമ്യൻ ധർമ്മസ്ഥിതനായിരിക്കുമ്പോൾ ഗുരുപിതൃജനങ്ങളുടെയും

ഇഷ്ടപരിവാരങ്ങളും പ്രസാദവും ഭാഗ്യത്തിൻ്റെയും ധർമ്മത്തിൻ്റെയും ഗുരുജനങ്ങളുടെയും വൃദ്ധിയും അത്യന്തമൈശ്വര്യവും ഭവിക്കും.

സാ—ഒൻപതാം ഭാവത്തിൽ പാപൻ നിന്നാൽ ഗുരുക്കന്മാർക്കും പിതാവിനും മക്കൾക്കും മറ്റും രോഗവും ഭാഗ്യമില്ലാതാവുകയും ധർമ്മകർമ്മങ്ങൾക്കും ഗുരുജനങ്ങൾക്കും ഹാനിവരികയും പുണ്യങ്ങൾക്കും വ്രതാദികളായ നിയമങ്ങൾക്കും ഭംഗം സംഭവിക്കയും കൃപയില്ലാതാവുകയും മററും ഫലം. ശുഭഗ്രഹം ഒൻപതാംഭാവത്തിൽ നിന്നാൽ ഗുരുപ്രീതി പിതൃസന്തോഷം മനസ്സുശുദ്ധി ദൈവാനുകൂല്യം ഭാഗ്യോദയം വലുതായ ധർമ്മകൃത്യങ്ങൾ പുണ്യാഭിവൃദ്ധി വ്രതാദികളായ സൽകർമ്മാനുഷ്ഠാനം മനസ്സിന് വലുതായ ദയവ് പുത്രന്മാർക്കാദരവും സുഖവും താൻനിമിത്തം അവർക്ക് ഐശ്വര്യവും ഫലമാകുന്നു.

പാപേ കർമ്മഗതേ തു കർമ്മവിഹതിർദുഷ്കീർത്തിരാലോകതിർ-
ദാസാലംബനയോർവിനാശനമപി സ്യാജ്ജനദ്വേഷകൃൽപ്രാപ്തിരേം
സൌമ്യേ പദ്ധതിമന്ധപാമരഗൃഹാദ്യുൽപാദനം കർമ്മണാ-
മാരംഭാണാമനാരതാശ്ച സിദ്ധിരപി മാനസാവാപ്തികീർത്ത്യാദയഃ.

അ—പാപൻ കർമ്മഗതനായിരിക്കുമ്പോൾ കർമ്മവിഹതിയും ദുഷ്കീർത്തിയും അനാചാരവും ദാസാലംബനങ്ങളുടെ വിനാശനവും ജനദ്വേഷപ്രാപണവും ഭവിക്കും. സൌമ്യൻ കർമ്മഗതനായിരിക്കുമ്പോൾ പദ്ധതിമന്ധപാമരഗൃഹാദ്യുൽപാദനവും കർമ്മങ്ങളുടെയും ആരംഭങ്ങളുടെയും സിദ്ധിയും മാനസാവാപ്തികീർത്ത്യാദികളും ഭവിക്കും.

സാ—പത്തിൽ പാപൻനിന്നാൽ തുടങ്ങുന്ന കർമ്മങ്ങൾക്ക് വിഘാതവും അപമാനവും തൻ്റെ അന്തസ്സിന് അനുസരിച്ച് കർമ്മം നടക്കാതാവുകയും ഭൃത്യന്മാർക്കും തനിക്കും ആശ്രയമായിട്ടുള്ളവർക്കും നാശവും കാലിൻ്റെ മുട്ടിന്മേൽ രോഗവും പരദേശഗമനത്തിനിടയാവുകയും മററും ഫലം.

അവിടെത്തന്നെ ശുഭൻനിന്നാൽ വഴിയമ്പലം ദേവാലയം ഇവകൾ പണിചെയ്യിക്കുകയും പ്രവർത്തിക്കുന്ന പ്രവൃത്തികൾ സഫലമായി തീരുകയും തൻ്റെ ആളുകളെല്ലാം ശക്തിയുള്ളവരാവുകയും ആശ്രയിച്ചവർക്ക് അഭിവൃദ്ധിയും നല്ല മനുഷ്യരുടെ ലാഭവും സല്കീർത്തിയും ഫലമാകുന്നു.

പാപേ ലാഭേ സ്ഥിതവതി സുതജ്യേഷ്ഠയോരാമയാഢ്യം
ജംഘാവാമശ്രവണയോരാമയേഷ്വാക്ഷതാദ്യാതിനാശഃ
സൌമ്യേ ദുഃഖപ്രശമനസമസ്തേപ്സിതാപ്ത്യർത്ഥലാഭാഃ
സംജ്ഞാദ്ധ്യായാദിഷു കഥിതസ്യാപി ലാഭാഗമാദ്യം. ൩൩

അ—പാപൻ ലാഭത്തിൽ സ്ഥിതവാനായിരിക്കുമ്പോൾ സുതജ്യേഷ്ഠന്മാർക്ക് ആമയാഢ്യവും ജംഘാവാമശ്രവണങ്ങൾക്ക് ഇവറ്റിന് ഉക്തതാദ്യതിനാശവും ഭവിക്കും, സൌമ്യൻ സ്ഥിതവാനായിരിക്കുമ്പോൾ ദുഃഖപ്രശമനസമസ്തേപ്സിതാപ്ത്യർത്ഥലാഭങ്ങളും സംജ്ഞാദ്ധ്യായാദികളിൽ കഥിതത്തിൻ്റെ ലാഭാഗമാദ്യവും ഭവിക്കും.

സാ—പതിനൊന്നാമെടത്തു പാപഗ്രഹം നിന്നാൽ പുത്രൻ ജ്യേഷ്ഠൻ ഇവർക്കും മുട്ടുകാലിനും ഇടത്തെ ചെവിക്കും രോഗവും ഈ പാപന് സംജ്ഞാദ്ധ്യായം കർമ്മാജീവം, ദ്രേക്കാണം മുതലായ സ്ഥലങ്ങളിൽ ഏതെല്ലാം ദ്രവ്യങ്ങളുടെ കാരകത്വം പറഞ്ഞിരിക്കുന്നുവോ, ആ ദ്രവ്യങ്ങളുടെ നാശവും പറയണം. "അക്ഷയ്യാക്ഷതാദ്യാതിലാഭഃ" എന്നും ഒരു പാഠം ഉണ്ട്. ആ പാഠം സ്വീകരിക്കുമ്പോൾ ഏവംവിധങ്ങളായ പദാർത്ഥങ്ങളുടെ ലാഭത്തെ പറയണം. പതിനൊന്നാംഭാവം ശുഭന്മാർക്ക് ഇഷ്ടമാകയാൽ ആ പാഠംതന്നെയാണ് നല്ലതെന്ന തോന്നുന്നു.

പതിനൊന്നിൽ ശുഭൻ നിന്നാൽ ദുഃഖങ്ങൾ ഇല്ലാതാവുകയും താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കയും ദ്രവ്യലാഭമുണ്ടാവുകയും ആ ശുഭഗ്രഹത്തിൻ്റെ കാരകത്വം അനുസരിച്ചുള്ള സകല വസ്തുക്കളുടെയും ലാഭം മുതലായ ഇഷ്ടപ്രാപ്തി സിദ്ധിക്കയും ചെയ്യുമെന്ന പറയണം.

പാപേ ചാഷ്ടമഗേ ഗുരൗ വ്യയപതൗ ലഗ്നാംശസ്ഥേ വാ കഥിതക-
പാതാഃ പാപമതിപ്രവൃദ്ധമിതി വക്തവ്യം ഫലം പൃച്ഛതാം
സൌമ്യേ ദ്വാദശഗേ വ്യയോ വിതരണപ്രായോ ന ദുർവ്യയഃ
പാപാനാം ക്ഷയ ആത്മയോഗപാഠമനം ശേഷത്യാഗഷ്കം സ്യാൽ ഫലം.

അ—പാപൻ ദ്വാദശസ്ഥനായിരിക്കുമ്പോൾ ഗുരുവ്യയപതിലഗ്നാംശസ്ഥിതന്മാരാകയാൽ പാതങ്ങളും അതിപ്രവൃദ്ധമായ പാപവും എന്നിങ്ങനെയുള്ള ഫലം പൃച്ഛകന്മാരോടു വക്തവ്യമായി ഭവിക്കുന്നു. സൌമ്യൻ ദ്വാദശസ്ഥനായിരിക്കുമ്പോൾ വിതരണപ്രായമായ വ്യയം ഭവിക്കുന്നു. ദുർവ്യയം ഭവിക്കുന്നില്ല. പാപങ്ങളുടെ ക്ഷയവും ആത്മയോഗപാഠമനവും ഇത്യാദികളായ ഫലം ഭവിക്കും.

സാ—പന്ത്രണ്ടിൽ പാപഗ്രഹങ്ങൾ നിന്നാൽ ദുഷ്കാര്യങ്ങളിൽ ചെലവു ധനനാശവും സ്ഥാനത്തിൽനിന്നു ചലനവും പാതിത്യത്തിനും ഉടനെ കുറ്റിനും ഭയവും വിദ്യുക്ഷ പാപകർമ്മത്തിന്നു വൈശിഷ്ട്യവും ഉണ്ടാകുമെന്നും പറയണം.

പന്ത്രണ്ടിൽ ശുഭഗ്രഹങ്ങൾ നിന്നാൽ ദാനം ധർമ്മം മുതലായ സൽക്കാര്യങ്ങളിൽ ധനത്തെ ചെലവുചെയ്യാനിടവരും. ദുഷ്കാര്യങ്ങൾക്കായി ധനവ്യയം ചെയ്യേണ്ടി ഇടവരികയില്ല. കൂടാതെ പാപനാശവും ഈശ്വരഭജനവും മറ്റും പറഞ്ഞുകൊള്ളണം.

എന്നാൽ ഒരു ഭാവത്തിൽ പാപൻ നിന്നാൽ ഏതെല്ലാം ഭാവങ്ങൾക്കു ദോഷം കല്പിച്ചുവോ ശുഭൻ നിന്നാൽ അവയെല്ലാം അതുപോലെ ഗുണത്തെയും കല്പിച്ചുകൊള്ളണം.

സദസത്സാമാന്യഫലം ലഗ്നാദിഷ്വിതി പുനർവ്വിശേഷഫലം
ശൂരസ്തബ്ധാദ്യുദിതം ഹോരായാമിഹ വിചിന്ത്യ വാച്യമിഹ.

അ—ലഗ്നാദികളിലെ സദസത്സാമാന്യഫലം ഇപ്രകാരം ഉക്തമായി. പിന്നെ ഹോരയിൽ ശൂരസ്തബ്ധാദ്യുദിതമായ വിശേഷഫലവും ഇവിടെ ചിന്തിച്ചു വാച്യമാകുന്നു.

സാ—ലഗ്നം തുടങ്ങിയ ഭാവങ്ങളിൽ ശുഭന്മാരും പാപന്മാരും നില്ക്കുമ്പോഴുള്ള സാമാന്യഫലമാണ് ഇവിടെ പറഞ്ഞത്. അതായത് ഇന്ന ഭാവത്തിൽ ഇന്ന ശുഭഗ്രഹം നിന്നാൽ ഇന്നിന്ന ഫലങ്ങൾ എന്നും ഇന്ന പാപഗ്രഹങ്ങൾ നിന്നാൽ ഇന്നിന്ന ഫലങ്ങളെന്നും വിവരിച്ചു പറഞ്ഞിട്ടില്ല. അതുകൾ വരാഹഹോരയിൽ "ശൂരസ്തബ്ധോ വികലനയനോ നിർഘൃണോർക്കേ തനുസ്ഥേ" എന്നതുമുതൽ പറഞ്ഞിട്ടുണ്ട്. ആ ഫലങ്ങളെയും ഇവിടെ എടുത്തു യോജിപ്പിച്ചു പറഞ്ഞുകൊള്ളണം.

ഹോരായാം നോദിതം മാന്ദേർവിലഗ്നാദിസ്ഥിതേഃ ഫലം
വിലിഖ്യതേ തദപ്യത്ര ദൃഷ്ടം ഗ്രന്ഥാന്തരേ ക്വചിൽ. ൩൩

അ—മാന്ദിയുടെ വിലഗ്നാദിസ്ഥിതിയുടെ ഫലം ഹോരയിൽ ഉദിതമായി ഭവിക്കുന്നില്ല. ഗ്രന്ഥാന്തരത്തിൽ ഒരിടത്തു ദൃഷ്ടമായ അതും ഇവിടെ വിലിഖിതം ചെയ്യപ്പെടുന്നു.

സാ—ഗുളികൻ ലഗ്നാദിഭാവങ്ങളിൽ നിന്നാലുള്ള ഫലം ബൃഹജ്ജാതകത്തിൽ പറഞ്ഞുകാണുന്നില്ല. വേറെ ഒരു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. അതിനെ ഇവിടെ എടുത്ത് എഴുതുന്നു.

രോഗീ ക്ഷതാംഗോ ഗുളികേ തനുസ്ഥേ
നിർല്ലജ്ജവാചീ ധനഗേ വിവശഃ
സോദ്ധതചിത്തോ ഭ്രാതൃഗതേ സഗർവ്വഃ
സുഖാദിഹീനഃ സുഖഗേഽതിഭീതഃ. ൩൪

അ—ഗുളികൻ തനുസ്ഥനായിരിക്കുമ്പോൾ രോഗിയായും ക്ഷതാംഗനായും ഭവിക്കും. ധനഗനായിരിക്കുമ്പോൾ നിർല്ലജ്ജവാചിയായും വിവശനായും ഭവിക്കും. ഭ്രാതൃഗതനായിരിക്കുമ്പോൾ സോദ്ധതചിത്തനായും സഗർവ്വനായും ഭവിക്കും. സുഖഗനായിരിക്കുമ്പോൾ സുഖാദിഹീനനായും അതിഭീതനായും ഭവിക്കും.

സാ—ലഗ്നഭാവത്തിൽ ഗുളികൻ വന്നാൽ രോഗത്തെയും കടിവ് ചതവ് മുതലായ പരിക്കുകളെയും പറയണം. രണ്ടാംഭാവത്തിൽനിന്നാൽ നിർല്ലജ്ജമായ വാക്ക് പറയുക

യും കുളിക്കാതെയും ഉടുവസ്ത്രം ധരിക്കാതെയും മലിനനായിരിക്കുകയും ചെയ്യുമെന്നു പറയണം. മൂന്നാംഭാവത്തിൽ നിന്നാൽ സഹോദരന്മാരോട് കലഹിക്കയും ശൌര്യമുണ്ടാകുകയും ചെയ്യും. ഗുളികൻ നാലാംഭാവത്തിൽ നിന്നാൽ സുഖവാഹനാദി നശിക്കയും ഗൃഹത്തിൽ നിന്ന് പലതരത്തിൽ ഒഴിപ്പെടാനിടവരികയും ചെയ്യും.

ഗുർവാദിനിന്ദാകൃദനാത്മജഃ സ്യാൽ
ഗുളീ സുതേ ഽഥ രിപുഗോ നിജശത്രുജിച്ച
വിദ്വേഷകശ്ശോ വംശപിശുനശ്ച
ഖലഃ കൃതഘ്നോ മദഗേ ഽതികാമഃ. ൫൮

അ—ഗുളികൻ സുതസ്ഥനായിരിക്കുമ്പോൾ ഗുർവാദിനിന്ദകനായും അനാത്മജനായും അല്പബുദ്ധിയായും ഭവിക്കും. രിപുഗനായിരിക്കുമ്പോൾ നിജശത്രുജിത്തായിട്ടു ഭവിക്കും. മദഗനായിരിക്കുമ്പോൾ വിദ്വേഷകനായും വംശപിശുനനായും കൃതഘ്നനായും അതികാമനായും ഭവിക്കും.

സാ—ഗുളികൻ അഞ്ചാംഭാവത്തിൽ നിന്നാൽ ഗുരുജനങ്ങൾ പിതാമഹന്മാർ മുതലായവരെ നിന്ദിക്കയും പുത്രന്മാരില്ലാതെ വരികയും ചെയ്യും. ഗുളികൻ ആറാംഭാവത്തിൽ നിന്നാൽ തന്നെ സംബന്ധിച്ചുവർത്തന്നെ തന്റെ വിരോധികളുണ്ടായിരിക്കും. ഏഴാംഭാവത്തിൽ വന്നാൽ തന്റെ ദുഷ്ടി പലതരത്തിൽപ്പെടുന്നതു എല്ലാവർക്കും അസഹ്യമായി തോന്നുകയും വംശത്തെയും ദുഷിപ്പിക്കുകയും ഭാര്യയെ നശിപ്പിക്കയും അധികമായി കാമപരവശനായിരിക്കയും ചെയ്യും.

ധീമാൻ അല്പ്പപ്രായിതനായുഷ്ഠൻ-
[illegible]
ധർമ്മസ്ഥിതോ ധർമ്മതപോവിഹീനഃ
മാനസ്ഥഃ സുകീർത്തിഃ പരകാര്യസക്തഃ. ൫൯

അ—ഗുളികൻ അഷ്ടമസ്ഥനായിരിക്കുമ്പോൾ ധീമാനായും ബഹുവ്യാധിയായും അനായതായുസ്സായും വികാരനിന്ദ്യങ്ങളെക്കൊണ്ടു ദുഃഖിയും ഭവിക്കും. ഗുളികൻ ധർമ്മസ്ഥിതനായിരിക്കുമ്പോൾ ധർമ്മതപോവിഹീനനായി ഭവിക്കും. മാനസ്ഥനായിരിക്കുമ്പോൾ സുകീർത്തിയായും പരകാര്യസക്തനായും ഭവിക്കും.

സാ—ഗുളികൻ അഷ്ടമത്തിൽ നിന്നാൽ ബുദ്ധിശക്തിയുണ്ടാകും. പലതരം രോഗങ്ങളും വന്നുകൂടും; ആയുസ്സ് അല്പമായിരിക്കയുമുണ്ട്; വിഷം നിമിത്തമോ അഗ്നിനിമിത്തമോ ആയുധംകൊണ്ടോ മരിക്കുന്നതിനും ഇടവരും. ഗുളികൻ ഒൻപതിൽ നിന്നാൽ ധർമ്മകൃത്യങ്ങളും തപോനിഷ്ഠകളും മന്ത്രജപങ്ങളും ഈശ്വരധ്യാനവും ഇല്ലാത്തവനായിരിക്കും. ഗുളികൻ പത്താംഭാവത്തിൽ നിന്നാൽ സൽകീർത്തിയും പരോപകാരശ്രദ്ധയും ഉണ്ടായിരിക്കും.

ലാഭേ ച പൌരുഷയുതോ ധനവാനനർത്ഥാ-
ന്യൈശ്വര്യവാൻ ഭോഗരതോ ബഹുഭൃത്യയുക്തഃ
ദുഃസ്വപ്നവാംശ്ച കുനഖീ വികലോ വ്യയസ്ഥേ
ലഗ്നാദിഭാവഗതമാന്ദിഫലം പ്രദിഷ്ടം—ഇതി. ൬൦

അ—ഗുളികൻ ലാഭഗനായിരിക്കുമ്പോൾ പൌരുഷയുതനായും ധനവാനായും അനർത്ഥങ്ങളെ ചെയ്യുന്നവനായും ഐശ്വര്യവാനായും ബഹുഭൃത്യയുക്തനായും ഭവിക്കയും ചെയ്യും. വ്യയസ്ഥനായിരിക്കുമ്പോൾ ദുഃസ്വപ്നവാനായും കുനഖിയായും വികലനായും ഭവിക്കും. ലഗ്നാദിഭാവഗതമാന്ദിഫലം ഇപ്രകാരം പ്രദിഷ്ടമായി.

സാ—ഗുളികൻ പതിനൊന്നാംഭാവത്തിൽ നിന്നാൽ പലവിധേന ഉത്സാഹംകൊണ്ടു പുരുഷാർത്ഥങ്ങളെ സാധിക്കയും ധനാദിസൌഭാഗ്യങ്ങളാൽ മാന്യനായിരിക്കയും തന്റെ ആളുകൾക്കും നിറവേറുന്നതിന വേണ്ടതൊക്കെയും ആളുകളുണ്ടായിരിക്കയും ചെയ്യും.

ഗുളികൻ പന്ത്രണ്ടാംഭാവത്തിൽ നിന്നാൽ ചിത്തസംഭ്രമവും കലഹവും രോഗം കൊണ്ടും മറ്റും ധനവ്യയവും നിദ്രയില്ലാതാവുകയും അംഗവൈകല്യം സംഭവിക്കയും ചെയ്യും. ഇങ്ങിനെ ലഗ്നംതുടങ്ങി പന്ത്രണ്ടു ഭാവങ്ങളിലും ഗുളികൻ നിന്നാലുള്ള ഫലം ഇവിടെ കാണിച്ചു. ഇങ്ങിനെ മറ്റൊരു ഗ്രന്ഥത്തിലെ വചനം ഇവിടെ അവസാനിച്ചു.

ലഗ്നാദിഗതാ വപുരാദ്യുപചയഹാനീഃ ക്രൂരസൌമ്യാഃ കുര്യുഃ
വിപരീതം ഷഷ്ഠാന്ത്യരന്ധ്രഗാ കഥിതമിതി കേചിദസത്യം ॥ ൧൯

അ—ലഗ്നാദിഗതന്മാരായ ക്രൂരസൌമ്യന്മാർ വപുരാദ്യുപചയഹാനികളെ ചെയ്യും. ഷഷ്ഠാന്ത്യരന്ധ്രഗന്മാരായ ക്രൂരസൌമ്യന്മാർ വപുരാദ്യുപചയഹാനികളെ വിപരീതമാകംവണ്ണം ചെയ്യും. ഇപ്രകാരം സത്യാചാൎയ്യൻ കഥിതമാകുന്നുവല്ലൊ.

സാ—ലഗ്നാദികളായ ഭാവങ്ങളിൽ സൂൎയ്യൻ മുതലായ ക്രൂരഗ്രഹങ്ങൾ നിന്നാൽ ശരീരം ധനം മുതലായ ഭാവപദാൎത്ഥങ്ങൾക്കു് അഭിവൃദ്ധിയേയും പാപഗ്രഹങ്ങൾ നിന്നാൽ നാശത്തെയും പറയണം. ആറാംഭാവത്തിൽ ക്രൂരഗ്രഹങ്ങൾ നിന്നാൽ ആ ഭാവപദാൎത്ഥങ്ങളായ രോഗം ശത്രു മുതലായവയ്ക്കു നാശവും പാപഗ്രഹങ്ങൾ നിന്നാൽ അവയ്ക്കു് അഭിവൃദ്ധിയും പറയണം. ഇതുപോലെ അഷ്ടമത്തിൽ പാപഗ്രഹങ്ങൾ നിന്നാൽ ആയുസ്സ് മുതലായ ഭാവഫലങ്ങൾക്കു ഹാനിയും ക്രൂരഗ്രഹങ്ങൾ നിന്നാൽ വൃദ്ധിയും പറയണം. പന്ത്രണ്ടിൽ പാപഗ്രഹങ്ങൾ നിന്നാൽ വ്യയം മുതലായ ഭാവഫലങ്ങൾക്കു് അഭിവൃദ്ധിയുണ്ടെന്നും ക്രൂരഗ്രഹങ്ങൾ നിന്നാൽ വ്യയാദികൾ കുറയുകയില്ലെന്നും പറയണം.

ഭാവസ്ഥാഃ ക്രൂരാഃ ഭാവഫലാനി ഘ്നന്തി
ഷഷ്ഠാന്ത്യരന്ധ്രാദ്യേ വിപരീതമേവ
പുഷ്ണന്തി ച സൌമ്യാഃ ക്രൂരാശ്ച തദ്വൽ
പ്രാഹുഃ സത്യാദ്യാഃ ഗ്രന്ഥകാരാഃ

സത്യാദി വചനങ്ങളുടെ സാരാംശങ്ങൾ ഇതിന്നനുകൂലങ്ങളാണ്.

ധൂമാദി പഞ്ചദോഷാണാം വിലഗ്നാദിഷു സംസ്ഥിതൌ
ഫലം യൽ കീർത്തിതം തദ്വൽ സമം പ്രശ്നേ ച ജാതകേ. ൨൦

അ—ധൂമാദിപഞ്ചദോഷങ്ങളുടെ വിലഗ്നാദികളിലെ സംസ്ഥിതിയിൽ യാതൊരു ഫലം ഭവിക്കുന്നു. അതും കഥനം ചെയ്യപ്പെടുന്നു. അതു് പ്രശ്നത്തിലും ജാതകത്തിലും സമമായി ഭവിക്കുന്നു.

സാ—ധൂമം, വ്യതീപാതം, പരിവേഷം, ഇന്ദ്രചാപം, കേതു ഇവ അഞ്ചു ദോഷങ്ങളെയാണു് ധൂമാദികൾ എന്നു പറഞ്ഞതു്. ഇവകൾ ലഗ്നം മുതലായ പന്ത്രണ്ടു ഭാവങ്ങളിൽ നിന്നാലുണ്ടാകുന്ന ഫലവും ഇവിടെ എഴുതുന്നു. ഇതു പ്രശ്നത്തിലേക്കും ജാതകത്തിലേക്കും ഒന്നുപോലെ ഉപയോഗിക്കാവുന്നതാണ്. ധൂമാദികളുടെ സ്ഫുടം ഗണിച്ചു വരുത്തേണ്ട രീതി ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിട്ടില്ല. അതുകൊണ്ടു് ആ വചനം താഴെ കാണിക്കുന്നു.

നാനാലോകവിലോചനൈർദ്ദിനകരോ ധൂമശ്ചതുഃഖേടകൈഃ
ധൂമോനഃ സ്ഫുടിൻ വ്യതീപാതകാന്ത്യഃ ശോധ്യോ ഭാഗ്യഃ പരിവേഷകഃ
തസ്മിൻ മണ്ഡലശോധിതേ ഭവേൽ ഭവേദിന്ദ്രധനുസ്തത്ര ഇ
ഷ്വാശേനൈകാൽ സ്ഫുടാ ഇഹ കേതുരഷ്ടാ നഭൈശ്ചര്യാ രവിഃ

ആദിത്യസ്ഫുടംവെച്ചു നാനാലോകവിലോചനം, എന്ന നാലുരാശി പതിമൂന്നു തീയ്യതി നാല്പത് ഇലി കൂട്ടിയാൽ ധൂമസ്ഫുടം വരും. ആ സ്ഫുടത്തെ പന്ത്രണ്ടു രാശിയിൽ നിന്നു വാങ്ങിയാൽ വ്യതീപാതസ്ഫുടം വരും. അതിൽ ആറുരാശി കൂട്ടിയാൽ പരിവേഷസ്ഫുടം വരും. അതിനെ പന്ത്രണ്ടു രാശിയിൽ നിന്നു വാങ്ങിയാൽ ഇന്ദ്രചാപസ്ഫുടം വരും. അതിൽ പതിനേഴു തീയ്യതി എന്നു കൂട്ടിയാൽ കേതുസ്ഫുടം വരും. കേതുസ്ഫുടത്തിൽ ഒരു രാശി കൂട്ടിയാൽ ആദ്യംവെച്ച ആദിത്യസ്ഫുടമായി തീരുകയും ചെയ്യും.

ക്രൂരഃ പസ്യാൽ പതനം തനൌ യദി വാചസ്ചാപലിത്വമർത്ഥസ്ഥിതഃ
പംഗുർഭ്രാതരി സോദരസ്സുതഗൃഹം തൈക്ഷ്ണ്യം സുഖേ മാതുലഃ
ക്രൂരഃ പഞ്ചമഗേട്ടരിഗേ ബലീ ഭേദ്യവ്യാഘ്രേണ ഭക്ഷ്യോ ധ്രുവം
ജാതി ക്ലിഷ്ടതയാ മദേ ഇതി ധനേ ധൂമേ കൃതിഃ ശസ്ത്രതഃ.

അ—ധൂമം തനുവിൽ സ്ഥിതമായി ഭവിക്കുന്നു എങ്കിൽ ക്രൂരത്തിൽ പതനവും ധനസ്ഥിതമായി ഭവിക്കുന്നു എങ്കിൽ വചസ്ചാപലിത്വവും ഭവിക്കും. ഭ്രാതാവിൽ സ്ഥിതമായി ഭവിക്കുന്നു എങ്കിൽ സോദരൻ പംഗുവായി ഭവിക്കും. സുഖത്തിൽ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ മാതുലൻ സ്വഗൃഹത്തെ ത്യജിക്കും. പഞ്ചമത്തിൽ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ ക്രൂരനായി ഭവിക്കും. അരിഭത്തിൽ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ യുദ്ധത്തിൽ വ്യാഘ്രത്തിനാൽ ഭക്ഷ്യനായി ഭവിക്കും. മദത്തിൽ സ്ഥിതനാകുന്നു എങ്കിൽ ക്ലിഷ്ടതയോടുകൂടി യാചകനായും നിധനത്തിൽ സ്ഥിതനാകുന്നു എങ്കിൽ ശസ്ത്രംകൊണ്ടു ക്ഷതി ഭവിക്കും.

ഭാ—ധൂമം ലഗ്നത്തിൽ നിന്നാൽ പൃഷ്ഠാവു് കിണറ്റിൽ വീഴാൻ ഇടവരും. രണ്ടാമേടത്തുനിന്നാൽ വാക്കിനു് ക്രൂരതയുണ്ടാകും. മൂന്നാംഭാവത്തിൽ നിന്നാൽ പൃഷ്ഠാവിന്റെ അനുജൻ മുടന്തനായിരിക്കും. നാലാംഭാവത്തിൽ നിന്നാൽ പൃഷ്ഠാവിന്റെ അമ്മാവൻ ദേശസ്ഥം വിട്ടുപോയിരിക്കും. അഞ്ചാം ഭാവത്തിൽ നിന്നാൽ പൃഷ്ഠാവു് കോപശീലനായിരിക്കും. ആറാംഭാവത്തിൽ നിന്നാൽ പൃഷ്ഠാവിന്റെ യുദ്ധത്തിൽ വ്യാഘ്രവും കടിക്കും. ജാതകൻ ഈ യോഗമുള്ളവൻ പട്ടികടിച്ചു മരിച്ചും അനുഭവമുണ്ടു്. ഏഴാംഭാവത്തിൽ നിന്നാൽ ഭാര്യയ്ക്കു പറഞ്ഞുതുള്ള സ്ഥിതിയോ ഭാര്യ വീടുവിട്ടു പോകുന്നതിനിടവരും. അഷ്ടമത്തിൽ നിന്നാൽ ആയുധാദികളിൽനിന്നു മുറിവു ഭാര്യ സംഭവിക്കും

ധനേ സ്വാപ്തപാപഃ പാപേട്ടരിഹതിർഭ്രാതരി ഭാഗ്യതഃ-
ദോഷോഽപി പ്രവാസം വ്യയഗേ തനൌ സ്യാദ്ധ്യതീപാതകഃ
ശില്പീ പാപീ സകൈതവഃ സഹജേ ഗാനീ സുഖേ ദോഷഭാ
ദ്ദുഃഖം പുത്രഭവം സുതേഽരിഭവനേ ഛിദ്രാവഹോഽസ്തേഽധനഃ.

അ—ധൂമം ധനത്തിൽ സ്ഥിതമായി ഭവിക്കുന്നു എങ്കിൽ സ്വാപ്തപാപിയായി ഭവിക്കും. ഭ്രാതാവിൽ സ്ഥിതമായി ഭവിക്കുന്നുവെങ്കിൽ അരാതിഹനായി ഭവിക്കും. ഭാഗ്യത്തിൽ സ്ഥിതമാകുന്നു എങ്കിൽ ഉത്തമമായ ഭാഗ്യത്തെ ലഭിക്കും. വ്യയത്തിൽ സ്ഥിതമായി ഭവിക്കുന്നു എങ്കിൽ പ്രവാസത്തെ ചെയ്യും. വ്യതീപാതം തനുഗമാകുന്നു എങ്കിൽ ശില്പിയായും പാപത്തിൽ സ്ഥിതമാകുന്നു എങ്കിൽ കൈതവനായും സഹജത്തിൽ സ്ഥിതനാകുന്നു എങ്കിൽ ഗാനിയായും ഭവിക്കും. സുഖത്തിൽ സ്ഥിതമാകുന്നുവെങ്കിൽ ദോഷഭാഗവും സുതത്തിൽ സ്ഥിതമാകുന്നു എങ്കിൽ പുത്രഭവമായ ദുഃഖവും ഭവിക്കും. അരിഭവനത്തിൽ സ്ഥിതമാകുന്നു എങ്കിൽ ഛിദ്രാവഹനായി ഭവിക്കും. അസ്തത്തിൽ സ്ഥിതമാകുന്നു എങ്കിൽ അധനനായി ഭവിക്കും.

ഭാ—ധൂമം ഒൻപതിൽനിന്നാൽ തപസ്സു് മുതലായ നിഷ്ഠകൾ കുറഞ്ഞിരിക്കും. പത്താമേടത്തു നിന്നാൽ ഇടിത്തീയ്ക്കു ഭയപ്പെടും. പതിനൊന്നാംഭാവത്തിൽ നിന്നാൽ സ്വന്തഗൃഹമല്ലാതെ മറ്റൊരു ഗൃഹംകൂടി സിദ്ധിക്കും. പന്ത്രണ്ടാംഭാവത്തിൽ നിന്നാൽ നാടുവിട്ടുപോകുന്നതിനിടവരും. ഇങ്ങനെ ധൂമത്തിന്റെ ഫലം കഴിഞ്ഞു.

ഇനി വ്യതീപാതശ്ലോകത്തിന്റെ ഫലം പറയുന്നു. വ്യതീപാതം ലഗ്നത്തിൽ നിന്നാൽ ശില്പശാസ്ത്രത്തെയും രണ്ടാമേടത്തുനിന്നാൽ വാക്‌സാമർത്ഥ്യത്തെയും മൂന്നാംഭാവത്തിൽ നിന്നാൽ സംഗീതവിദ്യയെയും നാലാംഭാവത്തിൽ നിന്നാൽ കുതിരയുടെ ലാഭത്തെയും അനുഭവിക്കും. വ്യതീപാതം ആറാമേടത്തു നിന്നാൽ ഗൃഹച്ഛിദ്രത്തിനു കാരണമുണ്ടായിരിക്കും. ഏഴാമേടത്തു നിന്നാൽ ദരിദ്രനായിരിക്കും.

ഭോഗീ സൽകലാ ദുർഗ്ഗതോ തപസി ഭാഗ്യേ ശൌര്യഗാമീർ-
സ്ത്രീഭിഃ ക്രൂരാതിസർഗ്ഗതോ വ്യയഗ്രഹേ ദ്രവ്യോടഥ സ്വപ്രാർത്ഥിതഃ

[illegible]

അ—വ്യതീപാതം ലഗ്നത്തിൽ സ്ഥിതമാകുന്നു എങ്കിൽ [illegible] ആയി ഭവിക്കും. [illegible] സ്ഥിതമായി ഭവിക്കുന്നു എങ്കിൽ ദാരിദ്ര്യനായി ഭവിക്കും. [illegible] സ്ഥിതമാകുന്നു എങ്കിൽ [illegible] ഭവിക്കും. [illegible] സ്ഥിതമായി ഭവിക്കു[illegible] എങ്കിൽ [illegible]നായി ഭവിക്കും. [illegible] സ്ഥിതമായാൽ [illegible] ഭവിക്കും. അനന്തരം പരിവേഷനാമം ലഗ്നസ്ഥമായിരിക്കുമ്പോൾ [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കില്ല. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും.

സ—വ്യതീപാതം [illegible] വന്നാൽ [illegible] ആയിരിക്കും. [illegible] നിന്നാൽ [illegible]നായി ഭവിക്കും. [illegible] നിന്നാൽ [illegible]. [illegible] നിന്നാൽ [illegible] ഭവിക്കും. [illegible] നിന്നാൽ [illegible] മുതലായ [illegible] സംഭവിക്കും. ഇങ്ങിനെ വ്യതീപാതഫലം കഴിഞ്ഞു.

ഇനി പരിവേഷഫലം പറയുന്നു. [illegible] ലഗ്നത്തിൽ വന്നാൽ [illegible] ഭവിക്കും. [illegible] വന്നാൽ [illegible]. മൂന്നാമെടത്തു നിന്നാൽ [illegible]. നാലാമെടത്തു നിന്നാൽ [illegible] ഗൃഹത്തിൽ താമസിക്കയില്ല. [illegible] നിന്നാൽ [illegible]. ആറാമെടത്തു നിന്നാൽ [illegible] ചെയ്യും.

[illegible]

[illegible]

[illegible]

[illegible]

അ—പരിവേഷനാമം [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible]നായി ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible]നായി ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും.

അനന്തരം [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible]നായി ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും.

സ—പരിവേഷനാമം [illegible] നിന്നാൽ [illegible]. [illegible] നിന്നാൽ [illegible]. [illegible] നിന്നാൽ [illegible] മുതലായ [illegible]. [illegible] നിന്നാൽ [illegible]. [illegible] നിന്നാൽ [illegible] സാമൎത്ഥ്യം കാണുകയില്ല. [illegible] നിന്നാൽ [illegible] രോഗങ്ങളുണ്ടായിരിക്കും. ഇങ്ങിനെ പരിവേഷഫലം കഴിഞ്ഞു.

ഇന്ദ്രചാപം ലഗ്നത്തിൽ വന്നാൽ [illegible] സ്ഥാനംപോലും [illegible]. രണ്ടാംഭാവത്തിൽ വന്നാൽ [illegible]. മൂന്നാംഭാവത്തിൽ നിന്നാൽ [illegible] ചെയ്യും.

[illegible]

[illegible]

[illegible] ശ്രുതി [illegible] ജാഡ്യം [illegible]
[illegible] സപ്താംശ [illegible]

അ—[illegible] മേഷദ്രേക്കാണമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും.

സാ—[illegible] നിന്നാൽ [illegible] നിന്നാൽ [illegible] നിന്നാൽ [illegible] ഉണ്ടാകയില്ല. [illegible] നിന്നാൽ [illegible] നിന്നാൽ [illegible] നിന്നാൽ [illegible] ഇല്ല. [illegible]

[illegible]

അ—[illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] സ്ഥിതമായിരിക്കുമ്പോൾ [illegible] ഭവിക്കും. [illegible] ഭവിക്കും.

സാ—[illegible] വന്നാൽ [illegible] വന്നാൽ [illegible]

[illegible] വന്നാൽ [illegible] വന്നാൽ [illegible] നിന്നാൽ [illegible] വന്നാൽ [illegible] ഭവിക്കും. [illegible] വന്നാൽ [illegible]

[illegible]

[illegible] ഇതി [illegible]

അ—[illegible] സ്ഥിതനായിരിക്കുമ്പോൾ [illegible] മരിക്കും. [illegible] സ്ഥിതനായിരിക്കുമ്പോൾ [illegible] മരിക്കും. [illegible] വിഷമേറ്റ് [illegible] മരിക്കും. [illegible] സ്ഥിതനായിരിക്കുമ്പോൾ [illegible] വൃക്ഷത്താൽ [illegible] മരിക്കും. [illegible] സ്ഥിതനായിരിക്കുമ്പോൾ [illegible] വ്യയത്തിൽ സ്ഥിതനായിരിക്കുമ്പോൾ [illegible] മരിക്കും.

സാ—[illegible] വന്നാൽ [illegible] വീട്ടിൽവെച്ചു മരിക്കാനിടവരും. [illegible] നിന്നാൽ [illegible] മരിക്കാനിടവരും. [illegible] നിന്നാൽ [illegible] മരിക്കും. [illegible] നിന്നാൽ [illegible] നിന്നാൽ വൃക്ഷത്തിൽ നിന്ന് വീണിട്ടോ [illegible] വൃക്ഷം വീണിട്ടോ മരണത്തിനിടവരും. [illegible] നിന്നാൽ [illegible] അനുഭവിക്കാനിടവരും. [illegible] വന്നാൽ [illegible] പറഞ്ഞു.

[illegible]

[illegible] ഉച്യതേ. [illegible]

അ—[illegible] കാലം [illegible]

സാ—[illegible] പറയപ്പെടുന്നു.

[illegible]

[illegible] സമുദീരിതാഃ. [illegible]

അ—[illegible] സൂചിപ്പിക്കപ്പെടുന്നു. [illegible] സൂചിതങ്ങളാകുന്നു.

സാ—[illegible] പറഞ്ഞിട്ടുള്ള [illegible] കാലത്തെ [illegible] കാലം [illegible] പറയുന്നതാണ്.

[illegible] പറഞ്ഞു എന്ന് വിചാരിക്കുക. [illegible] കാലം [illegible] ഇതിനെ [illegible] വിചാരിച്ചുകൊള്ളുക.

[illegible]

[illegible]

അ—ലഗ്നത്തിൽ എത്രാമത്തെ അംശം ഉദിക്കുന്നു. തൽസംഖ്യാതുല്യമായി അയനാദികളായ അംശകേശന്റെ കാലം ദൈവജ്ഞന്മാരികളായ കാര്യത്തിൽ വാച്യമാകുന്നു.

സാ—ലഗ്നസ്ഫുടത്തിൽ ഏത്ര അംശകം തികഞ്ഞുവോ ആ സംഖ്യയെ ലഗ്നത്തിന്റെ അംശകാധിപന്റെ അയനം മുതലായ കാലംകൊണ്ടു പെരുക്കിയാൽ കിട്ടുന്ന കാലത്തെ സൗഖ്യം മുതലായവയുടെ പ്രാപ്തിക്ക് അവസരമെന്നു ചിന്തിച്ചു പറയണം.

ലഗ്നാദ്യാവതി ഭേ പാപസ്താവത്യബ്ദേƒഹ്നി മാസി വാ
പക്ഷേ ക്ഷണേƒയനേ വർത്തൗ ലഗ്നാംശേഭ്യോƒഥവാ വ്യഥാ.

അ—ലഗ്നത്തിൽനിന്ന് എത്രാമത്തെ രാശിയിൽ പാപൻ സ്ഥിതിചെയ്യുന്നു. ലഗ്നത്തെ മുതലായി അത്രത്തോളം അബ്ദത്തിലോ അഹസ്സിലോ മാസത്തിലോ പക്ഷത്തിലോ ക്ഷണത്തിലോ അയനത്തിലോ ഋതുവിലോ വ്യഥ ഭവിക്കുന്നു.

സാ—രോഗം മുതലായ അനിഷ്ടങ്ങളും എപ്പോൾ സംഭവിക്കുമെന്നുള്ളതിനെയാണു ഇവിടെ പറയുന്നതു്. അനിഷ്ടഫലദാതാവായ പാപൻ ലഗ്നരാശിയിൽനിന്ന് എത്രാമത്തെ രാശിയിൽ പോയി നില്ക്കുന്നുവോ ലഗ്നാധിപനായ ഗ്രഹത്തിന്റെ അയനാദിയായ കാലത്തെ മേൽപറഞ്ഞ സംഖ്യകൊണ്ടു പെരുക്കുമ്പോൾ ഏതൊരു കാലം സിദ്ധിക്കുമോ ആ കാലത്താണ് ലഗ്നത്തിനു രോഗാദ്യരിഷ്ടങ്ങൾ സംഭവിക്കുന്നതെന്നു പറയണം.

അന്യേനാപി പ്രകാരേണ കാലോ ഗ്രന്ഥാന്തരോദിതഃ
ശുഭാശുഭഫലപ്രാപ്തൗ സ ച സംപ്രതി ലിഖ്യതേ. ൧൮

അ— ലഗ്നം ക്രൂരക്ഷേത്രയുതമായും ശനൈശ്ചരൻ സപ്തമസ്ഥനായും ചന്ദ്രൻ പാപഗ്രഹങ്ങളാൽ ദൃഷ്ടനായും ഇരിക്കുമ്പോൾ പിശാചാലോകനം ഹേതുവായിട്ടു ഭയ വാച്യമാകുന്നു.

സാ— ലഗ്നത്തിൽ പാപയോഗവും ഏഴാംഭാവത്തിൽ ശനിയുടെ യോഗവും ചന്ദ്രന് പാപദൃഷ്ടിയും ഉണ്ടായാലും ദേവതകളുടെ ദർശനം ഹേതുവായിട്ടാണ് രോഗമുണ്ടായതെന്നു പറയണം. ഇങ്ങിനെ സന്താനദീപിക.

ലഗ്നേശബന്ധുര്യദി ബാധകേശോ
രന്തും നിഹന്തും യദി ചാസ്യ ശത്രുഃ
ഭോക്തും സമശ്ചേദ് ഗ്രഹപീഡനം സ്യാ-
ദേവം ത്രിധാ ദൈവവിദോ വദന്തി. ൫൭

അ— ബാധകേശൻ ലഗ്നേശബന്ധുവാകുന്നു എങ്കിൽ രമിപ്പാനായും അവന്റെ ശത്രുവായി ഭവിക്കുന്നു എങ്കിൽ നിഹനിപ്പാനായും സമനായി ഭവിക്കുന്നു എങ്കിൽ ഭുജിപ്പാനായിക്കൊണ്ടും ഗ്രഹപീഡനം ഭവിക്കും. ദൈവവിത്തുകൾ ഗ്രഹപീഡനത്തെ ഇങ്ങിനെ മൂന്നുവിധമായി വദിക്കുന്നു.

സാ— ദൃഷ്ടിബാധായോഗമുണ്ടായാൽ ആ ബാധ രന്തുകാമൻ ഹന്തുകാമൻ ഭോക്തുകാമൻ ഇവരിൽ ആരാണെന്ന് അറിയേണ്ടതാണല്ലോ. ബാധകാധിപൻ ലഗ്നാധിപന്റെ ബന്ധുവാണെങ്കിൽ ആ ബാധ രന്തുകാമനാണെന്നും ബാധകാധിപൻ ലഗ്നാധിപന്റെ ശത്രുവായാൽ ഹന്തുകാമനാണെന്നും ബാധകാധിപൻ ലഗ്നാധിപന്റെ സമനാണെങ്കിൽ ഭോക്തുകാമനാണെന്നും പറയണം. ബന്ധുശത്രുവാദി "ശത്രൂ മന്ദസിതൗ സമശ്ച ശശിജോ" ഇത്യാദിയായ ഹോരാവചനങ്ങളെക്കൊണ്ടും മറ്റും ഗ്രാഹ്യമാകുന്നു. രന്തുകാമൻ മുതലായവരെ തിരിച്ചറിയുന്നതിനു വേറെയും ചില അഭിപ്രായങ്ങളുണ്ട്. അതിനെ താഴെ കാണിക്കുന്നു.

[illegible]
രന്തും നിഹന്തും [illegible]

[illegible]

[illegible]

അ—[illegible]

സാ—[illegible] യാണു് സ്വീകരിക്കേണ്ടതു്.

[illegible]

അ—[illegible]

സാ—[illegible] എന്നു പറയണം.

[illegible]

അ—[illegible]

സാ—[illegible]

[illegible]

അ—[illegible]

സാ—[illegible]

[illegible]

ദേവാംഗനാവാസതടാകവപ്യം
ജലാന്തികം കർക്കടകസ്യ വാസഃ. ൪൩

അ—മകരത്തിന്ന് ഉദ്യാനദേവാലയസ്ഥലങ്ങളിലും രമ്യമായ പ്രദേശങ്ങളിലും തങ്ങൾ പ്രവേശിക്കുന്നു. കർക്കടകമായ രാശിക്ക ദേവാംഗനാവാസതടാകവപ്യമായ ജലാന്തികത്തെ പ്രവേശിക്കുന്നു.

സ—ബാധകസ്ഥാനം മിഥുനംരാശിയാണെങ്കിൽ പുഷ്പവനം ദേവാലയം നൃത്തസ്ഥലം മനസ്സിന്ന സന്തോഷകരമായ പ്രദേശം ഇങ്ങിനെയുള്ള സ്ഥലങ്ങളുവച്ചാണ് ബാധാദോഷം സംഭവിച്ചതെന്നു പറയണം. ബാധകസ്ഥാനം കർക്കടകംരാശിയാണെങ്കിൽ ദേവസ്ത്രീകൾ ചെന്ന് വിഹാരിക്കുന്നതിന്ന് ഉചിതങ്ങളായ തടാകങ്ങൾ കുളങ്ങൾ മുതലായ ജലപ്രദേശങ്ങളുവച്ചാണ് ബാധാദോഷം സംഭവിച്ചതെന്നു പറയണം.

സ്ഥാനം മൃഗേന്ദ്രസ്യ തു ദുർഗ്ഗശൈല
ഗോകുലഗുഹാദേവാടവീ മാസസ്ത്ര
ദേവാലയാശ്ലേഷിപ്രദേശ ...
ക്ഷേത്രേഷു വാസോ വനിതാഗൃഹസ്യ. ൪൪

അ—ചിങ്ങത്തിന്ന് ദുർഗ്ഗശൈലവും ഗോകുലഗുഹാദേവാടവീവാസസ്ഥലങ്ങളും വാസ്യമാകുന്നു. വനിതാഗൃഹത്തിന്ന് ദേവാലയാശ്ലേഷിപ്രദേശക്ഷേത്രങ്ങളിൽ വാസം വാച്യമാകുന്നു.

സ—ബാധകസ്ഥാനം ചിങ്ങംരാശിയാണെങ്കിൽ മലയൻ പ്രദേശം ഗുഹകളും പശുക്കളും ഗോപാലന്മാരും ദേവന്മാരും നിവസിക്കുന്ന സ്ഥലം ഇങ്ങിനെയുള്ള പ്രദേശത്തെയാണ പറയേണ്ടത്. ബാധകസ്ഥാനം കന്നിരാശിയാണെങ്കിൽ ദേവാലയം കതിരപ്പതി ... സമീപത്തിലുള്ള കൃഷിഭൂമി ഇങ്ങിനെയുള്ള പ്രദേശത്തെയാണ് പറയേണ്ടത്.

ജൂകസ്യ വീഥ്യാപണകാനനേഷു
കീടസ്യ വല്മീകതടാകയോശ്ച
ആരാമസേനാഗൃഹയുദ്ധഭൂമി-
സാലേഷു വാസോ നവമസ്യ രാശേഃ ൪൫

അ—ജൂകത്തിന്റെ വാസം വീഥ്യാപണകാനനങ്ങളിലും കീടത്തിന്റെ വാസം വല്മീകതടാകങ്ങളിലും നവമമായ രാശിയുടെ വാസം ആരാമസേനാഗൃഹയുദ്ധഭൂമിസാലങ്ങളിലും ഭവിക്കുന്നു.

സ—ബാധകസ്ഥാനം തുലാംരാശിയായാൽ തെരുവുകളും കച്ചവടസ്ഥലങ്ങളും കാടുകളും ഈ പ്രദേശങ്ങളിലും വൃശ്ചികംരാശി ബാധകസ്ഥാനമായാൽ പുററുള്ള സ്ഥലങ്ങളും ചിറ മുതലായ ജലാശയങ്ങളും ഇങ്ങിനെയുള്ള പ്രദേശങ്ങളിലും ധനുരാശി ബാധകസ്ഥാനമായാൽ പൂങ്കാവ്, സൈന്യങ്ങൾ വസിക്കുന്ന സ്ഥലം യുദ്ധഭൂമി മതിൽക്കെട്ട് ഇങ്ങിനെയുള്ള സ്ഥലങ്ങളിലും ബാധാദോഷസ്ഥാനമെന്നു പറയണം.

നദീമുഖാരണ്യനികാമവാസ-
മേഷാണസ്യ ... വേദകസ്യ ...
ശുദ്ധാംബുപൂർണ്ണാമരവേദികേഷു
ധഷസ്യ വാസഃ കഥിതോ മുനീന്ദ്രൈഃ. ൪൬

അ—മുതലാകുന്ന രാശിയുടെ വാസം നദീമുഖാരണ്യനികാമവാസങ്ങളിലാകുന്നു. ... കുംഭത്തിന്റെ വാസവും അപ്രകാരം അവിടെത്തന്നെ. ... ത്തിന്റെ വാസം ശുദ്ധാംബുപൂർണ്ണാമരവേദികളിലാണെന്ന് മുനീന്ദ്രന്മാരാൽ കഥിതമാകുന്നു.

സ—ബാധകസ്ഥാനം മകരംരാശിയായാൽ നദികളും മററു ജലങ്ങൾ സമുദ്രത്തിൽ ചേരുന്ന സംഗമസ്ഥലം അരണ്യം (കാട്ടുപ്രദേശം) ... ചേർന്ന സ്ഥലം

[illegible]

വാ—ഏതദ്ബാലപീഡാനിരൂപണമാവിഷ്ടം. അഥ വിഷഭേദ-ജ്ഞാനം നിരൂപ്യതേ.

അ—ഇത് ബാലപീഡാനിരൂപണവിഷയമാകുന്നു. അനന്തരം വിഷഭേദജ്ഞാനം നിരൂപിക്കപ്പെടുന്നു.

സാ—ഇവിടെ പറയപ്പെട്ടത് ബാലപീഡയെ ചിന്തിക്കുന്നതിനെ കുറിച്ചാണ്. ഇനി ഇവിടെ ചിന്തിക്കാൻ പോകുന്നത് ഗരവിഷത്തെപ്പറ്റിയാണ്.

[illegible]
[illegible]
[illegible]
[illegible]. ൧

അ—ചിത്രത്തിലോ പുത്രത്തിലോ സമ്പുടത്തിലോ അഗ്രത്തിലോ മാലിയോ [illegible] വിഷം [illegible] വേണം. [illegible] അതിപ്രത്യക്ഷമായതാണെന്നും അപ്രകാരം അല്ലെങ്കിൽ അത്ര [illegible] വിരോധമായി വേണം.

സാ—[illegible] എന്നു ഇവ [illegible] ഏതെങ്കിലും ഒരു [illegible] വിഷമുണ്ടെന്നും [illegible] പറയണം. [illegible] ഏതിലെങ്കിലും ഒന്നിൽ [illegible] ഉണ്ടെങ്കിൽ [illegible] വിഷം കൊടുത്തതാണെന്ന് പറയണം. [illegible] മേൽപറഞ്ഞ [illegible] ഒന്നിൽ നില്ക്കുന്നെങ്കിൽ മാത്രമേ [illegible] പറയാവൂ എന്നും [illegible].

[illegible]
[illegible]
[illegible]
[illegible].

അ—ആരൂഢം സിംഹരാശിയായിരിക്കുമ്പോൾ വിഷം [illegible] നാഗവല്ലീദലത്തിലും [illegible] അപ്രകാരം ആജ്യത്തിലും [illegible] മധുവിലും [illegible] [illegible] ക്ഷീരമോ [illegible] പദാർത്ഥത്തിലും [illegible] ഇവയിൽ [illegible] ദ്രവ്യത്തിലും അല്ലെങ്കിൽ [illegible] ദ്രവ്യത്തിലും [illegible] വിഷം [illegible] വേണം.

സാ—[illegible] വിഷം കൊടുത്തിട്ടുണ്ടെങ്കിൽ അത് ഏതൊരു പദാർത്ഥത്തിലുൾപ്പെട്ടതാണ് എന്ന് അറിവാനുള്ള ക്രമം പറയുന്നു. ആരൂഢം [illegible] വെറ്റില മുതലായ [illegible] ദ്രവ്യങ്ങളിൽ [illegible] വിഷം കൊടുത്തതെന്നും [illegible] ആരൂഢമായാൽ വിഷം [illegible] കലർത്തി കൊടുത്തു എന്നും [illegible] ആരൂഢമായാൽ [illegible] കലർത്തിയാണ് വിഷം കൊടുത്തതെന്നും [illegible] ആരൂഢമായാൽ പാലിലോ [illegible] കലർത്തി കൊടുത്തു എന്നും മകരമോ കുംഭമോ ആരൂഢമായാൽ [illegible] മുതലായ [illegible] വിഷം കലർത്തി കൊടുത്തിരിക്കുന്നു എന്നും കർക്കടകം രാശി ആരൂഢമായാൽ [illegible] പദാർത്ഥത്തിലോ അല്ലെങ്കിൽ [illegible] പദാർത്ഥങ്ങളിലോ [illegible] വിഷം കൊടുത്തിരിക്കുന്നുവെന്നും പറയണം. [illegible] വിഷമുണ്ടാക്കുന്നതാണ്. [illegible] വിഷം [illegible] ആഹാരസാധനങ്ങളിൽനിന്നും [illegible] വിഷം [illegible] കളിൽനിന്നും വിഷം [illegible]

മറിയേണ്ടു് "ഭാവാധിപസ്യാഷ്ടസംസ്ഥേ ബാധകേ" ഇത്യാദി ഹോരാവചനങ്ങളെ കൊണ്ടാണ്.

വ്യാധീനാമീശപാകാ ഗൃഹമഥ ഷഷ്ഠപാ തദ്ഗൃഹസ്ഥാ
ബാധായാഃ സംബന്ധിതിര തദ്ഗതാ ഭക്തിഭേദാഷ്ടകാഃ. ൧൨൩

അ—ഷഷ്ഠാധിപനും അഷ്ടമാധിപനും വ്യാധികളുടെ ഈശന്മാരാണെന്ന് അറിയേണ്ടതായി വരുന്നു. അതിന്റെ സംബന്ധമുണ്ടായിരിക്കുമ്പോൾ ബാധയുണ്ടാവും. ഇവയുടെ സംബന്ധമുണ്ടായിരിക്കുമ്പോൾ ദ്രിക്കാണങ്ങളും ചേരുമ്പോഴും അവ ബാധ്യതയായി വരുന്നു.

സാ—ആറാംഭാവാധിപനും അഷ്ടമാധിപനും രോഗകർത്താക്കന്മാരാണ്. ആറാംഭാവംകൊണ്ടും അഷ്ടമംകൊണ്ടും രോഗത്തെ വിചാരിച്ചിട്ടുണ്ടല്ലോ. അവയിൽ ആറാംഭാവാധിപന്നു ബലമധികമുണ്ടെങ്കിൽ ബാധാപ്രയോഗംകൊണ്ടാണ് രോഗമുണ്ടായതെന്നും അഷ്ടമാധിപന്നു ബലമധികമുണ്ടെങ്കിൽ ഭൂതപിശാചാദികളായ ദ്രിക്കാണങ്ങളുടെ കോപംകൊണ്ടാണ് രോഗമുണ്ടായതെന്നും പറയണം.

ബാധേശസ്യാരിഭേ വാ രിപുഭവനപതേർബാധകർക്ഷേ യദി സ്യാ-
ല്ലഗ്നേശോ വാ ദശേശോ വാ പുനരഥ യദി വാ തൗ മിഥഃക്ഷേത്രസംസ്ഥൗ
ബാധാധീശാരിനാഥാവപി യദി സഹിതൗ പശ്യതോ വാന്യോന്യതോ വാ
ശത്രുത്വാഭിചാരം വദതു ബുധജനോ ബാധകാനാം സമൂഹാൻ.

അ—ബാധകന്റെ അരിഭത്തിലോ രിപുഭവനപതിക്ക ബാധകർക്ഷത്തിലോ ലഗ്നേശനോ ദശേശനോ നിൽക്കുമെങ്കിലും അല്ലെങ്കിൽ അവർ മിഥഃക്ഷേത്രസംസ്ഥന്മാരായി വരികയെങ്കിലും ബാധാധീശാരിനാഥന്മാർ സഹിതന്മാരായി വരികയെങ്കിലും അന്യോന്യമായി ദർശിക്കുകയെങ്കിലും അവിടെ ശത്രുവിന്റെ അഭിചാരത്തെ വദിക്കണം. ലക്ഷണങ്ങളുടെ ബഹുത ചേരുമ്പോൾ അതു മുഖ്യമായി വരുന്നു.

സാ—രോഗം ശത്രുവിലാണെന്നും അവയിൽ ഒന്ന ബാധാനിമിത്തവും മറ്റൊന്ന ദ്രിക്കാണകോപം നിമിത്തവുമാണെന്നു് മുൻപെ പറഞ്ഞുവല്ലോ. അവയിൽ രോഗത്തിന്ന ചേരുന്നതായ ബാധാഭാവവും പലവിധത്തിൽ സംഭവിക്കാവുന്നതാണ്. അവയിൽ ശത്രുബാധാലക്ഷണത്തെ ഇവിടെ പറയുന്നു.

ബാധകാധിപൻ ആറാംഭാവത്തിൽ നിൽക്കുക അല്ലെങ്കിൽ ആറാംഭാവത്തിൽ നോക്കുക, ആറാംഭാവാധിപൻ ബാധകസ്ഥാനത്തു നിൽക്കുക അല്ലെങ്കിൽ ബാധകസ്ഥാനത്തു നോക്കുക, ആറാംഭാവാധിപൻ ബാധകാധിപന്റെ ബാധാരാശി മുതലുള്ള രാശിയിലും ബാധകാധിപൻ ആറാംഭാവാധിപന്റെ ഭാവക്ഷേത്രത്തിൽ വന്നാലും അവർ ഒരുമിച്ചുനിന്നാലും ആറാംഭാവാധിപനും ബാധകാധിപനും പരസ്പരം ദൃഷ്ടിചെയ്താലും ശത്രുക്കൾ അഭിചാരം ചെയ്തിട്ടുണ്ടെന്നും അതാണ രോഗത്തിന്ന കാരണമെന്നും പറയണം. മേൽപറഞ്ഞ ലക്ഷണങ്ങൾ ഒന്നിലധികമുണ്ടെങ്കിൽ അഭിചാരപ്രവൃത്തികളും അതിന്റെ സംഖ്യ അനുസരിച്ച ഒന്നിലധികമുണ്ടെന്ന പറയണം.

മഹാഭിചാരോ വക്തവ്യഃ ക്രൂരശ്ചേദ് ബാധകാധിപഃ
പാപഃ ശുഭോൽ കഷ്ടഃ സ്യാദഭിചാര ഇതീര്യതാം. ൧൨൪

അ—ബാധകാധിപൻ ക്രൂരനായി വരികയാണെങ്കിൽ മഹാഭിചാരം വക്തവ്യമാകുന്നു. ബാധകാധിപൻ പാപനായി വരികയാണെങ്കിൽ കഷ്ടംതന്നെ വക്തവ്യമായി വരുന്നു. അഭിചാരം ശുഭന്റെ സംബന്ധത്തോടുകൂടി വരിക.

സാ—മഹാഭിചാരമെന്നും ക്ഷുദ്രാഭിചാരമെന്നും അഭിചാരം രണ്ടുവിധത്തിലാണ്. ബാധകാധിപൻ ക്രൂരഗ്രഹമാണെങ്കിൽ മഹാഭിചാരമെന്നും പാപഗ്രഹമാണെങ്കിൽ ക്ഷുദ്രാഭിചാരമെന്നും പറയണം.

മഹാഭിചാര ഏവ സ്യാൽ ദശമാദിഭിരീക്ഷണാദികം
യത് കർമ്മ ക്രിയതേ ക്ഷുദ്രൈ തദ് ഭിചാരം നിബന്ധ്യതേ. ൧൨൫

അ—വൈദികന്മാരാൽ മാരണാദികളായ യാതൊന്നുകൾ ചെയ്യപ്പെട്ടുവോ ഇതു് മന്ത്രാഭിചാരമായി ഭവിക്കും. അവൈദികന്മാരാൽ യാതൊരു കിലാഭിചാരം ചെയ്യപ്പെടുന്നു അതു ക്ഷുദ്രമായി ഭവിക്കും.

സാ—തന്റെ വിരോധികൾ ത്രൈവർണികന്മാരായ മന്ത്രവാദികളെക്കൊണ്ടു് മാരണം, ഉച്ചാടനം മുതലായവയെ ചെയ്യിക്കുന്നതിനെ മന്ത്രാഭിചാരമെന്നും ആഭിചാരാദികളെ ചെയ്യിക്കുന്നവർ ശൂദ്രാദികളായ നീചന്മാരാകുമ്പോൾ ക്ഷുദ്രാഭിചാരമെന്നും പറയുന്നു.

രിപോശ്ച ജന്മർക്ഷയോഗാദ്വാ മാരണാദികൃതസ്യ ച
ജാതിർജ്ഞേയാ വക്തവ്യാ തത്പ്രകാരോഽപി ച ബുധൈഃ. ൭൭

അ—രിപുവും ജന്മനക്ഷത്രം ഭേദമായി മാരണാദികളായിരിക്കുന്ന ഉപദ്രവങ്ങൾ ചെയ്തുകളയേണ്ടതാണ് ജാതി വക്തവ്യമായി ഭവിക്കുന്ന അതാതിന്റെ തത്പ്രകാരം കഥിക്കപ്പെടുന്നു.

സാ—തന്റെ വിരോധിയുടെ ജാതിയും അവന്റെ പ്രവൃത്തിയുടെ സ്വഭാവവും ആഭിചാരങ്ങളെ പ്രയോഗിച്ചു കഴിയുന്ന ജാതിയും ഭേദങ്ങൾ പറയേണ്ടതാണ്. ഇനി അതിന്റെ വഴി പറയപ്പെടുന്നു.

വർണ്ണഃ ഷഷ്ഠപതേരസ്തു ഷഷ്ഠേ വാഥ തദീശ്വരേ ഷഷ്ഠാംശേ വിശിഷ്ടസ്യ
വാഗ്യേശ്വരാദ്യാലയേ വാ തത്ര വർണ്ണഃ പ്രയോക്തൃഃ
വിപ്രഃ സ്യാദ്വിഷമാശ്ചികോണ പതിതഃ സൌമ്യർക്ഷഗഃ
ശൂദ്രഃ സ്യാത്തത്രികോണേ വിപ്രാദ്യാ വർണ്ണാഃ ചിന്ത്യാഃ

അ—ഷഷ്ഠരാശിയുടെ വർണ്ണം യാതൊന്നോ അതോ ഷഷ്ഠരാശീശ്വരന്റെ വർണ്ണമോ രിപുവിന്റെ വർണ്ണമെന്നു വാച്യമാകുന്നു. ബാധകരാശിയുടെയോ ബാധാപതിയുടെയോ വർണ്ണം പ്രയോക്താവിന്റെ വർണ്ണമെന്നും വാച്യമാകുന്നു. മീനാദികൾ സന്ധി ക്രോണമാകുംവർണ്ണം വിപ്രനായി ഭവിക്കും. അജം സന്ധികോണമാകുംവർണ്ണം ക്ഷത്രിയനായും ഋഷഭം സന്ധികോണമാകുംവർണ്ണം വൈശ്യനായും മിഥുനം സന്ധികോണമാകുംവർണ്ണം ശൂദ്രനായും ഭവിക്കും. പിന്നെ വിഭാഗങ്ങളും വിപ്രാദികളെക്കൊണ്ടുതന്നെ ഊഹ്യങ്ങളാകുന്നു.

സാ—ആറാംഭാവരാശിയുടെയോ ആറാംഭാവാധിപന്റെയോ ജാതിയിൽപെട്ട ആളാണ് ശത്രു എന്നു പറയണം. ബാധകസ്ഥാനരാശിയുടെയോ ബാധകാധിപന്റെയോ ജാതിയിൽപെട്ട ആളാണ് ശത്രുകർമ്മം പ്രവർത്തിച്ച മാന്ത്രികനെന്നു പറയണം. മീനം രാശിയും അതിന്റെ ത്രികോണങ്ങളായ അഞ്ചും ഒൻപതും രാശികളും ബ്രാഹ്മണജാതികളാണ്. മേടവും അതിന്റെ അഞ്ചും ഒൻപതും രാശികളും ക്ഷത്രിയജാതികളാണ്. ഇടവവും അതിന്റെ അഞ്ചും ഒൻപതും രാശികളും വൈശ്യജാതികളാണ്. മിഥുനവും അതിന്റെ അഞ്ചും ഒൻപതും രാശികളും ശൂദ്രജാതികളാണ്. ഇങ്ങിനെ രാശികളുടെ ജാതിവിഭാഗം അറിയുക. ഗ്രഹങ്ങളുടെ ജാതിവിഭാഗം "വിപ്രാവിതൌ ശുക്രഗുരു കുജാർക്കൌ" ഇത്യാദി ഹോരാപദ്യങ്ങളെക്കൊണ്ടും ഗ്രഹിച്ചുകൊള്ളണം.

ബാധകാധിപസംബന്ധാ ദൃഷ്ട്യാ യോഗേന വാ യദി
ഷഷ്ഠസ്യ രിപോർവ്വർണ്ണം ഷഷ്ഠരാശ്യുദിതം വദേത്. ൭൮

അ—ഷഷ്ഠത്തിന് ബാധകാധിപസംബന്ധം ദൃഷ്ടികൊണ്ടോ യോഗംകൊണ്ടോ ഭവിക്കുന്നു എങ്കിൽ രിപുവിനു ഷഷ്ഠരാശ്യുദിതമായ വർണ്ണത്തെ വദിക്കണം.

സാ—ശത്രുവിന്റെ ജാതി നിശ്ചയിക്കുന്നതു് ആറാംഭാവംകൊണ്ടും അതിന്റെ അധിപനെക്കൊണ്ടും വേണമെന്നാണല്ലോ കഴിഞ്ഞ പദ്യംകൊണ്ടു പറഞ്ഞതു്. അതിൽ ഏതുകൊണ്ടാണ് പറയേണ്ടതെന്ന് ഇവിടെ പറയുന്നു. ആറാംഭാവത്തിന് ബാധകാധിപന്റെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ ശത്രുവിന്റെ ജാതി ആറാംഭാവരാശിയുടെ തന്നെയാകുന്നു.

ബാധകസ്ഥാനനാഥയോഗദൃഷ്ട്യാദയോ യദി
ഷഷ്ഠേശസ്യ രിപോസ്തർഹി വർണ്ണഃ ഷഷ്ഠാധിപോദിതഃ. ൭൯

അ—ഷഷ്ഠന്റെ ബാധകസ്ഥാനത്തോടുയോഗദൃഷ്ട്യാദികൾ ഭവിക്കുന്നു എങ്കിൽ രിപുവിന് ഷഷ്ഠാധിപോദിതമായ വർണ്ണം ഭവിക്കും.

സാ—ആറാംഭാവാധിപനായ ഗ്രഹത്തിന് ബാധകാധിപന്റെ ദൃഷ്ടിയോ യോഗമോ കേന്ദ്രമോ മറ്റോ ഉണ്ടെങ്കിൽ ആറാംഭാവാധിപന്റെ ജാതിയിൽ ജനിച്ച ആളാണ് പ്രഷ്ടാവിന്റെ ശത്രു എന്ന പറയണം.

ഷഷ്ഠാധിപതിസംബന്ധോ ബാധകസ്യ ഗ്രഹസ്യ ചേൽ
യോഗാദിനാ പ്രഷ്ടുശ്ശത്രുർവ്വർണ്ണം ബാധകോദിതഃ
ബാധകേശസ്യ ചേൽ ഷഷ്ഠഷഷ്ഠേശൈക്ഷണാദയഃ
ബാധകാധിപതേർവ്വർണ്ണം പ്രഷ്ടുശ്ശത്രോർവിനിർദ്ദിശേൽ. ൧൫൩

അ—ബാധകമായ ഗ്രഹത്തിന് യോഗാദികൊണ്ടു ഷഷ്ഠാധിപസംബന്ധം ഭവിക്കുന്നു എങ്കിൽ പ്രഷ്ടാവിന് ബാധകോദിതമായ വർണ്ണം ഭവിക്കും. ബാധകേശന് ഷഷ്ഠഷഷ്ഠേശക്ഷണാദ്യാദികൾ ഭവിക്കുന്നു എങ്കിൽ പ്രഷ്ടാവിന്റെ ബാധകാധിപതിയുടെ വർണ്ണത്തെ നിർദ്ദേശിക്കണം.

സാ—ബാധരാശികൊണ്ടും ബാധകാധിപനെക്കൊണ്ടും ആഭിചാരകർത്താവിന്റെ ജാതിനിർണ്ണയം ചെയ്യുന്നതിനുള്ള വിധാനം ഇവിടെ പറയപ്പെടുന്നു. ബാധരാശിക്ക് ആറാംഭാവാധിപന്റെ യോഗമോ ദൃഷ്ടിയോ കേന്ദ്രമോ ഉണ്ടെങ്കിൽ ബാധരാശിസ്ഥാനത്തിലുള്ള ജാതിയിൽ ജനിച്ച ആളാണ് ആഭിചാരകർത്താവെന്ന പറയണം. ബാധകാധിപന്റെ യോഗമോ ദൃഷ്ടിയോ കേന്ദ്രമോ ഉണ്ടെങ്കിൽ ബാധകാധിപതിയുടെ ജാതിയിൽ ജനിച്ച ആളാണ് ആഭിചാരകർത്താവെന്നും പറയണം. ഇങ്ങിനെ ശത്രുവിന്റെയും ആഭിചാരകർത്താവിന്റെയും ജാതിനിർണ്ണയം ചെയ്തുകൊള്ളുക.

ഇവിടെ ഗ്രഹങ്ങളെക്കൊണ്ടുള്ള ജാതി വിഭാഗം പറയപ്പെടുന്നു

വിപ്രാവസുരസുരേഡ്യൗ ഭൗമാർക്കൗ ക്ഷത്രിയൗ ശശീ വൈശ്യഃ
ശൂദ്രസ്തു ബുധോ മന്ദശ്ചാന്ത്യജന്മാ വരാഹമിഹിരോക്ത്യാ ൧൫൪

അ—വരാഹമിഹിരമതത്തിൽ അസുരസുരേഡ്യന്മാർ വിപ്രന്മാരും ഭൗമാർക്കന്മാർ ക്ഷത്രിയന്മാരും ശശി വൈശ്യനും ബുധനാകട്ടെ ശൂദ്രനും മന്ദൻ അന്ത്യവർണ്ണനും ആയി ഭവിക്കുന്നു.

സാ—വ്യാഴം ശുക്രൻ ഇവരെക്കൊണ്ട് ബ്രാഹ്മണജാതിയേയും ആദിത്യൻ, ചൊവ്വാ ഇവരെക്കൊണ്ട് ക്ഷത്രിയജാതിയേയും ചന്ദ്രനെക്കൊണ്ടു വൈശ്യജാതിയേയും ബുധനെക്കൊണ്ടു ശൂദ്രജാതിയേയും ശനിയെക്കൊണ്ട് അവാന്തരജാതികളേയും ചിന്തിക്കണം. ഇങ്ങനെയാണ് വരാഹമിഹിരാചാര്യന്റെ അഭിപ്രായം "ശൂദ്രസ്തു ബുധോ മന്ദഃ" എന്ന ഭാഗംകൊണ്ടു ബുധനും മന്ദനും ശൂദ്രന്മാരെന്നുംകൂടി ധ്വനിപ്പിച്ചിരിക്കുന്നു.

വാ—അഥ ഗ്രന്ഥാന്തരം.

അ—ഇവിടെ ഗ്രന്ഥാന്തരം ഭവിക്കുന്നു.

സാ—ജാതിവിഭാഗനിരൂപണത്തിൽ മറ്റുചില ശാസ്ത്രങ്ങളിലെ ഏതാനും വചനങ്ങളെക്കൂടി ഇവിടെ കാണിക്കുന്നു.

വിപ്രാത്മജഃ സ്യാദ്ഗുരുരത്ര ശുക്രോ
വിപ്രായഭോഽന്യഗ്രഹരാശിയോഗാൽ
ഭൗമോഽനയോഃ സ്യാദഥ സാർവ്വഭൗമോ
ഭാനുഃ കുജോ മാണ്ഡലികശ്ച വൈശ്യഃ. ൧൫൫

അ—ഇവിടെ ഗുരു വിപ്രാത്മജനായി ഭവിക്കുന്നു. ശുക്രൻ വിപ്രായനായി ഭവിക്കും. അന്യഗ്രഹരാശിയോഗം ഹേതുവായി ഇവർക്ക് ഭേദം ഭവിക്കും. ഭാനുവിനെ സാർവ്വഭൗമനാണും കുജൻ മാണ്ഡലികനെന്നും വൈശ്യനാകുന്നു.

സാ—വ്യാഴത്തെക്കൊണ്ട് ഉത്തമബ്രാഹ്മണനെ വിചാരിക്കണം. ശുക്രനെക്കൊണ്ട് അധമബ്രാഹ്മണനെ വിചാരിക്കണം. ഇവർ ഏതേതു രാശികളുടേയും ഏതേതു ഗ്രഹങ്ങളുടേയും സംബന്ധം സംഭവിക്കുന്നുവോ ആ രാശികളുടെ നിലയനുസരിച്ചു ഉൽകൃഷ്ടതയേയും നികൃഷ്ടതയേയുംകൂടി ഗ്രഹിക്കേണ്ടതാണ്. ആദിത്യനെക്കൊണ്ടു ചക്രവൎത്തിയേയും ചൊവ്വയെക്കൊണ്ട് മണ്ഡലാധിപത്യമുള്ള രാജാവിനേയും ചിന്തിച്ചുകൊള്ളണം.

ഭൂമീശോऽൎക്കോऽപാപിതഃ സ്യാദ്ഗുരുശ്ചാൎക്കസ്തഥാ ബ്രാഹ്മണഃ

വിദ്ധ്യാമാനപാപിതഃ സ ദേവദാസ ഇതീൎയ്യതേ. ഫലം

അ—ഭൂമിശൻ അപാപദൃഷ്ടിയും രാജതുല്യനും ആയി ഭവിക്കുന്നു. അതുപോലെ ബ്രാഹ്മണൻ വിദ്വാനായും അപാപദൃഷ്ടിയായും ഭവിക്കുന്നു. ദേവദാസനെന്നും ഇവനെ ചൊല്ലപ്പെടണം.

സാ—ചൊവ്വയെക്കൊണ്ട് പ്രബലന്മാരായിരിക്കുന്നെങ്കിൽ പൂൎണ്ണന്മാർ ധൎമ്മിഷ്ഠരായ രാജസമാനന്മാരായ ജനങ്ങളെ വിചാരിക്കണം. ബുധനെക്കൊണ്ടും പൂൎണ്ണന്മാരായിരിക്കുന്ന അമ്പലവാസികളേയും വിദ്വാന്മാരേയും ചിന്തിച്ചുകൊള്ളണം. ഇവരുടെ അന്യോന്യം സ്ഥാനങ്ങൾക്കുപ്രാപ്ത ആയിരിക്കും പൂൎണ്ണന്മാൎക്കാദ്യം ഇല്ലാതിരിക്കും.

ഉച്ചാദി നീചപൎയ്യന്തസ്ഥാനേഷു ക്രമശഃ ശനി

ദേവദാസാദിചണ്ഡാലപൎയ്യന്താ ജാതയഃ സ്മൃതാഃ—ഇതി. ഫലം

അ—ശനിക്കു ഉച്ചാദിനീചപൎയ്യന്തസ്ഥാനഭേദം ഹേതുവായി ദേവദാസാദി ചണ്ഡാലപൎയ്യന്തങ്ങളായ ജാതികൾ സ്മൃതങ്ങളായി ഭവിക്കുന്നു.

സാ—ശനിക്ക് ഉച്ചസ്ഥിതിയുണ്ടെങ്കിൽ അമ്പലവാസികളേയും നീചസ്ഥിതിയാണുള്ളതെങ്കിൽ ചണ്ഡാല (ഏറ്റവും നികൃഷ്ടവൎഗ്ഗത്തിൽപ്പെട്ടവർ) ന്മാരേയും ഗ്രഹിക്കണം. ഇതൊഴിച്ചുള്ള രാശികളിൽ നിന്നാൽ ശനിയുടെ ബലമനുസരിച്ച് അമ്പലവാസി മുതൽ ചണ്ഡാലൻവരെയുള്ള മറ്റു ജാതികളെ ചിന്തിച്ചുകൊള്ളണം. ഇവിടെയും മറ്റു ഗ്രഹങ്ങളുടെ യോഗദൃഷ്ട്യാദിസംബന്ധങ്ങളെ വിസ്മരിക്കത്തക്കതല്ല. ഉച്ചത്തിൽ നില്ക്കുന്ന ശനിയെക്കൊണ്ട് അമ്പലവാസിയെ പറയുമ്പോൾ മൂലത്രികോണത്തിൽ നില്ക്കുന്ന ശനിയെക്കൊണ്ട് അമ്പലവാസികളിൽ നിന്ന് അല്പം താണവൎഗ്ഗക്കാരെ പറയണം. ബന്ധുക്ഷേത്രത്തിലും സ്വക്ഷേത്രത്തിലും നില്ക്കുന്ന ശനിയെക്കൊണ്ട് അതിലും താണവൎഗ്ഗക്കാരെ ഇങ്ങിനെ ക്രമേണ യുക്തികൊണ്ട് ചിന്തിച്ചുകൊള്ളണം. ഇങ്ങിനെ ഗ്രന്ഥാന്തരവചനം.

വാ—അത്ര മാധവീയം.

അ—ഇവിടെ മാധവീയം ഭവിക്കുന്നു.

സാ—ജാതിചിന്തയിൽ മാധവീയവചനത്തെക്കൂടി എടുത്തു ചേൎക്കുന്നു.

വിപ്രാവഹ്യംബുയുജൌ ഗുരുസിതൌ നൃപതീ കുജാൎക്കൌ

വൈശ്യഃ ശശീ ശശിസുതോ വൃഷലോऽൎക്കജോऽന്ത്യഃ—ഇതി. ഫലം

അ—ഗുരുസിതന്മാർ വിപ്രാവഹ്യന്മാരാകുന്നു; കുജാൎക്കന്മാർ നൃപതികളാകുന്നു. ശശി വൈശ്യനാകുന്നു. ശശിസുതൻ വൃഷലനാകുന്നു. അൎക്കജൻ അന്ത്യനാകുന്നു.

സാ—ഗുരുശുക്രന്മാരെക്കൊണ്ടു ബ്രാഹ്മണരേയും ആദിത്യനെക്കൊണ്ടും ചൊവ്വയെക്കൊണ്ടും ക്ഷത്രിയന്മാരേയും ചന്ദ്രനെക്കൊണ്ടു വൈശ്യനേയും ബുധനെക്കൊണ്ടു ശൂദ്രനേയും വിചാരിക്കണം. ശനിയെക്കൊണ്ടു ചണ്ഡാലവൎഗ്ഗത്തിൽ പെട്ട പറയർ പുലയർ മുതലായവരെ ചിന്തിക്കണം. ഇങ്ങിനെ മാധവീയവചനം.

വാ—കൃഷ്ണീയം ച.

അ—കൃഷ്ണീയവും ഭവിക്കുന്നു.

സാ—ജാതിയെ വിചാരിക്കുന്നതിലേയ്ക്കായി കൃഷ്ണീയവചനംകൂടി കാണിക്കുന്നു.

വിപ്രൌ ശുക്രഗുരൂ ക്ഷത്രിയാവിനഭൂമിജൌ വിവാകരമാൎത്തണ്ഡൌ

വൈശ്യൌ ബുധചന്ദ്രമസൌ ശനൈശ്ചരഃ ശൂദ്രസങ്കരജഃ. ഫലം

അ—ശുക്രദേവഗുരുക്കന്മാർ വിപ്രന്മാരായും ദിവാകരഭൌമന്മാർ ക്ഷത്രിയന്മാരായും ചന്ദ്രബുധന്മാർ വൈശ്യന്മാരായും ശനൈശ്ചരൻ ശൂദ്രസങ്കരകർത്താവായും ഭവിക്കുന്നു.

സാ—വ്യാഴവും ശുക്രനും ബ്രാഹ്മണകാരകന്മാരാണു്. ആദിത്യനും ചൊവ്വയും ക്ഷത്രിയകാരകന്മാരാണു്. ചന്ദ്രനും ബുധനും വൈശ്യകാരകന്മാരാണു്. ശനിക്ക ശൂദ്രകാരകത്വവും സങ്കരകാരകത്വവും ഉണ്ടു്. സങ്കരന്മാർ എന്നു പറയുന്നതു് രണ്ടുവർഗ്ഗത്തിൽപ്പെട്ട മാതാപിതാക്കന്മാരുടെ സന്താനങ്ങളെ ആണു്. ഉയർന്ന വർഗ്ഗങ്ങളിൽ ഇവർ ക്ക ദോഷം സംഭവിക്കാതിരിപ്പാൻ കീഴ്വർഗ്ഗത്തിൽ മാത്രം കൂട്ടിക്കലർത്തിയിരിക്കയാണു്. സങ്കരന്മാരെന്ന നിലയിൽ കൂടുതൽ വർഗ്ഗക്കാരുണ്ടായതെന്നു തോന്നപ്പെടുന്നു. ഇതനുസരിച്ചു ശൂദ്രർ മുതൽ കീഴ്പോട്ടുള്ളവരെ സാമാന്യേന ശനിയെക്കൊണ്ടുതന്നെയാണു് ചിന്തിക്കേണ്ടതു്. ശനിയുടെ ബലാബലമനുസരിച്ചു് അവരുടെ ഉൽകൃഷ്ടനികൃഷ്ടതയേയും ചിന്തിച്ചുകൊള്ളണം.

വാ—സാരസൗഖ്യയശ്ച.

അ—സാരസൗഖ്യയാലും ഭവിക്കുന്നു.

സാ—ഈ പ്രകരണത്തിലുള്ള സാരസൗഖ്യവചനവുംകൂടി താഴെ എടുത്തു ചേർക്കുന്നു.

അർക്കസ്യ വിപ്രോ രാജാ വാ ശൂദ്രോ വാ മണ്ഡലാധിപഃ
ഇന്ദോർവ്വിപ്രോഽഥവാ വൈശ്യോ ഭൌമസ്യ ചമൂപശ്ശൂദ്രകൌ
സൌമ്യസ്യ ശൂദ്രോ വൈശ്യോ വാ ശനേഃ ശൂദ്രോഽന്ത്യജോഽപി വാ
ജീവസ്യ വിപ്രഃ ശുക്രസ്യ ശൂദ്രോ വിപ്രോഽഥവാ സ്ത്രിയഃ
നീചാദിസ്ഥൈർഗ്രഹൈരേതൈർന്നീചജാതിം വിനിർദ്ദിശേത്—ഇതി.

അ—അർക്കന്ന വിപ്രനോ രാജാവോ മണ്ഡലാധിപനായ ശൂദ്രനോ വാച്യനാകുന്നു. ഇന്ദുവിന്നു വിപ്രനോ വൈശ്യനോ വാച്യനാകുന്നു. ഭൌമന്ന ചമൂപശൂദ്രകന്മാർ വാച്യന്മാരാകുന്നു. സൌമ്യന്ന ശൂദ്രനോ വൈശ്യനോ വാച്യനാകുന്നു. ശനിക്ക ശൂദ്രനോ അന്ത്യജനോ വാച്യനാകുന്നു. ജീവന്ന വിപ്രൻ വാച്യനാകുന്നു. ശുക്രന്ന ശൂദ്രനോ വിപ്രനോ അല്ലെങ്കിൽ സ്ത്രീകളോ വാച്യന്മാരാകുന്നു. നീചാദിസ്ഥന്മാരായ ഇവരെക്കൊണ്ടു നീചജാതിയെ വിനിർദ്ദേശിക്കണം.

സാ—ആദിത്യനെക്കൊണ്ടു ബ്രാഹ്മണൻ രാജാവു് നാടുവാഴിയായ ശൂദ്രൻ ഇവരെ വിചാരിക്കണം. ആദിത്യൻ പ്രബലനാണെങ്കിൽ (വ്യാഴക്ഷേത്രസ്ഥിതി മുതലായ സംബന്ധങ്ങളെങ്കിൽ) ബ്രാഹ്മണനേയും അതുപോലെ ബലവാനാണെങ്കിൽ (സ്വക്ഷേത്രം ഉച്ചം മുതലായ ബന്ധങ്ങളെങ്കിൽ) രാജാവിനേയും ബന്ധുക്ഷേത്രസ്ഥിതി മുതലായവയിൽ സാമാന്യബലവാനാണെങ്കിൽ ദേശാധിപനായ ശൂദ്രനേയും ഗ്രഹിച്ചുകൊള്ളണം. ചന്ദ്രനെക്കൊണ്ടു ബ്രാഹ്മണനേയും വൈശ്യനേയും ഗ്രഹിക്കാം. ഇവരുടെ ഭേദവും ചന്ദ്രന്റെ ബലാബലവ്യത്യാസമനുസരിച്ചുതന്നെ ചിന്തിച്ചുകൊള്ളണം. ചൊവ്വയെക്കൊണ്ടു ബ്രാഹ്മണനേയും ശൂദ്രനേയും വിചാരിക്കാം. ഗുരുശുക്രന്മാരുടെ ക്ഷേത്രത്തിൽ നില്ക്കുന്ന ചൊവ്വയെക്കൊണ്ടു ബ്രാഹ്മണനേയും ബുധശനികളുടെ ക്ഷേത്രത്തിൽ നില്ക്കുന്ന ചൊവ്വയെക്കൊണ്ടു ശൂദ്രനേയും വിചാരിക്കണം. ആദിത്യന്റേയും ചൊവ്വയുടേയും ക്ഷേത്രത്തിൽ നില്ക്കുന്ന ചൊവ്വയെക്കൊണ്ടു ദേശവാഴിയായ ശൂദ്രനേയും ശുക്രക്ഷേത്രത്തിൽ നില്ക്കുന്ന ചൊവ്വയെക്കൊണ്ടു സേനാധിപനേയും വിചാരിച്ചുകൊള്ളണം. ബുധനെക്കൊണ്ടു ശൂദ്രനേയും വൈശ്യനേയും വിചാരിക്കണം. ഇവിടെയും ബലാബലം ചിന്തിച്ചുകൊള്ളണം. ശനിയെക്കൊണ്ടു ശൂദ്രനേയും ചണ്ഡാലന്മാരേയും വിചാരിക്കണം. ഇതിന്റെ ന്യായം (മേലെ ബലാബലം) എന്ന വാക്യംകൊണ്ടു് പറഞ്ഞിട്ടുണ്ടു്. വ്യാഴത്തെക്കൊണ്ടു ബ്രാഹ്മണനെത്തന്നെ ചിന്തിക്കണം. ശുക്രനെക്കൊണ്ടു ശൂദ്രനേയും ബ്രാഹ്മണനേയും അഥവാ സ്ത്രീകളേയും വിചാരിക്കാം. സൂര്യാദികളായ ഈ ഗ്രഹങ്ങൾ നീചരാശിസ്ഥിതി മുതലായ [illegible] ബലഹീനന്മാരാണെങ്കിൽ

ഫക

ആ പാഠങ്ങൾകൊണ്ടു പലിതവശാൽ നിഷ്കൃഷ്ടാത്തിന്ന് അർഹമായി ചിന്തിക്കുന്നു എന്നു പറയണം. ദിക്പാലാദികളുടെ വ്യാഴത്തെക്കൊണ്ട് ശ്രേഷ്ഠമായ പ്രാപണങ്ങളിൽ ചേരില്ല എങ്കിലും ഭദ്രാസനം ഉള്ളവരായ നിത്യവൃത്തികളാൽ നിയുക്തരായവരാണെന്നു പറയണം. ഇങ്ങനെ മറ്റുള്ള ഗ്രഹങ്ങളെക്കൊണ്ടും ചിന്തിച്ചുകൊള്ളാം.

ശത്രുപ്രയോക്തൃവശ്ഗ്ഗാകതാവസ്ഥി ഗ്രന്ഥാന്തരങ്ങളതൽ
ലിഖ്യതേ ശത്രുതാഹേതുസ്തത്രാപി ച മതാന്തരം. ൫൩൩

അ—ശത്രുപ്രയോക്തൃവശ്ഗ്ഗാകതിയിൽ ഗ്രന്ഥാന്തരം പറയുന്നു. അതും ശത്രുതാഹേതുവും അതിലുള്ള മതാന്തരവും ലേഖനം ചെയ്യപ്പെടുന്നു.

സാ—ശത്രുവിന്റെ പ്രേരണനിമിത്തം ആഭിചാരം പ്രവർത്തിച്ചവന്റെ ജാതിയെ നിർണ്ണയിക്കുന്നതിനു വേറെയും വചനമുണ്ട്. ആ വചനത്തെയും ശത്രുതയ്ക്കുള്ള കാരണത്തെയും ആ വിഷയത്തിലുള്ള മതഭേദങ്ങളെയുംകൂടി ഇവിടെ കാണിക്കുന്നു.

ഷഷ്ഠേശജാതിം ച ഖിഷതോഽഭിദധ്യാൽ
കർമ്മേശജാതിം ച തു കർമ്മകർത്തുഃ
ഹേതുഞ്ച ഷഷ്ഠേശസമാശ്രിതർക്ഷ-
നാഥാനുരൂപം കവിരാഭിധാതസ്യ. ൫൩൪

അ—ശത്രുവിന്റെ ഷഷ്ഠേശജാതിയെയും കർമ്മകർത്താവിന്റെ കർമ്മേശജാതിയെയും ഷഷ്ഠേശസമാശ്രിതർക്ഷനാഥാനുരൂപമായ ഹേതുവിനെയും അഭിധാനം ചെയ്യണം. ഞാൻതന്നെ അതിനെ ഇവിടെ അഭിധാനം ചെയ്യുന്നുണ്ട്.

സാ—ആറാംഭാവാധിപനായ ഗ്രഹത്തിന്റെ ഉചിതമായ ജാതിയിൽപെട്ട ആളാണ് ശത്രുവെന്നും പത്താംഭാവാധിപനായ ഗ്രഹത്തിന്റെ ജാതിയിൽപെട്ട ആളാണ് ആഭിചാരകർത്താവെന്നും പറയണം. ആറാംഭാവാധിപൻ നില്ക്കുന്ന രാശിയുടെ അധിപന് അനുരൂപമായ ഉദ്ദേശത്തെ ആസ്പദമാക്കിയാണ് ഈ ശത്രുത പ്രവർത്തിച്ചിട്ടുള്ളതെന്നും പറയണം. ആറാംഭാവാധിപൻ നില്ക്കുന്ന രാശിനാഥന്മാരായ സൂര്യാദികളെക്കൊണ്ട് ഇന്നിന്ന പദാർത്ഥങ്ങളെ വിചാരിക്കണമെന്ന് ഞാൻതന്നെ പറയുന്നു. അതാതുഗ്രഹങ്ങളുടെ കാരകത്വമനുസരിച്ചു ചിന്തിച്ചു ദൈവജ്ഞന്മാർ ബുദ്ധിമുട്ടേണമെന്നില്ല എന്നു സാരം.

ഷഷ്ഠേശോ യദി സൌമ്യവേശ്മനി ബുധൈർഹേതുർമഹീ ഭൃത്യതാ
ചൈതന്യേ കാഞ്ചനമർത്ഥജം പണഫലാന്യശ്വസ്യ രൂപ്യം തഥാ
വാസോ ധാന്യചതുഷ്പദാശ്ച ശനിഭേ ചണ്ഡാലദാസായുധം
ചാന്ദ്രേ മാതുലമംബു വാക്ച പവനാ തദ്വൃത്തം ച മൂലം ഫലം. ൫൩൫

അ—ഷഷ്ഠേശൻ സൌമ്യവേശ്മത്തിൽ സ്ഥിതനായിരിക്കും വിഷയത്തിൽ ഹേതു മഹി എന്നിങ്ങനെ ബുധന്മാരാൽ വചിക്കപ്പെടുന്നു. ചൈതന്യത്തിൽ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ കാഞ്ചനമെന്നു വചിക്കപ്പെടുന്നു. ആർത്ഥത്തിൽ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ ഹേതു പണഫലങ്ങളാണെന്ന് വചിക്കപ്പെടുന്നു. അശ്വന്റെ ഭത്തിലാകുന്നു എങ്കിൽ ഹേതു രൂപ്യമെന്നും അപ്രകാരം വാസോധാന്യചതുഷ്പദങ്ങളെന്നും വചിക്കപ്പെടുന്നു. ശനിഭത്തിലാകുന്നു എങ്കിൽ ചണ്ഡാലദാസായുധമെന്നും ചാന്ദ്രമായ ഭത്തിലാകുന്നു എങ്കിൽ മാതുലവും അംബുവും ആണെന്നും അർക്കഭവനത്തിലാകുന്നു എങ്കിൽ തദ്വൃത്തവും മൂലവും ഫലവുമാണെന്നും വിചാരിക്കപ്പെടുന്നു.

സാ—ആറാംഭാവാധിപൻ നില്ക്കുന്നതു ചൊവ്വാക്ഷേത്രത്തിലാണെങ്കിൽ ഭൂമിനിമിത്തമാണ് ആഭിചാരം ചെയ്വാൻ ഇടയായതെന്നു പറയണം. ആറാംഭാവാധിപൻ ബുധന്റെ രാശിയിൽ നിന്നാൽ ആഭിചാരകാരണം സംബന്ധമാണെന്നു പറയണം. വ്യാഴത്തിന്റെ ക്ഷേത്രത്തിൽ നിന്നാൽ പണമോ ഫലങ്ങളോ കാരണമാകുന്നു. ശുക്രന്റെ രാശികളിലാണെങ്കിൽ വെള്ളി വസ്ത്രം ധാന്യം നാല്ക്കാലികൾ മുതലായ പദാർത്ഥ

ക്കം കാരണങ്ങളാണെന്നും ആറാംഭാവാധിപൻ ശനിക്ഷേത്രത്തിലായാൽ അടിയാളരായ പണ്ടാരന്മാർ മാസന്മാർ ആദിയായവരും ഇവ കാരണമാണെന്നും പറയണം. ആറാം ഭാവാധിപൻ ചന്ദ്രക്ഷേത്രത്തിൽ നിന്നാൽ പാത്രമോ വെള്ളമോ കാരണമായും ആദിത്യ ക്ഷേത്രത്തിൽ നിന്നാൽ ചെമ്പുപാത്രം മുതലായവയും ഫലപദാർത്ഥങ്ങളും ഇതുപോലെ വസ്തുക്കൾ നിമിത്തമായും ആഭിചാരം ചെയ്തിട്ടുണ്ടെന്നു പറയണം. മേൽപ്പറഞ്ഞ വസ്തുക്കളെ സംബന്ധിച്ചു ശത്രുക്കളുമായി മത്സരാദികളുണ്ടായി അതിനാൽ ശത്രുക്കളുടെ വിജയത്തിനുവേണ്ടിയും മററും ആഭിചാരാദികൾ പ്രവർത്തിപ്പിച്ചിരിക്കണം എന്നു താൽപര്യമാകുന്നു.

ലഗ്നാദിഷ്വേഷു ഭാവേഷു യത്രാസ്തേ ബാധകാധിപഃ
തദ്ഭാവമേനം നിമിത്തീകൃത്യാഭിചാരം വിനിർദ്ദിശേൽ.

അ—ബാധകാധിപൻ ലഗ്നാദികളായ ഭാവങ്ങളിൽവെച്ച് യാതൊന്നിലിരിക്കുന്നുവോ ഈ ഭാവത്തെ നിമിത്തീകരിച്ചിട്ട് ആഭിചാരത്തെ വിനിർദ്ദേശിക്കണം.

സാ—ബാധകാധിപൻ ലഗ്നം മുതലായ ഏതൊരു ഭാവത്തിലാണോ നില്ക്കുന്നതു് ഇതു ഭാവം കാരണമായിട്ടാണു് ആഭിചാരമുണ്ടായതെന്നു പറയണം. ബാധകാധിപൻ രണ്ടാംഭാവത്തിൽ നിന്നാൽ ധനം കാരണമായും മൂന്നാംഭാവത്തിൽ നിന്നാൽ സഹോദരാദികൾ കാരണമായും ഇങ്ങിനെ മററു ഭാവങ്ങളെക്കൊണ്ടും ചിന്തിച്ചുകൊള്ളണം.

ധാതുപാദിഷ്വനിഷ്ടാനാമുദയേനാതിബാധകൈഃ
അശ്രിതൈർവാഥവാ ധാതുപാദ്യാ ഹേതവശ്ചിന്ത്യാഃ—ഇതി ച.

അ—ധാതുപാദികളിലനിഷ്ടന്മാരുടെ ഉദയംകൊണ്ടും അതിബാധകന്മാരെക്കൊണ്ടും അല്ലെങ്കിൽ ബാധകന്മാരാൽ ആശ്രിതങ്ങളെക്കൊണ്ടും ധാതുപാദ്യങ്ങളായ ഹേതുക്കളെ ചിന്തിച്ചറിയണം.

സാ—ലഗ്നം ലഗ്നത്തിൽനില്ക്കുന്ന ഗ്രഹങ്ങൾ ആറാംഭാവാധിപൻ ആറാംഭാവാധിപൻ നില്ക്കുന്ന രാശി ബാധകാധിപൻ ബാധകാധിപൻ നില്ക്കുന്ന രാശി ഇവകളെക്കൊണ്ടു് ധാതുമൂലം ജീവൻ ഈ പദാർത്ഥങ്ങളിൽ ഏതിനെ ആശ്രയിച്ചാണു് ആഭിചാരം ചെയ്തിട്ടുള്ളതെന്നു ചിന്തിച്ചു പറയണം. മേൽപ്പറഞ്ഞ ലക്ഷണങ്ങളും ഭിന്നരൂപങ്ങളായിട്ടുള്ള അവയുടെ ബലാബലത്തെനോക്കി പറഞ്ഞുകൊള്ളണം.

ശത്രുഃ പൃച്ഛകസംബന്ധീ ബന്ധുർവാ ദൂരഗോഽഥവാ
സമീപസ്ഥോഽപരോ വാ തൽ പ്രകാരോഽപി ച ചിന്ത്യതേ.

അ—അനന്തരം ശത്രു പൃച്ഛകസംബന്ധിയാണോ അന്യനാണോ ദൂരസ്ഥനാണോ സമീപസ്ഥനാണോ ഇത്യാദി ഇവിടെ വിചാരിക്കപ്പെടുന്നു.

സാ—ശത്രുക്കൾ പൃച്ഛകന്റെ സംബന്ധികളിലാരെങ്കിലുമാണോ അതല്ല യാതൊരു ബന്ധവുമില്ലാത്ത അന്യന്മാരാണോ എന്നും ശത്രു പാർക്കുന്നതു പൃച്ഛകന്റെ വാസസ്ഥലത്തിന്റെ സമീപത്താണോ അതല്ല അകലെയാണോ എന്നും ചിന്തിക്കുന്നതിനുള്ള വഴി ഇവിടെ കാണിക്കുന്നു.

ശത്രുഃ സ്യാൽ സ്വജനോ ലഗ്നേ സ്ഥിരഗേ ചരഗേ സ്വഗൃഹേ വാ
ചരഭേ സ്യാദിതരോഽഥവാ ഗ്രഹേ പാപേ ഷഷ്ഠസ്ഥിതേ ബാധകേ
പുത്രേശേ തനയാദികോഽഥ സഹജേ ഭ്രാതാഥ ധർമ്മാധിപേ
പിത്രാദ്യാ ഗുരവോ ഭവന്തി രിപവസ്തദ്ഭാവപാ ഖേചരാഃ.

അ—ലഗ്നം ചരരാശിയാകയാൽ ശത്രു സ്വജനമായിരിക്കും. സ്ഥിരലഗ്നമായിരിക്കുമ്പോൾ അന്യനായിരിക്കും. ഉഭയലഗ്നമായിരിക്കുമ്പോൾ ശത്രു സ്വജനമായിരിക്കും. അല്ലെങ്കിൽ ബാധകാധിപൻ ആറാംഭാവാധിപനായി ഭവിക്കുമ്പോൾ ബന്ധുക്കളിൽ ആരെങ്കിലും ശത്രുവായിരിക്കും. ഭാവാധിപന്മാർ ഓരോ ഭാവങ്ങളിലും ശത്രുക്കളായി ഭവിക്കുന്നു. ധർമ്മാധിപൻ

[illegible]

സം— [illegible] പറയണം.

[illegible]

[illegible]

അ— [illegible]

സം— [illegible] പറയാം.

[illegible]

അ— [illegible]

സം— [illegible] ചെയ്യാം.

[illegible]

[illegible] "[illegible]" [illegible] "[illegible]" [illegible].

[illegible] ആഭിചാര[illegible] [illegible].

[illegible] ആഭിചാര[illegible] [illegible].

വാ—ഒരു ആഭിചാരലക്ഷണമാകുന്ന സന്താനദീപിക

അ—ഇവിടെ ആഭിചാരലക്ഷണമാകുന്നതിൽ സന്താനദീപിക [illegible].

സാ—ആഭിചാരലക്ഷണം ചിന്തിക്കേണ്ട വിഷയത്തിൽ സന്താനദീപികയുടെ [illegible] കാണിക്കുന്നു

[illegible]
[illegible]
[illegible]
[illegible] [illegible]

അ—വിലഗ്നം [illegible] ആഭിചാര[illegible] [illegible].

സാ—ചരരാശി ലഗ്നമായി വരിക [illegible] [illegible].

സ്ഥിരരാശി ലഗ്നം വരിക [illegible] [illegible].

ഉഭയരാശി ലഗ്നം വരിക [illegible] ആഭിചാരം [illegible] പറയണം.

ലഗ്നത്തിൽ [illegible] ഈ യോഗത്തിന്റെ ഫലം.

[illegible]
[illegible] [illegible]

അ—[illegible] ആഭിചാരം [illegible].

സാ—[illegible] ആഭിചാരമുണ്ടെന്നു പറയണം.

ശത്രുഭാവാധിപേ ലഗ്നേ കർമ്മണ്യസ്തംഗതേऽഥവാ
ലഗ്നേ ശൈഥില്യദൃഷ്ടേ വാऽഭിചാരഃ പ്രകീർത്തിതഃ. ൧൩൭

അ—ശത്രുഭാവാധിപൻ ലഗ്നത്തിലോ കർമ്മത്തിലോ സ്ഥിതനായിട്ടോ അല്ലെങ്കിൽ അസ്തംഗതനായിട്ടോ ലഗ്നം ശൈഥില്യയുതമായോ അല്ലെങ്കിൽ ദൃഷ്ടമായോ ഇരിക്കുമ്പോഴും ആഭിചാരം പ്രതിജ്ഞ ചെയ്യപ്പെടണം.

സാ—ആറാംഭാവാധിപൻ ലഗ്നത്തിലോ ഏഴാംഭാവത്തിലോ പത്താംഭാവത്തിലോ നില്ക്കണം. അപ്പോൾ പാപൻ ലഗ്നത്തിൽ നില്ക്കുകയോ ലഗ്നത്തെ നോക്കുകയോ ചെയ്താലും ആഭിചാരദോഷമുണ്ടെന്നു പറയണം.

സ്വഭാവഗതേ കേതൌ കർമ്മലഗ്നഗതേऽഥവാ
ലഗ്നേ ശൈഥില്യദൃഷ്ടേ വാऽഭിചാരഃ പ്രകീർത്തിതഃ. ൧൩൮

അ—കേതു സ്വഭാവഗതനായും അല്ലെങ്കിൽ കർമ്മലഗ്നഗതനായും ലഗ്നം ശൈഥില്യയുതമായോ അല്ലെങ്കിൽ ദൃഷ്ടമായോ ഇരിക്കുമ്പോഴും ആഭിചാരത്തെ പ്രതിജ്ഞ ചെയ്യപ്പെടണം.

സാ—കേതു ലഗ്നത്തിലോ നാലാംഭാവത്തിലോ പത്താംഭാവത്തിലോ നില്ക്കുമ്പോൾ ലഗ്നത്തിലേക്കു പാപന്മാരുടെ ദൃഷ്ടിയോ യോഗമോ ഉണ്ടായാൽ ആഭിചാരമുണ്ടെന്നു പറയണം.

സ്വഭാവഗതേ കേതൌ കർമ്മലഗ്നഗതേऽഥവാ
കേന്ദ്രേ മാന്ദിസമായുക്തേ രോഗഃ ക്ഷുദ്രാദി ചാരജഃ—ഇതി.

അ—കേതു സ്വഭാവഗതനായും അല്ലെങ്കിൽ കർമ്മലഗ്നഗതനായും കേന്ദ്രം മാന്ദിസമായുക്തമായുമിരിക്കുമ്പോൾ രോഗം ക്ഷുദ്രാഭിചാരജമെന്നു വ്യാഖ്യാനമായി വരുന്നു.

സാ—കേതു ലഗ്നത്തിലോ നാലാംഭാവത്തിലോ പത്താംഭാവത്തിലോ നില്ക്കയും അപ്പോൾ ഗുളികൻ കേന്ദ്രത്തിൽ വരികയും ചെയ്താൽ രോഗത്തിന്റെ കാരണം ശത്രുകൃതമായ ക്ഷുദ്രാഭിചാരമാണെന്നു പറയണം. ഇതിന്നു സന്താനദീപികയിലെ വചനം അവസാനിച്ചു.

മാരണോച്ചാടനാദ്യർത്ഥം രിപുഭിർന്നിധീയതേ
ചൂർണ്ണാദികം തദ്ഭാവപ്രകാരോऽഥ നിഗദ്യതേ. ൧൩൯

അ—രിപുക്കളാൽ മാരണോച്ചാടനാദികൾക്കായി യാതൊരു ചൂർണ്ണാദികം നിധാനം ചെയ്യപ്പെടുന്നുവോ തദ്ഭാവപ്രകാരം അനന്തരം നിഗദിക്കപ്പെടുന്നു.

സാ—ഒരാളിനെ മരിപ്പിക്കുന്നതിനായോ നാട്ടിൽനിന്നു കളയുവാനായോ മറ്റോ വേണ്ടി അവന്റെ ശത്രുക്കൾ ബുദ്ധിയേയും മനസ്സിനേയും മറ്റും വികലപ്പെടുത്തി തീക്ഷ്ണതയായ ചൂർണ്ണം മുതലായ ആഭിചാരപദാർത്ഥം അവന്റെ വാസഭവനത്തിലോ മറ്റോ കുഴിച്ചുവച്ചാൽ അതിനെ എടുത്തുകളയാതെ ഭിഷഗ്വാദം രോഗശാന്തി ഉണ്ടാകുന്നതല്ല. അതിനാൽ ചൂർണ്ണം എടുത്തുകളയുവാൻ വേണ്ട മാർഗ്ഗം പറയപ്പെടുന്നു.

ഉദയാരൂഢചന്ദ്രാണാം ഗുളികേ കേന്ദ്രസംസ്ഥിതേ
മന്ദയുക്തേऽഥ ദൃഷ്ടേ വാ ക്ഷുദ്രം രിപുകൃതം വദേൽ. ൧൪൦

അ—ഗുളികൻ ഉദയാരൂഢചന്ദ്രന്മാരുടെ കേന്ദ്രസംസ്ഥിതനായി മന്ദയുക്തനായോ ദൃഷ്ടനായോ ഇരിക്കുമ്പോൾ രിപുകൃതമായ ക്ഷുദ്രത്തെ വദിക്കണം.

സാ—ഗുളികൻ ഉദയലഗ്നത്തിന്റെയോ ആരൂഢത്തിന്റെയോ ചന്ദ്രന്റെയോ കേന്ദ്രത്തിൽ നില്ക്കണം. ആ ഗുളികനു ശനിയുടെ ദൃഷ്ടിയോ യോഗമോ ഉണ്ടായിരിക്കയും വേണം. എന്നാൽ ശത്രുക്കൾ ക്ഷുദ്രത്തെ ചെയ്തിട്ടുണ്ടെന്നു പറയണം.

മാന്ദിശ്ചതുർത്ഥരാശൌ വാ ചതുർത്ഥാംശേഽഥവാ സ്ഥിതഃ
യദി ക്ഷുദ്രം ഗൃഹേ വാച്യം ജലരാശ്യംശയോർജ്ജലേ. ൧൭൧

അ—മാന്ദി ചതുർത്ഥരാശിയിലോ അല്ലെങ്കിൽ ചതുർത്ഥാംശത്തിലോ സ്ഥിതനായി ഭവിക്കുന്നു എങ്കിൽ ഗൃഹത്തിൽ ക്ഷുദ്രം വാച്യമായി ഭവിക്കുന്നു. ജലരാശ്യംശങ്ങളിൽ സ്ഥിതനാകുന്നു എങ്കിൽ ജലത്തിൽ വാച്യമാകുന്നു.

സാ—ഗുളികൻ ഉദയത്തിന്റെയോ ആരൂഢത്തിന്റെയോ ചന്ദ്രന്റെയോ നാലാംഭാവത്തിൽ നില്ക്കുകയോ അംശിക്കുകയോ ചെയ്യുന്നു എങ്കിൽ പ്രഷ്ടാവിന്റെ ഗൃഹത്തിൽതന്നെ ആരോ ക്ഷുദ്രത്തെ സ്ഥാപിച്ചിട്ടുണ്ടെന്നു പറയണം. അങ്ങനെ ഗുളികൻ നില്ക്കുന്നതു ജലരാശിയിലോ ജലദ്രേക്കാണത്തിലോ ആണെങ്കിൽ പ്രഷ്ടാവിന്റെ വക സംബന്ധമുള്ള വെള്ളമുള്ള സ്ഥാനത്തു സ്ഥാപിച്ചിരിക്കുന്നു എന്നും പറയണം.

വർഗ്ഗോത്തമാംശകേ തസ്മിന്നന്തരേവ വദേദിദം
മന്ദേന മാന്ദിനാ വാപി യുക്തേഽഥവാ സർപ്പസന്നിധൗ. ൧൭൨

അ—അവൻ വർഗ്ഗോത്തമാംശകനായിരിക്കുമ്പോൾ ഇതിനെ തന്റെയുള്ളിൽ വദിക്കണം. അഹി മന്ദനോടോ മാന്ദിയോടോ യുക്തനായിരിക്കുമ്പോൾ ഇതിനെ സർപ്പസന്നിധിയിൽ വദിക്കണം.

സാ—ഗുളികന് വർഗ്ഗോത്തമാംശകം ഉണ്ടെങ്കിൽ ക്ഷുദ്രം തന്റെ സ്ഥലത്തു സ്ഥാപിച്ചിട്ടുണ്ടെന്നു പറയണം. ആ ഗുളികനോടു ശനിയോടെ കൂടിനിന്നാൽ സർപ്പക്കാവിന്റെ സമീപപ്രദേശത്താണ് ക്ഷുദ്രം സ്ഥാപിച്ചിരിക്കുന്നതെന്നു പറയണം.

തൽകേന്ദ്രേ ചേദ്രവിർവൃക്ഷേ കേദാരേ ഭൂമിജോ യദി
ജീവശ്ചേൽ ഗൃഹ ഏവ സ്യാൽ ശുക്രശ്ചേൽ ശയനാലയേ. ൧൭൩

അ—രവി തൽകേന്ദ്രത്തിൽ സ്ഥിതനാകുന്നു എങ്കിൽ ക്ഷുദ്രം വൃക്ഷത്തിലും കുജൻ തൽകേന്ദ്രത്തിങ്കൽ സ്ഥിതനാകുന്നു എങ്കിൽ ക്ഷുദ്രം കേദാരത്തിലും ജീവൻ തൽകേന്ദ്രത്തിൽ ഭവിക്കുന്നു എങ്കിൽ ക്ഷുദ്രം ഗൃഹത്തിൽതന്നെയും തൽകേന്ദ്രത്തിൽ ശുക്രൻ ഭവിക്കുന്നു എങ്കിൽ ക്ഷുദ്രം ശയനാലയത്തിലും ഭവിക്കും.

സാ—ഗുളികന്റെയോ ശനിയുടെയോ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും ആദിത്യൻ നിന്നാൽ ക്ഷുദ്രം സ്ഥാപിച്ചിരിക്കുന്നതു വൃക്ഷത്തിന്റെ ചുവട്ടിലാണെന്നു പറയണം. അതുപോലെ അവരുടെ കേന്ദ്രരാശികളിൽ ചൊവ്വാ നിന്നാൽ ക്ഷുദ്രം വച്ചിരിക്കുന്നതു കൃഷിസ്ഥലത്താണെന്നു പറയണം. വ്യാഴം അവരുടെ കേന്ദ്രരാശികളിൽ നിന്നാൽ ക്ഷുദ്രം വച്ചിരിക്കുന്നതു പ്രധാനപ്പെട്ട ഗൃഹത്തിലാണെന്നു പറയണം. ശുക്രൻ തൽകേന്ദ്രങ്ങളിൽനിന്നാൽ ശയനഭവനത്തിലാണ് ക്ഷുദ്രം സ്ഥാപിച്ചിരിക്കുന്നതു എന്നു പറയണം.

മന്ദശ്ചേന്മലമൂത്രാദിപരിഹാരോചിതാവനൌ
മാന്ദിർമ്മേഷത്രികോണസ്ഥസ്തദംശസ്ഥോഽഥവാ യദി. ൧൭൪
ശിരഃകപാലേ നിഹിതം വാച്യം സ്യാദ്വൃഷഭേഽഥവാ
ഗോത്രികോണേഽസ്ഥികേ വാച്യം വംശോദരേ മിഥുനസ്യ ച.

അ—മന്ദൻ തൽകേന്ദ്രത്തിൽ സ്ഥിതനാകുന്നു എങ്കിൽ മലമൂത്രാദിപരിഹാരോചിതാവനിയിൽ ക്ഷുദ്രം വാച്യമാകുന്നു. മാന്ദി മേഷത്രികോണസ്ഥനായോ അല്ലെങ്കിൽ തദംശസ്ഥനായോ ഭവിക്കുന്നു എങ്കിൽ ക്ഷുദ്രം വ്യാഘ്രത്തിന്റെയോ ആടുമാടുകളുടെയോ ശിരഃകപാലത്തിൽ നിഹിതമെന്നു വാച്യമാകുന്നു. മാന്ദി ഗോത്രികോണത്തിൽ സ്ഥിതനാകുന്നു എങ്കിൽ എല്ലിൽ നിഹിതമെന്നു വാച്യമാകുന്നു. മാന്ദി മിഥുനത്തിന്റെ ത്രികോണത്തിൽ സ്ഥിതനാകുന്നു എങ്കിൽ ക്ഷുദ്രം വംശോദരത്തിൽ നിഹിതമെന്നു വാച്യമാകുന്നു.

സാ—ഗുളികന്റെ കേന്ദ്രരാശികളിൽ ശനി നില്ക്കുന്നു എങ്കിൽ മലമൂത്രവിസർജ്ജനത്തിനു ഉപയോഗപ്പെടുന്നതായ പ്രദേശത്താണ് ക്ഷുദ്രം വച്ചിരിക്കുന്നതു എന്നു പറയണം. ഗുളികൻ മേഷസിംഹധനു ഇവ രാശികളിൽ ഒന്നിൽ നില്ക്കുകയോ അംശിക്കു

ളോ രാശ്യൂനൽ സ്വാമ്യമാണെന്നോ പൂജ്യന്മാരുടേയോ ദേവന്മാരുടേയോ ആയുധങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നു് എന്നു പറയണം. ഗുളികൻ ഇടവം കന്നി മകരം ഇതു രാശികളിൽ നില്ക്കുന്ന ആ രാശിയുടെ ഭാഗത്തു അസ്ഥിയും കൂടിയാക്കി സ്ഥാപിച്ചിരിക്കുന്നു എന്നു പറയണം. മിഥുനം തുലാം കുംഭം ഈ രാശികളിലോ അംശകങ്ങളിലോ ഗുളികൻ വന്നാൽ ഭക്ഷിക്കാനുള്ള പദാർത്ഥങ്ങളോട് കൂടി അസ്ഥി സ്ഥാപിച്ചിട്ടുള്ളതെന്നു പറയണം.

> കർക്കിവൃശ്ചികമീനസംസ്ഥശ്ചേൽ
> കപാലേ നിഹിതം ഭവേൽ
> മാന്ദൗ സംഹാരനക്ഷത്ര-
> സ്ഥിതേ വാച്യാ ഹി പുത്രികാ. ൮൩

അ—മാന്ദി കർക്കിവൃശ്ചികമീനസംസ്ഥനായി ഭവിക്കുന്നു എങ്കിൽ അസ്ഥി കപാലത്തിൽ നിഹിതമെന്നു വാച്യമാകുന്നു. മാന്ദി സംഹാരനക്ഷത്രസ്ഥിതനായിരിക്കുമ്പോൾ പുത്രിക വാച്യയായി ഭവിക്കുന്നു.

സാ—ഗുളികൻ കർക്കടകം വൃശ്ചികം മീനം ഇതു രാശികളിലോ അംശകങ്ങളിലോ നിന്നാൽ അസ്ഥി കപാലത്തിൽ നിക്ഷേപിച്ചു സ്ഥാപിച്ചിരിക്കുന്നു എന്നു പറയണം. ഗുളികൻ സംഹാരനക്ഷത്രത്തിൽ നിന്നാൽ മനുഷ്യപ്രതിമയുണ്ടാക്കി അതിൽ അസ്ഥി സ്ഥാപിച്ചു നിക്ഷേപിച്ചിരിക്കുന്നു എന്നു പറയണം.

> കീടരാശിസ്ഥിതേ യന്ത്രം
> ചതുരശ്രാംശകേ സ്ഥിതേ
> ഏവം സംഖ്യാ തു വിജ്ഞേയാ
> മാന്ദിഭുക്താംശകൈഃ സദാ. ൮൪

അ—മാന്ദി കീടരാശിസ്ഥിതനായിരിക്കുമ്പോൾ യന്ത്രം വാച്യമാകുന്നു. മാന്ദി ചതുരശ്രാംശകത്തിൽ സ്ഥിതനായിരിക്കുമ്പോൾ അസ്ഥിയും വാച്യമാകുന്നു. ഇതുകളുടെ സംഖ്യ മാന്ദിഭുക്താംശകങ്ങളെക്കൊണ്ട് സദായും വിജ്ഞേയയാകുന്നു.

സാ—ഗുളികൻ വൃശ്ചികത്തിൽ നിന്നാൽ മന്ത്രപൂർവ്വമായി യന്ത്രം സ്ഥാപിച്ചിരിക്കുന്നു എന്നു പറയണം. ആ ഗുളികന്റെ അംശകം നാലാമത്തെ രാശിയിലാണെങ്കിൽ യന്ത്രം മാത്രമല്ല അസ്ഥിയുംകൂടിയുണ്ട് എന്നു പറയണം. ഗുളികൻ എത്ര അംശകം ഭുജിച്ചിട്ടുണ്ടോ ആ അംശകസംഖ്യയോടു സമമായിട്ട് അസ്ഥിസംഖ്യയേയും പറഞ്ഞുകൊള്ളണം.

> മാന്ദിരാശ്യംശയോർമ്മദ്ധ്യേ ദിക് ദിശം താഭ്യാം നിർദ്ദിശേൽ
> ഏവം ഹി സമ്പ്രദായോഽത്ര കശ്ചിദന്യോഽപി കഥ്യതേ. ൮൫

അ—മാന്ദിരാശ്യംശങ്ങളുടെ ദിക്ക് യാതൊന്നോ ഇവിടെ ആ ദിക്കിനെ നിർദ്ദേശിക്കണം. ഇവിടെ ഇപ്രകാരവും ഒരു സമ്പ്രദായം ഭവിക്കുന്നു. അന്യമായ സമ്പ്രദായവും കഥിക്കപ്പെടുന്നു.

സാ—ഗുളികൻ നില്ക്കുന്ന രാശിയുടെ ദിക്കിലോ അല്ലെങ്കിൽ ഗുളികന്റെ അംശകരാശിക്കു പറഞ്ഞിട്ടുള്ള ദിക്കിലോ ആണ് അസ്ഥി സ്ഥാപിച്ചിട്ടുള്ളതെന്നു പറയണം. ഒരുവിധം സമ്പ്രദായം പറഞ്ഞു. ഇനിയും അസ്ഥിയെ സംബന്ധിച്ചുതന്നെ വേറൊരുവിധത്തിൽകൂടി പറയുന്നു.

> ഉദയാദ്ബാധകാധീശസംസ്ഥിതാംശ ഗൃഹാവധി
> നിഖാതം കാലഖണ്ഡാഖ്യം ദിഗ്ഗ്രഹാദ്യൈസ്തു ചേൽ. ൮൬
> പാദാംശോനത്രയമധ്യാദി ന്യസ്തം പുഷ്പാദികം വദേൽ
> ഭാവാംശതൽസ്ഥരാശിഭ്യാം ദ്രവ്യതൽസ്ഥപ്രദേശകൗ. ൮൭
> ക്രൂരാഃ ക്രൂരാംശകാ മൂർത്ത്യാദ്യോ ഭാവാ ഭോഗതനീചഗാഃ
> ബാധകാധിപതിസ്ഥാംശോന്നഭാംശേ യാവതി സ്ഥിതഃ. ൮൮

തൽസംഖ്യാഃ സ്യുർദ്രുമാസ്തത്ര മദ്ധ്യഗാംശകപോദിതാഃ. ൫൨.

അ—ബാധകാധീശൻ ഊർദ്ധ്വാസ്യത്തിൽ സ്ഥിതനായിരിക്കുമ്പോൾ ക്ഷുദ്രാദികളെ ഭൂതലോപരിയിൽ നിഹിതമെന്നു വദിക്കണം. അധോവക്ത്രത്തിൽ സ്ഥിതനായിരിക്കുമ്പോൾ ഭൂവിൽ നിഖാതമെന്നു വദിക്കണം. അവൻ തിര്യഗ്വക്ത്രനായി ഭവിക്കുന്നു എങ്കിൽ ക്ഷുദ്രാദികളെ പാഷാണദ്രുമമദ്ധ്യേ നിന്യസ്തമെന്നു വദിക്കണം. ബാധക ഭൽസ്ഥരാശികൾകൊണ്ട് ദ്രുമതൽസ്ഥലപ്രദേശങ്ങളുടെ ഉത്തമനീചത്വം "ക്രൂരോച്ചർക്ഷ" എന്ന ഇതുകൊണ്ട് ഊഹ്യമാകുന്നു. ബാധകാധിപതി സ്വാംശത്തിൽനിന്ന് എത്രാമത്തെ നവാംശത്തിൽ സ്ഥിതനായി ഭവിക്കുന്നു. തൽസംഖ്യകളായി മദ്ധ്യമാംശകപോദിതങ്ങളായ ദ്രുമങ്ങൾ അവിടെ വാച്യങ്ങളാകുന്നു. അതുകളിൽവെച്ച് ബാധകവൃക്ഷത്തിലോ ഇതിന്റെ സമീപത്തിലോ അതു സ്ഥിതമായി ഭവിക്കും.

സാ—ബാധകാധിപൻ ഊർദ്ധ്വമുഖരാശിയിൽ നിന്നാൽ ക്ഷുദ്രം വെച്ചിരിക്കുന്നതു വൃക്ഷത്തിന്റെ മുകളിലാണെന്നു പറയണം. അധോമുഖരാശിയിൽ നില്ക്കയാണെങ്കിൽ ഭൂമിയിൽ കുഴിച്ചുവെച്ചിരിക്കുന്നു എന്നും തിര്യങ്മുഖരാശിയിൽ നില്പാണെങ്കിൽ കല്ലിന്റെ ഇടയിലോ മരങ്ങളുടെ പൊത്തുകളിലോ ആണ് ക്ഷുദ്രം വെച്ചിരിക്കുന്നതു് എന്നും പറയണം. ബാധകനെക്കൊണ്ട് വൃക്ഷത്തിന്റെയും ബാധകാധിപൻ നില്ക്കുന്ന രാശിയെക്കൊണ്ട് വൃക്ഷം നില്ക്കുന്ന പ്രദേശത്തിന്റെയും നന്മതിന്മകൾ ഊഹിച്ചറിയേണ്ടതാണ്. അതിനെ ഊഹിപ്പാനുള്ള മാർഗ്ഗം "ക്രൂരോച്ചർക്ഷഗതൈ ചിരംകുജതലേ" എന്നാദിയായ പദ്യമനുസരിച്ചു ചിന്തിക്കേണ്ടതാണ്. ക്രൂരനായ ബാധകാധിപൻ പാപക്ഷേത്രത്തിൽ നില്ക്കുന്നു എങ്കിൽ ദുഷ്ടമായ വൃക്ഷം നികൃഷ്ടപ്രദേശത്തു നില്ക്കുന്നു എന്നും പാപനായ ബാധകാധിപൻ ശുഭക്ഷേത്രത്തിൽ നില്ക്കുന്നു എങ്കിൽ വൃക്ഷം നിന്ദ്യമാണെന്നും ഉത്തമസ്ഥലത്താണ് നില്ക്കുന്നതെന്നും ബാധകാധിപൻ ശുഭൻ തന്നെ ശുഭക്ഷേത്രത്തിൽ നില്ക്കയാണെങ്കിൽ നല്ല വൃക്ഷമാണെന്നും നല്ല പ്രദേശത്തുതന്നെ നില്ക്കയാണെന്നും ബാധകാധിപൻ പാപനായി പാപരാശിയിൽ നില്ക്കയാണെങ്കിൽ വൃക്ഷവും നില്ക്കുന്ന പ്രദേശവും നിന്ദ്യമാണെന്നും ഊഹിച്ചുകൊള്ളണം. ബാധകാധിപൻ അംശകിച്ചിരിക്കുന്നതു് സ്വനവാംശകം മുതൽ എത്രാമത്തെ അംശകത്തിലാണോ അത്രയും വൃക്ഷങ്ങൾ അവിടെ ഉണ്ടെന്നു പറയണം. ആ വൃക്ഷങ്ങൾ ആ അംശകാധിപന്മാർക്ക് പറഞ്ഞിട്ടുള്ളവയാണെന്ന് ഗ്രാഹ്യമാകുന്നു. ചൊവ്വാ ബാധകാധിപത്യം വഹിച്ച് കർക്കടകത്തിൽ അംശകിച്ചിരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ സ്വാംശകമായ മേടം മുതൽ കർക്കടകംവരെ നാലാമത്തെ അംശകത്തിലാണല്ലോ നില്ക്കുന്നതു്. അതുകൊണ്ട് ക്ഷുദ്രം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തു് നാലു വൃക്ഷങ്ങളുണ്ടെന്നു പറയണം. ഈ അംശകാധിപന്മാർ ചൊവ്വാ ശുക്രൻ ബുധൻ ചന്ദ്രൻ ഇവരാണല്ലൊ. ഇവരിൽ ചൊവ്വയെക്കൊണ്ട് മുള്ളുള്ള വൃക്ഷങ്ങളെയും ശുക്രനെക്കൊണ്ട് പുഷ്പവൃക്ഷങ്ങളെയും ബുധനെക്കൊണ്ട് ഫലമുണ്ടാകാത്ത വൃക്ഷങ്ങളെയും ചന്ദ്രനെക്കൊണ്ട് പാലോ എണ്ണയോ ഉള്ള വൃക്ഷങ്ങളെയും വിചാരിച്ചുകൊള്ളണം. ഇക്കൂട്ടത്തിൽ ബാധകാധിപനെക്കൊണ്ട് ഏതൊരു വൃക്ഷത്തെയാണോ ചിന്തിക്കപ്പെട്ടതു്, ആ വൃക്ഷത്തിന്റെ സമീപത്തുതന്നെ ഭൂമിയിലോ അഥവാ ആ വൃക്ഷത്തിന്റെ മദ്ധ്യത്തിലുള്ള കവരങ്ങളിലോ പൊത്തുകളിലോ ആണ് ക്ഷുദ്രം വെച്ചിരിക്കുന്നതെന്നും പറയണം.

ബാധകേ ജലരാശിസ്ഥേ സിന്ധുനദ്യാദികൂലഗം
ജലേ ക്ഷിപ്തം നിഖാതം വാ വാച്യമുൽപാനനാദിഭിഃ. ൫൩.

അ—ബാധകൻ ജലരാശിസ്ഥനായിരിക്കുമ്പോൾ അതു് സിന്ധുനദ്യാദികൂലഗമെന്ന് വാച്യമാകുന്നു. ഉൽപാനനാദികളെക്കൊണ്ട് ജലത്തിൽ ക്ഷിപ്തമെന്നോ നിഖാതമെന്നോ വാച്യമാകുന്നു.

സാ—ബാധകാധിപൻ ജലരാശിയിലാണെങ്കിൽ ക്ഷുദ്രം വെച്ചിരിക്കുന്നതു് കടൽക്കരയിലോ നദീതീരത്തിലോ മറ്റോ ആണെന്നു പറയണം. അവിടെയും ബാധകാധിപൻ നില്ക്കുന്ന ജലരാശി ഊർദ്ധ്വമുഖമാണെങ്കിൽ വെള്ളത്തിന്റെ മുകളിലാണ് ക്ഷുദ്രസ്ഥാനമിട്ടിരിക്കുന്നതെന്നും അധോമുഖരാശിയാണെങ്കിൽ വെള്ളത്തിനടിയിലുള്ള ഭൂമിയിൽ കുഴിച്ചിട്ടിരിക്കയാണെന്നും തിര്യങ്മുഖരാശിയാണെങ്കിൽ വെള്ളത്തിനടിയിൽ ഇട്ടിരിക്കുന്നു എന്നും പറയണം.

അർക്കേ വാർക്കേണ യുക്തേ വാ ബാധകേ ദേവസന്നിധൗ
ചന്ദ്രേ ചന്ദ്രാന്വിതേ തോയപ്രദേശേ വാടവാപയോഃ. ൧൨൦
കുജേ വാ കുജയുക്തേ വാ ശ്മശാനേ വാഗ്നിസന്നിധൗ
ആയുധാദ്യം ദേവകാരത്യം ശശിജേ വാഥ തദ്യുതേ. ൧൨൧
വിദ്യാഭ്യാസവിഹാരോർവ്യാമഥ ജീവേ ച തദ്യുതേ
ദേവാലയേ കോശഗേഹേ വാ തതഃ ശുക്രേ ച തദ്യുതേ. ൧൨൨
ശയ്യാഗൃഹേ വാ ഗ്രാമാന്തേ തതോ മന്ദേ ച തദ്യുതേ
ഉച്ഛിഷ്ടാദിപരിത്യാഗസ്ഥാനേ ചുള്ള്യാദികം വദേൽ. ൧൨൩

അ—ബാധകൻ അർക്കനായോ അർക്കനോടു യുക്തനായോ ഇരിക്കുമ്പോൾ ദേവസന്നിധിയിലും ചന്ദ്രനായോ ചന്ദ്രാന്വിതനായോ ഇരിക്കുമ്പോൾ തോയപ്രദേശത്തിലും അല്ലെങ്കിൽ ഉദകപ്രദേശത്തിലും കുജനായോ കുജയുക്തനായോ ഇരിക്കുമ്പോൾ ശ്മശാനത്തിലും അല്ലെങ്കിൽ അഗ്നിസന്നിധിയിലും ആയുധാദി ഉപകരണങ്ങളുടെ സ്ഥാനങ്ങളിലും ശശിജനായോ തദ്യുതനായോ ഇരിക്കുമ്പോൾ വിദ്യാഭ്യാസവിഹാരഭൂമിയിലും ജീവനായോ തദ്യുതനായോ ഇരിക്കുമ്പോൾ ദേവാലയത്തിലും കോശഗേഹത്തിലും പിന്നെ ശുക്രനായോ തദ്യുതനായോ ഇരിക്കുമ്പോൾ ശയ്യാഗൃഹത്തിലും ഗ്രാമാന്തത്തിലും മന്ദനായോ തദ്യുതനായോ ഇരിക്കുമ്പോൾ ഉച്ഛിഷ്ടാദിപരിത്യാഗസ്ഥാനത്തിലും ചുള്ള്യാദികം സ്ഥിതമാകുന്നു എന്നു വദിക്കണം.

സാ—ബാധകാധിപൻ സൂര്യനായാലും സൂര്യനോടു കൂടിയാലും ക്ഷുദ്രം വച്ചിരിക്കുന്നതു് ദേവാലയത്തിന്റെ സമീപത്താണെന്നും ബാധകൻ ചന്ദ്രനാവുകയോ ചന്ദ്രനോടു കൂടുകയോ ചെയ്താൽ വെള്ളമുള്ള സ്ഥലത്തോ മറ്റു സ്ഥലത്തോ ആണെന്നും ബാധകാധിപതി ചൊവ്വാ ആവുകയോ ചൊവ്വയോടു ചേരുകയോ ചെയ്താൽ ചുടുകാട്ടു്, അടുപ്പു് മുതലായ അഗ്നിസ്ഥാനങ്ങൾ ആയുധാദി ഇങ്ങനെയുള്ള പ്രദേശത്താണെന്നും ബാധകാധിപൻ ബുധനാവുകയോ ബുധനോടു ചേരുകയോ ചെയ്താൽ എഴുത്തുപള്ളി, കളിസ്ഥലം ഇങ്ങനെയുള്ള പ്രദേശത്താണെന്നും ബാധകൻ വ്യാഴമാവുകയോ വ്യാഴത്തോടു ചേരുകയോ ചെയ്താൽ ദേവന്റെ അതിർത്തിസ്ഥാനത്തോ ഭണ്ഡാരപ്പുരയിലോ ആണെന്നും ശുക്രൻ ബാധകാധിപനാവുകയോ ബാധകാധിപനോടു കൂടുകയോ ചെയ്താൽ ശയനഭവനത്തിലോ ഗ്രാമത്തിന്റെ അതിർത്തിസ്ഥലത്തോ ആണെന്നും ശനിയായോ ശനിയോടു ചേർന്നോ നില്ക്കുന്നു എങ്കിൽ എച്ചിലും കുപ്പയും ഇടുന്ന സ്ഥലത്താണെന്നും പറയണം.

യുക്തേ തസ്മിൻ രാഹുകേതുഗുളികൈഃ സർപ്പസന്നിധൗ
ദിശശ്ച ദീപനാഥസ്യ വാച്യാ വാ ബാധകർക്ഷതഃ. ൧൨൪
ബാധകാധിപസംയുക്തരാശേരപ്യംശകസ്യ വാ
ചലനോദ്ധാര്യതൈവാസ്യാദ്ബാധകേ ചരരാശിഗേ. ൧൨൫
ഉഭയസ്ഥേ പ്രയത്നേന നോദ്ധാര്യം തത്സ്ഥിരസ്ഥിതേ. ൧൨൬

അ—അവൻ രാഹുകേതുഗുളികന്മാരോടു യുക്തനായിരിക്കുമ്പോൾ ക്ഷുദ്രാദികം സർപ്പസന്നിധിയിൽ സ്ഥിതമെന്നു വാച്യമാകുന്നു. ദീപനാഥന്റെയോ ബാധകരാശിയുടെയോ ബാധകാധിപസംയുക്തരാശിയുടെയോ അംശകത്തിന്റെയോ ദിക്കു് ഇവിടെ വാച്യമാകുന്നു. ബാധകൻ ചരരാശിഗനായിരിക്കുമ്പോൾ അതു് ചലനോദ്ധാര്യമായി തന്നെ ഭവിക്കും. ഉഭയസ്ഥനായിരിക്കുമ്പോൾ അതു പ്രയത്നേന ഉദ്ധാര്യമായി ഭവിക്കും. ബാധകൻ സ്ഥിരസ്ഥിതനായിരിക്കുമ്പോൾ അതു് ഉദ്ധാര്യമായി ഭവിക്കുന്നില്ല.

സാ—ബാധകാധിപൻ രാഹുകേതുഗുളികന്മാരോടുകൂടി നില്ക്കുന്നു എങ്കിൽ സർപ്പക്കാവിന്റെ സമീപത്താണു് ക്ഷുദ്രം വച്ചിരിക്കുന്നതു് എന്നു പറയണം. ഇവിടെ ക്ഷുദ്രം ഇരിക്കുന്ന ദിക്ക് അറിവാനുള്ള ക്രമം പറയുന്നു.

അനന്തരം ലഗ്നാധിപനെ പറഞ്ഞ രീതിയിലോ ബാധകാധിപന്റെ രീതിയിലോ ബാധകാധിപൻ നില്ക്കുന്ന രാശിയുടെയോ അംശകത്തിന്റെയോ അധിപനോ ആയിരിക്കും ക്ഷുദ്രം വച്ചിരിക്കുന്നത്. ഇവിടെയും ബലാധിക്യം നോക്കി നിശ്ചയിച്ചുകൊള്ളണം. ബാധകാധിപൻ ചരരാശിയിലാണ നില്ക്കുന്നതെങ്കിൽ പ്രയാസംകൂടാതെ ക്ഷുദ്രം എടുത്തുകളയുവാൻ സാധിക്കുമെന്നും ഉഭയരാശിയിൽ നില്ക്കുകയാണെങ്കിൽ കുറച്ചു പ്രയാസപ്പെട്ടതിനു ശേഷമേ ക്ഷുദ്രം എടുക്കുവാൻ സാധിക്കയുള്ളൂ എന്നും ബാധകാധിപൻ സ്ഥിരരാശിയിലാണെങ്കിൽ ക്ഷുദ്രം എടുത്തുകളയുവാൻ സാധിക്കയില്ലെന്നും പറയണം.

ക്ഷുദ്രം തൽസ്ഥിതിദേശം ചൈവം ജ്ഞാത്വാ തർക്കവിധിനാ തൽ
ത്യക്ത്വാ രക്ഷ്യം സ്ഥലമഥ മഹാഭിചാരപ്രതിക്രിയാം വക്ഷ്യേ. ൫൭.

അ—ക്ഷുദ്രത്തെയും തൽസ്ഥിതിദേശത്തെയും ഇപ്രകാരം അറിഞ്ഞു തർക്കവിധികൊണ്ട് അതിനെ ത്യജിച്ച് സ്ഥലം രക്ഷ്യമായി ഭവിക്കുന്നു. അനന്തരം മഹാഭിചാരപ്രതിക്രിയയെ വചിക്കാൻ പോകുന്നു.

സാ—മേൽപറഞ്ഞ ന്യായമനുസരിച്ച് ക്ഷുദ്രം ഇന്നവിധമുള്ളതാണെന്നും ഇന്ന പ്രദേശത്താണിരിക്കുന്നതെന്നും ഗ്രഹിച്ചു മന്ത്രശാസ്ത്രാദികളിൽ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച് പ്രതിക്രിയാദികളെക്കൊണ്ട് അതിനേയും തജ്ജന്യങ്ങളായിരിക്കുന്ന ബാധാസങ്ങളേയും നശിപ്പിക്കണം. മേലാൽ ആഭിചാരം വരാതിരിക്കാൻ സ്ഥലത്തെ സൂക്ഷിക്കയും വേണം. ഇനി മഹാഭിചാരത്തിന്റെ പ്രതിക്രിയാമാർഗ്ഗം പറയാൻ പോകുന്നു.

യുക്ത്വാ വിഘ്നപതിം വിലഗ്നപതിനാ യോ രാശിരത്രാഗതഃ
സോƒരിത്യാനാഹിതവീക്ഷിതോ യദി ബലിം കുര്യാദഘോരാഹ്വയം
കാര്യം ചന്ദ്രേണ കപാലഹോമ ഇതി സ്യാച്ചക്രഹോമം വിധോ
കർത്തവ്യം പ്രതികാരകർമ്മ ഗുരുണാ പ്രോക്തം തഥൈവാക്കിണാ. ൫൮.

അ—ബാധപതിയെ വിലഗ്നപതിയോടു യോജിപ്പിച്ച് ഇതിൽ ആഗതമായ രാശി യാതൊന്നോ അത് ആദിത്യനാഹിതവീക്ഷിതമായി ഭവിക്കുന്നു എങ്കിൽ അഘോരാഹ്വയമായ ബലിയെ ചെയ്യണം. ചന്ദ്രനാൽ അനാഹിതവീക്ഷിതമായി ഭവിക്കുന്നു എങ്കിൽ കപാലഹവനം കാര്യമാകുന്നു. വിധുവിനാൽ അനാഹിതവീക്ഷിതമായി ഭവിക്കുന്നു എങ്കിൽ ചക്രഹോമം കർത്തവ്യമായി ഭവിക്കും. ഗുരുവിനാൽ അനാഹിതവീക്ഷിതമായി ഭവിക്കുന്നു എങ്കിൽ പ്രതികാരകർമ്മം കർത്തവ്യമാകുന്നു. അക്കിയാൽ അനാഹിതവീക്ഷിതമായി ഭവിക്കുന്നു എങ്കിൽ അതുതന്നെ പ്രോക്തമാകുന്നു.

സാ—ലഗ്നാധിപന്റെ സ്ഫുടത്തെയും ബാധാധിപന്റെ സ്ഫുടത്തെയും ഒന്നിച്ചു കൂട്ടണം. അപ്പോൾ ആ യോഗസ്ഫുടം ഏതു രാശിയിൽ വരുന്നുവോ ആ രാശിയിൽ ആദിത്യന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ മഹാഭിചാരശമനത്തിനായി അഘോരബലി ചെയ്യണം. ആ യോഗസ്ഫുടരാശിയിൽ ചന്ദ്രന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ കപാലഹോമം നടത്തണം. ബുധന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ ചക്രഹോമം നടത്തണം. വ്യാഴത്തിന്റെയോ ശനിയുടെയോ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ പ്രതികാരബലി നടത്തണം.

ക്ഷുദ്രിജക്ഷിതയുതേƒഥ യോഗഭേ
ക്രൂരമാരണബലിർവിധീയതാം
ഖഡ്ഗരാവണബലിം കുജാത്തു വാ
കൃതികാബലിരഥാതരാത്തു വാ. ൫൯.

അ—അനന്തരം യോഗഭം ക്ഷുദ്രിജക്ഷിതയുതമായിരിക്കുമ്പോൾ ക്രൂരമാരണബലി വിധിക്കപ്പെടണം. അല്ലെങ്കിൽ ഖഡ്ഗരാവണബലി ചെയ്യുകയും ആം. അഥവാ കൃതികാബലി ചെയ്യുകയും ചെയ്യാം.

സാ—മേൽപറഞ്ഞപ്രകാരം കണ്ട യോഗസ്ഫുടരാശിയിൽ ചൊവ്വയുടെ യോഗമോ ദൃഷ്ടിയോ വന്നാൽ ക്രൂരമാരണബലി നടത്തി അഭിചാരത്തെ ശമിപ്പിക്കണം. അ

ല്ലെങ്കിൽ ബന്ധനരോഗങ്ങളിലോ കൃത്തികാദികളിലോ ഗ്രഹനിലയെയും മതിയാവും. ഇതിൽ ഏതെങ്കിലും ഒന്നുതന്നെ മതിയാവുന്നതാണ്.

ശുക്രാന്വിതൈഃ ദിതേ യോഗേ പ്രതികാരബലിക്രിയാം
കുര്യാച്ഛാന്തയേ വ്യാധേർബലിം വാ ഭൂതകാരണം. ൧൭൩

അ—യോഗം ശുക്രാന്വിതമായിരിക്കുമ്പോൾ വ്യാധിയുടെ ശാന്തിക്കായി പ്രതികാരബലിക്രിയയേയോ ഭൂതകാരണമാകുന്ന ബലിയേയോ ചെയ്യണം.

സാ—മേൽപറഞ്ഞ യോഗസ്ഥിതിയിൽ ശുക്രന്റെ യോഗദൃഷ്ടികളുണ്ടെങ്കിൽ പ്രതികാരബലി നടത്തേണ്ടതാണ്. ഭൂതകാരണമായി നടത്തിയാലും മതി. രോഗശാന്തിക്ക് ഇപ്രകാരം ചെയ്യേണ്ടതാണെന്ന് പറയണം.

അഥവാ ഭൗമരാശൗ വാ തദ്ഗതേന വാ
തദ്ദൃഷ്ട്യാ വാ വിഹംഗേന വിധീയന്താമിമാഃ ക്രിയാഃ. ൧൭൪

അ—അല്ലെങ്കിൽ ഭൗമമായ രാശികൊണ്ടോ തദ്ഗതനായോ തദ്ദൃഷ്ടനായോ ഇരിക്കുന്ന വിഹംഗത്തെക്കൊണ്ടോ ഈ ക്രിയകൾ വിധിക്കപ്പെടണം.

സാ—മേലാലെഴുതിയതിൽ ആദിപാദത്തിന്റെ പ്രതിക്രിയ ചെയ്യേണ്ട രീതി പറയുന്നു. ആരൂഢത്തിന്റെ പരാംശത്തെക്കൊണ്ടോ പരാംശത്തിൽ നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടോ അല്ലെങ്കിൽ അതിനെ നോക്കുന്ന ഗ്രഹത്തെക്കൊണ്ടോ മേൽപറഞ്ഞവയിൽ പരിഹാരക്രിയ നിശ്ചയിക്കേണ്ടതാണ്. പരാംശമേഷം ആദിത്യക്ഷേത്രമാകയോ ആദിത്യൻ നില്ക്കയോ നോക്കുകയോ ചെയ്താൽ അതനുസരിച്ചിട്ട് വിധിക്കണം. ഇതിനെത്തന്നെ ചന്ദ്രാദികളെക്കൊണ്ടും കാലഹോരാദികളെ നിശ്ചയിച്ചുകൊള്ളണം. ഏതെങ്കിലും ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയുണ്ടെങ്കിൽ ആ ഗ്രഹത്തെക്കൊണ്ടുവേണം പറയുന്നത്. ആരുടെയും ദൃഷ്ടിയില്ലെങ്കിൽ അതിനെ നില്ക്കുന്ന ഗ്രഹത്തെക്കൊണ്ട് പറയണം. ദൃഷ്ടിയും യോഗവുമില്ലെങ്കിൽ രാശികൊണ്ടുതന്നെ പറഞ്ഞുകൊള്ളുക.

ഉദിതാക്ഷരാദ്യക്ഷരേ ദീർഘേ രോഗശാന്തിസ്തു നാന്യഥാ
ഹ്രസ്വേ ഭോജനപൂജാദ്യൈസ്സംയുക്തേ നൃത്തകർമ്മണാ. ൧൭൫

അ—ഉദിതാക്ഷരാദ്യക്ഷരം ദീർഘമായിരിക്കുമ്പോൾ രോഗശാന്തി ദാനംകൊണ്ടും ഹ്രസ്വമായിരിക്കുമ്പോൾ ഭോജനപൂജാദ്യങ്ങളെക്കൊണ്ടും സംയുക്തമായിരിക്കുമ്പോൾ നൃത്തകർമ്മങ്ങളെക്കൊണ്ടും ഭവിക്കുമെന്ന് വാച്യമാകുന്നു.

സാ—ദൈവജ്ഞനോടുള്ള ആദ്യമായ സംവാദത്തിൽ ഒന്നാമതായി പ്രയോഗിക്കുന്ന വാക്യത്തിന്റെ ആദ്യക്ഷരം ആ ഈ മുതലായ ദീർഘസ്വരങ്ങളാണെങ്കിൽ ദാനകർമ്മം ചെയ്താൽ രോഗശാന്തിയുണ്ടാകുമെന്നും അത് അ, ഇ മുതലായ ഹ്രസ്വാക്ഷരങ്ങളാണെങ്കിൽ അന്നദാനം പൂജ മുതലായ കർമ്മങ്ങൾകൊണ്ട് രോഗശാന്തി വരുമെന്നും ക്ക, ക്ഷ മുതലായ കൂട്ടക്ഷരങ്ങൾ ആദ്യക്ഷരമായി വന്നാൽ നൃത്തം ചെയ്യിച്ചാൽ രോഗശമനം വരുമെന്നും പറയണം.

പ്രോക്താഃ പ്രതിക്രിയാകർത്തൃഭേദോ ദൃഷ്ട്യാദി പ്രവൃത്താം
പ്രശ്നാനുഷ്ഠാനപദ്ധത്യാം തത്പ്രകാരോഽദ്യ കഥ്യതേ. ൧൭൬

അ—പ്രശ്നാനുഷ്ഠാനപദ്ധതിയിൽ പൂർവ്വന്മാരുടെ ദൃഷ്ടിഭേദവശാലും പ്രതിക്രിയാകർത്തൃഭേദം പ്രോക്തമാകുന്നു. അനന്തരം തത്പ്രകാരം കഥിക്കപ്പെടുന്നു.

സാ—പ്രശ്നാനുഷ്ഠാനപദ്ധതി എന്ന ഗ്രന്ഥത്തിൽ ദൈവജ്ഞന്മാർ പ്രശ്നവിഷയമായി കാണേണ്ടുന്ന പൂർവ്വന്മാരുടെ നോട്ടം ഏതുതരം രീതിയിലാണോ അതിനെ അനുസരിച്ച് പ്രതിക്രിയ ചെയ്യേണ്ടുന്ന ജനങ്ങളെ നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗം പറഞ്ഞിട്ടുണ്ട്. ആ രീതി ഇവിടെ പറയപ്പെടുന്നു.

വ്യയധർമ്മാന്തിമേഷു ദൃഷ്ടിർഗ്രഹൈരന്യോന്യലോകേ
പ്രഷ്ടുർഭ്രാതൃഷ്വാവിഹ, പുനരഥോ ദേവതാഗാരകൈശ്ച

വാമാംസാദ്യായസ്ഥാനവിഹിതപ്രശ്നകർത്തുഃ പ്രശമനസ്സ്യുഃ.
ചണ്ഡാലാദ്യാനാമപി [illegible] ക്രമേണ — ഇതി. [illegible]

അ—[illegible] മുതലായവയെക്കൊണ്ടു വ്യാധിയുടെ ശാന്തി വരികയില്ല. പിന്നെ ഇവിടെ പ്രഷ്ടാവിന്റെ ദൃഷ്ടി അധോഭാഗത്തിൽ പതിക്കുന്നെങ്കിൽ [illegible] ശാന്തി വരികയില്ല. വാമാംസാദ്യായസ്ഥാനവിഹിതപ്രശ്നകർത്താവിന്റെ [illegible] ക്രമേണ ചണ്ഡാലാദികളിലുള്ള പ്രേതപ്പിശാചുക്കളെക്കൊണ്ടും [illegible] വ്യാധിശാന്തി വരികയില്ല.

സ—പ്രഷ്ടാവു് [illegible] വലത്തുവശമായി മേൽപ്പോട്ടായിരുന്നു നോക്കിയതു് എങ്കിൽ [illegible] വലത്തുഭാഗത്തുകൂടിത്തന്നെ കീഴ്പോട്ടു നോക്കിയതെന്നാൽ [illegible] ചണ്ഡാലൻ മുതലായവരെക്കൊണ്ടു പ്രതിക്രിയ ചെയ്യിക്കേണ്ടതാണെന്നു പറയണം. ഇടത്തുവശമായി മേൽപ്പോട്ടു നോക്കിയാൽ ചണ്ഡാലന്മാരിലുള്ള [illegible] ഇടത്തുഭാഗത്തുകൂടത്തന്നെ കീഴ്പോട്ടു നോക്കിയാൽ ചണ്ഡാലവർഗ്ഗത്തിലുള്ള [illegible] പ്രതിക്രിയ ചെയ്യിക്കേണ്ടതാണെന്നും പറയണം. ഇങ്ങിനെ അനുഷ്ഠാനപദ്ധതി.

ബാധാകരാദ്യത്ര വിജ്ഞേയഃ സ്പർശനേനാപി പൃച്ഛതാം
പ്രായേണ ദ്രഷ്ടാ ബാധാന്വയം [illegible]. [illegible]

അ—[illegible] ഇവിടെ ബാധാദികം വിജ്ഞേയമായി വരുന്നു. [illegible] ദൃഷ്ടിബാധയിൽത്തന്നെ [illegible] പ്പെടുന്നു.

സ—പ്രഷ്ടാവു് [illegible] പ്രഷ്ടാവിന്റെ അവയവസ്പർശനംകൊണ്ടും ഇനിയ ബാധകളെ [illegible] അറിയാൻ കഴിയും. [illegible] ദൃഷ്ടിബാധയെ ചിന്തിക്കുന്ന ക്രമത്തിലാണു്.

വാ—അത്ര അനുഷ്ഠാനപദ്ധതിഃ.

അ—ഇവിടെ അനുഷ്ഠാനപദ്ധതി പറയുന്നു.

സ—പ്രഷ്ടാവിന്റെ അംഗസ്പർശംകൊണ്ടു് ബാധാനിരൂപണം ചെയ്യുന്നതിനു് അനുകൂലിക്കുന്ന അനുഷ്ഠാനപദ്ധതിവചനം താഴെ കാണിക്കുന്നു.

വക്ത്രാലലാടതലമൂർദ്ധ്വതവാസി നാഡിം
സ്പൃഷ്ട്വാ സ്പൃശന്ത്യഥ വദന്തി ഹി ദേവതാർത്തിം
[illegible] കരാംഗുലികളെ ച ഭുജംഗപീഡാം
ദൃക്കർണ്ണകണ്ഠയുഗളേഷു പിശാചപീഡാം. [illegible]

അ—പ്രഷ്ടാവു് [illegible] നാഡിയെയും സ്പർശിക്കുമെങ്കിൽ ദേവതാർത്തിയെ പറയണം. [illegible] കരാംഗുലികളിലും സ്പർശിക്കുമെങ്കിൽ ഭുജംഗപീഡയെ പറയണം. ദൃക്കർണ്ണകണ്ഠയുഗളങ്ങളിൽ സ്പർശിക്കുമെങ്കിൽ പിശാചപീഡയെ പറയണം.

സ—പ്രഷ്ടാവിന്റെ സ്പർശനം [illegible] ഇത്യാദിപ്രദേശം [illegible] ഈ പ്രദേശങ്ങളിലായിരുന്നു എങ്കിൽ ദേവതകളു[illegible] പീഡയുണ്ടെന്നു പറയണം. പാദങ്ങളും കൈവിരൽ കഴുത്തു് ഈ ഭാഗങ്ങളിൽ തൊട്ടിരുന്നു എങ്കിൽ സർപ്പപീഡയുണ്ടെന്നു പറയണം. [illegible] ചെവി കണ്ഠങ്ങളും ഈ ഭാഗങ്ങളിൽ തൊട്ടിരുന്നു എങ്കിൽ പിശാചുക്കളുടെ ഉപദ്രവമുണ്ടെന്നു പറയണം.

[illegible] ഹി ദേവതാദ്യാഃ
[illegible] സ്യാത് സ കഥ്യതേ തദ്വത്. [illegible]

അ—[illegible] ദേവതാദികളും [illegible] കഥിക്കപ്പെടുന്നു.

സാ—ബാധാരാശിയിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും ബാധകാധിപനെക്കൊണ്ടും പീഡിക്കപ്പെട്ട ബാധകൾ ഇന്നതാണെന്ന് നിശ്ചയിക്കേണ്ടതാണ്. ഗുളികനെ കൂടാതെ ഗ്രഹങ്ങളും ഏതു രാശികളിൽ അംശകിച്ചിരിക്കുന്നുവോ ആ അംശകങ്ങളെക്കൊണ്ട് ഉപദ്രവബാധയെ ചിന്തിക്കേണ്ടതാണ്. അങ്ങിനെ ചിന്തിക്കാനുള്ള രീതി ഇവിടെത്തന്നെ പറയുന്നു.

സ്ഥിരർക്ഷാംശകയോസ്സ്ഥിതേ ബാധാധിപസ്സാലയേ
സംസ്ഥാപ്യാനപഹൃത്തീർത്ഥജനൈർബ്ബാധാകരീ ദേവതാ
ദ്വിഭർക്ഷാംശകയോസ്തുതാലയഗതാ ബാഹ്യ ഉന്നീചാശ്രിതാ
ചീരോദ്യാനനിവാസിനീ സ്യാദ്ധി ചേൽ സാരാംശകേƒടവീ സ്ഥാനഗാ.

അ—ബാധാധിപൻ സ്ഥിരരാശ്യംശകങ്ങളിൽ സ്ഥിതനായിരിക്കുന്നു എങ്കിൽ പ്രതിഷ്ഠിതങ്ങളായ ദേവാലയത്തിൽ സംസ്ഥാപിച്ചിട്ട് അതിന്നുതോറും അശുദ്ധിയായ ദേവതയാണ് ബാധാകരിയായി വരിക. ബാധാധിപൻ ദ്വിസ്വഭാവരാശ്യംശകങ്ങളിൽ സ്ഥിതനാകുന്നു എങ്കിൽ പുറമെയുള്ള ദേവത ബാധാകരിയായി വരിക. ബാധകാധിപൻ മദ്ധ്യത്തിൽ സ്ഥിതനാകുന്നു എങ്കിൽ നീചാശ്രിതയായ ദേവത ബാധാകരിയായി വരിക. അവൻ ചരാംശകത്തിലോ ചരരാശിയിലോ സ്ഥിതനാകുന്നു എങ്കിൽ ചീരോദ്യാനനിവാസിനിയായ ദേവത ബാധാകരിയായി വരിക.

സാ—ബാധകാധിപൻ ക്ഷേത്രത്തിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ ബ്രാഹ്മണർ തങ്ങളുടെ വീട്ടിൽവെച്ച് നിത്യവും പൂജിച്ചുവരുന്ന ഏതൊ ദേവതയാണ് ഇവിടെ ബാധയായി തീർന്നിട്ടുള്ളതെന്ന് പറയണം. ബാധകാധിപൻ വ്യാഴക്ഷേത്രത്തിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവന്മാർ തന്നെയാണ് ഇവിടെ ബാധയായി തീർന്നിരിക്കുന്നത് എന്നു പറയണം. ബാധകാധിപൻ ശനിക്ഷേത്രത്തിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ നീചന്മാർ പൂജിച്ചുവരുന്ന ദേവതയാണ് ബാധയെന്ന് പറയണം. ബാധകാധിപൻ ചരക്ഷേത്രത്തിൽ നില്ക്കുകയോ അംശകിക്കുകയോ ചെയ്താൽ അതിഭയങ്കരമായ വനത്തിൽ നിവസിക്കുന്ന വനദേവതയാണ് ബാധയായി തീർന്നിരിക്കുന്നത് എന്നു പറയണം.

ദിവാകീർത്ത്യർച്ചിതാ വാച്യാ ചാമുണ്ഡീ സാരഭകൂരാ
പഞ്ചമീ ബുധയുക്തേന തൽക്ഷേത്രാദേവതാ വാഹ്യജാ. ൨൧൩.

അ—സാരഭകൂരയായ അംശകത്തെക്കൊണ്ട് ദിവാകീർത്ത്യർച്ചിതയായ ചാമുണ്ഡി വാച്യയായി വരിക്കുന്നു. ബുധയുക്തനായോ തൽക്ഷേത്രസ്ഥനായോ ഇരിക്കുന്ന ഗ്രഹത്തിനെക്കൊണ്ട് പഞ്ചമി വാച്യയായി വരിക്കുന്നു.

സാ—ചൊവ്വാ ബാധകാധിപനായി കേതുവിനോടുകൂടി നിന്നാൽ പറയർ വെച്ചു പൂജിച്ചുവരുന്ന ചാമുണ്ഡിയുടെ ബാധയുണ്ടെന്ന് പറയണം. ചൊവ്വാ ബാധകാധിപനായി ബുധനോടുകൂടുകയോ ബുധക്ഷേത്രത്തിൽ നില്ക്കുകയോ ചെയ്താൽ വാരാഹി എന്ന ദേവിയുടെ ബാധയുണ്ടെന്ന് പറയണം.

മന്ദേന ഭൈരവോ ഘണ്ടാകർണ്ണ ഇത്യാദയഃ സ്മൃതാഃ
വാച്യാ രക്തേശ്വരീ രക്തചാമുണ്ഡ്യാദിർഭയങ്കരീ, ൨൧൪
കാളീ ക്ഷേത്രേƒഥവാസ്യാ ചാജയുഗ്മാംശകേ യദി
ഭാജയുഗ്മതുലേ ഷ്വംശകേ വാƒഥ ചാപിധിയാ അപി. ൨൧൫

അ—കാളയുഗ്മാംശകത്തിലും മറ്റുമായി മന്ദനെക്കൊണ്ട് ഭൈരവൻ ഘണ്ടാകർണ്ണൻ മുതലായവരും അതിഭയങ്കരിയായ രക്തേശ്വരിയും രക്തചാമുണ്ഡിയും കാളിയും മുതലായവരും സ്മൃതരാകുന്നു. മേടത്തിലെ യുഗ്മതുലങ്ങളിൽ സ്ഥിതിക്കുന്നതും ചതിക്കുന്നതും വാച്യന്മാരായി വരിക്കുന്നു.

സാ—ചൊവ്വ ബാധകാധിപനായി മകരരാശിയിൽ കുംഭാദ്യംശകത്തിൽ നിന്നാൽ ഭൈരവൻ ഘണ്ടാകർണ്ണൻ മുതലായ ദേവതകളെ പറയണം. ചൊവ്വാ ബാധക

ദിവാകരൻ ധനുരാശിയിൽ നില്ക്കുകയും അംശകിക്കുകയും ചെയ്താൽ ശൈവശാസ്ത്രപ്രതിഷ്ഠിതകളായ ഭദ്രകാളി, ദുർഗ്ഗ, ചാമുണ്ഡി, ഭദ്രകാളി മുതലായ ദേവതകളുടെ ബാധയെ പറയണം. ചൊവ്വാ മകരരാശിയിൽ നില്ക്കുകയും ധനുരാശിയിൽ അംശകിക്കുകയും ചെയ്താൽ ഭൈരവൻ മുതലായവർ ഭദ്രകാളി മുതലായവർ ഈ രണ്ടു കൂട്ടരെയും പറഞ്ഞുകൊള്ളണം.

മേഷാദ്യാശ്രയതോഽൽ മൂർത്തിവിശേഷാ ദിവാകരാദീനാം
കഥ്യന്തേ സംക്ഷേപാദിഹ ബലാന്യത്ര വിസ്തരതോഽനാകതാഃ. ൨൧൩

അ—മേഷാദ്യാശ്രയമേരം ഹേതുവായും ദിവാകരാദികൾക്ക് മൂർത്തിവിശേഷങ്ങൾ മറ്റൊരേടത്തു് വിസ്താരംകൊണ്ട് ഉക്തങ്ങളായി ഭവിക്കുന്നു. ഇവിടെ സംക്ഷേപത്തെ ആശ്രയിച്ചു കഥിക്കപ്പെടുന്നു.

സാ—ആദിത്യൻ തുടങ്ങിയ ഓരോ ഗ്രഹങ്ങളും മേടം ആദിയായ ഓരോ രാശികളിൽ നിന്നാൽ അവരെക്കൊണ്ടു വിചാരിക്കേണ്ട മൂർത്തികളുടെ വിശേഷങ്ങൾ വേറെ ചില ഗ്രന്ഥങ്ങളിൽ വളരെ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ഇവിടെ അതിനെ ചുരുക്കി പറയുന്നു.

മേഷഗേഽൽ ത്രിനയനഃ കീടേ സ്വയംഭൂരജേ
മർത്ത്യൈർമ്മൂർത്ത ഉത്ഥ്ബകേ തദയോ ദേവൈഃ പ്രതിഷ്ഠാപിതഃ
യക്ഷീ ഗോഗതഏഷ ഝഷഗേഹഗഃ കാളീ പുനഃ സ്ത്രീഗതഃ
ശ്രീരാമാദ്യവതാരവിഷ്ണുരഥ വിഷ്ണുസ്തു ചഷ വീണാഗതഃ. ൨൧൪

